പിതാവിൻ പക്കലേക്ക് 1

# ദൈവവും ഞാനും



# ദൈവവും ഞാനും

(അധ്യാപക സഹായി)

പിതാവിൻപക്കലേയ്ക്ക് – I

# ദൈവവും ഞാനും

(അധ്യാപകസഹായി)

DHARMARAM COLLEGE LIBRARY
BANGALORE
34036

ഒന്നാം ക്ലാസ്സ്

H.48
K13

## TEXT BOOK COMMITTEE

Sr. Elizeus M. A.
Mgr. Emmanuel Lopez
Fr. George Kakkattil
Sr. Heraclia B. A., B. T.
Fr. Joseph Kannath (Dip. Lumen Vitae)
Mr. Kurian Vembeni B. O L.
Sr. Maria Lino
Fr. Mathew Malencharuvil
Fr. Mathew Nadakal
Sr. Ossia M. A.
Fr. Sebastian Thuruthel M. A.
Miss. Thresiakutty (Dip. Munich)
Fr. Xavier Cherupallikkatt M. A.

P. O. C. PUBLICATIONS No. 12.

| | |
|---|---|
| Nihil Obstat | Very Rev. Fr. Dominic, O. C. D.<br>and<br>Rev. Fr. John Kunnappally |
| Imprimatur | Cardinal Joseph Parecattil, Abp. of Ernakulam.<br>Dr. Joseph Attipetty, Abp. of Verapoly<br>Dr. Benedict Mar Gregorios, Abp. of Trivandrum<br>Dr. Mathew Kavukatt, Abp. of Changanacherry. |
| Date | May 1, 1969 |
| Published | by Pastoral Orientation Centre, Kerala, India. |
| Copyright | (c) 1969 Pastoral Orientation Centre, Kerala-India<br><br>All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher. |
| Printed | at The Little Flower Industrial Press, Thevara, Cochin-13. |

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | ആമുഖം | vii |
| | പൊതുനിർദ്ദേശങ്ങൾ | 1 |
| 1. | ദൈവം എൻെറ പിതാവ് | 13 |
| 2. | ദൈവം എല്ലാം സൃഷ്ടിച്ചു | 21 |
| 3. | ദൈവം മനുഷ്യനെ സൃഷ്ടിച്ചു | 31 |
| 4. | ആദവും ഹവ്വയും | 43 |
| 5. | ദൈവമേ നന്ദി | 54 |
| 6. | ഒരു സങ്കടവാർത്ത | 64 |
| 7. | പാപത്തിനു ശിക്ഷ | 75 |
| 8. | മംഗളവാർത്ത | 86 |
| 9. | രക്ഷകൻെറ ജനനം | 98 |
| 10. | വിജ്ഞാനികൾ ഈശോയെ സന്ദർശിക്കുന്നു | 108 |
| 11. | ഈശോ നസ്രത്തിൽ | 119 |
| 12. | ഈശോ പ്രസംഗിക്കുന്നു | 130 |
| 13. | കുഞ്ഞുങ്ങൾ എൻെറ അടുക്കൽ വരട്ടെ | 141 |
| 14. | ബാലികേ, എഴുന്നേൽക്കു | 151 |
| 15. | ഒട്ടുവിലത്തെ അത്താഴം | 162 |
| 16. | ഈശോ നമുക്കുവേണ്ടി മരിക്കുന്നു | 173 |
| 17. | ഈശോ മരണത്തെ ജയിച്ചു | 185 |
| 18. | ഈശോ പിതാവിൻെറ പക്കലേക്ക് | 196 |
| 19. | പരിശുദ്ധാത്മാവ് വരുന്നു | 204 |
| 20. | പരിശുദ്ധ ത്രിത്വം | 213 |
| 21. | ദൈവികജീവൻ നമ്മിൽ | 224 |
| 22. | ഈശോയുടെ രണ്ടാമത്തെ വരവ് | 233 |
| 23. | ഈശോ നമ്മെ നയിക്കുന്നു | 244 |

“പിതാവിൻപക്കലേയ്ക്കു”

# Catechetical Text Books Series for All Kerala

## Sponsored by

| Diocese | Bishop | Diocesan Catechism Director |
|---|---|---|
| 1) Ernakulam | His Em. Cardinal Joseph Parecattil | Fr. Joseph Kottakkal |
| 2) Verapoly | Most Rev. Dr. Joseph Attipetty | Mgr. E. Lopez |
| 3) Trivandrum | Most Rev. Dr. Benedict Mar Gregorios | Fr. Mathai Malencharuvil |
| 4) Changanacherry | Most. Rev. Dr. Mathew Kavukatt | Fr. Mathew Nadakal |
| 5) Quilon | Rt. Rev. Dr. Jerome Fernandez | Fr. Alphonse Thundil |
| 6) Trichur | Rt.Rev.Dr. George Alappat | Fr. Antony Anthikatt |
| 7) Kottayam | Rt Rev. Dr. Tomas Tharayil<br>Rt.Rev.Dr. K. Kunnacherry | Fr. Kuriakose Mialil |
| 8) Calicut | Rt. Rev. Dr. Aldo Maria Patroni. S. J. | Fr. J. Pulikodan S. J. |
| 9) Vijayapuram | Rt. Rev. Dr. Ambrose Abasolo, O.C.D. | Fr. Antony Vazhappilly |
| 10) Palai | Rt.Rev.Dr.Sebastian Vayalil | Fr. Thomas Purayidom |
| 11) Cochin | Rt. Rev. Dr. Alexander Edezhath | Fr. J. Kalapura-ckal |
| 11) Alleppey | Rt. Rev. Dr. Michael Arattukulam | Mgr. Reynolds Purackal |
| 13) Tiruvalla | Rt. Rev. Dr. Zacharias Mar Athanasios | Fr. Alex Payyampalli |
| 14) Trivandrum | Rt.Rev.Dr. Peter B. Pereira | Fr. Augustine Xavier |
| 15) Tellicherry | Rt. Rev. Dr. Sebastian Vallopilly | Fr. George Velliamattam |
| 16) Kothamangalam | Rt. Rev. Dr. Mathew Pothanamuzhi | Fr. John Vallamattom |

# ആമുഖം

പ്രിയപ്പെട്ട അദ്ധ്യാപകരേ,

ദൈവം കുറെ ശിശുക്കളെ നിങ്ങളുടെ പക്കലേയ്ക്കു അയയ്ക്കുന്നു. നിങ്ങൾ അവരെ സഹർഷം സ്വാഗതം ചെയ്യുക. "കുട്ടികൾ എൻെറ അടുക്കൽ വരട്ടെ.... ഇവരെപ്പോലുള്ളവക്കാണ സ്വഗ്ഗരാജ്യം" എന്ന ദിവ്യഗുരുവിൻെറ വാക്യം നിങ്ങളെ കത്തവ്യോന്മുഖരാക്കട്ടെ. ഓരോ കുട്ടിയും മതത്തെക്കുറിച്ചു പഠിക്കുമ്പോൾ— ദൈവത്തെ അറിയു മ്പോൾ— ദൈവത്തിൻെറ സന്താനമാകുന്നു. ഈ ഭൂമി സ്വഗ്ഗസമാനമാ കുന്നതിനുള്ള പ്രാരംഭപടിയാണിതു്. ക്രിസ്തുവിൻെറ ദിവ്യസന്ദേശം ബാലലോകത്തിനു പകന്നുകൊടുക്കുന്ന നിങ്ങൾ സാക്ഷാൽ ക്രിസ്തു ശിഷ്യരാണു്. ക്രിസ്തു ഒരു ദിവ്യ ജ്യോതിസ്സത്രെ. ആ പ്രകാശ ത്തെ നിങ്ങൾ കുട്ടികളുടെ ഹൃദയകോവിലിൽ കത്തിച്ചുവയ്ക്കുക. ആ ദിവ്യജ്യോതിസ്സു പ്രകാശിക്കുന്നില്ലെങ്കിൽ ലോകം അന്ധകാരമയ മായിരിക്കും. ഭൂമിയിൽ ജന്മംകിട്ടുന്നതുകൊണ്ടുമാത്രം ഒരു ശിശുവി ൻെറ ഉൽകൃഷ്ടത പൂണ്ണമാകുന്നില്ല. ദൈവത്തിൻെറ സന്താനമായി ജീവിക്കുകയും വളരുകയും ചെയ്താൽമാത്രമേ മനുഷ്യമഹത്വത്തിനു ശാശ്വതത്വവും പൂണ്ണിമയും കൈവരുകയുള്ളു. സത്യത്തെക്കുറിച്ചുള്ള ജ്ഞാനവും ധമ്മത്തെക്കുറിച്ചുള്ള ബോധവും ശിശുക്കൾക്കു നൽക ണം. പിതാവായ ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യു ന്നതിനു കുഞ്ഞുങ്ങൾക്കു പരിശീലനം ലഭിക്കണം. ഇവയൊക്കെ സാധിക്കാൻ ദൈവം നിങ്ങളെ നിയോഗിച്ചിരിക്കുകയാണു്.

ഒരിക്കൽ ഒരു മിഷനറി വൈദികൻ ക്രിസ്തുവിൻെറ പ്രവൃത്തനങ്ങളെ ക്കുറിച്ചു കുറെ കുട്ടികളോടു സംസാരിക്കുകയായിരുന്നു. അദ്ദേഹം സ രസമായി വിവരണം തുടരുന്നതിനിടയ്ക്കു ഒരു കൊച്ചുപെൺകുട്ടി ഇട യ്ക്കുകയറിപ്പറഞ്ഞു: "ഞാൻ അദ്ദേഹത്തെ അറിയും; കാണുകയും ചെയ്യും. അദ്ദേഹം ഞങ്ങളുടെ ഗ്രാമത്തിൽത്തന്നെ താമസിക്കുന്നുണ്ടു്." വൈദികൻ ആ ബാലികയെ വിളിച്ചു. ആരെയാണവൾ ഉദ്ദേശിച്ച തെന്നാരാഞ്ഞു. അപ്പോൾ അവളുടെ ഗ്രാമത്തിലെ മതാദ്ധ്യാപക ൻെറ പേരാണു് അവൾ പറഞ്ഞതു്. മതാദ്ധ്യാപകൻ ആരെന്നുള്ള നിവ്വചനം ഈ ചെറുസംഭത്തിൽ കണ്ടെത്താൻ കഴിയും.

മതാദ്ധ്യാപകൻ അറിവിൻെറ നിറകുടമായിരിക്കണം. കുട്ടികളുടെ പഠനവസ്തു അദ്ധ്യാപകനാണു്, പാഠപുസ്തകത്തേക്കാൾ. അതിനാൽ അദ്ധ്യാപകനുള്ള വിശിഷ്ടോപകരണം, പാഠപുസ്തകമോ അദ്ധ്യാപ കസഹായിയോ അല്ല ഒന്നാമതായി; പ്രത്യുത അദ്ധ്യാപകൻെറ ജീ വിതമാണു്, അദ്ധ്യാപകൻതന്നെയാണു്. അതേ, നിങ്ങൾതന്നെയാ

ണ്. ഈ അദ്ധ്യാപകസഹായി നിങ്ങൾക്കുപകരം നല്ലാനല്ല, നിങ്ങളെ സഹായിക്കുന്നതിനാണ്. നിങ്ങളുടെ അറിവിനു വിശാലതയും വിശ്വാസത്തിനു വളരുന്ന കർമ്മശേഷിയും ഉളവാക്കുവാൻ ഇതൊരു പാധിയാണ്. ഇതിൽനിന്ന് ജീവനും തേജസ്സുമുള്ള ഒരു അദ്ധ്യാപനരീതി നിങ്ങൾക്കു കരുപ്പിടിപ്പിക്കാൻ സാധിക്കും.

ക്ലാസ്സിൽ അദ്ധ്യാപകസഹായി ഉപയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കുക. പഠിപ്പിക്കുന്നതിന് അദ്ധ്യാപകസഹായി നേരത്തെ വായിച്ചൊരുങ്ങുക. ഇതിൽ സ്വീകരിച്ചിരിക്കുന്ന അദ്ധ്യാപനരീതിയുടെ സാങ്കേതികസ്വഭാവത്തെപ്പററിയുള്ള സൂചനകൾ "പൊതുനിർദ്ദേശങ്ങളിൽ" കൊടുത്തിട്ടുണ്ട്. അതു ശ്രദ്ധാപൂർവ്വം വായിക്കുക. ആവശ്യമായിവരുന്ന ഭേദഗതികൾ നിങ്ങൾക്കു വരുത്താം.

'പിതാവിൻപക്കലേയ്ക്കു്' എന്ന പൊതുശീർഷകത്തിൽ P.O.C. യാണ ഈ വേദപാഠാവലികൾ തയ്യാറാക്കിയിരിക്കുന്നതു്. ഈ പുസ്തകപരമ്പരയിൽ ഏഴു ക്ലാസ്സിലേയ്ക്കുള്ള പാഠപുസ്തകങ്ങളും അവയുടെ അദ്ധ്യാപകസഹായികളും ഉൾപ്പെടുന്നു. On Our way Series എന്ന പ്രശസ്ത വേദപാഠപുസ്തകങ്ങളുടെ ഒരു അനുകരണമാണിതു്.

കേരളത്തിലെ മൂന്നു റീത്തുകളിലുമുള്ള അഭിവന്ദ്യപിതാക്കന്മാരുടെ പ്രോത്സാഹനവും പല വിദഗ്ദ്ധവ്യക്തികളുടെ പ്രയത്നവും ഫലമണിഞ്ഞതാണ് ഈ പുസ്തകങ്ങൾ. മതബോധനത്തിൽ പുതിയ പ്രകാശവും പുതിയ സമീപനവും കേരളത്തിനാവശ്യമാണ്. അദ്ധ്യാപകരിൽ അതു പകരുകയാണു ഈ പഠനസഹായികൾകൊണ്ടുള്ള ഉദ്ദേശ്യം. ഇതെത്രമാത്രം ഫലവത്തായി എന്നു തീരുമാനിക്കേണ്ടതു് കേരളത്തിലെ മതാദ്ധ്യാപകരാണ്. കൂടുതൽ മെച്ചപ്പെട്ട നിർദ്ദേശങ്ങൾ അവരിൽനിന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഞങ്ങൾ ഒരു മതവിജ്ഞാനത്തിൻെറ ദീപശിഖ ഉയർത്തുകയാണ്. വിദ്യാർത്ഥികൾക്കു വെളിച്ചം തൂകുന്ന അസംഖ്യം പ്രോജ്ജ്വലദീപങ്ങൾ ഇതിൽനിന്നു കൊളുത്താൻ മതാദ്ധ്യാപകർക്കു കഴിഞ്ഞേക്കും.

പിതാവിൻപക്കലേക്കുള്ള പ്രയാണത്തിനു ഇതു് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അല്പമെങ്കിലും ഉപകരിച്ചാൽ ഞങ്ങൾ കൃതാർത്ഥരായി.

P. O. C. എന്നു കമ്മററിക്കുവേണ്ടി
13–6–69 ഫാ: കണ്ണത്തു്.

## പൊതുനിർദ്ദേശങ്ങൾ

അദ്ധ്യാപകന് ഉപകരിക്കത്തക്കവിധത്തിൽ ഈ "ഗൈഡിലെ" ഓരോപാഠവും രണ്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മുപ്പതുമിനിട്ടു വീതമുള്ള രണ്ടുക്ലാസ്സുകളിലായി ഒരുപാഠം പഠിപ്പിച്ചു തീർക്കാൻ സാധിക്കണമെന്നതാണ് ഉദ്ദേശം.

ഏതെങ്കിലുമൊരു പാഠം പഠിപ്പിക്കുമ്പോൾ അതിലെ കാതലായ ഭാഗങ്ങളുടെ അവതരണത്തിലത്രേ അദ്ധ്യാപകൻ ശ്രദ്ധവയ്ക്കേണ്ടതു്. അപ്രസക്തങ്ങളെന്നു തോന്നുന്ന പരാമർശങ്ങളും നിരുപയോഗമെന്നു തോന്നുന്ന "പ്രവർത്തനങ്ങളും" ഉപേക്ഷിക്കാവുന്നതാണ്.

ഒട്ടും സാവകാശം നൽകാതെ വളരെയധികം കാര്യങ്ങൾ പഠിപ്പിച്ചെടുക്കാനുള്ള വ്യഗ്രത കൊച്ചുകുട്ടികളെ പഠിപ്പിക്കുന്നവരിൽ വിരളമല്ല. താഴെക്കൊടുത്തിരിക്കുന്ന തത്വങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്താൽ ഈ വ്യഗ്രത അനാശാസ്യമെന്നു വെളിവാകും.

1. ഒന്നാംക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കു വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ചുരുങ്ങിയസമയത്തിനുള്ളിൽ മനസ്സിൽ പതിപ്പിക്കുവാൻ സാധിക്കുകയുള്ളു.

2. കുട്ടികളുടെ അറിവു തേഞ്ഞുമാഞ്ഞു പോകാതിരിക്കണമെങ്കിൽ ആവർത്തനം കൂടിയേ കഴിയൂ. പറഞ്ഞതുതന്നെ വീണ്ടുംവീണ്ടും പറയുന്നതല്ല, പഠിപ്പിച്ചകാര്യങ്ങൾ വിവിധരീതികളിൽ അവതരിപ്പിക്കുന്നതാണ് അദ്ധ്യാപനത്തിലെ ആവർത്തനം.

3. കുട്ടികളെസ്സംബന്ധിച്ചിടത്തോളം വാക്കുകൾ അത്ര പ്രാധാന്യമുള്ളതല്ല. ദൈവത്തെപ്പററി നിഷ്കൃഷ്ടമായ നിർവചനം പഠിപ്പിക്കുകയല്ല, അവിടുത്തോടുള്ള ശരിയായ ഒരു മനോഭാവം അങ്കുരിപ്പിക്കുകയാണ് പ്രധാനകാര്യം.

4. ഒന്നാം ക്ലാസ്സിൽ നിത്യസത്യങ്ങളേപ്പററി പഠിപ്പിക്കുമ്പോൾ അവ പൂർണ്ണമായി വിശദീകരിക്കണമെന്നില്ല.

5. അനുദിനജീവിതത്തിൽ പകർത്താൻ പററിയവയാണു പാഠ്യവിഷയങ്ങളെങ്കിൽ കുട്ടികൾ അവ എളുപ്പം ഗ്രഹിക്കുകയും പഠനത്തിൽ ഉത്സാഹം കാണിക്കുകയും ചെയ്യും.

6. കുട്ടികൾ എളുപ്പം ക്ഷീണിക്കുന്നു. അരമണിക്കൂറിൽ കൂടുതൽ തുടർച്ചയായി ക്ലാസ്സിലിരിക്കുന്നതു് അവക്ക് അരോചകമായി ത്തോന്നും.

## ഉപക്രമം

ഓരോ പാഠത്തിൻേറയും തുടക്കത്തിൽ ഒരു ആമുഖം കൊടുത്തിരിക്കുന്നു. അദ്ധ്യാപകനെമാത്രം ഉദ്ദേശിച്ചുള്ളതാണതു്. ഓരോ വിഷയവും പഠിപ്പിക്കുമ്പോഠം അദ്ധ്യാപകനുണ്ടായിരിക്കേണ്ട പ്രത്യേകമായ സമീപനരീതി ഏതായിരിക്കണം, വിഷയത്തിൻെറ ഏതു വശത്തിനാണു് പ്രാധാന്യം നൽകേണ്ടതു് എന്നെല്ലാം നിർദ്ദേശിക്കുന്നതു് ഇവിടെയാണു്. വിഷയാവതരണത്തിനു സഹായകമാകാവുന്ന മന:ശാസ്ത്രസിദ്ധാന്തങ്ങഠം, അദ്ധ്യാപനതത്വങ്ങഠം എന്നിവയും കാണും.

## ലക്ഷ്യം

ഓരോ പാഠത്തിനും ഓരോ ലക്ഷ്യം കാണും. ആ ലക്ഷ്യത്തെ മുൻനിറുത്തിവേണം അദ്ധ്യാപകൻ ക്ലാസ്സെടുക്കുക. ഒരു പ്രത്യേകപാഠം വഴി കുട്ടിയിൽ സംജാതമാകേണ്ട മനോഭാവം, അല്ലെങ്കിൽ ഈ തത്വത്തിൻെറ പ്രകാശനംവഴി കുട്ടിയിൽ ഉളവാകേണ്ട പ്രതികരണം എന്താണെന്നു അദ്ധ്യാപകൻ മനസ്സിലാക്കിയിരിക്കണം.

## പ്രധാന പദങ്ങഠം

പ്രധാനപദങ്ങളുടെ വ്യക്തവും നിശ്ചിതവുമായ അത്ഥം അദ്ധ്യാപകനെ ഉദ്ദേശിച്ചു് ഇവിടെ ചേത്തിരിക്കുകയാണു്. കുട്ടികഠം ഇതു മന:പാഠമാക്കേണ്ടതില്ല. ഉള്ളടക്കം ഗ്രഹിച്ചാൽ മതിയാകും.

## പഠനോപകരണങ്ങഠം

ചിത്രങ്ങഠം, ചാർട്ടുകഠം, ബോർഡു് ഇതൊക്കെ ബോധനോപകരണങ്ങളാണു്. "പതിനായിരം വാക്കുകഠംക്കുപകരം ഒരു ചിത്രം" എന്നു പറയുന്നതു് കൊച്ചുകുട്ടികളെ സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി ശരിയാണു്. ചിത്രങ്ങഠം വലുതും വ്യക്തവുമായിരിക്കണം; ആകർഷകവും വിഷയോചിതവുമായിരിക്കണം.

# ഭാഗം 1

## പ്രാരംഭപ്രാത്ഥന

കുട്ടികഠംക്കു് നിഷ്പ്രയാസം ഭക്തിപൂവ്വം ചൊല്ലാവുന്ന ലളിതമായ ഒരു ലഘുപ്രാത്ഥനയോടെ ക്ലാസ്സു് ആരംഭിക്കുക എന്നതാണു് ഇവിടെ വിവക്ഷ.

## പാഠാവതരണം

പാഠം പലതരത്തിൽ അവതരിപ്പിക്കാം. കഥാവതരണരീതി കൂടുതൽ ഫലപ്രദമായിരിക്കും. കഥാരൂപേണ കാര്യങ്ങൾ പറഞ്ഞു കേൾക്കുന്നതു് കുട്ടികൾക്കു കൂടുതൽ ഇമ്പകരവും അവരുടെ മനസ്സിൽ ദീർഘനാൾ തങ്ങിനില്ക്കുന്നതും ആയതുകൊണ്ടാണു് വിഷയം കഥാരൂപേണ അവതരിപ്പിച്ചിരിക്കുന്നതു്. കഥാഭാഗം പാഠ്യപുസ്തകത്തിൽ നിന്നു് കുട്ടികളെ വായിച്ചു കേൾപ്പിക്കുകയല്ല അദ്ധ്യാപകൻ ചെയ്യേണ്ടതു്. അദ്ധ്യാപകൻ മുൻകൂട്ടി വായിച്ചുഗ്രഹിച്ചു്, സ്വന്തം ശൈലിയിലൂടെ ക്ലാസ്സിൽ വിവരിച്ചുകൊടുക്കുകയാണു് ചെയ്യേണ്ടതു്. എങ്കിലേ കുട്ടികളുടെ അനുദിനജീവിതവുമായിബന്ധപ്പെട്ട ഉദാഹരണങ്ങളും നിർദ്ദേശങ്ങളും നൽകുവാൻ അദ്ധ്യാപകനു സാധിക്കുകയുള്ളൂ.

## പ്രവർത്തനങ്ങൾ

കുട്ടികൾ സജീവമായി പങ്കെടുക്കത്തക്കവിധം അവരുടെ ക്ലാസ്സുകളിൽ പ്രവർത്തനങ്ങൾ നൽകണം. പുസ്തകത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ അനുചിതമെന്നോ (ഉദാ: പള്ളിയകത്തുവച്ചു ക്ലാസ്സെടുക്കുമ്പോൾ), മറ്റുചില പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമെന്നോ തോന്നുന്നെങ്കിൽ പുസ്തകത്തിൽ കൊടുത്തിട്ടുള്ളവ ഉപേക്ഷിച്ചു് പകരം സമുചിതമായവ സ്വീകരിക്കേണ്ടതാണു്.

## ഓർമ്മിക്കാൻ

ചില ചോദ്യങ്ങളാണു് 'ഓർമ്മിക്കാൻ' എന്ന തലക്കെട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. മൂല്യനിർണ്ണയത്തിനു സഹായകമാണു് ഈ ചോദ്യങ്ങൾ. ചോദ്യങ്ങളുടെ ഉത്തരങ്ങൾ കുട്ടികൾ അനുസ്മരിക്കേണ്ടവയാണു്. പഠിച്ചകാര്യങ്ങളുടെ പൊതുവായ ഒരാവർത്തനത്തിനു ചോദ്യങ്ങൾ ഉപകരിക്കും.

## പ്രവർത്തിക്കാൻ

ദൈവവചനം കേൾക്കുകമാത്രമല്ല അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്നവരായിരിക്കണം കുട്ടികൾ. ഇക്കാര്യത്തിൽ അവരെ സഹായിക്കാനാണു് "പ്രവർത്തിക്കാൻ" എന്ന ഭാഗം ചേർത്തിരിക്കുന്നതു്. പഠിപ്പിച്ച കാര്യങ്ങളുടെ പൊതുവായ ഒരാവർത്തനത്തിനു് 'പ്രവർത്തിക്കാൻ' ഉപകരിക്കും.

# ഭാഗം 2

ഒന്നാം ഭാഗം പഠിപ്പിച്ചു കഴിഞ്ഞു് ഉടനേയാണു് രണ്ടാംഭാഗം പഠിപ്പിക്കുന്നതെങ്കിൽ, ആവർത്തനചോദ്യങ്ങൾ കൊണ്ടു്, പഠിപ്പിച്ചു കഴിഞ്ഞ ഭാഗങ്ങൾ കുട്ടികൾ ഗ്രഹിച്ചുകഴിഞ്ഞു എന്നു തീർച്ച് വരുത്തിയതിനുശേഷമായിരിക്കണം രണ്ടാംഭാഗം തുടങ്ങേണ്ടതു്. മറെറാരു ദിവസമാണു പഠിപ്പിക്കുന്നതെങ്കിൽ, പ്രാരംഭപ്രാർത്ഥനയും ഒന്നാംഭാഗത്തേപ്പററി കൂടുതൽ വിശദമായ ആവർത്തനവും നടത്തിക്കഴിഞ്ഞു വേണം പുതിയ വിഷയത്തിലേക്കു കടക്കുവാൻ. പാഠാവതരണം, പ്രായോഗിക നിർദ്ദേശങ്ങൾ (പ്രവർത്തനങ്ങൾ) എന്നിവ ഒന്നാം ഭാഗത്തിലേതുപോലെ തന്നെ.

### സ്വാംശീകരണം

രണ്ടാം ഭാഗത്തിൻെറ അവസാനത്തിൽ, പാഠം മുഴുവൻേയും പൊതുവായ ഒരു പുനരവലോകനം നടത്തണം. ഗൈഡിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ അതിനുപയോഗിക്കാം. കുട്ടികളുടെ ഉത്തരത്തിൽനിന്നു് പാഠം അവർക്കു് എത്രമാത്രം സ്വാംശീകരിക്കാൻ കഴിഞ്ഞു എന്നു് മനസ്സിലാക്കാം. ഇപ്പോഴത്തെ ഈ പുനർവിചിന്തനം അവരുടെ കുഴഞ്ഞുമറിഞ്ഞുകിടക്കുന്ന ആശയങ്ങൾക്കു് മിഴിവും ക്രമവും രൂപവും നൽകുവാനുപകരിക്കുന്നു.

കുട്ടികളുടെ പുസ്തകത്തിൽത്തന്നെയുണ്ടു് രണ്ടു മൂന്നു ചോദ്യങ്ങൾ. ഈ ചോദ്യങ്ങൾ അതിവിശദമായിത്തന്നെ കൈകാര്യം ചെയ്യേണ്ടതാണു്.

സ്ഫുടമായും ഭക്തിയോടെയും പ്രാർത്ഥനകൾ ചൊല്ലുവാൻ കുട്ടികൾക്കു പ്രത്യേകപരിശീലനം നൽകേണ്ടതാണു്.

### അദ്ധ്യാപനരീതികൾ

പറഞ്ഞുകൊടുക്കുന്നതുകേട്ടു് എന്നതിലധികമായി, മററുള്ളവർ ചെയ്യുന്നതുകണ്ടും അതുപോലെ ചെയ്തും ആണു് കൊച്ചുകുട്ടികൾ ഓരോകാര്യം മനസ്സിലാക്കുക. മതതത്വങ്ങൾതന്നെ ഇപ്രകാരം ഓരോരോ പ്രവൃത്തികളിലൂടെവേണം ബാലഹൃദയങ്ങളിൽ പതിയുവാൻ. സമയച്ചുരുക്കത്തിൻെറപേരിൽ ഈവക പ്രവർത്തനങ്ങൾ ഒരിക്കലും

അവഗണിക്കരുതു്. അഭിനയം, ചിത്രംവരയ്ക്കൽ, ചായമിടൽ, സംഗീതം, ആംഗ്യങ്ങരം എന്നിവ മതബോധനക്ലാസ്സുകളേയും അത്യന്തം സജീവമാക്കാതിരിക്കില്ല.

## അഭിനയം

പാഠ്യവിഷയവുമായി ബന്ധപ്പെട്ട ഏതെങ്കിലും കഥയോ സംഭവമോ കുട്ടികളെക്കൊണ്ടുതന്നെ നാടകരൂപത്തിൽ അവതരിപ്പിക്കാം. ഇതിനു സഹായകമായ ഏതാനും നിർദ്ദേശങ്ങരം താഴെ ചേക്കുന്നു.

1. അഭിനയിക്കാൻ പോകുന്ന കഥ നേരത്തെ തന്നെ വിവരിച്ചു കേരംപ്പിക്കണം.

2. കഥയിലെ സംഭവങ്ങരം ഓർമ്മയിൽ എളുപ്പം തങ്ങിനിൽക്കുന്ന വിധത്തിൽ ഉജ്ജ്വലവും ലളിതവുമായിരിക്കണം.

3. ആൺകുട്ടികളിൽനിന്നും പെൺകുട്ടികളിൽനിന്നും ഏതാനും പേരെ തിരഞ്ഞെടുത്തു് അവരെക്കൊണ്ടു് അഭിനയിപ്പിക്കുക. ശേഷമുള്ളവർ 'കാണികളുടെ' സ്ഥാനത്തിരിക്കണം.

4. ആണ്ടുവട്ടത്തിലൊരിക്കലെങ്കിലും അഭിനയിക്കുവാനുള്ള അവസരം ഓരോ കുട്ടിക്കും ലഭിക്കണം.

5. അവതരണവും ആസ്വാദനവും കുട്ടികളുടേതായ ശൈലിയിലും രീതിയിലും ആയാൽത്തന്നേയും സാരമില്ല. കുട്ടികരംക്കു തെറ്റു പറ്റുന്നെങ്കിൽമാത്രം അവരെ തിരുത്തിയാൽ മതി. ഇടയ്ക്കു കയറി തിരുത്തുന്നതു നല്ലതല്ല. അതു കുട്ടികളുടെ ആത്മവിശ്വാസത്തെ കെടുത്തിക്കളയും.

6. ക്ലാസ്സ്സമയത്തിന്റെ അവസാനമായിരിക്കണം ഇപ്രകാരം അഭിനയം നടത്തേണ്ടതു്. വേണ്ടതിലധികം നീട്ടിക്കൊണ്ടുപോകരുതു്. അതിരുകടന്ന തമാശയും ബഹളവും ഉണ്ടാകാതെ സൂക്ഷിക്കയും വേണം.

## ആംഗ്യങ്ങരം

കുട്ടികളെ പഠിപ്പിക്കുമ്പോരം ആംഗ്യങ്ങരം കാണിച്ചു പഠിപ്പിക്കുന്നതു് അത്യന്തം ഉപകാരപ്രദമായിരിക്കും. ആംഗ്യങ്ങരംകണ്ടു കാര്യം മനസ്സിലാക്കാൻ കുട്ടികരംക്കു് പ്രത്യേകമൊരു രസമുണ്ടു്. ആംഗ്യങ്ങളിലൂടെ സംസാരിക്കുവാനും അവക്കിഷ്ടമാണു്. അനുകരണതല്പരരാണല്ലോ കുട്ടികരം.

മതപഠനക്ലാസ്സിൽ ആംഗ്യങ്ങളുപയോഗിക്കുന്നതു് നിഷ്കൃഷ്ടയോടെയാകണം. പറയുന്ന ഓരോ വാക്കിനും ആംഗ്യം വേണമെന്നില്ല. മുഖ്യാശയങ്ങളുൾക്കൊള്ളുന്ന വാക്കുകളോടു ചേർന്നാണു് ആംഗ്യം വേണ്ടതു്. പ്രസ്തുത ആശയങ്ങൾ മനസ്സിൽ ഗാഢമായി പതിയുവാൻ ഇതു സഹായിക്കും.

അർത്ഥദ്യോതകവും സന്ദർഭോചിതവുമായ ആംഗ്യങ്ങളേ ഉപയോഗിക്കാവൂ. അദ്ധ്യാപകനെ ശ്രവിക്കുന്നതോടൊപ്പംതന്നെ ആംഗ്യങ്ങൾ അനുകരിക്കാനും കുട്ടികളോടാവശ്യപ്പെടുക. എന്നിട്ട് സാവധാനം ക്ലാസ്സ് തുടരുക. ശ്രദ്ധിച്ച്, ആംഗ്യങ്ങളോടെവേണം സംസാരിക്കുവാൻ. കുട്ടികളും ആംഗ്യങ്ങൾ അനുകരിക്കുന്നു. അതോടെ പഠിപ്പിക്കുന്ന വിഷയവുമായി കുട്ടികൾ ലയിച്ചു ചേരുകയായി.

കഥയുടെ അന്ത്യത്തിൽ, കുട്ടികളോടൊത്തു പാഠം ആവർത്തിക്കുക. ഇത്തവണ അദ്ധ്യാപകൻ ആംഗ്യങ്ങളിലൂടെയാണു സംസാരിക്കുന്നതു്. കുട്ടികൾ ആംഗ്യത്തിനൊത്ത വാക്കുകൾ കഥാഗതിക്കനുസരിച്ച് കണ്ടുപിടിക്കണം. അവരെക്കൊണ്ടു് ആ കഥ ഒന്നു പറയിക്കുക. ക്ലാസ്സ് സജീവവും ശ്രദ്ധാപൂർണ്ണവുമാക്കുവാൻ ഈ രീതി അത്യന്തം ഉപകാരപ്രദമാണു്.

ആംഗ്യങ്ങൾ ഉപയോഗിച്ചുള്ള ഇത്തരം ക്ലാസ്സുകളിൽ അദ്ധ്യാപകൻ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ടു്.

1. ആംഗ്യങ്ങളിലൂടെ അദ്ധ്യാപകനെ അനുകരിക്കുന്നതു് കൊച്ചുകുട്ടികളായതിനാൽ അവർ നിയന്ത്രണം വിട്ടുപോകുകയില്ല. മുതിന്ന കുട്ടികളുടെ ക്ലാസ്സിൽ ഈ മാർഗ്ഗം ഉപയോഗിക്കുന്നതു് വിവേകത്തോടെയായിരിക്കണം.

2. ആംഗ്യങ്ങൾ ആവശ്യത്തിലേറെയായാൽ അതൊരുതരം ഗോഷ്ടിയാകും. ഭാവസമ്പുഷ്ടമല്ലാത്ത ആംഗ്യങ്ങൾ അദ്ധ്യാപകനെ ഹാസ്യനാക്കുകയേ ഉള്ളൂ എന്നും സ്മരിക്കണം.

3. ഭക്തിസംദായകമായ ആംഗ്യങ്ങളേ പ്രാർത്ഥനയിൽ ഉപയോഗിക്കാവൂ. ഉദാഹരണത്തിനു്, കൈകൂപ്പുക, തലകുനിക്കുക മുതലായവ.

## ചോദ്യോത്തരങ്ങൾ

ആവർത്തിച്ചാവർത്തിച്ചു പലരെക്കൊണ്ടു് ഒരേ ചോദ്യത്തിനുത്തരം പറയിക്കുന്നതു് വെറും സമയനഷ്ടമാണു്. മറിച്ച്, വിഷയം പഠിപ്പിക്കുന്നതിനിടയിൽ അതായതു്, വിശദീകരണഘട്ടത്തിൽ ഏതാനും ചോദ്യങ്ങൾ ചോദിക്കുക ആവശ്യകവുമാണു്. ആശയങ്ങൾ കൂടുതൽ വ്യക്തമാകുമെന്നതു മാത്രമല്ല ഇതിൻെറ ഗുണം. അദ്ധ്യാപകൻ പറയുന്ന കാര്യങ്ങളിൽ കുട്ടികൾ കൂടുതൽ ശ്രദ്ധപതിക്കുകയും

ചെയ്യും. തന്നെയുമല്ല പഠിപ്പിച്ച കാര്യങ്ങൾ ഗ്രഹിക്കുവാൻ കുട്ടികൾക്ക് സാധിച്ചിട്ടുണ്ടോ എന്നറിയുവാനും കഴിയും.

## ഗാനങ്ങൾ

പാട്ടുപാടുക, കുട്ടികൾക്ക് വളരെ ഇഷ്ടമുള്ള കാര്യമാണ്. മതബോധനക്ലാസ്സ് കൂടുതൽ രസകരവും ഫലപ്രദവും ആക്കുവാൻ പററിയ ഒരു പഠനോപാധിയാണ് ഗാനങ്ങൾ അഥവാ സ്തുതിഗീതങ്ങൾ. അദ്ധ്യാപകനു സംഗീതവാസന കുറവാണെന്ന ന്യായത്താൽ സംഗീതാഭ്യാസം ഉപേക്ഷിക്കുന്നതു് ശരിയല്ല. കഴിവുള്ള ആരുടെയെങ്കിലും സഹായം തേടിയാൽ മതിയല്ലൊ.

ഓരോ പാട്ടും പഠിക്കുവാൻ ആരംഭിക്കുമ്പോഴുള്ള ആത്മീയചൈതന്യം പുനർജ്ജീവിപ്പിക്കുന്നതിനായി ഒരിക്കൽ പഠിച്ച പാട്ടുകൾ പിന്നീട് ഇടയ്ക്കിടെ പാടണമെന്നു് കുട്ടികളെ ഉപദേശിക്കണം.

പാട്ടുപഠിക്കുക അത്ര വിഷമകരമൊന്നുമല്ല. ആദ്യംതന്നെ പാട്ടിന്റെ ഓരോ പാദവും അദ്ധ്യാപകൻ നിർത്തിനിർത്തി വായിച്ചു കേൾപ്പിക്കുക. അറിഞ്ഞുകൂടാത്ത പദങ്ങളുടെ അർത്ഥവും ഗാനത്തിന്റെ മുഴുവൻ സാരവും കുട്ടികൾക്ക് വിശദീകരിച്ചുകൊടുക്കണം. എന്നിട്ട്, പാട്ടിന്റെ ഏതാനും വരികൾ ആദ്യം പാടി കേൾപ്പിക്കണം. ആവർത്തിച്ചുപാടുന്നനേരത്തു് കുട്ടികൾ ഈണത്തിനൊത്തു പതുക്കെ മൂളിത്തുടങ്ങുന്നു. അടുത്തതവണ കുട്ടികളും അദ്ധ്യാപകനോടൊത്തു് താണസ്വരത്തിൽ പാടാൻ ശ്രമിക്കുന്നു. അദ്ധ്യാപകന്റെ സ്വരം കേട്ടുകൊണ്ടു് അതിനൊത്തു പാടുമ്പോൾ അവർക്കു് തെററുപററുകയില്ല.

മതപരമായ ഗാനങ്ങൾ പഠിപ്പിക്കുമ്പോഴും ഭക്തിമയമായ ഒരന്തരീക്ഷം നിലനിർത്താൻ ശ്രമിക്കേണ്ടതുണ്ട്. ഗാനാലാപം പ്രാർത്ഥനയുടെ ഒരു രൂപമാണെന്നു് കുട്ടികൾ സാവധാനം മനസ്സിലാക്കുകയും വേണം.

## ചിത്രരചന

തങ്ങളുടെ മനസ്സിലും ഭാവനയിലുമുള്ള ആശയങ്ങൾ വാക്കുകളിൽ പകർത്താൻ കൊച്ചുകുട്ടികൾക്കു കഴിയാറില്ല. വാക്കുകളിലൊതുങ്ങാത്ത ഇത്തരം വിചാരങ്ങളും വികാരങ്ങളും ആഗ്രഹങ്ങളുമൊക്കെയാണ് കളികൾ, അനുകരണരൂപത്തിലുള്ള അഭിനയങ്ങൾ, ആംഗ്യസംസാരങ്ങൾ, പടം വരയ്ക്കൽ എന്നിവയിലൂടെ കുട്ടികൾ പ്രകടിപ്പിക്കുന്നതു്.

മതബോധനക്ലാസ്സിൽ ചിത്രരചനയുടെ സ്ഥാനമെന്തെന്നതിനെപ്പററി അദ്ധ്യാപകനു ശരിയായ ധാരണ ഉണ്ടായിരിക്കേണ്ടതുണ്ട്. എങ്കിലേ കുട്ടികളുടെ ചിത്രരചനാപാടവം മതപഠനത്തിനൊരു

മാഗ്ഗമായുപകരിക്കയുള്ളൂ. കലാവൈഭവത്തിൻേറയോ, കലാപരമായ മേന്മയുടേയോ അടിസ്ഥാനത്തിലാകരുതു് കട്ടികളെ പടം വരയ്ക്കാൻ പ്രോത്സാഹിപ്പിക്കുന്നതും അവരുടെ ചിത്രങ്ങളെ വിലയിരുത്തുന്നതും. മറിച്ച് വേദപാഠക്ലാസ്സിൽ പടം വരയ്ക്കാൻ നമ്മൾ കുട്ടികളോടാവശ്യപ്പെടുന്നതു് അവരുടെ ആശയങ്ങൾക്ക് ജീവൻ നല്കി, അവരുടെ ചിന്താശക്തിയെ ഉത്തേജിപ്പിക്കുവാനാണ്.

ചിത്രങ്ങൾക്കു ചായമിടുവാൻ കുട്ടികൾക്കിഷ്ടമാണെങ്കിലും പഠനത്തിൽ അതെത്രകണ്ടു് അവക്കു സഹായകമാവുമെന്നകാര്യം സംശയമാണ്. അതിനാൽ ഇതിനായി സമയമധികം വിനിയോഗിക്കാതിരിക്കയാണു ഭേദം.

## ക്ലാസ്സിലെ അച്ചടക്കം

മററു ക്ലാസ്സുകളെപ്പോലെയല്ല മതപഠനക്ലാസ്സ്. മതത്തിൻെറ അന്ത:സത്തതന്നെ ദൈവത്തിനു നമ്മോടുള്ള സ്നേഹമാണല്ലോ. അതിനാൽ മതപഠനക്ലാസ്സുകൾ ആനന്ദപ്രദമായി അനുഭവപ്പെടണം. എങ്കിലേ അതു യഥാർത്ഥമായ മതപഠനമാവൂ. ആഹ്ലാദത്തിൻെറ ഈ പരിമളം അദ്ധ്യാപകൻ വേണം ക്ലാസ്സിലാകെ പ്രസരിപ്പിക്കുവാൻ. അങ്ങനെ ആകാംക്ഷാഭരിതമായ ആനന്ദത്തോടെ വേണം, കുട്ടികൾ മതപഠനത്തിനെത്താൻതന്നെ. ഇത്തരം ഹൃദ്യമായൊരന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞാൽ അതു ലക്ഷണമൊത്തൊരു മതപഠനവേദിയായി — സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനെ അറിയുവാനും സ്നേഹിക്കുവാനും പററിയ പാവനവേദി.

സ്നേഹത്തിൻേറയും ആഹ്ലാദത്തിൻേറയും നറുമണം കലന്ന ഈ അന്തരീക്ഷം മതപഠനക്ലാസ്സുകൾക്കേ സംസിദ്ധമാവുകയുള്ളു. സന്തോഷവും സ്വാതന്ത്ര്യവും ചൈതന്യവുമാണ് അതിൻെറ ജീവധാരകം.

ക്ലാസ്സിൽ അതികക്ശമായ നിശ്ശബ്ദതയും ക്രമീകരണവുമൊക്കെ വേണമെന്നു് അദ്ധ്യാപകൻ നിർബന്ധിച്ചുകൂടാ. ദീർഘസമയത്തേക്കുള്ള മൗനം ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന കൊച്ചുകുട്ടികൾക്ക് തീർത്തും അസാദ്ധ്യമാണെന്നു പറയാം. ബാലസഹജമായ ചിരിയും കളിയുമൊക്കെ അവരെസംബന്ധിച്ചിടത്തോളം ഉത്സാഹപൂർവ്വകമായ പഠനത്തിനു് ആവശ്യം കൂടിയേ കഴിയൂ.

എങ്കിലും, സ്വാതന്ത്ര്യം അതിരുകടന്നതാകരുതു്. സ്നേഹമസൃണമായ നിയന്ത്രണത്തിനു് സസന്തോഷം വഴങ്ങുന്നവരാണു കുട്ടികൾ. പക്ഷേ, സ്വതന്ത്രരായി വിട്ടാൽ അവർ മഹാ കുഴപ്പക്കാരുമാണ്. അതിനാൽ കുട്ടികൾ ക്ലാസ്സിൽ ബഹളമുണ്ടാക്കാതിരിക്കുവാൻ അദ്ധ്യാപകൻ സദാ ശ്രദ്ധാലുവായിരിക്കണം. ദൃഢതയും ദയയും ഒരുപോലെ ആവശ്യമാണിക്കാര്യത്തിൽ.

**അച്ചടക്കം**

നിർദ്ദേശങ്ങളും സൂചനകളുമൊന്നും കൊച്ചുകുട്ടികൾക്ക മനസ്സിലാക യില്ല. അതിനാൽ അവക്കുള്ള നിയമങ്ങൾ വ്യക്തമായിത്തന്നെ പറഞ്ഞുകൊടുക്കണം. എങ്കിലേ അവരുടെ മനസ്സിൽ പതിയുക യുള്ളു. സ്നേഹപുരസ്സരം, എന്നാൽ കശ്നമായിത്തന്നെ, ഈ നിയമ ങ്ങൾ അദ്ധ്യാപകൻ വിശദീകരിച്ചുകൊടുക്കണം. കുട്ടികൾ കൃത്യമാ യിത്തന്നെ അതു പാലിക്കും.

വളരെയധികം നിയമങ്ങൾ വയ്ക്കരുതു്. ഉള്ളവയാകട്ടെ, വ്യക്തവും സുകരവും ആയിരിക്കയും വേണം. ഉദാഹരണത്തിനു ചില നിയമ ങ്ങൾ താഴെ കുറിക്കുന്നു.

1. നിശ്ശബ്ദമായി വേണം ക്ലാസ്സിൽ കടന്നുവരാൻ. ബഹളമുണ്ടാക്കി ക്കൊണ്ടു വരരുതു്.

2. വന്നാൽ അദ്ധ്യാപകൻ പറഞ്ഞിട്ടേ ഇരിക്കാവൂ.

3. വല്ലതും പറയണമെങ്കിൽ സൂചനയായി കൈയ് പൊക്കുക.

4. ഇരുന്നുകൊണ്ടു സംസാരിക്കരുതു്.

5. അച്ചന്മാരും മററു ഗുരുജനങ്ങളും ക്ലാസ്സിലേക്കു കയറിവന്നാലുടൻ എഴുന്നേല്ക്കുക.

ആരംഭംമുതലേ നിഷ്ക്കഷ്ഠാപൂർവ്വം പരിശീലിപ്പിക്കുന്നപക്ഷം, ഈ നല്ലതഴക്കങ്ങൾ കുട്ടികളിൽ എളുപ്പം വേരുറച്ചുകൊള്ളും.

**മൗനം**

പഠനത്തിനു് അനിർവാര്യമാണു മൗനം. പഠിപ്പിക്കുവാനും നിശ്ശബ്ദ മായ ഒരന്തരീക്ഷം കൂടിയേ കഴിയൂ – മതപഠനക്ലാസ്സുകളുടെ കാര്യ ത്തിൽ പ്രത്യേകിച്ചും. പക്ഷേ, ശരിയായ അത്ഥമെന്തെന്നു ഗ്രഹി ച്ച് ബോധപൂർവ്വം അവലംബിച്ചെങ്കിലേ നിശ്ശബ്ദത വാസ്തവത്തിൽ ഗുണംചെയ്യുകയുള്ളു. അച്ചടക്കത്തിൻെറ ഒരു ഭാഗമാണു നിശ്ശബ്ദത എന്നു പറയാം. എങ്കിലും, പഠിക്കാനും പഠിപ്പിക്കാനും അവശ്യം വേണ്ട അന്തരീക്ഷമെന്നനിലയിൽ മൗനം വെറും നിശ്ശബ്ദത മാത്ര മല്ല, ശബ്ദമുണ്ടാക്കാതിരിക്കുന്നതുകൊണ്ടുമാത്രം മൗനമാകയില്ല. ഭാവ നയുടെ നിയന്ത്രണവും മനസ്സിൻെറ ഏകാഗ്രതയും കൈവന്നാൽ മാ ത്രമേ പഠനത്തിനുവേണ്ട നിശ്ശബ്ദതയാവുകയുള്ളു. അദ്ധ്യാപകൻ പഠിപ്പി ക്കുന്ന കാര്യങ്ങൾ ഹൃദിസ്ഥമാക്കി സ്വാംശീകരിക്കുവാൻ ഇത്തരമൊ രന്തരീക്ഷം അത്യന്താപേക്ഷിതമാണു്.

കേട്ടകാര്യങ്ങളെപ്പററി തന്നെത്താൻ നിശ്ശബ്ദമായി ചിന്തിച്ചുകൊ ണ്ടിരിക്കുക എന്നൊരു വാസനയുണ്ടു്, കൊച്ചുകുഞ്ഞുങ്ങൾക്കു്. പുതിയ ഒരാശയം മനസ്സിൽപ്പതിഞ്ഞാൽ അതെപ്പററി ഓത്തോത്തു്

ങ്ങനെയിരിക്കും. ഇങ്ങനെ സാവകാശമാണ് കുട്ടികളിൽ ആശയ സ്വാംശീകരണം നടക്കുന്നത്. ഇതിനിടയിൽ അവരെ ശല്യപ്പെടുത്തുന്നതു തെററാണ്. ഉള്ള സമയംകൊണ്ടു കുറെയധികം പഠിപ്പിക്കാനുള്ള വ്യഗ്രതയാകട്ടെ, ഗുണത്തെക്കാളധികം ദോഷമാണു കുട്ടിക്കു വരുത്തിവയ്ക്കുന്നത്.

പഠിപ്പിച്ചുപോകുന്നതിനിടയിലുള്ള ഇത്തരം നിശ്ശബ്ദനിമിഷങ്ങൾ മതപഠനത്തിൻെറ ഫലദായകത്വത്തിന് അത്യന്താപേക്ഷിതമാണ്. ഈ നിമിഷങ്ങളെ നൂറുശതമാനം പ്രയോജനപ്പെടുത്തുക അത്ര എളുപ്പമല്ല. സനിഷ്ക്കർഷമായ പരിശീലനം അതിനാവശ്യമാണ് — ഗുരുവിലും ശിഷ്യനിലുമൊരുപോലെ.

ആദ്യംതന്നെ, കളിയുടെയോ മററു ബഹളങ്ങളുടേയോ ഇടയ്ക്കു ക്ലാസ്സു തുടങ്ങാനുള്ള മണി കേൾക്കുമ്പോഴേ ഓടിച്ചെന്നു ക്ലാസ്സിൽ കയറുന്നതു് ഒട്ടും ആശാസ്യമല്ല. ക്ലാസ്സിൽ കയറുന്നതിനുമുമ്പുതന്നെ കുട്ടികളിൽ ബാഹ്യവും ആന്തരികവുമായ സ്വസ്ഥത കൈവന്നിരിക്കണം. എങ്കിലേ നിശ്ശബ്ദമായി ശ്രദ്ധിച്ചിരിക്കുവാൻ വിദ്യാർത്ഥികൾക്കു സാധിക്കുകയുള്ളു.

കുട്ടികൾ ക്ലാസ്സിൽ സ്വന്തം സ്ഥാനങ്ങളിലെത്തി നിശ്ശബ്ദരായി നിന്നുകഴിയുമ്പോൾ പ്രാരംഭപ്രാർത്ഥനയ്ക്കുള്ള അടയാളം കൊടുക്കണം. ഈ അടയാളം കിട്ടിക്കഴിഞ്ഞു് ഏതാനും നിമിഷനേരത്തെ പരിപൂർണ്ണനിശ്ശബ്ദതയ്ക്കുശേഷമേ പ്രാർത്ഥന തുടങ്ങാവൂ. ആത്മവിസ്മൃതിയോടെ, ദൈവത്തിൽ പൂർണ്ണമായി ശ്രദ്ധ കേന്ദ്രീകരിക്കുവാനുള്ളതാണ് ഈ മൂകനിമിഷങ്ങൾ എന്നു കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കണം. കാലക്രമേണ ഏകാഗ്രത കൈവരുത്തി പ്രാർത്ഥിക്കുന്നതിനുള്ള ശീലം അവരിൽ രൂഢമൂലമായിക്കൊള്ളും. കൈകൾകൂപ്പി, കണ്ണടച്ച്, ശിരസ്സുനമിച്ചു നില്ക്കുന്നതും പ്രാർത്ഥനയുടെ ആന്തരികഭാവം ലഭിക്കാൻ സഹായകമാണ്.

അദ്ധ്യാപകൻ ഭക്തിപൂർവ്വം പ്രാർത്ഥനചൊല്ലുന്നു. സാവധാനം, വ്യക്തമായിവേണം ചൊല്ലുവാൻ. പ്രാർത്ഥനകഴിഞ്ഞും ഏതാനും നിമിഷത്തെ മൗനം പാലിക്കണം. ഓരോരുത്തർക്കും സ്വന്തമായി ഏതെങ്കിലും പ്രത്യേക കാര്യം ദൈവത്തോടു പറയുവാൻവേണ്ടിയുള്ളതാണ് പ്രസ്തുത വിനാഴികകൾ എന്ന് അദ്ധ്യാപകൻ കുട്ടികളെ ഉദ്ബോധിപ്പിച്ചിരിക്കണം.

ക്ലാസ്സു നടത്തുന്നതിനിടയ്ക്കും ചിലപ്പോൾ കുട്ടികൾക്ക് മേൽപ്പറഞ്ഞ പ്രകാരമുള്ള മൗനം അനുവദിക്കേണ്ടതാണ്. ഉദാഹരണത്തിന്, ഏതെങ്കിലും നിത്യസത്യം പഠിപ്പിച്ചുകഴിഞ്ഞയുടനെയോ, ഒരു കഥയുടെ അന്ത്യത്തിലോ, അല്ലെങ്കിൽ ഏതെങ്കിലും പുണ്യം അഭ്യസിക്കാനുള്ള പ്രായോഗികപ്രതിജ്ഞകൾ എടുക്കുവാൻവേണ്ടിയോ ആകാം ഇത്തരം മൗനനിമിഷങ്ങൾ. പഠിച്ച കാര്യങ്ങൾ സുഗ്രഹമാക്കുവാനും മൗനമായി ദൈവത്തോടു പ്രാർത്ഥിക്കുവാനും ഈ സമയം ഉപ

യോഗപ്പെടുത്താൻ കുട്ടികൾക്കു കഴിയും. ഇത്തരം മൗനാചരണം കൂടെക്കൂടെയോ ദീർഘനേരത്തേക്കോ ആകാതിരിക്കാൻ അദ്ധ്യാപകൻ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

## ആറുവയസ്സുള്ള കുട്ടികളിൽ സാമാന്യേന കാണുന്ന സ്വഭാവവിശേഷങ്ങൾ

എല്ലാവിധത്തിലും തുല്യതയുള്ള രണ്ടു കുട്ടികളെ നാം കാണുകയില്ല. എങ്കിലും സമപ്രായക്കാരായ കുട്ടികളിൽ ഒരേ വാസനയുള്ള പലരെ കണ്ടെന്നുവരാം. ആറുവയസ്സായ കുട്ടികളിലെ പൊതുവായ സവിശേഷതകൾ താഴെ ചേർത്തിരിക്കുന്നു.

1. കുട്ടികൾ പെട്ടെന്നു പ്രസാദിക്കും; എളുപ്പം പിണങ്ങുകയും ചെയ്യും.

2. ഒരിടത്തു് അടങ്ങിയിരിക്കുക അവക്കു് വിഷമമാണ്. എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കും.

3. പതിനഞ്ചോ ഇരുപതോ മിനിട്ടിൽ കൂടുതൽ സമയം ഒരു കാര്യത്തിൽ ശ്രദ്ധചെലുത്തിയിരിക്കുക അവക്കു ദുഷ്കരമാണ്.

4. അവർ എളുപ്പം ക്ഷീണിക്കുന്നു.

5. എല്ലാക്കാര്യവും സ്വന്തമായി ചെയ്യണമെന്നാണ് അവരുടെ നോട്ടം. എങ്കിലും അവക്കു സഹായം ആവശ്യമാണ്.

6. ഇഷ്ടമുള്ള രണ്ടു സാധനങ്ങൾ കാണിച്ചിട്ടു് (രണ്ടു പടങ്ങളായാൽത്തന്നെയും) ഏതെങ്കിലുമൊന്നു തിരഞ്ഞെടുത്തുകൊള്ളുകയെന്നു പറഞ്ഞാൽപ്പോലും അവക്കു വലിയ ബുദ്ധിമുട്ടുതോന്നും.

7. അവരുടെ തീരുമാനങ്ങളും അഭിപ്രായങ്ങളും ചിലപ്പോൾ പ്രായമായവരുടേതുപോലെ സയുക്തികമായി കാണാറുണ്ട്.

8. കണ്ണും കൈയും ഒരേസമയം പ്രവർത്തിപ്പിക്കുക അവക്കു വിഷമമാണ്.

9. എന്തെങ്കിലുമൊക്കെ അഭിനയിച്ചുകാണിക്കുക അവക്കിഷ്ടമാണ്. ആംഗ്യരൂപത്തിൽ സംസാരിക്കുവാനുള്ള വാസനയും മികച്ചതാണ്.

10. എവിടെയും ഒന്നാമനാകണം, നേതാവാകണം, ജേതാവാകണം എന്നൊക്കെയാണ് അവരുടെ ആഗ്രഹം.

11. സംഘങ്ങളായിച്ചേർന്നു കളിക്കാനും പ്രവർത്തിക്കാനും അവർ പഠിച്ചുവരുന്നതേയുള്ളു.

12. തങ്ങൾക്കിഷ്ടമുള്ള ഗുരുജനങ്ങളെ ഏതുകാര്യത്തിലും അനുകരിക്കാൻ അവക്കു വലിയ കമ്പമാണ്.

## കുട്ടികളുമായുള്ള അടുപ്പം

എല്ലാ കുട്ടികളുടെയും മാതാപിതാക്കന്മാരുമായി അദ്ധ്യാപകൻ പരിചയപ്പെടുന്നതു നല്ലതാണ്. അവരെ വീടുകളിൽപ്പോയി സന്ദർശിക്കുകയാണ് ഏററവും നല്ലതു്. കുറഞ്ഞപക്ഷം, താൻ പഠിപ്പിക്കുന്ന ഓരോ കുട്ടിയുടെ കാര്യത്തിലും അദ്ധ്യാപകൻ സജീവമായ താല്പര്യം കാണിക്കുകയെങ്കിലും വേണം. തങ്ങളെ സ്നേഹിക്കുകയും തങ്ങളുടെ നന്മമാത്രം കാംക്ഷിക്കുകയും ചെയ്യുന്ന അദ്ധ്യാപകനിൽ കുട്ടികൾ തീർച്ചയായും പൂർണ്ണമായ വിശ്വാസം അർപ്പിക്കാതിരിക്കുകയില്ല.

## ആഴ്ചയിൽ ഒരു ക്ലാസ്സുമാത്രമേ ഉള്ളവെങ്കിൽ

ഓരോ പാഠത്തിനും രണ്ടുക്ലാസ്സ വേണ്ടതാണ്. മുപ്പതുമിനിററു വീതമുള്ള രണ്ടുക്ലാസ്സുകൾ. അമ്പതുമിനിററുള്ള ഒരു ക്ലാസ്സേ ഉള്ളവെങ്കിൽ താഴെ കൊടുത്തിരിക്കുന്ന ക്രമീകരണം സ്വീകരിക്കാവുന്നതാണ്.

1. പ്രാരംഭപ്രാർത്ഥന, ഉപക്രമം — 5 മിനിററ്
2. ഒന്നാം ഭാഗം
   - പാഠാവതരണം, പ്രായോഗികനിർദ്ദേശങ്ങൾ — 15 മിനിററ്
   - പ്രവർത്തനം — 5 മിനിററ്
3. രണ്ടാം ഭാഗം
   - പാഠാവതരണം, പ്രായോഗികനിർദ്ദേശങ്ങൾ — 15 മിനിററ്
   - പ്രവർത്തനം — 5 മിനിററ്
4. സ്വാംശീകരണം, സമാപനപ്രാർത്ഥന — 5 മിനിററ്

# 1

# ദൈവം എന്റെ പിതാവ്

### ഉപക്രമം

പ്രാരംഭക്ലാസ്സുകളുടെ നടത്തിപ്പിനെ ആശ്രയിച്ചാണ് വേദപാഠ ക്ലാസ്സുകളുടെ വിജയം സ്ഥിതിചെയ്യുന്നത്. നിത്യസത്യങ്ങൾ പഠിപ്പിക്കുമ്പോൾ കുട്ടികളുടെ പ്രതികരണം പ്രതീക്ഷിക്കുന്നത്ര ആശാവഹമല്ല എന്നുവരാം. അതുകൊണ്ട് അദ്ധ്യാപകൻ നിരാശനാകേണ്ടതില്ല. നിങ്ങളുടെ ആദ്യത്തെ വേദപാഠക്ലാസ്സിൽ കുട്ടികൾ സന്തോഷവും സംതൃപ്തിയും കണ്ടെത്തുകയും ദൈവം അവരുടെ സ്നേഹംനിറഞ്ഞ പിതാവാണെന്നു മനസ്സിലാക്കുകയും ചെയ്യുന്നുണ്ടെങ്കിൽ നിങ്ങളുടെ ക്ലാസ്സ് ഒരു വിജയമായിരുന്നുവെന്നു സമാശ്വസിക്കാം.

### ലക്ഷ്യം

കുഞ്ഞുങ്ങൾ കാണുന്ന എല്ലാ വസ്തുക്കളും ദൈവത്തിനു നമ്മോടുള്ള പിതൃസഹജമായ സ്നേഹത്തിന്റെ അടയാളമാണെന്ന് അവരെ മനസ്സിലാക്കുക.

### പ്രധാന പദങ്ങൾ

സ്നേഹം. (മററുള്ളവർക്കു നന്മവരണമെന്ന് ആഗ്രഹിക്കുന്നതും നന്മചെയ്യുന്നതും)

സ്വർഗ്ഗം. (ദൈവത്തെ കാണുകയും ദൈവത്തോടുകൂടി ആനന്ദിക്കുകയും ചെയ്യുക)

### പാഠോപകരണങ്ങൾ

കുട്ടികളും മാതാപിതാക്കളുമുള്ള വീടിന്റെ ചിത്രങ്ങൾ; പൂക്കൾ, പക്ഷികൾ, മൃഗങ്ങൾ ഇവയുടെ ചിത്രങ്ങൾ (ഈ ചിത്രങ്ങൾ വലിപ്പമുള്ളവയായിരിക്കണം. ഫ്ളാനൽ ബോർഡിൽ ചിത്രങ്ങൾ പതിച്ചു പ്രദർശിപ്പിക്കണം. ദൈവത്തിന്റെ ദാനങ്ങളും സമ്മാനങ്ങളുമാണവയെന്നു കുട്ടികൾക്കു പറഞ്ഞുകൊടുക്കണം.)

## ഭാഗം 1 രൂപരേഖ

### പ്രധാനാശയം

ദൈവത്തിന്റെ സമ്മാനങ്ങൾ അവിടുത്തേക്കു നമ്മോടുള്ള സ്നേഹത്തേയും, അവിടുത്തെ നന്മയേയും സൂചിപ്പിക്കുന്നു. ദൈവം നല്കിയ നന്മകൾക്കു നാം നന്ദിപറയുക.

കഥ: വല്ല്യപ്പച്ചനോ വല്ല്യമ്മച്ചിയോ, അഥവാ അവരെപ്പോലെ സ്നേഹിക്കുന്ന മററാരെങ്കിലുമോ കുട്ടികൾക്കു സമ്മാനംകൊടുക്കുന്ന ഒരു കഥ അവതരിപ്പിക്കുക.

കുട്ടികളുടെ പ്രവർത്തനം: ദൈവത്തിൽനിന്നു കിട്ടിയ നന്മകൾക്കു 'ദൈവമേ നന്ദി' എന്നു പറയിക്കുക. കഴിയുമെങ്കിൽ ഒരു കൃതജ്ഞതാസ്തോത്രം പാടിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. നമ്മുടെ പിതാവു് ആരാണു്?
2. ദൈവം എല്ലായിടത്തും ഉണ്ടോ?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

പിതാവായ ദൈവം സ്വർഗ്ഗത്തിൽ വാഴുന്നു.
ദൈവത്തിൻെറ നിത്യഭവനമാണു സ്വർഗ്ഗം.
ദൈവം എല്ലായിടത്തും വ്യാപിച്ചിരിക്കുന്നു.
കഥ: മുമ്പുപറഞ്ഞ കഥയിലെ കഥാപാത്രങ്ങൾ നന്ദിപറയുന്നതായ ബാക്കിഭാഗം അവതരിപ്പിക്കുക. (ആദ്യഘട്ടത്തിൽ കഥ പൂർണ്ണമായി പറയുന്നില്ലെന്നു് ഓർമ്മിക്കുക.)

**കുട്ടികളുടെ പ്രവർത്തനം:** 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്നു ചൊല്ലിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ദൈവം ആരാകുന്നു?
2. അവിടുന്നു് എവിടെയാകുന്നു?

## ഭാഗം 1 (30 മിനിട്ടു്)

**പ്രാരംഭപ്രാർത്ഥന**

ഒരു ചെറുപ്രാർത്ഥനയോടുകൂടി നാം ക്ലാസ്സ് ആരംഭിക്കുകയാണു്. ദൈവം നമ്മുടെ പിതാവാകയാൽ അവിടുത്തെ മുമ്പിൽ ഭക്തിയോടെ നില്ക്കണം: എങ്ങനെ നില്ക്കുന്നതാണു് കൂടുതൽ യോജിച്ചതെന്നു കുട്ടികളെക്കൊണ്ടു് പറയിക്കുക. അദ്ധ്യാപകനെ അനുകരിച്ചു കൈകൂപ്പി നേരെ നില്ക്കുവാൻ ആവശ്യപ്പെടാം. കുഞ്ഞുങ്ങളുടെ പ്രായത്തിനു യോജിച്ച ഒരു ചെറിയ പ്രാർത്ഥന സാവധാനത്തിൽ ചൊല്ലി

ക്കൊടുക്കുക. താഴെ ചേർത്തിരിക്കുന്ന പ്രാർത്ഥന ചൊല്ലിക്കാം.

"എൻെറ ദൈവമേ, ഞാൻ എങ്ങനെയാണ് അങ്ങയെ അറിയേണ്ട തെന്നും എങ്ങനെയാണ് അങ്ങയെ സ്നേഹിക്കേണ്ടതെന്നും എന്നെ പഠിപ്പിക്കണമേ."

അല്പനിമിഷം മൗനമായി നില്ക്കട്ടെ. എന്തുകൊണ്ടാണ് നാം ഈ വിധം പ്രാർത്ഥിച്ചതെന്നു കുഞ്ഞുങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കണം. ദൈവസഹായം കൂടാതെ നമുക്ക് അവിടുത്തെ അറിവാനും സ്നേഹിക്കാനും സാദ്ധ്യമല്ല. ദൈവം നിശ്ചയമായും നമ്മുടെ പ്രാർത്ഥന കേൾക്കും. എന്തുകൊണ്ടെന്നാൽ അവിടുന്നു നമ്മെ സ്നേഹിക്കുന്നുണ്ട്. നമുക്കുവേണ്ടി അവിടുന്ന് ചെയ്തിട്ടുള്ള അത്ഭുതകരങ്ങളായ കാര്യങ്ങളെക്കുറിച്ചാണ് നാം പഠിക്കുവാൻപോകുന്നത്.

## പ്രാരംഭം

നിങ്ങളുടെ ആരുടെയെങ്കിലും ജന്മനാൾ ആഘോഷിച്ചിട്ടുണ്ടോ? എന്താണ് അന്നു നിങ്ങളെ കൂടുതൽ സന്തോഷിപ്പിച്ചത്? കുഞ്ഞുങ്ങളെക്കൊണ്ട് അവരുടെ വിശേഷാനുഭവങ്ങളുടെ ചുരുക്കം ഏതാനും നിമിഷങ്ങൾകൊണ്ടു പറയിക്കണം. ഈവിധ സംഭാഷണത്തിനു 5 മിനിററിൽ കൂടുതൽ എടുക്കരുത്. ആ അനുഭവങ്ങളിൽ നമുക്കാവശ്യമായ ഭാഗം — അതായത് സമ്മാനത്തിൻെറ കാര്യമോ, അവരുടെ സന്തോഷത്തിനു കാരണമായ സംഗതികളോ പറഞ്ഞുകഴിഞ്ഞാൽ പിന്നെ കഥ നീണ്ടുപോകരുത്. കുഞ്ഞുങ്ങൾക്ക് ഇങ്ങനെ ഒരനുഭവം ഉണ്ടായതായി പറയാൻ അവർ മടിക്കുന്നെങ്കിൽ അദ്ധ്യാപകൻതന്നെ തൻെറ ലക്ഷ്യപ്രാപ്തിക്കു യോജിച്ച ഒരു കഥ പറയണം, പാഠതാല്പര്യം ഉണർത്താൻ പര്യാപ്തമായ രീതിയിൽ.

## കഥ

സൂസി നിങ്ങളുടെ പ്രായത്തിലുള്ള ഒരു കുട്ടിയാണ്. അവളുടെ അപ്പച്ചൻ ആഫ്രിക്കയിൽ ജോലിചെയ്യുകയാണ്. അപ്പച്ചനെപ്പററി അമ്മ പറഞ്ഞുകേട്ടിട്ടുള്ളതല്ലാതെ അവൾ കണ്ടറിഞ്ഞിട്ടില്ല.

ഒരു ദിവസം ഒരാൾ അവരുടെ വീട്ടിൽ വന്നു. സൂസി അപ്പോൾ കൂട്ടുകാരുമൊത്ത് വരാന്തയിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. വന്നയാൾ അവരുടെ കൂട്ടത്തിൽ സൂസി ഏതാണെന്നു ചോദിച്ചു. സൂസി മുന്നോട്ടു നീങ്ങിനിന്നു. അപ്പോൾ അയാൾ സൂസിയെ ഒരു പൊതിക്കെട്ട് ഏല്പിച്ചിട്ട്, "ഇതു് അമ്മയുടെ കൈയിൽ കൊടുക്കുക", എന്നു പറഞ്ഞു. "ഞാൻ ആഫ്രിക്കയിൽനിന്നു വരികയാണ്. ഇതു് കുഞ്ഞിൻെറ അപ്പച്ചൻ തന്നുവിട്ടതാ. പിന്നീട് ഞാൻ വന്ന് അമ്മയെ കണ്ടുകൊള്ളാം." എന്നു പറഞ്ഞു പോയി.

നിറമുള്ള കടലാസുകൊണ്ടു പൊതിഞ്ഞു്, നല്ല ഒരു റിബ്ബൺകൊണ്ടു കെട്ടിയിരിക്കുന്ന ആ പൊതിയുടെ ഭംഗി കണ്ടു കുട്ടികളെ

ല്ലാം സന്തോഷിച്ചു. അതിനുള്ളിൽ എന്താണെന്നറിയാൻ അവക്കു തിടുക്കമായി. സൂസി നേരെ അടുക്കളയിലേക്കോടി. പുറകെ കുട്ടകാരും. "അമ്മേ, അമ്മേ, ഇതാ ഒരു പൊതി. ഒന്നു തുറന്നുകാണിക്കു" എന്നു വിളിച്ചുപറഞ്ഞു.

അതാരാണു കൊണ്ടുവന്നതെന്നു് അമ്മ അവളോടു ചോദിച്ചു. അതിൻെറ പുറത്തു സൂസിയുടെ അപ്പച്ചൻെറ പേരും സൂസിയുടെ പേരും മററും കണ്ടപ്പോഠം അമ്മയ്ക്കു് കാര്യം മനസ്സിലായി. "സൂസിയുടെ പിറന്നാളിനു് ഒരു സമ്മാനം" എന്നു് അതിൻെറ പുറത്തു് എഴുതിയിരുന്നു.

അമ്മ വേഗം കെട്ടഴിച്ചു. കുട്ടികളുടെ കണ്ണുകഠം ആ പൊതിക്കുള്ളിൽ എന്താണെന്നറിയാൻ ധൃതികൂട്ടി. സുന്ദരമായ, ഭംഗിയുള്ള ഒരു ഉടുപ്പു് എടുത്തു് അമ്മ സൂസിയെ കാണിച്ചു. അപ്പോഠം "ഹാ! എന്തു നല്ല ഉടുപ്പു്" എന്നു് എല്ലാവരും ആർത്തുവിളിച്ചു. സൂസി സന്തോഷം കൊണ്ടു തുള്ളിച്ചാടി; ഉടുപ്പിട്ടു്, ഭംഗിനോക്കിക്കൊണ്ടു് അവഠം പറഞ്ഞു "നല്ല അപ്പച്ചൻ".

(അപ്പച്ചൻെറ സ്നേഹത്തിൻെറ അടയാളമാണീ സമ്മാനം. എല്ലാ സമ്മാനങ്ങളും അതു് തരുന്ന ആളിൻെറ സ്നേഹത്തിൻെറ അടയാളമാണെന്നു മനസ്സിലാക്കാൻ ഉപയുക്തമായ ഏതാനും ചോദ്യങ്ങഠം കുഞ്ഞുങ്ങളോടു ചോദിക്കുക.)

എന്തുകൊണ്ടാണു സൂസിയുടെ അപ്പച്ചൻ അവഠംക്കു് ഉടുപ്പു കൊടുത്തുവിട്ടതു്?

എങ്ങനെയാണു് ഒരാഠം നല്ലവനാണെന്നു നാം അയാളെ കാണാതെ തന്നെ അറിയുന്നതു്?

സൂസിയുടെ അപ്പച്ചൻ നല്ലവനും സൂസിയോടു സ്നേഹമുള്ളവനുമാണു്. അതുകൊണ്ടാണു സൂസിക്കു ഭംഗിയുള്ള ഉടുപ്പു് അദ്ദേഹം സമ്മാനിച്ചതു്.

**പാഠാവതരണം**

ദൈവം എന്നോടു സ്നേഹം കാണിക്കുന്നു. (വാക്യം ബോർഡിൽ കുറിക്കുക) നിങ്ങഠം കണ്ടിട്ടില്ലാത്ത—എങ്കിലും നിങ്ങഠംക്കു ധാരാളം സമ്മാനം തന്നിട്ടുള്ള — ഒരാളെ നിങ്ങഠംക്കു മനസ്സിൽ കാണാൻ സാധിക്കുമോ? സൂസി തൻെറ അപ്പച്ചനെ കണ്ടതായി ഓക്കുന്നില്ല. എങ്കിലും അപ്പച്ചൻ എങ്ങനെയുള്ള ആളാണെന്നു് അവഠം മനസ്സിലാക്കിയില്ലേ? നിങ്ങഠം പൂന്തോട്ടത്തിൽ പോയപ്പോഠം അവിടെ നിങ്ങഠം കണ്ട ചില ചെടികളുടെ പേരു പറയാമോ? നിറയെ പൂത്തു നില്ക്കുന്ന ഒരു റോസാച്ചെടിയോ, പിച്ചിച്ചെടിയോ കാണുമ്പോഠം നിങ്ങഠംക്കു് എന്തുതോന്നും? ഓണക്കാലം വരുമ്പോഠം ധാരാളം പൂ

ക്കളും പഴങ്ങളും പറമ്പുകളിലും കൃഷിസ്ഥലങ്ങളിലുമൊക്കെ കാണുന്നില്ലേ? ഇതൊക്കെ കാണുമ്പോഠം നിങ്ങഠംക്ക് എന്തുതോന്നും? നാം ഒരു കപ്പത്തണ്ടു നട്ടാൽ കുറെക്കാലം കഴിയുമ്പോഠം അതിൻെറ ചുവട്ടിൽ ധാരാളം കിഴങ്ങുകളുണ്ടാകുന്നുണ്ടല്ലോ! ആരാണ് ഈ കപ്പക്കിഴങ്ങെല്ലാം കപ്പയുടെ ചുവട്ടിൽ കൊണ്ടുവന്നുവയ്ക്കുന്നത്? ഒരു വാഴത്തൈവച്ചാൽ കുറെക്കാലം കഴിയുമ്പോഠം അതു കുലയ്ക്കുന്നു. എവിടെനിന്നുണ്ടായി ഈ വാഴക്കുല! കുടിക്കാനും കുളിക്കാനും മററും ധാരാളം വെള്ളം നമുക്കു കിട്ടുന്നില്ലേ? ആരാണിതെല്ലാം നമുക്കു ചോദിക്കാതെ തരുന്നത്? അതേ, ദൈവം! ഇതുപോലെ ദൈവം നമുക്കു സമ്മാനിച്ചിട്ടുള്ള ചില വസ്തുക്കളുടെ പേരു പറയാമോ, നിങ്ങഠംക്ക്? (സൂസിയുടെ അപ്പച്ചനെ അവഠം കണ്ടില്ലെങ്കിലും അദ്ദേഹം എങ്ങനെയുള്ള ആളാണെന്ന് അവഠം മനസ്സിൽ കണ്ടു. അതുപോലെ ഈ സാമാനങ്ങളൊക്കെത്തന്ന ദൈവത്തെ കാണാൻ കുട്ടികളെ പഠിപ്പിക്കുക).

## കുട്ടികളുടെ പ്രവത്തനം

നമുക്കാരെങ്കിലും ഒരു സമ്മാനം തരുമ്പോഠം നാം എന്താണു പറയേണ്ടതു്? — (നന്ദി എന്നു പറയിക്കുക.)

ദൈവം നമുക്ക് എണ്ണിയാലൊടുങ്ങാത്ത സമ്മാനങ്ങഠം തന്നിട്ടുണ്ടു്. അപ്പോഠം നാം ദൈവത്തോട് എന്തു പറയണം?

വേണ്ടിടത്തോളം പ്രാവശ്യം ദൈവത്തോടു നന്ദിപറയുവാൻ നമുക്കു സാദ്ധ്യമല്ല. അതുകൊണ്ടു നമുക്കെല്ലാവക്കും ഒന്നിച്ച് എഴുന്നേററുനിന്ന് സ്നേഹപൂവ്വം ദൈവത്തിനു നന്ദിപറയാം.

(മാതൃകാപരമായി അദ്ധ്യാപകൻ ക്ലാസിൻെറ മുമ്പിൽനിന്നുകൊണ്ട് നന്ദിപ്രകാശനത്തിൻെറ രീതി കാണിച്ചുകൊടുക്കുക. അനന്തരം തന്നെ ഏററുചൊല്ലാൻ കുഞ്ഞുങ്ങളോട് ആവശ്യപ്പെടുക.)
"എൻെറ നല്ല ദൈവമേ, അങ്ങയുടെ എല്ലാ സമ്മാനങ്ങഠംക്കും ഞാൻ നന്ദിപറയുന്നു. പിതാവേ, അങ്ങേയ്ക്കു നന്ദി."

## പ്രയോഗം

ഏതെങ്കിലും ഭംഗിയുള്ള വസ്തുക്കഠം (പൂക്കഠം, പഴങ്ങഠം, നക്ഷത്രങ്ങഠം) കാണുമ്പോഴും മഴയത്തും വെയിലത്തും ഓടിച്ചാടി ഉല്ലസിക്കുമ്പോഴും മററും മനസാ ദൈവത്തോടു നന്ദിപറയുവാൻ കുട്ടികളെ ഈ സന്ദർഭത്തിൽ നിർദ്ദേശിക്കണം. താഴെ കുറിക്കുന്നവിധം മാതൃക പറഞ്ഞു പഠിപ്പിക്കുകയുംചെയ്യുക.

"സ്വർഗ്ഗസ്ഥനായ എൻെറ പിതാവേ, അങ്ങേയ്ക്കു നന്ദി."

**ഓമ്മിക്കാൻ**

**ചോദ്യങ്ങഠം**

1. നാം കണ്ടിട്ടില്ലാത്ത ഒരാഠം നല്ലവനാണെന്നു് നമുക്കെങ്ങനെ അറിയാൻകഴിയും?

2. മനുഷ്യർ തമ്മിൽത്തമ്മിൽ സമ്മാനങ്ങഠം കൈമാറുന്നതു് എന്തിനു്?

3. നമുക്കു വേണ്ടുന്ന വെള്ളവും വെളിച്ചവും പൂക്കളും പഴങ്ങളുമൊക്കെ തന്നതാരു്?

4. ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നു് എങ്ങനെയാണു നാം അറിയുന്നതു്?

## ഭാഗം 2 (30 മിനിററു്)

**കഥ – പാഠാവതരണം**

ദൈവം സ്വർഗ്ഗസ്ഥനായ എൻെറ പിതാവാണു്. ദൈവത്തെ സ്നേഹിക്കേണ്ടതു് എൻെറ കടമയാണു്. സൂസിയുടെ അപ്പച്ചൻെറ സമ്മാനത്തെക്കുറിച്ചു നിങ്ങഠം ഓമ്മിക്കുന്നുണ്ടോ? സൂസിയുടെ ജന്മനാഠം കഴിഞ്ഞു രണ്ടു ദിവസത്തിനുശേഷം അപ്പച്ചൻ സമ്മാനിച്ച നല്ല ഉടുപ്പുമിട്ടുകൊണ്ടാണു അവഠം സ്കൂളിൽ പോയതു്. പുതിയ ഫാഷനിൽ തയ്ച്ചിരുന്ന നിറപ്പകിട്ടുള്ള ഉടുപ്പുകണ്ടു കുട്ടികളെല്ലാം അടുത്തുകൂടി. തൊട്ടും പിടിച്ചും നോക്കി. അവളുടെ ഉടുപ്പിൻെറ ഭംഗിയെപ്പററി കൂട്ടുകാർ പുകഴ്ത്തിപ്പറഞ്ഞു. ഇതുകേട്ടു സൂസി സന്തോഷിച്ചു. അവളുടെ അപ്പച്ചനെക്കുറിച്ചു കൂട്ടുകാർ പലതും ചോദിച്ചു. അപ്പച്ചൻ എവിടെ താമസിക്കുന്നു? എന്താണു ജോലി? അപ്പച്ചൻ വീട്ടിൽ വരുമോ? ഈ ചോദ്യങ്ങഠംക്കൊന്നിനും വേണ്ടപോലെ മറുപടി പറയാൻ അവഠംക്കു കഴിഞ്ഞില്ല. അതിൽ അവഠംക്കു ദു:ഖംതോന്നി. തൻെറ അപ്പച്ചനെപ്പററി തനിക്കു് ഒന്നും അറിഞ്ഞുകൂടാ കഷ്ടം! അവഠം വിചാരിച്ചു. അന്നു വൈകുന്നേരം സ്കൂഠം വിട്ടു വീട്ടിൽ ചെന്നപ്പോഠം കൂട്ടുകാർ അവളോടു ചോദിച്ചതും ചോദിക്കാത്തതുമായ നൂറുനൂറു കാര്യങ്ങഠം അവഠം അമ്മയോടു ചോദിച്ചു. തൻെറ അപ്പച്ചനെക്കുറിച്ചു കൂടുതൽ കാര്യങ്ങഠം അറിയാൻ അവഠം അക്ഷമയായി. അപ്പച്ചൻെറ പക്കൽ പോകാനും അദ്ദേഹത്തെ കാണാനും അവഠംക്കു ധൃതിയായി. അപ്പച്ചനോടു നന്ദിപറയുവാൻ അവഠം ആഗ്രഹിച്ചു. "അമ്മേ, എപ്പോഴാണു് എനിക്കു് അപ്പച്ചനോടു നന്ദിപറയുവാൻ സാധിക്കുന്നതു്? ഒരെഴുത്തയച്ചാലെന്താ! അമ്മ എനിക്കുവേണ്ടി എഴുതുമോ?" (എന്തെങ്കിലും കിട്ടിയാൽ, ആരെങ്കിലും സമ്മാനം കൊടുത്താൽ നന്ദിപറയുവാൻ പഠിച്ചുകഴിഞ്ഞിട്ടുണ്ടു്, സൂസിയെന്നോമ്മിക്കണം.)

സൂസിയുടെ അമ്മ ഇതുകേട്ടു സന്തോഷിച്ചു. "അതിനെന്താ മോളേ, നിനക്കുവേണ്ടി അമ്മ എഴുതാം. പക്ഷേ മോഠംക്കു് ഇപ്പോഠംത്ത

ന്നെ അപ്പച്ചന്ന നന്ദിപറയാമല്ലോ?" അമ്മ പറഞ്ഞു. "അതെങ്ങനെ?" സൂസി അന്വേഷിച്ചു. "മോറം അപ്പച്ചന്നവേണ്ടി ദൈവത്തോടു പ്രാത്ഥിക്കുക." എന്തു പ്രാർത്ഥിക്കണം, എങ്ങനെ പ്രാർത്ഥിക്കണം, എന്നെല്ലാം സൂസി ചോദിച്ചു. "ദൈവമേ, അപ്പച്ചനെ അനുഗ്രഹിക്കണമേ, നല്ല പ്രവൃത്തികറംചെയ്യാൻ അപ്പച്ചനെ സഹായിക്കണമേ" എന്ന പ്രാർത്ഥിപ്പാൻ അമ്മ മകളെ ഉപദേശിച്ചു. സൂസി ഉടനെ തൻെറ മുറിയിലേക്കോടി അമ്മ പറഞ്ഞ പ്രകാരം പ്രാർത്ഥിച്ചു.

നോക്കുക. സൂസിക്കു് ഉടുപ്പു സമ്മാനിച്ച അപ്പച്ചന്നവേണ്ടി പ്രാത്ഥിക്കുവാൻ — നന്ദിപറയുവാൻ — അവറംക്കു് അഭിനിവേശം ഉണ്ടായി. അങ്ങനെയാണെങ്കിൽ എണ്ണിയാൽ തീരാത്ത സമ്മാനങ്ങറം തന്ന ദൈവത്തിന്ന നാം നന്ദിപറയണ്ടേ? അപ്പച്ചനെക്കുറിച്ചു പലതും അറിയാനും അദ്ദേഹത്തെ കാണ്ടാനും സൂസി കൊതിച്ചു. ദൈവത്തെക്കുറിച്ചു് അറിയാൻ നമുക്കു് ആഗ്രഹമില്ലേ? നമുക്കു ദൈവത്തെ കാണണ്ടേ? ആരാണു് ദൈവം?

ദൈവം നമ്മുടെ പിതാവാണു്. നമ്മറം അവിടുത്തെ മക്കളും. അവിടുന്ന നമ്മെ രക്ഷിക്കുന്നു. നമുക്കു വേണ്ടതെല്ലാം അവിടുന്നു് ഈ ലോകത്തു് ഉണ്ടാക്കിവച്ചിരിക്കുന്നു. അവയെ പാലിക്കുന്നതും ദൈവമാണു്. നാം വാഴത്തൈവച്ചാൽ അതിൽ കുലയുണ്ടാക്കുന്നതും ദൈവമാണു്. കപ്പത്തണ്ടുനട്ടാൽ അതു വലുതാക്കി അതിൻെറ ചുവട്ടിൽ കിഴങ്ങുണ്ടാക്കുന്നതും ദൈവമാണു്. അവയെല്ലാം നമുക്കു തിന്നാൻവേണ്ടിയാണു് അവിടുന്നുണ്ടാക്കുന്നതു്. അതുകൊണ്ടാണ നാം ദൈവത്തെ പിതാവെന്നു വിളിക്കുന്നതു്. പിതാവെന്നു പറഞ്ഞാൽ അപ്പൻ എന്നത്ഥം. അവിടുന്നു് എല്ലാവരുടേയും പിതാവാണു്, നിങ്ങളുടേയും എൻെറയും എല്ലാവരുടെയും. എനിക്കുള്ളതെല്ലാം ദൈവം തന്നതാണു്. എനിക്കു വേണ്ടതെല്ലാം, ഞാൻ സ്നേഹിക്കുന്നതെല്ലാം അവിടുന്നു് എനിക്കു തന്നിട്ടുള്ള സമ്മാനങ്ങളാണു്. എനിക്കിഷ്ടമുള്ളതെല്ലാം അവിടുന്നു് എനിക്കു തരുന്നു. എൻെറ അപ്പനും അമ്മയും ചേച്ചിയും ചേട്ടനുമെല്ലാം ദൈവത്തിൻെറ സമ്മാനങ്ങളാണു്. (ഈ അവസരത്തിൽ കുടുംബഫോട്ടോകറം, പ്രകൃതിചിത്രങ്ങറം തുടങ്ങിയവ കുട്ടികളേ കാണിച്ചു വിശദമാക്കുക.)

ദൈവം എവിടെയാകുന്നു?

സ്വർഗ്ഗസ്ഥനായ പിതാവു് എല്ലായിടത്തുമുണ്ടു്. ഈ ക്ലാസ്സുമുറിയിലും മുററത്തും പള്ളിയിലും വീട്ടിലും നാം കാണുന്ന സർവ്വവസ്തുക്കളിലുമുണ്ടു്. നമുക്കു നമ്മുടെ കണ്ണുകൊണ്ടു് അവിടുത്തെ ഇപ്പോറം കാണാൻ സാധിക്കുകയില്ലെന്നുമാത്രം. ദൈവമില്ലാത്ത സ്ഥലമില്ല, വസ്തുക്കളില്ല. വീട്ടിലും വിദ്യാലയത്തിലും, റോഡിലും വയലിലും തെരുവിലും, കടലിലും കരയിലും, എന്നുവേണ്ട എല്ലായിടത്തും ദൈവമുണ്ടു്. നാം എവിടെയായിരുന്നാലും ദൈവം നമ്മുടെ അടുത്തു തന്നെയുണ്ടു്. ഇപ്പോറം ഇവിടെ നമ്മുടെ അടുത്തുണ്ടു ദൈവം. നാം പറയുന്നതെല്ലാം അവിടുന്നു കേറംക്കുന്നുമുണ്ടു്.

എങ്കിലും നമ്മുടെ പിതാവായ ദൈവത്തിന് ഒരു പ്രത്യേക വീടുണ്ട്. നമുക്കു നേരിട്ടു ദൈവത്തെ ഒരിക്കൽ കാണാൻ സാധിക്കുന്ന വീട്. ആ വീടിനു സ്വർഗ്ഗം എന്നു പറയുന്നു. അവിടെച്ചെന്നു ദൈവത്തെ കാണാൻ നിങ്ങൾക്ക് ആഗ്രഹമില്ലേ? എനിക്ക് ആഗ്രഹമുണ്ട്. നമ്മൾ നല്ലവരാണെങ്കിൽ ദൈവം നമ്മെ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകും. നമുക്കുവേണ്ടി ദൈവം ഒരുക്കിയിരിക്കുന്ന വീടാണു സ്വർഗ്ഗം.

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവു നല്ലവനാണ്. നമ്മുടെ അപ്പനമ്മമാരേക്കാൾ നല്ലവനാണ്. ദൈവത്തോളം നല്ലവനായി ആരുമില്ല; ദൈവം സ്നേഹിക്കുന്നതുപോലെ — ദൈവം സ്നേഹിക്കുന്നിടത്തോളം — മററാരും നമ്മെ സ്നേഹിക്കുന്നില്ല. സ്നേഹിക്കുകയില്ല. വരൂ, എഴുന്നേൽക്കൂ, നമുക്കൊന്നിച്ചു ദൈവത്തോടു പറയാം: "സ്വർഗ്ഗസ്ഥനായ എൻെറ പിതാവു് എന്നെ സ്നേഹിക്കുന്നു. ദൈവം നല്ലവനാണ്. ഏററവും നല്ലവനാണ്." (കുട്ടികളെ എഴുന്നേല്പിച്ചുനിറുത്തി സംഘമായി ചൊല്ലിക്കുക).

## പ്രയോഗം

ആരെങ്കിലും, "ഞാൻ നിന്നെ സ്നേഹിക്കുന്നു", എന്നു പറഞ്ഞാൽ നിങ്ങൾ എന്തു മറുപടി പറയും?

"ഞാൻ നിന്നേയും സ്നേഹിക്കുന്നു."

ഇന്നുമുതൽ, എല്ലാ ദിവസവും രാവിലെ എഴുന്നേല്ക്കുമ്പോൾ, "എൻെറ പിതാവായ ദൈവമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു" എന്നു പറയുക.

നിങ്ങളുടെ സ്വന്തം വാക്കുകളിൽ പറഞ്ഞാൽ മതി. (നിങ്ങൾക്കിഷ്ടമുള്ളതു് എന്തുവേണമെങ്കിലും ദൈവത്തോടു പറയാം, എന്നു കുഞ്ഞുങ്ങളെ ഗ്രഹിപ്പിക്കുക.)

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. ആരാണു നിങ്ങളെ ഏററവും അധികം സ്നേഹിക്കുന്നതു്?
2. ദൈവം ആരാണ്?
3. ദൈവം എവിടെയുണ്ട്?
4. നാം ദൈവത്തെ സ്നേഹിക്കുന്നതെന്തുകൊണ്ട്?
5. ഏതെല്ലാം വിധത്തിലാണു ദൈവം നമ്മോടു സ്നേഹം കാണിക്കുന്നതു്.

## ഉപസംഹാരപ്രാർത്ഥന

"എൻെറ ദൈവമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു."

# 2

# ദൈവം എല്ലാം സൃഷ്ടിച്ചു

## ഉപക്രമം

ദൈവമഹത്വത്തെക്കുറിച്ചും അവിടുത്തെ ശക്തിയെക്കുറിച്ചും അവബോധം ഉണ്ടാക്കിക്കൊടുക്കുകയാണ് ഈ പാഠത്തിന്റെ ലക്ഷ്യം. ഒന്നാം ക്ലാസ്സിലെ കുട്ടികൾ ബൈബിളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ സൃഷ്ടികഥ അറിയേണ്ട ആവശ്യമില്ല. ആ ക്രമമനുസരിച്ചുള്ള പഠനം പിന്നീടുള്ള വർഷങ്ങളിൽ നടത്തിയാൽ മതിയാകും. ദൈവത്തിന്റെ ശക്തിയെക്കുറിച്ചും സ്നേഹത്തെക്കുറിച്ചുമാണ് ഇപ്പോൾ പറയേണ്ടതു്. ഇല്ലായ്മയിൽനിന്നു വസ്തുക്കൾ ഉണ്ടാക്കാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂ. നമ്മോടുള്ള സ്നേഹത്തെ പ്രതിയാണു ദൈവം ഈ വസ്തുക്കളെ സൃഷ്ടിച്ചതു്.

## ലക്ഷ്യം

നമ്മുടെ പിതാവായ ദൈവത്തിന്റെ നന്മയിലും ശക്തിയിലും കുഞ്ഞുങ്ങളിൽ അത്ഭുതം ഉളവാക്കുക. അങ്ങനെ സ്നേഹപൂർവ്വം പിതാവിനെ ആരാധിക്കുവാൻ കുഞ്ഞുങ്ങളെ ഒരുക്കുക.

## പ്രധാന പദങ്ങൾ

ഇല്ലായ്മ, സൃഷ്ടിക്കുക, വസ്തുക്കൾ.

## പഠനോപകരണങ്ങൾ

1. സൃഷ്ടിയുടെ ചിത്രങ്ങൾ (കല്ലും, മണ്ണും, ചെടികളും പൂക്കളും ക്ലാസ്സിൽ കൊണ്ടുവന്നോ, കുഞ്ഞുങ്ങളെ തോട്ടത്തിലേക്കു കൊണ്ടുപോയോ കാണിച്ചുകൊടുക്കാം.)
2. കൗതുകവസ്തുക്കളുടെ ചിത്രങ്ങളോ മോഡലുകളോ; (കളിപ്പാട്ടങ്ങൾ, മേശ. കസേര,)

## ഭാഗം 1 രൂപരേഖ

## പ്രധാനാശയം

ദൈവം തന്റെ സ്നേഹവും ശക്തിയും കാണിക്കുവാൻ എല്ലാം സൃഷ്ടിച്ചു.

ദൈവത്തിനു് എല്ലാം ചെയ്യാൻ കഴിയും.

ദൈവം നന്മ മാത്രമാണു്.

**കഥ**

ലോകം എങ്ങനെയുണ്ടായി എന്നതിനെക്കുറിച്ചുള്ള കഥ.

**കുട്ടികളുടെ പ്രവർത്തനം**

കുട്ടികളെ രണ്ടു ഗണമായി തിരിച്ച് അഭിനയഗാനം പാടിക്കുക

**ഓർമ്മിക്കാൻ**

**ചോദ്യോങ്ങൾ**

1. ആരാണ് എല്ലാ വസ്തുക്കളും സൃഷ്ടിച്ചത്?
2. ആർക്കുവേണ്ടി സൃഷ്ടിച്ചു?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

ദൈവം ഇല്ലായ്മയിൽനിന്ന് എല്ലാം ഉണ്ടാക്കി.

എല്ലാ വസ്തുക്കളും ദൈവത്തിൻേറതാണ്.

**കഥ**

മനുഷ്യർ സാധനങ്ങൾ ഉണ്ടാക്കുന്നതിനെക്കുറിച്ച്

**കുട്ടികളുടെ പ്രവർത്തനം**

വിചിത്രരീതിയിൽ വെട്ടിയെടുത്തിട്ടുള്ള ചിത്രങ്ങൾ തറയിലോ ഫ്ളാനൽ ബോർഡിലോ ക്രമമായി വച്ചിട്ട്, എന്തിന്റെ ചിത്രമാണ് അവയെന്നും എന്തിനാണ് അപ്രകാരം വച്ചിരിക്കുന്നതെന്നുംമററും കുഞ്ഞുങ്ങൾ തന്നെ പറയട്ടെ.

കുഞ്ഞുങ്ങൾ അവരുടെ സ്വന്തം ഭാഷയിൽ അവർ എത്രയധികമായി ദൈവത്തെ സ്നേഹിക്കുന്നുവെന്നു പറയട്ടെ.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ദൈവം ഈ ലോകത്തെ എങ്ങനെ ഉണ്ടാക്കി?.
2. ദൈവം ഉണ്ടാക്കിയ അഞ്ചു വസ്തുക്കളുടെ പേരു പറയുക.
3. മനുഷ്യൻ ഉണ്ടാക്കിയ അഞ്ചു വസ്തുക്കളുടെ പേരു പറയുക.
4. ദൈവത്തിന് എല്ലാം ചെയ്‌വാൻ കഴിയുമെന്നു നാം പറയുന്നതു് എന്തുകൊണ്ടു്?

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭപ്രാർത്ഥന

കുഞ്ഞുങ്ങളെ, കഴിഞ്ഞ ദിവസം വേദപാഠക്ലാസ്സിൽ നാം പ്രാത്ഥിച്ചതു നിങ്ങരം ഓക്കുന്നുണ്ടോ? വരൂ, നമുക്കിപ്പോഠം ഒരിക്കൽ കൂടി അങ്ങനെ വിളിച്ചു പ്രാത്ഥിക്കാം. എങ്ങനെയാണു പ്രാർത്ഥിക്കുമ്പോരം നാം നിൽക്കേണ്ടതു്? (അദ്ധ്യാപകൻ കാണിച്ചുകൊടുക്കുകയോ, ഏതെങ്കിലും കുട്ടിയോടു്കാണിക്കുവാൻ ആവശ്യപ്പെടുകയോ ചെയ്യുക, പറഞ്ഞുകൊടുത്തു ചൊല്ലിക്കുക.)

സ്വർഗ്ഗസ്ഥനായ പിതാവേ ഞാനങ്ങയേ
എല്ലാററിനേയുംകാഠം സ്നേഹിക്കുന്നു
അങ്ങോളം നല്ലവനായിട്ടൊരുത്തനും
മന്നിലോ വിണ്ണിലോ കാണുകില്ല.

### പ്രാരംഭം

നിങ്ങരംക്കു് ആരെങ്കിലും എന്തെങ്കിലും സമ്മാനം തന്നിട്ടുണ്ടോ? ആരുതന്നു? എന്തുകൊണ്ടാണു നിങ്ങരംക്കു് സമ്മാനം തന്നതു്? അതേ, അതു തന്നയാരം നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടു്. നിങ്ങളോടു സ്നേഹമുണ്ടെന്നു് ആ സമ്മാനം വഴി അയാരം പറയുകയായിരുന്നു. കഴിഞ്ഞ ദിവസത്തെ സൂസിയുടെ കഥ ഓക്കുന്നുണ്ടോ? ആരാണു' അവളോടു സ്നേഹമുണ്ടെന്നു കാണിച്ചതു്? എങ്ങനെ കാണിച്ചു? സൂസി അപ്പച്ചനു് ഉപകാരം പറഞ്ഞതെങ്ങനെ?

ഒരു ഉടുപ്പുകിട്ടിയപ്പോരംതന്നെ സൂസിയുടെ ഹൃദയം നന്ദികൊണ്ടു നിറഞ്ഞു. അപ്പോരം ഒരായിരം സമ്മാനം തന്നിട്ടുള്ള ദൈവത്തോടു് എത്രയധികമായിട്ടാണു് നാം നന്ദി പറയേണ്ടതു്? നൂറുനൂറുസമ്മാനങ്ങരം നാം ദൈവത്തിൽനിന്നു സ്വീകരിച്ചിട്ടുണ്ടു്; സ്വീകരിക്കുന്നുണ്ടു്, ഇന്നും. എന്തൊക്കെയാണു നമുക്കു ദൈവത്തിൽനിന്നു കിട്ടിയിട്ടുള്ളതു്? ഈ സമ്മാനങ്ങളെല്ലാം സൂചിപ്പിക്കുന്നതെന്തു്? (ദൈവത്തിനു നമ്മോടു സ്നേഹമുണ്ടെന്നു്) ആരാണു ദൈവം? അവിടുന്നു് എവിടെയിരിക്കുന്നു? ദൈവം എല്ലായിടത്തുമുണ്ടു്. അതുകൊണ്ടാണു് നമ്മെ ഓരോരുത്തരെയും ദൈവത്തിനു കാത്തുപരിപാലിക്കാൻ കഴിയുന്നതു്. നാം അവിടുത്തെ മക്കളാണു്. ദൈവം നമ്മുടെ സ്നേഹമുള്ള പിതാവും. നമ്മെ അവിടുന്നു സദാ കാണുന്നുണ്ടു്—സ്നേഹപൂർവ്വം നോക്കിക്കൊണ്ടിരിക്കുന്നു. നമുക്കു ദൈവത്തെ കാണാൻ വയ്യ. പക്ഷേ, ദൈവം സ്നേഹിക്കുന്നുണ്ടെന്നു തീർച്ച. എന്തുകൊണ്ടെന്നാൽ ദിവസവും ദൈവം ധാരാളം നന്മകരം—സമ്മാനങ്ങരം നമുക്കു തരുന്നുണ്ടു്.

ഈ വസ്തുക്കളെല്ലാം ദൈവത്തിന്ന് എവിടെ നിന്നുകിട്ടി? തന്നാലും തന്നാലും തീരാത്ത സമ്മാനങ്ങരം! സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങരം, ആട്ട്, പശു, കോഴി, പട്ടി, പൂച്ച, മരങ്ങരം, ചെടികരം, പൂക്കരം, മത്സ്യങ്ങരം, പക്ഷികരം ഇതൊക്കെ ദൈവത്തിൻെറ സമ്മാനങ്ങളാണല്ലോ. എവിടെനിന്നാണ്, ഇതൊക്കെ ദൈവത്തിനു കിട്ടിയത്? നാമിപ്പോരം കാണുന്ന വസ്തുക്കളൊന്നും ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു. യാതൊന്നും ഇല്ലാതിരുന്ന ഒരു കാലം! ഒന്നുമില്ലാതിരുന്നാൽ ഈ ലോകം എങ്ങനെയിരിക്കുമെന്നു നിങ്ങരംക്കു പറയാമോ? നിങ്ങരം ഞാൻ പറയുന്നിടത്തോളം നേരം കണ്ണടച്ചിരിക്കുക. വല്ലതും കാണുന്നുണ്ടോ? ഒന്നുമില്ലാതിരുന്നകാലം ഇങ്ങനെയായിരുന്നു. (ഇനി കണ്ണു തുറക്കുക.)

ഒന്നുമില്ലാതിരുന്ന കാലത്തും ഒരാരം ഉണ്ടായിരുന്നു. ആരാണ് അത്? ദൈവം. എപ്പോഴാണു ദൈവം ഉണ്ടായത്? ദൈവം എന്നുമുണ്ടായിരുന്നു. അവിടുത്തേയ്ക്കു ആരംഭമില്ല. ദൈവമൊഴികെ മററെല്ലാത്തിനും ഒരു തുടക്കമുണ്ട്, ആരംഭമുണ്ട്, എങ്ങനെയാണ് ഈ വസ്തുക്കളെല്ലാം ഉണ്ടായത്.

നമ്മുടെ പിതാവായ ദൈവം ഈ വസ്തുക്കളെല്ലാം ഉണ്ടാക്കിയ കഥ കേരംക്കാൻ നിങ്ങരംക്ക് ഇഷ്ടമില്ലേ? വളരെ നല്ല കഥയാണത്. ദൈവം എത്ര വലിയ ശക്തനും നല്ലവനുമാണെന്ന് ആ കഥ പറയും.

## കഥ - പാഠാവതരണം

ദൈവം തൻെറ സ്നേഹം കാണിക്കുവാൻ എല്ലാവസ്തുക്കളെയും ഉണ്ടാക്കി.

വളരെ വളരെ കാലങ്ങരംക്കുമുമ്പ് ദൈവം മാത്രമേ ഉണ്ടായിരുന്നുള്ളു. അവിടുത്തെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. തൻെറ സന്തോഷത്തിൽ ആരെയെങ്കിലും പങ്കുകാരാക്കാൻ ദൈവം ആഗ്രഹിച്ചു. അതുകൊണ്ട് അവിടുന്നു കുറെ മാലാഖമാരെ സൃഷ്ടിച്ചു. അവക്കു നല്ല അഴകുണ്ട്. പക്ഷേ, അവക്കു ശരീരമില്ല. ദൈവത്തിനു ശരീരമില്ലെന്നു് അറിയാമോ? മാലാഖമാർ ദൈവത്തെപോലെ ശക്തരല്ല. എന്നാൽ അവർ നമ്മെക്കാരം ശക്തരും നല്ലവരുമാണ്. ദൈവം എത്രനല്ലവനാണെന്ന് അവക്കറിയാം. അവർ ദൈവത്തെ വളരെ സ്നേഹിക്കുന്നുണ്ട്.

മാലാഖമാരെ സൃഷ്ടിച്ചതുകൊണ്ടൊന്നും ദൈവത്തിനു തൃപ്തിയായില്ല. വേറെ ആരെയെങ്കിലും കൂടെ തൻെറ സന്തോഷത്തിൽ പങ്കുകാരാക്കണമെന്നു ദൈവം ആഗ്രഹിച്ചു. ആരെയാണ് ദൈവത്തിനു വേണ്ടിയിരുന്നതെന്ന് നിങ്ങരംക്ക് ഊഹിച്ചു പറയാമോ?

ദൈവത്തിനു മനുഷ്യരെ-നമ്മളെ ഓരോരുത്തരെയും, നിങ്ങളെയും എന്നെയും വേണമായിരുന്നു. നമ്മെ സൃഷ്ടിക്കുന്നതിനുമുൻപ് നമുക്കു

താമസിക്കുവാനായി ദൈവം നല്ലൊരു സ്ഥലം തയ്യാറാക്കി. വളരെ മനോഹരമായ സ്ഥലം. നമുക്കു വേണ്ടതെല്ലാം ഉള്ള ഒരു സ്ഥലം. ദൈവം വലിയ ശക്തനാണ്. അവിടുത്തേയ്ക്ക് എന്തും ചെയ്യാൻ കഴിയും. എന്തൊക്കെയാണു ദൈവം നമുക്കുവേണ്ടി ഉണ്ടാക്കിയതെന്നു ഞാൻ പറയാം. ശ്രദ്ധിച്ചുകേട്ടുകൊള്ളൂ.

ഒരു വലിയ ആകാശത്തട്ടു ദൈവം ഉണ്ടാക്കി. നാം മുററത്തു് ഇറങ്ങിനിന്നു മുകളിലോട്ടുനോക്കിയാൽ കാണുന്ന ആ വിശാലമായ ആകാശത്തട്ട്! അതുകഴിഞ്ഞു നാം വസിക്കുന്ന ഭൂമി ഉണ്ടാക്കി. അതും വളരെ വലുതാണ്. ഇതു രണ്ടും നമുക്കുവേണ്ടി ഉണ്ടാക്കി. നോക്കൂ, ദൈവം എത്ര നല്ലവനാണ്! ശക്തനാണ്! വലിയവനാണ്!

എന്നാൽ ആകാശവും ഭൂമിയും ഇരുട്ടുകൊണ്ടു നിറഞ്ഞതായിരുന്നു. ഇരുട്ടിൽ വല്ലതും കാണാൻ പററുമോ? പിന്നെ എന്തുവേണം? അതെ, ദൈവം വെളിച്ചമുണ്ടാക്കി. (വെളിച്ചത്തിൻെറ ഗുണം പറയിക്കുക) ഇത്ര നല്ല വെളിച്ചം ഉണ്ടാക്കിത്തന്നുകൊണ്ടു ദൈവം നമ്മേ സ്നേഹിക്കുന്നുവെന്നു കാണിച്ചു.

ഭൂമിയിൽ എല്ലായിടത്തും വെള്ളമായിരുന്നു. ഈ വെള്ളത്തിനു ദൈവം ഓരോ പ്രത്യേക സ്ഥലം കൊടുത്തു. (എല്ലായിടത്തും വെള്ളമായിരുന്നാലുള്ള ദോഷം പറയിക്കുക.) ദൈവത്തിനു നമ്മോടുള്ള സ്നേഹം കാണിക്കുവാൻവേണ്ടിയാണ് ദൈവം ഇതെല്ലാം ചെയ്തതു്.

ഇതെല്ലാം നമുക്കുവേണ്ടി ഉണ്ടാക്കിയ ദൈവത്തോട് നമുക്കു വലിയ സ്നേഹമുണ്ടെന്നു് ഇപ്പോഴുംത്തന്നെ പറയാം.

താഴെക്കുറിച്ചിരിക്കുന്ന പ്രാർത്ഥന ചൊല്ലിക്കൊടുക്കുക.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

അങ്ങ് എത്ര നല്ലവൻ.

അങ്ങയെ നന്നായി സ്നേഹിക്കുവാൻ, ഞാൻ ശ്രമിക്കും.

വെള്ളം മാത്രം മതിയോ ചെടികളും മററും വളരാൻ? ശരി, ചൂടും വേണം, ആരാണിതു തരുന്നതു്? ദൈവം. ഏതു വസ്തുവഴി ചൂടുതരുന്നു? സൂര്യൻ (സൂര്യോദയചിത്രം കാണിക്കുക. അല്ലെങ്കിൽ ബോർഡിൽ വരച്ചുകാണിക്കുക). സൂര്യനെക്കൂടാതെ വെളിച്ചം തരാൻ കഴിയുന്നഏതെങ്കിലുമുണ്ടോ ആകാശത്തിൽ? രാത്രിയിൽ വെളിച്ചം തരുന്നതിനു എന്തുണ്ട് ആകാശത്തിൽ? ചന്ദ്രൻ. (ഒരു ചെറിയ വൃത്തംവരയ്ക്കുക. ചിത്രം കാണിക്കുക.) നക്ഷത്രങ്ങൾ! മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ.

നക്ഷത്രങ്ങൾ എത്ര മനോഹരമാണ്! അപ്പോൾ അതു് ഉണ്ടാക്കിയ ദൈവം എത്രയധികം മനോഹരനായിരിക്കണം. ദൈവത്തിൻെറ സൗന്ദര്യത്തെക്കുറിച്ചു നമുക്കൂഹിക്കാൻപോലും സാദ്ധ്യമല്ല. ഇത്രയധികം അഴകുള്ള നക്ഷത്രങ്ങളെ ഉണ്ടാക്കിയ ദൈവം എത്ര ശക്തനും നല്ലവനുമാണ്.

ഇപ്പോൾ, ദൈവം പല വസ്തുക്കൾ ഉണ്ടാക്കിയതായി നാം കണ്ടുകഴിഞ്ഞു. ഏതെല്ലാം വസ്തുക്കളുടെ കാര്യം പറഞ്ഞു? ആകാശം, ഭൂമി, വെള്ളം, വെളിച്ചം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ.

ഇവയ്ക്കൊന്നിനും ജീവനില്ല. അവയെല്ലാം ഈ മേശപോലെയും ഈ കല്ലുപോലെയും (കാണിക്കുക) ആണ്. അതുകൊണ്ടു ദൈവം ജീവനുള്ള—വളരുന്ന—ചെടികളും, പൂക്കളും, മരങ്ങളും മററുമുണ്ടാക്കി. പല തരത്തിലും നിറത്തിലുമുള്ള ചെടികളും പൂക്കളും. (ഒരെണ്ണമെങ്കിലും കാണിച്ചുകൊടുക്കുക.) ചില ചെടികൾക്കും മരങ്ങൾക്കും വളരെ നല്ല പഴങ്ങളുണ്ട്. ചിലതിന്റെ പേരു പറയാമോ? എന്നാലും ഈ ചെടികൾക്ക് അങ്ങോട്ടും ഇങ്ങോട്ടും പോകാനോ നടക്കാനോ ഓടാനോ ഒന്നും സാധിക്കുകയില്ല.

പറക്കാനും ഓടാനും കഴിയുന്ന ജീവികളെ ഉണ്ടാക്കിക്കൊണ്ടു ദൈവം അവിടുത്തെ ശക്തിയും സ്നേഹവും കാണിച്ചു. പറന്നുനടക്കുന്ന ചില പക്ഷികളുടെ പേര് ആര്ക്കു പറയാം? നിങ്ങൾക്കിഷ്ടമുള്ള—കാണാൻ ഭംഗിയുള്ള ചില പക്ഷികളുടെ പേരു പറയാമോ?

വെള്ളത്തിൽ ഓടിനടക്കുന്ന ചില ജീവികളെ ദൈവം ഉണ്ടാക്കി, നമുക്കുവേണ്ടി ഉണ്ടാക്കി. എന്താണവ? അതെ, മീൻ. ചെറുതും വലുതുമായ മീൻ, കരിമീൻ, നെയ്മീൻ, കൊഞ്ച് തുടങ്ങി തിന്നാൻ കൊള്ളാവുന്ന മത്സ്യങ്ങളെ ദൈവം ഉണ്ടാക്കി. മീൻ തുള്ളിച്ചാടി വെള്ളത്തിലൂടെ നടക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ? (സ്ഫടികഭരണിയിൽ ചെറിയ മത്സ്യങ്ങളെ ഇട്ടു കാണിച്ചുകൊടുക്കുക. അല്ലെങ്കിൽ ജലാശയങ്ങളിലൂടെ നടക്കുന്ന മത്സ്യങ്ങളുടെ ചിത്രം കാണിച്ചുകൊടുക്കുക.) ഇതെല്ലാം ആര്ക്കുവേണ്ടി ഉണ്ടാക്കി?

ആകാശത്തിൽ പറക്കുന്ന പക്ഷികളും വെള്ളത്തിൽ ഓടിക്കളിക്കുന്ന മത്സ്യങ്ങളും കൂടാതെ വേറെ ചിലതും നമ്മുടെ സ്വർഗ്ഗീയപിതാവു് നമുക്കായി ഉണ്ടാക്കിയിട്ടുണ്ട്. എന്താണ് അവ എന്നു പറയാമോ? നമ്മുടെ വീട്ടിലും നാട്ടിലും കാണുന്ന പട്ടി, പൂച്ച, പശു, ആട്, ആന മുതലായവ. നിങ്ങൾ കാഴ്ചബംഗ്ലാവു കണ്ടിട്ടുണ്ടോ? കാട്ടിൽ വളരുന്ന എത്രയെത്ര മൃഗങ്ങളാണ് അവിടെയുള്ളത്. ആന, എത്ര വലിയ മൃഗം! അണ്ണാൻ അഴകുള്ള ജീവിയല്ലേ? ഇവയെല്ലാം ദൈവം നമ്മോടുള്ള സ്നേഹം കാണിക്കുവാൻവേണ്ടി ഉണ്ടാക്കി. ദൈവത്തിന് ഉണ്ടാക്കാൻ കഴിയാത്തതു് ഒന്നുമില്ല. കണ്ടോ, ദൈവം എത്ര സ്നേഹമുള്ളവൻ.

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവു് എത്ര നല്ലവൻ! എനിക്കു കാണാൻ കഴിയുന്ന വസ്തുക്കൾ, എന്റെ ഉപയോഗത്തിനുള്ള വസ്തുക്കൾ, എനിക്കു് ഉപയോഗിച്ചു് ആനന്ദം അനുഭവിക്കാനുള്ള വസ്തുക്കൾ, എല്ലാം എനിക്കു ദൈവത്തിൽനിന്നു കിട്ടിയിട്ടുള്ള സമ്മാനങ്ങളാണ്.

### കുട്ടികളുടെ പ്രവർത്തനം

ദൈവം സൃഷ്ടിച്ച വിവിധ വസ്തുക്കളെപ്രതി അവിടുത്തേയ്ക്കു നന്ദിപറയുന്ന ഒരു ഗാനം ആംഗ്യവിക്ഷേപങ്ങളോടെ പാടട്ടെ.

### പ്രയോഗം

ദൈവം നമ്മുടെ നേർക്ക് വലിയ സ്നേഹമാണു കാണിക്കുന്നത്. നിരവധി സമ്മാനങ്ങളാണ് അവിടുന്നു നമുക്കു തന്നിട്ടുള്ളത്. അതിനാൽ നാം ആവുംവിധത്തിലൊക്കെ ദൈവത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കുവാൻ ശ്രമിക്കണം. വളരെ ഭംഗിയുള്ള വസ്തുക്കൾ (പൂക്കളും മററും) കാണുമ്പോൾ ഇങ്ങനെ പറയാം നമുക്ക്.

എൻെറ ദൈവമേ, അങ്ങ് എത്ര നല്ലവൻ! ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ആരാണ് എല്ലാ വസ്തുക്കളും സൃഷ്ടിച്ചത്?
2. ആർക്കുവേണ്ടി എല്ലാം സൃഷ്ടിച്ചു?
3. സുന്ദരവസ്തുക്കൾ, വിചിത്രവസ്തുക്കൾ ഇവ കാണുമ്പോൾ നാം എന്തു പറയണം?

## ഭാഗം 2 (30 മിനിട്ട്)

### കഥ

### പാഠാവതരണം

എല്ലാ വസ്തുക്കളും ദൈവത്തിൻേറതാണ്. അവിടുന്ന് എല്ലാം ഇല്ലായ്മയിൽനിന്നുണ്ടാക്കി.

ദൈവം ഉണ്ടാക്കിയ പല വസ്തുക്കളുടെ കാര്യം നാം പഠിച്ചുകഴിഞ്ഞു. ഇനി അവ എങ്ങനെ ഉണ്ടാക്കി എന്നറിയണ്ടേ? മനുഷ്യൻ (നാം) എന്തെങ്കിലും വസ്തുക്കൾ ഉണ്ടാക്കുന്നതെങ്ങനെയാണെന്നു നമുക്കു നോക്കാം. എന്താണു നമുക്കുണ്ടാക്കേണ്ടത്? (കുട്ടികളുടെ അഭിപ്രായം ചോദിച്ച് ഉചിതമായ ഒരുവസ്തു തെരഞ്ഞെടുക്കുക. കടലാസുകൊണ്ട് പന്തോ, പക്ഷിയോ, വഞ്ചിയോ മറെറന്തെങ്കിലുമോ ഉണ്ടാക്കുക) നാം എന്തെങ്കിലും ഉണ്ടാക്കുന്നതിന് പല സാധനങ്ങൾ ഉപയോഗിക്കുന്നുണ്ട്. നിങ്ങൾ ഒരു സാധനം ഉണ്ടാക്കിക്കാണിക്കണം.

യാതൊന്നും നിങ്ങളുടെ കൈയിൽ എടുക്കുകയും ചെയ്യരുതു്. ഒരു പന്തോ, കിളിയോ, ഊത്തോ എന്തെങ്കിലും. (ഓലവേണം, കടലാസ്സ വേണം എന്നൊക്കെ കുട്ടികൾ പറയും.) അപ്പോൾ എന്തെങ്കിലും ഉണ്ടാക്കാൻ അതിനു പററിയ സാധനങ്ങൾ വേണം നമുക്കു്, അല്ലേ? പക്ഷേ ദൈവത്തിനു് ഇതൊന്നും വേണ്ടായിരുന്നു. ആകാശവും, ഭൂമിയും, വെള്ളവും, വെളിച്ചവും, പൂക്കളും മരങ്ങളുമൊക്കെ ദൈവം ഉണ്ടാക്കിയതു് ഇല്ലായ്മയിൽനിന്നാണു്. ദൈവത്തിനു മാത്രമേ ഇല്ലായ്മയിൽനിന്നു വസ്തുക്കൾ ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ. (മററാക്കും അതു സാധിക്കുകയില്ല.)

നിങ്ങളിൽ എത്രപേർക്കു കടലാസ്സുകൊണ്ടു് കപ്പൽ ഉണ്ടാക്കാൻ അറിയാം? ആരൊക്കെ ഓലപ്പന്തും പമ്പരവും ഉണ്ടാക്കിയിട്ടുണ്ടു്? (അറിയാവുന്നവർ കളിസമയത്തു് അതുണ്ടാക്കാൻ മററുള്ളവരെ പഠിപ്പിക്കുവാൻ പറയണം.) കൊച്ചുകുട്ടികളായിരിക്കുമ്പോൾ ഇത്തരം കളിപ്പാട്ടങ്ങൾ ഉണ്ടാക്കും. കുറച്ചുകൂടി വലുതാകുമ്പോൾ വേറേയും പല സാധനങ്ങൾ ഉണ്ടാക്കാൻ പഠിക്കും. നിങ്ങളുടെ ചേച്ചിമാരോടോ, ചേട്ടന്മാരോടോ ഒപ്പം ആകുമ്പോൾ ഇപ്പോഴത്തേക്കാൾ നല്ലതും വലുതുമായ പലതും ഉണ്ടാക്കും. എപ്പോഴാണെങ്കിലും എന്തുണ്ടാക്കാനാണെങ്കിലും കടലാസ്സോ തടിയോ അതുപോലുള്ള മററു സാധനങ്ങളോ വേണം. അതുപോലെ അതു് ഉണ്ടാക്കാൻ നിങ്ങളെ ആരെങ്കിലും പഠിപ്പിക്കുകയും വേണം. എന്തുകൊണ്ടു ദൈവത്തിനു് ഇതൊന്നും വേണ്ട? ദൈവത്തിനു് ഒരു സാധനവും വേണ്ട ഇതൊന്നുമുണ്ടാക്കാൻ. ആരും അതു പഠിപ്പിച്ചുകൊടുക്കുകയും വേണ്ട. അവിടുന്നു വലിയ കഴിവുള്ളവനാണു്. എല്ലാം ഉണ്ടാക്കാൻ അവിടുത്തേയ്ക്കു് അറിയാം. സാധിക്കുകയും ചെയ്യും. എന്തുകൊണ്ടെന്നാൽ അവിടുന്നു് ദൈവമാണു്.

ഇത്ര ശക്തനും നല്ലവനുമായ ഒരു പിതാവു് ഉള്ള നാം എത്ര ഭാഗ്യമുള്ളവരാണു്! അത്തരം ഒരു പിതാവുള്ള നാം വലിയ ധനികരാണെന്നു് കരുതണം. നമ്മുടെ പിതാവു് നല്ലവനും ശക്തനുമാണു്.

ആൻറണിയുടെ അപ്പൻ ഒരു പുതിയ യന്ത്രം കണ്ടുപിടിച്ചു. അതു കേട്ടറിഞ്ഞു നാട്ടുകാരൊക്കെ വന്നുകണ്ടു. കണ്ടവർ കണ്ടവർ വിസ്മയിച്ചുപോയി. അത്രവലുതും നല്ലതുമായിരുന്നു ആ യന്ത്രം. അവരെല്ലാം ആൻറണിയുടെ അപ്പനെ പ്രശംസിച്ചു. ഇതൊക്കെ കാണുമ്പോൾ ആൻറണിയ്ക്കു് എന്തുതോന്നും? നിങ്ങളുടെ ചേട്ടന്മാർ ആരെങ്കിലും, കണ്ടാൽ അത്ഭുതം തോന്നിക്കുന്ന ഒരു വിശേഷപ്പെട്ട സാധനം ഉണ്ടാക്കി. അതുകണ്ടു് എല്ലാവരും അത്ഭുതത്തോടെ അതെപ്പററിപ്പറയുന്നതു കേൾക്കുമ്പോൾ നിങ്ങളുടെ ചേട്ടനെക്കുറിച്ചു് നിങ്ങൾക്കു് എന്തുതോന്നും? ചേട്ടൻ വലിയ ആളാണു്. ചേട്ടനുമാത്രമേ ഇങ്ങനെയൊന്നു് ഉണ്ടാക്കാൻ സാധിക്കുകയുള്ളൂ, എന്നു തോന്നിപ്പോകും. അതേ, ആളുകൾ ചേട്ടനെ സ്തുതിച്ചു പറയുന്നതു കേൾക്കുമ്പോൾ നിങ്ങൾക്കു് അഭിമാനം (ചേട്ടനോടു് ബഹുമാനം) തോ

ന്നും അല്ലേ? അപ്പോൾ ഈ ലോകത്തിലെ മനോഹരവസ്തുക്കൾ കാണുമ്പോൾ നമുക്ക് എന്തു തോന്നണം? സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനെക്കുറിച്ച് അഭിമാനം തോന്നണം, അദ്ദേഹത്തോടു സ്നേഹം തോന്നണം. കാരണം ഈ ലോകത്തിൽ കാണുന്ന എല്ലാ വസ്തുക്കളും അവിടുന്നുണ്ടാക്കിയതാണ്. അതോർത്തു നാം സന്തോഷിക്കണം. നമ്മുടെ പിതാവു വലിയ ആളാണെങ്കിൽ നാമും വലിയ ആളുകളാണ്. എല്ലാം ദൈവം ഉണ്ടാക്കിയതാണെങ്കിൽ ഈ വസ്തുക്കളെല്ലാം ആരുടേതാണ്?— ഒരു വസ്തു നമ്മുടേതാണെന്ന് നാം പറയുന്നതെപ്പോഴാണെന്നറിയാമോ? നാമതുണ്ടാക്കുമ്പോൾ അഥവാ പണം കൊടുത്തു വാങ്ങുമ്പോൾ.

നിങ്ങൾ ഉണ്ടാക്കിയ ഒരു പന്ത്, ഒരു കളിവള്ളം, ഒരു കടലാസ്സു പെട്ടി, ഒരു കളിവണ്ടി, ഒരു പമ്പരം, ഇതൊക്കെ നിങ്ങളുടേതാണ്. എന്തുകൊണ്ട്? അതുപോലെ ഈ ഭൂമിയിലുള്ള എല്ലാ വസ്തുക്കളുടെയും ഉടമസ്ഥൻ ആരാണ്?— ദൈവം ഇതെല്ലാം എങ്ങനെയുണ്ടാക്കി? നമുക്ക് ഒരു സാധനം ഉണ്ടാക്കണമെങ്കിൽ എന്തു വേണം? നാം ഒരു സാധനം ഉണ്ടാക്കുമ്പോൾ ദൈവം ഉണ്ടാക്കിയ പല സാധനങ്ങൾ എടുത്തു കൂട്ടിച്ചേർത്തു വേറൊരു രൂപം കൊടുക്കുന്നു. അതിനു പററിയ സാധനങ്ങളില്ലെങ്കിൽ നമുക്കൊന്നും ഉണ്ടാക്കാൻ സാധിക്കുകയില്ല. ഈ ക്ലാസ്സുമുറിക്കകത്തു മനുഷ്യനുണ്ടാക്കിയ എന്തെല്ലാം സാധനങ്ങളുണ്ടെന്നു നോക്കി പറയാമോ? (കസേര, മേശ, ജനൽ) കസേര ഉണ്ടാക്കാൻ ആശാരി ഉപയോഗിച്ച തടി എവിടെ നിന്നു കിട്ടി? ആ മരം ഉണ്ടാക്കിയതാര്? അതെങ്ങനെയുണ്ടാക്കി? ദൈവം എല്ലാം ഇല്ലായ്മയിൽനിന്ന് ഉണ്ടാക്കി. നാമാകട്ടെ ദൈവം ഉണ്ടാക്കിയ വസ്തുക്കൾ ഉപയോഗിച്ച് ഓരോ സാധനങ്ങൾ ഉണ്ടാക്കുന്നു.

## കുട്ടികളുടെ പ്രവർത്തനം

പല വസ്തുക്കളുടെ—ദൈവം ഉണ്ടാക്കിയതും മനുഷ്യൻ ഉണ്ടാക്കിയതുമായ പല വസ്തുക്കളുടെ—ചിത്രങ്ങൾ കുട്ടിക്കലെത്തിയിട്ട്, അവയിലോരോന്നും ഓരോരുത്തരായി വന്നെടുത്ത്, അത് എന്തിൻെറ ചിത്രമാണെന്നും അതാരുണ്ടാക്കിയതാണെന്നും വിശദീകരിക്കുവാൻ കുഞ്ഞുങ്ങളോടു പറയണം. രണ്ടുകോളം തിരിച്ച് സ്ലേററിലോ, ബോഡിലോ, നോട്ടുബുക്കിലോ രണ്ടിനത്തിൽപ്പെടുന്ന വസ്തുക്കളും വേർതിരിച്ചെഴുതുവാൻ പറയാം. മുററത്തു വച്ചാണ് ക്ലാസ്സെടുക്കുന്നതെങ്കിൽ മണ്ണിൽ വരപ്പിക്കാം, വിവിധ ചിത്രങ്ങൾ. അദ്ധ്യാപകനു കുട്ടികളുടെ സഹകരണത്തോടെ ബോഡിൽ എഴുതിക്കാണിക്കാം. ഓരോരുത്തരും ഓരോ സാധനത്തിൻെറ പേരു പറയട്ടെ.

## പ്രയോഗം

വീട്ടിൽനിന്ന് പോരുന്നവഴിക്കും, വീട്ടിനുമുററത്തും പറമ്പിലും ഒക്കെ ചുററിനടന്ന് അവർ കണ്ടതിൽ ഏററം സുന്ദരമായ ചില ചെടി

കളുടെയും മരങ്ങളുടെയും ജീവികളുടെയും പേരുകഠം പറയിക്കുക. എന്തുകൊണ്ടാണ് ആ വസ്തുവിനെ, ആ ജീവിയെ അവർ കൂടുതൽ ഇഷ്ടപ്പെടുന്നതെന്നും പറയാൻ ആവശ്യപ്പെടണം. (അങ്ങനെ സൃഷ്ട വസ്തുക്കളുടെ ദർശനത്തിൽ കുഞ്ഞുങ്ങഠം ദൈവത്തെ മഹത്വപ്പെടുത്താൻ അഭ്യസിക്കട്ടെ.)

## ഓർമ്മിക്കാൻ ചോദ്യങ്ങഠം

1. എല്ലാ വസ്തുക്കളും ആരുണ്ടാക്കി?
2. എന്തിനു ദൈവം ഇവയൊക്കെ ഉണ്ടാക്കി?
3. എങ്ങനെയാണ് ഇതെല്ലാം ഉണ്ടാക്കിയത്?
4. ദൈവത്തിനു് എല്ലാം ചെയ്യാൻ സാധിക്കുമെന്നു പറയുന്നത് എന്തുകൊണ്ട്?
5. ഈ വസ്തുക്കളൊക്കെ കാണുമ്പോഠം നാം എന്തു് ഓർമ്മിക്കണം? എന്തു പറയണം?

## ഉപസംഹാരപ്രാർത്ഥന

പ്രാർത്ഥനയിൽ ഉപയോഗിക്കുന്ന പദങ്ങഠം നമുക്കു മാധുര്യമുള്ളതായി തോന്നണം (ഉദാ: അമ്മ). അതുപോലെതന്നെ ആ ആളെ മററുള്ളവരും സ്നേഹപൂർവ്വം വിളിച്ചുകേഠംക്കാനാണ് നാം ആഗ്രഹിക്കുന്നത്. നമ്മുടെ അമ്മയെ ആരെങ്കിലും എടീ, പോടീ, പെണ്ണേ, മൂത്തക്കി എന്നൊക്കെവിളിച്ചാൽ നമുക്കിഷ്ടപ്പെടുമോ? ഇല്ല. അതുപോലെ നാം ദൈവത്തെ വിളിക്കുന്നത്—ദൈവത്തിൻെറ പേരു പറയുന്നത് വളരെ സ്നേഹത്തോടെ ആയിരിക്കണം. മററുള്ളവരും അങ്ങനെ ഉപയോഗിച്ചു കേഠംക്കാൻ നാം ആഗ്രഹിക്കണം. ദൈവം പരിശുദ്ധനാണ്. അവിടുത്തെ പേരു് എല്ലാവരും ബഹുമാനപൂർവ്വം, സ്നേഹപൂർവ്വം ഉപയോഗിക്കണം. അങ്ങനെ എല്ലാവരും ഉപയോഗിച്ചുകാണാൻ നമുക്കു് ആഗ്രഹമുണ്ടെന്നു് കാണിക്കുവാൻവേണ്ടി, നമുക്കിങ്ങനെ പ്രാർത്ഥിക്കാം.

'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ.'

കുട്ടികളെക്കൊണ്ടു് ഇതു് രണ്ടുമൂന്നു തവണ ഭക്തിപൂർവ്വം ഒരു പ്രാർത്ഥനാരൂപത്തിൽ പറയിച്ചു ക്ലാസ്സ് അവസാനിപ്പിക്കുക.

# 3

# ദൈവം മനുഷ്യനെ സൃഷ്ടിച്ചു

**ഉപക്രമം**

മനുഷ്യസൃഷ്ടിയെക്കുറിച്ചു വിശദീകരിക്കുന്ന ഈ പാഠത്തിൽ മനുഷ്യ ക്കു ദൈവം നൽകിയ സ്വാഭാവികദാനങ്ങളെക്കുറിച്ചു മാത്രമേ പറയു ന്നുള്ളു. പ്രകൃത്യതീതദാനമായ വരപ്രസാദത്തെക്കുറിച്ചു പിന്നീടു പഠിപ്പിക്കും. നമ്മുടെ ആത്മാവും ശരീരവും ദൈവദാനങ്ങളാണ്. അവ, ദൈവത്തെ അറിവാനും സ്നേഹിപ്പാനുംവേണ്ടി നാം ഉപയോ ഗിക്കണം. ഈ രണ്ടു കാര്യങ്ങളാണ് ഈ പാഠത്തിൽ നാം കുട്ടിക ളോടു് ഊന്നിപ്പറയേണ്ടതു്. നാം ദൈവത്തിൻേറതാണ് — അവിട ത്തെ സ്വന്തമാണ്, എന്തുകൊണ്ടെന്നാൽ അവിടുന്നു നമ്മെ സൃഷ്ടി ച്ചു. ലോകത്തുള്ളതെല്ലാം നമ്മുടെ ലക്ഷ്യപ്രാപ്തിക്ക് ഉതകത്തക്കവ ണ്ണം, മോക്ഷപ്രാപ്തിക്ക് ഉപകരിക്കത്തക്കവിധം മാത്രമേ ഉപയോ ഗിക്കാവൂ. ഇക്കാര്യം കുഞ്ഞുങ്ങൾക്കു വേണ്ടവിധം മനസ്സിലാക്കി ക്കൊടുക്കുവാൻ അദ്ധ്യാപകൻ ശ്രമിക്കണം. ആദവും ഹവ്വയും പറ ദീസായിൽ അലസരായിരുന്നില്ല. അവർ വൃഥാ സമയം കളഞ്ഞി രുന്നില്ല; ജോലിചെയ്തിരുന്നു. ജോലി അവക്ക് ആനന്ദദായകമാ യിരുന്നു. ഈവകകാര്യങ്ങൾ കുഞ്ഞുങ്ങളെ ഗ്രഹിപ്പിക്കേണ്ടതു് അ ത്യാവശ്യകമാണ്.

**ലക്ഷ്യം**

നമുക്ക് ആത്മാവും ശരീരവും തന്നതിനു ദൈവത്തോടു കൃതജ്ഞത പ്ര കടിപ്പിക്കുവാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുക.

**പ്രധാന പദങ്ങൾ**

ഉത്തമസൃഷ്ടി, ആദിമാതാപിതാക്കൾ, സ്തുതിക്കുക, ആത്മാവ്, ശരീരം.

**പഠനോപകരണങ്ങൾ**

(മൈതാനങ്ങളിലോ, മററു സ്ഥലങ്ങളിലോ കുഞ്ഞുങ്ങൾ കൂട്ടംചേൎന്നു കളിക്കുന്ന ചിത്രങ്ങൾ. കൃഷിസ്ഥലങ്ങളിലോ, ഫാക്ടറികളിലോ മനുഷ്യർ ജോലിചെയ്യുന്ന ചിത്രം.) നമ്മുടെ ശരീരത്തിൻെറ പ്രവ ത്തനശേഷി ദൈവദാനമാണെന്നു തെളിയിക്കുവാൻ ഈ ചിത്രങ്ങൾ സഹായിക്കും. ബുദ്ധിയുടെ പ്രവത്തനങ്ങളെ കാണിക്കുവാൻ പററി യ ചിത്രങ്ങളും (ഉദാ: കുട്ടികൾ പഠിക്കുന്നതിൻെറ ചിത്രം) ഈ അ

വസരത്തിൽ ഉപയോഗിക്കാവുന്നതാണ്. ശരീരമെന്നതുപോലെ മനസ്സിൻെറ കഴിവും (ബുദ്ധി) ദൈവദാനമാണ് എന്നു മനസ്സിലാക്കാൻ അവ ഉപകരിക്കും.

കല്ലും മണ്ണും ചെടികളും പൂക്കളും കായ്കനികളുമൊക്കെ ഈ ക്ലാസ്സിനു് ഉപകരണമാക്കാം. നമുക്കുള്ളതുപോലെ അവയ്ക്കുബുദ്ധി — ചിന്തിക്കാനുള്ള കഴിവു് — ഇല്ലെന്നു് കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കണം.

## ഭാഗം 1 രൂപരേഖ

**പ്രധാനാശയം**

ദൈവം ആദത്തേയും ഹവ്വയേയും മാത്രമല്ല നമ്മെ ഓരോരുത്തരേയും സൃഷ്ടിച്ചു.

**കഥ**

ആദത്തിൻെറയും ഹവ്വയുടേയും സൃഷ്ടിയുടെ കഥ.

**കുട്ടികളുടെ പ്രവർത്തനം**

ദൈവത്തിനു കൃതജ്ഞത നേരുന്ന പാട്ടു പാടിക്കുക.

**പ്രയോഗം**

ഉറങ്ങാൻ പോകുന്നതിനുമുൻപ് ഞാൻ ദൈവത്തിനു നന്ദിപറയും.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ദൈവം ആർക്കുവേണ്ടിയാണ് ഈ ലോകത്തെ സൃഷ്ടിച്ചതു്?
2. നമ്മുടെ ആദിമാതാപിതാക്കന്മാർ ആരാണ്?
3. ദൈവം അവരെ എവിടെ പാർപ്പിച്ചു?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും വേണ്ടി ദൈവം നമ്മെ സൃഷ്ടിച്ചു. മനുഷ്യൻെറ ശരീരം ദൈവം മണ്ണിൽനിന്നു നിർമ്മിച്ചു. മനുഷ്യൻെറ ആത്മാവു ദൈവത്തിൽനിന്നു നേരിട്ടു ലഭിച്ചു.

**കഥ**

ദൈവം സൃഷ്ടിച്ച പലതരം ജീവികളുടെ കഥ, (ബൈബിഠം വിവർണം മതി)

**കുട്ടികളുടെ പ്രവർത്തനം**

ദൈവസൃഷ്ടിയുടെ മഹത്വത്തെക്കുറിക്കുന്ന പാട്ടു പാടുക. (ഒന്നുരണ്ടു് പുതിയ ഈരടികഠം കൂട്ടിച്ചേർത്തു പാടാം.)

**പ്രയോഗം**

ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും പഠിക്കുക. മതപഠനക്ലാസ്സിൽ ഹാജരാകുവാൻ വൈമനസ്യമുള്ള കൂട്ടുകാരെ ക്ലാസ്സിൽ വരാൻ പ്രേരിപ്പിക്കുക. പഠിച്ച പാട്ടു ദിവസേന സന്ധ്യാസമയത്തു പാടുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങഠം**

1. ആരാണു് നിന്നെ സൃഷ്ടിച്ചതു്?
2. എന്തിനു സൃഷ്ടിച്ചു?
3. ആദിമാതാപിതാക്കളെ സൃഷ്ടിച്ചതാരു്?
4. മററുള്ള വസ്തുക്കളെക്കാഠം നമുക്കുള്ള പ്രത്യേകതയെന്തു്?

## ഭാഗം 1 (30 മിനിട്ടു്)

**പ്രാരംഭപ്രാർത്ഥന**

"നിൻെറ നാമം പൂജിതമാകണം" എന്നു പറഞ്ഞു് കഴിഞ്ഞ ദിവസം നാം ഒന്നിച്ചു പ്രാർത്ഥിച്ച കാര്യം നിങ്ങഠം ഓർക്കുന്നുണ്ടോ? എന്താണു് അങ്ങനെ പറഞ്ഞതിൻെറ അർത്ഥം? ആർക്കു പറയാം?
നമ്മുടെ പിതാവായ ദൈവത്തിൻെറ നാമം ബഹുമാനത്തോടും സ്നേഹത്തോടുംകൂടെ മാത്രമേ ഉപയോഗിക്കാവൂ. എഴുന്നേൽക്കുക. നമുക്കു് ഒരിക്കൽക്കൂടി അങ്ങനെ പറഞ്ഞു പ്രാർത്ഥിക്കാം.
സ്വർഗ്ഗസ്ഥനായ.............. പൂജിതമാകണമെ.

**പ്രാരംഭം**

കഴിഞ്ഞ ക്ലാസ്സിൽ, ദൈവം ഉണ്ടാക്കിയ വസ്തുക്കളുടെ പേരു ചേർത്ത ഒരു കൊച്ചുപാട്ടു നാം പഠിച്ചതു് ആരെല്ലാം ഓർക്കുന്നുണ്ടു്? എല്ലാവരും ഒന്നിച്ചൊന്നു കൂടി പാടുക. ആരെല്ലാം ഈ പാട്ടു കൂട്ടുകാരെ പഠിപ്പിച്ചു? നാം ദൈവത്തെക്കുറിച്ചു കേഠംക്കുന്ന കാര്യങ്ങഠം മററുള്ളവർക്കു

കൂടി പറഞ്ഞുകൊടുക്കുന്നതു് ദൈവത്തിനു വളരെ സന്തോഷമു ണ്ടാക്കുന്നു.

ആരാണു ദൈവം? അവിടുന്നു് എവിടെ താമസിക്കുന്നു? ഈ ലോക ത്തെ ഉണ്ടാക്കിയതാരു്? എന്തിനാണു് ദൈവം ഈ ലോകത്തേയും അതിൽ കാണുന്ന എല്ലാ വസ്തുക്കളേയും ഉണ്ടാക്കിയതു്? ആർക്കുവേ ണ്ടിയാണു് ഇതെല്ലാം ഉണ്ടാക്കിയതു്? അതേ, നമുക്കുവേണ്ടിമാത്രം. ദൈവത്തിനു് ഈ വസ്തുക്കളുടെയൊന്നും ആവശ്യമില്ല.

ക്രിസ്തുസ്സു് ദിവസം നമ്മുടെ വീടുകളിൽ എങ്ങനെയുള്ള ഊണായിരി ക്കും അമ്മ തയ്യാറാക്കുക. അല്ലെങ്കിൽ നിങ്ങളുടെ പിറന്നാൾദി വസം എങ്ങനെയുള്ള ഊണായിരിക്കും അമ്മ ഒരുക്കുന്നതു്? എന്തെ ല്ലാം കറികൾ കാണും അന്നത്തെ ഊണിനു്? എന്തൊക്കെ പലഹാര ങ്ങൾ ഉണ്ടാക്കും അന്നു്? (ചുരുക്കമായി അന്നത്തെ ആഘോഷങ്ങളെ ക്കുറിച്ചു കുട്ടികളെക്കൊണ്ടു പറയിക്കുക.) അപ്പൻ പുത്തൻ ഉടുപ്പു തയ്പ്പിച്ചുതരില്ലേ? കളിക്കാൻ അക്കാലത്തു് അപ്പനമ്മമാർ കുട്ടി കൾക്കു് എന്തൊക്കെ വാങ്ങിക്കൊടുക്കാറുണ്ടു്? (മത്താപ്പും പടക്കവും മററും) (ക്രിസ്തുസ്സു് ആഘോഷിക്കുമ്പോൾ കുട്ടികൾക്കു് അപ്പനമ്മമാർ വാങ്ങിക്കൊടുക്കുന്ന കളിപ്പാട്ടങ്ങളുടെ പേരു ചോദിക്കാം.)

അമ്മ നല്ല കറികളും പലഹാരങ്ങളും മററും ഉണ്ടാക്കി ഭംഗിയായി വിളമ്പിവച്ചു. അപ്പൻ നല്ല പട്ടുടുപ്പു തയ്പ്പിച്ചുവച്ചു. ചേട്ടൻ നല്ല പടക്കങ്ങളും മത്താപ്പും മററു കളിക്കോപ്പുകളും വാങ്ങി അലമാരയിൽ വച്ചിട്ടുണ്ടു്. പക്ഷേ ആ ഊണുകഴിക്കാൻ, ആ നല്ല പട്ടുടുപ്പിട്ടു തുള്ളി ച്ചാടിനടക്കാൻ, ആ പടക്കം പൊട്ടിക്കാൻ കുട്ടികളില്ലെങ്കിൽ അതു കൊണ്ടു് വല്ല പ്രയോജനവും ഉണ്ടോ? ഇടാനാളില്ലെങ്കിൽ ഉടുപ്പെ ന്തിനാണു്? തിന്നാനാളില്ലെങ്കിൽ പലഹാരമെന്തിനു്?

അതുപോലെ ദൈവം ആകാശത്തേയും ഭൂമിയേയും ചന്ദ്രനേയും പ ക്ഷികളേയും മൃഗങ്ങളേയും മററും ഉണ്ടാക്കി. അവയെല്ലാം അനുഭ വിക്കുവാൻ ആരെങ്കിലും വേണമായിരുന്നു. എന്തെന്നാൽ ദൈവ ത്തിനു് ഇതിന്റെ ഒന്നും ആവശ്യമില്ല. തന്നെ അറിയുകയും സ്നേഹി ക്കുകയും ചെയ്യുന്ന ആർക്കോവേണ്ടി ഇതൊക്കെയുണ്ടാക്കി. ദൈവ ത്തിനു് ഇഷ്ടകരമായ വിധത്തിൽ പ്രവർത്തിച്ചു്, ദൈവത്തോടൊ ന്നിച്ചു സന്തോഷിപ്പാൻ തയ്യാറുള്ള ആർക്കോവേണ്ടി.

കഥ

പാഠാവതരണം

ദൈവം ആദത്തേയും ഹവ്വയേയും മററെല്ലാററിനേയും സൃഷ്ടിച്ചു.

മററുള്ളവരാൽ അറിയപ്പെടുവാനും സ്നേഹിക്കപ്പെടുവാനും അങ്ങനെ മററുള്ളവരെ തന്റെ സന്തോഷത്തിൽ പങ്കാളികളാക്കുവാനും ദൈവം

ആഗ്രഹിക്കുന്നു. ദൈവം ഉണ്ടാക്കിയ എല്ലാ വസ്തുക്കളും വളരെ നല്ല താണെന്നു ദൈവം കണ്ടു. അവയെല്ലാന്നും ദൈവത്തെ അറിവാനും സ്നേഹിപ്പാനും കഴിവില്ല. സൂര്യനോ, ചന്ദ്രനോ, പക്ഷികൾക്കോ, മൃഗങ്ങൾക്കോ, നക്ഷത്രങ്ങൾക്കോ യാതൊന്നിനും ദൈവത്തെ അറി വാനും സ്നേഹിക്കുവാനും സാധ്യമല്ല.

(ഒരു റോസാപ്പൂ കാണിച്ചുകൊണ്ടു്)

നോക്കൂ! ഈ പൂവ്് എത്ര അഴകുള്ളതു്! എന്തു വാസനയാണിതി ന്! (ഒരു കല്ല് കാണിച്ചിട്ട്) ഈ കല്ലിനു് 'എന്നെ ഉണ്ടാക്കിയതു് ദൈവമാണെന്നു' പറയുവാൻ സാധിക്കുമോ? റോസാപ്പൂവിനു്, 'എ ൻെറ നിറവും മണവും ദൈവം എനിക്കു തന്നതാണു് എന്നു് പറയാൻ കഴിയുമോ? (ഇതുപോലെ ഏതാനും വസ്തുക്കളോ, മോഡലുകളോ, ചിത്രങ്ങളോ, ഓരോന്നായി കാണിച്ചുകൊടുത്തു് അവയെല്ലാന്നിനും ദൈവത്തെ അറിവാനും സ്നേഹിപ്പാനും സാധ്യമല്ലെന്നു കുട്ടികളെ ഗ്ര ഹിപ്പിക്കുക.) ഇവയെല്ലാന്നിനും തങ്ങളെ ഉണ്ടാക്കിയതു് ദൈവമാ ണെന്നു് പറയുവാൻ സാധിക്കുകയില്ല. തൻെറ സന്തോഷത്തിൽ മനുഷ്യരെ പങ്കാളികളാക്കാൻ ദൈവം ആഗ്രഹിച്ചു. അതിനാൽ ത ന്നെ അറിയുവാനും സ്നേഹിക്കുവാനും കഴിയുന്ന മനുഷ്യരെ ദൈവം സൃഷ്ടിച്ചു. ദൈവം ആദ്യം സൃഷ്ടിച്ച മനുഷ്യൻെറ പേരു് ആദം എ ന്നാണു്. ആദ്യത്തെ സ്ത്രീയാണു് ഹവ്വ. എങ്ങനെയാണു് ദൈവം അ വരെ സൃഷ്ടിച്ചതെന്നു് അറിയണ്ടേ?

ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പ്് വളരെ മനോഹരമായ ഒരു തോട്ടം ഉണ്ടാക്കി. ആ തോട്ടത്തിൻെറ അഴകു പറഞ്ഞറിയി ക്കുവാൻ സാധിക്കുകയില്ല. അവിടെ മരങ്ങൾ നിറയെ മണമുള്ള പൂ ക്കളും മധുരമുള്ള പഴങ്ങളും ഉണ്ടായിരുന്നു. കണ്ണഞ്ചിക്കുന്ന നിറങ്ങ ളോടുകൂടിയ പൂക്കളുള്ള ചെടികൾ വേറൊരുതരം; മരക്കൊമ്പുകൾ തോറും ചാടിക്കളിച്ചും നൃത്തംവച്ചും പാടിപ്പറന്നും രസിക്കുന്ന പ ക്ഷികൾ, തേനീച്ചകളും, ചിത്രശലഭങ്ങളും പൂക്കൾതോറും പറന്നുനട ന്നിരുന്നു. മുയൽ, അണ്ണാൻ, കീരി, മുതലായ കൗതുകമൃഗങ്ങൾ ഒരിടത്തു്; ആട്, പശു, എരുമ, മാൻ, മുതലായ മൃഗങ്ങൾ വേറൊ രിടത്തു്. എന്നുവേണ്ട ആകപ്പാടെ ആ തോട്ടം വളരെ അഴകുള്ളതാ യിരുന്നു. ആ തോട്ടത്തിനു് ഒരു പേരുണ്ടു്. "പറുദീസാ." (ബോർ ഡിൽ) ഈ മനോഹരമായ തോട്ടം ഉണ്ടാക്കിക്കഴിഞ്ഞാണു് ദൈവം ആദത്തേയും ഹവ്വയേയും സൃഷ്ടിച്ചതു്.

ആദ്യമനുഷ്യനെ സൃഷ്ടിച്ചതു് മററു വസ്തുക്കൾ ഉണ്ടാക്കിയപോലെ അല്ല. ദൈവം കുറെ കളിമണ്ണെടുത്തു. ആ മണ്ണുകൊണ്ടു് ഒരു ആളി ൻെറ രൂപം ഉണ്ടാക്കി. വളരെ അഴകുള്ള ഒരാൾരൂപം! ആ ആൾരൂ പത്തിൻെറ കണ്ണും മൂക്കുമൊക്കെ വളരെ ഭംഗിയായിട്ട്് അവിടുന്നു ണ്ടാക്കി. എന്നിട്ട്് ദൈവം. ആ ആൾരൂപത്തിൻെറ മുഖത്തേയ്ക്കു് ഊതി അങ്ങനെ ആ ശരീരത്തിനു് ആത്മാവിനെ കൊടുത്തു. അ പ്പോൾമുതൽ ആ ആൾ സംസാരിക്കുവാൻ തുടങ്ങി. ചിരിക്കു

വാൻ തുടങ്ങി. നടക്കുവാൻ തുടങ്ങി. അങ്ങനെ ആദ്യമനുഷ്യനു ണ്ടായി. ദൈവം ആദ്യമനുഷ്യനു് ആദം എന്ന പേരുകൊടുത്തു. ആദം തനിയ്ക്കുചുററും നോക്കി. ഹാ! എത്ര അഴകുള്ള തോട്ടം! പച്ചപ്പട്ടുവിരിച്ചപോലുള്ള പുൽത്തറ. പൂക്കൾ നിറഞ്ഞചെടികളും മരങ്ങളും! വലിയ വലിയ മരങ്ങൾ! പലതരം മൃഗങ്ങൾ, വലുതും ചെറുതും. ചാടികളിക്കുന്ന കൊച്ചു കൊച്ചു ജീവികൾ, പാടിപ്പറക്കുന്ന പക്ഷികൾ, ഹാ! എത്ര നല്ല സ്ഥലം! എന്നൊക്കെ ആദം അപ്പോൾ വിചാരിച്ചുകാണും, അല്ലേ?

ദൈവം ഉണ്ടാക്കിയ വസ്തുക്കളിൽവച്ചു് ദൈവം കൂടുതൽ ഇഷ്ടപ്പെട്ടതു് ആരെയാണെന്നു പറയാമോ? (മനുഷ്യനെ) എങ്ങനെയാണു് ആ സ്നേഹം ദൈവം മനുഷ്യനോടു് കാണിച്ചതെന്നു് അറിയണ്ടേ? ദൈവം മനുഷ്യനു് ഒരാത്മാവിനെ കൊടുത്തു. ഈ ആത്മാവുള്ളതുകൊണ്ടു്, മൃഗങ്ങൾക്കു് ചെയ്യാൻ സാധിക്കാത്ത ഒരു സംഗതി മനുഷ്യനു ചെയ്യാൻ സാധിക്കും. അതായതു്, നമുക്കു് (മനുഷ്യനു്, ആദത്തിനു്) ദൈവത്തെ അറിയാനും സ്നേഹിക്കാനും സാധിക്കും. ആത്മാവു് ഒരിക്കലും മരിക്കുകയില്ല.

ദൈവം ഉണ്ടാക്കിയവയിൽ ഏററം വലിയ സ്ഥാനം -ഒന്നാംസ്ഥാനം—ആദത്തിനായിരുന്നു. അതുകൊണ്ടു് ദൈവം ആദത്തെ എല്ലാ മൃഗങ്ങളുടേയും ഉടമസ്ഥനാക്കി. ദൈവം എല്ലാ മൃഗങ്ങളേയും പക്ഷികളേയും ആദത്തിൻെറ മുമ്പിൽ വരുത്തി. ആദം അവയ്ക്കെല്ലാക്കെ പേരു കൊടുത്തു.

തനിയ്ക്കു ചുററും തത്തിക്കളിക്കുന്ന പക്ഷികളേയും പറവകളേയും കണ്ടപ്പോൾ ആദത്തിനു ബഹുരസം തോന്നിയിരിക്കണം. അതിൽ ചിലതിനെയൊക്കെ ആദം കൈകൊണ്ടു് തലോടിയിരിക്കണം. ഓരോന്നിനേയും നന്നായി നോക്കിക്കണ്ടും തൊട്ടുനോക്കിയും ആദം ഓരോന്നിനും പേരു കൊടുത്തു. ഓരോന്നിനും അവയുടെ സ്വഭാവത്തിനു ചേർന്ന പേരുകളാണു് ആദം കൊടുത്തതു്. അവയ്ക്കോരോന്നിനും പേരുകൊടുക്കാൻ ആദത്തിനു് ധാരാളം സമയം വേണ്ടിവന്നിരിക്കണം.

ഈ ജീവികളുടെ ഇടയിലെങ്ങും ആദത്തിനു തന്നെപ്പോലെ ഒരു ജീവിയെ കണ്ടുപിടിക്കാൻ സാധിച്ചില്ല. തന്നോടുകൂടി ചിരിക്കാനും വർത്തമാനം പറയാനും രസിക്കാനും കഴിവുള്ള ഒരാളെ—ഒരു കൂട്ടുകാരനേയോ കൂട്ടുകാരിയേയോ—കാണാൻ സാധിച്ചില്ല. തന്നോടുകൂടി രസിക്കാൻ കഴിയുന്ന ഒരാളെ കൂട്ടിനു കിട്ടാൻ ആദം ആഗ്രഹിച്ചു. ദൈവത്തിനു് ആദത്തിൻെറ ആഗ്രഹം മനസ്സിലായി. അദ്ദേഹം നമ്മുടെ പിതാവല്ലേ? നമ്മുടെ ആഗ്രഹങ്ങളെല്ലാം നമ്മുടെ പിതാവു സാധിച്ചുതരും. നോക്കൂ! ആദത്തിനു് ഒരു കൂട്ടുകിട്ടാൻ ആഗ്രഹം ഉണ്ടെന്നറിഞ്ഞപ്പോൾ ദൈവം ഒരു സ്ത്രീയെ സൃഷ്ടിച്ചു് ആദത്തിനു് സമ്മാനിച്ചു. ആ സ്ത്രീയുടെ പേരു് ഹവ്വ എന്നാണു്. ഹവ്വയാണു്

ആദ്യത്തെ സ്ത്രീ. ആദ്യമനുഷ്യൻ ആരാണു്? ആദം; ആദ്യസ്ത്രീ? ഹവ്വ. ഇവർ നമ്മുടെ വല്യപ്പനും വല്യമ്മയുമാണു്.

ആദം നമ്മുടെ വല്യപ്പൻ
ഹവ്വ നമ്മുടെ വല്യമ്മ (പാടുക)

ആദത്തിനു വലിയ സന്തോഷമായി, തൻെറക്കൂടെ കളിക്കാനും ചിരിക്കാനും, രസിക്കാനും ഒരു കൂട്ടുകാരിയെ കിട്ടിയപ്പോറം. ഹവ്വ വളരെ അഴകുള്ളവളായിരുന്നു. ആദവും ഹവ്വയും ആ സുന്ദരമായ തോട്ടത്തിൽ—പറുദീസായിൽ—ഒരുമിച്ചു താമസിച്ചു. ദൈവം കൊടുത്ത എല്ലാ സമ്മാനങ്ങളും അവർ അനുഭവിച്ചു സന്തോഷിച്ചു. അവർ ദിവസംതോറും ദൈവത്തെക്കുറിച്ചു് കൂടുതൽ കൂടുതൽകാര്യങ്ങറം പഠിച്ചിരുന്നു. അവർ ദൈവത്തെ അധികമധികം സ്നേഹിച്ചിരുന്നു.

ഭൂമിയിലുള്ള എല്ലാററിനേയുംകാറം വലിയ സ്ഥാനം ദൈവം ആദത്തിനും ഹവ്വയ്ക്കും കൊടുത്തു. അവക്കു ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും കഴിഞ്ഞിരുന്നു. പിതാവേ, ഞങ്ങളെ സൃഷ്ടിച്ചതിനു നന്ദി എന്നു പറയുവാൻ അവക്കു അറിയാമായിരുന്നു. നമുക്കും ഇങ്ങനെ പറയാൻ കഴിയും.

സ്വർഗ്ഗസ്ഥനായ പിതാവേ, എന്നെ സൃഷ്ടിച്ചതിനു നന്ദി. എഴുന്നേല്ക്കുക. നമ്മെ സൃഷ്ടിച്ചതിനു നമുക്കു നന്ദി പറയാം. (ഒരുമിച്ചു് എണീററുനിന്നു്, അദ്ധ്യാപകനെ അനുകരിച്ചു് ഒന്നുരണ്ടുതവണ കുട്ടികറം മുൻവാക്യം പറയട്ടെ. രണ്ടുമൂന്നു സെക്കൻറുനേരം മൗനം പാലിച്ചശേഷം ക്ലാസ്സു് തുടരുന്നതു് നന്നായിരിക്കും)

## കുട്ടികളുടെ പ്രവർത്തനം

കുട്ടികറം അദ്ധ്യാപകനു ചുററും അർദ്ധവൃത്താകൃതിയിൽ നില്ക്കട്ടെ. അവരവരുടെ സ്ഥാനങ്ങളിൽ നിന്നാലുംമതി. ഓരോ സാധനങ്ങളോ അവയുടെ മോഡലുകളോ കാണിക്കുന്ന സന്ദർഭത്തിൽ താഴെക്കാണുന്ന പ്രകാരം പറയിക്കുക.

| അദ്ധ്യാപകൻ | കുട്ടികറം |
|---|---|
| ഞാനൊരു കല്ലല്ല, ആകയാൽ<br>എനിയ്ക്കു പറയാൻ കഴിയും. | സ്വർഗ്ഗസ്ഥനായ പിതാവേ,<br>അങ്ങേയ്ക്കു നന്ദി |
| ഞാനൊരു ചെടിയല്ല, ആകയാൽ | ,, ,, |
| എനിയ്ക്കു പറയാൻ കഴിയും. | ,, ,, |
| ഞാനൊരു മൃഗമല്ല, ആകയാൽ | ,, ,, |
| എനിയ്ക്കു പറയാൻ കഴിയും. | ,, ,, |
| എനിയ്ക്കൊരു ആത്മാവുള്ളതിനാൽ | ,, ,, |
| എനിയ്ക്കു പറയാൻ കഴിയും. | ,, ,, |
| ദൈവത്തെ അറിയാനും | ,, ,, |
| സ്നേഹിക്കാനും എനിക്കു കഴിയും. | ,, ,, |

(നന്ദി എന്ന വാക്കുച്ചരിക്കുമ്പോൾ അവർ അവരുടെ തല അല്പം കുനിച്ചു ബഹുമാനം കാണിക്കുന്നതു നന്നായിരിക്കും. അതുപോലെ "സ്വർഗ്ഗസ്ഥനായ പിതാവേ," എന്നു പറയുമ്പോൾ ആകാശത്തിലേയ്ക്കു കൈ ചൂണ്ടുവാൻ പറയണം. അദ്ധ്യാപകൻ കുഞ്ഞുങ്ങളോടൊത്തു് ആംഗ്യം കാണിച്ചു പറയുക.

**പ്രയോഗം**

നമ്മൾ ഇങ്ങനെ നന്ദി പറയുന്നതു കേൾക്കുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവിനു് വലിയ സന്തോഷമാണു്. അതുകൊണ്ടു് വീട്ടിൽ ചെല്ലുമ്പോൾ ഇളയ കുട്ടികളേയോ, കൂട്ടുകാരേയോ വിളിച്ചിരുത്തി ഇന്നു നിങ്ങൾ കേട്ടതെല്ലാം പറഞ്ഞുകേൾപ്പിച്ചിട്ടു് നാമിപ്പോൾ ചെയ്തതുപോലെ നിങ്ങളെല്ലാവരും ചേർന്നു് നന്ദി പറയണം കേട്ടോ? നിങ്ങൾ ഇങ്ങനെ ചെയ്യുന്നതു കാണുമ്പോൾ പിതാവായ ദൈവത്തിനു നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കും.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ആർക്കുവേണ്ടിയാണു് ദൈവം ലോകമുണ്ടാക്കിയതു്?
2 ആദ്യത്തെ പുരുഷൻെറയും സ്ത്രീയുടേയും പേരെന്തായിരുന്നു?
3. ദൈവം എവിടെയാണു് അവരെ താമസിപ്പിച്ചതു്?
4. ആരാണു് നിന്നെ സൃഷ്ടിച്ചതു്?

## ഭാഗം 2 (30 മിനിട്ടു്)

**കഥ**

**പാഠാവതരണം**

നമ്മൾ ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും വേണ്ടി ദൈവം നമ്മെ സൃഷ്ടിച്ചു. ആദ്യമനുഷ്യരായ ആദത്തേയും ഹവ്വയേയും ദൈവം സൃഷ്ടിച്ചു. നമ്മെ എല്ലാവരേയും സൃഷ്ടിച്ചതു് ദൈവംതന്നെ. അതിനാൽ നമ്മളെല്ലാം ദൈവത്തിൻെറ സ്വന്തമാകുന്നു. ദൈവം നമ്മുടേയും.

സ്വർഗ്ഗസ്ഥനായ പിതാവു് നല്ലവനാണു്. വളരെ നല്ലവനാണു്. അവിടുന്നു് നല്ലവനായതുകൊണ്ടാണു് നമ്മെ സൃഷ്ടിച്ചതു്. ആദത്തേയും ഹവ്വയേയും നമ്മേയും സൃഷ്ടിക്കാൻ ഒരുവിധത്തിലും ദൈവം നിർബ്ബന്ധിതനായിരുന്നില്ല. എങ്കിലും നമ്മെ സൃഷ്ടിച്ചതെന്തിനാണെന്നറിയാമോ? ദൈവത്തിൻെറ സന്തോഷത്തിൽ നമ്മെ പങ്കാളികളാക്കാൻ. അവിടുത്തെ ഭാഗ്യത്തിൽ നാം പങ്കുകൊള്ളണമെന്നു് ദൈവത്തിനു വലിയ ആഗ്രഹമുണ്ടു്. നമുക്കുള്ള ആത്മാവും ശരീ

രവും ദൈവമാണു തന്നതു്. നാം അവ രണ്ടും ദൈവത്തെ അറിയു വാനും സ്നേഹിക്കുവാനും വേണ്ടി ഉപയോഗിക്കണം.

നമ്മുടെ ശരീരംകൊണ്ടു്, കൈകാലുകരംകൊണ്ടു് എന്തൊക്കെ ചെ യ്യാമെന്നു് ആലോചിച്ചുനോക്കുക (ചെയ്യാവുന്ന ഏതാനും കാര്യങ്ങരം കുട്ടികളെക്കൊണ്ടു് പറയിക്കുക). അതുപോലെ നമ്മുടെ ആത്മാവി നു് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നു് പറയാമോ? ചിന്തിക്കു ന്നതു്, പഠിക്കുന്നതു്, സ്നേഹിക്കുന്നതു്, ഇതൊക്കെ നാമെല്ലാവരും ചെയ്യുന്ന പ്രവൃത്തികളല്ലേ? (ഇത്തരം പ്രവൃത്തികളിൽ കുഞ്ഞുങ്ങരം ഏർപ്പെട്ടിരിക്കുന്ന ചിത്രം ഈ അവസരത്തിൽ കാണിച്ചുകൊടുക്കു ന്നതു് ഉചിതമായിരിക്കും)

പഠിക്കുക, ചിന്തിക്കുക, സ്നേഹിക്കുക മുതലായവ നമ്മുടെ ആത്മാ വിൻെറ പ്രവൃത്തികളാണു്. ആത്മാവും ശരീരവും തന്നു് നമ്മെ സൃ ഷ്ടിച്ച ദൈവം എത്ര നല്ലവനാണു്! ആദത്തിൻെറ ശരീരം എന്തു കൊണ്ടു് ഉണ്ടാക്കിയെന്നാണു് പറഞ്ഞതു്? ആരോർമ്മിക്കുന്നുണ്ടു്? ആത്മാവു് എവിടെ നിന്നു കിട്ടി? അതേ, ആത്മാവു് ദൈവം ത ന്നു, ദൈവത്തിൽ നിന്നു് നേരിട്ടുവരുന്നു. നമ്മളെല്ലാം ദൈവത്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടവരായതുകൊണ്ടാണു് ആത്മാവു് നേരിട്ടു് ദൈവത്തിൽനിന്നു കിട്ടുന്നതു്. മററു ജീവികരംക്കോ മരങ്ങരംക്കോ ചെടികരംക്കോ (മനുഷ്യനൊഴികെ യാതൊന്നിനും) ഇങ്ങനെയൊ രു സമ്മാനം ദൈവം കൊടുത്തിട്ടില്ല.

നമുക്കു ശരീരമുണ്ടു്. അതു നമുക്കു കാണാൻ കഴിയും. എന്നാൽ ആ ത്മാവിനെ കാണാൻ കഴിയുമോ? പിന്നെ എങ്ങനെയാണു് ആത്മാ വുണ്ടെന്നു് നാം അറിയുന്നതു്? നമുക്കു് ആത്മാവില്ലെങ്കിൽ ഇന്നലെ കണ്ട വസ്തുക്കളെക്കുറിച്ചോ, കേട്ട കാര്യങ്ങളെക്കുറിച്ചോ ഇന്നു നമുക്കു് ഓർമ്മിക്കുവാൻ സാധിക്കുകയില്ല. ഇന്നലെ രാവിലെ നിങ്ങരം എ ന്തു പലഹാരമാണു് കഴിച്ചതെന്നു് ഓർമ്മിക്കുന്നില്ലേ? അതുപോലെ നാം കണ്ടിട്ടില്ലാത്ത ഒരു മനുഷ്യനെക്കുറിച്ചു് പലപ്രാവശ്യം പല കാര്യങ്ങരം പറഞ്ഞുകേരംക്കുമ്പോരം അയാരം എങ്ങനെയിരിക്കുമെ ന്നു് നമുക്കു് മനസ്സിൽ കാണാൻ കഴിയും. നിങ്ങരംക്കു് മദ്രാസിൽ ഒരമ്മാവനുണ്ടെന്നു് കരുതുക. ആ അമ്മാവനെ നിങ്ങളുടെ കൺമു മ്പിൽ കാണാൻ ഇപ്പോരം സാധ്യമല്ലല്ലോ. നിങ്ങരം അല്പനേരം ക ണ്ണടച്ചിരിക്കുക. എന്നിട്ടു്അമ്മാവനെക്കുറിച്ചൊന്നു് ഓത്തുനോക്കുക. എന്താ കണ്ടോ അമ്മാവനെ? (അമ്മാവനെക്കുറിച്ചോർത്തന്നോ, മന സ്സിൽ അമ്മാവനെ കണ്ടെന്നോ പറയും.) അപ്പോരം നിങ്ങരം മന സ്സിൽ കണ്ടു, അല്ലേ? അങ്ങനെ നമുക്കു കാണാൻ സാധിക്കുന്നതു് ആ ത്മാവുള്ളതുകൊണ്ടാണു്. ഇതുപോലെ നാം ദൈവത്തെ കണ്ടില്ലെങ്കി ലും അവിടുന്നു ചെയ്ത പ്രവൃത്തികളും നമുക്കു തന്ന സമ്മാനങ്ങളുമൊ ക്കെ കാണുമ്പോഴും കേരംക്കുമ്പോഴും നമുക്കു ദൈവത്തെക്കുറിച്ചു്, ദൈ വം എത്ര നല്ലവനായിരിക്കുമെന്നു് ചിന്തിക്കാൻ സാധിക്കും, മന സ്സുകൊണ്ടു്, മററാരും കേരംക്കാതെ, നമുക്കിങ്ങനെ പറയാം. (എല്ലാ

വരും കണ്ണടച്ചു പിടിച്ച് മൗനമായി പറയണം) "സ്വർഗ്ഗസ്ഥനായ പിതാവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു."

പട്ടിയ്ക്കോ പൂച്ചയ്ക്കോ ഇങ്ങനെ ചെയ്യാൻ സാധിക്കുമോ? മനുഷ്യനല്ലാതെ മററൊരു ജീവിക്കും ഇങ്ങനെ ചിന്തിക്കാൻ സാധിക്കുകയില്ല. എന്തുകൊണ്ടാണ്? അല്ലെങ്കിൽ എന്തില്ലാഞ്ഞിട്ടാണ് അവയ്ക്കു അങ്ങനെ ചിന്തിക്കാൻ സാധിക്കാത്തതു്? നമുക്ക് ആത്മാവു് ഉള്ളതിനാൽ ദൈവത്തെ അറിയാനും സ്നേഹിക്കാനും കഴിയും. ദൈവത്തോടൊന്നിച്ച് സന്തോഷിക്കാൻ സാധിക്കും.

ദൈവം ഉണ്ടാക്കിയ എല്ലാ വസ്തുക്കളും ഒരുപോലെ പ്രവർത്തിക്കുന്നില്ല. (ഒരു കല്ലു കാണിച്ചിട്ട്) ഈ കല്ലു വളരുമോ? ഇതു നടക്കുന്നതു കണ്ടാൽ നിങ്ങൾ അത്ഭുതപ്പെടും, അല്ലേ?

ചെടികൾ വളരുമോ? (ചെടിയോ അതിൻെറ ചിത്രമോ കാണിക്കുക.) ചെടികളും മരങ്ങളുമൊക്കെ വളരും. പക്ഷേ അതു നടക്കുകയില്ല. പട്ടിയും പൂച്ചയുമൊക്കെ നടക്കും, ഓടും. പക്ഷികൾ നടക്കുകയും പറക്കുകയും ചെയ്യും. എന്നാൽ അവ സംസാരിക്കുകയും ചിരിക്കുകയും ചെയ്യുമോ? (തത്തയും മൈനയും സംസാരിക്കുമെന്ന് കുഞ്ഞുങ്ങൾ പറഞ്ഞേക്കാം. പക്ഷേ അവ വെറും ശബ്ദംമാത്രം ഉരുവിടുകയാണ്. അർത്ഥമറിഞ്ഞുള്ള സംസാരമല്ല. അതും, പരിശീലിപ്പിക്കുന്ന വാക്കുകൾ മാത്രമേ പറയുകയുള്ളുവെന്ന് കുട്ടികൾക്കു മനസ്സിലാക്കിക്കൊടുക്കണം. പക്ഷികൾക്കും മൃഗങ്ങൾക്കും മററും സംസാരിക്കുവാനോ, ചിന്തിക്കുവാനോ സാധിക്കുകയില്ല. ഇതെല്ലാം ചെയ്യാൻ ആർക്കു സാധിക്കും? മനുഷ്യന്, മനുഷ്യനമാത്രം. മനുഷ്യർ വളരും, ചിരിക്കും, ചിന്തിക്കും, ഓടും, ചാടും, നടക്കും. കല്ലിനെക്കാൾ വലിയ സ്ഥാനം ചെടിക്കുണ്ട്. എന്തെന്നാൽ അതു വളരും. ചെടികളെക്കാൾ വലിയ സ്ഥാനം മൃഗങ്ങൾക്കും പക്ഷികൾക്കുമുണ്ട്. എന്തെന്നാൽ അവ വളരും, ഓടും, ചാടും, നടക്കും, പറക്കും. ചെടികളേയും പക്ഷികളേയുംകാൾ വലിയ സ്ഥാനം മനുഷ്യനുണ്ട്. എന്തുകൊണ്ടെന്നാൽ അവൻ ചിരിക്കും, ചിന്തിക്കും, സംസാരിക്കും. അവന് ആത്മാവുണ്ട്. അതിനാൽ അവന് ദൈവത്തെ അറിയുവാനും സ്നേഹിക്കുവാനും സാധിക്കും.

ഈ വസ്തുക്കളുടെയെല്ലാം സ്ഥാനക്രമം മനസ്സിലാക്കാൻ തക്കവിധം ഒരു ചിത്രം വരച്ചുകാണിച്ചുകൊടുക്കുക. നേരത്തെ തയ്യാറാക്കിയ ചാർട്ടായാലും മതി.

## പ്രവർത്തനം

(രണ്ടാമത്തെ പാഠത്തിൽ കൊടുത്തിരിക്കുന്ന കൃതജ്ഞതാസ്തോത്രം പുതിയ ഈരടികളോടുകൂടി ആവർത്തിക്കുക)

'നിൻ നാമം ഞങ്ങൾ പുകഴ്ത്തുന്നു' എന്ന പാട്ടു പാടിക്കുക.
ആംഗ്യം കാണിച്ചു പറയുക.

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| ദൈവം ഭൂമിയെ സൃഷ്ടിച്ചു | ആംഗ്യം കാണിക്കുക |
| ദൈവം ആകാശം സൃഷ്ടിച്ചു | ,, ,, |
| ,, പക്ഷികളെ ,, | ,, ,, |
| ,, മത്സ്യങ്ങളെ ,, | ,, ,, |
| ,, മൃഗങ്ങളെ ,, | ,, ,, |
| ,, മരങ്ങൾ ,, | ,, ,, |
| ഞാൻ കാണുന്ന എല്ലാവററയേയും ഈ ലോകത്തേയും എന്നേയും ഉണ്ടാക്കി. | ,, ,, |

## പ്രയോഗം

ദൈവം നമ്മെ സൃഷ്ടിച്ചതു് അവിടുത്തോടൊന്നിച്ചു സ്വർഗ്ഗത്തിൽ സൗഭാഗ്യം അനുഭവിക്കാനാണ്. പക്ഷേ, നാം ഇപ്പോൾ നേരേ സ്വർഗ്ഗത്തിലേക്കു പോകുന്നില്ല. കുറേ നാൾ നാം ഈ ഭൂമിയിൽ ജീവിക്കണം. നമ്മെ സൃഷ്ടിച്ച പിതാവായ ദൈവത്തെപ്പററി ഇവിടെവച്ചു നമ്മൾ പഠിച്ചുതുടങ്ങണം. നല്ലവനായ ദൈവത്തെപ്പററി പഠിക്കാനാണു നിങ്ങൾ വേദപാഠക്ലാസ്സിൽ വരുന്നതു്. ആഴ്ചതോറും മുടങ്ങാതെ നിങ്ങൾ ക്ലാസ്സിൽ വരുന്നതു കാണാൻ ദൈവത്തിനെന്തു സന്തോഷമാണെന്നോ. വേദപാഠക്ലാസ്സിൽ വരാത്ത കൂട്ടുകാർ നിങ്ങൾക്കുണ്ടെങ്കിൽ അവരേയും ക്ലാസ്സിലേക്കു ക്ഷണിച്ചുകൊണ്ടുവരുക.

## ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ആദത്തേയും ഹവ്വയേയും സൃഷ്ടിച്ചതാരു്?

2. നമ്മെ ഓരോരുത്തരേയും സൃഷ്ടിച്ചതാരു്?

3. ദൈവം എന്തിനാണു് നമ്മെ സൃഷ്ടിച്ചതു്?

4. ദൈവത്തെക്കുറിച്ചു് കൂടുതൽ കാര്യങ്ങൾ അറിയാൻ നാം എന്തു ചെയ്യണം?

5. മൃഗങ്ങൾക്കും പക്ഷികൾക്കും ഇല്ലാത്ത ഒരു കഴിവു നമുക്കുണ്ടു്. എന്താണതു്?

ആദ്യത്തെ മൂന്നു ചോദ്യങ്ങളുടെ ഉത്തരം മനഃപ്പാഠമാക്കുക.

## ഉപസംഹാരപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ്, സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും രാജാവാണ്. എല്ലാം സൃഷ്ടിച്ചത് അവിടുന്നാണ്. അതിനാൽ എല്ലാ വസ്തുക്കളും മനുഷ്യരും ദൈവത്തിന്റേതാകുന്നു. എല്ലാവരും നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ രാജാവെന്നു കരുതണം, വിശ്വസിക്കണം. അവിടുന്ന് സ്നേഹപൂർവ്വം നമ്മെ കാത്തുസൂക്ഷിക്കുന്നു. അവിടുത്തേ ഹിതാനുസരണം വർത്തിക്കാമെന്നു നാം പറയുന്നുണ്ട്. അതിനാലാണ് നാം ഇങ്ങനെ പ്രാർത്ഥിക്കുന്നത്.

"സ്വർഗ്ഗസ്ഥനായ പിതാവേ, നിന്റെ രാജ്യം വരണമേ"

(മൂന്നുനാലാവർത്തി പറയിക്കുക)

# 4

# ആദവും ഹവ്വയും

## ഉപക്രമം

പ്രസാദവരം എന്ന പദം ഇവിടെ അറിഞ്ഞുകൊണ്ടുതന്നെയാണ് ഉപയോഗിക്കാത്തത്. ക്രിസ്തു പ്രസാദവരം എന്ന പദം ഉപയോഗിച്ചിട്ടില്ല. ഈ അതിസ്വാഭാവികദൈവദാനത്തെ പരാമർശിച്ച് ക്രിസ്തു ഉപയോഗിച്ചകാണുന്നതു സ്നേഹം, ജീവൻ എന്നീ പദങ്ങളാണ്. അവക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധിയായി ഉണ്ടാകുവാനും ആകുന്നു ഞാൻ വന്നിരിക്കുന്നത്. (യോഹ. 10:10) പ്രസാദവരം എന്ന വാക്കു ഈ ക്ലാസ്സിൽ ഈ ആണ്ടിൽത്തന്നെ നമുക്ക് ഉപയോഗിക്കാം. പക്ഷേ കുട്ടികൾ അതു് ഉപയോഗിച്ചുതുടങ്ങുന്നതിനുമുമ്പ് അതിൻെറ അത്ഥം അവർ മനസ്സിലാക്കിയിരിക്കണം.

## ലക്ഷ്യം

നമ്മെ ദൈവസുതരാക്കുന്ന സവിശേഷദാനത്തോടു മതിപ്പും അതു നൽകിയ ദൈവത്തോടു നന്ദിയും കുട്ടികളിൽ ഉളവാക്കുക.

## പ്രധാന പദങ്ങൾ

ദൈവത്തിൻെറ ജീവനും സ്നേഹവും, അവകാശികൾ.

## പാഠോപകരണങ്ങൾ

മാതാപിതാക്കളും മക്കളും കൂടി നിൽക്കുന്ന ഒരു ചിത്രം. ദൈവം സൃഷ്ടിച്ച വസ്തുക്കളിൽവച്ച് ഏററവും മെച്ചപ്പെട്ടതാണു മനുഷ്യൻ എന്നു കാണിക്കുന്ന ചിത്രം (മൂന്നാം പാഠത്തിനുപയോഗിച്ച ഏണിപ്പടികളുടെ ചാർട്ടായാലും മതി.)

## ഭാഗം 1 രൂപരേഖ

## പ്രധാനാശയം

തൻെറ വിശേഷദാനമായ ദൈവീകജീവൻ ദൈവം ആദത്തിനും ഹവ്വയ്ക്കും കൊടുത്തു. ഈ പ്രത്യേകസമ്മാനം വഴി മനുഷ്യർ ദൈവത്തിൻെറ മക്കളായിത്തീരുന്നു.

**കഥ**

സൂസിയുടെ കഥയുടെ തുടർച്ച.

**കുട്ടികളുടെ പ്രവർത്തനം**

ഒരു കൃതജ്ഞതാസ്തോത്രം പാടുക, ഓരോരുത്തരായും, സംഘം ചേ ന്നും.

**പ്രയോഗം**

ദൈവമക്കളുടെ കടമ എല്ലാവരേയും സ്നേഹിക്കുകയാണെന്ന് ഓർമ്മി ക്കുക. അനുസരണയെന്ന സുകൃതം അഭ്യസിച്ചുകൊണ്ടും ദൈവത്തെ കൂടുതൽ സ്നേഹിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1, ആദത്തിനും ഹവ്വയ്ക്കും ദൈവം കൊടുത്ത വിശേഷപ്പെട്ട സമ്മാനം എന്തായിരുന്നു?
2. ഈ സമ്മാനംകൊണ്ട് അവർ ആരായിത്തീർന്നു?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

ദൈവത്തിന്റെ വിശേഷസമ്മാനമായ ദൈവികജീവൻകൊണ്ടു സ്വ ർഗ്ഗത്തിൽ പ്രവേശിക്കാം.
അതുള്ളവർക്ക് മാത്രമേ സ്വർഗ്ഗത്തിൽ പോകാൻ സാധിക്കൂ.

**കഥ**

സൂസിയുടെ കഥതന്നെ തുടരുന്നു.

**കുട്ടികളുടെ പ്രവർത്തനം**

പഠിച്ച ഭാഗത്തിലെ ആശയങ്ങളെ അടിസ്ഥാനമാക്കി പുതിയ വാ ക്കുകൾ കൂട്ടിച്ചേർത്തു മുൻപ് പാടിയ സ്തോത്രഗീതം തന്നെ വീണ്ടും ആലപിക്കുക. (ഓരോരുത്തരായും സംഘം ചേർന്നും)

**പ്രയോഗം**

ദൈവത്തിന്റെ വിശേഷസമ്മാനങ്ങളെക്കുറിച്ച് ഓർമ്മയുണ്ടാക ുമ്പോൾ ദൈവത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കാനുള്ള അനുഗ്രഹം യാചിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**


1. നാം ദൈവമക്കളായിത്തീന്നതെങ്ങനെ?
2. നമ്മെ സ്വർഗ്ഗത്തിനവകാശികളാക്കിത്തീക്കുന്നതെന്തു്?

**ഭാഗം 1 (30 മിനിററ്)**

**പ്രാരംഭപ്രാർത്ഥന**

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന (കുഞ്ഞുങ്ങൾ പഠിച്ചതുവരെയുള്ള ഭാഗം) ഒന്നിച്ചുചൊല്ലുക. അല്ലെങ്കിൽ ഇതിനുമുമ്പ് പഠിച്ച പാട്ടുകളിൽനിന്നു് ഏതെങ്കിലും പാടിക്കുക. കൂട്ടപ്രാർത്ഥനകഴിഞ്ഞു് അല്പനേരം മൗനമായി പ്രാർത്ഥിക്കാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുക. താഴെ കൊടുത്തിരിക്കുന്ന ക്രമത്തിൽ ഒരു ചാർട്ടു് (ഓരോന്നിൻെറയും ചിത്രത്തോടുകൂടി) വരയ്ക്കുക.

**പ്രാരംഭം**




ഈ ചാർട്ടു് കാണിക്കുക. ഏററവും മുകളിലത്തെ പടിയിൽ കാണുന്നതു് ആരുടെ ചിത്രമാണു്? എന്തിൻെറ പടമാണു്, അതിൻെറ താഴത്തെ പടിയിൽ കാണുന്നതു്? മൃഗവും മനുഷ്യനും തമ്മിലുള്ള വ്യത്യാസം അറിയാമോ? പട്ടിക്കു ചിന്തിക്കാൻ സാധിക്കുകയില്ലെന്നു് പറഞ്ഞതു് ഓർക്കുന്നുണ്ടോ? മനുഷ്യനു ചിന്തിക്കാൻ സാധിക്കുന്നതു് എന്തുകൊണ്ടാണെന്നു് ആർക്കുപറയാം? മനുഷ്യനു് ആത്മാവുണ്ടു് അതിനാൽ അവനു ചിന്തിക്കാൻ കഴിയും. പട്ടിക്കോ, പൂച്ചക്കോ ചി

ന്തിക്കാനും ദൈവത്തെ സ്നേഹിക്കാനും, അറിയാനും സാധിക്കുകയി ല്ല. ആത്മാവാണു നമ്മിലെ പ്രധാനപ്പെട്ട ഭാഗം. ആരാണ് നമ്മുടെ ആത്മാവിനെ തന്നതു്? ശരീരം തന്നതാരു്? ആരൊക്കെയായിരുന്നു ആദ്യത്തെ മനുഷ്യർ? അവരെ സൃഷ്ടിച്ചതാരു്? ദൈവം ആദത്തേയും ഹവ്വയേയും സൃഷ്ടിച്ച കഥ ആർക്കു പറയാം? അവർ താമസിച്ചിരുന്ന സുന്ദരമായ തോട്ടത്തിന്റെ പേരെന്തു്? അവിടെ അവർ എങ്ങനെ കഴിഞ്ഞിരുന്നു?

ആദവും ഹവ്വയും പറുദീസയിൽ സന്തോഷത്തോടെ കഴിഞ്ഞിരുന്നു അവിടെ അവർക്കു വലിയ തണുപ്പോ ചൂടോ തോന്നിയിരുന്നില്ല. നല്ല സുഖം തോന്നിക്കുന്ന തണുപ്പും ചൂടുമാണ് അവർക്ക് അവിടെ അനുഭവപ്പെട്ടിരുന്നതു്. ആ തോട്ടത്തിലെ മൃഗങ്ങളേയും പക്ഷികളേയും സൂക്ഷിച്ചുകൊണ്ടു് അവർ സമയം ചെലവഴിച്ചു. അവർക്കു ഒരിക്കലും ക്ഷീണം തോന്നിയില്ല. എല്ലാത്തരത്തിലുമുള്ള നല്ല സാധനങ്ങളും അവർക്കു തിന്നാൻ കിട്ടിയിരുന്നു. യാതൊരു രോഗവും അവർക്കുണ്ടായിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ അവരുടെ സന്തോഷത്തിനു വേണ്ട എല്ലാ വസ്തുക്കളും അവിടെ ഉണ്ടായിരുന്നു. എന്നിട്ടും ദൈവം ആദത്തിനും ഹവ്വയ്ക്കും ഒരു പ്രത്യേകസമ്മാനം കൊടുക്കുവാൻ തീരുമാനിച്ചു. നോക്കു, ദൈവം എത്ര നല്ലവനാണെന്നു്!

അവർക്ക് അവിടെ എല്ലാവിധ സന്തോഷങ്ങളും ഉണ്ടായിരുന്നല്ലോ. പിന്നെ എന്തു സമ്മാനമായിരിക്കും ദൈവം അവർക്കു കൊടുക്കുവാൻ ആഗ്രഹിച്ചതു്?

**പാഠാവതരണം**

ദൈവം തന്റെ സ്വന്തംജീവൻ (ദൈവികജീവൻ) ആദത്തിനും ഹവ്വയ്ക്കും സമ്മാനിച്ചു. (ബോർഡിൽ)

**കഥ**

ഞാൻ പണ്ടൊരിക്കൽ സൂസിയുടെ കഥ പറഞ്ഞതു് ഓർമ്മിക്കുന്നുണ്ടോ? സൂസിയുടെ പിറന്നാളിനു് ആരാണ് അവൾക്ക് സമ്മാനം കൊടുത്തതു്? [കുഞ്ഞുങ്ങൾ കഥ മറന്നുപോയെങ്കിൽ ചുരുക്കമായി അതു് ഓർമ്മിപ്പിക്കുന്നതു് നന്നു്] പിന്നീടൊരിക്കൽ അവളുടെ അമ്മ ഒരു വിശേഷപ്പെട്ട പാവ അവൾക്കു സമ്മാനിച്ചു. അതു് അവൾക്ക് വളരെ ഇഷ്ടപ്പെട്ടു. അവൾ അതിനെ തന്റെ കൈയ്യിൽ കൊണ്ടുനടന്നിരുന്നു. ആ പാവയെ തന്റെ അരികിൽ കിടത്തിക്കൊണ്ടാണ് അവൾ ഉറങ്ങിയിരുന്നതു്. അങ്ങനെ ആ പാവയെ ഓമനിക്കുന്നതു് അവൾക്കു വലിയ സന്തോഷമായിതോന്നി.

ഒരു ദിവസം അവൾ തന്റെ പാവയ്ക്കു് ഒരുടുപ്പ് തയ്പ്പിച്ചിട്ടു. ഒരു മുത്തുമാലയും കോർത്തുണ്ടാക്കി കഴുത്തിലിട്ടു. എന്നിട്ട് ആ പാവയോ

ട ചോദിച്ചു. എന്താ നിനക്കു് ഉടുപ്പിഷ്ടപ്പെട്ടോ? പാവ ഒന്നും മിണ്ടിയില്ല. എന്തുകൊണ്ടാണു് പാവ ഒന്നും മിണ്ടാത്തതെന്നു് നിങ്ങറാക്കറിയാമോ? "ഈ പാവയ്ക്കു് എന്നോടു മിണ്ടാൻ വയ്യേ?" എന്നു സൂസി പിറുപിറുത്തു. ഈ സമയത്തു് അവളുടെ അമ്മ ആ മുറിയിലേയ്ക്കു കടന്നുവന്നു. "നീ എന്താ മോളേ തനിയെ ഇരുന്നു വത്തമാനം പറയുന്നതു്?" അമ്മ സൂസിയോടു ചോദിച്ചു. "അമ്മേ, ഈ പാവ എന്താ ഒന്നും മിണ്ടാത്തതു്? അതിനു എന്നോടു വത്തമാനം പറഞ്ഞുകൂടെ? എൻെറകൂടെ നടന്നു കളിച്ചാലെന്താ, ഒന്നു ചിരിക്കുകപോലും ചെയ്യുന്നില്ല, എൻെറ പാവ." അമ്മ ഇതു കേട്ടു ചിരിച്ചുകൊണ്ടിങ്ങനെ പറഞ്ഞു: "എൻെറ മോളു ഇത്ര മണ്ടിയാണോ? പാവകറം സംസാരിക്കുകയില്ലെന്നു നിനക്കറിഞ്ഞുകൂടേ? അതിനു ജീവനില്ല. അതു മനുഷ്യൻ ഉണ്ടാക്കിയതാണു്. മനുഷ്യൻ ഉണ്ടാക്കുന്ന വസ്തുക്കറാക്കു് ജീവൻ കൊടുക്കുവാൻ അവനു സാദ്ധ്യമല്ല." സൂസിയുടെ മുഖം വാടി. ഈ പാവയ്ക്കു ഒന്നു സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! അവറാ മനസ്സിൽ വിചാരിച്ചു.

സൂസി തൻെറ പാവയ്ക്കു് എന്തു കൊടുക്കുവാനാണു് ആഗ്രഹിച്ചതു്? [ജീവൻ] അതേ, ആ പാവയ്ക്കും ജീവൻ കൊടുക്കണമെന്നു സൂസിക്കു് ആഗ്രഹം തോന്നി. പക്ഷേ, അതിനവറാക്കു കഴിഞ്ഞില്ല. അവറാക്കുമാത്രമല്ല, നമുക്കാക്കും കഴിയുകയില്ല. പിന്നെ ആക്കു കഴിയും? അതു കൊടുക്കുവാൻ സാധിക്കുന്ന ഒരാറാ ഉണ്ടു്.

ആദത്തിനും ഹവ്വയ്ക്കും നമുക്കൊക്കെ ജീവൻ തന്നതു ദൈവമാണു്. ജീവൻ തരിക മാത്രമല്ല അവിടുന്നു് നമ്മെ അവിടുത്തെ മക്കളാക്കിത്തീക്കുകകൂടി ചെയ്തു. നമ്മുടെ ആത്മാവും ശരീരവും ദൈവം നമുക്കു തന്ന വലിയ സമ്മാനങ്ങളാണു്. അതുകൊണ്ടുമാത്രം നമുക്കു ദൈവമക്കളായിത്തീരാൻ സാധിക്കുകയില്ല. അതിനു നമുക്കു ദൈവത്തിൻെറ ജീവൻ തന്നെ (ദൈവികജീവൻതന്നെ) വേണം. നാം ദൈവത്തിൻെറ മക്കളായിത്തീന്നാൽ നമുക്കു് ദൈവത്തെ കാണാനുള്ള ഭാഗ്യം കിട്ടും. ആദത്തിനും ഹവ്വയ്ക്കും ദൈവത്തെ കാണാൻ വേണ്ട ഒരു പുതിയ ജീവൻ കൊടുക്കുവാൻ ദൈവം തീരുമാനിച്ചു. അവരിലുണ്ടായിരുന്ന ദൈവികജീവനും സ്നേഹവുമാണു് ഈ പുതിയ ജീവൻ. അതായതു് ദൈവം അവരെ തൻെറ ജീവനിൽ പങ്കാളികളാക്കി. ഈ വിശേഷസമ്മാനം അവരെ ദൈവത്തിൻെറ മക്കളാക്കിത്തീത്തു. അതു് അവരുടെ ആത്മാവിനെ ദൈവികസൗന്ദര്യം ഉള്ളതാക്കിത്തീത്തു.

സ്വഗ്ഗസ്ഥനായ പിതാവു് ആദത്തേയും ഹവ്വയേയും മാത്രമല്ല ഇത്രയധികമായി സ്നേഹിച്ചതു്. ഈ വിശേഷസമ്മാനം അവക്കു മാത്രമല്ല കൊടുത്തതു്. അവിടുന്നു നിങ്ങളേയും എന്നേയും സ്നേഹിച്ചു. ഇപ്പോഴും സ്നേഹിക്കുന്നുണ്ടു്. നാമും അവിടുത്തെ മക്കളാണു്. അവിടുത്തെ ദൈവികജീവനും സ്നേഹവും നമ്മിലുണ്ടു്.

ഈ ദാനം നമുക്കു തരാൻ ദൈവത്തിനു് ഒരു കടപ്പാടും ഉണ്ടായിരുന്നില്ല. അവിടന്നു് നമ്മെ അധികമായി സ്നേഹിച്ചതുകൊണ്ടുമാത്രമാണു് അപ്രകാരം ചെയ്തതു്. ഓർത്തുനോക്കൂ! ഇതുകൂടാതെ എത്രയെത്രസമ്മാനങ്ങളാണു് ദൈവം നമുക്കു തന്നിട്ടുള്ളതെന്നു്. നമ്മുടെ ആത്മാവു്, ശരീരം, ഇഷ്ടമുള്ളതൊക്കെ ചെയ്യാൻവേണ്ടി കൈകൾ, ഓടിച്ചാടിനടക്കാൻ കാലു്, രുചിയറിഞ്ഞു് പഴങ്ങളും മററും തിന്നാൻ വായ് എന്നുവേണ്ട, എണ്ണിയാലൊടുങ്ങാത്ത സമ്മാനങ്ങൾ, ദൈവം നമുക്കു തന്നിട്ടുണ്ടു്. [ഇവിടെ പഴയ ഏണിപ്പടി ഉപയോഗിക്കുക. അതിൽ അഞ്ചാമതൊരു പടികൂടി വരച്ചു് അതിന്മേൽ ആദത്തേയും ഹവ്വയേയും (ദൈവമക്കളെ) വരച്ചുകാണിക്കുക.] ദൈവമക്കൾ എന്ന സ്ഥാനത്തേയ്ക്കു നമ്മേയും ഉയർത്തി, നല്ലവനായ ദൈവം.

എന്തുകൊണ്ടാണു് നാം ദൈവത്തെ സ്വർഗ്ഗസ്ഥനായ പിതാവേ, എന്നു വിളിക്കുന്നതെന്നു നിങ്ങൾക്കു് ഇപ്പോൾ മനസ്സിലായോ? ദൈവത്തിൻെറ ജീവൻ നമ്മിലുള്ളതിനാൽ നാം ദൈവത്തിൻെറ മക്കളാണു്. അതിനാൽ പിതാവേ, എന്നു വിളിക്കുവാൻ നമുക്കു് അവകാശമുണ്ടു്. ഇത്രയധികം സമ്മാനങ്ങൾ തന്നു നമ്മെ സ്നേഹിച്ച ദൈവത്തോടു് നിങ്ങൾക്കു് ഒന്നും പറയാൻ തോന്നുന്നില്ലേ? എന്താണു് നാമിപ്പോൾ ദൈവത്തോടു പറയേണ്ടതു്?

## കുട്ടികളുടെ പ്രവർത്തനം

വരൂ, നമുക്കു് എഴുന്നേററുനിന്നു ദൈവത്തിന്നു് നന്ദി പറയാം. (കൃതജ്ഞതാസ്തോത്രം രണ്ടു ഭാഗമായി തിരിഞ്ഞുനിന്നു ചൊല്ലുക.)

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| എനിക്കു ചുററും കാണുന്ന ലോകത്തെ തന്നതിനു്, | പിതാവായ ദൈവമേ, അങ്ങേയ്ക്കു നന്ദി. |
| എനിക്കു ശരീരം തന്നതിനു്, | ,, ,, |
| അങ്ങേ ഛായയിൽ ഒരാത്മാവിനെ തന്നതിനു്, | ,, ,, |
| എന്നെ സ്നേഹിക്കുന്ന അപ്പനേയും അമ്മയേയുംതന്നതിനു്, | ,, ,, |

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| സഹോദരങ്ങളേയും കൂട്ടുകാരെയും തന്നതിന്, | ,, ,, |
| പഴങ്ങളും പച്ചക്കറികളും തന്ന് എന്നെ പോററുന്നതിന്, | ,, ,, |
| എനിക്കു ദൈവത്തിൻെറ ജീവനും സ്നേഹവും തന്നതിന്, | ,, ,, |
| അങ്ങയുടെ മക്കളായി ഞങ്ങളെ ഉയർത്തിയതിന്, | ,, ,, |

## പ്രയോഗം

ദൈവം തന്ന പലവിധ സമ്മാനങ്ങൾക്കും നാം നന്ദിപറഞ്ഞുകഴിഞ്ഞു. എന്നാൽ ദൈവികജീവൻ എന്ന വിശേഷസമ്മാനത്തിനു മുൻപിലത്തേക്കാൾ വലിയ സ്നേഹത്തോടും താല്പര്യത്തോടുംകൂടെ നമുക്കു ദൈവത്തിനു നന്ദിപറയാം. ഒരിക്കൽമാത്രം നന്ദിപറഞ്ഞാൽ പോരാ. ഈ സമ്മാനത്തെക്കുറിച്ചു നമുക്ക് ഓർമ്മവരുമ്പോഴൊക്കെ മനസ്സുകൊണ്ടു നാം ദൈവത്തിനു നന്ദിപറയണം. യഥാർത്ഥത്തിൽ ദൈവത്തെ കൂടുതലായി സ്നേഹിക്കുമെന്ന് നമുക്കിപ്പോൾ പ്രതിജ്ഞ ചെയ്യാം. ഈ പ്രതിജ്ഞ അനുസരണ എന്ന പുണ്യംവഴിയും മററുള്ളവരോട് സ്നേഹപൂർവ്വം പെരുമാറിയും നിറവേററാൻ ശ്രമിക്കുക.

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. എന്തു സമ്മാനമാണ് ദൈവം ആദത്തിനും ഹവ്വയ്ക്കും കൊടുത്തത്?
2. ഈ സമ്മാനംവഴി അവർ ആരായിത്തീർന്നു?

## ഭാഗം 2 (30 മിനിട്ട്)

## കഥ

## പാഠാവതരണം

ദൈവത്തിൻെറ വിശേഷസമ്മാനം നമ്മെ സ്വർഗ്ഗത്തിന് അവകാശികളാക്കുന്നു. (ബോർഡിൽ)

നിങ്ങളിൽ ആക്കൊക്കെ സ്വർഗ്ഗത്തിൽ പോകണം? അതേ, നമുക്കെല്ലാവക്കും സ്വർഗ്ഗത്തിൽ പോകാൻ വലിയ ആശയുണ്ട്; ഇല്ലേ? നമുക്ക പോകതന്നെ വേണം. അതാണ് നമ്മുടെ ശരിയായ വീട്. അവിടെ ചെന്നാൽ നമ്മുടെ സ്വർഗ്ഗീയപിതാവ് ഒരിക്കലും അവസാനിക്കാത്ത സന്തോഷം നമുക്ക തരും. എന്നാൽ അവിടെ ചെല്ലാൻ നമുക്കൊരു അവകാശം വേണ്ടേ? ആക്കമാത്രമാണ് സ്വർഗ്ഗത്തിൽ പോകാൻ അർഹതയുള്ളതു്? പട്ടിയും പൂച്ചയുമൊക്കെ സ്വർഗ്ഗത്തിൽ പോകുമോ? എന്തുകൊണ്ട് പോകുകയില്ല? നമ്മെ ദൈവമക്കളാക്കിത്തീക്കുന്നതെന്താണ്? നമ്മിൽ ദൈവികജീവൻ ഇല്ലെങ്കിൽ നമുക്ക സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുകയില്ല. അതില്ലാത്തതിനാലാണ് മൃഗങ്ങൾക്കും ചെടികൾക്കും മററും സ്വർഗ്ഗത്തിൽ പോകാൻ സാധിക്കാത്തതു്. എല്ലാ മനുഷ്യക്കും സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുമോ? ദൈവികജീവനുണ്ടെങ്കിൽ തീർച്ചയായും, എല്ലാ മനുഷ്യരും സ്വർഗ്ഗത്തിൽ പോകും. ഈ പുതിയ ജീവൻ ഇല്ലാത്തവർ ദൈവത്തിന്റെ കുടുംബത്തിൽ പെട്ടവരല്ല. (അഞ്ചാമത്തെ പടിയിൽ ആദത്തിന്റെയും ഹവ്വയുടേയും ചിത്രം വരച്ചതിന്റെ ഉദ്ദേശ്യം ഇവിടെ വിവരിക്കുക.) ദൈവത്തിന്റെ കുടുംബത്തിൽ പെടാത്തവക്ക് സ്വർഗ്ഗത്തിന്ന് അവകാശമില്ല. നിങ്ങളുടെ വീടിനടുത്തു താമസിക്കുന്ന ഒരു വീട്ടിലെ കുട്ടിയാണു രവി എന്നു കരുതുക. രവിക്കു് നിങ്ങളുടെ അപ്പൻ വേലചെയ്തുണ്ടാക്കുന്ന സമ്പത്തിന്, പണത്തിന് അവകാശമുണ്ടോ? അവന്ന് അവകാശം ഇല്ലാത്തതു് എന്തുകൊണ്ട്?

പണ്ടൊരിക്കൽ നമ്മൾ സൂസിയുടെ കഥ പറഞ്ഞതു് ഓക്കുന്നുണ്ടോ, നിങ്ങൾ? ഈ സൂസിക്കു് കളിക്കാൻ ഒരു പട്ടിക്കുഞ്ഞു് കൂട്ടുണ്ടായിരുന്നു. അതിന്റെ പേരു് ജിമ്മിയെന്നാണ്. ജിമ്മിയെ ആ വീട്ടിലെല്ലാവക്കും ഇഷ്ടമാണ്. എന്തുകൊണ്ടെന്നാൽ സൂസിക്കു് അതിനെ വലിയ ഇഷ്ടമാണ്. എന്നാലും സൂസിയെപ്പോലെ തന്റെ ഒരു മകളായി ജിമ്മിയെ സൂസിയുടെ അമ്മ കരുതുമോ? തീർച്ചയായും ഇല്ല.

ഒരു ദിവസം സൂസിയുടെ വീട്ടിൽ ഉണ്ടായ ഒരു സംഭവം ഞാൻ പറയാം. കഴിഞ്ഞ വലിയ അവധിക്കാലത്തു് സൂസിയുടെ ഇളയപ്പൻ അവളുടെ വീട്ടിൽ വന്നു. സൂസിക്കു് ധാരാളം സമ്മാനങ്ങളും കൊണ്ടുവന്നു. സൂസി സന്തോഷംകൊണ്ടു് തുള്ളിച്ചാടി. അവളുടെ സമ്മാനങ്ങൾ കണ്ടപ്പോൾ അവളുടെ പട്ടിക്കുഞ്ഞും അവൾക്കുചുററും ഓടിനടന്നു. പക്ഷെ അതു് സൂസിയെപ്പോലെ സന്തോഷിച്ചില്ല. സൂസി സമ്മാനങ്ങളെല്ലാം പട്ടിക്കുഞ്ഞിനെ കാണിച്ചു പലതും പറഞ്ഞു. പട്ടിക്കുഞ്ഞു് ഒരു മറുപടിയും പറഞ്ഞില്ല. ഒന്നു മണത്തുനോക്കുകമാത്രം ചെയ്തിട്ടു് അതു് ഒരിടത്തു ചെന്നു കിടന്നു.

എന്തുകൊണ്ടാണ് ജിമ്മിക്കു് സൂസിയെപ്പോലെ സന്തോഷിക്കാൻ സാധിക്കാതെപോയതു്? ഇളയപ്പന്റെ വരവിലും സമ്മാനത്തിലും ഒന്നും സൂസിയെപ്പോലെ ജിമ്മി സന്തോഷിക്കാത്തതിന് കാരണ

മുണ്ട്. സൂസിയുടേതുപോലെയുള്ള ജീവൻ ജിമ്മിയ്ക്കില്ല. അതു ജിമ്മിയ്ക്കു കൊടുക്കാൻ സൂസിക്കു സാധ്യവുമല്ല.

ജിമ്മിക്കു കൊടുക്കാൻ സൂസി ആഗ്രഹിച്ചതെന്താണ്? തൻേറതുപോലൊരു ജീവൻ. കൊടുക്കാൻ സാധിച്ചോ? ഇല്ല. ദൈവമാകട്ടെ, ആദത്തിനും ഹവ്വയ്ക്കും തൻേറതുപോലുള്ള ജീവൻ കൊടുക്കാൻ ആഗ്രഹിച്ചു; കൊടുത്തു. കാരണം ദൈവം സർവ്വശക്തനാണ്. അവിടുത്തേക്ക് എല്ലാം സാധിക്കും. പട്ടിക്കുഞ്ഞിനു മനുഷ്യജീവൻ കൊടുത്തു മനുഷ്യക്കുഞ്ഞാക്കാൻ സൂസി ആഗ്രഹിച്ചു. സാധിച്ചില്ല. ആദത്തേയും ഹവ്വയേയും ദൈവത്തിൻെറ കുഞ്ഞുങ്ങൾ—ദൈവമക്കൾ—ആക്കാൻ ദൈവം ആഗ്രഹിച്ചു. ദൈവം തൻെറ ജീവനിൽനിന്ന് അവർക്കു കൊടുത്തു; അവർ ദൈവത്തിൻെറ കുഞ്ഞുങ്ങളായി, ദൈവമക്കളായി.

നമ്മുടെ വീടെന്നു നാം കരുതുന്നതു് നമ്മുടെ അപ്പനും അമ്മയും താമസിക്കുന്ന സ്ഥലമാണ്. (ഒരു കുടുംബചിത്രം കാണിക്കുക) ആ വീട്ടിലേതാണ് അവിടുത്തെ കുട്ടികളും. ദൈവത്തെ നാം എങ്ങനെയാണു വിളിക്കുന്നതു്? പിതാവു്; പിതാവു് എന്നു പറഞ്ഞാൽ അപ്പൻ എന്നാണ് അർത്ഥം. നാം ദൈവത്തെ പിതാവെന്നു വിളിക്കുന്നെങ്കിൽ, നമ്മുടെ പിതാവു സ്വർഗ്ഗത്തിലാണെങ്കിൽ, നമ്മുടെ വീടും എവിടെയായിരിക്കും? സ്വർഗ്ഗത്തിൽ. നാം ദൈവത്തിൻെറ യഥാർത്ഥമക്കളായതുകൊണ്ടു നമുക്കു സ്വർഗ്ഗത്തിൽ പോകാൻ അവകാശമുണ്ട്. നാം അവിടെ ചെല്ലുമ്പോൾ നമ്മുടെ പിതാവായ ദൈവത്തെ ഭംഗിയായി—നിങ്ങൾ എന്നെ ഇപ്പോൾ കാണുന്നതുപോലെ നന്നായി—നേരിട്ടു കാണും. നാം കണ്ടിട്ടുള്ള എല്ലാ സുന്ദരവസ്തുക്കളെയുംകാൾ, മനോഹരസ്ഥലങ്ങളേയുംകാൾ സുന്ദരമാണ് -- ഏററം അഴകുള്ളതാണ്—സ്വർഗ്ഗം. ഈ ലോകത്തിലുള്ള യാതൊന്നും സ്വർഗ്ഗത്തെപ്പോലെ മനോഹരമല്ല. അവിടെ നമുക്ക് സദാ സന്തോഷമാണ്, അവിടെ സന്തോഷമേയുള്ളു. ആ സന്തോഷത്തിന് അളവില്ല; അവസാനമില്ല. ഒരു ദിവസത്തേയ്ക്കുല്ല, ഒരു വർഷത്തേയ്ക്കുല്ല, നൂറുകൊല്ലത്തേയ്ക്കുല്ല, എന്നും എന്നേക്കും. ഒന്നാലോചിച്ചുനോക്കു! അതെത്ര വലിയ ഭാഗ്യമാണെന്ന്! ഒരിക്കൽ നാം സ്വർഗ്ഗത്തിൽ ചെന്നുചേർന്നാൽ പിന്നെ എന്നും നാം അവിടെത്തന്നെയായിരിക്കും. അവിടെ വിശപ്പില്ല, ദാഹമില്ല, രോഗമില്ല, മരണമില്ല, ദൈവത്തോടൊന്നിച്ചു പരിപൂർണ്ണമായി സന്തോഷിക്കാം. അത്തരമൊരു സൗഭാഗ്യത്തിനു നമ്മെ അവകാശികളാക്കിയതിന് ഒരിക്കൽക്കൂടി (ഒരു) കൃതജ്ഞതാസ്തോത്രം ചൊല്ലുന്നതു നല്ലതല്ലേ?

### കുട്ടികളുടെ പ്രവർത്തനം

ഏതാനും പുതിയ വരികൾ കൂട്ടിച്ചേർത്തു് ആദ്യഭാഗത്തെ കൃതജ്ഞതാസ്തോത്രം ചൊല്ലിക്കുക.

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| ഞങ്ങളിലുള്ള ദൈവികജീവനും സ്നേഹത്തിനുമായി, | പിതാവേ അങ്ങേയ്ക്കു നന്ദി |
| അങ്ങയുടെ മക്കളായിത്തീരാൻ ഇടയാക്കിയതിനു്, | ,, ,, |
| അങ്ങയുടെ കുടുംബത്തിലെ അംഗമാക്കിത്തീർത്തതിനു്, | ,, ,, |
| എന്നും അങ്ങെ കാണാനുള്ള ഭാഗ്യത്തിനായി ഞങ്ങളെ തിരഞ്ഞെടുത്തതിനു്, | ,, ,, |
| ഞങ്ങളിലുള്ള ദൈവികദാനങ്ങൾക്കായി | ,, ,, |

## പ്രയോഗം

'സ്വർഗ്ഗത്തിനു് ഞങ്ങളെ അവകാശികളാക്കിത്തീർത്തതിനു് പിതാവേ അങ്ങേയ്ക്കു നന്ദി.' ഈ കൃതജ്ഞതാവാക്യം ഇന്നു് ഉറങ്ങാൻ പോകുന്നതിനുമുൻപു് മൂന്നുതവണ പറയുക. ഏതെങ്കിലും ഒരു കൂട്ടുകാരനേയോ ഇളയ കുട്ടികളേയോ അതു ചൊല്ലാൻ പ്രേരിപ്പിക്കുക.

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. എന്തു പ്രത്യേക സമ്മാനമാണു ദൈവം ആദത്തിനും ഹവ്വയ്ക്കും കൊടുത്തതു്?

2. ആ സമ്മാനം അവരെ ആരാക്കിത്തീർത്തു?

3. നമുക്കെങ്ങനെ ദൈവമക്കളായിത്തീരാൻകഴിയും?

4. നമ്മുടെ യഥാർത്ഥ വീടെവിടെയാണു്?

5. സ്വർഗ്ഗമാകുന്ന വീടിനു നമ്മെ അവകാശികളാക്കിത്തീർക്കുന്നതെന്തു്?

6. ദൈവത്തിൻെറ ജീവനും സ്നേഹവും നമ്മെ എന്താക്കിത്തീർക്കുന്നു? ഒന്നും ആറും ചോദ്യങ്ങളുടെ ഉത്തരം ഹൃദിസ്ഥമാക്കുക.

## ഉപസംഹാരപ്രാർത്ഥന

അങ്ങേ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ. അല്പനേരം മൗനമായിനിന്ന് ദൈവത്തോടു സംസാരിക്കുവാൻ കുഞ്ഞുങ്ങളെ ഉപദേശിക്കുക. സ്വർഗ്ഗസ്ഥനായ പിതാവേ, എന്ന പ്രാർത്ഥനയിൽ പഠിച്ചതുവരെയുള്ള ഭാഗം കൂട്ടമായി ചൊല്ലി പ്രാർത്ഥിക്കട്ടെ.

# 5

# ദൈവമേ നന്ദി

**ഉപക്രമം**

ദൈവത്തിൻെറ മഹത്തായ നിരവധി ദാനങ്ങളെക്കുറിച്ച് പഠിച്ചു കഴിഞ്ഞ നമുക്ക് അവിടുത്തെ പക്കലേക്കു തിരിഞ്ഞു് ഒരു കൃതജ്ഞതാസ്തോത്രം പാടാതെ അടുത്തൊരു പാഠത്തിലേയ്ക്കു കടന്നുപോകാൻ സാധിക്കുകയില്ല. ആകയാൽ ഈ അവസരത്തിൽ പ്രാർത്ഥനയെക്കുറിച്ച് ഒരുക്ലാസ്സ് നടത്തുന്നതു് (ഒരു പാഠമെടുക്കുന്നതു്) സമുചിതമായിരിക്കും.

കേവലം യാന്ത്രികമോ സാങ്കേതികമോ ആയ ഒരു ബോധനരീതി പ്രാർത്ഥനയെക്കുറിച്ചു പഠിപ്പിക്കുവാൻ സ്വീകരിച്ചുകൂടാ. ഭംഗിയുള്ള വാക്കുകൾ ക്രമമായി ഉരുവിടുന്നതല്ലല്ലോ പ്രാർത്ഥന. നമ്മുടെ "മനസ്സും ഹൃദയവും ദൈവത്തിങ്കലേയ്ക്കു് ഉയർത്തുക", അതായതു് ദൈവവുമായി സ്നേഹസംഭാഷണം (സംഭാഷണമെന്നാലെന്തെന്നു് വിവരിക്കണം) നടത്തുകയാണു് പ്രാർത്ഥന. അതു മുഖ്യമായും മനസ്സിൻെറയും ഹൃദയത്തിൻെറയും പ്രവർത്തനമാണു്, സ്നേഹത്തിനുപകരം സ്നേഹം കൊടുക്കുവാനുള്ള അതിയായ ആഗ്രഹമാണു്, തന്നേയും തനിക്കുള്ളവയേയും ദൈവത്തിനു കാഴ്ചവയ്ക്കുകയാണു്. ഈ സംഗതികൾ കുട്ടികൾ ആരംഭംമുതൽതന്നെ മനസ്സിലാക്കിയിരിക്കണം. ദൈവസഹായം കൂടാതെ ഇക്കാര്യം കുഞ്ഞുങ്ങളെ മനസ്സിലാക്കാൻ സാധ്യമല്ല. ആകയാൽ അദ്ധ്യാപകൻതന്നെ ശരിയായി പ്രാർത്ഥിക്കുന്നവനും പ്രാർത്ഥിക്കേണ്ടതെങ്ങനെയാണെന്നറിയാവുന്നവനും ആയിരിക്കണം. എല്ലാവിധത്തിലും കുഞ്ഞുങ്ങൾക്കു് ഒരു മാതൃകയായിരിക്കണം അദ്ധ്യാപകൻ. കുട്ടികൾ അദ്ധ്യാപകൻെറ വാക്കുകളിലല്ല അധികം ശ്രദ്ധിക്കുന്നതു്; അദ്ദേഹത്തിൻെറ, ആത്മാർത്ഥതയിലാണു്. അതു മനസ്സിലാക്കുന്നതിൽ ബഹുസമർത്ഥരാണവർ. അതുകൊണ്ടു് അദ്ധ്യാപകൻെറ നല്ലമാതൃക ഇക്കാര്യത്തിൽ കുഞ്ഞുങ്ങളെ വളരെയധികം സഹായിക്കും. പ്രാർത്ഥനയെക്കുറിച്ചു പഠിപ്പിക്കുവാൻ ഒന്നിലധികം ക്ലാസ്സുകൾ എടുക്കുകയും വേണം. എന്തിനാണു പ്രാർത്ഥിക്കേണ്ടതു് എന്നീ കാര്യങ്ങൾ കുട്ടികളെ കൂടെക്കൂടെ ഓർമ്മിപ്പിക്കണം.

**ലക്ഷ്യം**

പ്രാർത്ഥന, സ്നേഹനിധിയായ ദൈവത്തോടു നാം കാണിക്കുന്ന ഏററവും സ്വാഭാവികമായ പ്രതിസ്നേഹമാണെന്നു കുട്ടികളെ മനസ്സിലാക്കുക; അങ്ങനെ പ്രാർത്ഥനയെ വിലമതിക്കുവാൻ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുക.

**പ്രധാനപാഠം**
**കൃതജ്ഞത**

## ഭാഗം 1 രൂപരേഖ

**പ്രധാനാശയം**

സ്നേഹപൂർവ്വം ദൈവത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ട് അവിടുത്തോടു സംസാരിക്കുന്നതാണു പ്രാർത്ഥന.

നാം സ്നേഹത്തോടും ശ്രദ്ധയോടുംകൂടി പ്രാർത്ഥിക്കണം.

**കഥ**

ആദവും ഹവ്വയും ദൈവത്തെ നന്ദിപൂർവ്വം സ്മരിക്കുന്നു.

**കുട്ടികളുടെ പ്രവർത്തനം**

പ്രാർത്ഥനയ്ക്കു സ്വീകരിക്കേണ്ട നിലയും ഭാവവും എങ്ങനെയുള്ളതായിരിക്കണമെന്ന് അഭ്യസിക്കുക. (പ്രയോഗിച്ചു ശീലിക്കുക) ദൈവസന്നിധിയിലാണു നാം പ്രാർത്ഥിക്കുന്നത് എന്നു ബോധമുണ്ടായിരിക്കുക.

**പ്രയോഗം**

നാം എവിടെയായാലും ആരുടെ മുമ്പിലായാലും ശ്രദ്ധയോടും സ്നേഹത്തോടുംകൂടി പ്രാർത്ഥിക്കുക.

**ഓർമ്മിക്കാൻ**
**ചോദ്യങ്ങൾ**

1. പ്രാർത്ഥനയെന്നാലെന്താണ്?
2. എന്തിനാണു നാം പ്രാർത്ഥിക്കുന്നത്?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

അനുദിന പ്രാർത്ഥനയുടെ പ്രാധാന്യം.

പ്രാർത്ഥന, ദൈവത്തിന്റെ സ്നേഹം നമ്മിലേയ്ക്കു കൊണ്ടുവരുവാനുള്ള മാർഗ്ഗമാണ്.

**കഥ**

സൂസി പ്രാർത്ഥിക്കുവാൻ പഠിച്ചതെങ്ങനെയെന്നുള്ള കഥാഭാഗം

## കുട്ടികളുടെ പ്രവർത്തനം

പ്രഭാതസമർപ്പണഗാനം പഠിക്കുക; പാടാൻ പരിശീലിപ്പിക്കുക.

രാവിലെയും രാത്രിയിലുമുള്ള പ്രാർത്ഥനകൾ ശ്രദ്ധയോടും സ്നേഹത്തോടുംകൂടെ ചൊല്ലുക. മററുസമയങ്ങളിലും ഇടയ്ക്കിടയ്ക്ക് പ്രാർത്ഥിക്കുവാൻ ശീലിക്കുക. സാധിക്കുന്നപക്ഷം സക്രാരിയിൽ ഇരിക്കുന്ന കർത്താവിനെ സന്ദർശിക്കുകയും ചെയ്യുക.

### ഓർമ്മിക്കാൻ ചോദ്യങ്ങൾ

1. നമുക്കു ദൈവത്തിൽനിന്നു കിട്ടിയിട്ടുള്ള സമ്മാനങ്ങൾ ഏതെല്ലാം?
2. അവിടുത്തെ സമ്മാനങ്ങൾക്കു നന്ദി പറയുവാൻ നമുക്കെങ്ങനെ സാധിക്കും?
3. നാം എന്നും പ്രാർത്ഥിക്കണമെന്നു പറയുന്നതെന്തുകൊണ്ട്?

## ഭാഗം 1 (30 മിനിട്ട്)

### പ്രാരംഭപ്രാർത്ഥന

(പഠിച്ചതുവരെയുള്ള ഭാഗം) സ്വർഗ്ഗസ്ഥനായ........

ഏതാനും നിമിഷങ്ങൾ മൗനമായിനിന്ന് ദൈവത്തോടു സംസാരിക്കുക. അനന്തരം സാവധാനത്തിലും ഭക്തിയോടെയും താഴെക്കാണുന്ന സുകൃതജപം ചൊല്ലുക. 'കർത്താവേ, പ്രാർത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.'

### പ്രാരംഭം

നാമെല്ലാം ആരുടെ മക്കളാണെന്നാണു കഴിഞ്ഞ ക്ലാസ്സിൽ പഠിച്ചത്? ദൈവത്തിൻെറ. നാമെല്ലാം തൻെറ മക്കളാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ദൈവജീവൻതന്ന് അവിടുന്നു നമ്മെ അവിടുത്തെ മക്കളാക്കുന്നു ദൈവം എത്ര നല്ലവനാണെന്നു നോക്കൂ! ദൈവം ആരാണു നമുക്ക്? ദൈവം എവിടെയിരിക്കുന്നു? അവിടുത്തെ പ്രത്യേക വീടേതാണ്? സ്വർഗ്ഗത്തിൽ പോകാൻ നമ്മെ അവകാശികളാക്കുന്നതെന്താണ്? ദൈവം നമ്മുടെ പിതാവാകയാൽ സ്വർഗ്ഗം നമ്മുടെ വീടാകുന്നു. നമുക്കവിടെ പോകാൻ അവകാശമുണ്ട്. ദൈവം നമുക്കു തന്നിട്ടുള്ള, സമ്മാനങ്ങളെക്കുറിച്ച് ഒന്നുകൂടി ഓർത്തുനോക്കൂ. അപ്പോഴേ നമുക്ക് മനസ്സിലാകൂ, ദൈവം എത്ര നല്ലവനാണെന്ന്.

ആരെങ്കിലും നമുക്കു സമ്മാനം തരുമ്പോൾ നാമെന്തു ചെയ്യണം? എങ്ങനെയാണു നിങ്ങൾ ദൈവത്തിനു നന്ദി പറയാൻ പോകുന്നതു്? നമുക്കും എന്തെങ്കിലും സമ്മാനം ദൈവത്തിനു കൊടുക്കണ്ടേ? വാങ്ങിക്കാൻ മാത്രമല്ല, കൊടുക്കാനും പഠിക്കണ്ടേ? എന്തു സമ്മാനമാണു നിങ്ങൾ ദൈവത്തിനു കൊടുക്കുവാൻ പോകുന്നതു്? (ഈ ചോദ്യത്തിനുത്തരം കുഞ്ഞുങ്ങൾ മനസ്സിൽ കാണട്ടെ. ഇപ്പോൾ അതു പറയിക്കുകയോ പറഞ്ഞുകൊടുക്കുകയോ വേണ്ട).

## കഥ

## പാഠാവതരണം

സ്നേഹപൂർവ്വം ദൈവത്തെക്കുറിച്ച് ചിന്തിക്കുന്നതാണു പ്രാർത്ഥന. എങ്ങനെ ദൈവത്തിനു നന്ദി പറയണമെന്നാണു നമുക്കിന്നു് അറിയേണ്ടതു്. ആദവും ഹവ്വയും ദൈവത്തിനു നന്ദി പറയുവാൻ എന്തു ചെയ്തിരുന്നുവെന്നു് നമുക്കൊന്നു് സങ്കല്പിക്കാം. ആദിമനുഷ്യരായ അവർ വളരെ സന്തോഷത്തോടെയാണു കഴിഞ്ഞിരുന്നതു്. എവിടെയാണു ദൈവം അവരെ താമസിപ്പിച്ചതു്? ആ തോട്ടത്തിന്റെ പേരു് ആരോർമ്മിക്കുന്നുണ്ടു്? സുന്ദരമായ നീലാകാശം കണ്ടപ്പോൾ ആദം പറഞ്ഞിരിക്കും, ഹാ എത്ര നല്ല ആകാശം! ദൈവമേ, നിനക്കു നന്ദി. നല്ലനല്ല പൂക്കളുടെ വാസന മണത്തറിഞ്ഞപ്പോൾ ഹവ്വ എന്തു പറഞ്ഞിരിക്കും? ('നന്ദി' എന്നു പറയുവാൻ കുട്ടികളെ സഹായിക്കുക) മുല്ലപ്പൂക്കളും റോസപ്പൂക്കളും വിരിഞ്ഞുനില്ക്കുന്ന ഭംഗി കണ്ടപ്പോൾ നമ്മുടെ വല്യമ്മയായ ഹവ്വ എന്തു പറഞ്ഞിരിക്കും? നല്ല വെള്ളി മീനുകൾ വെള്ളത്തിൽ തുള്ളിച്ചാടിക്കളിക്കുന്നതു കണ്ടപ്പോൾ ആദം മനസ്സിൽ പറഞ്ഞിരിക്കും, എന്തു്? (ഇതുപോലുള്ള ഏതാനും നാലഞ്ചു ചോദ്യങ്ങൾകൂടെ ആവർത്തിച്ചു് 'നന്ദി' എന്നു കുട്ടികൾ ഉത്തരം പറയാൻ അവസരമുണ്ടാക്കുക.)

ആദവും ഹവ്വയും ദൈവത്തെ അധികമായി സ്നേഹിച്ചു. അതുകൊണ്ടു് അവർ, ദൈവം അവർക്കു നൽകിയ നല്ല സമ്മാനങ്ങൾ കാണുമ്പോഴെല്ലാം, നല്ല പഴങ്ങളൊക്കെ പറിച്ചുതിന്നുമ്പോഴെല്ലാം, ഭംഗിയുള്ള പുഷ്പങ്ങൾ മണത്തു് ആസ്വദിക്കുമ്പോഴെല്ലാം നന്ദി പറഞ്ഞിരിക്കണം.

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| സുന്ദരമാം ലോകത്തെ ഞങ്ങൾക്കു തന്നതിനു്, | ദൈവമേ നിനക്കു നന്ദി |
| ഭക്ഷിപ്പാൻ രുചിയേറും കായ്കനികൾ തന്നതിനു്, | ,, ,, |
| ഭംഗിയേറും പുഷ്പങ്ങൾ ഉണ്ടാക്കിത്തന്നതിനു്, | ,, ,, |

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| തേൻപോലെ മധുരമായി പാടും പക്ഷികളെ തന്നതിനു്, | ,, ,, |
| വെള്ളത്തിൽ തുള്ളിച്ചാടും മീനുകളെ തന്നതിനു്, | ,, ,, |
| ദൈവമേ അങ്ങയുടെ സമ്മാനങ്ങൾക്കെല്ലാററിനുമായി, | ,, ,, |

(ഗാനമായിട്ടോ കവിതപോലെയോ നീട്ടിച്ചൊല്ലുക.)
ഇനി ഞാൻ പറയാൻ പോകുന്ന കാര്യം വളരെ ശ്രദ്ധയോടെ കേൾക്കുക. ആദവും ഹവ്വയും ഓരോ പ്രാവശ്യവും ദൈവത്തോടു് 'നന്ദി' എന്നു പറഞ്ഞപ്പോൾ അവർ എന്തു ചെയ്യുകയായിരുന്നു? അവർ പ്രാൎത്ഥിക്കുകയായിരുന്നു. അതേ, അതുതന്നെയാണു പ്രാർത്ഥന. നാം ദൈവത്തോടു് സ്നേഹപൂൎവ്വം സംസാരിക്കുമ്പോഴൊക്കെ നാം പ്രാൎത്ഥിക്കുന്നു, നമുക്കും അങ്ങനെ സംസാരിക്കുവാൻ ശ്രമിച്ചുനോക്കാം. വരു; എഴുന്നേൽക്കൂ. നമ്മുടെ മുഴുഹൃദയത്തോടെ, നമുക്കൊന്നിച്ചു് സ്വൎഗ്ഗസ്ഥനായ പിതാവിനു് നന്ദിപറയാം. (മുകളിൽ കൊടുത്തിരിക്കുന്ന കവിതാശകലം ആലപിക്കുക.)

'നന്ദി'യെന്ന വാക്കുപറഞ്ഞാൽ പോരാ, നാം പറയുന്നതെന്താണെന്നു ചിന്തിച്ചുകൊണ്ടു ശ്രദ്ധയോടെ, സ്നേഹത്തോടെ 'നന്ദി' എന്നു പറയണം; നല്ല മക്കൾ അവരുടെ അപ്പനോടും അമ്മയോടും സംസാരിക്കുംപോലെ.

നമ്മെ കാണാൻ നമ്മുടെ വീട്ടിൽവരുന്ന നമ്മുടെ സ്നേഹിതരോടും ബന്ധുക്കളോടും എങ്ങനെയാണു നാം സംസാരിക്കുന്നതു്? നാം അവരോടു് മര്യാദയോടെ സംസാരിക്കും, അല്ലേ? അവക്കു് വന്ദനം കൊടുത്തു് അവരെ അകത്തു കയറിയിരിക്കുവാൻ ക്ഷണിക്കും, ഇല്ലേ? അങ്ങനെയൊക്കെ ചെയ്യുമ്പോൾ നാം അവരെക്കുറിച്ചു ചിന്തിക്കുന്നു. നിങ്ങൾതന്നെ പറയൂ; ഈ ലോകത്തിൽ നമ്മെ ഏററവുമധികം സ്നേഹിക്കുന്നതു് ആരാണു്? മറെറല്ലാവരേയുംകാൾ അധികമായി സ്നേഹിക്കുന്നതാരാണു്? അതെ ദൈവം-സ്വൎഗ്ഗസ്ഥനായ നമ്മുടെ പിതാവു്. അപ്പോൾ നാമെങ്ങനെയാണു് അവിടുത്തോടു സംസാരിക്കേണ്ടതെന്നു് ഒന്നോൎത്തുനോക്കൂ.

ആദവും ഹവ്വയും ദൈവത്തോടു സംസാരിച്ചതു് വളരെ ശ്രദ്ധയോടും സ്നേഹത്തോടും കൂടിയായിരുന്നുവെന്നതു തീർച്ച. വെറും വാക്കുകളായിരുന്നില്ല അവർ പറഞ്ഞതു്. തങ്ങൾ പറയുന്നതെന്താണെന്നു് അവർ മനസ്സിലാക്കി പറഞ്ഞിരുന്നു. അവരുടെ ആത്മാവും ശരീരവും ഉപയോഗിച്ചു പ്രാൎത്ഥിച്ചിരുന്നു. അതായതു തലകുനിച്ചു കൈ

ക്കപ്പിനിന്നു് (കാണിച്ചുകൊടുക്കുക) അങ്ങനെ അവർ ദൈവത്തോടു ള്ള നന്ദി കാണിച്ചിരുന്നു. ഒരുപക്ഷെ അവക്കിഷ്ടമുള്ളതും ഭംഗിയു ള്ളതുമായ വസ്തുക്കാം കണ്ടപ്പോഴൊക്കയും ഇങ്ങനെ പ്രാർത്ഥിച്ചിരു ന്നിരിക്കാം.

നമുക്കും ദൈവത്തിനു നന്ദി പറയണ്ടേ? അതെ, നമുക്കും നന്ദി പറ യണം. ശ്രദ്ധയോടും സ്നേഹത്തോടുംകൂടെ പ്രാത്ഥിച്ചുകൊണ്ടു് നന്ദി പറയണം. എന്തുകൊണ്ടെന്നാൽ ദൈവം നമ്മെ സ്നേഹിക്കുന്നു. മനസ്സു കൊണ്ടുമാത്രമല്ല നമ്മുടെ സ്നേഹവും നന്ദിയും കാണിക്കേണ്ടതു്. പ്രാ ത്ഥിക്കുമ്പോഴുള്ള നമ്മുടെ പെരുമാററംകൊണ്ടും അവിടുത്തോടു സ്നേഹ വും നന്ദിയും ഉണ്ടെന്നു കാണിക്കണം. (സ്നേഹപൂവ്വം പ്രാത്ഥിക്കുന്ന കുട്ടികളുടെ ചിത്രം കാണിച്ചും, അദ്ധ്യാപകൻ മാതൃകയായി ചെയ്തു കാണിച്ചും ഈ സംഗതി വ്യക്തമാക്കിക്കൊടുക്കണം.)

## പ്രവത്തനം

എങ്ങനെയാണു നാം പ്രാത്ഥിക്കുമ്പോാം പെരുമാറേണ്ടതെന്നു കുട്ടിക ളിൽ ഏതാനംപേരെക്കൊണ്ടു് ഒററയായും ഒടുവിൽ കൂട്ടമായും ചെ യ്യിച്ചു് അഭ്യസിപ്പിക്കുക. നമുക്കു ദൈവത്തിൽനിന്നു് കിട്ടിയിരി ക്കുന്ന അവയവങ്ങാം ഓരോന്നും തല, കൈകാലുകാം തുടങ്ങിയവ യൊക്കെ പ്രാത്ഥനാവേളയിൽ ഉപയോഗിക്കേണ്ടതെങ്ങനെയെന്നു കാണിച്ചുകൊടുത്തോ അവരെക്കൊണ്ടു പറയിച്ചോ ചെയ്യിക്കുക.

നാം ചിലപ്പോാം നിന്നുകൊണ്ടു പ്രാർത്ഥിക്കും. ഇരുന്നുകൊണ്ടും, മുട്ടിന്മേൽ നിന്നും കിടന്നുകൊണ്ടുമൊക്കെ പ്രാത്ഥിക്കും. നടന്നുകൊ ണ്ടും പ്രാത്ഥിക്കാം. എങ്ങനെയായാലും ശ്രദ്ധയോടും സ്നേഹത്തോടും കൂടെയാണു പ്രാർത്ഥിക്കേണ്ടതു്. നിങ്ങാം എങ്ങനെ പ്രാർത്ഥിക്കു മെന്നു് – എങ്ങനെ നിന്നുകൊണ്ടാണു ദൈവത്തോടു സംസാരിക്കു വാൻ പോകുന്നതെന്നു്—ഒന്നു കാണിക്കുക. നിങ്ങാംക്കിഷ്ടമുള്ളതു മനസ്സിൽ പറയാം. ദൈവംമാത്രം കേട്ടാൽമതി. അതു് ദൈവവും നിങ്ങളും തമ്മിലുള്ള രഹസ്യസംഭാഷണമാണു്, മനസ്സു ദൈവത്തി ങ്കലേയ്ക്കുയത്തുന്നതാണു്.. ദൈവം തന്ന സമ്മാനങ്ങാംക്കു നന്ദി പറ യുമ്പോഴും അവിടുത്തെ സ്നേഹിക്കുന്നുവെന്നു കാണിക്കുമ്പോഴും വള രെ ശ്രദ്ധയോടും സ്നേഹത്തോടുംകൂടെ അതു നിറവേററുക.

## പ്രയോഗം

പള്ളിയിലോ, പള്ളിക്കൂടത്തിലോ, വീട്ടിലോ, തെരുവിലോ എ ന്നുവേണ്ടാ എവിടെ വച്ചായാലും പ്രാർത്ഥിക്കുമ്പോാം വളരെ ശ്രദ്ധ യോടും സ്നേഹത്തോടുംകൂടെ പ്രാർത്ഥിക്കുക. അങ്ങനെ ദൈവത്തിനു നമ്മുടെ നേക്കുള്ള സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കുക.

**ഓർമ്മിക്കാൻ ചോദ്യങ്ങൾ**

1. പ്രാർത്ഥനയെന്നു പറയുന്നതെന്താണ്!
2. എന്തിനാണു നാം പ്രാർത്ഥിക്കുന്നത്?

## ഭാഗം 2 (30 മിനിട്ട്)

**കഥ**

**പാഠാവതരണം**

അനുദിന പ്രാർത്ഥനയുടെ പ്രാധാന്യം.

പ്രാർത്ഥനയെക്കുറിച്ച് നാമെന്തൊക്കെ പഠിച്ചുവെന്ന് നോക്കാം. പ്രാർത്ഥനയെന്നാലെന്താണെന്നു നമുക്കറിയാം. ദൈവത്തോടുള്ള സ്നേഹ സംഭാഷണമാണത്. എന്തിനാണു നാം പ്രാർത്ഥിക്കുന്നത്? അതെ, ദൈവത്തോടു നന്ദി പറയാൻ എങ്ങനെ പ്രാർത്ഥിക്കണ മെന്നാണു നിങ്ങൾ പഠിച്ചത്? ശ്രദ്ധയോടും സ്നേഹത്തോടുംകൂടെ പ്രാർത്ഥിക്കണം.

ഇനി നമുക്ക് വേറൊരുകാര്യംകൂടി പഠിക്കാനുണ്ട്. എപ്പോഴൊക്കെ പ്രാർത്ഥിക്കണം, ഒരു ദിവസത്തിൽ എത്രപ്രാവശ്യം പ്രാർത്ഥിക്കണം എന്ന്.

ദിവസം മുഴുവനും നാം പ്രാർത്ഥിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ദൈവം (രാവും പകലും) ദിവസം മുഴുവനും നമ്മെ കാത്തുസൂക്ഷിക്കുകയും നമുക്കു വേണ്ടതൊക്കെത്തന്ന് നമ്മെ സ്നേഹിക്കുകയും ചെയ്യുന്നു. പക്ഷേ, എല്ലായ്പ്പോഴും 'നന്ദി' 'നന്ദി' എന്നു പറഞ്ഞുകൊണ്ടിരിക്കുവാൻ നമുക്കു സാധിക്കുമോ? തീർച്ചയായും ഇല്ല. പിന്നെ എന്തുചെയ്യണം? (കുട്ടികൾ അല്പനേരം ചിന്തിക്കട്ടെ.) നമ്മളോരോരുത്തരും നമ്മുടെ അപ്പനേയും അമ്മയേയും സ്നേഹിക്കുന്നില്ലേ? അധികമായി സ്നേഹിക്കുന്നില്ലേ? എങ്കിലും അവരോടു നാം എല്ലായ്പ്പോഴും സംസാരിച്ചുകൊണ്ടിരിക്കുന്നില്ലല്ലോ. അതു സാധിക്കുകയില്ല. എന്നാൽ ചില പ്രത്യേകസമയങ്ങളിൽ നാം അവരോടു സംസാരിക്കും. ഉദാഹരണമായി, രാവിലെ കാപ്പിയുടെ സമയത്തോ, അതിനുമുമ്പോ, പിമ്പോ, മിക്കവാറും ഓരോ ഭക്ഷണസമയത്തും, ചിലപ്പോൾ അപ്പൻ ജോലിസ്ഥലത്തുനിന്നു വരുമ്പോഴോ, നാം സ്കൂളിൽനിന്നു വരുമ്പോഴോ അവരോടു സംസാരിക്കുന്ന പതിവുകാണും. ഈ സമയങ്ങളിലല്ലാതെയും നാം സംസാരിക്കും.

നമ്മുടെ പിതാവായ ദൈവത്തിനു നന്നായിട്ടറിയാം, നമുക്ക് അവിടുത്തോട് എല്ലായ്പ്പോഴും സംസാരിച്ചുകൊണ്ടിരിക്കുവാൻ സാധിക്കുകയില്ലെന്ന്. എന്നാൽ ദിവസത്തിൽ ഏതാനും തവണയെങ്കിലും ദൈവത്തോടു നാം സംസാരിക്കുന്നത് അവിടുത്തേക്കു വളരെ സന്തോഷപ്രദമായിരിക്കും.

നമ്മുടെ സൂസി പ്രാൎത്ഥിക്കുവാൻ പഠിച്ചതെങ്ങനെയെന്നറിയണ്ടേ നിങ്ങൾക്ക്? (സൂസിയെ കുട്ടികൾ ഓർമ്മിക്കുന്നുണ്ടോ എന്ന് അദ്ധ്യാപകൻ പരിശോധിക്കുന്നതു നന്ന്) ഒരു ദിവസം രാത്രി സൂസി റേഡിയോ തുറന്നുവച്ച് പാട്ടും കേട്ട രസിച്ചിരിക്കുകയായിരുന്നു. സൂസി നിങ്ങളെപ്പോലെ ആറേഴവയസ്സുള്ള ഒരു കൊച്ചുകുട്ടിയല്ലേ? അതുകൊണ്ടു രാത്രിയിൽ അധികം ഉറക്കമിളച്ചിരിക്കുവാൻ അവളുടെ അമ്മ സമ്മതിക്കുകയില്ല. എട്ടുമണിരാത്രിയായപ്പോൾ അവളോടു പാട്ട നിറുത്തി പോയിക്കിടന്നുറങ്ങുവാൻ അമ്മ ആവശ്യപ്പെട്ടു. അവൾ ഉടനെതന്നെ അനുസരിച്ചു. ഓടിച്ചെന്നു പായിലേയ്ക്കു വീണുകിടന്ന് ഉറക്കംനടിച്ചു. അവളുടെ അമ്മ അവളോട്, സൂസീ, നീ ഒരു കാര്യം മറന്നുപോയെന്നു പറഞ്ഞു: "എന്താണമ്മേ അതു്?" സൂസി ചോദിച്ചു. "ഉറങ്ങാൻ തുടങ്ങുന്നതിനുമുമ്പുള്ള പ്രാൎത്ഥന" അമ്മ മറുപടി പറഞ്ഞു. അവൾ വേഗം മുട്ടിന്മേൽനിന്ന് രാത്രി പ്രാൎത്ഥന ചൊല്ലിത്തീൎത്തു വീണ്ടും കിടന്നു. അമ്മ ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. "മോളേ, നീ വളരെ വേഗത്തിലാണല്ലോ പ്രാൎത്ഥിച്ചുതീൎത്തതു്. നീ പ്രാർത്ഥിച്ചപ്പോൾ പറഞ്ഞ വാക്കുകളെക്കുറിച്ചു ചിന്തിച്ചോ? ദൈവം നിന്നെക്കുറിച്ച് ചിന്തിക്കാനും നിന്നെ രക്ഷിക്കാനും നിനക്കുവേണ്ടി എത്ര സമയം ചെലവഴിക്കുന്നുണ്ടു്?" അമ്മ പറഞ്ഞു. "ദൈവം എന്നെക്കുറിച്ചു ചിന്തിക്കാൻ സമയം എടുക്കുന്നെന്നോ?" സൂസി തിരക്കി. "അതെ മകളെ, നമ്മളെ ഓരോരുത്തരെക്കുറിച്ചും അവിടുന്നു ചിന്തിക്കുന്നുണ്ടു്. ദൈവം നിന്നെ സ്നേഹിക്കുന്നു. അതിനാൽ സ്നേഹപൂൎവ്വം നിന്നെക്കുറിച്ചു ചിന്തിക്കുന്നുണ്ടു്. അപ്പോൾ മോളും ദൈവത്തെക്കുറിച്ചു ചിന്തിക്കേണ്ടതല്ലേ?" അതെ അമ്മ പറഞ്ഞതു ശരിയാണെന്നു സൂസിക്കു തോന്നി. തൻെറ പ്രവൃത്തിയെക്കുറിച്ച് അവൾക്കു ദു:ഖമുണ്ടായി. "മകളേ, നീ സുഖമായി ഉറങ്ങുമ്പോൾപോലും സ്വൎഗ്ഗസ്ഥനായ പിതാവു നിന്നെക്കുറിച്ച് ഓൎക്കുന്നുണ്ടു്. അമ്മ തുടൎന്നു: "നിനക്ക് ആപത്തു വരുത്താതെ കാത്തുസൂക്ഷിക്കുന്നുണ്ടു്. വലിയ സ്നേഹത്തോടും ശ്രദ്ധയോടുംകൂടെയാണ് അവിടുന്നു നിന്നെ സൃഷ്ടിച്ചതു്. ഇപ്പോഴും വലിയ സ്നേഹത്തോടെ നിന്നെ കാത്തുസൂക്ഷിക്കുന്നു. ആ സ്ഥിതിക്കു നീയും ശ്രദ്ധയോടും സ്നേഹത്തോടുംകൂടെ ദൈവത്തെക്കുറിച്ചു ചിന്തിക്കേണ്ടതല്ലേ? അവിടുത്തെ സ്നേഹത്തിനു നന്ദിപറയേണ്ടതല്ലേ?"

സൂസി ഒന്നും മിണ്ടിയില്ല. അവൾ അമ്മ പറഞ്ഞതിനെക്കുറിച്ച് ആലോചിക്കുകയായിരുന്നു. അല്പംകഴിഞ്ഞു് അമ്മ പറഞ്ഞു: മോളെ, നീ എങ്ങനെയാണു ദൈവത്തിനു നന്ദിപറയാൻ പോകുന്നതെന്ന് അമ്മയ്ക്കു കാണിച്ചുതരാമോ? "ഞാൻ കൈകൂപ്പി, തലകുനിച്ചു കണ്ണടച്ച് ഇങ്ങനെ പ്രാർത്ഥിക്കും." അവൾ കാണിച്ചുകൊടുത്തു. "നല്ല മനസ്സോടെ ദൈവം എനിക്കു തന്ന എല്ലാ സമ്മാനങ്ങൾക്കും ഞാൻ ദൈവത്തിനു നന്ദിപറയും" അവൾ അമ്മയ്ക്ക് ഉറപ്പുകൊടുത്തു. അമ്മയ്ക്കു സന്തോഷമായി. സന്തോഷത്തിൻെറ അടയാളമായി മകൾക്ക് ഒരുമ്മ കൊടുത്തിട്ട് അവർ അടുക്കളയിലേയ്ക്കു പോയി.

പിറേറന്നു രാവിലെ സൂസി ഉണൎന്നു. മുഖംകഴുകി കാപ്പികുടിക്കാൻ അവരം അടുക്കളയിലേയ്ക്കു ചെന്നു. 'ഉം! നല്ല മണം. ഇറച്ചിക്കറിയുടെ മണം' അവരം പറഞ്ഞു. അമ്മ അവളുടെ പാത്രത്തിൽ അപ്പവും ഇറച്ചിക്കറിയും വിളമ്പിക്കൊടുത്തു. അവരം ഉടനെതന്നെ അതു തിന്നുതുടങ്ങി. 'ജിമ്മി, നിനക്കു് എല്ലുവേണ്ടേ?' അമ്മ സൂസിയെ നോക്കി ചോദിച്ചു. 'എന്താണമ്മേ എന്നെ ജിമ്മിയെന്നു വിളിക്കുന്നതു്? അതെൻെറ പട്ടിക്കുഞ്ഞല്ലേ?' 'അതെ', അമ്മ സമ്മതിച്ചു. 'ജിമ്മി ആഹാരംകഴിക്കുംമുമ്പു് പ്രാൎത്ഥിക്കാറില്ലല്ലോ? എല്ലുകിട്ടിയാലുടൻ അതു് കടിച്ചുതിന്നുതുടങ്ങും.' 'ഓ! അമ്മേ, ഞാൻ മറന്നുപോയി.' സൂസി പറഞ്ഞു. അവരം ഭക്ഷണം നിറുത്തി തലേന്നു രാത്രിയിലെപ്പോലെ ബഹുമാനത്തോടും ശ്രദ്ധയോടുംകൂടെ പ്രാർത്ഥിച്ചു. "ദൈവമേ, എനിക്കു് ഇത്ര നല്ല ഭക്ഷണം തന്നതിനു് അങ്ങേയ്ക്കു നന്ദി." അമ്മയ്ക്കു സന്തോഷമായി, സൂസി മതിയാവോളം അപ്പവും ഇറച്ചിയും കഴിച്ചു. ഭക്ഷണം കഴിഞ്ഞു ദൈവത്തിനു നന്ദിപറയുവാൻ അവരം മറന്നില്ല. ഇതു കണ്ടു് അമ്മ ചോദിച്ചു. "മോളേ, ഒരു പുതിയ പ്രാർത്ഥന പഠിക്കാൻ നിനക്കിഷ്ടമാണോ?" 'അതെ അമ്മേ, എന്താണതു്?' അവരം ചോദിച്ചു.

"സ്വൎഗ്ഗസ്ഥനായ പിതാവേ ഇന്നെൻെറ എല്ലാ പ്രവൃത്തികളും വിചാരങ്ങളും ഞാൻ അങ്ങേക്കു സമ്മാനമായി തരുന്നു." മകരം ഏററു ചൊല്ലി. അമ്മ ചോദിച്ചു: "എന്താ ഈ പ്രാർത്ഥന നിനക്കിഷ്ടപ്പെട്ടോ?" "ഇഷ്ടപ്പെട്ടു, നല്ല പ്രാൎത്ഥന, ചെറിയ പ്രാർത്ഥന." അവരം തൻെറ അഭിപ്രായം പറഞ്ഞു. 'എപ്പോഴാണമ്മേ ഇതു ചൊല്ലി പ്രാൎത്ഥിക്കേണ്ടതു്?' സൂസി അന്വേഷിച്ചു. 'എന്നും രാവിലെ ഉണരുമ്പോരം നിൻെറ പ്രവൃത്തികളും, പഠനവും, കളിയും, വിചാരവും, ഊണും, ഉറക്കവുമെല്ലാം ഈ പ്രാർത്ഥനയിലൂടെ ദൈവത്തിനു കൊടുക്കുകയാണു്. അങ്ങനെ ദൈവത്തിൻെറ സ്നേഹത്തിനു് പ്രതിസ്നേഹം കാണിക്കുകയാണു്." സൂസി ആ പ്രാർത്ഥന വീണ്ടും ചൊല്ലിക്കൊടുക്കുവാൻ അമ്മയോടു് ആവശ്യപ്പെട്ടു. മൂന്നുനാലുതവണ അമ്മ ചൊല്ലിക്കൊടുത്തു. അവരം അതു മനഃപാഠമാക്കി.

## കുട്ടികളുടെ പ്രവർത്തനം

പ്രഭാതസമർപ്പണം പാടിപ്പഠിക്കുക.

"എൻെറ നല്ല ദൈവമേ, ഞാനിന്നു ചെയ്‌വതെല്ലാം ചിന്ത വാക്കു കമ്മമേതും അങ്ങിലൎപ്പിക്കുന്നേൻ" സൂസിയുടെ അമ്മ അവളെ പഠിപ്പിച്ച പ്രാർത്ഥന പാട്ടുരൂപത്തിലാക്കിയതാണിതു്. വരൂ, എഴുന്നേററുനിന്നു് നമുക്കു് ഒരുമിച്ചു പാടിപ്പഠിക്കാം. കുട്ടികരം സംഘങ്ങളായി തിരിഞ്ഞു് ഈ ഈരടികരം ആവൎത്തിക്കുക.

## പ്രയോഗം

സൂസിയെപ്പോലെ നമുക്കും രാവിലെ ഉണരുമ്പോഴും രാത്രിയിൽ ഉറങ്ങാൻ പോകുമ്പോഴും ഭക്ഷണംകഴിക്കുന്നതിനു മുമ്പും പിമ്പും പ്രാർത്ഥിച്ചുകൂടേ? നല്ല കുട്ടികൾ അതു ചെയ്തു പഠിക്കും. അങ്ങനെ നമുക്ക് പിതാവിനോട് സ്നേഹമാണെന്നു കാണിക്കണം. അതിനുംപുറമെ, നാം കളിക്കുമ്പോഴും, ജോലിചെയ്യുമ്പോഴും, നടക്കുമ്പോഴുമൊക്കെ നമുക്ക് ദൈവത്തെക്കുറിച്ച് സ്നേഹപൂർവ്വം ചിന്തിക്കാം. പള്ളിക്കൂടത്തിലോ, കളിസ്ഥലത്തോ മറ്റോ പോകുമ്പോൾ ഒരു ദേവാലയത്തിൻെറ അടുത്തുകൂടെ കടന്നുപോകാൻ ഇടയായാൽ ഒരു സെക്കൻെറുനേരത്തേയ്ക്ക്, മനസ്സുകൊണ്ട്, അതിനുള്ളിൽ സക്രാരിയിലിരിക്കുന്ന ഈശോയെ ആരാധിക്കുക.

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. എങ്ങനെയാണു ദൈവം നമുക്കു തന്നിട്ടുള്ള സമ്മാനങ്ങൾക്കെല്ലാം നന്ദിപറയേണ്ടതു്?
2. പ്രാർത്ഥനയെന്നാലെന്താണു്?
3. സൂസി ഉറങ്ങാൻ പോയപ്പോഴും ഉണർന്നപ്പോഴും പ്രാർത്ഥിച്ചതെന്തിനു്?
4. ആഹാരംകഴിക്കുന്നതിനുമുമ്പ് സൂസി എന്തുചെയ്യണമെന്നാണു് അവളുടെ അമ്മ പഠിപ്പിച്ചതു്?
5. എന്തുകൊണ്ടു ജിമ്മി പ്രാർത്ഥിക്കുന്നില്ല ഭക്ഷണത്തിനുമുമ്പ്?
6. നമ്മളെന്തിനാണു പ്രാർത്ഥിക്കുന്നതു്?

രണ്ടും ആറും ചോദ്യങ്ങൾക്കുത്തരം മന:പാഠമാക്കുക.

## ഉപസംഹാരപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്ന പ്രാർത്ഥന. (കൂട്ടമായി ചൊല്ലിയശേഷം പ്രഭാതസമർപ്പണത്തിനു പഠിച്ച ഈരടി പാടി ക്ലാസ്സ് അവസാനിപ്പിക്കുക)

# 6

# ഒരു സങ്കടവാർത്ത

### ഉപക്രമം

ഈ പാഠത്തിൽ നിങ്ങൾ പാപത്തെക്കുറിച്ച്—ആദിമാതാപിതാക്കളുടെ പാപത്തെക്കുറിച്ച് പഠിക്കുവാൻ പോകയാണ്. എന്നാൽ ഒരു കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ആദത്തിൻേറയും ഹവ്വയുടേയും അനുസരണക്കേട് തുല്യമാക്കിക്കാണിച്ച് അവരെ ഭയപ്പെടുത്തരുത്. നമ്മുടെ ആദ്യമാതാപിതാക്കന്മാരുടെ പാപം ഗൗരവമുള്ളതായിരുന്നു. കേവലം ജിജ്ഞാസകൊണ്ടുണ്ടായ അനുസരണക്കേടല്ല, അതു്. പൂർണ്ണമനസ്സും, അറിവും പാപം ചെയ്യപ്പോൾ അവർക്കുണ്ടായിരുന്നു. ജന്മപാപം, മാരകപാപം, ലഘുപാപം ഇത്യാദി പദപ്രയോഗങ്ങളും ഈ ക്ലാസ്സിൽ പൂർണ്ണമായി ഉപേക്ഷിക്കേണ്ടതാണ്. പാപത്തെക്കുറിച്ച് പൊതുവായി, ദൈവത്തിനു് അനിഷ്ടകരമായ ഒന്നാണ് പാപമെന്ന് പൊതുവായി കുട്ടികളെ പറഞ്ഞു മനസ്സിലാക്കിയാൽ മതി. നമ്മേ അധികമായി സ്നേഹിക്കുന്ന ദൈവത്തോട് നാം കാണിക്കുന്ന നന്ദികേടാണ് പാപം എന്ന കാര്യം ഊന്നിപ്പറഞ്ഞു് ഗ്രഹിപ്പിക്കണം. തൻെറ കല്പനകൾക്കു വിപരീതമായ പ്രവൃത്തികൾ ദൈവത്തിനു് ഇഷ്ടമാകയില്ല.

### ലക്ഷ്യം

സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനു് ഇഷ്ടക്കേട് വരുത്തുന്നതിനാൽ പാപത്തെക്കുറിച്ച് യഥാർത്ഥവെറുപ്പ് കുഞ്ഞുങ്ങളിൽ ഉളവാക്കുക.

### പ്രധാനപദങ്ങൾ

പാപം, കല്പന

### പാഠോപകരണങ്ങൾ

സന്തോഷമില്ലാത്ത ഒരു കുട്ടിയുടെ ചിത്രം (കരയുന്ന കുട്ടിയുടേതല്ല).

## ഭാഗം 1 രൂപരേഖ

### പ്രധാനാശയം

ആദവും ഹവ്വയും ദൈവത്തോട് അനുസരണക്കേട് കാണിച്ചു. അവരുടെ അനുസരണക്കേടിനു് അവർ ശിക്ഷിക്കപ്പെട്ടു. ദൈവത്തിൻെറ പ്രത്യേകസമ്മാനമായ ദൈവികജീവൻ അവർക്കു നഷ്ടപ്പെട്ടു.

**കഥ**

ആദത്തിൻേറയും ഹവ്വയുടേയും വീഴ്ചയുടെ കഥ.

**കുട്ടികളുടെ പ്രവർത്തനം**

ആംഗ്യങ്ങളോടുകൂടെ മന:സ്താപം പ്രകടിപ്പിക്കുക.

**പ്രയോഗം**

ദൈവത്തോടുള്ള സ്നേഹം കാണിക്കുവാൻ മാതാപിതാക്കന്മാരേയും മററും സന്തോഷത്തോടും, സമ്മനസ്സോടുംകൂടെ അനുസരിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. എന്തു ചെയ്യരുതെന്നാണ് ദൈവം ആദത്തോടും ഹവ്വയോടും പറഞ്ഞിരുന്നതു്?

2. അവർ അനുസരണക്കേട് കാണിച്ചതെങ്ങനെ?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

ദൈവത്തോടു സ്നേഹമില്ലാതെ പെരുമാറുന്നതാണ് പാപം. (ദൈവത്തിൻെറ നിയമങ്ങളെ അനുസരിക്കാത്തതാണ് പാപം). നാംമനപൂർവ്വം ചെയ്യുന്ന തെററുകളേ പാപമാകയുള്ളു. പാപം ദൈവത്തിന് ഇഷ്ടക്കേടുണ്ടാക്കുന്നു.

**കഥ**

സൂസിയുടെ അനുസരണയില്ലായ്മയെപ്പററിയുള്ള കഥാഭാഗം

**കുട്ടികളുടെ പ്രവർത്തനം**

ആംഗ്യങ്ങളോടുകൂടിയ മനസ്താപപ്രകടനം നടത്തുക.

**പ്രയോഗം**

പാപം ചെയ്തതിനെക്കുറിച്ചു് ദു:ഖിക്കുക മാത്രമല്ല, ചെയ്ത പാപത്തിന് ആവുംവിധം പരിഹാരം ചെയ്‌വാൻ ശ്രമിക്കുകയും ചെയ്യുക.

### ഓർമ്മിക്കാൻ
### ചോദ്യങ്ങഠം

1. പാപമെന്നാലെന്തു്?

2. പാപം ചെയ്യുമ്പോഠം നാം ആരോടാണ് അനുസരണക്കേടു കാണിക്കുന്നതു്?

## ഭാഗം 1 (30 മിനിട്ടു്)

### പ്രാരംഭപ്രാർത്ഥന

നമുക്കു് ആവുംവിധം ദൈവത്തെ സ്നേഹിപ്പാൻ ആഗ്രഹമുണ്ടെന്നു് നമ്മുടെ പിതാവിനോടു് ഒരിക്കൽക്കൂടി പറയുന്നതു് നല്ലതല്ലേ? വരൂ, കൈകൂപ്പിനിന്നു്, സ്വർഗ്ഗസ്ഥനായ പിതാവിനെ സ്നേഹിപ്പാൻ ശ്രമിക്കുന്നതാണെന്നു് നമുക്കു് അവിടത്തോടു് പറയാം.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങു് ഏററവും നല്ലവനാണു്.
അങ്ങയെ വേണ്ടവിധം സ്നേഹിപ്പാൻ
ഞാൻ പരിശ്രമിക്കും."

### പ്രാരംഭം

കഴിഞ്ഞ പാഠത്തിൽ നാം എന്തിനെക്കുറിച്ചാണു് പഠിച്ചതെന്നു് ആക്ക പറയാം? (അവർ മറന്നുപോയെങ്കിൽ അദ്ധ്യാപകൻ ഓമ്മിപ്പിക്കുക) ദൈവത്തോടു സംസാരിക്കുന്നതിനെക്കുറിച്ചാണു് നാം കഴിഞ്ഞ പാഠത്തിൽ പഠിച്ചതു്. നാം പ്രാർത്ഥിക്കുമ്പോഠം ആരോടു സംസാരിക്കുന്നു? എങ്ങനെയാണു് നാം പ്രാത്ഥിക്കേണ്ടതു്? നാം എന്തിനു പ്രാർത്ഥിക്കുന്നു?.

കഴിഞ്ഞ ക്ലാസ്സിൽ നമ്മഠം ഒരു പ്രാത്ഥന പഠിച്ചില്ലേ? എന്നും രാവിലെ ചെല്ലാൻ പററിയ ഒരു പ്രാത്ഥന ആരോമ്മിക്കുന്നുണ്ടു്? (അവർ പാടുകയോ, പറയുകയോ ചെയ്യട്ടെ) എന്താ, നല്ല പ്രാത്ഥനയല്ലേ? നമ്മുടെ ദിവസത്തെ മുഴുവൻ ദൈവത്തിനു കാഴ്ച കൊടുക്കുന്ന പ്രാത്ഥന. ദൈവത്തിനു നന്ദി പറയുന്ന നല്ലൊരു പ്രാർത്ഥന. നമ്മളെത്തന്നെ ഒരു പൊതിയിലാക്കികെട്ടി ദൈവത്തിനു് കൊടുക്കുവാൻ സാധിക്കുമോ? ഒരിക്കലുമില്ല. എന്നാൽ നമ്മളെ മുഴുവൻ ദൈവത്തിനു കൊടുക്കുവാൻ നമുക്കു കഴിയും. നമ്മുടെ വിചാരങ്ങളെല്ലാം, നമ്മുടെ വാക്കുകളെല്ലാം, നമ്മുടെ പ്രവൃത്തികളെല്ലാം നമുക്കു ദൈവത്തിനു കാഴ്ചയായി കൊടുക്കുവാൻ കഴിയും. അങ്ങനെ കാഴ്ചവസ്സുന്നുവെന്നു നാം മനസ്സിലാക്കികൊണ്ടു് അവ ചെയ്യുമ്പോഠം നമ്മളെത്തന്നെ നാം ദൈ

വത്തിന്ന കൊടുക്കുകയാണ്. നാം പഠിച്ച ആ പ്രഭാതപ്രാർത്ഥന വഴി നമുക്കുള്ളതെല്ലാം ദൈവത്തിന്ന നൽകുകയാണ്. ഈ പ്രാർത്ഥന പഠിപ്പിച്ചതുമുതൽ ഇന്നുവരെ മുടങ്ങാതെ ആരെല്ലാം ഇതു് രാവിലെ ചൊല്ലി? ആകട്ടെ, നമുക്കിപ്പോഠം ഒരു തവണ ആ പ്രാത്ഥന ഒന്നു് ഒരുമിച്ചു ചൊല്ലുരുതോ? (പ്രാത്ഥിച്ചു കഴിഞ്ഞശേഷം അല്പനേരം മൗനം പാലിക്കുക. ഈ നിശ്ശബ്ദനിമിഷങ്ങഠം തനിയെ ദൈവത്തോടു സംസാരിക്കുവാനുള്ള സമയമാണതെന്നു് നേരത്തെ കുഞ്ഞുങ്ങഠംക്കു പറഞ്ഞുകൊടുത്തിരിക്കണം. അനന്തരം സാവധാനത്തിൽ ഇങ്ങനെ പറയുക) ദൈവമേ, എനിക്കുള്ളതെല്ലാം അവിടുന്നു തന്നതാണ്. അവിടുന്നു് എത്ര നല്ലവൻ! എന്നോടുള്ള സ്നേഹം പലവിധത്തിലാണ് അവിടുന്നു് കാണിച്ചിട്ടുള്ളതു്. ഞാനും എൻെറ പിതാവിനെ സ്നേഹിക്കുവാൻ—അധികമായി സ്നേഹിക്കുവാൻ—എല്ലായ്പ്പോഴും ശ്രമിക്കും.

നാം എപ്പോഴും പിതാവിനു് ഇഷ്ടമുള്ള വിധത്തിലാണോ പെരുമാറുന്നതു്? നമ്മഠം പിതാവിനു് ഇഷ്ടക്കേടായ പ്രവൃത്തികഠം ചെയ്യാറുണ്ടു്, പലപ്പോഴും.

ഞാനിന്നു് വളരെ സങ്കടകരമായ ഒരു കഥ പറയാം. ആദവും ഹവ്വയും ദൈവത്തോടു സ്നേഹമില്ലായ്മ കാണിച്ച കഥ. നമ്മളും ദൈവത്തെ എങ്ങനെയാണു് സ്നേഹിക്കാതിരുന്നതെന്ന കഥ. അതു വലിയ ദുഃഖകഥയാണ്. ലോകത്തു സംഭവിക്കാവുന്ന ദുഃഖകഥകളിൽവെച്ചു് ഏററവും വലിയ ദുഃഖകഥ.

## പാഠാവതരണം

"ആദത്തിൻേറയും ഹവ്വയുടേയും പാപം" (ബോർഡിൽ) നാമെല്ലാം ഇപ്പോഠം പറുദീസയിലാണെന്നു കരുതുക. അവിടെ ആരുണ്ടു് (ആദവും ഹവ്വയും) ആദവും ഹവ്വയും തമ്മിൽ സംസാരിക്കുന്നതു് നമുക്കു കേഠംക്കാമെന്നു വയ്ക്കുക. "സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവു് എത്ര നല്ലവനാണെന്നു നോക്കൂ", ആദം ഹവ്വയോടു പറയുന്നു: "അതേ അദ്ദേഹം നമ്മെ വളരെ അധികം സ്നേഹിക്കുന്നുണ്ടു്. ഇന്നു വൈകുന്നേരം അദ്ദേഹത്തെ കാണുമ്പോഠം അവിടുന്നു തന്ന എല്ലാ സമ്മാനങ്ങഠംക്കും നമുക്കു നന്ദിപറയണം", ഹവ്വ പറഞ്ഞു. "നമുക്കു തിന്നാൻ എന്തെല്ലാം നല്ല സാധനങ്ങളാണു് അവിടുന്നു തന്നിട്ടുള്ളതു്. ഏതെല്ലാം തരത്തിലുള്ള പക്ഷികളേയും മൃഗങ്ങളേയുമാണു് അവിടുന്നു നമുക്കായി സൃഷ്ടിച്ചിട്ടുള്ളതു്? അവയ്ക്കെല്ലാം ദൈവത്തോടു നന്ദിപറയണം. പക്ഷേ, അവിടുത്തെ ആ വിശേഷസമ്മാനത്തിനു്—അവിടുത്തെ ജീവനും സ്നേഹവും നമുക്കു തന്നതിനു്—നാം എങ്ങനെ നന്ദിപറഞ്ഞാൽ മതിയാകും!" എന്നിങ്ങനെ ആദം ഹവ്വയോടു പറയുന്നു. "ദൈവത്തിൻെറ ജീവനും സ്നേഹവും നമ്മിലുണ്ടായിരിക്കുക, അതെത്ര വലിയ കാര്യമാണ്. നമ്മെ അവിടുത്തെ മക്കളാക്കിത്തീർത്ത ആ മഹാനന്മയ്ക്കു് വേണ്ടവിധം നന്ദി പറയാൻ സാധിക്കുകയില്ല. അതു്

അത്രവലിയ കാര്യമാണ്, ഒരു അത്ഭുതം തന്നെയാണ്" എന്നി ങ്ങനെ ഹവ്വ തൻെറ അഭിപ്രായം പറയുന്ന അപ്പോഠം.

അതേ, ദൈവം അവക്ക് വളരെ അധികം സമ്മാനങ്ങഠം കൊടുത്തി രുന്നു; വളരെയേറെ. അതിനു നന്ദിയായി—പകരമായി—അവർ ദൈവത്തെ വളരെ അധികം സ്നേഹിക്കേണ്ടതായിരുന്നു. ദൈവത്തോ ട് അവക്കുള്ള സ്നേഹത്തിൻെറ അടയാളമായി ഒരു കാര്യം ദൈവം അവരോട് ആവശ്യപ്പെട്ടു: "ആ തോട്ടത്തിലെ ഒരു പ്രത്യേക മരത്തി ൻെറ പഴം മാത്രം തിന്നരുത്."

ആദത്തിനും ഹവ്വയ്ക്കും വലിയ സന്തോഷമായിരുന്നു. അവർ ആ തോട്ടത്തിൽ സസന്തോഷം വേല ചെയ്തു. അതിനെ സൂക്ഷിച്ചു. കാ ഴ്ചകഠം നോക്കിക്കണ്ടു് അവർ ആ തോട്ടത്തിലൂടെ അങ്ങോട്ടുമിങ്ങോ ട്ടും നടന്നു രസിച്ചിരിക്കും. അവിടെ പല നല്ല വസ്തുക്കഠം അവക്കു കണ്ടു രസിക്കാനുണ്ടായിരുന്നു.

ഒരു ദിവസം ഹവ്വ ആ തോട്ടത്തിലൂടെ നടക്കുകയായിരുന്നു. നടന്നു നടന്നു ആ പ്രത്യേകമരത്തിനടുക്കൽ എത്തി. തൊടാൻ പാടില്ലെന്നു്, പഴം തിന്നരുതെന്നു് ദൈവം വിലക്കിയിരുന്ന ആ മരത്തിൻെറ അടു ക്കൽ. "ഞാൻ ഇവിടെ വരരുതാത്തതാണ്" ഹവ്വ ഇങ്ങനെ വിചാരി ച്ചുകാണും. പക്ഷേ, അവഠം ആ മരത്തിൻെറ ചുവട്ടിൽത്തന്നെ നിന്നു. എന്തുകൊണ്ടു് ഈ മരത്തിലെ പഴം മാത്രം ഞങ്ങഠംക്കു തിന്നുകൂടാ? അതിലെ പഴങ്ങഠം നോക്കിക്കൊണ്ടു് അവഠം തന്നോടുതന്നെ ചോ ദിച്ചു. ആ പഴത്തിൻെറ ഭംഗി നോക്കിക്കൊണ്ടു് 'ഹാ എത്ര നന്നാ യിരിക്കുന്നു! ഇതു തിന്നുകയാണെങ്കിൽ മരിക്കുമെന്നല്ലേ ദൈവം പ റഞ്ഞിരിക്കുന്നതു്. പക്ഷേ, ഈ പഴം വളരെ നന്നായിരിക്കുന്നു. എ ന്തുകൊണ്ടായിരിക്കും ഈ നല്ല പഴം തിന്നരുതെന്നു് ദൈവം ഞങ്ങ ളോടു പറഞ്ഞതു്?" ഇതൊക്കെയായിരുന്നു ഹവ്വയുടെ വിചാരം. ഹ വ്വ കുറെക്കൂടെ ആ മരത്തോടടുത്തു. താൻ കുഴപ്പത്തിലകപ്പെടുകയാണെ ന്നു ഹവ്വയ്ക്കു നല്ലവണ്ണമറിയാമായിരുന്നു. "ഓ! ഞാൻ ഒന്നടുത്തുനിന്നു നോക്കുകമാത്രമേചെയ്യു" ഹവ്വ വീണ്ടുംവിചാരിച്ചു: 'ഈ പഴം തിന്നരു തെന്നു ദൈവം പറയാൻ കാരണമെന്തെന്നു്ചിലപ്പോഠം എനിക്കു മ നസ്സിലായേക്കും'. വീണ്ടുംഹവ്വ മരത്തോടടുത്തു. ഹവ്വയ്ക്കു ഉള്ളിൽ നല്ല ഭയമുണ്ടായിരുന്നു ഈ സമയം. ഈ മരത്തെവിട്ടു് ഓടിപ്പോകണ മെന്നു ഹവ്വയ്ക്കു് അറിയാമായിരുന്നു. പെട്ടെന്നു ആരോ ഹവ്വയോടു സംസാരിക്കുന്നതുകേട്ടു. ഹവ്വ ശ്രദ്ധിച്ചു. അതു് ആ മരത്തിൻെറ കൊമ്പിൽ നിന്നാണെന്നു ഹവ്വയ്ക്കു മനസ്സിലായി. അതു് പിശാചി ൻെറ ശബ്ദമായിരുന്നു. പിശാചു് പാമ്പിൻെറ രൂപത്തിൽ കാണ പ്പെട്ടു. 'എന്തുകൊണ്ടാണ് നിങ്ങഠം ഈ പഴം തിന്നാത്തതു്' പി ശാചു ചോദിച്ചു. 'ഈ പഴം തിന്നാൽ ഞങ്ങഠം മരിച്ചുപോയേക്കും' ഹവ്വ പറഞ്ഞു. 'ഓ, തീർച്ചയായും നിങ്ങഠം മരിക്കുകയില്ല. നി

ങ്ങരം ദൈവത്തെപ്പോലെയാകും.' ദൈവത്തിനറിയാവുന്നതെല്ലാം നിങ്ങരംക്കും അറിയാൻ കഴിയും. ദൈവം ചെയ്യുന്നതെല്ലാം നിങ്ങരംക്കും ചെയ്യാൻ സാധിക്കും.' പിശാചു് പറഞ്ഞു.

ആദത്തിനും ഹവ്വയ്ക്കും ദൈവം കൊടുത്ത ഒരു പരീക്ഷയായിരുന്നു പഴം തിന്നരുതെന്നുള്ള കല്പന. ദൈവത്തെ സത്യമായി അവർ സ്നേഹിക്കുന്നുണ്ടോയെന്നു് പരിശോധിപ്പാൻവേണ്ടി മാത്രമായിരുന്നു ആ പരീക്ഷ. ദൈവത്തിൻെറ കല്പനയ്ക്കു് എതിരായി പ്രവൎത്തിക്കുന്നതു് തെററാണെന്നു് ഹവ്വയ്ക്കു് അറിയാമായിരുന്നു. ഈ മരത്തിലെ പഴം തിന്നുമ്പോരം ദൈവത്തിനു് ഇഷ്ടക്കേടായി താൻ പ്രവൎത്തിക്കും എന്നു് ഹവ്വ മനസ്സിലാക്കിയിരുന്നു. പക്ഷേ ഓ എത്ര സങ്കടകരം. അതു സംഭവിച്ചു—ആ ദുഃഖകഥ സംഭവിച്ചു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിനു പകരം ഹവ്വ ആ മരത്തിൽ നിന്നു ഏതാനും പഴങ്ങരം പറിച്ചുതിന്നു. ഉടൻതന്നെ തനിക്കു എന്തോ വ്യത്യാസം വന്നതുപോലെ ഹവ്വയ്ക്കു തോന്നി. ഉള്ളിൽ വലിയൊരു ഭയം. തൻെറ സന്തോഷമെല്ലാം നഷ്ടപ്പെട്ടതുപോലെ ഹവ്വയ്ക്കു തോന്നി.

ഹവ്വ ആദത്തിൻെറ അടുക്കലേയ്ക്കു ഓടി, തൻെറ കൈയിൽ കുറെ പഴങ്ങളുമായി. ഹവ്വ ആ പഴങ്ങരം ആദത്തിനും കൊടുത്തു. ആദം അതു വാങ്ങിക്കരുതായിരുന്നു. അതു ഭക്ഷിക്കുക ദൈവത്തോടു് കാണിക്കുന്ന അനുസരണക്കേടാണെന്നു് ആദം അറിഞ്ഞിരുന്നു. പക്ഷേ, അതൊന്നും ആദം അത്ര വകവെച്ചില്ല. ഹവ്വ കൊടുത്ത പഴം ആദം തിന്നു. തൻെറ സ്വൎഗ്ഗസ്ഥനായ പിതാവിനെ ആദം അനുസരിച്ചില്ല. അവിടുത്തെ കല്പനയെ എതിൎത്തു. ആദം ഈ അനുസരണയില്ലായ്മവഴി നല്ല ദൈവത്തെ ഉപേക്ഷിച്ചു. തന്നിലുണ്ടായിരുന്ന ദൈവികജീവനും സ്നേഹവും നഷ്ടപ്പെടുത്തി. അവർ രണ്ടുപേരും നല്ലവനായ പിതാവിനു ഇഷ്ടമില്ലാത്ത പ്രവൃത്തിചെയ്തു. അതെ, ദൈവത്തിനെതിരായി പാപം ചെയ്തു.

പാപംനിമിത്തം ദൈവികജീവൻ നഷ്ടപ്പെട്ടതോടെ രണ്ടുപേൎക്കും ദൈവമക്കരം എന്ന സ്ഥാനവും നഷ്ടപ്പെട്ടു. സ്വൎഗ്ഗത്തിനു് അവകാശികളല്ലാതായിത്തീൎന്നു. അനേകംനാരം കഷ്ടതകളും വേദനകളും അനുഭവിക്കുമെന്നും, ഒരിക്കൽ തങ്ങരം മരിക്കേണ്ടിവരുമെന്നും അവർ അറിഞ്ഞു.

നമ്മുടെ സൂസിയെ ഓൎമ്മിക്കുന്നുണ്ടോ, നിങ്ങരം? ഒരു ദിവസം സൂസിയുടെ അപ്പച്ചൻെറ—അവരംക്കു് ഉടുപ്പു സമ്മാനിച്ച അപ്പച്ചൻെറ ഒരെഴുത്തു് സൂസിയുടെ അമ്മയ്ക്കു കിട്ടി. അപ്പച്ചൻെറ കത്താണെന്നു കേട്ടപ്പോരം അതിലെ വിശേഷങ്ങളറിയാൻ സൂസിക്കു തിടുക്കമായി. അവളുടെ അമ്മ എഴുത്തു വായിച്ചുതീരാൻ അവരം കാത്തുനിന്നു.

എന്താണമ്മെ 'അപ്പച്ചൻ വീട്ടിൽ വരുമോ?' 'ഉവ്വ്'. മോളുടെ പിറന്നാറം കൊണ്ടാടാൻ ഈപ്രാവശ്യം ഇങ്ങോട്ടുവരും.' 'എൻെറ പിറന്നാറം എന്നാണു്?' സൂസി തിരക്കി. 'ഇനി പത്തുദിവസം കൂടിയേയുള്ള. കഴിഞ്ഞകൊല്ലം മോറംക്കു് അപ്പച്ചൻ നല്ലയുടുപ്പു് കൊടുത്തയച്ചതു് ഓക്കുന്നുണ്ടോ? അപ്പച്ചൻ വരുമ്പോറം മോള നല്ലതായിരിക്കണം. അപ്പച്ചൻെറടുത്തു നല്ല അനുസരണയുള്ള കുട്ടിയെപ്പോലെ പെരുമാറണം. അപ്പച്ചൻ പറയുന്നതെല്ലാം അനുസരിക്കണം. അപ്പച്ചനു് ഇഷ്ടമുള്ളതെല്ലാം ചെയ്തുകൊടുത്തു് അപ്പച്ചനെ സന്തോഷിപ്പിക്കണം, കേട്ടോ?' സൂസി അമ്മയുടെ ഉപദേശങ്ങറം ശ്രദ്ധിച്ചോ എന്തോ! അവറം സന്തോഷംകൊണ്ടു് തുള്ളിച്ചാടി.

അവറം അപ്പച്ചനെ കാത്തിരുന്നു. ഒടുവിൽ അദ്ദേഹം വന്നെത്തി. ഇത്തവണ ധാരാളം സമ്മാനങ്ങറം കൊണ്ടുവന്നിരുന്നു. സൂസിക്കുമാത്രമല്ല ആ വീട്ടിൽ എല്ലാവക്കും. സൂസിക്കുള്ള സമ്മാനങ്ങളായിരുന്നു ഏററവും നല്ലതു്. 'ഓ! എത്ര നല്ല അപ്പച്ചൻ' അവറം പറഞ്ഞു. തൻെറ സമ്മാനങ്ങറം അവളുടെ കൂട്ടുകാരിയായ, അയൽവീട്ടിലെ, ലില്ലിക്കുട്ടിയെ കാണിച്ചു് സന്തോഷിച്ചു.

സൂസിയുടെ അമ്മ അന്നുച്ചയ്ക്കു് കേമമായ ഒരു ഊണു് തയ്യാറാക്കി. ഊണുകഴിക്കുമ്പോറം അപ്പച്ചൻ സൂസിയോടു പറഞ്ഞു: 'മോള നല്ല കുട്ടിയായിരുന്നാൽ ഇന്നു വൈകുന്നേരം സിനിമാകാണാൻ കൊണ്ടുപോകാം.' സിനിമാകാണാൻ സൂസിക്കു് ഇഷ്ടമാണു്, സൂസിയുടെ സന്തോഷം വർദ്ധിച്ചു. അവറം ഒരുതവണമാത്രമേ സിനിമ കണ്ടിട്ടുള്ള. അവറം താൻ കണ്ട സിനിമയെക്കുറിച്ചു് ഓത്തുതുടങ്ങി. സിനിമ എത്ര നല്ലതു്!

ഊണുകഴിഞ്ഞു് അപ്പച്ചൻ അല്പം ഉറങ്ങാൻ ഭാവിച്ചു. അതിനുമുൻപു് അദ്ദേഹം പെട്ടിതുറന്നു് ഉടുപ്പും മററു സാധനങ്ങളും എടുത്തു മേശപ്പുറത്തു വച്ചു. സൂസി പെട്ടിക്കരികെ ഇരുന്നു. അതിനകത്തുള്ള സാധനങ്ങറം നോക്കി കാണുകയായിരുന്നു. വണ്ണക്കടലാസ്സുകൊണ്ടുള്ള ഒരു പൊതിക്കെട്ടു കണ്ടു് അവറം അതെന്താണെന്നു തിരക്കി. അതു കയ്യിലെടുക്കാൻ ഭാവിച്ചു. അതിനുമുൻപു് അപ്പച്ചൻ അവളെ വിലക്കിക്കൊണ്ടു പറഞ്ഞു: 'സൂസീ, അതു നീ എടുക്കരുതു്, തൊടുകയും അരുതു്. നീ അതെടുക്കുന്നതു് എനിക്കിഷ്ടമല്ല.' 'എന്തുകൊണ്ടു് എനിക്കു് എടുത്തുകൂടാ' അവറം ചോദിക്കാൻ ഭാവിച്ചു. പക്ഷെ അപ്പച്ചൻെറ മുഖം ഗൗരവമുള്ളതായിരുന്നു. അവറം മിണ്ടിയില്ല.

ഉറക്കംകഴിഞ്ഞു് അപ്പച്ചൻ തന്നെ കാണാൻ വന്ന ഒരു കൂട്ടുകാരനോടൊത്തു് എങ്ങോട്ടോ പോകുന്നതുകണ്ടു. സൂസിയുടെ മനസ്സിൽ വണ്ണക്കടലാസ്സുകൊണ്ടുള്ള പൊതിക്കെട്ടു് ഓമ്മവന്നു. അവറം ചുററും നോക്കി. അപ്പച്ചൻെറ മുറി തുറന്നുകിടക്കുന്നു. അദ്ദേഹം വെളിയിൽ പോയിരിക്കുകയാണു്. ഇപ്പോഴെങ്ങും വരില്ലായിരിക്കും. അമ്മ അടുക്കളെ

യിൽ അത്താഴമൊരുക്കുന്നു. അവരം അപ്പച്ചൻെറ മുറിയിൽ കയറി. പെട്ടി തുറന്നുകിടക്കുന്നു. നല്ല അവസരം! അവരം വിചാരിച്ചു. പെട്ടി തുറന്നു് അവരം പൊതിക്കെട്ടെടുത്തു് അഴിച്ചുതുടങ്ങി. പെട്ടെന്നൊരു ശബ്ദം. അവരം തിരിഞ്ഞുനോക്കി. അപ്പച്ചൻ വാതുക്കൽ നില്ക്കുന്നു. അദ്ദേഹം ചിരിക്കുന്നില്ല. വലിയ ഗൗരവം മുഖത്തു്. അവരംക്കു് ഭയവും നാണവും തോന്നി. അവരം തലകുനിച്ചു. 'ആ പൊതിക്കെട്ടു് തൊടരുതെന്നു് ഞാൻ പറഞ്ഞിരുന്നില്ലേ?' അപ്പച്ചൻ സൂസിയോടു ചോദിച്ചു. അവരംക്കു് ഉത്തരം കിട്ടിയില്ല. അവരം തൻെറ പ്രവൃത്തിയെക്കുറിച്ചു് ലജ്ജിച്ചു്, ദുഃഖിച്ചു. സ്നേഹമുള്ള അപ്പച്ചനെ അനുസരിച്ചില്ല. എത്ര വലിയ നന്ദികേടു്! അദ്ദേഹത്തെ വേദനിപ്പിച്ചു. സൂസി നല്ല കുട്ടിയാണെന്നാണു് അപ്പച്ചൻ കരുതിയിരുന്നതു്.

## കുട്ടികളുടെ പ്രവർത്തനം

പാപംചെയ്തതിൽ-ദൈവത്തോടു നന്ദിയില്ലായ്മ കാണിച്ചതിൽ—ആദവും ഹവ്വയും ദുഃഖിച്ചു. തങ്ങളുടെ പാപകരമായ പ്രവൃത്തിയെക്കുറിച്ചു് ഓർത്തപ്പോഴെല്ലാം അവർ നാണിച്ചു് തലതാഴ്ത്തിയിരിക്കണം. തങ്ങളുടെ നെഞ്ചത്തടിച്ചു് കുററം സമ്മതിച്ചിരിക്കണം. കുററം സമ്മതിക്കുംമട്ടിൽ നെഞ്ചത്തടിക്കുന്നതു് തെററിനെക്കുറിച്ചു ദുഃഖമുണ്ടെന്നു കാണിക്കുന്നതിനുള്ള മാർഗ്ഗമാണു്. (കുട്ടികരം എഴുന്നേററു തല കുനിച്ചുനിന്നു് പിഴയിടിച്ചു കാണിക്കാൻ പറയണം. അദ്ധ്യാപകൻ മാതൃകകാണിച്ചുകൊടുക്കാം. അതു ചെയ്യുന്നതു് വളരെ ശ്രദ്ധയോടും ബഹുമാനത്തോടുംകൂടിയായിരിക്കണമെന്നു് പ്രത്യേകം ഓർമ്മിക്കണം.)

## പ്രയോഗം

അനുസരണക്കേടു് എന്ന പാപംവഴി ആദവും ഹവ്വയും ദൈവത്തിൻെറ ഇഷ്ടക്കേടു തങ്ങളുടെമേൽ വരുത്തിവച്ചു. ദൈവം അവരെ വളരെ അധികം സ്നേഹിച്ചിരുന്നു. അവരും ദൈവത്തെ സ്നേഹിക്കണമെന്നായിരുന്നു അവിടുത്തെ തിരുവിഷ്ടം. പക്ഷേ അവർ അതു ചെയ്തില്ല. ദൈവം നമ്മെയും സ്നേഹിക്കുന്നുണ്ടു്. നമ്മിൽനിന്നും ദൈവം പ്രതിസ്നേഹം ആവശ്യപ്പെടുന്നു. അനുസരണംവഴി നമുക്കു ദൈവത്തോടുള്ള സ്നേഹം പ്രകടിപ്പിക്കാം.

## ഓർമ്മിക്കാൻ

### ചോദ്യങ്ങരം

1. ആദത്തോടും ഹവ്വയോടും എന്തുചെയ്യാൻപാടില്ല എന്നാണു് ദൈവം പറഞ്ഞിരുന്നതു്?

2. എങ്ങനെയാണു് അവർ അനുസരണക്കേടു കാണിച്ചതു്?

## ഭാഗം 2 (30 മിനിട്ട്)

### പാഠാവതരണം

ദൈവത്തോടു കാണിക്കുന്ന അനുസരണക്കേടാണു പാപം. (പ പം എന്നു ബോർഡിലെഴുതുക.) നമ്മെ സ്നേഹിക്കുന്നവരെ നാം അനുസരിക്കാതിരിക്കുന്നതു് എത്ര നന്ദികേടാണു്! ആദവും ഹവ്വയും ദൈവത്തോടു് നന്ദികേടുകാണിച്ചു. ഭൂമിയിൽ അവരാണു് ആദ്യമായി അനുസരണക്കേടു കാണിച്ചതു്. പക്ഷേ, അവർ മാത്രമല്ല നമ്മളും ദൈവത്തോടു് അനുസരണക്കേടു കാണിക്കുന്നുണ്ടു്. എത്ര കൊച്ചുകാര്യത്തിലായാലും നാം അനുസരിക്കാത്തപ്പോഴൊക്കെ ദൈവത്തോടു നന്ദികേടു കാണിക്കുന്നു. നമ്മുടെ പിതാവായ ദൈവത്തെ അതുവഴി നാം ഉപേക്ഷിച്ചുപറയുന്നു. നമ്മെ വളരെയധികം സ്നേഹിക്കുന്ന ദൈവത്തോടു് അങ്ങനെ ചെയ്യുന്നതു് വലിയ നന്ദികേടല്ലേ?

സ്വർഗ്ഗസ്ഥനായ പിതാവിനു് ഇഷ്ടമില്ലാത്ത സംഗതികൾ ചിലപ്പോൾ നാം ചെയ്യാറില്ലേ? എപ്പോഴും നാം പിതാവിനെ സന്തോഷിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ടോ? (ഏതാനും നിമിഷങ്ങൾ മൗനം പാലിക്കുക. കുട്ടികൾ ചിന്തിക്കട്ടെ.) അതെ, തെററാണെന്നറിയാമായിരുന്നിട്ടും നാം ചെയ്യുന്ന തെററായ പ്രവൃത്തികൾ പിതാവായ ദൈവത്തോടുള്ള സ്നേഹക്കുറവിൻെറ അടയാളമാണു്. നാം നല്ലവരായിരിക്കണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു. നാം ദൈവത്തെ മറന്നു പ്രവർത്തിക്കുമ്പോഴൊക്കെയും പാപംചെയ്യുന്നു. അവിടുത്തെ മക്കൾ ദൈവത്തോടു സ്നേഹമില്ലാതെ പെരുമാറുന്നതു് എത്ര ദുഃഖകരമാണു്!

നാം പാപംചെയ്യുന്നതെപ്പോൾ? നമുക്കു് അനുസരിപ്പാൻ കടമയുള്ളവർ, (ഉദാഹരണം നൽകുക) നമ്മോടു് ആവശ്യപ്പെട്ട സംഗതികൾ അനുസരിക്കാതെയിരിക്കുമ്പോൾ – മനഃപൂർവ്വം അനുസരിക്കാതെയിരിക്കുമ്പോൾ – നാം പാപംചെയ്യുന്നു. നമ്മോടു് അരുതെന്നു പറഞ്ഞ കാര്യം ചെയ്യുമ്പോഴും, ചെയ്യാൻ ആവശ്യപ്പെട്ട കാര്യങ്ങൾ ചെയ്യാതിരിക്കുമ്പോഴും, നാം പാപംചെയ്യുന്നു. പാപംവഴി ദൈവത്തിൻെറ കോപത്തെ നമ്മുടെമേൽ വരുത്തിവയ്ക്കുന്നു.

നാം കള്ളംപറയുമ്പോഴും മററുള്ളവരോടു സ്നേഹക്കുറവായി പെരുമാറുമ്പോഴും എന്നുവേണ്ട, തെററെന്നു് അറിഞ്ഞുകൊണ്ടു് പ്രവർത്തിക്കുമ്പോഴൊക്കെയും നാം പാപംചെയ്യുന്നു.

പാപം സ്വർഗ്ഗസ്ഥനായ പിതാവിൽനിന്നും നമ്മെ അകററുന്നു. അതുകൊണ്ടാണു് ലോകത്തിലെ ഏററവും നിന്ദ്യമായ പ്രവൃത്തിയാണു് പാപമെന്നു പറയുന്നതു്. പാപം ചെയ്തുകഴിയുമ്പോൾ നമുക്കു സന്തോഷമുണ്ടാകുമോ? ആദത്തിനും ഹവ്വയ്ക്കും സന്തോഷംതോന്നിയോ? സൂസി അപ്പച്ചൻെറ ഇഷ്ടത്തിനെതിരായി പ്രവർത്തിച്ചപ്പോൾ സന്തോ

ഷമുണ്ടായിരുന്നോ അവർക്ക്? ഇല്ല (ദുഃഖഭാവം കാണിക്കുന്ന ഒരു കുട്ടിയുടെ ചിത്രം ഇവിടെ കാണിക്കുക.) ശരിയായ സന്തോഷം നമുക്കുണ്ടാകണമെങ്കിൽ നമ്മൾ പിതാവിന് ഇഷ്ടമുള്ള പ്രവൃത്തികൾ ചെയ്ത് നല്ലവരായിരിക്കണം.

അപ്പച്ചന് തന്റെ പ്രവൃത്തി ഇഷ്ടപ്പെട്ടില്ലെന്നു കണ്ടപ്പോൾ സൂസി എന്തുചെയ്തിരിക്കുമെന്നാണ് നിങ്ങൾ കരുതുന്നത്? "ക്ഷമിക്കണം ഞാൻ ദുഃഖിക്കുന്നു" എന്നു പറയുകയോ അല്ലെങ്കിൽ അങ്ങനെ പറയുന്ന ഭാവത്തിൽ അപ്പച്ചനെ നോക്കുകയോ ചെയ്തിരിക്കും. ചിലപ്പോൾ കരഞ്ഞിരിക്കും. വെറുതെ ദുഃഖിക്കുന്നുവെന്നു പറഞ്ഞാൽ പോരാ. അതിന്റെ അർത്ഥം മനസ്സിലാക്കിപ്പറയണം. ആദവും ഹവ്വയും പാപംചെയ്തുകഴിഞ്ഞപ്പോൾ എന്തുചെയ്തിരിക്കും? അവർ തങ്ങൾ പറയുന്നതെന്താണെന്നു് മനസ്സിലാക്കിത്തന്നെയാണ് പറഞ്ഞതു്. തങ്ങൾക്കു ശിക്ഷകിട്ടേണ്ടതാണെന്ന് അവക്കറിയാമായിരുന്നു. നല്ലവനായ തങ്ങളുടെ പിതാവിന് ഇഷ്ടക്കേടു വരുത്തിയതിൽ അവർ ദുഃഖിച്ചു. അവരുടെ ശേഷിച്ച ജീവിതകാലം മുഴുവനും, തങ്ങളുടെ പാപത്തെക്കുറിച്ച് ഓർത്തപ്പോഴൊക്കെയും അവർ രണ്ടുപേരും ഞാൻ ദുഃഖിക്കുന്നുവെന്നു പറഞ്ഞിരിക്കണം. അവർ പലപ്പോഴും അതോർത്തു കരഞ്ഞിരിക്കുകയില്ലേ? പാപത്തെക്കുറിച്ച് ദുഃഖമുണ്ടെന്നു പറയുക മാത്രമല്ല പിന്നീടുള്ള കാലം മുഴുവനും ദൈവത്തെ സന്തോഷിപ്പിക്കാൻ അവർ ശ്രമിക്കുകയുംചെയ്തിരിക്കണം. നാം പാപംചെയ്യാൻ ഇടവന്നാൽ അതിനെക്കുറിച്ചു ദുഃഖിക്കുന്നുവെന്നു പറയുക മാത്രമല്ല ദൈവത്തോടു് ശരിയായ സ്നേഹം കാണിപ്പാൻ ശ്രമിക്കുകയും വേണം.

## കുട്ടികളുടെ പ്രവർത്തനം

നമുക്കും സ്വർഗ്ഗസ്ഥനായ പിതാവിനോട് നമ്മുടെ പാപത്തെക്കുറിച്ച് ദുഃഖിക്കുന്നുവെന്നു പറയാം. എന്തെന്നാൽ നാമും ചിലപ്പോഴൊക്കെ അവിടുത്തേയ്ക്ക് ഇഷ്ടമില്ലാത്ത പ്രവൃത്തികൾ ചെയ്തിട്ടുണ്ട്, ഇല്ലേ? ആകയാൽ നമുക്കെല്ലാവക്കും ഒരുമിച്ചുചേർന്ന് മുഴുഹൃദയത്തോടെ ഇങ്ങനെ പറയാം. (ചൊല്ലിക്കുക)

സ്വർഗ്ഗസ്ഥനായ പിതാവെ ഞാൻ ദുഃഖിക്കുന്നു.

അവിടുത്തെ ഉപേക്ഷിച്ചതിൽ ഞാൻ ദുഃഖിക്കുന്നു.

മേലിൽ അങ്ങയുടെ ഇഷ്ടമനുസരിച്ചു ജീവിക്കുവാൻ ഞാൻ പരിശ്രമിക്കും. എന്തുകൊണ്ടെന്നാൽ ഞാൻ അപ്രകാരം ചെയ്യണമെന്ന് അങ്ങ് ആഗ്രഹിക്കുന്നുവല്ലോ. (ആംഗ്യവിശേഷങ്ങളോടെ ഈ പ്രാർത്ഥന ചൊല്ലിക്കുക. മാറത്തടിച്ചുകൊണ്ട്, ലജ്ജാഭാവത്തിൽ തലകുനിച്ച് കൈകൾ താഴ്ത്തിയിട്ട്, അല്പസമയം കഴിഞ്ഞിട്ട് കൈകളും കണ്ണും ആകാശത്തിലേക്ക് ഉയർത്തിക്കൊണ്ട് ഈ പ്രാർത്ഥന ചൊല്ലു

വാൻ പരിശീലനം നൽകുക. അദ്ധ്യാപകൻ മാതൃക കാണിച്ചുകൊടു ക്കുകയും കുട്ടികൾ അനുകരിക്കയും ചെയ്യട്ടെ.) അല്പനേരത്തേയ്ക്ക് നി ങ്ങൾ കണ്ണടച്ചിരുന്ന് ചെയ്തുപോയ തെററുകളെക്കുറിച്ച് ഓർത്തു മന സ്തപിക്കുക. ചിലപ്പോൾ വീട്ടിൽ അപ്പനമ്മമാരേയോ അദ്ധ്യാപക രേയോ അനുസരിക്കാതിരുന്നിട്ടുണ്ടാകണം. അതേക്കുറിച്ചു ദുഃഖിക്കു ന്നുവെന്നു പറയുക. പക്ഷേ വെറും വാക്കുകൾ ഉപയോഗിച്ചാൽ പോ രാ, പറയുന്ന സംഗതികൾ മനസ്സിലാക്കി പറയണം.

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. ആദത്തോടും ഹവ്വയോടും ദൈവം എന്തു പറഞ്ഞിരുന്നു?
2. അവർ ദൈവത്തെ അനുസരിച്ചോ?
3. എങ്ങനെയാണ് അവർ അനുസരണക്കേടു കാണിച്ചത്?
4. പാപം എന്നാൽ എന്ത്?
5. നാം പാപംചെയ്യുമ്പോൾ ആര്ക്കാണ് നമ്മോട് ഇഷ്ടക്കേട് ഉണ്ടാകുന്നത്? (അവസാനത്തെ രണ്ടു ചോദ്യങ്ങളുടെ ഉത്തരം ഹൃദിസ്ഥമാക്കുക.)

## ഉപസംഹാരപ്രാർത്ഥന

പാപംചെയ്യുന്നത് എത്ര ദുഃഖകരമായ സംഗതിയാണെന്നു നാം ഇ ന്നു പഠിച്ചു. പാപം ചെയ്തുപോയാൽ ഉടനെ ദൈവത്തോടു മാപ്പുചോ ദിക്കണമെന്നും നമുക്കറിയാം. ഇപ്പോൾ, ഞാൻ ദുഃഖിക്കുന്നു (പാപ ത്തെക്കുറിച്ച്) എന്നു പറയുമ്പോൾ അതിൻെറ അർത്ഥം മനസ്സിലാ ക്കിവേണം അതു പറയുവാൻ. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാ വേ' എന്ന പ്രാർത്ഥനയിൽ ഈ വാക്കുകൾ മറെറാരു വിധത്തിൽ നാം പറയുന്നുണ്ട്. 'ഞങ്ങളുടെ തെററുകൾ ഞങ്ങളോടു ക്ഷമിക്കണ മേ' എന്ന് (പല പ്രാവശ്യം പറയിക്കുക). ഇതു ചൊല്ലുമ്പോൾ ന മ്മുടെ പാപത്തെക്കുറിച്ച് നമുക്കു മനസ്താപമുണ്ടായിരിക്കണം.

നമ്മുടെ ക്ലാസ്സ് അവസാനിപ്പിക്കുവാൻ പോകുന്നു. എന്താണ് ഇ പ്പോൾ നിങ്ങൾ ദൈവത്തോടു പറയാൻപോകുന്നത്? (കുട്ടികൾ തീ രുമാനിച്ചു പറയട്ടെ. അദ്ധ്യാപകൻ അതിനുവേണ്ട പ്രോത്സാഹനം നൽകുക) 'പിതാവേ ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. ഇനി മേൽ ഞാൻ ഈ തെററുകൾ ചെയ്യുകയില്ല. എന്നെ സഹായിക്ക ണമെ.'

# 7

# പാപത്തിന്ന ശിക്ഷ

## ഉപക്രമം

ദൈവസ്നേഹത്തെക്കുറിച്ച് അധികമായി ഊന്നിപ്പറയുകയായിരുന്നു കഴിഞ്ഞ ക്ലാസ്സുകളിൽ നാം ചെയ്തതു്. തന്നിമിത്തം ദൈവത്തിന്റെ നീതിയും മഹിമയും വേണ്ടവിധം കുഞ്ഞുങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടില്ല. സ്നേഹം എന്നതിന്റെ അത്ഥം ശരിയായി നാം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നില്ലെങ്കിൽ നമ്മുടെ ഏതഭിലാഷങ്ങളും സാധിച്ചുതരികയും, നാം എന്തു തെററു ചെയ്താലും അതു വക വെയ്ക്കാതിരിക്കുകയും ചെയ്യുന്ന ഒരാളാണു് ദൈവം എന്നു് അവർ കരുതാനിടയാവും. സ്നേഹസമ്പന്നനായ നമ്മുടെ സ്വർഗ്ഗീയ പിതാവു് നീതിമാൻ കൂടിയാണെന്ന ബോധം കുഞ്ഞുങ്ങളിൽ ഉളവാക്കണം.

ദൈവം നമ്മെ അത്യധികം സ്നേഹിക്കുന്നു. ആകയാൽ അവിടുത്തെ ആനന്ദത്തിൽ നമ്മെ പങ്കാളികളാക്കാൻ അവിടുന്നാഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ പാപത്തെ അവിടുന്നു കഠിനമായി വെറുക്കുന്നു—ശിക്ഷിക്കുന്നു. പാപം ഒന്നിനുമാത്രമെ നമ്മെ ദൈവത്തിൽനിന്നു് അകററുവാൻ കഴിയുകയുള്ളു. എന്തെന്നാൽ അതു് ദൈവത്തോടു് വ്യക്തിപരമായി ചെയ്യുന്ന ദ്രോഹമാണു്— സൃഷ്ടിയ്ക്കു് സ്രഷ്ടാവിന്റെ നേരെയുള്ള എതിർപ്പു്. ദൈവസ്നേഹം ദൈവനീതിയുമായി ഐക്യപ്പെട്ടിരിക്കുന്നു. അവയെ വേർതിരിക്കുക സാദ്ധ്യമല്ല.

പാപത്തിനു് തക്ക പരിഹാരം ചെയ്‌വാൻ ഒരു മനുഷ്യനും കഴിയുന്നതല്ലെന്നു് ദൈവത്തിനറിയാം. പരിമിതനായൊരു സൃഷ്ടിക്കെങ്ങനെ അപരിമേയനായ സ്രഷ്ടാവിനോടു ചെയ്ത ദ്രോഹത്തിനു പരിഹാരം ചെയ്യാനാവും! അതുകൊണ്ടാണു് കരുണാനിധിയായ ദൈവം ഒരു രക്ഷകനെ വാഗ്ദാനം ചെയ്തതു്. തന്റെ പുത്രനെത്തന്നെ ബലികഴിക്കേണ്ടിവന്നാലും പാപത്തിനു് ശരിയായ പരിഹാരം ഉണ്ടാകണമെന്നു് നീതിമാനായ ദൈവം ആഗ്രഹിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ദൈവനീതിയും ദൈവസ്നേഹവും ഒരുമിച്ചുപോകുന്നെന്നു കാണാം. സ്വപുത്രനെ നമുക്കുതന്നു് നമ്മെ രക്ഷിക്കുന്ന ദൈവത്തിന്റെ നീതിയും, സ്നേഹവും എത്ര വലുതു്! ഈ സംഗതി കുഞ്ഞുങ്ങളെ ആരംഭംമുതൽതന്നെ ബോധ്യപ്പെടുത്തണം. അതു ശരിയായി നിവ്വഹിക്കണമെങ്കിൽ അദ്ധ്യാപകനു് ഈ സത്യങ്ങളെക്കുറിച്ചു് വ്യക്തമായ അറിവുവേണം. എങ്കിലേ പാപത്തിന്റെ ഗൗരവം കുഞ്ഞുങ്ങളെ ധരിപ്പിക്കുവാൻ സാധിക്കു. അതേസമയം സ്വർഗ്ഗീയപിതാവിന്റെ നേക്കു കുഞ്ഞുങ്ങൾക്കുള്ള സ്നേഹത്തെ ഉറപ്പിക്കാനും കൃതജ്ഞതാമനോഭാവം വളത്താനും അധ്യാപകനു കഴിയണം.

### ലക്ഷ്യം

പാപത്തിൻെറ കാഠിന്യം കുഞ്ഞുങ്ങളെ ഗ്രഹിപ്പിക്കുക. രക്ഷകനെ തന്നുകൊണ്ട് ദൈവം നമ്മോടു കാണിച്ച വലുതായ കരുണയെക്കുറിച്ച് കുഞ്ഞുങ്ങളിൽ ബഹുമാനവും കൃതജ്ഞതയും ഉളവാക്കുക.

### പ്രധാനപദങ്ങൾ

നീതി, രക്ഷകൻ, ശിക്ഷ, കഷ്ടത

### പാഠോപകരണങ്ങൾ

ആദിമാതാപിതാക്കന്മാരെ തോട്ടത്തിൽനിന്ന് പുറംതള്ളുന്നതായി കാണിക്കുന്ന ചിത്രം; രോഗിയായ ഒരു കുട്ടിയുടെ—കരയുന്ന ഒരു കുട്ടിയുടെ ചിത്രം; വേദനയും ദുഃഖവും അനുഭവിക്കുന്നവരുടെ ചിത്രം.

## ഭാഗം 1 രൂപരേഖ

### പ്രധാനാശയം

ദൈവം നീതിമാനാണ്. അവിടുന്നു പാപത്തെ വെറുക്കുന്നു, ശിക്ഷിക്കുന്നു.

നമ്മിലുള്ള ദൈവികജീവനും സ്നേഹവും നഷ്ടപ്പെടുകയെന്നതാണ് പാപത്തിനുള്ള ഏററവും വലിയ ശിക്ഷ.

വേദന, കഷ്ടത, രോഗം, മരണം മുതലായവ പാപത്തിനു ദൈവം കല്പിച്ച ശിക്ഷകളാണ്.

### കഥ

ആദവും ഹവ്വയും ശിക്ഷിക്കപ്പെടുന്ന ഭാഗം

### കുട്ടികളുടെ പ്രവർത്തനം

ദൈവനീതിയെക്കുറിച്ചൊരു സംഭാഷണം നടത്തുക

### പ്രയോഗം

ഓരോരുത്തരും പ്രത്യേകം പ്രത്യേകം ദൈവനീതിയ്ക്കു നന്ദി പറയുക, ദൈവകൃപയെ പുകഴ്ത്തുക.

തെററുകളെക്കുറിച്ചു ദുഃഖിക്കുക.

### ഓർമ്മിക്കാൻ
### ചോദ്യങ്ങൾ

1. ദൈവം ആദത്തേയും ഹവ്വയേയും ശിക്ഷിച്ചതെന്തിനു്?
2. എങ്ങനെ അവരെ ശിക്ഷിച്ചു?

## ഭാഗം 2 രൂപരേഖ

### പ്രധാനാശയം

ദൈവം കാരുണ്യവാനാണു്.

ദൈവം ആദത്തോടും ഹവ്വയോടും കരുണ കാണിച്ചു.

ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു.

രക്ഷകൻ നമുക്കു നഷ്ടപ്പെട്ടുപോയ ദൈവികജീവനും സ്നേഹവും വീണ്ടെടുത്തുതന്നു.

### കഥ

രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനം.

### കുട്ടികളുടെ പ്രവർത്തനം

ആദത്തിന്റേയും ഹവ്വയുടെയും കഥ–തോട്ടത്തിനു വെളിയിൽ തള്ള പ്പെടുന്നഭാഗം നാടകരീതിയിൽ ക്ലാസ്സിൽ അഭിനയിപ്പിക്കുക.

### ഓർമ്മിക്കാൻ
### ചോദ്യങ്ങൾ

1. എന്തുകൊണ്ടാണു് ദൈവം നീതിമാനാണെന്നു പറയുന്നതു്?
2. ആദത്തിനും ഹവ്വയ്ക്കും കിട്ടിയ ഏററവും വലിയ ശിക്ഷ എന്താണു്?
3. മറെറന്തെല്ലാം ശിക്ഷകൾ ദൈവം അവർക്കു കൊടുത്തു?
4. ദൈവം അവരോടു് എന്തു വാഗ്ദാനം ചെയ്തു?

## ഭാഗം 1 (30 മിനിററു്)

### പ്രാരംഭപ്രാർത്ഥന

നാം പാപം ചെയ്തുപോയാൽ ദൈവത്തോടു മാപ്പുചോദിക്കണമെന്നു് കഴിഞ്ഞ ക്ലാസ്സിൽ പഠിച്ച കാര്യം ഓർമ്മിക്കുന്നുണ്ടോ? ഇപ്പോൾ നമുക്കൊന്നിച്ചു് നമ്മുടെ പാപങ്ങൾക്കു മാപ്പു ചോദിക്കണം. ആരെ

ല്ലാം ഓർമ്മിക്കുന്നുണ്ട് കഴിഞ്ഞ തവണ നാം ഒരുമിച്ച് ചൊല്ലിയ ആ ചെറിയ പ്രാർത്ഥന? മറന്നുപോയെങ്കിൽ സാരമില്ല. ഞാൻ ചൊല്ലിത്തരാം. നമുക്ക് എഴുന്നേററു നില്ക്കാം.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ഞാൻ ദുഃഖിക്കുന്നു.

അവിടത്തെ ഉപേക്ഷിച്ചതിൽ ഞാൻ ദുഃഖിക്കുന്നു.

മേലിൽ അങ്ങയുടെ ഇഷ്ടമനുസരിച്ച് ജീവിക്കുവാൻ ഞാൻ പരിശ്രമിക്കും.

എന്തുകൊണ്ടെന്നാൽ ഞാൻ അപ്രകാരം ചെയ്യണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നു.

## പ്രാരംഭം

കഴിഞ്ഞ ക്ലാസ്സിൽ നാം ഒരു സങ്കടകരമായ കഥ കേട്ടല്ലോ. ആരുടേതാണ്? ആ കഥ നിങ്ങളിൽ ആരെങ്കിലും ചുരുക്കിപ്പറയാമോ? ലോകത്തിൽ നടക്കാവുന്ന ഏററം വലിയ ശോകകഥയാണത്. ആദവും ഹവ്വയും പാപം ചെയ്തു. നാം പാപം ചെയ്യുമ്പോൾ ആരോടാണ് ഇഷ്ടമില്ലായ്മ കാണിക്കുന്നത്? ആരാണ് ദൈവം?

എല്ലാവരേക്കാൾ—നമ്മുടെ അപ്പനേയും അമ്മയേയുംകാൾ—ഏറെ നമ്മെ സ്നേഹിക്കുന്ന ദൈവത്തിനെതിരായി നാം പാപം ചെയ്യുമ്പോൾ അവിടുത്തേയ്ക്കു നമ്മുടെമേൽ ഇഷ്ടക്കേടുണ്ടാകുകയാണു ചെയ്യുന്നത്. അത് ഏററവും നിർഭാഗ്യകരമാണ്. നാം തെററുചെയ്തുപോയാൽ ഉടനെ എന്തു ചെയ്യണം? വലിയ തെററുകൾ ചെയ്തുകഴിഞ്ഞാൽ വെറുതെ, അശ്രദ്ധയോടെ, ഞാൻ ദുഃഖിക്കുന്നുവെന്നു പറഞ്ഞാൽ മതിയോ? പോരാ. ആവുംവിധം അതിനു പരിഹാരം ചെയ്യാനുള്ള സന്മനസ്സുകൂടി കാണിക്കണം.

സൂസി അപ്പച്ചനോട് അനുസരണക്കേടു കാണിച്ച കാര്യം നിങ്ങൾ ഓർക്കുന്നില്ലേ? സൂസിയുടെ അപ്പച്ചൻ നീതിയുള്ള ആളായിരുന്നു. തെററുചെയ്യുന്നത്—അറിഞ്ഞുകൊണ്ടു തെററു ചെയ്യുന്നത്— അദ്ദേഹത്തിനിഷ്ടമില്ല. അദ്ദേഹം തെററിനെ ശിക്ഷിക്കും. സൂസി നല്ല കുട്ടിയായിരുന്നാൽ സിനിമയ്ക്കു കൊണ്ടുപോകാമെന്ന് പറഞ്ഞിരുന്നല്ലോ. സൂസി അനുസരണക്കേടു കാണിച്ചു. നീതിമാനായ അപ്പച്ചൻ അവളെ ശിക്ഷിയ്ക്കും. അദ്ദേഹം അവളെ സിനിമയ്ക്കു കൊണ്ടുപോകയില്ല. സൂസിയ്ക്കു് തൻെറ തെററിനെക്കുറിച്ചു ദുഃഖം തോന്നി. അപ്പച്ചൻ സിനിമയ്ക്കു കൊണ്ടുപോകയില്ല എന്നോർത്തിട്ടല്ല. തന്നെ സ്നേഹിക്കുന്ന അപ്പച്ചനോട്, തനിക്കു ധാരാളം സമ്മാനങ്ങൾ നൽകി സന്തോഷിപ്പിച്ച അപ്പച്ചനോട് സ്നേഹമില്ലാതെ പെരുമാറിയതിൽ— നന്ദികേടുകാണിച്ചതിൽ ആയിരുന്നു അവളുടെ ദുഃഖം. എങ്ങനെയെങ്കിലും അതിനു പരിഹാരം ചെയ്യണമെന്നും അവൾ വിചാ

രിച്ച—ആഗ്രഹിച്ചു. അപ്പച്ചാ, ക്ഷമിക്കണേ. ഇനിമേൽ ഇങ്ങനെ ചെയ്യുകയില്ല' എന്നു് അവരം പറഞ്ഞിരിക്കാം. അപ്പച്ചൻ ക്ഷമിച്ചു. പക്ഷേ, നീതിയുള്ളവനായ അദ്ദേഹം തൻെറ വാക്കിനു വ്യത്യാസം വരുത്തിയില്ല. അദ്ദേഹം സൂസിയോടു പറഞ്ഞു: "സൂസീ നീ അനുസരണക്കേടു കാണിച്ചു. അതെനിയ്ക്കിഷ്ടമായില്ല. എങ്കിലും നിന്നോടു ഞാൻ ക്ഷമിച്ചിരിക്കുന്നു. പക്ഷേ, നിന്നെ ഞാൻ സിനിമയ്ക്കു കൊണ്ടുപോകയില്ല." അപ്പച്ചൻെറ തീരുമാനം ശരിയാണെന്നു് നിങ്ങൾക്കു തോന്നുന്നില്ലേ?

## പാഠാവതരണം

ദൈവം നീതിമാനാണു്. അവിടുന്നു് പാപത്തെ വെറുക്കുന്നു, ശിക്ഷിക്കുന്നു.

തങ്ങൾ ചെയ്തുപോയ പാപത്തെക്കുറിച്ചു് ആദവും ഹവ്വയും ദുഃഖിച്ചു. അവർ അറിഞ്ഞുകൊണ്ടു ചെയ്ത ആ വലിയ തെററിനു് ന്യായമായ ശിക്ഷ കിട്ടേണ്ടതാണെന്നു് അവർക്കറിയാമായിരുന്നു.

"ഈ മരത്തിലെ പഴം ഭക്ഷിക്കുന്ന നാൾ നിങ്ങൾ മരിക്കും" എന്നു് ദൈവം അവരോടു പറഞ്ഞിരുന്നു. പക്ഷേ, അവർ ദൈവത്തെ അനുസരിച്ചില്ല. അവരുടെ പ്രവൃത്തിയെക്കുറിച്ചു് അവൎക്കു ലജ്ജതോന്നി. അവർ ദൈവത്തിൽനിന്നു് ഒളിക്കാൻ ശ്രമിച്ചു. ഒന്നോർത്തു നോക്കൂ! ദൈവത്തിൽനിന്നു് ഒളിക്കാൻ ആൎക്കെങ്കിലും സാധിക്കുമോ? അവൎക്കു ദൈവത്തിൽനിന്നു് ഒളിക്കാൻ സാധിച്ചില്ല. ദൈവം എല്ലായിടത്തുമുണ്ടല്ലോ. അവർ അവരുടെ മുഖം കൈകൊണ്ടു് പൊത്തിപ്പിടിച്ചിരിക്കും (കാണിച്ചുകൊടുക്കുക). ദൈവം കാണിച്ചിരുന്ന സ്നേഹത്തെക്കുറിച്ചു് ഓൎക്കുംതോറും അവരുടെ ലജ്ജയും സങ്കടവും വർദ്ധിച്ചു. അവൎക്കു ഭയവും തോന്നി. അവർ ഒളിക്കാൻ ശ്രമിച്ച നേരത്തു് തമ്മിൽ തമ്മിൽ ഇങ്ങനെ പറഞ്ഞിരിക്കും: "കഷ്ടം, നമ്മൾ ആ പഴം ഭക്ഷിക്കേണ്ടിയില്ലായിരുന്നു. നാം ദൈവത്തോടു് അനുസരണക്കേടുകാണിച്ചതു് വലിയ തെററായിപ്പോയി." അവരിങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോഴായിരിക്കണം ദൈവം അവരെ വിളിച്ചതു്. "ആദാമേ നീ എവിടെയാണു്?" ദൈവം ചോദിച്ചു. ആദത്തിൻെറ ലജ്ജ വർദ്ധിച്ചു. ആദം പറഞ്ഞു. "ദൈവമേ അങ്ങയുടെ ശബ്ദം കേട്ടപ്പോൾ ഞാൻ ഭയന്നു. ഞാൻ ഒളിക്കാൻ ശ്രമിച്ചു." "എങ്ങനെ നിനക്കു ഭയമുണ്ടായി? നീ, ഞാൻ ഭക്ഷിക്കരുതെന്നു പറഞ്ഞിരുന്ന പഴം പറിച്ചുതിന്നു, ഇല്ലേ?" ദൈവം ചോദിച്ചു. "ഹവ്വ എനിയ്ക്കു തന്നു. ഞാൻ തിന്നു." ആദം മറുപടികൊടുത്തു.

നോക്കൂ ആദം തൻെറ കുററം സമ്മതിക്കുന്നതിനുപകരം എന്തു ചെയ്യുന്നു്. ആദം ഹവ്വയെ കുററപ്പെടുത്തിപ്പറഞ്ഞു. നമ്മൾചെയ്ത തെററിനെ സമ്മതിക്കാതെ മറെറാരാളെ കുററപ്പെടുത്തിപ്പറയുന്ന

ശീലം ഒട്ടും നല്ലതല്ല. നാമൊരിക്കലും നമ്മുടെ കുററം മററൊരാളുടെ മേൽ ചാരരുതു്.

ഇതു കേട്ടപ്പോൾ ദൈവം ഹവ്വയോടു്, ''നീ എന്തിനാണു്, ഞാൻ തിന്നരുതെന്നു പറഞ്ഞിരുന്ന പഴം പറിച്ചുതിന്നതു്'' എന്നു ചോദിച്ചു. ദൈവത്തിനു് ആദത്തിൻേറയും ഹവ്വയുടേയും പ്രവൃത്തി ഇഷ്ടപ്പെട്ടില്ല. ദൈവം അവക്കു ധാരാളം നന്മകൾ കൊടുത്തു—അവക്കു് ഒന്നിനും കുറവു വരുത്തിയില്ല. എന്നിട്ടും അവർ തെററുചെയ്തു. ദൈവം നീതിമാനാകയാൽ അവരെ ശിക്ഷിക്കേണ്ടതാണു്.

ദൈവം എല്ലായ്പോഴും പാപത്തിനു് ശിക്ഷ നൽകും. എന്നാൽ എല്ലാ തെററുകളും ഒരുപോലെ വലുതല്ല (ഗൗരവമുള്ളതല്ല). ആകയാൽ ശിക്ഷയും എല്ലായ്പ്പോഴും ഒരുപോലെ ആയിരിക്കുകയില്ല. പാപത്തിൻെറ ഗൗരവം അനുസരിച്ചേ അവിടുന്നു നമ്മെ ശിക്ഷിക്കുകയുള്ളു.

''നിങ്ങൾ ഈ മരത്തിലെ പഴം തിന്നാൽ മരിക്കും'', ഇങ്ങനെ പറഞ്ഞുകൊണ്ടു് ദൈവം ഉദ്ദേശിച്ചതു്, അത്ഥമാക്കിയതു് എന്താണു്? ആദവും ഹവ്വയും നല്ലവരായിരുന്നാൽ അവരെ സ്വഗ്ഗത്തിൽ കൊണ്ടുപോകാമെന്നു്— തൻെറ ആനന്ദത്തിൽ ഓഹരിക്കാരാക്കാമെന്നു്. എന്നാലവർ ദൈവത്തെ അനുസരിച്ചില്ല. തന്നിമിത്തം ശിക്ഷ അനുഭവിക്കേണ്ടിവന്നു; ആദ്ധ്യാത്മികമായി അവർ മരിച്ചു. അവക്കു ദൈവികജീവനും ദൈവസ്നേഹവും നഷ്ടപ്പെട്ടു. ദൈവമക്കൾ എന്ന സ്ഥാനവും സ്വഗ്ഗത്തിനുള്ള അവകാശവും പൊയ്പ്പോയി. ഇതിൽ കൂടുതലായി എന്താണു സംഭവിക്കാനുള്ളതു്?

വേറെ പല ശിക്ഷകളും അവക്കു കിട്ടി. ഇത്രയേറെ ശിക്ഷകൾ കിട്ടത്തക്കവണ്ണം അവരുടെ പാപം വലുതായിരുന്നു. ആ സുന്ദരമായ തോട്ടത്തിൽനിന്നു് അവരെ പുറത്താക്കി. അപ്പോൾ എത്രയധികമായി അവർ ദുഃഖിച്ചിരിക്കുമെന്നു് ഒന്നോത്തുനോക്കു! ഇതുകൊണ്ടും ശിക്ഷ അവസാനിച്ചില്ല. ആദത്തിനും ഹവ്വക്കും ജോലികൾ ഇതുവരെ സന്തോഷസംദായകമായിരുന്നു. ഇപ്പോൾ ക്ലേശകരമായിത്തീന്നു. രോഗങ്ങൾ അവരെ അലട്ടാൻ തുടങ്ങി.

## കുട്ടികളുടെ പ്രവത്തനം

ആദത്തിൻെറയും ഹവ്വയുടെയും പാപങ്ങളെക്കുറിച്ചു് ഞാൻ ചിലതെല്ലാം പറയാൻ പോവുകയാണു്. ഞാൻ ഓരോ വാക്യവും പറഞ്ഞു നിത്തുമ്പോൾ നിങ്ങൾ ഇങ്ങനെ പറയണം. ''ദൈവം നീതിമാനാണു്. അവിടുന്നു് പാപത്തെ ശിക്ഷിക്കുന്നു.'' (ഈ സമയത്തു് കുഞ്ഞുങ്ങളെ എഴുന്നേല്പിച്ചു നിത്തുന്നതു നന്നു്)

| അദ്ധ്യാപകൻ | കുട്ടികൾ |
| --- | --- |
| ആദവും ഹവ്വയും അവരുടെ പാപത്തിനു ശിക്ഷിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ, | ദൈവം നീതിമാനാണ്. അവിടുന്നു പാപത്തെ ശിക്ഷിക്കുന്നു. |
| അവർ അറിഞ്ഞുകൊണ്ടു തെററു ചെയ്തു. അതിനാലവർ ശിക്ഷിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ, | ,, ,, |
| അവർ പാപം ചെയ്താൽ മരിക്കുമെന്നു് ദൈവം അവരോടു പറഞ്ഞിരുന്നു. എന്തുകൊണ്ടെന്നാൽ, | ,, ,, |
| അവർ കഷ്ടതകളും വേദനകളും അനുഭവിച്ചു. ഒരിക്കൽ മരിച്ചു. എന്തുകൊണ്ടെന്നാൽ, | ,, ,, |

**ഓർമ്മിക്കാൻ**
**ചോദ്യങ്ങൾ**

1. ദൈവം ആദത്തേയും ഹവ്വയേയും ശിക്ഷിച്ചതെങ്ങനെ?
2. എന്തുകൊണ്ടു് ദൈവം അവരെ ശിക്ഷിച്ചു?

### ഭാഗം 2 (30 മിനിററു്)

ദൈവം കരുണയുള്ളവനാണു്. (ബോർഡിൽ)

**പാഠാവതരണം**

അവിടുന്നു് ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു.

ആദവും ഹവ്വയും പാപം ചെയ്തു. അതിനാൽ (അവർ ശിക്ഷിക്കപ്പെടണമായിരുന്നു) ദൈവം അവരെ ശിക്ഷിച്ചു. ദൈവികജീവനും ദൈവസ്നേഹവും അവക്കു നഷ്ടപ്പെട്ടു. പറുദീസായിൽ അവർ അനുഭവിച്ചിരുന്ന എല്ലാ ആനന്ദവും അവക്കില്ലാതായി. അവരും അവരുടെ മക്കളും കഷ്ടപ്പെടേണ്ടിവന്നു. മരിക്കേണ്ടിവന്നു. എത്ര ദു:ഖകരം! അവക്കു്, അവരുടെ തെററിനു്, ദൈവത്തോടു കാണിച്ച നന്ദിയില്ലായ്മയ്ക്കു് പരിഹാരം ചെയ്യാൻ സാധിക്കുമായിരുന്നില്ല—ദൈവനീതിയ്ക്കുത്തരം പറയാൻ അവക്കു സാധിച്ചില്ല.

നിങ്ങളുടെ അപ്പനു വിലപിടിച്ച ഒരു നല്ല പേന—കാണാൻ ഭംഗിയുള്ള പേന ഉണ്ടെന്നു കരുതുക. നിങ്ങളാരും ആ പേന എടുത്തെഴുതരുതെന്നു് അപ്പൻ നിർബ്ബന്ധമായി പറഞ്ഞിട്ടുണ്ട്. പക്ഷേ, ഒരു ദിവസം നിങ്ങൾ അപ്പൻ കാണാതെ ആ പേന എടുത്തു് ഭംഗിനോക്കിയും, അതുകൊണ്ടെഴുതിനോക്കിയും രസിക്കുമ്പോൾ അതു താഴെവീണു. അതിന്റെ നിബ്ബ് ഒടിഞ്ഞു. അപ്പോൾ നിങ്ങൾ അപ്പനെ അനുസരിക്കാതെയിരുന്നതിൽ ദുഃഖിക്കുന്നുവെന്നു കരുതുക. 'അപ്പാ, പേന നശിപ്പിച്ചതിൽ ഞാൻ ദുഃഖിക്കുന്നു' എന്നു പറയുന്നു. പക്ഷേ, അതുകൊണ്ടു് ചീത്തയാക്കിയ പേന അപ്പനു് തിരിച്ചുകിട്ടുമോ? ഒരിക്കലുമില്ല. ഇതുപോലെയായിരുന്നു ആദത്തിന്റെയും ഹവ്വയുടെയും സ്ഥിതി. അവർ കാണിച്ച സ്നേഹക്കുറവിനു്—നന്ദികേടിനു് പരിഹാരം ചെയ്യാൻ അവർക്കു് കഴിഞ്ഞില്ല. ഹോ! പാപം എത്ര ഭയങ്കരം!

ദൈവം ആദത്തേയും ഹവ്വയേയും അവരുടെ പാപത്തിനു ശിക്ഷിച്ചു. അവരുടെ പാപം കാരണത്താൽ അവരുടെ മക്കളേയും അവരുടെ മക്കളായ നമ്മളേയും ശിക്ഷിച്ചു. എന്നിരുന്നാലും ദൈവം അവരേയും നമ്മളേയും സ്നേഹിച്ചു. നിങ്ങളേയും എന്നേയും സ്നേഹിച്ചു. ആദവും ഹവ്വയും മാത്രമല്ല, നമ്മളോരോരുത്തരും ദൈവത്തോടൊന്നിച്ചു് സന്തോഷിക്കണമെന്നു് അവിടുന്നു് ആഗ്രഹിച്ചു. പക്ഷേ, പാപം നിമിത്തം സ്വർഗ്ഗം അടസ്സപ്പെട്ടുപോയി. ഈ പാപത്തിനു പരിഹാരം ചെയ്തു്, നമുക്കായി സ്വർഗ്ഗം തുറന്നുതരാൻ ആർക്കു കഴിയും? മനുഷ്യനു് അതു സാധ്യമല്ല.

ദൈവത്തിനു് ഇതെല്ലാം അറിയാമായിരുന്നു. നല്ലവനായ നമ്മുടെ പിതാവു് അതുകൊണ്ടു് ഒരു രക്ഷകനെ വാഗ്ദാനം ചെയ്തു. അതായതു്, ഒരിക്കൽ ഒരു രക്ഷകൻ വന്നു് അടസ്സപ്പെട്ട സ്വർഗ്ഗം നമുക്കു് തുറന്നു തരും. നമുക്കു നഷ്ടപ്പെട്ടുപോയ ദൈവികജീവനും ദൈവസ്നേഹവും വീണ്ടും സമ്പാദിച്ചുതരും. ഹാ! എത്ര നല്ലവനാണു്, നമ്മുടെ സ്വർഗ്ഗീയ പിതാവു്! പക്ഷേ, ആ രക്ഷകനുവേണ്ടി ആദവും ഹവ്വയും അവരുടെ മക്കളും വളരെയേറെക്കാലം കാത്തിരിക്കേണ്ടിവന്നു.
ദൈവത്തിനു് ആദത്തേയും ഹവ്വയേയും എന്നന്നേയ്ക്കുമായി ശിക്ഷിക്കാമായിരുന്നു. നമ്മെ എല്ലാവരേയും എന്നന്നേയ്ക്കുമായി ശിക്ഷിക്കാമായിരുന്നു. സ്വർഗ്ഗത്തിൽ ദൈവത്തോടൊന്നിച്ചു് ആനന്ദിക്കാനുള്ള ഭാഗ്യം ഒരിക്കലും നമുക്കു തരാതിരിക്കാമായിരുന്നു. എങ്കിൽ നമ്മുടെ നില എത്ര സങ്കടകരമായിരുന്നേനേ. പക്ഷേ നല്ലവനായ ദൈവം അതു ചെയ്തില്ല; ചെയ്യുകയില്ല. ദൈവം അത്യധികം നല്ലവനാണു്.

ദൈവം രക്ഷകനെ തന്നതിനാൽ നമുക്കു സ്വർഗ്ഗത്തിൽ പോകാം. ദൈവത്തോടൊന്നിച്ചു് ആനന്ദിക്കാം. ദൈവമക്കൾ എന്ന സ്ഥാനം

നമുക്കു തിരിച്ചുകിട്ടും. അങ്ങനെ വീണ്ടും ദൈവത്തെ പിതാവെന്നു വിളിക്കാനുള്ള അവകാശം ലഭിക്കും. പക്ഷേ, നാം നല്ലവരായി ജീവിക്കണം. പാപത്തിൻെറ ശിക്ഷയായ രോഗം, പീഡ, പട്ടിണി, മരണം, മുതലായവയെല്ലാം ക്ഷമയോടെ സഹിക്കണം. അതിനു നാം തയ്യാറില്ലെങ്കിൽ രക്ഷകൻ വന്നാലും നമുക്കു് സ്വർഗ്ഗത്തിൽ പോകുക സാധ്യമല്ല. (പലവിധ രോഗങ്ങൾ അനുഭവിക്കുന്നവരുടെ ചിത്രം, മരണം കഠിനാദ്ധ്വാനം, പട്ടിണി മുതലായവയെ കാണിക്കുന്ന ചിത്രം, കുഞ്ഞുങ്ങളെ കാണിച്ചു് പാപഫലത്തെക്കുറിച്ചു് വിശദീകരണം നൽകുക.)

ആദവും ഹവ്വയും പാപം ചെയ്യില്ലായിരുന്നെങ്കിൽ ഈ കഷ്ടതകൾ നാം അനുഭവിക്കേണ്ടിവരികയില്ലായിരുന്നു; ഒരിക്കലും നമ്മൾ മരിക്കുകയില്ലായിരുന്നു. പക്ഷേ, ഒരു കാര്യം നമ്മൾ മനസ്സിലാക്കണം. ഈ ദുഃഖങ്ങളും വേദനകളും നാം എന്നേയ്ക്കും അനുഭവിക്കേണ്ടിവരികയില്ല. വളരെ കുറച്ചുകാലത്തേയ്ക്കുമാത്രം. ഈ കാലത്തു് നന്നായി ജീവിച്ചാൽ തീർച്ചയായും നമുക്കു് സ്വർഗ്ഗത്തിൽ പോകാം. ദൈവത്തിൻെറ ആനന്ദത്തിൽ പങ്കുകൊള്ളാം. നമ്മുടെ പിതാവിനോടൊത്തു് നമുക്കു സന്തോഷിക്കാം. ഈ ഭാഗ്യം നമുക്കു കിട്ടുന്നതു് നമ്മുടെ രക്ഷകൻവഴിയാണു്. അപ്പോൾ രക്ഷകനെ നമുക്കു തന്ന പിതാവിനു് നാം എത്രയധികമായിട്ടാണു് നന്ദി പറയേണ്ടതു്? ഇപ്പോൾത്തന്നെ നമുക്കു് നന്ദി പറയാം.

**കുട്ടികളുടെ പ്രവർത്തനം**

ആദത്തിൻേറയും ഹവ്വയുടേയും കഥ സംഗ്രഹിച്ചു വീണ്ടും പറഞ്ഞുകൊടുത്തതിനുശേഷം നാടകമായി അഭിനയിപ്പിക്കുക. ദൈവം പറയാനുള്ള ഭാഗം അദ്ധ്യാപകൻ പറയണം.

അദ്ധ്യാപകൻ—പ്രിയ മക്കളെ, ഈ തോട്ടത്തിലുള്ള എല്ലാ വസ്തുക്കളും നിങ്ങൾക്കുള്ളതാണു്, എല്ലാ മരങ്ങളുടേയും പഴം നിങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ, (വിലക്കപ്പെട്ട കനിയുള്ള മരം മുറിയുടെ മദ്ധ്യഭാഗത്തുള്ളതായി ഭാവിച്ചു് ചൂണ്ടിക്കാണിച്ചുകൊണ്ടു്) ഈ പ്രത്യേക മരത്തിൻെറ പഴം നിങ്ങൾ ഭക്ഷിക്കരുതു്. എന്നു് നിങ്ങൾ അതു ഭക്ഷിക്കുമോ, അന്നു നിങ്ങൾ മരിക്കും. (ഒരു പെൺകുട്ടി മുറിയുടെ മദ്ധ്യഭാഗത്തേയ്ക്കു നീങ്ങി ഭയത്തോടുകൂടി ഒരു പഴം പറിച്ചുതിന്നട്ടെ. അവൾ ഒരു പഴം ഒരു ആൺകുട്ടിയ്ക്കും കൊടുക്കട്ടെ. അവൻ അതു ഭക്ഷിക്കട്ടെ. പഴം തിന്നു കഴിയുമ്പോൾ രണ്ടുപേരും തലതാഴ്ത്തി, മുഖം പൊത്തി ഭിത്തിയുടെ അരികിലേയ്ക്കു നീങ്ങട്ടെ.)

അദ്ധ്യാപകൻ—ആദാമേ, നീ എവിടെയാണു്?

ആൺകുട്ടി—അങ്ങയുടെ ശബ്ദം കേട്ടപ്പോൾ ഞാൻ ഭയന്നു് ഓടിയൊളിച്ചു.

അദ്ധ്യാപകൻ—നിനക്കു് എങ്ങനെ ഭയമുണ്ടായി? തിന്നരുതെന്നു പറഞ്ഞിരുന്ന പഴം നീ പറിച്ചുതിന്നോ?

ആൺകുട്ടി—ഹവ്വ ആ പഴം എനിക്കു തന്നു. ഞാനതു ഭക്ഷിച്ചു.

അദ്ധ്യാപകൻ—നിങ്ങൾ എന്തുകൊണ്ടെന്നെ അനുസരിച്ചില്ല?

(കുട്ടികൾ രണ്ടുപേരും തലതാഴ്ത്തി ലജ്ജിച്ചുനിൽക്കുന്നു)

അദ്ധ്യാപകൻ—നിങ്ങൾ എന്നെ അനുസരിക്കാത്തതിനാൽ ഉടനെ തന്നെ ഈ തോട്ടത്തിൽനിന്നു് നിങ്ങൾ പുറത്തുപോകുക. (ക്ലാസ്സുമുറിയുടെ കതകുഭാഗത്തേയ്ക്കു ചൂണ്ടിക്കാണിക്കുന്നു. അവർ അവിടേയ്ക്കു സാവധാനത്തിൽ വൈമനസ്യത്തോടെ നീങ്ങുന്നു.)

അദ്ധ്യാപകൻ—നിങ്ങൾ പാപം ചെയ്തതിനാൽ, നിങ്ങൾക്കു വേദനകളും പ്രയാസങ്ങളുമുണ്ടാകും, സുഖക്കേടുകളുണ്ടാകും. നിങ്ങൾ മരിക്കും. (ഇതുകേട്ടു് സഹതാപപൂർവ്വം അവർ ദൈവത്തെ നോക്കുന്നതായും മാപ്പിരക്കുന്നതായും ഭാവിക്കട്ടെ.) എന്നാൽ ഞാൻ നിങ്ങൾക്കായി ഒരു രക്ഷകനെ അയയ്ക്കും. ആ രക്ഷകൻ നിങ്ങൾക്കു നഷ്ടപ്പെട്ട ദൈവികജീവനും സ്നേഹവും വീണ്ടെടുത്തുതരും. നിങ്ങൾ പ്രത്യാശയോടെ കാത്തിരിക്കുക.

## പ്രയോഗം

പറുദീസയിൽനിന്നു പുറത്താക്കപ്പെട്ടപ്പോൾമുതൽ ആദത്തിനും ഹവ്വയ്ക്കും വലിയ കഷ്ടതകളും പ്രയാസങ്ങളും അനുഭവിക്കേണ്ടിവന്നു. പക്ഷേ അവർ അക്ഷമത പ്രദർശിപ്പിച്ചില്ല. അതെല്ലാം അവരുടെ തെററിനു് പരിഹാരമായി അവർ ദൈവത്തിനു സമർപ്പിച്ചു. ഒരു ദിവസത്തിൽ അനേകം പ്രാവശ്യം അവർ ദൈവത്തോടു് അവരുടെ തെററിനെക്കുറിച്ചു ദുഃഖിക്കുന്നുവെന്നു പറഞ്ഞിരിക്കാം—അവർ ഹൃദയത്തിൽ ദൈവത്തോടു സംഭാഷണം ചെയ്തിരിക്കാം. എത്ര പ്രയാസമുള്ള സംഗതികളായാലും ഇനിമേൽ ദൈവത്തെ അനുസരിക്കാമെന്നു പറഞ്ഞിരിക്കാം.

നമുക്കും ചിലപ്പോഴൊക്കെ ദുഃഖമുണ്ടാകും, പ്രയാസങ്ങളുണ്ടാകും. നല്ല മഴയും തണുപ്പുമുള്ള കാലങ്ങളിൽ അതിരാവിലെ എഴുന്നേററു് പള്ളിയിൽ പോകാനോ പഠിക്കാനോ അമ്മ നിർബ്ബന്ധിച്ചേക്കാം. ഉരുണ്ടുവീണു കൈയ്യുംകാലുംപൊട്ടി വേദനയുണ്ടായേക്കാം. കളിച്ചു രസിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ധ്യാപകൻ പാഠം എഴുതാനോ വായിക്കാനോ വിളിച്ചേക്കാം. ഈ അവസരങ്ങളിലെല്ലാം അതൃപ്തി കാണിക്കാതെ നമ്മുടെ സ്വർഗ്ഗീയപിതാവിനുമാത്രം കേൾക്കത്തക്ക വിധത്തിൽ പറയണം.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

അങ്ങേ ഞാൻ സ്നേഹിക്കുന്നു.

ആകയാൽ ഞാൻ അങ്ങയെ അനുസരിക്കും.

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. എന്തുകൊണ്ടാണ് ദൈവം ആദത്തേയും ഹവ്വയേയും ശിക്ഷിച്ചതു്?

2. ദൈവം നീതിമാനാണെന്നു പറയുന്നതു് എന്തുകൊണ്ട്?

3. ആദത്തിനും ഹവ്വയ്ക്കും കിട്ടിയ ഏററവും വലിയ ശിക്ഷ എന്തായിരുന്നു?

4. മറെറന്തെല്ലാം ശിക്ഷകളാണ് അവക്കു കിട്ടിയതു്?

5. ദൈവം ആരെ കൊടുക്കാമെന്നാണു വാഗ്ദാനം ചെയ്തതു്?

(മൂന്നും അഞ്ചും ചോദ്യങ്ങളുടെ ഉത്തരം ഹൃദിസ്ഥമാക്കുക.)

## ഉപസംഹാരപ്രാർത്ഥന

പാഠാരംഭത്തിൽ പഠിച്ച മനസ്താപപ്രകരണം ഭക്തിയോടെ ചൊല്ലാനുള്ള താല്പര്യം കുഞ്ഞുങ്ങളിൽ ഉളവാക്കി കൂട്ടമായി പ്രാർത്ഥിപ്പിക്കുക.

# 8

# മംഗളവാർത്ത

## ഉപക്രമം

മനുഷ്യാവതാരരഹസ്യമാണു് ഈ പാഠത്തിലെ ഏററവും പ്രധാനപ്പെട്ട ആശയം. യേശുവഴി പിതാവു് തൻെറ സ്നേഹം നമുക്കു വെളിപ്പെടുത്തിത്തന്നു. തൻെറ പുത്രനെ, രക്ഷകനായ ക്രിസ്തുവിനെ, മനുഷ്യരെ രക്ഷിക്കുവാൻ ലോകത്തേയ്ക്കയച്ചുകൊണ്ടു് പിതാവു് തൻെറ വാഗ്ദാനം നിറവേററി. പരിശുദ്ധ ത്രിത്വത്തിൻെറ രഹസ്യത്തെ കുഞ്ഞുങ്ങളുടെ മുൻപിൽ അവതരിപ്പിക്കുവാനുള്ള ആദ്യപടിയാണു് ഈ പാഠം. പിതാവിനെക്കുറിച്ചു് ചിലതെല്ലാം അവർ പഠിച്ചുകഴിഞ്ഞു. പുത്രനെക്കുറിച്ചു് ഇപ്പോഠം അവർ പഠിക്കുവാൻ പോകയാണു്. വാഗ്ദാനംചെയ്യപ്പെട്ട രക്ഷകൻ ദൈവംതന്നെയാണെന്ന സംഗതി അദ്ധ്യാപകൻ കുഞ്ഞുങ്ങളെ ശരിയായി മനസ്സിലാക്കിക്കൊടുക്കണം. കന്യകാമറിയത്തെ പാപമാലിന്യമില്ലാതെ ആദിമുതൽതന്നെ പിതാവു കാത്തതു് തൻെറ പുത്രൻെറ മഹത്വത്തെ കാണിപ്പാനാണു്. ദൈവപുത്രനെ തന്നുകൊണ്ടു് പിതാവു നമ്മെ സ്നേഹിച്ചു. കന്യകാമറിയത്തെ പാപംകൂടാതെ ജനിപ്പിച്ചുകൊണ്ടു് തൻെറ പുത്രനോടുള്ള സ്നേഹം പിതാവു വെളിപ്പെടുത്തി.

ദൈവമാതാവു് എന്നു് കന്യകാമറിയത്തെക്കുറിച്ചു സംസാരിക്കുമ്പോഠം പിതാവായ ദൈവത്തിൻെറ അമ്മയായി പ. മറിയത്തെ കുട്ടികഠം കരുതാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. ആകയാൽ രക്ഷകൻ ദൈവപുത്രനാണെന്നു മനസ്സിലാക്കുന്നതുവരെ കന്യകാമറിയത്തെക്കുറിച്ചു് ദൈവമാതാവെന്നു് സംബോധനചെയ്യാതിരിക്കുന്നതായിരിക്കും നന്നു്. മംഗളവാർത്ത, മനുഷ്യാവതാരം എന്നീ പ്രയോഗങ്ങളും ഉപേക്ഷിക്കേണ്ടതാണിപ്പോഠം. ഈ ആശയം താഴെ പറയുന്നവിധത്തിൽ അവതരിപ്പിക്കാം. മാലാഖ കന്യകാമറിയത്തിൻെറ അടുക്കലേക്കു് ദൈവത്തിൻെറ ദൗത്യവുമായി അയയ്ക്കപ്പെട്ടു. കന്യകാമറിയത്തിൻെറ അനുസരണത്തിൻെറ ഫലമായി അവിടുന്നു് രക്ഷകൻെറ അമ്മയായി.

## ലക്ഷ്യം

രക്ഷകനെ അയയ്ക്കാൻ തിരുമനസ്സായ പിതാവായ ദൈവത്തോടു് കുട്ടികളിൽ കൃതജ്ഞതയുളവാക്കുക; അവിടുത്തെ മാതാവിനോടു് വലിയ ആദരവും സ്നേഹവും ജനിപ്പിക്കുക.

## പ്രധാന പദങ്ങൾ

ദൈവപുത്രൻ, യേശു

## പഠനോപകരണങ്ങൾ

ആരുടെയൊ വരവിനെ പ്രതീക്ഷിച്ചുനില്ക്കുന്നതായി തോന്നിക്കുന്ന ഒരു ജനക്കൂട്ടത്തിൻെറ ചിത്രം, ക്രിസ്തുവിൻെറ ചിത്രം, മംഗളവാർത്താ ചിത്രം.

### ഭാഗം 1 രൂപരേഖ

## പ്രധാനാശയം

ദൈവം രക്ഷകന് ഒരമ്മയെ തെരഞ്ഞെടുക്കുന്നു.
ദൈവം തൻെറ പുത്രനെത്തന്നെ രക്ഷകനായി നമുക്കു തരുന്നു.

## കഥ

കന്യകാമറിയം ഒരു കൊച്ചുകുട്ടിയായിരുന്നപ്പോൾ എങ്ങനെ കഴിഞ്ഞിരുന്നു എന്നതിനെക്കുറിച്ചു പറയുക.

## കഥ

മംഗളവാർത്തയെസംബന്ധിച്ച ഭാഗം വിവരിക്കുക.

## കുട്ടികളുടെ പ്രവർത്തനം

അഭിനയത്തോടുകൂടിയ കഥാകഥനം

## പ്രയോഗം

പ. മറിയം ചെയ്തതുപോലെ നമുക്ക് എല്ലാ കാര്യങ്ങളിലും ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ശ്രമിക്കാം.

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. രക്ഷകൻെറ അമ്മയായി തിരഞ്ഞെടുക്കപ്പെട്ടതു് ആരാണ്?
2. കന്യകാമറിയത്തെ വിശുദ്ധയെന്നു വിളിക്കാൻ കാരണമെന്തു്?
3. എങ്ങനെയാണ് കന്യകാമറിയം പ്രാർത്ഥിച്ചതു്?

## ഭാഗം 2 രൂപരേഖ

### പ്രധാനാശയം

ദൈവം മാലാഖയെ മറിയത്തിൻെറ പക്കലേയ്ക്ക് അയച്ചു, ദൈവ മാതാവാകാൻ മറിയത്തിന് സമ്മതമാണോ എന്ന് അറിയാൻ.

പരിശുദ്ധമറിയം ദൈവതിരുമനസ്സിന് കീഴ്പ്പെട്ട് രക്ഷകൻെറ അ മ്മയായിത്തീന്നു.

### കഥ

മംഗളവാർത്തയെസംബന്ധിച്ച ഭാഗം വിവരിക്കുക.

### കുട്ടികളുടെ പ്രവർത്തനം

മംഗളവാർത്ത നാടകമാക്കുക. അദ്ധ്യാപകൻെറ നിർദ്ദേശങ്ങളനുസരി ച്ച് കുട്ടികൾ അഭിനയിക്കുക. ദൈവമാതാവായിത്തീരാൻ മറിയം സമ്മതിച്ചതിൽ നമുക്കു സന്തോഷമുണ്ടെന്ന് കാണിപ്പാൻ "നന്മനിറ ഞ്ഞമറിയമേ" എന്ന നമസ്കാരം എല്ലാ ദിവസവും ഭക്തിയോടെ ചൊല്ലുക.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. കന്യകാമറിയത്തെ ദൈവമാതാവായി തെരഞ്ഞെടുക്കുവാൻ ദൈ വം ആരെയാണ് അയച്ചത്?
2. മനുഷ്യശരീരമെടുത്ത ദൈവപുത്രൻെറ പേരെന്ത്?
3. മാലാഖ മറിയത്തോട് എന്ത് പറഞ്ഞു?
4. ഈശോ ആരാണ്?

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭപ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ഞാൻ അങ്ങയെ സ്നേഹിക്കു ന്നു.

അങ്ങ് എത്ര നല്ലവൻ!

അവിടുന്ന് എനിക്കെല്ലാം തരുന്നുവെന്ന് ഞാൻ അറിയുന്നു,

അവിടുന്ന് എന്നെ സ്നേഹിക്കുന്നുവെന്നും.

(ഏതാനും സെക്കൻെറു നേരം മൗനം)

സ്വർഗ്ഗസ്ഥനായ പിതാവേ, രക്ഷകനെ വേഗത്തിലയച്ചാലും. രക്ഷകാ, വന്നാലും, വേഗം വന്നാലും.

## പ്രാരംഭം

(രണ്ടുമൂന്നാഴ്ചയ്ക്കു മുൻപ്) നാമൊരു ദുഃഖത്തിൻെറ കഥ പഠിച്ചല്ലോ. ഏതാണ് ആ കഥ? ആരുടെ കഥയായിരുന്നത്? ആർക്കറിയാം?

ഇന്നു നമ്മൾ പഠിക്കാൻ പോകുന്ന കഥ സന്തോഷത്തിൻെറ കഥയാണ്. പ്രത്യേകവിധമുള്ള ഒരു ആനന്ദത്തിൻെറ കഥ.

## കഥ

ആറേഴുവർഷമായി ബോംബെയിൽ താമസിക്കുന്ന നിങ്ങളുടെ അമ്മാവൻ അടുത്തയാഴ്ച നിങ്ങളുടെ വീട്ടിലേക്കു വരുന്നു എന്നു കേൾക്കുമ്പോൾ നിങ്ങൾക്കു സന്തോഷം തോന്നുകില്ലേ? അമ്മാവൻ നിങ്ങളെക്കൂടി ബോംബെയ്ക്കുകൊണ്ടുപോകാനാണു വരുന്നതെന്നു കേട്ടാൽ നിങ്ങൾക്കെന്തു സന്തോഷമാവും. നിങ്ങൾ അമ്മാവൻെറ വരവുകാത്തു കാത്തിരിക്കും ഇല്ലേ. ആ ഒരാഴ്ച നീങ്ങുന്നില്ല എന്നു തോന്നും, അല്ലേ. അങ്ങനെയാണ്? നമ്മൾഒരാളെ കാത്തിരിക്കുമ്പോൾ നമുക്കെന്തു പ്രയാസമാണ്. ദിവസത്തിനു് നീളം വയ്ക്കുന്നതുപോലെ തോന്നും. രാത്രി എന്തു ചെയ്താലും വെളുക്കുകില്ല. അതേ, കാത്തിരിപ്പ് വലിയ പ്രയാസമാണ്. ഞാനിന്നു ജോയിയുടെ കഥ പറയാം. ജോയി അപ്പച്ചനെ കാത്തു കാത്തിരുന്ന കഥ.

ജോയിയുടെ വീട് ഒരു വനത്തിന്നടുത്താണ്; വലിയൊരു കാടിന്നടുത്തു്. വലിയ വൃക്ഷങ്ങളും വന്യമൃഗങ്ങളുമെല്ലാമുള്ള വനത്തിന്നടുത്തു്. കാടിന്നകത്തെങ്ങും കളിക്കാൻ പോയേക്കരുതെന്നു് ജോയിയോടു് അപ്പച്ചൻ പ്രത്യേകം പറഞ്ഞിരുന്നു.

''എന്തുകൊണ്ടാണു് എനിക്കു കാട്ടിൽ പോയി കളിക്കാൻ പാടില്ലാത്തതു്?'' ജോയി അപ്പച്ചനോടു ചോദിച്ചു.

''എൻെറ മകനേ, പാടില്ല; കാട്ടിൽ പോയാൽ നിനക്കു വല്ല അപകടവും വരും'', അപ്പച്ചൻ പറഞ്ഞു. കാട്ടിൽ പോയാൽ ജോയി വല്ല കുഴിയിലും വീണുപോയേക്കാം; അല്ലെങ്കിൽ തിരിച്ചുപോരാൻ വഴിയറിയാതെ കുഴങ്ങിപ്പോയേക്കാം. അതുമല്ലെങ്കിൽ വല്ല വന്യമൃഗങ്ങളും അവനെ ഉപദ്രവിച്ചെന്നും വരാം. പക്ഷേ, ജോയി അതൊന്നും വകവച്ചില്ല. അപ്പൻെറ ഉപദേശം ധിക്കരിച്ചു ഒരു ദിവസം അവൻ കളിക്കാൻ കാട്ടിനുള്ളിലേക്കു കയറിപ്പോയി. പക്ഷേ എന്തുപററി. കളിനിർത്തി തിരിച്ചുപോരാൻ നോക്കിയിട്ടു അവനു വഴി അറിയാൻ വയ്യ. അങ്ങുമിങ്ങും നടന്നുനോക്കി. ഒരു ലക്കുമില്ല. അവൻ അവിടെ അലഞ്ഞുനടന്നു. വഴി കണ്ടുപിടിക്കാൻ കഴിഞ്ഞി

ല്ല. പാവത്തിനു പേടിയായി. അവൻ നിലവിളിച്ചുകൊണ്ടു് അങ്ങു മിങ്ങുമോടി. ആരു കേൾക്കാൻ. അവൻെറ കരച്ചിലിൻെറ ശബ്ദം ഉയർന്നുയർന്നുവന്നു. അപ്പൻ തന്നെ അന്വേഷിച്ചുവരുമെന്നു് അവനറി യാം. അതിനാൽ അവൻ ഉച്ചത്തിൽ അപ്പനെ വിളിച്ചുകരഞ്ഞു, കാ ത്തിരുന്നു. ചുററും ഇരുട്ടു്; കൂററാക്കൂററിരുട്ടു്. അവൻെറ നെഞ്ചിടി പ്പു കൂടിക്കൊണ്ടിരുന്നു. ആരും വരുന്നില്ല. 'അപ്പൻ വരാതിരിക്കു മോ?' അവൻ ചിന്തിച്ചുപോയി. 'ഇല്ല, അപ്പൻ തീർച്ചയായും വരും. അത്ര നല്ലവനാണു് അപ്പൻ. അത്ര സ്നേഹമുള്ളവനാണു് അ പ്പൻ. പിന്നെന്തേ ഇത്ര വൈകാൻ. എത്ര നേരമായി.' അപ്പനെ ധി ക്കരിച്ചു് കാട്ടിൽ വന്നതോർത്തു് അവൻ ദു:ഖിച്ചു. അപ്പനെ കാത്തു കാത്തു് അവൻ അവിടിരുന്നു, ഇരുട്ടുനിറഞ്ഞ ആ കാട്ടിൽ. അവസാ നം, അതാ അങ്ങകലെ ഒരു നേരിയ പ്രകാശം കാണുന്നു. ഹാ! അ വൻ നെടുവീർപ്പിട്ടു. അപ്പച്ചൻ വരുന്നുണ്ടു്. ആശ്വാസമായി.

കണ്ടോ, കാത്തിരിപ്പു് എന്തു ക്ലേശകരമാണു്. വീട്ടിൽനിന്നകന്നി രിക്കുമ്പോൾ, പ്രത്യേകിച്ചു് വീട്ടിലേക്കുള്ള വഴി അറിയാൻ വയ്യെ ങ്കിൽ, അന്വേഷിച്ചുവരുന്ന ആളിനെ കാത്തുള്ള ഇരിപ്പു് എന്തു ക്ലേശ കരമാണു്. നമ്മെ സ്നേഹിക്കുന്നവരിൽനിന്നു് അകന്നുപോയാൽ, പിന്നെ നമുക്കു ദു:ഖമാണു്. അവർ നമ്മെ അന്വേഷിച്ചു വരുന്നതും കാത്തിരിക്കുമ്പോൾ നമുക്കു വലിയ വീർപ്പുമുട്ടലാണു്.

ആ കാട്ടിൽ ഏകാകിയായി അപ്പനെ കാത്തുനിന്നപ്പോൾ ജോയി പേടിച്ചു് അരണ്ടുപോയി, ഇല്ലേ. പക്ഷേ, അവസാനം അങ്ങു് അക ലെനിന്നു് ഒരു കൊച്ചു പ്രകാശം കണ്ടപ്പോൾ അവനു് എന്താശ്വാസ മായി. ആരോ തന്നെ അന്വേഷിച്ചുവരികയാണെന്നു് അവനു തീർച്ച യായി. കാത്തിരിപ്പു് അവസാനിച്ചു. വീർപ്പുമുട്ടൽ നിന്നു. അവനു സന്തോഷമായി. കാത്തിരിപ്പു ക്ലേശകരമാണു്. പക്ഷേ കാത്തിരി പ്പിനറുതികാണിക്കുന്ന ആ പ്രകാശത്തിൻെറ രശ്മികൾ എത്ര സ മാശ്വാസപ്രദമാണു്. ദൂരെനിന്നു പ്രകാശം വരുന്നെന്നു കണ്ടപ്പോൾ ജോയിക്കു സന്തോഷമായി. എന്തുകൊണ്ടാണെന്നറിയാമോ? അവ നെ തിരക്കി ആരോ വരുന്നുണ്ടെന്നു് അവൻ അറിഞ്ഞു. അവനു സന്തോഷമായി.

നാമിന്നു പഠിക്കാൻ പോകുന്ന കഥയും ഏകദേശം ഇങ്ങനെയുള്ള ഒന്നാണു്. നമ്മെ രക്ഷിക്കാൻ വന്ന രക്ഷകൻെറ കഥയാണു് നിങ്ങ ളിപ്പോൾ കേൾക്കാൻ പോകുന്നതു്. പിതാവായ ദൈവം തൻെറ വാഗ്ദാനം ഇതാ നിറവേററാൻ പോകുന്നു. എങ്ങനെ നിറവേററി എന്നു് നോക്കാം. അനേകമനേകം വർഷങ്ങളായി മനുഷ്യൻ രക്ഷ കനെ കാത്തിരിക്കുകയായിരുന്നു. കാത്തിരിപ്പിതാ തീരുന്നു. രക്ഷ കൻവരുന്നു. രക്ഷകൻ ഒരു വലിയ മനുഷ്യനായിട്ടല്ല ഭൂമിയിലേ ക്കു വരാൻ പോകുന്നതു്. പിന്നെയോ, ഒരു ശിശുവായിട്ടാണു്— ഒരു കൊച്ചു കുഞ്ഞായി. ആ കുഞ്ഞിനു് ഒരു അമ്മയെ വേണം. ക

ഞ്ഞുങ്ങഠംക്ക പിറക്കാൻ അമ്മ വേണം. നമ്മളെല്ലാം നമ്മുടെ അമ്മമാരിൽനിന്നല്ലേ പിറന്നതു്. അതുപോലെ ഈശോയ്ക്കു ഒരമ്മവേണം. അതുകൊണ്ടു് ദൈവം രക്ഷകനെ അയയ്ക്കുന്നതിനു മുൻപു് അവിടുത്തേയ്ക്കു് ഒരമ്മയെ കണ്ടുപിടിച്ചു് ഒരുക്കണമായിരുന്നു.

## പാഠാവതരണം

ദൈവം രക്ഷകനു് ഒരമ്മയെ തെരഞ്ഞെടുക്കുന്നു.

സ്വർഗ്ഗസ്ഥനായ പിതാവു് തൻെറ പുത്രനെത്തന്നെ നമ്മുടെ രക്ഷകനായി അയയ്ക്കാൻ പോകയാണു്. തൻെറ പുത്രൻെറ അമ്മ (ലോകത്തുള്ള) എല്ലാ അമ്മമാരിലുംവച്ചു് ഏററവും നല്ലവളായിരിക്കണമെന്നു് അവിടുന്നാഗ്രഹിച്ചു. രക്ഷകൻെറ അമ്മ ഏററവും പരിശുദ്ധയായിരിക്കണം. എന്നുവച്ചാൽ ദൈവികജീവനും സ്നേഹവുംകൊണ്ടു് നിറഞ്ഞവളായിരിക്കണം. ആരെയാണു് ദൈവം തൻെറ പുത്രനു് അമ്മയായി തിരഞ്ഞെടുത്തതെന്നു് അറിയാമോ? പ. മറിയത്തെ.

പരിശുദ്ധ മറിയം ഇരുളിൽ പ്രകാശിക്കുന്ന ഒരു വിളക്കുപോലെ ആണു്— ആരോ വരുന്നുണ്ടെന്നു് നമ്മോടു പറയുന്ന വിളക്കു്. അതിരാവിലെ ഉദിച്ചുവരുന്ന സൂര്യനിൽനിന്നു പുറപ്പെടുന്ന ആദ്യരശ്മികഠംപോലെയാണു് (ഒരു സൂര്യോദയചിത്രം കാണിക്കുക) രക്ഷകൻെറ അമ്മ.

ദൈവം പ. മറിയത്തെ വലിയ സൗന്ദര്യവതിയായാണു് സൃഷ്ടിച്ചതു്. പ. മറിയത്തോളം സുന്ദരിയായി ദൈവം ആരെയെങ്കിലും സൃഷ്ടിച്ചിട്ടുണ്ടെന്നു നിങ്ങഠംക്കു തോന്നുന്നുണ്ടോ? തീർച്ചയായും പ. മറിയം ആണു് ദൈവം സൃഷ്ടിച്ച സ്ത്രീകളിൽവച്ചു് ഏററം വലിയ സുന്ദരി. പ. മറിയത്തിൻെറ ശരീരത്തേക്കാഠം (ഏററമധികം) സൗന്ദര്യം അവളുടെ ആത്മാവിനാണു്. ഒരു പാപവുമില്ലാതെയാണു്— പാപത്തിൻെറ കറപോലുമില്ലാതെയാണു് പ. മറിയം ജനിച്ചതു്. പറഞ്ഞറിയിക്കാൻ സാധിക്കാത്ത സൗന്ദര്യമാണു് പ. മറിയത്തിൻെറ ആത്മാവിനുള്ളതു്. ഒരു നിമിഷംപോലും പ. മറിയത്തിൽ ദൈവജീവൻ ഇല്ലാതിരുന്നിട്ടില്ല. ഒരു തവണപോലും ദൈവത്തെ അനുസരിക്കാതിരുന്നിട്ടില്ല. പ. മറിയം ദൈവത്തിനു് ഇഷ്ടക്കേടായ ഒരു പ്രവൃത്തിയും ചെയ്തിട്ടില്ല. പ. മറിയം തൻെറ അമ്മയുടെ വയററിൽ ജനിച്ചനാഠംമുതൽ ദൈവികജീവൻകൊണ്ടു് നിറഞ്ഞവളായിരുന്നു; ദൈവത്തിൻെറ മകളായിരുന്നു, ഏററവും പ്രിയപ്പെട്ടമകഠം. തൻെറ തിരുക്കുമാരൻെറ അമ്മയായി ദൈവം അവളെ തിരഞ്ഞെടുക്കുകയും ചെയ്തു.

ദൈവം നമ്മെ വളരെയധികം സ്നേഹിച്ചതുകൊണ്ടാണു് നമ്മെ രക്ഷിക്കാൻ തൻെറ പുത്രനെത്തന്നെ അയച്ചതു്. ദൈവപുത്രൻ—ദൈവംതന്നെ—വന്നു നമ്മെ രക്ഷിക്കുക! ഒന്നോർത്തുനോക്കു, അതു് എത്രവലിയ സ്നേഹമാണെന്നു്. രക്ഷകൻ സ്വർഗ്ഗസ്ഥനായ ദൈവപുത്രനാണു്,

ദൈവംതന്നെയാണ്. വെറും മനുഷ്യനല്ല. പ. മറിയത്തെ ഇത്ര പരിശുദ്ധയാക്കിയതിൻെറ കാരണം ഇപ്പോഠം മനസ്സിലായോ? ദൈവപുത്രൻെറ അമ്മയുടെ ആത്മാവിൽ യാതൊരു മാലിന്യവും ഉണ്ടാകാൻ പാടില്ല. പാപം മാലിന്യമാണ്. പ. മറിയം ഒരു നിമിഷം പോലും പാപത്തിലായിരുന്നിട്ടില്ല—ആയിരിക്കാൻ പാടില്ല. അവിടുത്തെ ആത്മാവ് ദൈവജീവൻകൊണ്ട് നിറഞ്ഞതായിരുന്നു. അങ്ങനെ ആയിരിക്കേണ്ടതു് ഒരാവശ്യവുമായിരുന്നു.

താൻ രക്ഷകൻെറ അമ്മയായിത്തീരുമെന്ന് കുഞ്ഞായിരുന്നപ്പോഠം മുതൽ പ. മറിയത്തിന് അറിയാമായിരുന്നോ? തീർച്ചയായും ഇല്ല. ദൈവം ആ രഹസ്യം ആദ്യം മറിയത്തോട് പറഞ്ഞിരുന്നില്ല. പ്രത്യേകസ്നേഹത്തോടെ ദൈവം മറിയത്തെ കാത്തുസൂക്ഷിച്ചിരുന്നു. മറിയം തൻെറ അപ്പനെയും അമ്മയെയും അനുസരിക്കുന്നതു്, കൂട്ടുകാരോട് സ്നേഹമായി പെരുമാറുന്നതു്, എപ്പോഴും സത്യം പറയുന്നതു്, എല്ലാം ദൈവം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. മറിയം കൂട്ടുകാരോട് ഒന്നിച്ചിരുന്ന് കളിക്കുന്ന രീതിയും അവർ കൂട്ടുകൂടിയിരുന്ന് വർത്തമാനം പറയുന്ന വിധവുമെല്ലാം പിതാവായ ദൈവത്തിന് വളരെ ഇഷ്ടപ്പെട്ടിരുന്നു. അതൊക്കെക്കണ്ട് അവിടുന്ന് സന്തോഷിച്ചിരുന്നു. മറിയം തൻെറ കൂട്ടുകാരോട് വളരെ സ്നേഹമായിട്ടേ പെരുമാറൂ. തൻെറ കളിപ്പാട്ടങ്ങളും അവഠം മററുള്ളവക്ക് കൊടുക്കും; ഭക്ഷണസാധനങ്ങഠം വീതിച്ചുകൊടുത്തു് കൂട്ടുകാരെ സന്തോഷിപ്പിക്കും. കൂട്ടുകാരിൽ ആക്കെങ്കിലും സമ്മാനം കിട്ടുമ്പോഠം മറിയം അവരോടൊത്തു് സന്തോഷിക്കും. അപ്പനും അമ്മയും എന്തെങ്കിലും ചെയ്യാൻ വിളിക്കുമ്പോഠം മറിയംഓടിച്ചെല്ലും; ചോദിക്കാതെതന്നെ അമ്മയെ സഹായിക്കും. എല്ലാവരോടും വളരെ സ്നേഹമായി പെരുമാറും, തന്നോട് പിണങ്ങി തന്നെ ഉപദ്രവിട്ടുള്ളവരോടുപോലും.

പ. മറിയത്തെ അവളുടെ അപ്പനമ്മമാർ അവഠം തീരെ കുഞ്ഞായിരുന്നപ്പോഠംത്തന്നെ ഒരു ദേവാലയത്തിൽ ദൈവകാര്യങ്ങഠം പഠിക്കുവാനായി കൊണ്ടുചെന്നാക്കി. ആദത്തെയും ഹവ്വയെയും കുറിച്ചു മറിയം പഠിച്ചു. ദൈവമക്കഠം— ദൈവത്തിൻെറ ആദ്യമക്കഠം ദൈവത്തിന് ഇഷ്ടക്കേടായി പെരുമാറിയെന്നു കേട്ടപ്പോഠം മറിയം ദുഃഖിച്ചിരിക്കണം. ഒരുപക്ഷെ ഇങ്ങനെ പറഞ്ഞിരിക്കും: 'സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങേയ്ക്കു് ഇഷ്ടക്കേടായി ഒരിക്കലും ഒരു പ്രവൃത്തിയും ഞാൻ ചെയ്യുകയില്ല; എന്നും ഞാൻ അവിടുത്തെ കല്പനകഠം അനുസരിക്കും.'

മറിയം രക്ഷകനെക്കുറിച്ച്—ദൈവം ആദത്തോടും ഹവ്വയോടും ചെയ്ത വാഗ്ദാനത്തെക്കുറിച്ച്—പഠിച്ചു. തൻെറ ജനം (വിശദമാക്കുക, ചിത്രം കാണിക്കുക) രക്ഷകനുവേണ്ടി അനേകായിരം വഷങ്ങളായി കാത്തിരിക്കുകയാണെന്നവഠം പഠിച്ചറിഞ്ഞു. പക്ഷേ ഇതുവരെയും രക്ഷകൻ വന്നിട്ടില്ല. രക്ഷകൻെറ വരവിനായി മററെല്ലാവരെക്കാളും അധി

കം കൊതിച്ചതു് മറിയമാണു്. രക്ഷകനെ വേഗം അയയ്ക്കുവാൻ സ്വർഗ്ഗീയപിതാവിനോടു് അവരം എല്ലാ ദിവസവും വളരെ താല്പര്യത്തോടെ പ്രാർത്ഥിച്ചു.

## കുട്ടികളുടെ പ്രവർത്തനം

'അങ്ങേ രാജ്യം വരണമെ' എന്നു കൂട്ടമായി പ്രാർത്ഥിക്കുക.

മറിയം കുഞ്ഞായിരുന്നപ്പോരം സ്വർഗ്ഗസ്ഥനായ പിതാവിനു് ഇഷ്ടമായവിധത്തിൽ ജീവിച്ചു. നമുക്കും മറിയത്തെപോലെ സ്വർഗ്ഗീയപിതാവിൻെറ ഇഷ്ടത്തിനൊത്തു് ജീവിക്കാൻ ശ്രമിക്കണം. എന്തൊക്കെയാണു് പ. മറിയം സ്വർഗ്ഗീയപിതാവിനെ സന്തോഷിപ്പിക്കുവാൻ ചെയ്തതെന്നു് നിങ്ങരംക്കു് അറിയണ്ടേ? പ. മറിയം ചെയ്തിരുന്ന ഓരോരോ കാര്യങ്ങരം ഞാൻ എടുത്തുപറയാം. അപ്പോരം നിങ്ങരം എന്തു ചെയ്യുമെന്നു മറുപടി പറയണം.

| അദ്ധ്യാപകൻ | കുട്ടികരം |
|---|---|
| പ. മറിയം എല്ലാദിവസവും ദൈവത്തോടു പ്രാർത്ഥിച്ചിരുന്നു. | നമുക്കും എല്ലാദിവസവും ദൈത്തോടു പ്രാർത്ഥിക്കാം. |
| പ. മറിയം എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറിയിരുന്നു. | നമുക്കും എല്ലാവരോടും സ്നേഹപൂർവ്വം പെരുമാറാം. |
| പ. മറിയം സദാ സത്യം പറഞ്ഞിരുന്നു. | നമുക്കും എല്ലായ്പ്പോഴും സത്യം പറയാം. |

ഈ ആഴ്ചയിൽ മുൻപറഞ്ഞതിൽ എന്തൊക്കെയാണു് നിങ്ങരം ചെയ്യാൻ പോകുന്നതെന്നു് ആലോചിച്ചുനോക്കുക (കുട്ടികരം മൗനമവലംബിച്ചു അല്പനേരം നിൽക്കട്ടെ).

## ഓർമ്മിക്കാൻ
## ചോദ്യങ്ങരം

1. ദൈവപുത്രനു് അമ്മയായി ദൈവം ആരെയാണു് തിരഞ്ഞെടുത്തതു്?
2. എന്തുകൊണ്ടാണു് മറിയത്തെ വിശുദ്ധയെന്നു വിളിക്കുന്നതു്?
3. പ. മറിയം എങ്ങനെ പ്രാർത്ഥിച്ചിരുന്നു?

## ഭാഗം 2 (30 മിനിററ്)

### പാഠാവതരണം

ഒരു മാലാഖ നല്ല വാർത്തയുമായി പ. മറിയത്തിൻെറ അടുക്കലേയ്ക്കു വരുന്നു (ബോർഡിൽ).

ഓരോ ദിവസം കഴിയുംതോറും മറിയം സൗന്ദര്യത്തിലും സൽസ്വഭാവത്തിലും വളർന്നുവന്നു. ദൈവികജീവനും സ്നേഹവുംകൊണ്ട് മറിയത്തിൻെറ ആത്മാവ് ഓരോദിവസം കഴിയുംതോറും കൂടുതൽ തിളങ്ങിശോഭിച്ചിരുന്നു. അതുകൊണ്ട് പിതാവായ ദൈവം അവളെ കൂടുതലായി സ്നേഹിച്ചു.

ഒരു ദിവസം മറിയം, രക്ഷകനെ അയയ്ക്കണമെയെന്ന് ദൈവത്തോട് പ്രാർത്ഥിക്കുകയായിരുന്നു. അന്നവൾക്കു പതിന്നാലുവയസ്സു പ്രായമുണ്ട്. അവൾ തനിയെ അവളുടെ മുറിയിലിരുന്നു മനംനൊന്തു പ്രാർത്ഥിച്ചു: 'ദൈവമേ, രക്ഷകൻ വരാൻ ഇനി വൈകരുതേ!' രക്ഷകൻ വേഗം വരണമെന്ന് അവൾ ആഗ്രഹിച്ചു. പക്ഷേ, ആ രക്ഷകൻെറ മാതാവാണു താൻ എന്ന് അവൾ ഒട്ടുമേ ചിന്തിച്ചില്ല. അങ്ങനെയൊരു മഹിമയെക്കുറിച്ചു ചിന്തിക്കുവാനേ അവൾക്കു സാധിക്കുമായിരുന്നില്ല. പക്ഷേ ദൈവം തിരുമനസ്സായതങ്ങനെയാണ്. തൻെറ പുത്രൻെറ മാതാവായി, രക്ഷകൻെറ അമ്മയായി ദൈവം മറിയത്തെ തിരഞ്ഞെടുത്തു. പുത്രനു യോഗ്യമായ മാതാവിതാ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. ദൈവപുത്രനെ അയയ്ക്കാനും തീരുമാനിച്ചു.

ഗബ്രിയേൽമാലാഖയെ ദൈവം മറിയത്തിൻെറ അടുക്കലേയ്ക്ക് അയച്ചു. മാലാഖയെന്നു പറഞ്ഞാൽ ആരെന്നു നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? (കുട്ടികൾ മറന്നുവെങ്കിൽ അവരെ ഓർപ്പിക്കുക) ഗബ്രിയേൽ മാലാഖവഴി ദൈവത്തിന് ഒരു പ്രത്യേകകാര്യം മറിയത്തെ അറിയിക്കാൻ ഉണ്ടായിരുന്നു. മറിയം മനസ്സുകൊണ്ട് ദൈവത്തോടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഗബ്രിയേൽമാലാഖ മറിയത്തിൻെറ മുൻപിൽ കാണപ്പെട്ടു.

(മംഗലവാർത്താചിത്രം കാണിക്കുക)

ഗബ്രിയേൽമാലാഖ മറിയത്തോടു പറഞ്ഞു: "നന്മനിറഞ്ഞമറിയമേ, സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. അങ്ങ് സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു." (ഒന്നുരണ്ടുതവണ ഈ വാക്യം ആവർത്തിച്ചു പറഞ്ഞുകൊടുക്കുക) സ്തുതി, വന്ദനം എന്നൊക്കെയാണ് സ്വസ്തി എന്നതിൻെറ അർത്ഥം. ഗബ്രിയേൽമാലാഖ മറിയത്തിന് വന്ദനം പറയുന്നു! ഹോ! ഒരു മാലാഖ മറിയത്തിനു വന്ദനം പറയണമെങ്കിൽ മറിയം എത്രയോ പരിശുദ്ധയായിരിക്കണം! നമുക്കാർക്കെങ്കിലും മാലാഖ വന്ദനം പറഞ്ഞിട്ടുണ്ടോ? സാധാരണ നാം ആർക്കൊക്കെയാണ് വന്ദനം പറയുന്നത്.

'നന്മനിറഞ്ഞവൾ' എന്നു പറഞ്ഞാൽ ദൈവികജീവനും സ്നേഹവും കൊണ്ടു് നിറഞ്ഞവൾ എന്നർത്ഥം. മറിയം ദൈവികജീവനും ദൈവികസ്നേഹവുംകൊണ്ടു് നിറഞ്ഞവളാണു്. കർത്താവു് എന്നാൽ ദൈവം എന്നു് അർത്ഥം. ദൈവം മറിയത്തോടുകൂടെയുണ്ടു് – ദൈവതിരുമനസ്സു് നിറവേററാൻ അവളെ സഹായിക്കുന്നുണ്ടു്. ലോകത്തുള്ള സ്ത്രീകളിൽവച്ചു് ഏററവും പരിശുദ്ധയും ദൈവത്താൽ സ്നേഹിക്കപ്പെടുന്നവളുമാണു് മറിയം. അതാണു് സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ എന്ന വാക്കിൻെറ സാരം.

ഇങ്ങനെ മാലാഖ തന്നെ സ്തുതിച്ചുപറയുന്നതു കേട്ടപ്പോൾ മറിയം ഭയന്നുപോയി. ഇതുകണ്ടു് മാലാഖ മറിയത്തോടു് പറഞ്ഞു: "ഭയപ്പെടേണ്ട, ദൈവം അങ്ങിൽ വളരെ സംതൃപ്തനായിരിക്കുന്നു. രക്ഷകൻെറ അമ്മ അങ്ങായിരിക്കണമെന്നാണു് ദൈവത്തിൻെറ ആഗ്രഹം. അങ്ങയുടെ മകനായി ജനിക്കുന്ന രക്ഷകനു് 'ഈശോ' എന്നു് പേരിടണം. ഈശോ ദൈവത്തിൻെറ ഏകപുത്രനാണു്. അവിടുന്നു് എല്ലാ ജനതകളുടേയും രാജാവായിരിക്കും."

മാലാഖയ്ക്കു് എന്തു മറുപടി കൊടുക്കണമെന്നറിയാതെ മറിയം കുഴങ്ങി. തന്നെ ദൈവപുത്രൻെറ അമ്മയായി–രക്ഷകൻെറ അമ്മയായി തിരഞ്ഞെടുത്തതിൽ അവൾ അത്ഭുതപ്പെട്ടു. ദൈവം അവളുടെ മറുപടിയ്ക്കു് കാത്തുനിന്നു. ലോകത്തെയും നമ്മെയും മറിയത്തെയും സൃഷ്ടിച്ച ശക്തനായ ദൈവമിതാ മറിയത്തിൻെറ മറുപടി കാത്തുനില്ക്കുന്നു; ദൈവപുത്രനും മാലാഖമാരും കാത്തുനില്ക്കുന്നു, മറിയം എന്തു മറുപടി നൽകുമെന്നറിയാൻ.

ഒടുവിൽ മറിയം പറഞ്ഞു: "ഞാൻ ദൈവത്തിൻെറതാണു്. അവിടുത്തേയ്ക്കു് ഇഷ്ടംപോലെ എന്നോടു പ്രവർത്തിക്കാം." ഇതുകേട്ടു് സന്തോഷഭരിതനായ ഗബ്രിയേൽമാലാഖ മറിയത്തെ വണങ്ങിയിട്ടു് ദൈവത്തിൻെറ അടുക്കലേയ്ക്കു പോയി. ആ നിമിഷം ദൈവപുത്രൻ മറിയത്തിൻെറ ഉദരത്തിൽ അവതരിച്ചു.

മറിയം ദൈവത്തിൻെറ ഇഷ്ടത്തിനു സമ്മതം നൽകിയതിനാൽ അവൾ ദൈവപുത്രൻെറ, രക്ഷകൻെറ അമ്മയായിത്തീന്നു.

രക്ഷകൻ ദൈവപുത്രനാണു്. സ്വർഗ്ഗസ്ഥനായ പിതാവു് തൻെറ പുത്രനെത്തന്നെ നമ്മെ രക്ഷിക്കാനായി അയച്ചു. നമുക്കായി ദൈവത്തിനു തരാൻ സാധിക്കുന്ന ഏററം വലിയ സമ്മാനമാണതു്. ദൈവത്തിൻെറ സ്നേഹം എത്ര വലുതാണെന്നു് നോക്കുക. ഇത്രയധികമായി നമ്മെ സ്നേഹിക്കുന്ന ദൈവത്തോടു് നാം എങ്ങനെയാണു് പെരുമാറേണ്ടതു്? നമുക്കു നഷ്ടപ്പെട്ട ദൈവികജീവനും ദൈവികസ്നേഹവും വീണ്ടും സമ്പാദിച്ചു തരുവാനാണു് ഈശോ മനുഷ്യനായി പിറന്നതു്. പിതാവായ ദൈവത്തെ സ്നേഹിക്കുന്നതു് എങ്ങനെയെന്നു് ഈശോ നമ്മെ പഠിപ്പിക്കും. അവിടുന്നു നമുക്കു സ്വർഗ്ഗം തുറന്നുതരും.

ദൈവമാണ് ഈശോയുടെ പിതാവ്. പിതാവായ ദൈവത്തിന്റെ പുത്രനാണ് ഈശോ. അതിനാൽ ഈശോയും ദൈവമാണ്. പുത്രനായ ദൈവം നമ്മുടെതുപോലൊരു ശരീരം സ്വീകരിച്ച മനുഷ്യനായിപിറന്നു. എന്തിനാണ് ദൈവപുത്രൻ മനുഷ്യനായതു്? നമ്മെ രക്ഷിക്കാൻ. പക്ഷേ, അതിനു ദൈവം മനുഷ്യനാവണമെന്നുണ്ടായിരുന്നോ? പുത്രനായ ദൈവം പിതാവിനെയും നമ്മെയും സ്നേഹിക്കുന്നു. അതുകൊണ്ട്, അവിടുന്നു നമ്മുടെ ഇടയിലേക്കു വന്നു. നമ്മിലൊരാളായി വളർന്നു.

മനുഷ്യനായപ്പോഠം ദൈവപുത്രൻ ദൈവമല്ലാതായിത്തീർന്നോ? ഇല്ല. മറിയത്തിന്റെ ആ കുഞ്ഞുമകൻ ദൈവമാണ്. നമ്മെ സ്നേഹിക്കുന്ന ശക്തനായ, നല്ലവനായ, ദൈവമാണ് ഈശോ. അതിനാൽ അവിടുത്തെ അമ്മയായ മറിയം ദൈവത്തിന്റെ അമ്മയാണ്.

## കുട്ടികളുടെ പ്രവർത്തനം

മംഗളവാർത്ത നാടകരൂപത്തിൽ കുട്ടികളെക്കൊണ്ട് അഭിനയിപ്പിക്കുക. (പല ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പും അഭിനയിക്കട്ടെ.)

## പ്രയോഗം

രക്ഷകനെ അയയ്ക്കാമെന്നു് ദൈവം ചെയ്ത വാഗ്ദാനവും രക്ഷകന്റെ അമ്മയായി പ. മറിയത്തെ മാലാഖവഴി തെരഞ്ഞെടുത്ത വിധവും നാം പഠിച്ചുകഴിഞ്ഞു. എന്താണ് പ. മറിയത്തോട് മാലാഖ ആദ്യംപറഞ്ഞതെന്നു് നിങ്ങഠം ഓർക്കുന്നുണ്ടോ? "നന്മനിറഞ്ഞ മറിയമേ, അങ്ങേയ്ക്കു സ്വസ്തി." നമുക്കങ്ങനെ മറിയത്തോടു പറയാം. രാവിലെ എഴുന്നേൽക്കുമ്പോഴും കിടക്കാൻ പോകുമ്പോഴും മാതാവിന്റെ പടമോ, രൂപമോ കണ്ടുമ്പോഴും 'നന്മനിറഞ്ഞ മറിയമേ അങ്ങേയ്ക്കു സ്വസ്തി' എന്നു പറയാം.

## ഓർമ്മിക്കാൻ

### ചോദ്യങ്ങഠം

1. ദൈവം ആരെയാണ് ആദത്തോടും ഹവ്വയോടും വാഗ്ദാനം ചെയ്തതു്?
2. മനുഷ്യനായി ജനിച്ച ദൈവപുത്രന്റെ പേരെന്തു്?
3. ആരെയാണ് പ. മറിയത്തിന്റെ പക്കലേയ്ക്കു് ദൈവം അയച്ചതു്?
4. എന്തിനയച്ചു?
5. മാലാഖ പ. മറിയത്തോട് എന്തു പറഞ്ഞു?

6. നന്മനിറഞ്ഞ മറിയമേ എന്നു പറയുന്നതിന്റെ അർത്ഥമെന്ത്?

7. ആരാണ് ഈശോയുടെ അമ്മ?

8. രക്ഷകൻ ആരാണ്?

## ഉപസംഹാരപ്രാർത്ഥന

നമ്മൾ ഇപ്പോൾ ഒരു പുതിയ പ്രാർത്ഥന പഠിക്കുവാൻ പോകയാണ്. ദൈവമാതാവായ പ. മറിയത്തോടുള്ള ഒരു പ്രാർത്ഥന. ആ പ്രാർത്ഥനയുടെ ആരംഭം നിങ്ങൾ പഠിച്ചുകഴിഞ്ഞു. അതിന്റെ അർത്ഥവും നിങ്ങൾക്കറിയാം.

ഗബ്രിയേൽമാലാഖ പ. മറിയത്തോട് പറഞ്ഞ വാക്യങ്ങൾകൊണ്ടാണ് ആ പ്രാർത്ഥന ആരംഭിക്കുന്നത്. എന്തൊക്കെയാണ് ഗബ്രിയേൽ മാലാഖ പറഞ്ഞതെന്ന് നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ?

(ഓരോ വാക്കും വ്യക്തമായും ശരിയായും പറയുവാൻ കുഞ്ഞുങ്ങൾക്ക് പലതവണ പരിശീലനം നൽകുക)

നന്മനിറഞ്ഞ മറിയമേ സ്വസ്തി.........

# 9

# രക്ഷകൻെറ ജനനം

### ഉപക്രമം

ക്രിസ്മസ്സിൻെറ യഥാർത്ഥമായ അരുപിയും നിർവ്യാജമായ ആനന്ദവും കുഞ്ഞുങ്ങളിൽ ഉളവാക്കുകയാണ് ഈ അവസരത്തിൽ അദ്ധ്യാപകൻെറ മുഖ്യജോലി. ക്രിസ്ത്യാനിക്ക് ക്രിസ്മസ്സ് ആഹ്ലാദകാരണമാകുന്നതെന്തുകൊണ്ടാണെന്ന് കുഞ്ഞുങ്ങൾക്ക് പറഞ്ഞുമനസ്സിലാക്കിക്കൊടുക്കണം. തിരുസ്സഭ ക്രിസ്തുവിൻെറ—രക്ഷകൻെറ—ജന്മനാൾ ആഘോഷിക്കുന്ന ദിവസമാണു ക്രിസ്മസ്സ്. സ്വർഗ്ഗസ്ഥനായ പിതാവ് മനുഷ്യരായ നമ്മുടെ നേർക്കുള്ള തൻെറ അനന്തമായ സ്നേഹത്തെ പ്രത്യക്ഷമാക്കിയ ദിനമാണത്. തൻെറ പുത്രനെ നമുക്ക് സമ്മാനമായിത്തന്നതിൻെറ സ്മാരകദിനം.

മനുഷ്യർ കാത്തുകാത്തിരുന്ന രക്ഷകൻ ഒടുവിൽ നമ്മുടെ ഇടയിലേയ്ക്കു വന്നു; വീണ്ടും നിത്യജീവൻ പ്രാപിക്കാനുള്ള മാർഗ്ഗം നമുക്ക് കൈവന്നു. പിതാവായ ദൈവത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കാനും അറിയാനുമുള്ള മാർഗ്ഗമാണ് ക്രിസ്തു. സ്വർഗ്ഗകവാടം തുറന്നുതരാൻ— സ്വർഗ്ഗഭാഗ്യത്തിനു വീണ്ടും നമ്മെ അവകാശികളാക്കിത്തീർക്കാൻ— സ്വർഗ്ഗത്തിൽനിന്നു താണിറങ്ങിവന്ന രക്ഷകൻെറ ജന്മനാൾ യഥാർത്ഥമായ ആനന്ദത്തിൻെറ ദിവസമായി കൊണ്ടാടുന്നതു സമുചിതമാണെന്നു കുട്ടികൾക്ക് ബോധ്യംവരുത്തുക.

രക്ഷകനെ കൂടുതൽ അറിയാനും സ്നേഹിക്കാനും രക്ഷകനെ അയച്ച പിതാവിനോടു കൂടുതൽ നന്ദിയുള്ളവരായിരിക്കാനും കുട്ടികളെ സഹായിക്കുകയാണ് ഈ പാഠത്തിൻെറ മുഖ്യമായ ലക്ഷ്യവും. ഈ മഹത്തായ അറിവും സ്നേഹവും ഒന്നോ രണ്ടോ പാഠങ്ങൾകൊണ്ടു കുട്ടികളിൽ ഉളവാക്കാൻ കഴിയുകയില്ല. തുടർച്ചയായ പ്രയത്നത്തിൻെറ ഫലമായേ അതു സാധിക്കൂ.

ക്രിസ്തു സാക്ഷാൽ ദൈവപുത്രനാണെന്നു മനസ്സിലാക്കിക്കൊടുത്തു കുഞ്ഞുങ്ങളിൽ ആരാധനയുടെ അരൂപി വളർത്തുക.

### ലക്ഷ്യം

കുഞ്ഞുങ്ങളിൽ ആരാധനയുടേയും കൃതജ്ഞതയുടേയും അരൂപി വളർത്തുക. രക്ഷകൻെറ വരവിൽ ബഹുമാനസമ്മിശ്രമായ ഒരു ഭയബോധവും അവർക്കു ഉണ്ടാക്കിക്കൊടുക്കുക.

**പ്രധാനപദങ്ങൾ**

ബത്ലഹം, ക്രിസ്മസ്സ്, ആരാധന.

**പഠനോപകരണങ്ങൾ**

പിറവിത്തിരുന്നാളിനെ വിശദീകരിക്കുന്ന ചാർട്ട്; ഒരു സമ്മാന പ്പെട്ടി, ഏതാനും ക്രിസ്മസ്സ് കാർഡുകൾ.

ഒടുവിൽ പറഞ്ഞവ രണ്ടും— ആശംസകാഡുകളും, സമ്മാനങ്ങളും—നാം ക്രിസ്മസ്സ്കാലത്ത് കൈമാററം ചെയ്യുന്നതിൻെറ കാരണങ്ങൾ വിശദീകരിക്കുവാൻ സഹായിക്കും. ആദ്യക്രിസ്മസ്സ്ദിവസം സ്വർഗ്ഗസ്ഥനായ പിതാവ് ലോകത്തിനു നൽകിയ ഏററം വലിയ സമ്മാനമാണ് ഈശോ. സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഈ വില യേറിയ സമ്മാനത്തെ അനുസ്മരിപ്പിക്കുന്നതിനായി നാം ക്രിസ് മസ്സ്കാലത്ത് സമ്മാനങ്ങൾ കൈമാറുന്നു.

## ഭാഗം 1 രൂപരേഖ

**പ്രധാനാശയം**

പരി. മറിയത്തിൻെറയും, വി. യൗസേപ്പിൻെറയും ദൈവതിരുമന സ്സിനോടുള്ള അനുസരണ. സ്വർഗ്ഗസ്ഥനായ പിതാവ് സ്വപുത്രനെ നമുക്കു സമ്മാനിക്കുന്നു.

ക്രിസ്തുവിൻെറ ജനനത്തെ കുറിച്ചുള്ള വിവരണം.

**കുട്ടികളുടെ പ്രവർത്തനം**

ഉണ്ണീശോയെ ആരാധിക്കുക. നല്ലൊരു ക്രിസ്മസ്സ്ഗാനം പാടുക. പലപ്രാവശ്യം പാടിപ്പഠിക്കുക.

**പ്രയോഗം**

സ്നേഹത്തിൻെറയും അനുസരണത്തിൻെറയും നിരവധി പ്രവൃത്തി കൾ ഈശോയ്ക്കു സമ്മാനമായി നൽകുക.

**ഓർമ്മിക്കാൻ**
**ചോദ്യങ്ങൾ**

1. മാലാഖമാർ ഇടയന്മാരെ അറിയിച്ച സന്തോഷവാർത്ത എന്ത്?
2. ഈശോ എവിടെ ജനിച്ചു?

## ഭാഗം 2 രൂപരേഖ

### പ്രധാനാശയം

നമുക്കുവേണ്ടി മനുഷ്യനായിത്തീന്ന ഈശോ സാക്ഷാൽ ദൈവപുത്രനാണ്. മാലാഖമാരും മനുഷ്യരും ഈശോയെ ദൈവമായി ആരാധിക്കുന്നു.

### കഥ

മാലാഖമാരുടേയും ഇടയന്മാരുടേയും കഥ.

### കുട്ടികളുടെ പ്രവർത്തനം

മേൽപ്പറഞ്ഞ കഥാഭാഗം അഭിനയിക്കുക, കഴിയുന്നിടത്തോളം കുട്ടികൾ ചേന്ന്.

### പ്രയോഗം

ഈശോ എന്ന പേരു കേൾക്കുമ്പോൾ തലകുനിച്ച് ബഹുമാനം പ്രകടിപ്പിക്കുക. വീട്ടിൽ ഒരു പുൽക്കൂടുണ്ടാക്കി ക്രിസ്മസ്സ് ആഘോഷിക്കുക.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ഇടയന്മാക്ക് ഈശോയെ എങ്ങനെ കണ്ടുപിടിക്കാൻ സാധിച്ചു?
2. എന്തിനാണ് ഈശോ മനുഷ്യനായി ജനിച്ചതു്?

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭം

ആക്കൊക്കെ സ്വർഗ്ഗത്തിൽ പോകണം? കൈപൊക്കുക. അതേ, നമുക്കെല്ലാവക്കും സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹമുണ്ട്; ഇല്ലേ? എന്നാൽ, നാമെല്ലാം സ്വർഗ്ഗത്തിൽ ചെല്ലണമെന്ന് നമ്മെക്കാളധികം ആഗ്രഹിക്കുന്നതു് നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവാണ്. സ്വർഗ്ഗത്തിൽ പോകണമെങ്കിൽ നമ്മിൽ എന്തുണ്ടായിരിക്കണം? ദൈവത്തിൻെറ ജീവനും സ്നേഹവും കൂടാതെ— ആ പ്രത്യേക സമ്മാനമില്ലാതെ— നമുക്ക് സ്വർഗ്ഗത്തിൽ കയറാൻ സാധിക്കുകയില്ല. ആദത്തിനും ഹവ്വായ്ക്കും ആദ്യം ഈ വിശേഷസമ്മാനമുണ്ടായിരുന്നു. പിന്നെ അ

തെങ്ങനെ നഷ്ടപ്പെട്ടു? ആരെങ്കിലും ഓർമ്മിക്കുന്നുണ്ടോ ആ കഥ? അവർ ദൈവത്തിന് ഇഷ്ടക്കേടായി പ്രവർത്തിച്ചതുകൊണ്ട് അവക്കും നമുക്കും സ്വർഗ്ഗത്തിൽ പോകാനുള്ള ഭാഗ്യം നഷ്ടപ്പെട്ടു. നിങ്ങളിൽ ആരുടെയെങ്കിലും അപ്പൻ ഒരുപാടു കള്ളു കുടിക്കുമെന്നു കരുതുക. വേലചെയ്തുകിട്ടുന്ന പണമെല്ലാം കള്ളുകുടിച്ചുകളയും. വീട്ടിലുള്ള സാമാനങ്ങളെല്ലാം വിററു പണമാക്കി കള്ളുകുടിക്കും. അങ്ങനെ എല്ലാം തീർന്നുകഴിയുമ്പോഠം വീട്ടിൽ ആകെ പട്ടിണിയാകും. അതുപോലെയാണ് ആദവും ഹവ്വയും ചെയ്ത പാപത്തിൻെറ ഫലമായി അവക്കും നമുക്കും ദൈവികജീവൻ നഷ്ടപ്പെട്ടതു്. ഈ നഷ്ടപ്പെട്ട സ്നേഹവും ദൈവികജീവനും തിരിച്ചുതരാൻ ആക്കാണ് സാധിക്കുക? രക്ഷകനു മാത്രം. സ്വർഗ്ഗസ്ഥനായ പിതാവു് അയയ്ക്കാമെന്നു് പറഞ്ഞിരുന്ന രക്ഷകനുമാത്രമേ നമുക്കുവേണ്ടി സ്വർഗ്ഗം തുറക്കാൻ സാധിക്കൂ.

രക്ഷകൻ ഉടനെ വന്നോ? പിതാവു് വാഗ്ദാനംചെയ്ത രക്ഷകനെ ഉടനെ അയച്ചോ? ഇല്ല. അനേകമനേകം വഷങ്ങഠം രക്ഷകനുവേണ്ടി കാത്തിരുന്നു, മനുഷ്യർ. അങ്ങനെയിരിക്കെ ഒരു ദിവസം നസ്രത്തിൽ ഒരത്ഭുതം നടന്നു. ഗബ്രിയേൽമാലാഖ നസ്രത്തിലേക്കു വന്നു. ആരുടെ അടുത്തേക്കാണു വന്നതു്?—മറിയത്തോടു മാലാഖ എന്തറിയിച്ചു?— മറിയം എന്തു മറുപടി പറഞ്ഞു?— അതേ മറിയത്തെ ദൈവപുത്രൻെറ മാതാവായി തിരഞ്ഞെടുത്തു.

ഗബ്രിയേൽ മാലാഖ മറിയത്തിൻെറ അടുത്തുനിന്നു് പോയതിൽ പിന്നെ എന്തെല്ലാം സംഭവിച്ചുവെന്നു് നിങ്ങഠംക്കറിയാമോ?

DHARMARAM COLLEGE LIBRARY 34036 BANGALORE

## പാഠാവതരണം

പിറവിത്തിരുന്നാളിൻെറ കഥ: മറിയം നസ്രത്തിൽ ഓരോരോ പണികഠം ചെയ്തുകൊണ്ടിരുന്നു. ഈശോയുടെ പിറവിയുടെ കാലം അടുത്തുവരികയായിരുന്നു. മറിയം ആ ദിവസത്തിനായി ഒരുങ്ങി. അവളെ സഹായിക്കാൻ വി. യൗസേപ്പുണ്ടായിരുന്നു. മറിയത്തെയും ഈശോയെയും സംരക്ഷിക്കുവാൻ ദൈവം തെരഞ്ഞെടുത്ത ആളാണ് വി. യൗസേപ്പ്. യൗസേപ്പ്. ഒരു തച്ചനായിരുന്നു.

ഒരു ദിവസം നസ്രത്തിൽ രാജാവിൻെറ ഒരു വിളംബരം. അതനുസരിച്ച്, മറിയവും യൗസേപ്പും, യാത്രയ്ക്കു് അത്യാവശ്യം വേണ്ട സാധനങ്ങളെല്ലാം എടുത്തുകൊണ്ടു ബത്ലഹമിലേക്കു് യാത്രതിരിച്ചു, അവരുടെ പേരു് രജിസ്റ്റർ ചെയ്യാൻ. ബത്ലഹമിലേക്കുള്ള യാത്ര വളരെ ക്ലേശകരമായിരുന്നു; വിശേഷിച്ചും മറിയത്തിനു്. ഒരു കഴുതയുടെ പുറത്താണ് മറിയം യാത്രചെയ്തതു്. വി. യൗസേപ്പ് കഴുതയെ നയിച്ചുകൊണ്ടുനടന്നു. ആ യാത്രയിലെ വിഷമതകളെല്ലാം മറിയവും യൗസേപ്പും യാതൊരു പിറുപിറുപ്പും കൂടാതെ സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള സ്നേഹത്തെപ്രതിയും രക്ഷകൻെറ വരവിനൊരുക്കമായും സന്തോഷപൂർവ്വം സഹിച്ചു. (അവരുടെ യാത്രയെ കാണിക്കുന്ന ചിത്രമുണ്ടെങ്കിൽ അതിവിടെ കാണിക്കുക.)

ഏതാണ്ട നാലുദിവസംവേണ്ടിവന്നു, അവർക്ക് ബത്‌ലഹമിൽ ചെന്നെത്താൻ. അവസാനദിവസമായപ്പോഴേക്ക് അവർ നന്നേ ക്ഷീണിച്ചിരുന്നു. പട്ടണത്തിൽ ചെന്നുകഴിഞ്ഞപ്പോൾ വി. യൗസേപ്പ് അവർക്കു താമസിക്കുവാൻ ഒരു വീടന്വേഷിച്ചു പലയിടത്തും നടന്നു. അവിടെങ്ങും അവർക്കു താമസിക്കുവാൻ പററിയ ഒരു വീട് കണ്ടുപിടിക്കാൻ സാധിച്ചില്ല. പട്ടണം മുഴുവൻ ആളുകളെക്കൊണ്ടു നിറഞ്ഞിരുന്നു. അദ്ദേഹം വീണ്ടും വീടന്വേഷിച്ചു കുറെനേരം ചുററിനടന്നു. പക്ഷേ, യാതൊരു ഫലവുമുണ്ടായില്ല. യൗസേപ്പിനു സങ്കടംതോന്നി. മറിയം നന്നേ ക്ഷീണിച്ചവളാണെന്ന് അദ്ദേഹത്തിനു അറിയാമായിരുന്നു. അദ്ദേഹം എങ്ങും തിരക്കി. ഒടുവിൽ ഒരു സ്ഥലം കണ്ടുപിടിച്ചു. ഒരു കൊച്ചുഗുഹ. വലിയ മഞ്ഞുംമഴയും ഉള്ളപ്പോൾ ആടും പശുവും ഒക്കെ കയറിക്കിടക്കുന്ന സ്ഥലമായിരുന്നു അത്. ഇതിനെക്കാൾ നല്ലൊരു സ്ഥലം പ. മറിയത്തിനുവേണ്ടി കണ്ടുപിടിക്കാൻ സാധിക്കാത്തതിൽ വി. യൗസേപ്പിനു ദു:ഖമുണ്ടായിരുന്നു. എങ്കിലും അവർ അവിടെ അഭയം പ്രാപിച്ചു. (പടത്തിൽ യൗസേപ്പിനെയും മറിയത്തെയും ചൂണ്ടിക്കാണിക്കുക )

സമയം വളരെ ഇരുട്ടി. എല്ലാവരും ഉറക്കമായി. ആടുമാടുകളും, അവയെ സൂക്ഷിച്ചുകൊണ്ട് ആ കുന്നിൻപ്രദേശത്തു കിടന്നിരുന്നവരും ഉറക്കംപിടിച്ചു. യാതൊരു ശബ്ദവും കേൾക്കാനില്ല. എങ്ങും മൗനം. പരിപൂർണ്ണമൗനം.

ആകാശത്തിലെ നക്ഷത്രങ്ങളെല്ലാം നല്ലവണ്ണം മിന്നിത്തിളങ്ങുന്നുണ്ട്. പതിവിലേറെ ഭംഗിയുണ്ടായിരുന്നു ആ രാത്രിയ്ക്ക്. അന്ന് പ്രി. മറിയം ഒരു പിഞ്ചുപൈതലിനെ പ്രസവിച്ചു. (ചിത്രം കാണിക്കുക. അതു ശരിയായി നോക്കിക്കാണുന്നതിനും ധ്യാനിക്കുന്നതിനുമായി ഏതാനും സെക്കൻറുകൾ മൗനം പാലിക്കുക.) ആ പിഞ്ചുപൈതൽ ദൈവപുത്രനായ ഈശോ ആയിരുന്നു. പിതാവ് വാഗ്ദാനം ചെയ്തിരുന്ന രക്ഷകൻ. വി. യൗസേപ്പ് ആ പൈതലിനെ സ്നേഹപൂർവ്വം നോക്കിക്കൊണ്ടുനിന്നു. മറിയം തൻെറ കടിഞ്ഞൂൽ പുത്രനെ പിള്ളക്കച്ചയിൽപൊതിഞ്ഞു. എന്തിനാണങ്ങനെ ചെയ്തത് എന്ന് അറിയാമോ? തണുപ്പു തട്ടാതിരിക്കാൻ. പക്ഷേ, ആ ഗുഹയിൽ ആ കുഞ്ഞിനെ കിടത്താൻ നല്ലൊരു സ്ഥലമില്ലായിരുന്നു. നിറയെ കല്ലും മണ്ണും. അവർ വീണ്ടും ചുററും നോക്കി. അപ്പോൾ ആടുമാടുകൾക്ക് കച്ചിയും പുല്ലും ഇട്ടുകൊടുക്കുന്ന ഒരു പുൽത്തൊട്ടി അവർ കണ്ടു. യൗസേപ്പ് അതു വൃത്തിയാക്കി. അതിനകത്ത് പുതിയ വയ്ക്കോൽ നിരത്തി. അതിൻെറ പുറത്ത് ആ കുഞ്ഞിനെ പ. മറിയം കിടത്തി.

ഈശോ, രക്ഷകൻ, ജനിച്ചു. സ്വർഗ്ഗസ്ഥനായ പിതാവ് തൻെറ വാക്കു പാലിച്ചു. നാം കാത്തുകാത്തിരുന്ന രക്ഷകനാണ് ക്രിസ്തു. നമ്മ

ക്ക നഷ്ടപ്പെട്ട ദൈവികജീവനും ദൈവികസ്നേഹവും ഈശോ വീണ്ടും സമ്പാദിച്ചുതരും. അതിനാണു അവിടുന്നു സ്വർഗ്ഗത്തുനിന്നു ഭൂമിയിലേയ്ക്കുവന്നതു്. അവിടുന്നു നമ്മെ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകും.

സ്വർഗ്ഗീയപിതാവായ ദൈവം എത്ര നല്ലവനാണെന്നു് നോക്കുക. നമുക്കുള്ളതെല്ലാം അവിടുന്നു തന്നതാണു്. നമുക്കു വേണ്ടതെല്ലാം അവിടുന്നു് നമുക്കു തന്നു. പക്ഷേ, ഈ സമ്മാനങ്ങളിലെല്ലാം ഏററം വലുതു് അവിടുത്തെ പുത്രനാണു്. ഈശോ ദൈവവും മനുഷ്യനുമാണു്. നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകാൻ വന്ന ദൈവപുത്രൻ. സ്വർഗ്ഗീയ പിതാവിനു് നമ്മോടുള്ള വലുതായ സ്നേഹത്തിൻെറ അടയാളമാണു് ഈശോ. നമുക്കു സാവധാനം ഇങ്ങനെ പറയാം. (ചൊല്ലിക്കൊടുക്കുക) 'നല്ല ഈശോയേ, ദൈവം ഞങ്ങൾക്കു തന്ന ഏററം വലിയ സമ്മാനമാണു് അവിടുന്നു്. സ്വർഗ്ഗസ്ഥനായ പിതാവേ, അവിടുത്തെ പുത്രനെ ഞങ്ങൾക്കു തന്നതിനു നന്ദി.'

## കുട്ടികളുടെ പ്രവർത്തനം

(ഒരു ക്രിസ്മസ്സ് പടം കാണിച്ചിട്ടു്) ദൈവത്തിൻെറ ഏററം വലിയ സമ്മാനത്തെ അനുസ്മരിപ്പിക്കുന്ന ഈ പടത്തിനു ചുററും നമുക്കു വന്നുനിൽക്കാം. ഒരു ഗുഹയ്ക്കുള്ളിൽ പിറന്നു് വൈയ്ക്കോലിൻെറ പുറത്തു് കിടക്കുന്ന ഈ പരിശുദ്ധനായ പൈതൽ ദൈവത്തിൻെറ ഏകസുതനാണു്. ശിശുവിനെപ്പോലെ ഉറങ്ങുന്ന ഈശോ സാക്ഷാൽ ദൈവവും മനുഷ്യനുമാണു്. ആ ശിശുവായ ദൈവത്തെ—ഉണ്ണിയീശോയെ—നമുക്കൊന്നു പാടിയുറക്കാം. എല്ലാവരും ചേർന്നു് നല്ല ഒരു ക്രിസ്മസ്ഗാനം പാടുക.

## പ്രയോഗം

പ. മറിയവും വി. യൗസേപ്പുപിതാവും രക്ഷകൻെറ വരവിനായി കാത്തിരിക്കുകയായിരുന്നു. രക്ഷകൻ ജനിച്ചപ്പോൾ അവിടുത്തെ സന്തോഷപൂർവ്വം അവർ സ്വീകരിച്ചു. അവരുടെ സ്നേഹം മുഴുവൻ ഉടനെ അവർ ഉണ്ണീശോയ്ക്കു് കാഴ്ചവച്ചു.

നാമും പരിശുദ്ധമറിയത്തെയും വിശുദ്ധ യൗസേപ്പിനെയുംപോലെ (ഉണ്ണിയീശോയുടെ) രക്ഷകൻെറ വരവിനായി ഒരുങ്ങുകയായിരുന്നു, കഴിഞ്ഞ ആഴ്ചകളിൽ. ഈ ഒരുക്കകാലത്തു് പ്രാർത്ഥന ശ്രദ്ധയോടെ നടത്താമെന്നതായിരുന്നു നാം എടുത്ത തീരുമാനം. അതുപോലെ മററുള്ളവരോടു് മര്യാദയോടും സ്നേഹത്തോടും പെരുമാറുന്നതാണെന്നു നമ്മൾ തീരുമാനം എടുത്തിരുന്നല്ലോ? ഇനി ഏതാനും

ദിവസങ്ങളേയുള്ള പിറവിത്തിരുനാളിന്. (ഈ പാഠം ക്രിസ്മസ്സിന് ഒരാഴ്ചമുൻപ് പഠിപ്പിക്കത്തക്കവിധമാണ സിലബസ്സ് തയ്യാറാക്കിയിരിക്കുന്നതെന്ന് ഓർമ്മിക്കുക) അതുകൊണ്ട് ക്രിസ്മസ്സിന് മുമ്പ് ബാക്കിയുള്ള ദിവസങ്ങളിൽ കൂടുതൽ നന്നായി പ്രാത്ഥിച്ചുകൊണ്ടും അനുസരിച്ചുകൊണ്ടും ഈശോയെ കൂടുതലായി സന്തോഷിപ്പിക്കാൻ ശ്രമിക്കണം. അത്തരം കൊച്ചുകൊച്ചു നല്ല പ്രവൃത്തികളാണ് ഈശോയ്ക്ക്—നമ്മുടെ രക്ഷകന്—കൊടുക്കുവാനുള്ള നമ്മുടെ സമ്മാനം.

**ഓർമ്മിക്കാൻ**
**ചോദ്യങ്ങൾ**

1. ആരാണ് ഈശോയുടെ പിതാവ്?
2. എവിടെയാണ് ഈശോ ജനിച്ചത്?
3. വിശുദ്ധ യൗസേപ്പ് ആരാണ്?

## ഭാഗം 2 (30 മിനിററ്)

**പാഠാവതരണം**

ഈശോ ദൈവമാണ്; നാം അവിടുത്തെ ദൈവമായി ആരാധിക്കുന്നു.

ഈശോ ജനിച്ച ആ സുന്ദരമായ രാത്രിയിൽ സ്വർഗ്ഗസ്ഥനായ പിതാവ് ഒരുകൂട്ടം മാലാഖമാരെ ഭൂമിയിലേയ്ക്ക് അയച്ചു. അവർ വലിയ സന്തോഷത്തോടെവന്ന് പാട്ടുപാടി, ആ പൈതലിനെ ആരാധിച്ചു. എന്തുകൊണ്ടെന്നാൽ ആ ശിശു ദൈവപുത്രനാണെന്ന് അവർക്കറിയാമായിരുന്നു.

ബത്ലഹത്തിന്റെ സമീപത്തുള്ള കുന്നിൻചരുവുകളിൽ ആടുകളെ സൂക്ഷിച്ചുകൊണ്ട് ഏതാനും ആട്ടിടയന്മാർ പാർക്കുന്നുണ്ടായിരുന്നു. അവർ മാലഖമാരുടെ പാട്ടുകേട്ടു (ചിത്രം കാണിക്കുക). മാലാഖമാരുടെ സൗന്ദര്യവും പ്രകാശവും കണ്ട് അവർ ആദ്യം ഭയപ്പെട്ടുപോയി. അവരുടെ ഭയം കണ്ടിട്ട് മാലാഖമാരിൽ ഒരാൾ അവരോട് ഇങ്ങനെ പറഞ്ഞു: 'ഭയപ്പെടേണ്ട. ഒരു സന്തോഷവാർത്ത നിങ്ങളെ അറിയിക്കുന്നു. നിങ്ങൾക്ക് ഒരു രക്ഷകൻ പിറന്നിരിക്കുന്നു.' ഈ ആട്ടിടയന്മാരും രക്ഷകന്റെ വരവിനുവേണ്ടി കാത്തിരുന്നവരായിരുന്നു. അതുകൊണ്ട് ഈ വാർത്ത കേട്ടപ്പോൾ അവർക്കു വലിയ സന്തോഷമുണ്ടായി. അവർ തമ്മിൽത്തമ്മിൽ ഇങ്ങനെ പറഞ്ഞിരി

ക്കണം: 'രക്ഷകൻ ജനിച്ചിരിക്കുന്നു; അതേ രക്ഷകൻ ജനിച്ചിരിക്കുന്നു. വരിക നമുക്കു ബത്‌ലഹമിലേയ്ക്കുപോയി രക്ഷകനെ കാണാം.' അവരെല്ലാവരും അപ്പോൾത്തന്നെ ബത്‌ലഹമിലേയ്ക്കു പുറപ്പെട്ടു.

മറിയം ഗൃഹസ്ഥ് പുറത്ത് ആളുകളുടെ കാൽപെരുമാററം കേട്ടു വാതുക്കലേയ്ക്കു നോക്കി. ആട്ടിടയന്മാർ ഗൃഹക്കകത്തേയ്ക്ക് എത്തിനോക്കിക്കൊണ്ടുനിന്നു. യൗസേപ്പ് അവരെ ഗൃഹക്കകത്തേയ്ക്ക് നയിച്ചു. അവർ മുട്ടുകുത്തി ഈശോയെ ആരാധിച്ചു. (ചിത്രം കാണിക്കുക. ഫ്ളാനൽ ബോർഡിൽ പതിക്കുന്ന ചിത്രങ്ങളാണെങ്കിൽ ഈ അവസരത്തിൽ ഇടയന്മാരുടെ രൂപങ്ങൾ ബോർഡിൽ യഥാസ്ഥാനത്ത് പതിക്കുക.) അവരെല്ലാം ദൈവപുത്രനായ മിശിഹായെ, രക്ഷകനെ, നോക്കിക്കണ്ടു.

അവർ വീണ്ടും തമ്മിൽത്തമ്മിൽ പറഞ്ഞു: "മാലാഖമാർ പറഞ്ഞതു് ശരിയാണ്. അവർ പറഞ്ഞ അടയാളങ്ങളെല്ലാം ഒത്തിരിക്കുന്നു. ഈ ശിശുതന്നെയാണ് നമ്മുടെ രക്ഷകൻ. ഓ! നമുക്കൊരു രക്ഷകൻ ഉണ്ടായിരിക്കുന്നു. ദൈവം എത്ര നല്ലവൻ."

ആട്ടിടയന്മാക്ക് അവിടെനിന്നു പോകാൻ മനസ്സുണ്ടായിരുന്നില്ല. പക്ഷേ, അവക്കു പോകാതിരിക്കാൻ സാധിക്കുകയില്ല. അവക്ക് ആടുകളെ കാത്തുസംരക്ഷിക്കാൻ മലയിലേക്കു തിരിച്ചുപോകണം. രക്ഷകനെ കണ്ടതിൽ വളരെയധികം സന്തോഷിച്ച് അവർ തങ്ങളുടെ ആടുകളുടെ അടുക്കലേക്ക് പോയി.

## കുട്ടികളുടെ പ്രവർത്തനം

കുറച്ചുനേരത്തേക്കു നമ്മളോരോരുത്തരും ഇടയന്മാരാണെന്നു കരുതാം. [ആടുകളെ കാത്തുകിടക്കുന്ന ഇടയന്മാരെപ്പോലെ ഏതാനും കുട്ടികൾ ബെഞ്ചിൽ ചുററും ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടിരിക്കട്ടെ. ഏതാനും കുട്ടികളെ മാലാഖമാരായി തിരഞ്ഞെടുത്ത് ഒരു സംഭാഷണരംഗം സൃഷ്ടിക്കുക. ഒരു ക്രിസ്മസ്സ്ഗാനം പാടി കേൾപ്പിക്കുക. ആ പാട്ടു കേട്ട് ഇടയന്മാർ ഉണർന്ന് നാലുപാടും നോക്കട്ടെ. അപ്പോൾ മാലാഖമാർ വന്ന് നല്ല വാർത്ത ഇടയന്മാരെ അറിയിക്കട്ടെ. അനന്തരം അവരെല്ലാവരും ഒരുമിച്ച് പുൽത്തൊട്ടിയ്ക്കു ചുററും ഓടിക്കൂടി ഒരു ക്രിസ്മസ്സ്ഗാനം പാടട്ടെ. ക്ലാസ്സിൽ ഒരു ക്രിബ് തയാറില്ലെങ്കിൽ ബോർഡിലെ ചിത്രത്തിനു ചുററുംകൂടിനിന്ന് ഈ കൃത്യം നിർവ്വഹിക്കാവുന്നതാണ്.]

ഈശോ ജനിച്ച ദിവസം സ്വർഗ്ഗത്തിൽനിന്നു മാലാഖമാർ ഭൂമിയിലേയ്ക്ക് ഇറങ്ങിവന്ന് അവിടുത്തെ സ്തുതിച്ചുപാടി ആരാധിച്ചു.

എന്തുകൊണ്ടെന്നാൽ ഈശോ ദൈവപുത്രനാണെന്ന് അവൾക്കറിയാമായിരുന്നു.

ആട്ടിടയന്മാർ മാലാഖമാരിൽനിന്നു രക്ഷകൻ ജനിച്ച വിവരം അറിഞ്ഞപ്പോഴ് അവരും ഈശോയെ വന്നു കണ്ടാരാധിച്ചു. അവർക്കു മറിയാമായിരുന്നു ഈശോ ദൈവപുത്രനാണെന്ന്, മനുഷ്യശരീരം ധരിച്ച ദൈവപുത്രനാണെന്ന്.

ഈശോയെ ആദ്യം ചെന്നു കണ്ട ഇടയന്മാരിൽ ഒരാളായിരുന്നെങ്കിൽ എന്നു നിങ്ങൾക്ക് ആഗ്രഹമില്ലേ? പക്ഷേ, നാം ദുഃഖിക്കേണ്ട. നമുക്കും ഈശോയെ ചെന്നുകണ്ടാരാധിക്കുവാൻ സാധിക്കും. പള്ളിയിൽ സക്രാരിയിൽ അവിടുന്ന് നമ്മെ കാത്തിരിപ്പുണ്ട്. പള്ളിയിൽ പോകാതെയും നാം നിൽക്കുന്ന സ്ഥലത്തു നിന്നുകൊണ്ടും അവിടുത്തെ ആരാധിക്കുവാൻ സാധിക്കും. അവിടുന്ന് എല്ലായിടത്തുമുണ്ട്. നമ്മുടെ കൂടെയുണ്ട് എപ്പോഴും. നമ്മുടെ പ്രാർത്ഥനകളും പാട്ടുകളും അവിടുത്തേക്ക് വലിയ ഇഷ്ടമാണ്. അതിനാൽ നാം എത്രയധികമായി ഈശോയെ സ്നേഹിക്കുന്നുവെന്ന് എപ്പോഴ് വേണമെങ്കിലും നമുക്കു പറയാം. ഇപ്പോഴ് നമുക്ക് ഇടയന്മാരെപ്പോലെ പറയാം: [ചൊല്ലിക്കൊടുക്കുക] "ഈശോയെ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു, ആരാധിക്കുന്നു." [അല്പനേരം മൗനം പാലിക്കുക. അനന്തരം] നമുക്ക് ഒരിക്കൽകൂടി രക്ഷകനെ തന്നതിനു പിതാവായ ദൈവത്തിന് നന്ദിപറയാം.

"സ്വർഗ്ഗസ്ഥനായ പിതാവേ, രക്ഷകനെ തന്നതിന് [ആംഗ്യങ്ങളോടെ] അങ്ങേയ്ക്കു ഞാൻ നന്ദിപറയുന്നു. ഈശോയെ, അങ്ങേ ഞാൻ സ്നേഹിക്കുന്നു. എനിക്കുവേണ്ടി ഭൂമിയിലേയ്ക്കുവന്നതിനു ഞാൻ അങ്ങേയ്ക്കു നന്ദിപറയുന്നു. ഇപ്പോഴ് മാത്രമല്ല, എന്നുമെന്നും ഞാനങ്ങയെ സ്നേഹിക്കും."

## പ്രയോഗം

ഈശോ ദൈവപുത്രനാണെന്നും അവിടുത്തെ നാം ആരാധിക്കേണ്ടതാണെന്നും ഈ പാഠത്തിൽ നാം പഠിച്ചുകഴിഞ്ഞു. ഈശോ എന്ന പേര് എപ്പോഴ് കേട്ടാലും ഉടനെ തലകുനിച്ച് ഈശോയെ ആരാധിക്കുക. നാം ഏതു പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുമ്പോഴും ഈ പേരു കേൾക്കുമ്പോഴ് നമുക്കതു ചെയ്യാൻ സാധിക്കും, ഇല്ലേ?

[വീട്ടിൽ ഒരു ക്രിബ് ഉണ്ടാക്കുവാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുക. അതുണ്ടാക്കാൻ മാതാപിതാക്കളെയും സഹോദരങ്ങളെയും ക്ഷണിക്കാൻ പറയണം. അങ്ങനെ വീട്ടിലുള്ളവർ എല്ലാവരും സഹകരിച്ചുപ്രവർത്തിക്കണം. കുട്ടികൾ നിർബന്ധിച്ചാൽ അപ്പനമ്മമാർ അതു ചെയ്തുകൊടുക്കാതിരിക്കയില്ല. ക്രിസ്മസ്സ്രാത്രി കുടുംബാംഗങ്ങൾ ഒരുമിച്ച് ഒരു മുഴുവൻ കുർബാനയിൽ പങ്കെടുക്കുന്ന കാര്യത്തി

ലും കുഞ്ഞുങ്ങളുടെ ശ്രദ്ധകൊണ്ടുവരിക. അതിൽ അവക്കുള്ള സ്വാധീനശക്തി മുഴുവൻ പ്രയോഗിക്കാൻ കുഞ്ഞുങ്ങളെ ഉപദേശിക്കണം.]

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ഈശോ ജനിച്ചവിവരം ഇടയന്മാർ എങ്ങനെ അറിഞ്ഞു?
2. ഈശോയുടെ സാക്ഷാൽ പിതാവ് (അപ്പൻ) ആര്?
3. എന്തിനാണ് രക്ഷകൻ ഭൂമിയിൽ വന്നത്?

**ഉപസംഹാരപ്രാർത്ഥന**

ഒരു ക്രിസ്മസ്ഗാനം എല്ലാവരും ചേർന്നുപാടുക.

# 10

# വിജ്ഞാനികൾ ഈശോയെ സന്ദർശിക്കുന്നു

**ഉപക്രമം**

വിജ്ഞന്മാരുടെ സന്ദർശനകഥ ഈ ക്ലാസ്സിൽ വളരെ ചുരുക്കമായി മാത്രം പറഞ്ഞാൽ മതി. ഹേറോദേസിനെ അവർ കണ്ടതും ശിശുക്കളെ അയാൾ വധിച്ചതും തിരുക്കുടുംബം ഈജിപ്തിലേക്ക് ഓടിപ്പോയതും മററും ഈ ക്ലാസ്സിൽ വിശദീകരിക്കേണ്ട ആവശ്യമില്ല. അതു് സംഭവബഹുലമായ ഒരു കഥയാണു്. ധാരാളം സംഭവങ്ങൾ ഒന്നിനു പുറകെ ഒന്നായി പറഞ്ഞുകൊടുത്തു് ഈ ചെറിയ കുട്ടികളുടെ ബുദ്ധിയെ ഭാരപ്പെടുത്തരുതു്. ശരിയായ ഒരു ക്രിസ്തീയജീവിതത്തെ കെട്ടിപ്പടുക്കുന്നതിനു് പ്രാരംഭമിടുകയും താല്പര്യം ജനിപ്പിക്കുകയും ചെയ്യുക എന്നതാണു് ഈ പാഠത്തിൻെറ മുഖ്യലക്ഷ്യം. നമ്മെ സംബന്ധിച്ച് ദൈവതിരുമനസ്സെന്താണെന്നറിയുക മാത്രമല്ല, അതു് അനുസരിക്കുവാൻകൂടി നാം ശ്രമിക്കേണ്ടതാണെന്നു് ഈ പാഠം ഉൽബോധിപ്പിക്കുന്നു.

വിജ്ഞാനികൾ ഈശോയെ സന്ദർശിച്ച കഥ വിശുദ്ധ പുസ്തകത്തിൽ പറയുന്നുണ്ടെങ്കിലും അവർ എത്രപേരെന്നു വ്യക്തമാക്കിയിട്ടില്ല. പാരമ്പര്യത്തിൽനിന്നാണു് മൂന്നു രാജാക്കൾ എന്നു പറയുന്നതു്. രാജാക്കൾ എന്ന പദംകൊണ്ടു് വിവക്ഷിക്കുന്നതു് ഉന്നതകുലജാതരെന്നോ, ജനസ്വാധീനതയുള്ളവരെന്നോ മാത്രമാണെന്നു് ഓർമ്മിക്കണം. അവർ ഈശോയെ സന്ദർശിച്ച സമയവും ബൈബിളിൽ കൃത്യമായി പറയുന്നില്ല. അവർ വന്നപ്പോഴേക്കും തിരുക്കുടുംബം ബെത്‌ലഹമിലെ ഏതെങ്കിലും ഒരു ചെറിയ വീട്ടിലേക്കു് താമസം മാററിയിരിക്കണമെന്നും കരുതാവുന്നതാണു്.

**ലക്ഷ്യം**

കുഞ്ഞുങ്ങളിൽ ആരാധനയുടെ അരൂപിയും ഈശോയ്ക്കു തങ്ങളെത്തന്നെ കാഴ്ചവയ്ക്കാനുള്ള ആഗ്രഹവും ജനിപ്പിക്കുക.

**പ്രധാനപദങ്ങൾ**

വിജ്ഞാനികൾ, കാഴ്ചസമർപ്പിക്കുക.

**പഠനോപകരണങ്ങൾ**

പണ്ഡിതന്മാർ ഈശോയെ സന്ദർശിക്കുന്ന ചിത്രം. ഈശോയും കുട്ടിയും. വെള്ളക്കടലാസ്സിൽ വെട്ടിയെടുത്ത നക്ഷത്രം (സാമാന്യം വലുതു്). ചുവന്ന കടലാസ്സിൽ വെട്ടിയെടുത്ത ഒരു ഹൃദയചിത്രം (കുഞ്ഞുങ്ങളെക്കൊണ്ടു് വരപ്പിച്ചു് വെട്ടിച്ചെടുക്കുന്നതു് കൂടുതൽ നന്നു്). അവയിന്മേൽ കുട്ടികൾ അവരവരുടെ പേരെഴുതട്ടെ. ഒരു ക്രിസ്മസ്സു് സമ്മാനം.

## ഭാഗം 1 രൂപരേഖ

**പ്രധാനാശയം**

എല്ലാവരെയും രക്ഷിപ്പാനായി ഈശോ ഭൂമിയിലേക്കു വന്നു. വിജ്ഞന്മാർ ഈശോയെ വന്നുകണ്ടു് ആരാധിച്ചു.

**കഥ**

വിജ്ഞന്മാരുടെ വരവിനെ സംബന്ധിച്ച ഭാഗം വിവരിക്കുക.

**കുട്ടികളുടെ പ്രവർത്തനം**

വിജ്ഞന്മാരുടെ സന്ദർശനഭാഗം അഭിനയിക്കുക.

**പ്രയോഗം**

ദേവാലയത്തിൽചെന്നു യേശുവിനെ സന്ദർശിക്കുക.

**ഓർമ്മിക്കാൻ**
**ചോദ്യങ്ങൾ**

1. ആട്ടിടയന്മാരെ കൂടാതെ വേറെ ആരെങ്കിലും ബത്‌ലഹമിൽ ഈശോയെ വന്നുകണ്ടോ? ആരാധിച്ചോ?

2. ഈശോ എവിടെയാണെന്നു് അവർ എങ്ങനെ അറിഞ്ഞു?

3. ആരാണു് വിജ്ഞാനികൾക്കു് വഴികാട്ടിയതു്?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

തങ്ങളുടെ സമ്മാനങ്ങൾ നൽകിക്കൊണ്ടു് പണ്ഡിതന്മാർ ഈശോയെ ആരാധിച്ചു. നമ്മുടെ ഹൃദയങ്ങളെ—നമ്മെത്തന്നെ— ഈശോയ്ക്കു് കാഴ്ച

വസ്സുക. നമുക്കു് ദേവാലയത്തിൽ ചെന്നു് ഈശോയെ ആരാധിക്കാം.

**കഥ**

പണ്ഡിതന്മാർ ഈശോയ്ക്കു് കാഴ്ചകൾ സമർപ്പിക്കുന്നതു്.

## കുട്ടികളുടെ പ്രവർത്തനം

ആരാധനപ്രകരണം ചൊല്ലുക (ആംഗ്യങ്ങളോടെ). നമ്മുടെ ഹൃദയങ്ങളെ കാഴ്ചവസ്സുക, അതിനുപററിയ ഒരു വാചകത്തിലൂടെ.

**പ്രയോഗം**

മുടങ്ങാതെ ഞായറാഴ്ചബലിയിൽ പങ്കെടുക്കുക.

**ഓർമ്മിക്കാൻ**
**ചോദ്യങ്ങൾ**

1. ബുദ്ധിമാന്മാർ എന്തിനാണു് ഈശോയ്ക്കു സമ്മാനം കൊടുത്തതു്?
2. ഈശോ ദൈവമാണെന്നു് കാണിക്കുവാൻ നാം എന്തു ചെയ്യുന്നു?
3. ഇന്നു് എവിടെ ചെന്നാൽ ഈശോയെ കാണാം?
4. ദിവ്യബലിയിൽ നാം ആരെയാണു് സ്വർഗ്ഗീയപിതാവിനു് സമ്മാനമായി കൊടുക്കുന്നതു്?

## ഭാഗം 1 (30 മിനിററു്)

**പ്രാരംഭപ്രാർത്ഥന**

സ്വർഗ്ഗസ്ഥനായ എൻെറ പിതാവേ, അങ്ങേ പുത്രനെ എനിക്കായി തന്നതിനു് അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എന്നെ രക്ഷിക്കുവാൻ ഭൂമിയിൽ വന്ന ഈശോയെ, അങ്ങേ ഞാൻ ആരാധിക്കുന്നു.

**പ്രാരംഭം**

[ഒരു ക്രിസ്മസ്സു് സമ്മാനം കാണിച്ചുകൊണ്ടു്] നോക്കുക, എനിയ്ക്കു ക്രിസ്മസ്സു്ദിവസം കിട്ടിയ ഒരു സമ്മാനമാണിതു്. എന്താ, നല്ല തല്ലേ? സമ്മാനം ഇഷ്ടമില്ലാത്തവർ ആരെങ്കിലുമുണ്ടോ? തീർച്ചയായും നമുക്കൊക്കെ സമ്മാനംകിട്ടാൻ ഇഷ്ടമാണു്. എന്തിനാണു് നാം ക്രിസ്മസ്സു് ദിവസത്തിൽ സമ്മാനം കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതെന്നറിയാമോ? (കുട്ടികൾ പല ഉത്തരങ്ങൾ തന്നേക്കും. അവ സ്വീകരിക്കുക. പക്ഷേ, ഈശോ എന്ന ഉത്തരത്തിലേക്കു്

—ഈശോയെ സമ്മാനം കിട്ടിയതിൻെറ ഓർമ്മയ്ക്കായിട്ട് എന്ന ഉത്തരത്തിലേക്ക്– നയിക്കുന്ന ചോദ്യങ്ങൾ ചോദിച്ച് ശരിയായ ഉത്തരം അവരെക്കൊണ്ട് പറയിപ്പിക്കുവാൻ നോക്കണം.] ക്രിസ്മസ്സ്ദിവസം നമുക്കു കിട്ടുന്ന ഏററവും വലിയ സമ്മാനമാണ് ഈശോ. പിതാവായ ദൈവത്തിൻെറ സമ്മാനം. അതുകൊണ്ടാണ് ക്രിസ്മസ്സ് ദിവസം നാം വളരെയധികം സന്തോഷിക്കുന്നത്. ഈശോ ജനിച്ചതിൻെറയും അവിടുത്തെ നമുക്കു സമ്മാനമായി കിട്ടിയതിൻെറയും ഓർമ്മയെ നിലനിർത്തുവാനാണ് ആ ദിവസം നാം മററുള്ളവരുമായി സമ്മാനങ്ങൾ കൈമാററം ചെയ്യുന്നത്– ക്രിസ്മസ്സ് കാർഡുകൾ അയയ്ക്കുന്നത്. (ക്രിസ്മസ്സ്കാർഡുകൾ എന്താണെന്നറിയാത്ത കുട്ടികളുണ്ടെങ്കിൽ അതിലൊരെണ്ണം കാണിച്ചു പറഞ്ഞുകൊടുക്കുക. രണ്ടു സെക്കൻെറുനേരത്തെ മൗനത്തിനുശേഷം)

ഈശോയ്ക്കു തൻെറ ജന്മനാളിന് വല്ല സമ്മാനവും കിട്ടിയോ? ക്രിസ്മസ്സിന് നിങ്ങൾ ഈശോയ്ക്ക് എന്തെങ്കിലും സമ്മാനിച്ചോ? (തലേപ്രാവശ്യത്തെ അഭ്യാസത്തിൽ അവർ എടുത്തിരുന്ന തീരുമാനങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുക.) ഈശോ ആരാണ്, ആർക്കുപറയാം? ഈശോയുടെ പിതാവ് ആരാണ്? ആരാണ് ഈശോയുടെ അമ്മ? എന്തിനാണ് ഈശോ മനുഷ്യനായി ജനിച്ചത്?

നമുക്ക് ഒരിക്കൽക്കൂടി ക്രിസ്മസ്സ്കഥ പറയാം. എന്താ, സമ്മതമാണോ? കഥ ഞാൻ പറയാം. പക്ഷേ, ഞാൻ മറന്നുപോകുന്ന— വിട്ടുപോകുന്ന— വാക്കുകൾ നിങ്ങൾ കൂട്ടിച്ചേർക്കണം. അപ്പോൾ നമ്മളെല്ലാവരുംകൂടിയാണ് കഥപറയാൻ പോകുന്നത് കേട്ടോ!

വളരെ വളരെ കാലങ്ങൾക്കുമുമ്പ് ആദവും ഹവ്വയും ദൈവത്തോട് അനുസരണക്കേടു കാണിച്ച് അവരുടെ ദൈവികജീവനും സ്നേഹവും നഷ്ടപ്പെട്ടുകഴിഞ്ഞപ്പോൾ ദൈവം അവരോട് ഒരു___ വാഗ്ദാനം ചെയ്തു. ദൈവംതന്നെ, ദൈവത്തിൻെറ മകൻതന്നെ ആയിരിക്കണമായിരുന്നു, ആ —. മനുഷ്യനായ രക്ഷകൻെറപേര്— എന്നായിരുന്നു. ഈശോയുടെ അമ്മയായി പിതാവായ ദൈവം—തെരഞ്ഞെടുത്തു.

ഒരുദിവസം മറിയവും യൗസേപ്പുംകൂടി ഒരു വലിയ യാത്രചെയ്യേണ്ടിവന്നു. അവർക്കു പോകേണ്ടിയിരുന്ന സ്ഥലത്തിൻെറ പേര്— എന്നാണ്. ബെത്ലഹമിൽ ചെന്നപ്പോൾ അവർ തങ്ങൾക്കു താമസിക്കുവാൻ ഒരു സ്ഥലം കണ്ടുപിടിക്കുവാൻ ശ്രമിച്ചു .പക്ഷേ, ഒരിടത്തും അവർക്കു സ്ഥലം— അതുകൊണ്ട് മറിയവും യൗസേപ്പുംകൂടി ഒരു കുന്നിൻെറ ചരിവിലേക്കു നടന്നു. അവിടെ അവർ ഒരു— കണ്ടു. ആ ഇരുളടഞ്ഞ ഗുഹയ്ക്കകത്താണ് രക്ഷകൻ—. ഈശോ ജനിച്ചരാത്രി സ്വർഗ്ഗത്തിൽനിന്ന്— ഭൂമിയിലേക്കുവന്നു. അവർ ദൈവത്തെ സ്തുതിച്ച്— തുടങ്ങി. രക്ഷകൻ ജനിച്ചുവെന്ന സന്തോഷവാർത്ത മാലാഖമാർ ഏതാനും— അറിയിച്ചു. രക്ഷകൻ ജനിച്ചുവെ

ന്നു കേട്ടപ്പോഠം അവർ വളരെയധികം——. അവരെല്ലാവരും ഈശോ യെ കാണാൻ ഉടനെ ബെത്ലഹമിലേക്കു—— (ഇവിടെ കഥ നി ത്തുക).

ആട്ടിടയന്മാർ മാത്രമാണോ ഈശോയെ ചെന്നു കണ്ടതു്? ഈശോയ്ക്കു സമ്മാനം കാഴ്ചവെച്ചതു്? അവർ മാത്രമല്ല. പിന്നെ ആരാണു് ഈശോയെ വന്നുകണ്ടു് സമ്മാനങ്ങഠം കൊടുത്തതെന്നു് ഞാൻ പറ യാം. അവർ ഈശോയ്ക്കു വളരെ വിലപിടിച്ച സമ്മാനങ്ങളാണു് കൊടുത്തതു്.

**കഥ**

**പാഠാവതരണം**

ബുദ്ധിമാന്മാർ ഈശോയെ വന്നുകാണുന്നു (ബോർഡിൽ). ഈശോ എല്ലാവരെയും എല്ലാ മനുഷ്യരെയും രക്ഷിപ്പാൻ വന്ന രക്ഷകനാണു്. അതുകൊണ്ടു് പിതാവായ ദൈവം രക്ഷകൻെറ ജനനം അറിയിക്കു വാൻ നല്ല പ്രകാശമുള്ള ഒരു പ്രത്യേക നക്ഷത്രത്തെ ആകാശത്തിൽ പ്രകാശിപ്പിച്ചു. അനേകം ആളുകഠം ഈ നക്ഷത്രത്തെ കണ്ടിരിക്ക ണം. പക്ഷേ വളരെക്കുറച്ചാളുകഠം മാത്രമേ—— മൂന്നുപേർ മാത്രമേ—— ഈ നക്ഷത്രത്തിൻെറ അത്ഥമെന്തെന്നു് അന്വേഷിച്ചുള്ളു. ഇതിൻെറ ഇത്രവലിയ പ്രകാശത്തിനു് കാരണമെന്തെന്നു് തിരക്കിയുള്ളു. അ വർ വലിയ പഠിപ്പുള്ളവരും ബുദ്ധിമാന്മാരുമായിരുന്നു. ഇവക്കു പല കാര്യങ്ങളിലും വളരെ ഏറെ അറിവുണ്ടായിരുന്നു. അവർ ധാ രാളം പുസ്തകങ്ങളൊക്കെ വായിച്ചിട്ടുള്ളവരാണു്. രക്ഷകനെക്കുറിച്ചും ദൈവം ചെയ്തിട്ടുള്ള വാഗ്ദാനത്തെക്കുറിച്ചും അവർ പുസ്തകങ്ങളിൽ വായിച്ചിരുന്നു. രക്ഷകൻെറ ജനനദിവസം ഒരു നക്ഷത്രം കാണപ്പെ ടുമെന്നും അവക്കറിയാമായിരുന്നു. അതുകൊണ്ടു് ഈ ബുദ്ധിമാന്മാർ നക്ഷത്രത്തെക്കണ്ടു് സന്തോഷിച്ചു. ഉടനെതന്നെ അവർ അവരുടെ പുസ്തകംനോക്കി രക്ഷകൻെറ കാര്യവും നക്ഷത്രത്തിൻെറ കാര്യവുമെ ല്ലാം ഒന്നുകൂടി പഠിച്ചു. ദൈവം വാഗ്ദാനംചെയ്ത രക്ഷകൻ സ്വർഗ്ഗത്തി ൻെറയും ഭൂമിയുടെയും രാജാവായിരിക്കുമെന്നും അവർ മനസ്സിലാക്കി യിരുന്നു. അവർ വീണ്ടും നക്ഷത്രത്തെ നോക്കി. ഓരോപ്രാവശ്യ വും നക്ഷത്രത്തെ നോക്കുമ്പോഠം അതു് അവരെ അതിൻെറ പിന്നാ ലെചെല്ലുവാൻ വിളിക്കുന്നതുപോലെ തോന്നി. 'വരൂ, എൻെറ പി ന്നാലെവരൂ, ഞാൻ നിങ്ങളെ രക്ഷകൻെറ അടുക്കലേക്കു കൊണ്ടുപോ കാം' എന്നു പറയുന്നതുപോലെ. അവർ തമ്മിൽത്തമ്മിൽ ഇങ്ങനെ പറഞ്ഞുകാണും: 'വരൂ, നമുക്കുപോയി രക്ഷകനെകാണാം, അദ്ദേഹ ത്തിൻെറ നക്ഷത്രത്തിൻെറ പിന്നാലെ നമുക്കു പോകാം.'

അങ്ങനെ ആ ബുദ്ധിമാന്മാർ മൂവരും അവരുടെ യാത്ര ആരംഭിച്ചു. എന്തുമാത്രം ദൂരം പോകേണ്ടിവരുമെന്നോ, എത്ര നാളത്തേക്കു് വീ ട്ടിൽനിന്നകന്നിരിക്കേണ്ടിവരുമെന്നോ അവക്കറിഞ്ഞുകൂടായിരുന്നു. അവർ അതിനെക്കുറിച്ചൊന്നും ചിന്തിച്ചില്ല. അവക്കു യാതൊരു

ഭയവും ഇല്ലായിരുന്നു. അവർ ആ നക്ഷത്രത്തിൻെറ വിളിയെ ശ്രദ്ധിച്ച് യാത്രയ്ക്കൊരുങ്ങി. അവർ വീണ്ടും നക്ഷത്രത്തെ നോക്കി. അതു് അവരെ നയിച്ചുകൊണ്ടു് മുന്നോട്ടു നീങ്ങി. അവരെ കൂട്ടിക്കൊണ്ടു്പോകാൻ ദൈവം അയച്ചതാണു് ഈ നക്ഷത്രമെന്നു് അവക്കു മനസ്സിലായി. ആ നക്ഷത്രത്തിൻെറ പിന്നാലെ പോയാൽ ദൈവത്തെ അനുസരിക്കുകയായിരിക്കും ചെയ്യുന്നതെന്നു് അവക്കറിയാമായിരുന്നു. യഥാൎത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നവരായിരുന്നു ഈ മനുഷ്യർ. അവർ ദൈവത്തിൻെറ വിളി ശ്രദ്ധിച്ചു് എല്ലാം ഉപേക്ഷിച്ചു യാത്രതിരിച്ചതു് അവക്കു ദൈവസ്നേഹമുള്ളതുകൊണ്ടല്ലേ?

ഈ നക്ഷത്രം തങ്ങളെ രാജാക്കന്മാരുടെ രാജാവിൻെറ പക്കലേക്കാണു് കൊണ്ടുപോകുന്നതെന്നു് അവർ അറിഞ്ഞിരുന്നു. സമ്മാനങ്ങളും അവർ കൊണ്ടുപോയി. അവക്കു കൊടുക്കാൻ സാധിക്കുന്നതിൽവച്ചു് ഏററം വലിയ സമ്മാനങ്ങളുംകൊണ്ടാണു് അവർ പുറപ്പെട്ടതു്. കുന്നും കുഴിയും, ആറും തോടും, കൃഷിസ്ഥലങ്ങളും കാട്ടുപ്രദേശങ്ങളുമൊക്കെ കടന്നായിരുന്നു അവരുടെ യാത്ര. ചില സ്ഥലങ്ങളിൽ അവർ തണുപ്പുകൊണ്ടു വിറച്ചു. വേറെ ചില സ്ഥലങ്ങളിൽ അവക്കു സഹിക്കവയ്യാത്ത ചൂടു് അനുഭവപ്പെട്ടു. ചിലപ്പോഴൊക്കെ അവക്കു വലിയ ക്ഷീണം തോന്നി. 'ഓ! ഇറങ്ങിപ്പോരേണ്ടതില്ലായിരുന്നു; വീട്ടിലെങ്ങാൻ അടങ്ങിയിരുന്നാൽമതിയായിരുന്നു,' എന്നൊക്കെ ചിലപ്പോഴെങ്കിലും അവക്കു തോന്നിയിരിക്കണം. അത്ര വിഷമം പിടിച്ച നീണ്ട യാത്രയായിരുന്നു അതു്. പക്ഷേ, നക്ഷത്രം മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നു. അതിൻെറ പിന്നാലെതന്നെ പോകണമെന്നവർ നിശ്ചയിച്ചു.

ഒടുവിൽ അവർ ബത്ലഹമിൽ എത്തി. അവരുടെ മുമ്പേ നീങ്ങിക്കൊണ്ടിരുന്ന നക്ഷത്രം ഒരിടത്തുനിന്നു. അതൊരു വീടിൻെറ മുകളിൽചെന്നുനിന്നു. ബുദ്ധിമാന്മാരായ അവക്കു് ആ പാവപ്പെട്ട വീടു കണ്ടപ്പോഠം ആദ്യം അത്ഭുതം തോന്നി. 'എന്താ നക്ഷത്രം മുമ്പോട്ടു നീങ്ങാത്തതു്?. ഈ വീട്ടിലായിരിക്കുമോ രക്ഷകൻെറ ജനനം!' അവർ തമ്മിൽത്തമ്മിൽ ഇങ്ങനെ അന്വേഷിച്ചുകാണണം. 'സാധാരണ രാജാക്കന്മാർ വലിയവലിയകൊട്ടാരങ്ങളിലാണല്ലൊ ജനിക്കുന്നതു്. എന്നാൽ നാം അന്വേഷിച്ച രാജാവു് ഒരു കുടിലിലാണല്ലൊ ജനിച്ചിരിക്കുന്നതു്. എന്തായിരിക്കും ഇതിൻെറ രഹസ്യം?' അവർ മനസ്സിൽ വിചാരിച്ചുകാണും....അവക്കു് ഈ ചെറിയ കുടിലിൽ കയറാൻ മടിയൊന്നും ഉണ്ടായിരുന്നില്ല. അവർ അവരുടെ സമ്മാനപ്പെട്ടികളെല്ലാം കയ്യിലെടുത്തു തയ്യാറാക്കിക്കൊണ്ടു് കുടിലിൻെറ വാതുക്കൽ മുട്ടിവിളിച്ചു. ആരു കതകുതുറന്നിരിക്കുമെന്നാണു് നിങ്ങഠംക്കു തോന്നുന്നതു്? വി. യൗസേപ്പായിരിക്കും. ഈ ധനികരായ ആളുകഠം അകത്തേക്കു കയറാൻ അനുവാദം ചോദിച്ചുകൊണ്ടു് ആ

കൊച്ചുവീടിൻെറ വാതുക്കൽ നിൽക്കുന്നതു കണ്ടപ്പോഠം വിശുദ്ധ യൗസേപ്പ് അത്ഭുതപ്പെട്ടിരിക്കണം. അദ്ദേഹം അവരെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. ആ ബുദ്ധിമാന്മാർ ഈശോയെ അവിടുത്തെ അമ്മയായ പരിശുദ്ധ മറിയത്തോടുകൂടി കണ്ടു. അവർ ഉടനെതന്നെ പൈതലിനെ കുമ്പിട്ടാരാധിച്ചു.

## കുട്ടികളുടെ പ്രവർത്തനം

നമുക്കിപ്പോഠം കുറെ നേരത്തേയ്ക്ക് ഈ ബുദ്ധിമാന്മാരായി നമ്മെത്തന്നെ കരുതാം. നമ്മഠം വളരെ വളരെ ദൂരത്തുനിന്നു രക്ഷകനെ കാണാൻ വന്നതാണ്. (ഒരു കുട്ടിയെ യാത്രനയിക്കുന്ന നക്ഷത്രമായി തെരഞ്ഞെടുത്തു് അവൻെറ കയ്യിൽ വെട്ടിയെടുത്ത വെള്ളി നക്ഷത്രം കൊടുക്കുക. അവൻ നക്ഷത്രം തൻെറ തലയ്ക്കുമുകളിലായിപിടിക്കട്ടെ. കുട്ടികഠം നക്ഷത്രത്തിൻെറ പിന്നാലെ വരണം. ക്ലാസ്സിനകത്തു് ഒരു തവണ ഇങ്ങനെ ചുററിക്കറങ്ങണം. ഈ യാത്രാസമയത്തു് സന്ദർഭത്തിനു യോജിച്ച ഒരു പാട്ടുപാടുകയോ റിക്കാർഡ് വയ്ക്കുകയോ ചെയ്യുന്നതു നന്ന്. ക്ലാസ്സുമുറിയിലുള്ള കർത്താവിൻെറ ചിത്രത്തിന് മുമ്പിലെത്തുമ്പോഠം നക്ഷത്രത്തെ വഹിക്കുന്ന കുട്ടി നിൽക്കട്ടെ. അപ്പോഠം മററു കുട്ടികളെല്ലാം മുട്ടുകുത്തി നിലംവരെ കുമ്പിട്ട്കർത്താവിനെ ആരാധിക്കണം. അനന്തരം സന്ദർഭോചിതമായ ഒരു പ്രാർത്ഥന നടത്തി അവരവരുടെ സ്ഥലങ്ങളിലേക്കു മടങ്ങിപ്പോകണം, വിനയത്തോടും ഭക്തിയോടുംകൂടെ.)

വളരെ ദൂരത്തുനിന്നു വന്ന ബുദ്ധിമാന്മാരാണ് നമ്മളെന്നു ഇപ്പോഠം ഭാവിച്ചതേയുള്ളു. പക്ഷേ വെറുംഭാവന കൂടാതെ നേരിട്ടുചെന്നു ഈശോയെ കണ്ടു് ആരാധിക്കണം. ഈശോ ബത്ലഹമിലെപ്പോലെ യഥാർത്ഥത്തിൽ നമ്മുടെയിടയിൽ വസിക്കുന്നതു് എവിടെയാണ്?

ദേവാലയത്തിൽചെന്ന് നമുക്ക് ഈശോയെ ആരാധിക്കാം. ചിലപ്പോഴൊക്കെ നാം പള്ളിയുടെ അടുത്തുകൂടിയാണല്ലോ പോകാറുള്ളതു്. അപ്പോഴൊക്കെ സാധിക്കുമെങ്കിൽ ഈശോയെ ചെന്നു കണ്ടു് ആരാധിക്കണം. നിങ്ങഠം അങ്ങനെ ചെയ്യുമ്പോഠം ഈശോയ്ക്ക് എത്ര വലിയ സന്തോഷമായിരിക്കുമെന്നോ.

### ഓർമ്മിക്കാൻ

### ചോദ്യങ്ങഠം

1· ഇടയന്മാരെ കൂടാതെ വേറെ ആരെങ്കിലും ഈശോയെ ചെന്നു കണ്ടു് ആരാധിച്ചോ?

2. ആരാണ് അവരെ ഈശോയുടെ അടുത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോയത്?

3. അവർ എന്താണ് കൂടെ കൊണ്ടുപോയത്?

4. എങ്ങനെയുള്ള ഒരു വീട്ടിലാണ് അവർ രക്ഷകനെ കണ്ടത്?

## ഭാഗം 2 (30 മിനിററ്)

### കഥ

### പാഠാവതരണം

ബുദ്ധിമാന്മാർ ഈശോയെ വന്നു കണ്ടു് ആരാധിച്ചു. അവരുടെ സമ്മാനങ്ങൾ രക്ഷകന് അവർ കൊടുത്തു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ വിളികേട്ട നക്ഷത്രത്തിന്റെ പിന്നാലെ പോയ ബുദ്ധിമാന്മാർ വളരെദൂരം യാത്രചെയ്തു (ബോർഡിൽ). ആ നക്ഷത്രം അവരെ ഈശോ താമസിച്ചിരുന്ന വീടുവരെ നയിച്ചു. ആ വീടിനുള്ളിൽ കയറി അവർ ഈശോയെയും അവിടുത്തെ അമ്മയെയും കണ്ടു ഈശോയെ ആരാധിച്ചു. വലിയ ധനികരും വിദ്വാന്മാരുമായ അവർക്ക് ആ ചെറിയ വീടിനുള്ളിൽ കയറാനോ അവിടുത്തെ ആരാധിക്കുവാനോ യാതൊരു മടിയും തോന്നിയില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യശിശുവായി കണ്ട ഈശോ രക്ഷകനാണെന്നവർക്കറിയാമായിരുന്നു.

ആരാധന കഴിഞ്ഞു് അവർ എന്തുചെയ്തുന്നറിയേണ്ടേ? അവർ കൊണ്ടുവന്നിട്ടുള്ള വിലപിടിച്ച സമ്മാനങ്ങൾ എടുത്തു ഈശോയ്ക്കു കാഴ്ചവച്ചു (കാഴ്ചവയ്ക്കുന്ന വിധം കാണിച്ചുകൊടുക്കുക)· അവരുടെ സമ്മാനങ്ങൾ വളരെ വില പിടിച്ചതായിരുന്നു. വിലപ്പിടിപ്പുള്ള സമ്മാനം നൽകത്തക്കവിധം ഈശോയോടു് അവർക്കു അത്രവലിയ സ്നേഹം തോന്നി. സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്കു് ഇറങ്ങിവന്ന ഈശോയോടു് അവർക്കുണ്ടായിരുന്ന നന്ദി വളരെയേറെയായിരുന്നു. അതിനാലവർ വളരെ ദൂരെനിന്നു കൊണ്ടുവന്നിരുന്ന അവരുടെ സമ്മാനങ്ങൾ രക്ഷകനായ ഈശോയ്ക്കു് കാഴ്ചവച്ചു. അവിടുത്തെ ആരാധിച്ചു നന്ദിപറഞ്ഞു. അങ്ങനെ അവർ അവരുടെ വലുതായ സ്നേഹവും കൃതജ്ഞതയും കാണിച്ചു.

എത്രനേരം അല്ലെങ്കിൽ എത്രനാൾ ഈ ബുദ്ധിമാന്മാർ ആ കൊച്ചുവീട്ടിൽ താമസിച്ചിരിക്കുമെന്നു് നമുക്കറിഞ്ഞുകൂടാ. ഏതായാലും ഏറെനാൾ താമസിച്ചിരിക്കയില്ല. അവർക്കു് അവരുടെ വീട്ടിലേക്കു പോകേണ്ടതുണ്ടായിരുന്നു. ഈശോയെ പിരിഞ്ഞുപോകുവാൻ അവർക്കിഷ്ടമുണ്ടായിരുന്നില്ല. പക്ഷേ പോയേ മതിയാകൂ. ചെന്നില്ലെങ്കിൽ അവരുടെ വീട്ടിൽ എല്ലാവരും വിഷമിക്കും. അതിനാലവർ മനസ്സില്ലാമനസ്സോടെ യാത്ര പറഞ്ഞിറങ്ങി. വഴിയിൽവെച്ചു് അ

വർ രക്ഷകനെക്കുറിച്ചും അവിടുത്തെ അമ്മയായ പരിശുദ്ധ മറിയത്തെക്കുറിച്ചും മററുമായിരിക്കണം അധികം സംസാരിച്ചതു്.

അവർ വീട്ടിൽ തിരിച്ചെത്തിയപ്പോൾ അവരുടെ ബന്ധുക്കളോടും കൂട്ടുകാരോടുമൊക്കെ രക്ഷകനെപ്പററിയും അവരുടെ യാത്രയെപ്പററിയും പറഞ്ഞുകേൾപ്പിച്ചു. കേട്ടവരൊക്കെ വിസ്മയിച്ചു എങ്കിലും അവർ പറഞ്ഞ സംഭവങ്ങൾ വിശ്വസിക്കാത്തവരുമുണ്ടായിരുന്നു അക്കൂട്ടത്തിൽ. ചിലർ രക്ഷകനെ ചെന്നു കാണാഞ്ഞതിൽ ദുഃഖിച്ചിരിക്കും. ബുദ്ധിമാന്മാർ വീട്ടിൽ എത്തിക്കഴിഞ്ഞിട്ടും കൂടെക്കൂടെ രക്ഷകനെ മനസ്സിൽ ഓർത്തു. പലപ്പോഴും അവർ മനസ്സുകൊണ്ടു് ബെതു്ലഹമിലേക്കു് പോയിരിക്കണം. രക്ഷകനെ കണ്ടുപിടിച്ചാരാധിക്കുവാൻ ഒരു നക്ഷത്രത്തെ വഴികാട്ടിയായി കൊടുത്ത പിതാവായ ദൈവത്തിനു് അവർ നന്ദിപറഞ്ഞു. രക്ഷകനെ സ്വന്തം കണ്ണുകൊണ്ടു കാണാൻ ഇടവന്നതു് ഒരു വലിയ ഭാഗ്യമായി അവർ കരുതി. ബുദ്ധിമാന്മാരെപ്പോലെ നമുക്കും ഈശോയെ ചെന്നുകണ്ടു് ആരാധിക്കുവാൻ സാധിക്കും. ഈശോ ദൈവമാണു്. നമ്മുടെ അടുക്കൽ എപ്പോഴും താമസിക്കുവാൻ അവിടുന്നു പരിശുദ്ധ കുർബാനയിൽ എഴുന്നള്ളിയിരിക്കുന്നു. ദേവാലയത്തിൽ തീർച്ചയായും ഈശോ താമസിക്കുന്നുണ്ടെന്നു പറയാൻ ഒരു വിളക്കു് കത്തിക്കൊണ്ടിരിക്കുന്നു. ബുദ്ധിമാന്മാർക്കു് ഈശോ താമസിച്ചിരുന്ന സ്ഥലം കാണിച്ചുകൊടുത്ത നക്ഷത്രത്തെപ്പോലെയാണു് ഈ വിളക്കു്. ഈശോ താമസിക്കുന്നതു് എവിടെയാണെന്നു് ഈ വിളക്കു കാണിക്കുന്നു. അതായതു് ഈശോ താമസിക്കുന്ന പള്ളിയിലേ ഇത്തരമൊരു വിളക്കു കാണുകയുള്ളു. (അടുത്തെങ്ങാനും പള്ളിയുണ്ടെങ്കിൽ അവിടെ കയറി ഈശോയെ കാണണമെന്നു കുട്ടികളെ ഉപദേശിക്കണം. ഒരു ദിവസം അവരെ എല്ലാവരേയും ഒന്നിച്ചു് ദേവാലയത്തിൽ കൊണ്ടുപോയി കാണിക്കാമെന്നു പറയണം. വളരെ അടുത്താണു് പള്ളിയെങ്കിൽ കൂടെക്കൂടെ ഈശോയെ ചെന്നുകാണാൻ പറയണം. ക്ലാസ്സു് കഴിഞ്ഞു് അദ്ധ്യാപകൻതന്നെ അവരെ ദേവാലയത്തിൽ കൊണ്ടുപോകുന്നതു നന്നു്.)

നമ്മുടെ ബുദ്ധിമാന്മാരോളം യാത്രചെയ്യാതെ നമുക്കു് പള്ളിയിൽ ചെന്നാൽ ഈശോയെ കാണാം. നാം കൂടെക്കൂടെ ദേവാലയത്തിൽ പോയി അവിടുത്തെ സന്ദർശിക്കുന്നതു് ഈശോയ്ക്കു് വലിയ സന്തോഷമാണു്. ഈശോ നമ്മെ വളരെഅധികം സ്നേഹിക്കുന്നുണ്ടു്. നമ്മെ രക്ഷിക്കാനാണു് ഈശോ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കു വന്നതു്. ഇപ്പോഴും അവിടുന്നു് നമ്മോടുകൂടിയുണ്ടു്. നമ്മുടെകൂടെ വസിക്കാൻ വേണ്ടി അവിടുന്നു് പള്ളിയിൽ ഒരു പ്രത്യേകവിധത്തിൽ താമസിക്കുന്നു. അപ്പോൾ നാം അവിടെചെന്നു ഈശോയെ കാണേണ്ടതല്ലേ! അവിടത്തോടു് നമുക്കുള്ള നന്ദിയും സ്നേഹവും നേരിട്ടു പറയേണ്ടതല്ലേ! അവിടുത്തെ നാം ആരാധിക്കേണ്ടതല്ലേ! നല്ല കുട്ടികളായി വളർന്നുവരുവാൻ വേണ്ട സഹായമും നിങ്ങൾ ചോദിക്കണം.

ബുദ്ധിമാന്മാർ ഈശോയ്ക്കു് സമ്മാനങ്ങൾ കാഴ്ചവെച്ചു. ഈശോയ്ക്കു കൊടുക്കുവാൻ നമുക്കെന്തെങ്കിലുമുണ്ടോ? (കഴിഞ്ഞ ഒരു ക്ലാസ്സിൽ അനുസരണ, സ്നേഹപ്രവൃത്തികൾ, പ്രാർത്ഥന തുടങ്ങിയ നല്ല പ്രവൃത്തികൾ ചെയ്തു് ഈശോയ്ക്കു കാഴ്ചവെയ്ക്കാമെന്നു വാഗ്ദാനം ചെയ്തിരുന്ന കാര്യം ഇപ്പോൾ കുട്ടികളെ ഓർമ്മപ്പെടുത്തുക.) നല്ല പ്രവൃത്തികൾ ചെയ്യുമ്പോൾ നാം ഈശോയെ സ്നേഹിക്കുന്നുവെന്നു പറയുകയാണു് —അവിടുത്തോടു നന്ദി കാണിക്കുകയാണു്. പണ്ടൊരിക്കൽ സ്വർഗ്ഗസ്ഥനായ പിതാവിനു് നന്ദിപറയുവാൻ ചൊല്ലിയ ഒരു പ്രാർത്ഥന–രക്ഷകനു നന്ദിപറയുവാൻ ചൊല്ലിയ പ്രാർത്ഥന– നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? അതിൻെറകൂടെ ചില പുതിയ വരികൾ കൂട്ടിച്ചേർത്തു് ദൈവത്തിനു നന്ദിപറയാമിപ്പോൾ.

## കുട്ടികളുടെ പ്രവർത്തനം

സ്വർഗ്ഗസ്ഥനായ പിതാവേ,
　　　　അങ്ങേയ്ക്കു ഞാൻ നന്ദിപറയുന്നു.

അങ്ങേ പുത്രനെ എനിയ്ക്കായി തന്നതിനു്,
　　　　അങ്ങേയ്ക്കു ഞാൻ നന്ദിപറയുന്നു.

അങ്ങേ ഞാൻ ആരാധിക്കുന്നു, സ്നേഹിക്കുന്നു.

നല്ല ഈശോയെ, എനിയ്ക്കായിട്ടാണല്ലോ
　　　　അങ്ങു് ഭൂമിയിൽ വന്നതു്.

എൻെറ ഹൃദയത്തെ ഞാനിതാ
　　　　അങ്ങേയ്ക്കു തരുന്നു.

അതു് എൻെറ സമ്മാനമായി സ്വീകരിക്കണമെ. അങ്ങേയ്ക്കു തരാൻ എനിയ്ക്കു് അതുമാത്രമേയുള്ളു. ഞാൻ അങ്ങയെ സ്നേഹിക്കുന്നു.

ബുദ്ധിമാന്മാർ ഈശോയെ ചെന്നു കണ്ടതിനെക്കുറിച്ചും അവർ ഈശോയ്ക്കു് സമ്മാനങ്ങൾ കാഴ്ചവെച്ചു് ഈശോയെ ആരാധിച്ചതിനെക്കുറിച്ചും നമ്മൾ പഠിച്ചു, ഇന്നത്തെ പാഠത്തിൽ. നമുക്കും ഈശോയെ ദേവാലയത്തിൽ ചെന്നുകണ്ടു് അവിടുത്തേയ്ക്കു് സമ്മാനം കാഴ്ച വച്ചു് ഈശൊയെ ആരാധിക്കാമെന്നും നമുക്കറിയാം. എന്തു സമ്മാനമാണു് നാം ഈശോയ്ക്കു സമ്മാനിച്ചതു്. സ്വർഗ്ഗസ്ഥനായ പിതാവിനു കൊടുക്കുവാൻ ഏററം നല്ലസമ്മാനം നമ്മുടെ രക്ഷകനായ ഈശോയാണു്. ദിവ്യബലിസമയത്തു് നമുക്കിതു ചെയ്യാം. ദൈവത്തിനു് ആരാധന നൽകുവാനുള്ള ഏററം മുഖ്യമായ മാർഗ്ഗമാണു ദിവ്യബലി. അതുകൊണ്ടു് എല്ലാ ഞായറാഴ്ചയും ദിവ്യബലിയിൽ പങ്കെടുക്കുവാൻ ശ്രമിക്കാം. (ഞായറാഴ്ചത്തെ ബലിയിൽ പങ്കെടുക്കാൻ ഈ കുട്ടികൾക്കു് കടപ്പാടുണ്ടെന്ന സംഗതിയെക്കുറിച്ചു് ഇവിടെ അധികമായി ഊന്നിപ്പറയരുതു്. കാരണം ഈ പ്രായക്കാരിൽ അധികം പേരും ഞായറാഴ്ചബലി മുടക്കുന്നതു് രക്ഷകർത്താക്കളുടെ കുററംകൊ

ണ്ടാണ്. എങ്കിലും കാലക്രമേണ ഇവക്കു ബലിയിൽ പങ്കെടുക്കു വാൻ കടപ്പാടുണ്ടെന്ന സംഗതി ഇവക്കു മനസ്സിലാക്കിക്കൊടുത്തിരി ക്കണം.

## ഓർമ്മിക്കാൻ ചോദ്യങ്ങൾ

1. ആട്ടിടയന്മാരെ കൂടാതെ ആരാണ് ഈശോയെ കാണാൻ വന്നതു്?

2. ഈശോ ജനിച്ചതെവിടെയാണെന്നു് അവർ എങ്ങനെ കണ്ടുപിടിച്ചു?

3. എന്തിനാണ് അവർ ബെത്ലഹമിലേക്കു പോയതു്?

4. അവരെ അങ്ങോട്ടു വഴികാണിച്ചതാരു്?

5. എന്തു സമ്മാനമാണ് അവർ ഈശോയ്ക്കു കൊടുത്തതു്?

6. എവിടെ ചെന്നാൽ നമുക്കു് ഈശോയെ കാണാം?

7. ഈശോ ദൈവമാണെന്നു് നമുക്കറിയാമെന്നു് കാണിപ്പാൻ നാം എന്തു ചെയ്യുന്നു?

8. പള്ളിയിൽ ഈശോ ഉണ്ടെന്നു നാം മനസ്സിലാക്കുന്നതെങ്ങനെയാണ്?

9. ദിവ്യബലിസമയത്തു് നാം ആരെയാണ് പിതാവായ ദൈവത്തിനു സമ്മാനിക്കുന്നതു്?

10. ഈശോയെ നാം ആരാധിക്കുന്നതു് എന്തുകൊണ്ടു്?
(ഈശോ ദൈവമായതുകൊണ്ടു്)

## ഉപസംഹാരപ്രാർത്ഥന

ഇതു് കുഞ്ഞുങ്ങൾ സ്വന്തം ഭാഷയിൽ സ്വയം നടത്തുവാൻ പ്രോത്സാഹിപ്പിക്കണം. വളരെ ചെറിയ പ്രാത്ഥനയായിരുന്നാൽ മതി. (ഈശോയെ നിന്നെ ഞാൻ ആരാധിക്കുന്നു, എന്നായാലും മതി.)

# 11

# ഈശോ നസ്രത്തിൽ

### ഉപക്രമം

സ്വർഗ്ഗസ്ഥനായ പിതാവിൻെറ അടുക്കലേക്ക് നമ്മെ നയിക്കുവാൻ ദൈവപുത്രൻ മനുഷ്യനായി. രക്ഷകനായ മിശിഹായെ അനുഗമിച്ചുകൊണ്ട് അവിടുത്തെപ്പോലെ പ്രവർത്തിക്കുവാൻ നാം ശ്രമിക്കേണ്ടതാണ്. കുഞ്ഞുങ്ങൾ അവരുടെ മനസ്സിനു ശരിയാണെന്നു തോന്നുന്നതു് നന്നായി ചെയ്യുമ്പോൾ അവർ ക്രിസ്തുവിനെ അനുഗമിക്കുകയാണെന്ന സംഗതി അദ്ധ്യാപകൻ കുഞ്ഞുങ്ങളെ വേണ്ടവിധം മനസ്സിലാക്കിക്കൊടുക്കണം. ഇതു വളരെ പ്രാധാന്യം അർഹിക്കുന്ന സംഗതിയാണ്. [കുഞ്ഞുങ്ങളുടെ മനസ്സാക്ഷിയെ ശരിയായി പരിശീലിപ്പിക്കുന്നതിലും അദ്ധ്യാപകനു് ചിലതൊക്കെ ചെയ്‌വാനുണ്ടെന്നുള്ള കാര്യം ഒരിക്കലും വിസ്മരിക്കരുതു്.] ശരിയായതും ദൈവത്തെ പ്രീതിപ്പെടുത്തുന്നതുമായ സംഗതികൾ ഏവയെന്നു് മാതാപിതാക്കളും അദ്ധ്യാപകരും അവക്കു പറഞ്ഞുകൊടുത്തിരിക്കണം. ക്രിസ്തുവിൻെറ ബാല്യകാലം അനുസരണയെന്ന സൽഗ്ഗുണത്തെ പ്രകീർത്തിക്കുന്നതാണ്. "അവൻ അവക്കു കീഴ്‌പ്പെട്ടു ജീവിച്ചു".

മാതാപിതാക്കന്മാരെയും അദ്ധ്യാപകരെയും അനുസരിച്ചുകൊണ്ടാണ്, കുഞ്ഞുങ്ങൾ അവരുടെ നേതാവിനെ—ക്രിസ്തുവിനെ—ശരിയായ വിധത്തിൽ അനുഗമിക്കുന്നതു്. ഇക്കാര്യം കുഞ്ഞുങ്ങളെ നന്നായി മനസ്സിലാക്കിക്കൊടുക്കുക.

### ലക്ഷ്യം

ബാലനായ ക്രിസ്തുവിനെപ്പോലെ ആയിത്തീരാൻ വേണ്ട ആഗ്രഹം കുഞ്ഞുങ്ങളിൽ വളർത്തുക.

### പ്രധാനപദങ്ങൾ

നസറത്തു്, പെരുമാറുക.

### പഠനോപകരണങ്ങൾ

ഈശോയും ഞാനും (ഔട്ട്‌ലയിൻ) ചാർട്ട്. ബാലനായ ഈശോ നസ്രത്തിൽ—ഭവനത്തിൽ—മാതാപിതാക്കന്മാരെ സഹായിക്കുന്ന ചിത്രം. കുട്ടികൾ അവരുടെ മാതാപിതാക്കന്മാരെ വീട്ടുജോലികളിലും മററും സഹായിക്കുന്ന ചിത്രം. കുട്ടികൾ കളിക്കുന്നതും, പഠിക്കുന്നതും,

ജോലിചെയ്യുന്നതുമായ ചിത്രങ്ങൾ. ഏതേതു വിധത്തിലാണ് ക്രിസ്തുവിനെ അനുഗമിക്കുവാൻ സാധിക്കുന്നതെന്നു കുഞ്ഞുങ്ങൾക്കു മനസ്സിലാക്കികൊടുക്കുവാൻ ഈ ചിത്രങ്ങൾ ഉപകരിക്കണം.

## ഭാഗം 1 രൂപരേഖ

**പ്രധാനാശയം**

ഈശോ എല്ലായ്പ്പോഴും അനുസരണയുള്ളവനായിരുന്നു. പരിശുദ്ധ മറിയത്തെയും വിശുദ്ധ യൗസേപ്പിനെയും അനുസരിച്ചുകൊണ്ട് താൻ സ്വർഗ്ഗീയപിതാവിനെ സന്തോഷിപ്പിക്കുകയാണെന്നു ഈശോയ്ക്കറിയാമായിരുന്നു.

**കഥ**

ഈശോയുടെ ബാല്യകാലകഥ പറയുക.

**കുട്ടികളുടെ പ്രവർത്തനം**

ബാലനായ യേശുവിൻെറ പ്രവൃത്തികളെ കാണിക്കുന്ന അഭിനയ ഗാനങ്ങൾ പാടുക.

ഓരോരുത്തരായും കൂട്ടമായും.

**പ്രയോഗം**

ഈശോയെപ്പോലെ ദയാശീലനും സത്യസന്ധനും അനുസരണയുള്ളവനുമായിത്തീരാൻ ശ്രമിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ഈശോ ആരാകുന്നു?

2. ആരുടെ ഇഷ്ടത്തിനനുസരിച്ചാണ് ഈശോ പ്രവർത്തിച്ചിരുന്നതു്?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

തൻെറ നല്ല മാതൃകകൾകൊണ്ടു് ഈശോ നമ്മെ പിതാവിൻെറ അടുക്കലേയ്ക്കു നയിക്കുന്നു. ഈശോയെ അനുകരിച്ചു ജീവിക്കുമ്പോൾ

നാം സ്വർഗ്ഗീയപിതാവിനെ സന്തോഷിപ്പിക്കുകയാണ് ചെയ്യുന്നത്.

**കഥ**

ബാലനായ ബാബുവിനെ കാണാതാകുന്ന കഥ വിവരിക്കുക.

**കുട്ടികളുടെ പ്രവർത്തനം**

ബാലനായ യേശുവിൻെറ ചിത്രം ബോർഡിൽ തൂക്കിയിട്ട് ഏതെല്ലാം വിധത്തിൽ ഈശോയെ അനുകരിക്കാമെന്നു കുഞ്ഞുങ്ങളെക്കൊണ്ടു പറയിപ്പിക്കുക. അതു് അദ്ധ്യാപകൻ ബോർഡിൽ എഴുതി വായിപ്പിക്കുക.

**പ്രയോഗം**

ദിനംപ്രതി ഈശോയെപ്പോലെ ആയിത്തീരാൻ ശ്രമിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ബാലനായിരുന്നപ്പോൾ യേശു എവിടെയാണ് താമസിച്ചിരുന്നതു്?
2. ഈശോ നമുക്കു് തരുന്ന മാതൃക എന്തു്?

## ഭാഗം 1 (30 മിനിററു്)

**പ്രാരംഭപ്രാർത്ഥന**

[മുൻപാഠത്തിലേതുതന്നെ]
സ്വർഗ്ഗസ്ഥ.........................................ആരാധിക്കുന്നു.

**ആമുഖം**

[രണ്ടോ മൂന്നോ മിനിററു്കൊണ്ടു് വിജ്ഞാനികളുടെ കഥ, അറിയാവുന്ന രണ്ടു് കുഞ്ഞുങ്ങളെക്കൊണ്ടു, പറയിക്കുക]

അതിനുശേഷം അദ്ധ്യാപകൻ സ്വയം വിജ്ഞാനികളുടെ കഥ കുട്ടികളുടെ സഹകരണത്തോടുകൂടി പറയുക. (കുട്ടികളോടു് ചോദ്യം ചോദിച്ചു് അവർ പറയുന്ന ഉത്തരം കൂടി ചേർത്തു അദ്ധ്യാപകൻ കഥ തുടരുക). ഈശോയെ കാണാൻവന്ന മൂന്നു ബുദ്ധിമാന്മാരുടെ കഥ ആർ

ഓമ്മിക്കുന്നുണ്ടു്? ബുദ്ധിമാന്മാർ ഈശോ ജനിച്ച കാര്യം എങ്ങനെ അറിഞ്ഞു? അവർ എവിടേയ്ക്കാണു് പുറപ്പെട്ടതു്? ആരായിരുന്നു അവരുടെ വഴികാട്ടി? അവർ ബത്ലഹമിൽചെന്നു് എന്തു ചെയ്തു? നമ്മളും കഴിഞ്ഞ ക്ലാസ്സിൽ ഈശോയ്ക്കു സമ്മാനം കൊടുത്തില്ലേ? എന്തു സമ്മാനമാണു് കൊടുത്തതു്? നാം ആക്കെങ്കിലും സമ്മാനം കൊടുക്കുമ്പോഠം നമ്മെത്തന്നെ കൊടുക്കുന്നുവെന്നാണു് കാണിക്കുന്നതു്. അതുകൊണ്ടു് നമ്മളും ബുദ്ധിമാന്മാരെപ്പോലെയാണു് പ്രവത്തിച്ചതു്. നാം നമ്മുടെ ഹൃദയത്തെ—നമ്മെത്തന്നെ മുഴുവനായി ഈശോയ്ക്കുകൊടുത്തു. ഒരിക്കൽ മാത്രമല്ല നാം കൊടുക്കുന്നതു്. ഇന്നും കൊടുക്കുന്നു; എന്നും കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യും.

മൂന്നു വിദ്വാന്മാരും വളരെ വളരെ ദൂരം യാത്രചെയ്താണു ഈശോയെ വന്നു കണ്ടതു്. കഴിഞ്ഞ ക്ലാസ്സിനുശേഷം നിങ്ങഠം ആരെങ്കിലും ഈശോയെ കാണാൻ പള്ളിയിൽ പോയോ? നമുക്കാക്കും ബുദ്ധിമാന്മാരോളം പോകേണ്ടതില്ല, ഈശോയെ കാണാൻ. നിങ്ങഠം കൂടക്കൂടെ ഈശോയെ ചെന്നു കണ്ടാരാധിക്കുവാൻ ശ്രമിക്കണം. വിശേഷിച്ചു്, ഞായറാഴ്ചദിവസങ്ങളിൽ നാം അവിടുത്തെ ആരാധിക്കുവാൻ ചെല്ലണമെന്നു് ഈശോ അധികമായി ആഗ്രഹിക്കുന്നു. അന്നു ഒഴിവു ദിവസമല്ലേ? നമുക്കൊക്കെ അന്നു അതിനു തീർച്ചയായും സമയമുണ്ടു് നാം സമയവും സൗകര്യവും ഉണ്ടാക്കുകതന്നെവേണം. എന്തുകൊണ്ടെന്നാൽ ദൈവാരധനയ്ക്കായി പ്രത്യേകം നീക്കിവെയ്ക്കപ്പെട്ട ദിവസമാണതു്. എങ്ങനെയാണു നാം ഞായറാഴ്ച ദിവസം ദേവാലയത്തിൽ ചെന്നു് ദൈവത്തെ ആരാധിക്കേണ്ടതു്? [ദിവ്യബലിയിൽ സംബന്ധിച്ചുകൊണ്ടു്.] ദിവ്യബലിയിൽ പങ്കുകൊള്ളുകയാണു് ദൈവത്തെ ആരാധിക്കുവാനുള്ള ഏററം നല്ല മാഗ്ഗം—ശരിയായ മാർഗ്ഗം. എന്നാൽ ദേവാലയത്തിൽ നാം പോകാത്തദിവസം ദൈവത്തിനു് ആരാധന നടത്താമോ? സമ്മാനങ്ങഠം കൊടുക്കാമോ? തീർച്ചയായും. ബലിയിൽ സംബന്ധിക്കാത്ത ദിവസവും നമുക്കു് നമ്മെത്തന്നെ ദൈവത്തിനു് കാഴ്ചവയ്ക്കാം. നമ്മുടെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും—നാം ചെയ്യുന്ന എല്ലാ പ്രവൃത്തികളും അതായതു്, കളി, പഠനം, ജോലി എന്നിവയെല്ലാം ദൈവത്തിനു സമ്മാനമായി കൊടുത്തു് അവിടുത്തെ ആരാധിക്കാം. സ്വഗ്ഗസ്ഥനായ നമ്മുടെ പിതാവിനും രക്ഷകനായ ഈശോയ്ക്കും അതു വലിയ സന്തോഷമാണു്.

നമ്മുടെ വിചാരങ്ങളും പ്രവൃത്തികളുമൊക്കെ സ്വർഗ്ഗീയപിതാവിനു കൊടുക്കണമെങ്കിൽ—കൊടുക്കുവാൻ കൊള്ളാവുന്നതായിരിക്കണമെങ്കിൽ—നമ്മുടെ വിചാരം നല്ലതായിരിക്കണം, സ്നേഹത്തെകാണിക്കുന്നവയായിരിക്കണം അവ. ഈശോ വിചാരിച്ചതുപോലെയും പ്രവത്തിച്ചതുപോലെയും ആയിരിക്കണം നമ്മുടെ വിചാരങ്ങളും പ്രവൃത്തികളും. നിങ്ങളുടെ പ്രായത്തിൽ ഈശോ എവിടെയായിരുന്നു, എന്തൊക്കെ ചെയ്തു; എന്നൊക്കെയാണു് നാമിന്നു പഠിക്കാൻ പോകുന്ന

ത്തു്. ഈശോയെക്കുറിച്ച് പഠിക്കുമ്പോൾ നാം സ്വർഗ്ഗസ്ഥനായ പിതാവിനെ സ്നേഹിക്കാൻ പഠിക്കും.

## പാഠാവതരണം

ഈശോയുടെ ബാല്യകാലം. ദൈവപുത്രൻ മനുഷ്യനായി പിറക്കുക, അതൊരു വലിയ കാര്യമാണു്. മനുഷ്യരെക്കാൾ—മാലാഖമാരെക്കാൾ വലിയവനാണു്. ദൈവം. ആ ദൈവം മനുഷ്യനായിത്തീരണമെങ്കിൽ അവിടുന്നു എത്രയധികമായിട്ടാണു മനുഷ്യരെ സ്നേഹിച്ചതു്! ഒരു പിഞ്ചുകുഞ്ഞായി ജനിച്ചു ദൈവപുത്രൻ. പിന്നെ എല്ലാ കുഞ്ഞുങ്ങളെയുംപോലെ--നിങ്ങളെപ്പോലെ ഈശോ വളർന്നുവന്നു. നസ്രത്തു് എന്ന സ്ഥലത്താണു് ബാലനായ ഈശോ തൻെറ അപ്പനമ്മമാരോടുകൂടി നിങ്ങളെപ്പോലെ വളർന്നുവന്നതു്. ഈശോ ജനിച്ച സ്ഥലത്തിൻെറ പേരു് ആരോർമ്മിക്കുന്നുണ്ടു്? നസ്രത്തിലെ ആളുകൾ മിക്കവരും വളരെ പാവപ്പെട്ടവരായിരുന്നു. വലിയ വീടോ,പുരയിടമോ അവരിൽ അധികംപേർക്കും ഉണ്ടായിരുന്നില്ല. വളരെ കഷ്ടപ്പെട്ടു ജോലിചെയ്താണു്, അവിടത്തെ ആളുകൾ ആഹാരത്തിനുള്ള വക നേടിയിരുന്നതു്. ഈശോയുടെ വളർത്തപ്പനായ വി. യൗസേപ്പും ആ നാട്ടിലെ മിക്ക ആളുകളെയുംപോലെ പാവപ്പെട്ടവനായിരുന്നു. അവരുടെ വീട്ടിലെ ആവശ്യങ്ങൾക്കു് വേണ്ട സാധനങ്ങളൊക്കെ വാങ്ങാൻ വേണ്ട പണം വി. യൗസേപ്പു് കഷ്ടപ്പെട്ടു് ഉണ്ടാക്കിയിരുന്നു. വി. യൗസേപ്പിൻെറ മുഖ്യജോലി ആശാരിപ്പണിയായിരുന്നു. അദ്ദേഹം മേശ, കസേര, പെട്ടി മുതലായവ ഉണ്ടാക്കി വിററോ, നന്നാക്കിയോ കിട്ടുന്ന പണംകൊണ്ടാണു് ഈശോയുടെയും പരിശുദ്ധ മറിയത്തിൻെറയും ആവശ്യങ്ങൾ നിറവേററിയതു്. നോക്കുക, ഈശോ എത്ര പാവപ്പെട്ട കുടുംബത്തിലാണു ജനിച്ചതെന്നു്. നമ്മളിൽ ചിലരെപ്പോലെ പാവപ്പെട്ട കുടുംബത്തിൽ പിറന്ന ഈശോയ്ക്കു ധാരാളം വിഷമതകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ടു്.

ഈശോയ്ക്കു് നിങ്ങളോളം പ്രായമായപ്പോൾമുതൽ അവിടുന്നു് പ. മറിയത്തെയും വി. യൗസേപ്പിനെയും സഹായിച്ചിരുന്നു, അവരുടെ ജോലികളിൽ. താഴെവീണുപോകുന്ന ആണികൾ പൊറുക്കി എടുക്കുക, ചെറിയ ചെറിയ സാധനങ്ങൾ എടുത്തു് അതാതിൻെറ സ്ഥാനത്തുവച്ച് പണിപ്പുര വൃത്തിയാക്കുക, വല്ലതും തറയ്ക്കാനോ മുറിയ്ക്കാനോ ഒക്കെയുള്ളപ്പോൾ അതിൻെറ അററത്തൊന്നു് പിടിച്ചു കൊണ്ടുക്കുക, മുതലായ പ്രവൃത്തികൾ ചെയ്തു് ഈശോ തൻെറ വളർത്തപ്പനായ വി. യൗസേപ്പിനെ സഹായിച്ചിരുന്നു. ഈശോ ഒരു ആൺകുട്ടിയായിരുന്നെങ്കിലും വീട്ടുജോലികളിൽ തൻെറ അമ്മയെ സഹായിപ്പാൻ വല്യതായി ഇഷ്ടപ്പെട്ടിരുന്നു. അമ്മ വെള്ളംകോരാൻ പോകുമ്പോൾ ബാലനായ ഈശോ ഒരു കൊച്ചുകുടവുമായി കൂടെപ്പോകും. വെള്ളം കൊണ്ടുവരും. പാത്രങ്ങൾ കഴുകിക്കൊടുക്കും. സാധന

ങ്ങളൊക്കെ അതാതിൻെറ സ്ഥാനവത്തുസ്സും. വീട്ടുവൃത്തിയാകും— ഇങ്ങനെ പലതും ചെയ്ത് തൻെറ അപ്പനമ്മമാരെ സഹായിച്ചും അനുസരിച്ചും ജീവിച്ചിരുന്നു, ഈശോ നിങ്ങളുടെ പ്രായത്തിൽ. [ഈശോ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ചിത്രം ഈ സമയത്ത് കാണിച്ചുകൊടുക്കുക.]

വെള്ളം കോരാനോ, സാധനങ്ങൾ വാങ്ങാനോ കൊടുക്കാനോ പോകുന്ന വഴിയ്ക്ക് ബാലനായ ഈശോ തന്നെപ്പോലുള്ള കുട്ടികളെ കാണുമായിരുന്നു. അവരിൽ മിക്കവരും ഈശോയുടെ കൂട്ടുകാരാണ്. ഈശോ മററു കുട്ടികളുടെകൂടെ കളിക്കും, വർത്തമാനം പറഞ്ഞു രസിക്കും. ചിലപ്പോഴൊക്കെ നല്ല നല്ല പാട്ടുകൾ പാടും, എല്ലാവരുമൊന്നിച്ച്. ഈശോയ്ക്കു ഇഷ്ടപ്പെട്ട പാട്ടുകൾ പലതുണ്ട്. അവയെ സ്തുതിപ്പുകൾ എന്നു പറയും.

ചിലപ്പോഴൊക്കെ ഈശോ കിണററിൻകരെ ചെല്ലുമ്പോൾ മററുകുട്ടികൾനിന്നു കളിക്കുന്നതുകണ്ട് കളിച്ചിട്ടുണ്ടാകും. എല്ലാ കുട്ടികൾക്കും ഈശോയോടൊത്ത് കളിക്കാൻ വലിയ ഇഷ്ടമായിരുന്നു. വി. യൗസേപ്പ് തടികൊണ്ടും ധാരാളം കളിപ്പാട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്തിരിക്കണം. ചെറിയ ഉന്തുവണ്ടി, തടിക്കുതിര തുടങ്ങിയ പലതരത്തിലുള്ള കളിപ്പാട്ടങ്ങൾ. അതെല്ലാമെടുത്ത് കളിക്കുവാൻ ഈശോ തൻെറ കൂട്ടുകാരെയും അനുവദിച്ചിരുന്നിരിക്കണം. നസ്രത്തിലെ കുട്ടികളുടെ അപ്പനമ്മമാർ തങ്ങളുടെ കുട്ടികൾ ഈശോയോടൊന്നിച്ചു കളിക്കുന്നതുകാണാൻ ഇഷ്ടപ്പെട്ടിരുന്നു. ആ കുട്ടികളുടെ കൂടെ കളിക്കുന്നതിന് ഈശോയും ഇഷ്ടപ്പെട്ടിരുന്നു.

ഈശോ സ്കൂളിലും പോയിരുന്നു. ദൈവപുത്രനെന്ന നിലയ്ക്കു ഈശോ എല്ലാം അറിഞ്ഞിരുന്നു. എന്നിട്ടും അവിടുന്നു മററുകുട്ടികളെപ്പോലെ സ്കൂളിൽപോയി പഠിച്ചിരുന്നു. അന്നത്തെ കുട്ടികൾ അധികം പാഠങ്ങളും ടീച്ചർ പറയുന്നതുകേട്ടാണ് പഠിച്ചിരുന്നത്. പുസ്തകവും നോട്ടുബുക്കും മററും ഇല്ലായിരുന്നു. ഈശോ സ്കൂളിൽ പോകാൻ വളരെ ഇഷ്ടപ്പെട്ടിരുന്നു. എല്ലാ വിഷയങ്ങളും (പാഠങ്ങളും) പഠിക്കാൻ ഈശോയ്ക്കു വലിയ ഇഷ്ടമായിരുന്നു, വിശേഷിച്ച് വേദപാഠം. ഈശോയ്ക്കുണ്ടായിരുന്ന സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല.

സന്ധ്യയാകുമ്പോൾ നസ്രത്തിലെ ആ കൊച്ചുകുടുംബത്തിൽ എല്ലാവരും പ്രാർത്ഥിക്കുവാൻ ഒരുമിച്ചു കൂടും. ആരെല്ലാമുണ്ട് ആ വീട്ടിൽ? പ. മറിയവും വി. യൗസേപ്പും ഈശോയും.

പ്രാർത്ഥനയും അത്താഴവുമെല്ലാം കഴിഞ്ഞ് ഈശോ ഉറങ്ങും. പക്ഷേ ഉറങ്ങാൻ പോകുംമുമ്പേ ഈശോ തൻെറ പിതാവിനോട് ഇങ്ങനെ പ്രാർത്ഥിച്ചിരിക്കണം. "സ്വർഗ്ഗസ്ഥനായ പിതാവേ, ഞാൻ അങ്ങേ സ്നേഹിക്കുന്നു. എന്നെ മുഴുവൻ അങ്ങേയ്ക്കു തരുന്നു. ഞാൻ ഉറങ്ങാൻ

പോവുകാണ്."എന്താ, ഇങ്ങനെ ഒരു കൊച്ചുപ്രാത്ഥന നിങ്ങരംക്കും ഉറങ്ങാൻപോകുംമുമ്പേ ചൊല്ലരുതോ?

### കുട്ടികളുടെ പ്രവത്തനം

ഈശോ ചെറുപ്പമായിരുന്നപ്പോരം ചെയ്തിരുന്ന പ്രവൃത്തികളൊക്കെ നമുക്ക് ഒന്നുകൂടി ഓത്തുനോക്കരുതോ? [ടീച്ചർ ഓരോപ്രവൃത്തിയും എടുത്തുപറയട്ടെ. കുഞ്ഞുങ്ങരം അതു് ഉചിതമായ ആംഗ്യത്തോടെ ഏററുപറയുവാൻ ആവശ്യപ്പെടുക. ഈ സമയത്തു് കുഞ്ഞുങ്ങരം അദ്ധ്യാപകനുചുററും അദ്ധവൃത്താകൃതിയിൽ നില്ക്കുന്നതു് നന്ന്. ഇവിടെ പറയിക്കുന്ന വാക്യങ്ങരം അടുത്ത പാഠത്തിലും ആവത്തിച്ചുറപ്പിക്കേണ്ടതാണ്. എന്തെന്നാൽ ഈ ഭാഗത്തു് ദൈവപ്രമാണങ്ങരം ഉരംക്കൊള്ളുന്നു, പ്രത്യേകിച്ചു് ഈ പ്രായക്കാർ അറിഞ്ഞിരിക്കേണ്ട പ്രമാണങ്ങരം.

| അദ്ധ്യാപകൻ | കുട്ടികരം |
|---|---|
| | (ആംഗ്യങ്ങരം കാണിക്കുക) |
| ഈശോ സാക്ഷാൽ ദൈവപുത്രനാണ്. | കൈകരം സ്വസ്തികരൂപത്തിൽ വയ്ക്കുക. |
| അവിടുന്നു എല്ലാവരോടും സ്നേഹമായി പെരുമാറി. | കൈകൂപ്പി ഇരുഭാഗത്തും നില്ക്കുന്നവരുടെനേരെ തിരിഞ്ഞു് തല കുനിയ്ക്കുക. |
| അപ്പനമ്മമാരെ അവിടുന്നു അനുസരിച്ചു. | കൈമലത്തിപ്പിടിച്ചു് ആകാശത്തിലേയ്ക്കു് ഉയത്തുക. |
| അവിടുന്നു എപ്പോഴും അനുസരണയുള്ളവനായിരുന്നു. | ഇരുവശങ്ങളിലേയ്ക്കും കൈവീശി മേല്പോട്ടുയത്തുക. |
| അതുകൊണ്ടാണ് അവിടുന്ന് എല്ലായ്പ്പോഴും നന്നായി ചെയ്തതു്. | എല്ലാം എന്നു കാണിക്കത്തക്കവണ്ണം കൈ വിരിച്ചുപിടിക്കുക. |

എല്ലാവരോടും സ്നേഹമായി പെരുമാറുക. വേണ്ടപ്പെട്ടവരെയെല്ലാം ഉടനടി അനുസരിക്കുക. അതാണ് ഈശോ ബാലനായിരുപ്പോരം ചെയ്തതു്. നിങ്ങരം എന്തൊക്കെയാണ് ഈശോയെപ്പോലെ ആയിത്തീരാൻ ചെയ്യേണ്ടതെന്നു് അല്പനേരം കണ്ണടച്ചിരുന്നു് ആലോചിച്ചുനോക്കുക. എന്തു പ്രത്യേകകാര്യം ചെയ്താണ് നിങ്ങരം ഈശോയെ സ്നേഹിക്കുന്നുവെന്നു കാണിക്കുവാൻ പോകുന്നതെന്നു കണ്ടു

പിടിക്കുക. നിങ്ങൾക്ക് എല്ലാദിവസവും ചെയ്യാവുന്ന ഒരു കാര്യം വേണം കണ്ടുപിടിക്കാൻ.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ഈശോ ആരാകുന്നു?

2. ആരുടെ ഇഷ്ടം അനുസരിച്ചാണ് ഈശോ പ്രവർത്തിച്ചിരുന്നത്?

## ഭാഗം 1 (30 മിനിററ്)

**പാഠാവതരണം**

തൻെറ നല്ല മാതൃകകൊണ്ട് ഈശോ നമ്മെ പിതാവിൻെറ അടുക്കലേയ്ക്കു നയിക്കുന്നു. നിങ്ങളിൽ ആരെങ്കിലും സർക്കസ്സ് കണ്ടിട്ടുണ്ടോ? വളരെ രസമാണ്, അതു കാണാൻ.

സർക്കസ്സ് കാണാൻ ഇഷ്ടപ്പെട്ട ഒരു ബാബുവിൻെറ കഥയാണ് ഇന്നു ഞാൻ പറയാൻ പോകുന്നത്. ബാബുവിനു് ഏഴുവയസ്സേ ഉള്ളു. നിങ്ങളുടെ പ്രായം. അന്നാട്ടിൽ ഒരു സർക്കസ്സുകമ്പനിക്കാർ വന്നു. കൂട്ടുകാർവഴി അവൻ ആ വിവരം അറിഞ്ഞു. അവൻെറ കൂട്ടുകാരിൽ ഒരാൾ സർക്കസ്സിൻെറ ഒരു നോട്ടീസ്സ് അവനു കൊടുത്തു. അതിലെ ചിത്രങ്ങൾകൂടി കണ്ടപ്പോൾ അവനു് സർക്കസ്സ് കണ്ടേതീരൂ എന്നായി. അടുത്ത ഞായറാഴ്ച— ഒഴിവുദിവസം— സർക്കസിനു കൊണ്ടുപോകാമെന്നു് സമ്മതിച്ചു, അവൻെറ അപ്പൻ. എന്നാൽ പിറേറദിവസം സ്കൂൾവിട്ടുപോരുമ്പോൾ അന്നാട്ടിൽ വന്നുതാമസിക്കുന്ന സർക്കസ്സ്കമ്പനിക്കാർ ഘോഷയാത്രയായി പോകുന്നതുകണ്ടു. അവരെ കണ്ടതിലുള്ള സന്തോഷംകൊണ്ട് ബാബുവിനു് അവൻെറ വിശപ്പും ക്ഷീണവുമൊക്കെ പമ്പകടന്നു. അവൻ സ്വന്തം വീടിനെപ്പററിയും മറന്നുപോയി. പതുക്കെ അവൻ സർക്കസ്സുകമ്പനിക്കാരുടെ പിന്നാലെ നടന്നുതുടങ്ങി. അങ്ങനെ പോയിപ്പോയി വളരെ ദൂരെ ചെന്നു. അവനു വഴിതെററി. ആരും അവനു് കൂട്ടായി ഉണ്ടായിരുന്നില്ല. പെട്ടെന്നു തൻെറ അപ്പനമ്മമാരെ ഓർത്തു. പക്ഷേ എങ്ങോട്ടാണ് പോകേണ്ടതെന്നു് അവനു് അറിവില്ലായിരുന്നു. സന്ധ്യയായിട്ടും മകൻ സ്കൂൾവിട്ട് എത്താത്തതുകൊണ്ട് അപ്പൻ ബാബുവിൻെറ ഏററം മൂത്തസഹോദരനെ ബാബുവിനെ അന്വേഷിച്ചു കൂട്ടിക്കൊണ്ടുവരാനായി അയച്ചു. ബാബുവിൻെറ ജ്യേഷ്ഠനും ബാബുവിനെ വലിയ ഇഷ്ടമാണ്. അയാൾ കുറെദൂരം തിരക്കിനടന്നു. പെട്ടെന്നു ബാബു വഴിയിൽനിന്നു വിഷമിക്കുന്നതു് അവൻെറ ജ്യേഷ്ഠൻ കണ്ടു. അയാൾ ബാബുവിൻെറ അടുക്കലേയ്ക്കോടിച്ചെന്നു് കെട്ടിപ്പിടിച്ചു, വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

എന്താ ബാബുവിന്റെ കഥ ഇഷ്ടപ്പെട്ടോ? ഇതു് ബാബുവിന്റെമാത്രം കഥയല്ല. നിങ്ങളുടെയും എന്റെയും കഥയാണു് ഞാൻ പറഞ്ഞതു്. നമ്മളെല്ലാം ബാബുവിനെപ്പോലെ നമ്മുടെ പിതാവിൽ നിന്നു് അകലെയാണിപ്പോൾ, നമ്മുടെ സ്വർഗ്ഗീയപിതാവിൽനിന്നു്. നമുക്കും ഒരു മൂത്ത ജ്യേഷ്ഠനുണ്ടു്. ആരാണു് ആ ജ്യേഷ്ഠൻ എന്നു് അറിയാമോ? ഈശോ. ഈശോയാണു് നമ്മുടെ മൂത്തസഹോദരൻ—സ്നേഹമുള്ള നല്ല ചേട്ടൻ!

സ്വർഗ്ഗീയ പിതാവു് സ്വർഗ്ഗത്തിലേയ്ക്കു്—തന്റെ അടുക്കലേക്കുള്ള വഴി കാണിക്കുവാൻ ഈശോയെ നമ്മുടെ അടുക്കലേയ്ക്കു് അയച്ചു. ഈശോയ്ക്കുമാത്രമേ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി കാണിച്ചുതരുവാൻ സാധിക്കുകയുള്ളു. നാം ഈശോയുടെകൂടെ നടക്കണം. ഈശോയോടൊന്നിച്ചു നിൽക്കണം. അവിടുത്തെ അനുഗമിച്ചാൽമതി, നാം നമ്മുടെ പിതാവിന്റെ അടുക്കൽ— നമ്മുടെ സാക്ഷാൽ വീടായ സ്വർഗ്ഗത്തിൽതന്നെചെല്ലും. അവിടെ നമ്മുടെ ജ്യേഷ്ഠനായ ഈശോയോടൊത്തു്—നമുക്കു് എന്നും സന്തോഷമായിക്കഴിയാം.

നമ്മൾ ഇപ്പോൾ പിതാവിന്റെ അടുക്കലേക്കു യാത്ര ചെയ്യുകയാണു്. ഈശോയെ അനുകരിച്ചു ജീവിക്കണം. ഇപ്പോൾ നമുക്കു് ഈശോയെ കാണാൻ സാധ്യമല്ല. അവിടുന്നു എങ്ങനെ ജീവിച്ചുവെന്നു നമുക്കറിയാം. അവിടുന്നു ചെയ്തിരുന്നതുപോലെതന്നെ ചെയ്യാൻ ശ്രമിച്ചുകൊണ്ടു് നമുക്കു് ഈശോയുടെ പിന്നാലെ പോകാം.

ഈശോ നിങ്ങളെപ്പോലെ കൊച്ചുകുട്ടിയായിരുന്നപ്പോൾ, നിങ്ങൾ ചെയ്തിരുന്ന പ്രവൃത്തികളൊക്കെത്തന്നെയാണു് അവിടുന്നു് ചെയ്തിരുന്നതു്. എന്തൊക്കെ ചെയ്തിരുന്നു, ഈശോ? പ്രാർത്ഥിച്ചു; പഠിച്ചു; വീട്ടുജോലിയിൽ അമ്മയെ സഹായിച്ചു. എല്ലാ കാര്യങ്ങളിലും അനുസരിച്ചു. ഇതൊക്കെ ചെയ്യാൻ എളുപ്പമാണെന്നു് നിങ്ങൾക്കു തോന്നുന്നുണ്ടോ? നിങ്ങൾക്കു കളിക്കാനും രസിക്കാനും ആയിരിക്കും കൂടുതൽ ഇഷ്ടം, അല്ലേ? അങ്ങനെ കളിക്കുന്നതും രസിക്കുന്നതും മററും തെററല്ല, നല്ലതുതന്നെ. പക്ഷേ, വെറുതെ കളിച്ചുകൊണ്ടുമാത്രം നാം കഴിഞ്ഞാൽ മതിയോ? എല്ലാ പ്രവൃത്തികൾക്കും ഒരു സമയമുണ്ടു്, കളിക്കാനും ജോലിചെയ്യാനും പ്രാർത്ഥിക്കാനുമൊക്കെ. എല്ലാം ചെയ്യേണ്ട സമയങ്ങളിൽ ചെയ്യണമെന്നുള്ളതാണു് കാര്യം.

നമുക്കും ഈശോയെപ്പോലെ ചെയ്തുകൂടേ? വീട്ടിൽ അപ്പനമ്മമാരെ സഹായിച്ചുകൂടേ? അതെ, അവർ ചോദിക്കാതെതന്നെ സഹായിക്കണം. അങ്ങനെയാണു് ഈശോ ചെയ്തതു്. നമ്മുടെ പുസ്തകങ്ങളും കളിപ്പാട്ടങ്ങളും ഉടുപ്പുകളും മററു ശരിയായ സ്ഥാനത്തുവച്ചു്, വൃത്തിയായി സൂക്ഷിച്ചുവച്ചു്. അമ്മയെ സഹായിക്കാം. ചെറിയ ചെറിയ ജോലികൾ ചെയ്തും അമ്മയെ സഹായിക്കാം. സ്കൂളിലും നി

ങ്ങറംകൾ ടീച്ചറിനെയും കൂട്ടുകാരെയും സഹായിക്കുവാൻ സാധിക്കും. ചോക്കും ഡസ്റ്ററും മററും ചിലപ്പോറം താഴെക്കിടക്കും. അതൊക്കെ അതാതിൻെറ സ്ഥാനത്തു് എടുത്തുവയ്ക്കുക, കടലാസ് തറയിൽ കിടന്നാൽ എടുത്തു മാററുക, മററുകുട്ടികളുടെ സാധനങ്ങറം നശിപ്പിക്കാതെ സൂക്ഷിക്കുക തുടങ്ങിയ പലപല കാര്യങ്ങറം നിങ്ങറംക്കു ചെയ്യാൻ സാധിക്കും.

ഈശോ മററുള്ളവരോട് സംസാരിച്ചിരുന്നതു് വളരെ സ്നേഹത്തോടും മര്യാദയോടുംകൂടിയാണു്. അവിടുന്നു മററു കുട്ടികളെ ഒരിക്കലും വേദനിപ്പിച്ചിരുന്നില്ല. കളിക്കുമ്പോറം കുട്ടികളുമായി വഴക്കു കൂട്ടമായിരുന്നില്ല. എപ്പോഴും സത്യം മാത്രം പറഞ്ഞിരുന്നു. നമ്മളും നമ്മുടെ സ്വർഗ്ഗീയപിതാവിനെ സന്തോഷിപ്പിക്കാനും, ഈശോയെപ്പോലെ ആയിത്തീരാനുംവേണ്ടി എപ്പോഴും സത്യസന്ധത പാലിക്കണം. മററുള്ളവരുടെ തെററുകളും കുററങ്ങളുമൊക്കെ ക്ഷമിക്കണം. അവ കൂട്ടുകാരോട് പറഞ്ഞു പരത്തരുതു്. നമ്മുടെ കുററം മററുള്ളവരുടെമേൽ ചുമത്തി നമ്മുടെ പ്രവൃത്തികളെല്ലാം സ്വർഗ്ഗീയപിതാവിനു വേണ്ടി ചെയ്യണം. അവിടുത്തേയ്ക്കു കാഴ്ചവെയ്ക്കണം. അതിന്ന് പററിയ ഒരു പ്രാത്ഥന നമ്മറം പഠിച്ചു. ആരോർമ്മിക്കുന്നുണ്ടതു്?

സ്വർഗ്ഗീയപിതാവേ, ഇന്നത്തെ എൻെറ വിചാരം, വാക്കു്, പ്രവൃത്തി ഇവയെല്ലാം അങ്ങേയ്ക്കു തരുന്നു ഞാൻ. നമ്മറം ഇതൊരു പാട്ടായിട്ടാണു പഠിച്ചതു്. നിങ്ങറം ഓക്കുന്നില്ലേ? ആ പാട്ട് ഇപ്പോറം തന്നെ, ഒരുമിച്ചുപാടാം.

എൻെറ നല്ല ദൈവമേ, ഞാനിന്നു ചെയ്‌വതെല്ലാം ചിന്ത വാക്കു കർമ്മമേതുമങ്ങിലർപ്പിക്കുന്നേൻ. (രണ്ടുപ്രാവശ്യം)

**കുട്ടികളുടെ പ്രവത്തനം**

പലവിധജോലികളിൽ ഏർപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ ചിത്രം കുട്ടികളുടെ ഇടയിൽ വിതരണം ചെയ്യുക, ആദ്യം. അനന്തരം ഓരോരുത്തരോടായി അവരുടെ കൈയ്യിലിരിക്കുന്ന ചിത്രത്തിലെ കുട്ടി എന്തു ചെയ്യുന്നുവെന്നു പറഞ്ഞിട്ട് അതു് ബോർഡിൽ പതിക്കാൻ പറയണം. [ഫ്ലാനൽ ബോർഡ് ഉണ്ടാക്കാൻ അദ്ധ്യാപകൻ പഠിച്ചിരിക്കണം] ഫ്ലാനൽ ബോർഡില്ലെങ്കിൽ വൃത്തിയുള്ള തറയിൽ ഓരോ പടവും നിരത്തി വയ്ക്കട്ടെ. ഓരോ പടവും അതിൻെറ സ്ഥാനത്തു വയ്ക്കുമ്പോറം കുട്ടി ഇങ്ങനെ പറയാൻ ആവശ്യപ്പെടണം. "എനിക്ക് ഈശോയെപ്പോലെ അമ്മയെ സഹായിച്ച് സ്വർഗ്ഗീയ പിതാവിനെ സന്തോഷിപ്പിക്കണം". ഇങ്ങനെ ഓരോ പ്രവൃത്തിയും കാണിക്കുന്ന ചിത്രങ്ങറം കൊണ്ടുവന്നുവയ്ക്കുമ്പോറം ആ പ്രവൃത്തിയെന്താണെന്ന് പറഞ്ഞിട്ട് മുൻപറഞ്ഞ വാക്യം ചേർത്തു പറയാൻ അദ്ധ്യാപകൻ കുട്ടികളെ സഹായിക്കണം. [ഈ ആവശ്യത്തിനു് ഉപ

യോഗിക്കുന്ന ചിത്രങ്ങൾ വ്യക്തവും ആകർഷകവുമായിരിക്കണം. എല്ലാം സന്തോഷപ്രദമായ രംഗങ്ങൾ കാണിക്കുന്ന ചിത്രമായിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. എല്ലാ തരത്തിലുമുള്ള പ്രവൃത്തികളും ഈശോ വഴി ദൈവത്തിന് കാഴ്ചവെച്ചുകഴിഞ്ഞാൽ അത് വളരെയേറെ വിലയുള്ളതായിത്തീരുമെന്ന സംഗതി കുട്ടികളെ ശരിയായി മനസ്സിലാക്കണം]

ക്ലാസ്സിലെ പ്രവർത്തനങ്ങൾ ഏതെങ്കിലും ഒന്ന്, അവർക്കിഷ്ടമുള്ളത്, തെരഞ്ഞെടുത്ത് അനുദിനജീവിതത്തിൽ ഈശോ ചെയ്തതുപോലെ സ്വർഗ്ഗീയപിതാവിനു കാഴ്ചവസ്തുമെന്നൊരു തീരുമാനം കുട്ടികളെക്കൊണ്ട് ചെയ്യിപ്പിക്കണം.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ഈശോ ബാലനായിരുന്നപ്പോൾ എവിടെയാണ് താമസിച്ചത്?
2. ഈശോ നമുക്കു തരുന്ന മാതൃക എന്ത്?
3. ഈശോ നമ്മെ ആരുടെ പക്കലേയ്ക്കു നയിക്കുന്നു? (കൊണ്ടുപോകുന്നു.)

**ഉപസംഹാരപ്രാർത്ഥന**

ഇന്ന് ക്ലാസ്സിൽ കുട്ടികൾ പഠിച്ച പ്രാർത്ഥന തന്നെ ഭക്തിപൂർവ്വം ചൊല്ലുക.

# 12

# ഈശോ പ്രസംഗിക്കുന്നു

## ഉപക്രമം

ഈ പാഠത്തിൽ രണ്ടു കേന്ദ്രാശയങ്ങളാണുള്ളതു്. ഒന്നു്, ഈശോ രക്ഷയുടെ സന്ദേശം നമുക്കു കൊണ്ടുവന്നു. രണ്ടു്, ഈശോ തൻെറ ബോധനംകൊണ്ടും നല്ല മാതൃകകൊണ്ടും നമ്മെ സ്വപിതാവിൻെറ അടുക്കലേയ്ക്കു് നയിക്കുന്നു. നമ്മെ പഠിപ്പിക്കുവാൻ പിതാവിനാൽ അയയ്ക്കപ്പെട്ട ഏററം നല്ല അദ്ധ്യാപകനാണു് ഈശോ; നിത്യജീവിതത്തിലേയ്ക്കു പോകേണ്ട മാർഗ്ഗം കാട്ടിത്തന്ന നേതാവും ജേതാവുമാണു് അവിടുന്നു്. ഈശോയുടെ ബോധനത്തിൻെറ വിശദാംശങ്ങളിലേയ്ക്കു് കടക്കേണ്ട ആവശ്യമില്ല, ഈ ക്ലാസ്സിൽ. "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന അവർ പഠിച്ചുകഴിഞ്ഞതാണു്. ആ കർത്തൃപ്രാർത്ഥനയിൽ ഈശോയുടെ സന്ദേശത്തിൻെറ പൊരുളും മുഴുവൻ ഉൾക്കൊള്ളുന്നുണ്ടെന്നു് തീർച്ചയായും പറയാം. ഒരു പരിപൂർണ്ണ പ്രാർത്ഥനയാണതു്.

കർത്തൃപ്രാർത്ഥനയുടെ ആദ്യഭാഗം നാം ഇതിനുമുൻപുള്ള ക്ലാസ്സുകളിൽ വിശദീകരിച്ചുകഴിഞ്ഞതാണു്. അതിൻെറ ബാക്കിഭാഗംകൂടി ചേർത്തു് മുഴുവനായി ആവർത്തിക്കുന്നതു്, ആ പ്രാർത്ഥനയുടെ അന്തഃസത്ത എന്തെന്നു് എളുപ്പത്തിൽ കുഞ്ഞുങ്ങളെ ഗ്രഹിപ്പിക്കാൻ സഹായിക്കും. ഈ പ്രാർത്ഥന മുഴുവനും ഇപ്പോൾത്തന്നെ കുട്ടികൾ മനഃപാഠമാക്കണമെന്നില്ല. കൂടുതലായ വിശദീകരണങ്ങളും ആവർത്തനവുമൊക്കെ ബാക്കിപഠനകാലത്തു് അവസരോചിതമായി അവർക്കു നൽകാം.

## ലക്ഷ്യം

സ്വർഗ്ഗസ്ഥനായ പിതാവിനെ യഥാർത്ഥമായി അറിയാനും സ്നേഹിക്കാനുമുള്ള ആഗ്രഹം കുഞ്ഞുങ്ങളിൽ ഉളവാക്കുക.

## പ്രധാനപദങ്ങൾ

അപ്പോസ്തലന്മാർ, പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ.

### ഭാഗം 1 രൂപരേഖ

## പ്രധാനാശയം

നമ്മെ പഠിപ്പിക്കാൻ പിതാവിനാൽ അയയ്ക്കപ്പെട്ടവനാണു് ഈശോ. ഈശോ തൻെറ അപ്പോസ്തലന്മാർവഴി നമ്മെ പഠിപ്പിച്ചു.

## കഥ

ക്രിസ്തു അപ്പോസ്തലന്മാരെ വിളിക്കുന്ന രംഗം വിവരിക്കുക.

## പ്രയോഗം

പഠിച്ചകാര്യങ്ങരം (ഈശോയെക്കുറിച്ച്) മററു കുട്ടികറംക്കു പറഞ്ഞു കൊടുത്തു് അപ്പോസ്തലനായിത്തീരുക.

## ഓമ്മിക്കാൻ ചോദ്യങ്ങറം

1. നമ്മെ പഠിപ്പിക്കാനായി ഈശോയെ അയച്ചതാരു്?
2. ആളുകളെ പഠിപ്പിക്കുന്ന ജോലിയിൽ ഈശോയെ ആരു സഹായിച്ചു?
3. ഈശോ നമ്മെ പഠിപ്പിച്ച പ്രധാനകാര്യങ്ങരം ഏവ?

# ഭാഗം 2 രൂപരേഖ

## പ്രധാനാശയം

നാമെങ്ങനെയാണു പ്രാർത്ഥിക്കേണ്ടതെന്നു് ഈശോ നമ്മെ പഠിപ്പിച്ചു. കർത്തൃപ്രാർത്ഥനയുടെ അർത്ഥം.

## കഥ

കർത്തൃപ്രാത്ഥനയുടെ പശ്ചാത്തലം വിവരിക്കുക.

## കുട്ടികളുടെ പ്രവർത്തനം

കർത്തൃപ്രാർത്ഥന ആംഗ്യവിശേഷങ്ങളോടെ ചൊല്ലുക.

## പ്രയോഗം

എല്ലാദിവസവും ഭക്തിയോടുകൂടെ വീട്ടിൽവച്ചു കർത്തൃപ്രാർത്ഥന ചൊല്ലുക.

## ഓർമ്മിക്കാൻ ചോദ്യങ്ങറം

1. ആരാണു് കർത്തൃപ്രാർത്ഥന പഠിപ്പിച്ചതു്?
2. ഈ പ്രാത്ഥന നാം എപ്പോഴൊക്കെ ചൊല്ലണം?

3. ദൈവം നമ്മുടെ പിതാവാണെന്ന സത്യം ആരു നമ്മെ പഠിപ്പിച്ചു?

### ഭാഗം 1 (30 മിനിററ്)

**പ്രാരംഭപ്രാർത്ഥന**

സ്വർഗ്ഗസ്ഥനായ പിതാവാരാണ്?— ദൈവം. അതെ, ദൈവം നല്ലവനാണ്. ആകാശവും ഭൂമിയും അതിലുൾപ്പെടുന്നതെല്ലാം സൃഷ്ടിച്ച അവിടുന്ന് ഏററം വലിയവനാണ്— സ്വർഗ്ഗത്തിൻേറയും ഭൂമിയുടെയും രാജാവാണ്. കർത്തൃപ്രാർത്ഥനയുടെ ആദ്യഭാഗം നമുക്കൊരുമിച്ചു ചൊല്ലി നമ്മുടെ നല്ലപിതാവിനെ നമുക്കു സ്തുതിക്കാം. വരൂ, എഴുന്നേൽക്കുക. പ്രാർത്ഥനയിലെ ഓരോവാക്കും ചിന്തിച്ചുകൊണ്ടു്, സാവധാനത്തിൽ നമുക്കു ചൊല്ലാം.

**പ്രാരംഭം**

നമ്മുടെ രക്ഷകൻെറ പേരെന്തു്? ഈശോയെന്ന പേരു കേൾക്കുമ്പോൾ നാം എന്തുചെയ്യുന്നമെന്നു പഠിച്ചു? ഈശോയുടെ പിതാവാരു്? ആരാണ് അമ്മ? എന്തുകൊണ്ടാണ് നാം പരിശുദ്ധ മറിയത്തെ സ്നേഹിക്കുന്നതു്? ഈശോ ജനിച്ചതെവിടെ? ഈശോയെയും മാതാവിനെയും സംരക്ഷിച്ചുപോന്നതാരു്? വി. യൗസേപ്പ് ഈശോയുടെ ആരാണ്? നസ്രത്തിൽ ഈശോ എന്തുചെയ്തു? ഈശോ നമ്മെ ആരുടെ പക്കലേയ്ക്കു നയിക്കുന്നു?

ഏററം ചെറുതായിരുന്നപ്പോൾമുതൽ ഈശോ തൻെറ നല്ല മാതൃകകൾവഴി പിതാവിനെ സ്നേഹിപ്പാൻ നമ്മെ പഠിപ്പിച്ചുകൊണ്ടിരുന്നു. നാം എങ്ങനെയാണ് അപ്പനമ്മമാരോടു് പെരുമാറേണ്ടതെന്ന് നമ്മെ പഠിപ്പിച്ചു. വളരെയേറെ കാര്യങ്ങൾ ഈശോയ്ക്കു നമ്മെ പഠിപ്പിക്കാനുണ്ടു്.

**കഥ**

**പാഠാവതരണം**

ഈശോ തൻെറ പിതാവിൻെറ നാമത്തിൽ നമ്മെ പഠിപ്പിക്കുന്നു. നസ്രത്തു് എന്ന കൊച്ചുഗ്രാമത്തിൽ ഈശോ വളർന്നുവന്നു. തൻെറ വളർത്തുപിതാവായ യൗസേപ്പിനെയും അമ്മയായ മറിയത്തെയും അവരുടെ ജോലികളിൽ ഈശോ സഹായിച്ചിരുന്നു. എന്നാൽ ഈശോ ഭൂമിയിലേയ്ക്കു വന്നതു് തൻെറ പിതാവിൻെറ ഒരു പ്രത്യേക ജോലിക്കായിട്ടാണ്. അതിനാൽ അവിടുത്തേക്കു് തൻെറ അപ്പനമ്മമാരെ വിട്ടുപിരിയേണ്ടിവന്നു. തൻെറ പ്രിയപ്പെട്ട അമ്മയെ വി

ട്ടുപോകാൻ ഈശോയ്ക്കു വലിയ വിഷമംതോന്നി. എങ്കിലും സ്വർഗ്ഗസ്ഥനായ തൻെറ പിതാവിനോടുള്ള സ്നേഹംനിമിത്തം— തന്നെ ഏല്പിച്ചജോലി ചെയ്തുതീർക്കുവാനുള്ള അതിയായ ആഗ്രഹത്താൽ— അവിടുന്നു പോകാൻതന്നെ തീരുമാനിച്ചു. താൻ പോകുന്നകാര്യം എങ്ങനെയായിരിക്കും ഈശോ അമ്മയോടു പറഞ്ഞതു്? അവർ തമ്മിൽ അപ്പോൾ എന്തൊക്കെ പറഞ്ഞിരിക്കണം? അതൊന്നും നമുക്കറിഞ്ഞുകൂടാ.

നമ്മെ പഠിപ്പിക്കുവാനായി ദൈവത്താൽ അയയ്ക്കപ്പെട്ടവനാണു് ഈശോ. തൻെറ പിതാവിനു് ഇഷ്ടമുള്ളതുമാത്രമേ ഈശോ ചെയ്യുകയുള്ളു. സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേററുന്നതായിരുന്നു അവിടുത്തെ ഏററം വലിയ ആനന്ദം. അതുകൊണ്ടു് ഈശോ തൻെറ അമ്മയെ പിരിഞ്ഞു്, നസ്രത്തിലെ തൻെറ കൂട്ടുകാരെയും വീടിനെയും വിട്ടുപേക്ഷിച്ചു്, ഇറങ്ങിപ്പുറപ്പെട്ടു, തൻെറ പിതാവിൻെറ ജോലിക്കായി.

ഒരുദിവസം ഈശോ വഴിയിൽക്കൂടെ നടന്നുപോകയായിരുന്നു. രണ്ടു മനുഷ്യർ എന്തോ അന്വേഷിക്കുന്നതുപോലെ ഈശോയുടെ പിന്നാലെചെന്നു. ഈശോ തിരിഞ്ഞുനോക്കിയപ്പോൾ അവരെക്കണ്ടു് നിങ്ങളെന്താണു് അന്വേഷിക്കുന്നതു് എന്നു ചോദിച്ചു. അവർ ചോദിച്ചു: "ഗുരോ, അങ്ങു് എവിടെയാണു താമസിക്കുന്നതു്?" "നിങ്ങൾ വന്നു കാണുക". ഇശോപറഞ്ഞു. അവർ ഈശോയുടെ പിന്നാലെ പോയി. അന്നവർ ഈശോയോടൊന്നിച്ചു താമസിച്ചു. ഈശോ അവരോടു്, പിതാവായ ദൈവത്തിൻെറ അടുക്കലേയ്ക്കു് എല്ലാ മനുഷ്യരേയും നയിക്കേണ്ട (കൊണ്ടുപോകേണ്ട) മഹത്തായ, വലിയ ജോലിയെപ്പററി ഏറെനേരം സംസാരിച്ചു. ആ രണ്ടു മനുഷ്യർക്കും ഈശോയുടെ സംഭാഷണം ഇഷ്ടപ്പെട്ടു. ഈശോയോടൊന്നിച്ചു് എന്നും താമസിക്കുവാൻ അവർ ആഗ്രഹിച്ചു. അവർ രക്ഷകനെ കാത്തിരുന്നവരാണു്. അപ്പോഴും രക്ഷകനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു അവർ. ഒടുവിൽ രക്ഷകനെത്തന്നെ അവർ കണ്ടുമുട്ടി. അവരുടെ സന്തോഷത്തിനു് അതിരുണ്ടായിരുന്നില്ല. വലിയ സന്തോഷത്തോടെയാണു് അവർ വീട്ടിലേയ്ക്കു മടങ്ങിയതു്. അവർ കണ്ടവരോടെല്ലാം ഈശോയുടെ കാര്യം പറഞ്ഞു. വീണ്ടും അവർ ഈശോയുടെ അടുക്കലേയ്ക്കു പോയി. ഇത്തവണ അവരുടെ കൂട്ടുകാരിൽ ചിലരും അവരോടുകൂടിയുണ്ടായിരുന്നു. എല്ലാവരും ഈശോയുടെ വാക്കുകൾകേട്ടു് വിസ്മയിച്ചു. അവർക്കാർക്കും ഈശോയെ വിട്ടുപോകാൻ ഇഷ്ടമായിരുന്നില്ല. ഓരോദിവസം കഴിയുംതോറും ഈശോയുടെ പ്രസംഗം കേൾക്കാൻ, ഈശോ പഠിപ്പിക്കുന്നതു കേൾക്കാൻ ആളുകൾ കൂടിക്കൂടിവന്നു. വളരെവേഗം അവിടുത്തേയ്ക്കു പന്ത്രണ്ടു സ്നേഹിതന്മാരെ ലഭിച്ചു. ഈശോ അവരെ അപ്പോസ്തലന്മാർ എന്നു വിളിച്ചു. ഈ അപ്പോസ്തലന്മാർ ഈശോ പോകുന്നിടത്തെല്ലാം അദ്ദേഹത്തോടൊന്നിച്ചു് പൊയ്ക്കൊണ്ടിരുന്നു. സ്വർഗ്ഗസ്ഥനായ

പിതാവിനെക്കുറിച്ചും സ്വർഗ്ഗത്തേയ്ക്കുള്ള വഴിയെക്കുറിച്ചുംമററും ഈശോ പറയുന്നതു് അവർ കൂടെക്കൂടെ കേട്ടുകൊണ്ടിരുന്നു.

നമ്മുടെ പിതാവായ ദൈവത്തെക്കുറിച്ചു് പല കാര്യങ്ങളും ഈശോ അവരോടു പറഞ്ഞു. പിതാവിനു് ഇഷ്ടകരമായ വിധത്തിൽ ജീവിക്കേണ്ടതെങ്ങനെയെന്നു് ഈശോ അവരെ പഠിപ്പിച്ചു. കുറെനാഠം കഴിഞ്ഞപ്പോഠം ഈശോ അവരെ അടുത്തുള്ള പട്ടണങ്ങളിലേയ്ക്കു് അയച്ചു. എന്തിനാണവരെ അയച്ചതെന്നറിയാമോ? അവർ കേട്ട നല്ലവാർത്തകഠം, പിതാവിനെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും മററും കേട്ട സംഗതികഠം– മററാളുകളെയും അറിയിക്കാൻ.

ഈ നല്ല കാര്യങ്ങഠം ജനങ്ങളെ പഠിപ്പിക്കുവാൻ ഈശോയ്ക്കു് എളുപ്പമായിരുന്നുവെന്നു് നിങ്ങഠം കരുതുന്നുണ്ടോ? തീർച്ചയായും ഇല്ല. ചിലപ്പോഴൊക്കെ അവിടുന്നു പറഞ്ഞ കാര്യങ്ങഠം പിന്നെയും പിന്നെയും പറയേണ്ടിയിരുന്നു. ഇന്നത്തെപ്പോലെ ബസ്സും കാറും മററും അക്കാലത്തു് ഉണ്ടായിരുന്നില്ല. ആളുകഠം മിക്കവാറും നടന്നാണു് ഓരോരോ സ്ഥലങ്ങളിലേയ്ക്കു പോയിരുന്നതു്. ചിലപ്പോഠം മൃഗങ്ങളുടെ പുറത്തു് അവർ സഞ്ചരിച്ചിരിക്കും. ഒട്ടകപ്പുറത്തും കഴുതപ്പുറത്തും (ചിത്രം കാണിച്ചുകൊടുക്കുക). പക്ഷെ ഈശോ എല്ലാ സ്ഥലങ്ങളിലേയ്ക്കും നടന്നുപോയിരുന്നു. പലപ്പോഴും അവിടുത്തേയ്ക്കു് വലിയ ക്ഷീണം തോന്നിയിട്ടുണ്ടു്. ചിലപ്പോഴൊക്കെ ഉണ്ണാനും ഉറങ്ങാനുംപോലും ഈശോയ്ക്കു് സമയം കിട്ടിയിരുന്നില്ല. ആ സമയങ്ങളിൽപോലും ജനങ്ങഠം അവിടുത്തെ വിട്ടുപിരിഞ്ഞിരുന്നില്ല. പിതാവിനെക്കുറിച്ചും അവിടുത്തെ സ്നേഹിക്കാനുള്ള മാർഗ്ഗത്തെക്കുറിച്ചും സംസാരിക്കുന്നതു് ഈശോയ്ക്കു വലിയ ഇഷ്ടമുള്ള കാര്യമാണു്. ആ സമയത്തൊന്നും ഈശോ തന്നെക്കുറിച്ചു്– തൻെറ ഊണിനെക്കുറിച്ചോ ഉറക്കത്തെക്കുറിച്ചോ– ഓർത്തിരുന്നില്ല. ഈശോയുടെ പ്രസംഗം കേട്ടിരുന്ന ആളുകളും ചിലപ്പോഴൊക്കെ അക്കാര്യം മറന്നുപോയിരുന്നു. മററാരും ഈശോയെപ്പോലെ സംസാരിക്കുന്നില്ലെന്നു് അവർ തമ്മിൽത്തമ്മിൽ പറയുമായിരുന്നു. വളരെവേഗം ഈശോ പഠിപ്പിക്കുന്നതു കേഠംക്കാൻ വരുന്നവരുടെ എണ്ണം വർദ്ധിച്ചുവന്നു. ചിലപ്പോഴൊക്കെ ആഠംപ്പെരുപ്പംകൊണ്ടു് ഈശോയുടെ അടുത്തെങ്ങും ചെല്ലാൻ സാധിച്ചിരുന്നില്ല.

ഈശോ പിതാവിനെക്കുറിച്ചും അവിടുത്തെ രാജ്യത്തെക്കുറിച്ചും പഠിപ്പിച്ചിരുന്നു. ഈശോ പഠിപ്പിക്കുന്നതു കേഠംക്കാൻ നിങ്ങഠംക്കിഷ്ടമില്ലേ? അന്നു് നിങ്ങഠം ജീവിച്ചിരുന്നെങ്കിൽ ഈശോ പഠിപ്പിക്കുന്നതു കേഠംക്കാൻ എത്രദൂരം വേണമെങ്കിലും നിങ്ങഠം പോകുമായിരുന്നു. ഈശോയുടെ അടുത്തു് പുൽപ്പുറത്തിരുന്നു് അവിടുത്തെ മുഖത്തേയ്ക്കുനോക്കി എല്ലാം ശ്രദ്ധിച്ചു കേട്ടു പഠിക്കുമായിരുന്നു, നിങ്ങഠം.

നിങ്ങൾക്കിപ്പോൾ ഈശോയെ കാണാനും അവിടുത്തെ കാൽക്കൽ ഇരിക്കാനും സാധിക്കുകയില്ല. എങ്കിലും അവിടുന്നു പറഞ്ഞകാര്യങ്ങൾ– അവിടുത്തെ വാക്കുകൾതന്നെ ഇപ്പോഴും കേൾക്കാം. അവിടുന്നു പഠിപ്പിച്ചവയെല്ലാം പഠിക്കുകയും ചെയ്യാം. ഈശോയെ എപ്പോഴും കേട്ടുകൊണ്ടിരുന്ന സ്നേഹിതന്മാരുണ്ടല്ലോ— എന്താണ് അവരുടെ പേര്?—അതെ, അപ്പോസ്തലന്മാർ; അവർ ഈശോ പറഞ്ഞു കേട്ടതും ചെയ്തുകണ്ടതുമായ കാര്യങ്ങൾ നമുക്കായി എഴുതിവച്ചിട്ടുണ്ട്, ബൈബിളിൽ.

## കുട്ടികളുടെ പ്രവർത്തനം

പിതാവിനെക്കുറിച്ചും ഈശോയെക്കുറിച്ചുംമററും പല നല്ല കാര്യങ്ങൾ ഇപ്പോൾ നമുക്കറിയാം. ആ നല്ല വാർത്തകൾ അപ്പോസ്തലന്മാരെപ്പോലെ കൈമാറാൻ (മററുള്ളവർക്കുകൂടെ പറഞ്ഞുകൊടുക്കാൻ) നമുക്കു സാധിക്കുമോ എന്നു് ഒന്നു പരീക്ഷിച്ചുനോക്കരുതോ? ഇപ്പോൾ ത്തന്നെ നമുക്കൊന്നു ചെയ്തുനോക്കാം.

(കുട്ടികളെ രണ്ടു ഗ്രൂപ്പായി തിരിക്കുക. അനന്തരം അവരോടു് രണ്ടു വരിയായി ഓരോ വാരയകലത്തിൽ നിൽക്കുവാൻ പറയണം. ഓരോ വരിയുടെയും തലയ്ക്കൽ നിൽക്കുന്ന കുട്ടിയെ വിളിച്ച് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഒന്നു് രഹസ്യമായി പറഞ്ഞുകൊടുക്കണം. ഈ കുട്ടികൾ തിരികെപ്പോയി താൻ കേട്ട സംഗതി തൻെറ പിന്നിൽ നിൽക്കുന്ന കുട്ടിയോടു പറയട്ടെ. അങ്ങനെ ഓരോരുത്തരും പറഞ്ഞുതീരുമ്പോൾ ഒടുവിൽ നിൽക്കുന്ന കുട്ടി താൻ കേട്ടതു് ഉറക്കെ വിളിച്ചു പറയണം. അതിൽ എന്തെങ്കിലും തെറേറാ പോരായ്മയോ ഉണ്ടെങ്കിൽ അതു പരിഹരിച്ച് അദ്ധ്യാപകൻ ആ പ്രസ്താവന ഉറക്കെ പറഞ്ഞുകേൾപ്പിക്കണം. ശ്രദ്ധിച്ചുകേൾക്കാനും കേട്ട സംഗതികൾ മററുള്ളവർക്കു പറഞ്ഞുകൊടുക്കാനും കുഞ്ഞുങ്ങളെ കഴിവുള്ളവരാക്കുന്ന ഒരു വിനോദാഭ്യാസമാണിതു്.)

| ഒന്നാം വരിയിൽ നില്ക്കുന്ന കുട്ടികൾ | രണ്ടാം വരിയിൽ നില്ക്കുന്ന കുട്ടികൾ |
|---|---|
| വരൂ, വന്നു് ഈശോയെ കാണുക. | ഈശോയാണു് രക്ഷകൻ. |
| ഈശോ തൻെറ പിതാവിനെ സ്നേഹിക്കുന്നു. | നാം പിതാവിനെ സ്നേഹിക്കണമെന്നു് ഈശോ ആഗ്രഹിക്കുന്നു. |

| | |
|---|---|
| പിതാവിനെ സ്നേഹിക്കാൻ ഈശോ നമ്മെ പഠിപ്പിക്കുന്നു. | ഈശോ നമ്മെ നല്ല വാർത്തകൾ അറിയിക്കുന്നു. |
| ഈശോ നമ്മുടെ രക്ഷകനാണ്. | നമ്മുടെ രക്ഷകനായ ഈശോ നമ്മെ സ്നേഹിക്കുന്നു. |

**(കുട്ടികൾ വാക്കുകൾ വ്യക്തമായി പറയുവാൻ ശ്രദ്ധിക്കുക.)**

**പ്രയോഗം**

ഈശോ നമ്മുടെ രക്ഷകനാണെന്ന് നമുക്കറിയാം. പക്ഷേ ഈശോയെ കുറിച്ച് അറിയാത്തവർ അനേകം പേരുണ്ട്. നിങ്ങളുടെ ഇടയിൽ തന്നെ നിങ്ങളുടെ കൂടെ പഠിക്കുന്ന എത്ര കുട്ടികൾക്ക് നിങ്ങൾക്കറിയാവുന്ന ഈ കാര്യങ്ങളൊന്നും അറിഞ്ഞുകൂടാ? അവരെക്കൂടെ ഈ നല്ല വാർത്തകൾ അറിയിക്കുവാൻ നമുക്കെന്തെങ്കിലും ചെയ്യുവാൻ സാധിക്കുമോ? തീർച്ചയായും, നിങ്ങൾക്ക് ഒന്നുചെയ്യാം. അതായത്, നിങ്ങളുടെകൂടെ പഠിക്കുന്ന കുട്ടികളോട്, സ്കൂളിൽപോകാതെ നിൽക്കുന്ന നിങ്ങളുടെ അയൽവക്കത്തെ കുട്ടികളോട്—ഓരോ ദിവസവും നിങ്ങൾ വേദപാഠക്ലാസ്സിൽ കേൾക്കുന്ന ഏററവും നല്ല, രസകരമായ, പ്രധാനപ്പെട്ട സംഗതികൾ പറഞ്ഞുകൊടുക്കാൻ ശ്രമിക്കണം. നിങ്ങൾ കളിക്കാൻ ഒന്നിച്ചുകൂടുമ്പോൾ കഥ പറയുകയില്ലേ? ആ സമയത്തൊക്കെ നിങ്ങൾ കേട്ട സന്തോഷവാർത്തകൾ അവർക്കുകൂടി പറഞ്ഞുകൊടുക്കണം. ഇളയകുട്ടികളെ ഇക്കാര്യം പറഞ്ഞുകേൾപ്പിക്കാൻ മടിക്കരുത്. അങ്ങനെ ചെയ്യുമ്പോൾ നിങ്ങളോരോരുത്തരും ഈശോയുടെ പ്രിയപ്പെട്ട അപ്പോസ്തലന്മാരെപ്പോലെയായിത്തീരും. ഈശോ നിങ്ങളെ വളരെയേറെ സ്നേഹിക്കും. അങ്ങനെ നാം ഈശോയുടെ സഹായികളും സ്നേഹിതരും ആയിത്തീരും.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. എന്തുകൊണ്ട് ഈശോ തൻെറ അമ്മയെ പിരിഞ്ഞ് വീടുവിട്ടു പോയി?

2. നമ്മെ പഠിപ്പിക്കാനായി ഈശോയെ അയച്ചതാര്?

3. എല്ലാവരെയും പഠിപ്പിക്കുന്ന ജോലിയിൽ ഈശോയെ ആരു സഹായിച്ചു?

## ഭാഗം 2 (30 മിനിററ്)

### കഥ

### പാഠാവതരണം

(കർത്തൃപ്രാത്ഥനയുടെ വിശദീകരണം നൽകി ആരംഭിക്കുക)
ഒരു ദിവസം ഈശോ തൻെറ സ്നേഹിതന്മാരോടുകൂടെ ഇരിക്കുകയായിരുന്നു. പിതാവിനെക്കുറിച്ചും, നാം സ്വർഗ്ഗത്തു എത്തേണ്ടതിനെക്കുറിച്ചും, പ്രാത്ഥനയെക്കുറിച്ചും, ഈശോ പലപ്പോഴും പഠിപ്പിക്കുന്നതു് ഇവർ കേട്ടിട്ടുണ്ടു്. അവരിലൊരാൾക്കു് ഇവയെക്കുറിച്ചൊക്കെ കുറെക്കൂടെ കൂടുതലായി അറിയണം; പ്രാത്ഥനയിലൂടെ നാമങ്ങനെയാണു് ദൈവത്തോടു സംസാരിക്കേണ്ടതെന്നു് അറിയണം. അതുകൊണ്ടു് അപ്പോസ്തലന്മാർ ചോദിച്ചു: "കത്താവെ, പ്രാത്ഥിക്കുവാൻ ഞങ്ങളെ പഠിപ്പിക്കുക." ഇതു കേട്ടപ്പോൾ ഈശോയ്ക്കു് സന്തോഷമായി. കാരണം, പിതാവിനെക്കുറിച്ചു സംസാരിക്കുന്നതു് ഈശോയ്ക്കു പരമാനന്ദമാണു്. ഈശോ ഉടനെ തൻെറ സ്നേഹിതന്മാരെ പ്രാത്ഥിക്കാൻ പഠിപ്പിച്ചു. "നിങ്ങൾ പ്രാത്ഥിക്കുമ്പോൾ ഇങ്ങനെ പറയണം", ഈശോ പറഞ്ഞു. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ....................."

അപ്പോസ്തലന്മാർ ഈ പ്രാത്ഥന കുറേശ്ശെയായി പഠിച്ചെടുത്തു. അവർ വാക്കുകൾ പഠിക്കുക മാത്രമല്ല, ആ വാക്കുകളുടെ അർത്ഥത്തെക്കുറിച്ചു ചിന്തിച്ചു് അതുചൊല്ലിപ്പഠിച്ചു. അന്നുമുതൽ അവർ ആ പ്രാത്ഥന എന്നും ചൊല്ലിയിരിക്കണം, അല്ലേ? നിങ്ങൾക്കെന്തു തോന്നുന്നു?

നമുക്കും ഈ പ്രാത്ഥന കുറേശ്ശെയായി പഠിക്കാം. പഠിക്കുകമാത്രമല്ല, അതിലെ ഓരോ വാക്കിൻെറയും അർത്ഥമെന്താണെന്നും ആലോചിച്ചുനോക്കാം. അതിൻെറ അത്ഥം മനസ്സിലാക്കാൻ നമുക്കു ദൈവസഹായം കൂടിയേ തീരൂ.

[അല്പനേരം മൗനം പാലിക്കുക. ഈ സമയത്തു് ഓരോരുത്തരും ഈശോയുടെ സഹായം സ്വയം അപേക്ഷിക്കേണ്ടതാണെന്നു് നേരത്തെ പറഞ്ഞുകൊടുത്തിരിക്കണം] ദൈവത്തെ എങ്ങനെ വിളിക്കാനാണു് ഈശോ നമ്മളെ പഠിപ്പിച്ചതു്?—എൻെറ പിതാവേ, എന്നാണോ നാം ദൈവത്തെ വിളിക്കുന്നതു്?—ഞങ്ങളുടെ പിതാവേ എന്നു വിളിക്കാൻ ഈശോ നമ്മെ പഠിപ്പിച്ചതെന്തിനാണെന്നു് അറിയാമോ? നമ്മളെല്ലാം ഒരു വീട്ടിൽപ്പെട്ട—ഒരു വലിയ കുടുംബത്തിൽപ്പെട്ട—സഹോദരന്മാരും സഹോദരികളുമാണെന്നു് നമ്മെ ഓമ്മപ്പെടുത്താനാണു് ഈശോ അങ്ങനെ നമ്മെ പഠിപ്പിച്ചതു്. അതെ, ദൈവകുടുംബത്തിൽപെട്ടവരാണു നമ്മളെല്ലാം. ദൈവമക്കൾ! എവിടെയാണു് ദൈവത്തിൻെറ പ്രത്യേകവീടു്?—അതുകൊണ്ടാണു് സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ എന്നു നാം പറയുന്നതു്. അതായതു് സ്വർഗ്ഗത്തി

ലിരിക്കുന്ന—വാഴുന്ന—നമ്മുടെ പിതാവു് സ്വർഗ്ഗീയപിതാവു് നമ്മെ വളരെയധികം സ്നേഹിക്കുന്നു. നാം പിതാവിനെയും സ്നേഹിക്കുന്നു, ഇല്ലേ? അവിടുത്തെ കൂടുതൽ കൂടുതൽ സ്നേഹിക്കാൻ നമുക്കു് ആഗ്രഹമുണ്ടു്. അതുകൊണ്ടാണു നാം പറയുന്നതു്, "അങ്ങയുടെ നാമം പൂജിതമാകണമേ" എന്നു്. എങ്ങനെയാണു ദൈവത്തിൻെറ നാമം പൂജിതമാകേണ്ടതെന്നു് അറിയാമോ? നമ്മൾ സ്നേഹത്തോടും ബഹുമാനത്തോടുംകൂടെ അവിടുത്തെ പേരു പറയുമ്പോൾ.

രാജാവെന്നു പറയുന്നതു് ആരെയാണെന്നു നിങ്ങൾക്കറിയാമോ? ഒരു രാജ്യത്തെ ഏററം പ്രധാനപ്പെട്ട ആളെ. ഇപ്പോൾ നമുക്കു രാജാക്കന്മാരില്ല. പണ്ടു് നമ്മുടെ രാജ്യത്തെ—കേരളത്തെ രാജാക്കന്മാരാണു ഭരിച്ചിരുന്നതു്. ഇന്നു് ആ സ്ഥാനത്തു പ്രസിഡണ്ടും മുഖ്യമന്ത്രിയുമാണു്. ഇന്നത്തെ മുഖ്യമന്ത്രിയും മററു മന്ത്രിമാരുമൊക്കെ ചെയ്യുന്ന ജോലി അന്നു രാജാക്കന്മാർ അവരുടെ മന്ത്രിമാരുടെ സഹായത്തോടെ ചെയ്തിരുന്നു. അതായതു് രാജാക്കന്മാരാണു് ജനങ്ങളുടെ പൊതു ആവശ്യങ്ങൾ നിറവേററിക്കൊടുക്കുവാൻ കടപ്പെട്ടവർ. ജനങ്ങൾ രാജാവിനെ അനുസരിച്ചിരുന്നു.

മാലാഖമാരും പുണ്യവാന്മാരും സ്വർഗ്ഗത്തിൽ പിതാവായ ദൈവത്തെ അനുസരിക്കുന്നു. അവക്കതിൽ വലിയ സന്തോഷമാണു്. സ്വർഗ്ഗം സന്തോഷത്തിൻെറ രാജ്യമാണു്. നാം അവിടെ ചെല്ലുമ്പോൾ ഒരിക്കലും അവസാനിക്കാത്ത ആ സന്തോഷം നമുക്കനുഭവിക്കാം. അവിടുത്തെ പരമാനന്ദം എന്തെന്നു് നമുക്കിപ്പോൾ മനസ്സിലാക്കാൻ സാധിക്കുകയില്ല. അതുപോലെ ദൈവത്തെ രാജാവായി കിട്ടിയാലുള്ള സുഖവും സന്തോഷവും നമുക്കിപ്പോൾ മനസ്സിലാകയില്ല. നാം നമ്മുടെ രാജാവായ ദൈവത്തെ കാണുന്നില്ലെന്നതാണു്അതിനു കാരണം. എങ്കിലും അവിടുന്നു് നമ്മെ രക്ഷിക്കുന്നുണ്ടു്, ഭരിക്കുന്നുണ്ടു്. ദൈവം നമ്മുടെ രാജാവായിരുന്നാൽ നമുക്കുണ്ടാകുന്ന സന്തോഷം എത്രമാത്രമാണെന്നു നമ്മുക്കൂഹിക്കുക സാധ്യമല്ല. പക്ഷേ ഈശോയ്ക്കതു് നന്നായിട്ടറിയാം. അവിടുന്നു് സ്വർഗ്ഗത്തിൽ നിന്നാണല്ലോ വരുന്നതു്. അതുകൊണ്ടാണു് നാം സ്വർഗ്ഗത്തിൽ ചെന്നെത്താൻവേണ്ടി പ്രാത്ഥിക്കണമെന്നു് ഈശോ പറയുന്നതു്. ഈ ഭൂമിയിൽവച്ചു് ദൈവത്തെ അനുസരിച്ചുകൊണ്ടു്—ദൈവത്തിനു് ഇഷ്ടകരമായ വിധത്തിൽ ജീവിച്ചുകൊണ്ടു്—നാമതിനു തയ്യാറാകണം. അതിനാണു് ഈശോ ഇങ്ങനെ പ്രാത്ഥിക്കുവാൻ പഠിപ്പിച്ചതു്: "അങ്ങേ രാജ്യം വരണമേ, അങ്ങേ തിരുമനസ്സു് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ."

നിങ്ങൾ എപ്പോഴെങ്കിലും ദൂരയാത്ര ചെയ്തിട്ടുണ്ടോ? നിങ്ങളുടെ അപ്പനോ, ചേട്ടനോ, മററാരെങ്കിലുമോ ദൂരയാത്രയ്ക്കു് ഒരുങ്ങുന്നതു് കണ്ടിട്ടുണ്ടോ? അവർ എന്തൊക്കെ കൊണ്ടുപോകും? എന്തിനാണു് അവർ ചോറോ, അതുപോലെന്തെങ്കിലും ആഹാരസാധനങ്ങളോ കൊണ്ടുപോകുന്നതു്? [കുട്ടികൾക്കു് യാത്രക്കൊരുങ്ങുന്നതിനെപ്പററി വ

ലിയ അറിവൊന്നും ഇല്ലെങ്കിൽ അതു ചുരുക്കമായി പറഞ്ഞുകൊടു ക്കണം]

നമ്മളെല്ലാം സ്വർഗ്ഗരാജ്യത്തേയ്ക്കു യാത്രചെയ്യുന്നവരാണ്. വളരെവളരെ ദൂരം സഞ്ചരിക്കേണ്ടവരാണു നമ്മൾ. അപ്പോൾ ഈ ദൂരയാത്ര ചെയ്യാൻ നമുക്കു് ആഹാരം വേണ്ടേ? ആഹാരം കിട്ടാതായാൽ നമുക്കു് എന്തു സംഭവിക്കും? റേഷനരി കിട്ടാത്തപ്പോൾ വീട്ടിൽ അമ്മ വിഷമം പറയുന്നതു നിങ്ങൾ കേട്ടിട്ടില്ലേ? നമുക്കാഹാരമില്ലെങ്കിൽ നാം വഴിയിൽ തളർന്നുവീഴും. സ്വർഗ്ഗരാജ്യത്തേയ്ക്കു യാത്ര ചെയ്യുന്ന നമുക്കു് ശരീരത്തിനും ആത്മാവിനും ആഹാരം വേണം. പലവിധത്തിലൂടെയാണു് ദൈവം നമുക്കു് ആഹാരം തരുന്നതു്. നമ്മുടെ അപ്പനമ്മമാർ ദൈവത്തിന്റെ പേർക്കു് നമ്മുടെ ആഹാരകാര്യങ്ങൾ അന്വേഷിച്ചുതരും. ആ ജോലി ദൈവം അവരെ ഏല്പിച്ചിരിക്കയാണു്. അവ ഉണ്ടാക്കിത്തരാൻ ദൈവം അവരെ സഹായിക്കുന്നു. "അന്നന്നുള്ള ആഹാരം ഞങ്ങൾക്കു തരണമെ" എന്നു നാം പ്രാർത്ഥിക്കുമ്പോൾ നമ്മെ ദൈവത്തിന്റെ പേർക്കു കാത്തുരക്ഷിക്കുന്ന അപ്പനമ്മമാരെ അതുണ്ടാക്കിത്തരാൻ സഹായിക്കണേ എന്നു് അപേക്ഷിക്കുകയാണു്. ഈ സമയത്തു് നാം ദൈവത്തോടു് മററുള്ളവർക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ടു്. അവരുടെ എല്ലാ ആവശ്യങ്ങൾക്കുവേണ്ടിയും അപേക്ഷിക്കുന്നുണ്ടു്. നമ്മുടെ ശരീരത്തെക്കാൾ പ്രധാനമല്ലേ നമ്മുടെ ആത്മാവു്? നമ്മുടെ ആത്മാവിനും ആഹാരം വേണം. ദൈവികജീവനും സ്നേഹവും നമ്മിൽ വളരണം. അതുകൊണ്ടു് നാം സ്വർഗ്ഗീയ പിതാവിനോടു് നമുക്കു് ഓരോദിവസവും ആവശ്യമുള്ളതൊക്കെ— ആത്മാവിനും ശരീരത്തിനും ആവശ്യമുള്ളതൊക്കെ— ചോദിക്കണം.

നാമെത്ര ശ്രമിച്ചാലും ചിലപ്പോഴൊക്കെ തെററുചെയ്തുപോകും. അതു ഈശോയ്ക്കറിയാം. നമ്മുടെ തെററുകൾക്കു് മാപ്പുചോദിക്കാനും ഈശോ നമ്മെ പഠിപ്പിക്കുന്നു. ഏററവും നല്ലവനായ ദൈവത്തെ അനുസരിക്കാതെയിരിക്കുന്നതു് സ്നേഹമില്ലാഞ്ഞിട്ടാണു്. സ്നേഹമില്ലായ്മയാണു പാപം. അതിനാൽ ഈ പ്രാർത്ഥനയിൽ ഒരുഭാഗം നമ്മുടെ തെററുകൾ മാപ്പുചോദിക്കാൻവേണ്ടി ഈശോ ചേർത്തിട്ടുണ്ടു്. ഞങ്ങളോടു തെററുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കേണമേ.

നമ്മുടെ കൂട്ടുകാരോ, ഇളയ കുട്ടികളോ, മൂത്ത സഹോദരങ്ങളോ നമ്മെ ചിലപ്പോൾ വേദനിപ്പിച്ചേക്കും. നമുക്കിഷ്ടമില്ലാത്ത പ്രവൃത്തികൾ ചെയ്തു് നമ്മെ ഉപദ്രവിച്ചേക്കും. നമ്മൾ വളരെക്കാര്യമായി ഉണ്ടാക്കിവച്ച കളിപ്പാട്ടങ്ങൾ എടുത്തു നശിപ്പിച്ചേക്കാം. നമ്മുടെ സാധനങ്ങൾ എടുത്തുകൊണ്ടു പോയേക്കാം. നമ്മെ നുള്ളുകയോ, അടിക്കുകയോ, ഉന്തുകയോ, തള്ളുകയോ ഒക്കെ ചെയ്തേക്കും. ആ അവസരത്തിൽ നമ്മുടെ വേദനയെ വകവയ്ക്കാതെ അവരോടു ക്ഷമിക്കണമെന്നാണു് ഈശോ നമ്മെ പഠിപ്പിക്കുന്നതു്. എന്തുകൊണ്ടെന്നാൽ

ദൈവം നമ്മുടെ തെററുകൾ ക്ഷമിക്കുന്നു. അതുകൊണ്ടു നാം നമ്മുടെ കൂട്ടുകാരോടും സഹോദരങ്ങളോടും ക്ഷമിക്കണം. നമ്മെ ആരെങ്കിലും വേദനിപ്പിച്ചാലും അവരുടെനേരെ കോപംകാണിക്കാതെ സന്തോഷമായി പെരുമാറുമ്പോൾ നാം അവരോടു ക്ഷമിച്ചുവെന്നാണർത്ഥം.

നാമിപ്പോൾ ഈശോ നമ്മെ പഠിപ്പിച്ച പ്രാർത്ഥനയുടെ അവസാന ഭാഗത്തെത്തി. "പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമെ."

പലപ്പോഴും ദൈവത്തിനിഷ്ടക്കേടായ പ്രവൃത്തികൾ ചെയ്‌വാൻ നമുക്കു തോന്നിയേക്കും. ആ തോന്നലാണു പ്രലോഭനം. അതനുസരിച്ചു തെററായ പ്രവൃത്തികൾ തെററാണെന്നറിഞ്ഞുകൊണ്ടു ചെയ്യുമ്പോഴാണ് നാം പാപം ചെയ്യുന്നതു്. പാപമാണ് ഏററവും വലിയ തിന്മ. അതിനാൽ പാപത്തിൽ വീഴാതിരിപ്പാനുള്ള ദൈവസഹായം കിട്ടുന്നതിനായി ഈ പ്രാത്ഥന കൂടെക്കൂടെ ചൊല്ലണം.

## കുട്ടികളുടെ പ്രവർത്തനം

ഓരോ ഭാഗത്തിനും യോജിച്ച ആംഗ്യങ്ങൾ കാണിച്ച് കർത്തൃപ്രാത്ഥന കൂട്ടമായി ചൊല്ലുക. (ആംഗ്യങ്ങൾ മുമ്പു കാണിച്ചിട്ടുണ്ടു്.)

## പ്രയോഗം

നമുക്കിപ്പോൾ കർത്തൃപ്രാത്ഥന നന്നായിട്ടറിയാം. രാവിലെ ഉണരുമ്പോഴും രാത്രിയിൽ ഉറങ്ങാൻ തുടങ്ങുംമുൻപും ഈ പ്രാത്ഥന ഭക്തിപൂർവ്വം എന്നും ചൊല്ലുന്ന ഒരു ശീലം ഉണ്ടാക്കുക. കൂടെക്കൂടെ ചൊല്ലുന്ന പതിവു് ഏററവും നല്ലതു്.

## ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ഈശോ പഠിപ്പിച്ച പ്രാത്ഥനയേതു്?
2. ഈ പ്രാത്ഥന എപ്പോഴൊക്കെ ചൊല്ലുന്നതാണു നല്ലതു്?
3. നമ്മെ രക്ഷിപ്പാൻ ഈശോയെ അയച്ചതാരു്?

## ഉപസംഹാരപ്രാർത്ഥന

കർത്തൃപ്രാത്ഥനയോ പ്രഭാതസമർപ്പണമോ ഏതെങ്കിലും ഒന്നു്.

# 13

# കുഞ്ഞുങ്ങൾ എന്റെ അടുക്കൽ വരട്ടെ

## ഉപക്രമം

'ഈശോയും കുഞ്ഞുങ്ങളും' എന്ന ഭാഗത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തുകഴിയുമ്പോൾ സാധാരണഗതിയിൽ അതിന്റെ ശരിയായ അർത്ഥം ഗ്രഹിക്കാതെയാണ് ഇന്ന് അധികം കുട്ടികളും ക്ലാസ്സുമുറിവിട്ട് പുറത്തേയ്ക്കു പോകുന്നത്. ഈ പാഠത്തിന്റെ മർമ്മഭാഗങ്ങൾ സ്പർശിക്കാതെ ക്ലാസ്സ് അവസാനിപ്പിക്കുന്നത് എത്ര പരിതാപകരം! ശരിയായി പറഞ്ഞാൽ നാമെല്ലാം ദൈവത്തിന്റെ മക്കളാണ്. ശരിയായ വിശ്വാസം, അനുസരണ, നിഷ്കളങ്കത എന്നീ ഗുണങ്ങളാണ് ആദ്ധ്യാത്മിക ശൈശവത്തിനു് അവശ്യം വേണ്ടതു്. ഇവ സാധാരണ കുഞ്ഞുങ്ങളിൽ, വിശേഷിച്ച് ശിശുക്കളിൽ, സ്വാഭാവികമായിരിക്കും. എന്നാൽ അവ പ്രായമായവരിൽ പുണ്യാഭ്യാസങ്ങളായിത്തീരണം. ഈ സ്വാഭാവികഗുണങ്ങളെ പുണ്യാഭ്യാസങ്ങളായി വികസിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ട് അവയെ ശക്തിപ്പെടുത്തേണ്ട കാലമാണ് ശൈശവകാലമെന്ന സംഗതി അദ്ധ്യാപകൻ പ്രത്യേകം ശ്രദ്ധിക്കണം. നല്ല മാതൃകകൊണ്ടും ശ്രദ്ധാപൂർവ്വമായ ബോധനരീതികൊണ്ടും ഈശോയോട് വ്യക്തിപരമായ ഒരു സ്നേഹം കുഞ്ഞുങ്ങളിൽ വളർത്തുവാൻ അദ്ധ്യാപകനു് കഴിയണം. അങ്ങനെ അവരുടെ ആദ്ധ്യാത്മികശൈശവത്വം നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ അവരെ സഹായിക്കണം.

ഓരോ കുഞ്ഞിനോടും ദൈവത്തിനുള്ള വ്യക്തിപരമായ സ്നേഹത്തെക്കുറിച്ച് അവർക്കു ബോധമുണ്ടാക്കിക്കൊടുക്കുകയും അതുറപ്പിക്കുകയും ചെയ്യുക; അതാണ് ഈ പാഠത്തിന്റെ മറെറാരു ലക്ഷ്യം. നാം ഒരാൾമാത്രമെ ദൈവത്തിന്റെ ഓമനപ്പൈതലായി ഈ ഭൂമിയിലുള്ള എന്ന രീതിയിൽ നമ്മെ ഓരോരുത്തരെയും ദൈവം പ്രത്യേകം പ്രത്യേകം സ്നേഹിക്കുന്നു. നമ്മുടെ സഹോദരസ്നേഹത്തെ വളർത്തിയെടുക്കുവാൻ— നാം യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കേണ്ടതാണ് എന്ന കാര്യവും കുഞ്ഞുങ്ങളെ ശരിയായി മനസ്സിലാക്കിക്കൊടുക്കുവാൻ അദ്ധ്യാപകൻ കടപ്പെട്ടവനാണ്. നാം ആരെയെങ്കിലും ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടെങ്കിൽ ആ ആളിനു് ഇഷ്ടമുള്ളതൊക്കെ ചെയ്യും. ഇഷ്ടമുള്ളവരെയൊക്കെ സ്നേഹിക്കും. നാം സ്നേഹിക്കുന്ന വ്യക്തികൾക്കു് നന്മവരണമെന്നാശിക്കും. അതിനായി ആവുംവിധം പരിശ്രമിക്കും. അതിലാണ് ആത്മാർത്ഥസ്നേഹം കുടികൊള്ളുന്നതെന്നു് ഈ പാഠംകൊണ്ട് കുഞ്ഞുങ്ങളെ മനസ്സിലാക്കുക.

### ലക്ഷ്യം

ഈശോയോടു വ്യക്തിപരമായ സ്നേഹം വളർത്തുക. അതുവഴി നമ്മുടെ സഹോദരസ്നേഹവും.

### പ്രധാനപദങ്ങൾ

അനുഗ്രഹിക്കുക, ക്ഷമിക്കുക.

### പഠനോപകരണങ്ങൾ

ഈശോയും കുട്ടിയും (ഞാനും), ഈശോയും കുട്ടികളും, കുട്ടികൾ കാരുണ്യപ്രവൃത്തികൾ ചെയ്യുന്ന ചിത്രം (ഒരു മുടന്തനെ നടക്കാൻ സഹായിക്കുന്നതു്, ഭിക്ഷകൊടുക്കുന്നതു്.)

## ഭാഗം 1 രൂപരേഖ

### പ്രധാനാശയം

ഈശോയ്ക്കു് കുഞ്ഞുങ്ങളോടു് പ്രത്യേക സ്നേഹമുണ്ടു്. ദൈവമക്കളെല്ലാം ഈശോയോടൊന്നിച്ചു ചേരുന്നതാണു് ദൈവത്തിൻെറ കുടുംബം— വലിയ കുടുംബം

### കഥ

ഈശോയും പൈതങ്ങളും തമ്മിലുള്ള കൂടിക്കാഴ്ച.

### കുട്ടികളുടെ പ്രവർത്തനം

കർത്താവിൻെറ ചിത്രത്തിനു് വലംവച്ചു് ഈശോയെ സ്തുതിച്ചുപാടുക. അദ്ധ്യാപകനും അതിൽ സംബന്ധിക്കാം.

### പ്രയോഗം

പള്ളിയിൽചെന്നു് ഈശോയെ സന്ദർശിച്ചു് അവിടുത്തെ സ്നേഹിക്കുന്നുവെന്നു പറയുക.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ആരോടാണു് ഈശോ പ്രത്യേകസ്നേഹം കാണിച്ചതു്?

2. ആരെല്ലാം ഒത്തുചേരുമ്പോൾ ദൈവത്തിൻെറ കുടുംബം ഉണ്ടാകുന്നു?

## ഭാഗം 2 രൂപരേഖ

### പ്രധാനാശയം

നമ്മുടെ വിശ്വാസം, അനുസരണ, നിഷ്കളങ്കത, എന്നീ പുണ്യപ്രവൃത്തികളെ ഈശോ പ്രത്യേകം സ്നേഹിക്കുന്നു.

### കഥ

ഈശോ കുഞ്ഞുങ്ങളോടുള്ള സ്നേഹം പ്രകടിപ്പിക്കുന്ന ഭാഗം.

### കുട്ടികളുടെ പ്രവർത്തനം

അഭിനയഗാനം എല്ലാവരും ഒന്നിച്ചു പാടുക.

ഇഷ്ടമില്ലാത്തവരെയും സഹായിക്കുക.

### ഓർമ്മിക്കാൻ
### ചോദ്യങ്ങൾ

1. കുഞ്ഞുങ്ങളോടു പ്രത്യേകവാത്സല്യമുണ്ടെന്നു ഈശോ എങ്ങനെ കാണിച്ചു?

2. എന്തുകൊണ്ടാണ് ഈശോ കുഞ്ഞുങ്ങളെ പ്രത്യേകം സ്നേഹിക്കുന്നത്?

3. എല്ലാവരെയും സ്നേഹിക്കുവാൻ നമ്മെ പഠിപ്പിച്ചതാര്?

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭപ്രാർത്ഥന

നമ്മളിപ്പോൾ കർത്താവു പഠിപ്പിച്ച പ്രാർത്ഥന ചൊല്ലി ക്ലാസ്സു തുടങ്ങാൻ പോവുകയാണ്. ഏതാണ് കർത്താവ് പഠിപ്പിച്ച പ്രാർത്ഥന? വരു, എഴുന്നേററുനിന്ന്, ഭക്തിയോടെ, സ്നേഹത്തോടെ നമുക്കൊരുമിച്ച് ആ പ്രാർത്ഥന ചൊല്ലാം.

### പ്രാരംഭം

തൻെറ പിതാവായ ദൈവത്തെ ഈശോ ഏററമധികമായി— മററെല്ലാവരെക്കാളും കൂടുതലായി സ്നേഹിക്കുന്നുവെന്ന് നാം പഠിച്ചു. അവിടുന്നു പിതാവിനെ ഏററവുമധികം സ്നേഹിച്ചതുകൊണ്ടാണ് പിതാവിൻെറ ഇഷ്ടമനുസരിച്ച് ഭൂമിയിലേക്കുവന്നത്. പിതാവായ

ദൈവം കഴിഞ്ഞാൽ ഈശോ ഏററമധികം സ്നേഹിക്കുന്നതാരെയാണ്? തൻെറ അമ്മയായ പ. മറിയത്തെ. വേറെ ആരോടെങ്കിലും ഈശോയ്ക്ക് പ്രത്യേകസ്നേഹമുള്ളതായി നിങ്ങൾക്കറിയാമോ? ഓർത്തു നോക്കിയിട്ട് പറയണം.

## പാഠാവതരണം

ഈശോയ്ക്കു കുഞ്ഞുങ്ങളോട് പ്രത്യേകസ്നേഹമുണ്ട്. ഒരു ദിവസം ഈശോ ജനങ്ങളെ പഠിപ്പിച്ച്, ക്ഷീണിച്ചിരിക്കുമ്പോൾ കുറെ അമ്മമാർ അവരുടെ കുഞ്ഞുങ്ങളെയുംകൊണ്ട് ഈശോയുടെ അടുക്കൽവന്നു. (ചിത്രം കാണിക്കുക) ഈശോയ്ക്ക് കുഞ്ഞുങ്ങളെ വലിയ ഇഷ്ടമായിരുന്നു. അവരെ അടുത്തുകാണാൻ ഈശോയ്ക്ക് വലിയ ഇഷ്ടമായിരുന്നു. കുട്ടികളും ഈശോയെ കണ്ടയുടനെ ഈശോയുടെ അടുക്കലേക്ക് ഓടിയോടി വന്നിരിക്കണം. അവരിൽ ചിലർ തീർച്ചയായും ഈശോയുടെ അടുത്തുവന്ന് അവിടുത്തെ ഉടുപ്പിലും കയ്യിലും പിടിച്ചു വലിക്കുകയും മററും ചെയ്തിരിക്കണം. ഈശോ അവരെ എടുത്ത് മടിയിൽവെച്ച് തലോടി. (വീണ്ടും ചിത്രം സൂക്ഷിച്ചുനോക്കി കുഞ്ഞുങ്ങളുടെയും ഈശോയുടെയും സന്തോഷത്തിൽ പങ്കുകാരാകാൻ അവരെ അനുവദിക്കുക.)

ഈശോയുടെ സ്നേഹിതന്മാരായ അപ്പോസ്തലന്മാർ അവിടെ നോക്കിനില്ക്കുന്നുണ്ടായിരുന്നു. അവക്ക് കുട്ടികളുടെ ഈ ബഹളവും അമ്മമാരുടെ വരവും ഇഷ്ടപ്പെട്ടില്ല. വളരെനേരമായല്ലോ ഇവർ ഈശോയെ അലട്ടാൻ തുടങ്ങിയിട്ട് എന്നവർ കരുതി. കുട്ടികളെ ദൂരെ കൊണ്ടുപോകുവാൻ അവർ അമ്മമാരോട് ആവശ്യപ്പെട്ടു. ഇതു കണ്ട് ഈശോ എന്തു പറഞ്ഞു? (മാക്ക് 10: 13–16) "കൊച്ചുകുട്ടികൾ എൻെറ അടുക്കൽ വന്നുകൊള്ളട്ടെ, അവരെ തടയേണ്ട. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതാണ്. ഞാൻ നിങ്ങളോട് സത്യമായി പറയുന്നു: ഒരു കൊച്ചുകുട്ടിയെപ്പോലെ ദൈവരാജ്യത്തെ സ്വാഗതം ചെയ്യാത്തവൻ അതിൽ പ്രവേശിക്കുകയില്ല."

ഈശോ ഇങ്ങനെ പറഞ്ഞതു കേട്ടപ്പോൾ ആരാണു കൂടുതൽ സന്തോഷിച്ചത്. അതെ, അമ്മമാർ വളരെയേറെ സന്തോഷിച്ചു. എന്നാൽ ഈശോയുടെ സ്നേഹിതന്മാർ അതുകേട്ട് വളരെ വിസ്മയിക്കുകയാണുണ്ടായത്. കാരണം, ഇതിനേക്കാൾ പ്രധാനപ്പെട്ട എന്തുമാത്രം ജോലി ഈശോയ്ക്ക് ചെയ്തുതീക്കാനുണ്ട്; രക്ഷകനെ കാണാനും കേൾക്കാനും കൊതിക്കുന്ന എത്രയധികം ആളുകൾ ഇനിയും ഈ പട്ടണങ്ങളിൽ ഉണ്ട്. അവരുടെ അടുക്കലേക്ക് ഈശോയ്ക്ക് വേഗം പൊയ്ക്കൂടെ എന്നൊക്കെ അവർ ചിന്തിച്ചു.

അപ്പോസ്തലന്മാർ പറഞ്ഞതൊന്നും കുഞ്ഞുങ്ങൾ കേട്ടില്ല. അവർ ഈശോയോട് കൂടുതൽ കൂടുതൽ അടുത്തുനില്ക്കുവാൻ ആഗ്രഹിച്ചുകൊണ്ട് മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ഈശോ അവരെ സ്നേഹിക്കുന്നുണ്ടെ

ന്നു അവക്ററിയാം. ഈശോ അവരോട്ട് സംസാരിച്ചിരുന്നു. അവക്കു പറയാനുള്ളതെല്ലാം ഇശോ ശ്രദ്ധിച്ചുകേട്ടു. ഈ കുഞ്ഞുങ്ങറം വലുതായിക്കഴിഞ്ഞശേഷവും അവരുടെ ജീവിതകാലം മുഴുവനും ഈ സംഭവം—ഈശോയുടെ അടുത്തുനിന്നു് അവർ സംസാരിച്ച കഥ—ഓത്തിരിക്കണം.

ഈശോയുടെ പ്രവൃത്തികറം കണ്ടുനിന്ന അപ്പോസ്തലന്മാക്കു ഒരു കാര്യം നന്നായി മനസ്സിലായി. എന്താണെന്നറിയാമോ? ഈശോ എല്ലാവരെയും സ്നേഹിക്കുന്നുണ്ടു്. പക്ഷേ ഈശോയ്ക്കു് കുഞ്ഞുങ്ങളോട്ട് പ്രത്യേക സ്നേഹമുണ്ടു്, ഓരോ കുഞ്ഞിനോടും.

## കുട്ടികളുടെ പ്രവത്തനം

നമ്മറം അന്നു് ആ കുട്ടികളോടൊത്തു് ഈശോയുടെ അടുക്കൽ ഉണ്ടായിരുന്നുവെങ്കിൽ എന്തു ചെയ്യുമായിരുന്നു? നിങ്ങളെല്ലാം ഈശോയുടെ അടുത്തു് വട്ടംചുററി നിൽക്കുമായിരുന്നില്ലേ ഈശോയെ എങ്ങും വിടാതിരിക്കുവാൻ? നമ്മറം ഓരോരുത്തരും ഈശോയെ സ്നേഹിക്കുന്നുണ്ടെന്നു്—ഈശോ നമ്മളോരോരുത്തരേയും സ്നേഹിക്കുന്നുണ്ടെന്നു്—നാമിപ്പോറം കാണിക്കാൻ പോകയാണു് (ഈശോയുടെ രൂപമോ, പടമോ, മേശമേൽ സ്ഥാപിക്കുക. അതിനു ചുററും അർദ്ധവൃത്താകൃതിയിൽ നിൽക്കുവാൻ കുഞ്ഞുങ്ങളെ അനുവദിക്കുക. അനന്തരം താഴെപ്പറയുന്ന ആശയങ്ങറം ഗാനരൂപേണ ചൊല്ലിക്കുക)

നാമൊരു കുടുംബം വലിയൊരു കുടുംബം
സ്വർഗ്ഗസ്ഥനാം ദൈവം നമ്മുടെ താതൻ
നമ്മളിലേററം മൂത്തവൻ സോദരനീശോ തന്നല്ലോ
സോദരനീശോ തന്നല്ലോ
നാമൊരു കുടുംബം വലിയൊരു കുടുംബം
നമ്മുടെ താതൻ സ്വർഗ്ഗേ വാഴുന്നു.
നമ്മുടെ രക്ഷകൻ തന്നല്ലോ ദൈവപുത്രനീശോ, ദൈവപുത്രനീശോ
നാമൊരു കുടുംബം വലിയൊരു കുടുംബം
അതിലെ മക്കറം കുഞ്ഞുങ്ങറം ഞങ്ങറം
പൈതങ്ങളാം ഞങ്ങളെയേററം സ്നേഹിക്കുന്നുണ്ടീശോ
സ്നേഹിക്കുന്നുണ്ടീശോ
നാമൊരു കുടുംബം വലിയൊരു കുടുംബം
സ്വർഗ്ഗസ്ഥനാം ദൈവം നമ്മുടെ താതൻ
(രണ്ടുപ്രാവശ്യം ആലപിക്കുക)

ഈശോ നിങ്ങളെ എത്രയധികമായി സ്നേഹിക്കുന്നുണ്ടെന്നു നിങ്ങൾക്കിപ്പോൾ നന്നായിട്ടറിയാം. നമ്മെ ഇത്രയധികം സ്നേഹിക്കുന്ന ഈശോയെ ചിലപ്പോഴൊക്കെ ഒന്നു ചെന്നു കാണേണ്ടതല്ലേ? ഈശോയെ കാണാൻ നാം പള്ളിയിലേക്ക് ചെല്ലുമ്പോൾ ഈശോയ്ക്കുണ്ടാകുന്ന സന്തോഷത്തിനു് അതിരില്ല. നമുക്ക് ഈശോയോട്ട് വിശേഷിച്ച് ഒന്നും പറയാനില്ലെങ്കിലും സാധിക്കുമ്പോഴൊക്കെ പള്ളിയിൽ കയറി ഈശോയെ കാണേണ്ടതാണ്. നാം ഈശോയെ സ്നേഹിക്കുന്നെങ്കിൽ, അവിടുത്തോട്ട് നന്ദിയുള്ളവരാണെങ്കിൽ അങ്ങനെ ചെയ്യണം. വെറുതെ ഒന്നകത്തേയ്ക്ക് എത്തിനോക്കി 'ഈശോ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു, അങ്ങേയ്ക്ക് എന്നോടു സ്നേഹമല്ലേ?' എന്നു ചോദിച്ചാലും മതി.

ചിലപ്പോഴൊക്കെ നിങ്ങളുടെ അപ്പനമ്മമാരോട്ട് നിങ്ങളെ പള്ളിയിൽ കൊണ്ടുപോകുവാൻ പറയണം. അതിനു സാധിക്കാത്തപ്പോൾ നിങ്ങളുടെ കൊച്ചനുജത്തിമാരെയും അനുജന്മാരെയും വിളിച്ച് കൂട്ടുകാരെയും കൂട്ടിക്കൊണ്ടു് പള്ളിയിൽ പോയി ഈശോയെ കാണണം. പള്ളി അടുത്തില്ലെങ്കിൽ നിങ്ങളുടെ വീട്ടിൽ ഈശോയുടെ പടം കാണുമല്ലോ. അതിനു മുമ്പിൽ ചെന്നുനിന്ന് ഈശോയോടു സംസാരിക്കണം. അതു് ഈശോയ്ക്ക് വലിയ സന്തോഷമായിരിക്കും.

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. ആരോടാണ് ഈശോയ്ക്ക് പ്രത്യേക സ്നേഹമുള്ളത്?

2. എന്തിനാണ് അമ്മമാർ അവരുടെ കുഞ്ഞുങ്ങളെ ഈശോയുടെ അടുത്തുകൊണ്ടുവന്നതു്?

3. അമ്മമാരോട്ട് അപ്പോസ്തലന്മാർ എന്തു പറഞ്ഞു?

4. ഇതുകണ്ടു് ഈശോ എന്താണ് പറഞ്ഞതു്?

## ഭാഗം 1 (30 മിനിററ്)

## പ്രധാനാശയം

നാം തമ്മിൽത്തമ്മിൽ സ്നേഹിക്കണം.

എന്തുകൊണ്ടാണ് ഈശോയ്ക്ക് കൊച്ചുകുട്ടികളോട് ഇത്ര വലിയ സ്നേഹം? അവർ കുഞ്ഞായതുകൊണ്ടുമാത്രമാണോ? ഓ തീർച്ചയായും അല്ല. ഈശോയ്ക്കു പരിശുദ്ധ മറിയത്തെ ഇഷ്ടമായിരുന്നു. പരിശുദ്ധ മറിയം എല്ലായ്പ്പോഴും കുഞ്ഞായിരുന്നില്ലല്ലോ. തന്റെ അമ്മയായിരുന്നതുകൊണ്ടാണെന്നു നിങ്ങൾ പറഞ്ഞേക്കും. അതുമാത്രമല്ല കാരണം. ഈശോ കൊച്ചുകുട്ടികളെ മാത്രമെ സ്നേഹിക്കുന്നുള്ളുവെങ്കിൽ നാം വലുതാകുമ്പോൾ ഈശോയ്ക്ക് നമ്മോടുള്ള സ്നേഹം ഇല്ലാതാകുമോ? അങ്ങനെയാണെങ്കിൽ വളരാതിരിക്കുകയല്ലേ നല്ലതു്. ഈശോ കുഞ്ഞുങ്ങളെ സ്നേഹിക്കുന്നതിനു പ്രത്യേകകാരണമുണ്ട്. പറഞ്ഞുതരാം, ശ്രദ്ധിച്ചുകേൾക്കുക.

കുഞ്ഞുങ്ങളെ ഈശോ ഇഷ്ടപ്പെടുന്നതു് അവർ നിർമ്മലരായതുകൊണ്ടാണ്. അവർക്കു പാപം ഇല്ല. പാപം ചെയ്യുമ്പോഴാണ് നമ്മുടെ നിഷ്കളങ്കത നഷ്ടപ്പെടുന്നതു്. എന്താണ് നിഷ്കളങ്കത എന്നു പറയുന്നതു്? (ഒരു ഗ്ലാസ്സ് വെള്ളമെടുത്തു കുഞ്ഞുങ്ങളെ കാണിക്കുക). നോക്കുക, ഈ ഗ്ലാസ്സിലെ വെള്ളത്തിൽ വല്ല അഴുക്കോ കരടോ ഉണ്ടോ എന്നു സൂക്ഷിച്ചുനോക്കുക. യാതൊരഴുക്കുമില്ല. അതെ ഈ ഗ്ലാസ്സിലെ വെള്ളം നിർമ്മലമാണ്. എന്നാൽ ആ വെള്ളത്തിൽ ഒരു തുള്ളി മഷി വീണാൽ ഈ വെള്ളത്തിന്റെ ശുദ്ധി നഷ്ടപ്പെടും. ആ അഴുക്കും പൊടിയും നമുക്കതിൽ തെളിഞ്ഞുകാണാം. [ഒഴിച്ചുകാണിച്ചുകൊടുക്കുക.] ഇതുപോലെ പാപം നമ്മുടെ ആത്മാവിന്റെ പരിശുദ്ധിയെ ഇല്ലാതാക്കും.

കുഞ്ഞുങ്ങളുടെ ആത്മാവിൽ അഴുക്കുണ്ടാകയില്ല. എന്തെന്നാൽ അവരിൽ പാപമില്ല. നാം വളർന്നാലും പാപം ചെയ്യാതിരുന്നാൽ നമ്മുടെ ആത്മാവു് കുഞ്ഞുങ്ങളുടെ ആത്മാക്കളെപ്പോലെ പരിശുദ്ധമായിരിക്കും. അങ്ങനെയുള്ള വലിയ ആളുകളും—പ്രായംചെന്ന ആളുകളും ഈശോയ്ക്കു കുഞ്ഞുങ്ങളാണ്. നല്ല കുഞ്ഞുങ്ങൾ ഒന്നും മറച്ചുവെയ്ക്കുകയില്ല. മറച്ചുവെച്ച് സംസാരിക്കുകയില്ല. അവക്കൊരു കാര്യവും ഈശോയോട് പറയുവാൻ ലജ്ജയില്ല, മടിയില്ല. മറ്റുള്ളവരുടെ ചോദ്യങ്ങൾക്ക് മടികൂടാതെ മറുപടി പറയും. മറുപടി സത്യമായിരിക്കുകയും ചെയ്യും. അതുകൊണ്ട് അവരുടെ ആത്മാവു് എപ്പോഴും പരിശുദ്ധമാണ്, സുന്ദരമാണ്. നമ്മുടെ ആത്മാവു് പരിശുദ്ധമായിരിക്കുവാൻ ഈശോ ആഗ്രഹിക്കുന്നു.

ഈശോ കുഞ്ഞുങ്ങളെയും കുഞ്ഞുങ്ങളെപ്പോലുള്ള പ്രായമായവരെയും പ്രത്യേകം സ്നേഹിക്കുന്നതെന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് ഇപ്പോൾ മനസ്സിലായോ? ഈശോയിൽ വിശ്വാസമുള്ളവരെ, സത്യം

പറയുന്നവരെ, അനുസരണയുള്ളവരെ ഈശോയ്ക്കു വളരെ ഇഷ്ടമാണ്. ഈ പുണ്യപ്രവൃത്തികൾ ചെയ്ത കുഞ്ഞുങ്ങളെപ്പോലെ എന്നും നിർമ്മലരായി ജീവിക്കുവാൻ നമ്മെക്കൊണ്ടു തനിയെ സാധിക്കുമോ? ഒരിക്കലുമില്ല. അതിനു് നമുക്കു് ഈശോയുടെ സഹായം കൂടിയേ തീരൂ. നമുക്കു് ഇപ്പോൾത്തന്നെ ഈശോയോടു് നിഷ്കളങ്കരായി ജീവിപ്പാൻ വേണ്ട അനുഗ്രഹം അപേക്ഷിക്കാം. (അല്പനേരം മൗനം പാലിക്കുക). നാം വളർന്നുവലുതാകുന്നതിനെപ്പററി ദുഃഖിക്കേണ്ടതില്ല. പരിശുദ്ധരായി ജീവിക്കുവാൻ ശ്രമിച്ചാൽ നാം എത്ര വളർന്നാലും സ്വർഗ്ഗീയപിതാവിൻെറ ഓമനക്കുഞ്ഞുങ്ങളായിരിക്കും. അതിനുവേണ്ട സഹായം ഈശോയോടു് കൂടെക്കൂടെ ചോദിച്ചുകൊണ്ടിരിക്കണം. ഈശോ കുഞ്ഞായിരുന്നപ്പോൾ ഈ ഭൂമിയിൽ ജീവിച്ചതുപോലെ ജീവിപ്പാനുള്ള അനുഗ്രഹം ദൈവത്തോടു ചോദിക്കണം.

**കുട്ടികളുടെ പ്രവർത്തനം**

[അഭിനയഗാനം] ഈശോ ദൈവത്തിൻെറ പുത്രനാകുന്നു [നെഞ്ചത്തു് കൈപിണച്ചുവയ്ക്കുക]. അവിടുന്നു എല്ലാവരോടും സ്നേഹത്തോടെ പെരുമാറി [കൈവിരിച്ചു മലർത്തി ഉയർത്തി പിടിപ്പിക്കുക]. നാമും എല്ലാവരെയും സ്നേഹിച്ചുകാണുവാൻ ഈശോ ആഗ്രഹിക്കുന്നു [എല്ലാവരുമെന്നു് കാണിക്കുവാൻ കൈവലയമായി ഉയർത്തിപിടിപ്പിക്കുക.]

സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടമനുസരിച്ചു് പ്രവർത്തിക്കുവാൻ നമുക്കു് ശ്രമിക്കാം. ഈ ഭൂമിയിലായിരുന്നപ്പോൾ ഈശോ കാണിച്ചുതന്ന നല്ലമാതൃകയനുസരിച്ചു്, പിതാവിൻെറ ഇഷ്ടമനുസരിച്ചു് ജീവിക്കുവാൻ നമുക്കു് സാധിക്കും. അങ്ങനെ ജീവിക്കുന്നതിനു നാം തമ്മിൽത്തമ്മിൽ സ്നേഹിക്കണം. തമ്മിൽത്തമ്മിൽ സ്നേഹിച്ചുകൊണ്ടു് ജീവിക്കണമെന്നതു് പിതാവായ ദൈവത്തിൻെറ ഇഷ്ടമാണു്.

ഈശോ തനിക്കു ചുററും നിന്ന കുഞ്ഞുങ്ങളോടു സംസാരിച്ചതും അവരെ ഓമനിച്ചതും എങ്ങനെയാണെന്നു് നിങ്ങൾ കേട്ടുകഴിഞ്ഞു. (ചിത്രം കാണിച്ചിട്ടു്) ഇതാ ഈ പടം ഒന്നുകൂടെ സൂക്ഷിച്ചുനോക്കുക. ഈ കുഞ്ഞുങ്ങൾ എത്ര സന്തോഷത്തോടെയാണു് ഈശോയുടെ ചുററും നിന്നു സംസാരിക്കുന്നതു്? ഓരോ കുഞ്ഞിനേയും ഈശോ വളരെയധികം സ്നേഹിക്കുന്നുണ്ടു്. അതിനാൽ നാം ഈശോ സ്നേഹിക്കുന്ന ഒരു കുട്ടിയെയും ഉന്തുകയോ തള്ളുകയോ ചെയ്യുന്നതു് നന്നല്ല. ഒരുത്തരെയും വഴക്കുപറയുന്നതും, കളിയാക്കി കരയിപ്പിക്കുന്നതും,

അടിച്ചും നുള്ളിയും വേദനിപ്പിക്കുന്നതും ഈശോയ്ക്ക് ഇഷ്ടമല്ല. അവരെ ഉപദ്രവിക്കുമ്പോൾ ഈശോയെ ഉപദ്രവിക്കുന്നതായി അവിടുത്തേയ്ക്ക് തോന്നും. നാം തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നതും മര്യാദയായി പെരുമാറുന്നതും കാണുവാൻ ഈശോ ആഗ്രഹിക്കുന്നു. അങ്ങനെയുള്ളവരെ ഈശോ വളരെയധികം സ്നേഹിക്കുന്നു—ഈശോ അവർക്കു വളരെയധികം സമ്മാനങ്ങൾ നൽകും.

നിങ്ങളുടെ അനുജനെയോ അനുജത്തിയെയൊ ആരെങ്കിലും ഉപദ്രവിച്ചാൽ നിങ്ങൾക്ക് സങ്കടം തൊന്നുകില്ലേ? എന്തുകൊണ്ട്, നിങ്ങൾ നിങ്ങളുടെ കൊച്ചനുജനെ, അനുജത്തിയെ, വളരെ ഇഷ്ടപ്പെടുന്നു. ആ അനുജനും അനുജത്തിയും നിങ്ങളുടെ വീട്ടിലുള്ളവരാണ്, നിങ്ങളുടെ കുടുംബത്തിലെ അംഗങ്ങളാണ്. അവർ കരഞ്ഞാൽ നിങ്ങൾക്കു വേദനയുണ്ടാകും. നിങ്ങളും കരയും ഇല്ലേ? അതുപോലെ ദൈവം സ്നേഹിക്കുന്ന—ദൈവത്തിൻെറ കുടുംബത്തിൽപെട്ട കുഞ്ഞുങ്ങളെ ഉപദ്രവിക്കുന്നത്—വേദനിപ്പിക്കുന്നത്—സ്വർഗ്ഗീയപിതാവിനും ഈശോയ്ക്കും വേദനയുണ്ടാക്കുന്ന കാര്യമാണ്. പിതാവിനെ ഉപദ്രവിക്കുന്നതുപോലെ, ഈശോയെ ഉപദ്രവിക്കുന്നതുപോലെയാണത്. നിങ്ങൾ കൂട്ടുകാരോടു മോശമായി പെരുമാറിയാൽ ഈശോയോടു സ്നേഹമില്ലാതെ പെരുമാറിയതുപോലെ അവിടുന്നു കരുതും. നാം എപ്പോഴും ഓത്തിരിക്കണം, നാം ഭൂമിയിലായിരിക്കുമ്പോൾ ചെയ്യേണ്ട രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളുണ്ട്. ഒന്നാമതായി ദൈവത്തെ സ്നേഹിക്കുക. രണ്ടാമത് മററുള്ളവരെ സ്നേഹിക്കുക—തമ്മിൽത്തമ്മിൽ സ്നേഹിക്കുക. നാം മററു കുഞ്ഞുങ്ങളോട് സ്നേഹമായി പെരുമാറുമ്പോൾ ഈശോയോടു സ്നേഹമായി പെരുമാറിയതായി അവിടുന്നു കരുതും. ഈശോ അത്രമാത്രം നാമോരോരുത്തരെയും സ്നേഹിക്കുന്നുണ്ട്. ഏതു വിധത്തിലാണ് നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ കൂട്ടുകാരോട്, മററു കുഞ്ഞുങ്ങളോട് സ്നേഹം കാണിക്കുവാൻ പോകുന്നതെന്ന് നിങ്ങൾ കണ്ടുപിടിക്കുക. (കുഞ്ഞുങ്ങൾ തെരഞ്ഞെടുത്ത മാർഗ്ഗം പിന്നീട് അവരെക്കൊണ്ടു പറയിക്കണം. ഒരു മാർഗ്ഗവും കണ്ടുപിടിക്കാൻ കഴിയാത്തവരുണ്ടെങ്കിൽ അവരെ സഹായിക്കുക. ക്ലാസ്സിൽ അഥവാ വീട്ടിൽ അതിനുപററിയ അവസരങ്ങളുണ്ടെങ്കിൽ അദ്ധ്യാപകൻ അവ ചൂണ്ടിക്കാണിക്കണം.]

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ആരോടാണ് ഈശോയ്ക്ക് പ്രത്യേകസ്നേഹമുള്ളത്?
2. ഈശോ അവിടുത്തെ പ്രത്യേകസ്നേഹം എങ്ങനെ കാണിച്ചു?

3. ഈശോ കുഞ്ഞുങ്ങളെ പ്രത്യേകം സ്നേഹിക്കുവാൻ കാരണമെന്ത്?

4. നാം ഭൂമിയിൽ ജീവിക്കുന്ന കാലത്തു് ചെയ്യേണ്ട രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ എന്തെല്ലാമെന്നു് ആർക്കു പറയാം?

5. എല്ലാവരെയും സ്നേഹിക്കണമെന്നു് നമ്മെ പഠിപ്പിച്ചതാരു്?

## ഉപസംഹാരപ്രാർത്ഥന

കർത്തൃപ്രാർത്ഥനതന്നെയാവാം. കൂട്ടമായി ചൊല്ലുക.

# 14

## ബാലികേ, എഴുന്നേല്ക്ക

### ഉപക്രമം

വിശ്വാസത്തിൽ വളർന്നുവരുവാൻ കുഞ്ഞുങ്ങളെ സഹായിക്കുകയാണല്ലോ മതബോധനത്തിന്റെ ലക്ഷ്യം. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികളെ ശരിയായി അവതരിപ്പിച്ചും അവിടുന്നു സാക്ഷാൽ ദൈവമാണെന്നു് കുഞ്ഞുങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തും വേണം ഈ ലക്ഷ്യം പ്രാപിക്കുക. ക്രിസ്തുവിൽ ശരിയായ വിശ്വാസമുള്ളവൻ അവിടുത്തെ അനുകരിച്ചു് ജീവിക്കും. നമ്മെ പഠിപ്പിക്കുവാനും നയിക്കുവാനുമുള്ള യേശുക്രിസ്തുവിന്റെ അധികാരത്തെയാണു് അവിടുത്തെ അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കുന്നതു്.

### ലക്ഷ്യം

ഈശോ സാക്ഷാൽ ദൈവപുത്രനാണെന്നു കുഞ്ഞുങ്ങളെ ബോധ്യപ്പെടുത്തുക. നാം ക്രിസ്തുവിൽ വിശ്വസിക്കുകയും അവിടുത്തെ അനുസരിക്കുകയും ചെയ്യേണ്ടതാണെന്നു് കുട്ടികളെ ഗ്രഹിപ്പിക്കുക.

### പ്രധാനപദങ്ങൾ

അത്ഭുതം, മുടന്തൻ

### ഭാഗം 1 രൂപരേഖ

### പ്രധാനാശയം

ഈശോ ദൈവവും മനുഷ്യനുമാകുന്നു. ദൈവത്തിനുമാത്രം ചെയ്‌വാൻ സാധിക്കുന്ന പ്രവൃത്തികൾ ഈശോ ചെയ്തു.

### കഥ

ഈശോയുടെ അത്ഭുതപ്രവൃത്തികളിൽ ഒന്നു് വിവരിക്കുക.

### കുട്ടികളുടെ പ്രവർത്തനം

ഈശോയിൽ വിശ്വാസം പ്രകടിപ്പിക്കുക.

**പ്രയോഗം**

ഈശോ എന്ന തിരുനാമം കേ൦ക്കുമ്പോ൦ തലകുനിച്ചാരാധിക്കുക.

**പഠനോപകരണങ്ങ൦**

ഈശോ കടലിനെ ശാന്തമാക്കുന്ന ചിത്രം, കുരുടനു് കാഴ്ചനൽകുന്ന ചിത്രം.

**ഓമ്മിക്കാൻ**

**ചോദ്യങ്ങ൦**

1. ആരാണു് ഈശോ?
2. ആക്കാണു് അത്ഭുതങ്ങ൦ ചെയ്യാൻ കഴിയുന്നതു്?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

നാം ഈശോയിൽ വിശ്വസിക്കണമെന്നു് അവിടുന്നാഗ്രഹിക്കുന്നു.

**കഥ**

ജെയ്റസിൻെറ പുത്രിയെ ഈശോ സുഖപ്പെടുത്തുന്ന ഭാഗം.

**കുട്ടികളുടെ പ്രവർത്തനം**

കഴിയുന്നത്ര കുട്ടികളെ ചേത്തു് മുൻപറഞ്ഞ കഥ നാടകമായി അഭിനയിപ്പിക്കുക.

ഭൂമിയിൽ എല്ലാവരും ഈശോയിൽ വിശ്വസിക്കുവാൻ ഇടവരണേ എന്നു പ്രാത്ഥിക്കുക.

**ഓമ്മിക്കാൻ**

**ചോദ്യങ്ങ൦**

1. ഈശോ ദൈവമാണെന്നു് നമുക്കെങ്ങനെയറിയാം?

2. എല്ലാവരും തന്നെ വിശ്വസിക്കണമെന്നു് ഈശോ ആഗ്രഹിക്കുന്നതെന്തുകൊണ്ടു്?

3. ഈശോ പ്രവത്തിച്ച ചില അത്ഭുതങ്ങ൦ പറയുക.

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭപ്രാർത്ഥന

ആർക്കൊക്കെ പ്രാർത്ഥിക്കുവാൻ ഇഷ്ടമുണ്ട്? ഇപ്പോൾ പ്രാർത്ഥിക്കുവാൻ ഇഷ്ടപ്പെടുന്നവർ ആരെല്ലാം? ഏതു പ്രാർത്ഥനയാണ് നമുക്കിപ്പോൾ ചൊല്ലേണ്ടതു്? നമ്മുടെ പ്രവൃത്തികളെ—പഠനത്തെ— ദൈവത്തിനു കാഴ്ചവച്ചുകൊണ്ട് നമുക്കിന്നു ക്ലാസ്സു തുടങ്ങാം. എന്താ, സമ്മതമാണോ?

എൻെറ നല്ല ദൈവമേ, ഞാനിന്നു ചെയ്‌വതെല്ലാം
ചിന്തവാക്കു കർമ്മമേതുമങ്ങിലർപ്പിക്കുന്നേൻ
അങ്ങേ പുത്രൻ ബാലനീശോതൻ പ്രവൃത്തികളോട്
ഒത്തുചേർത്തു നൽകിടുമീകാഴ്ചസ്വീകരിക്ക.

### പ്രാരംഭം

നാം കഴിഞ്ഞ വേദപാഠക്ലാസ്സിൽ പഠിച്ചതെന്താണെന്ന് ആരെങ്കിലും ഓർമ്മിക്കുന്നുണ്ടോ? [കുട്ടികൾക്ക് ഓർത്തുപറയാൻ സമയം നൽകുക.] ഈശോ കുഞ്ഞുങ്ങളെ വളരെയധികം ഇഷ്ടപ്പെടുന്നുവെന്ന കാര്യമാണ് കഴിഞ്ഞ ക്ലാസ്സിൽ നാം പഠിച്ചതു്. എന്തുകൊണ്ടാണ് ഈശോ കുഞ്ഞുങ്ങളെ ഇഷ്ടപ്പെടുന്നതു്? [ചോദ്യോത്തരങ്ങൾവഴി, സ്നേഹം, അനുസരണം, പാപമില്ലായ്മ എന്നീ ഗുണങ്ങൾ കുഞ്ഞുങ്ങളിൽ ഉള്ളതുകൊണ്ടാണ് ഈശോ അവരെ സ്നേഹിക്കുന്നതെന്ന് മനസ്സിലാക്കിക്കൊടുക്കുക.] പാപം ചെയ്യാതെ ജീവിക്കുന്നിടത്തോളം കാലം, ദൈവത്തിൽ വിശ്വസിച്ചും അവിടുത്തെ അനുസരിച്ചും ജീവിക്കുന്നിടത്തോളം കാലം, നാം ഈശോയുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങളായിരിക്കും; ഈശോയ്ക്ക് നമ്മോട് പ്രത്യേകസ്നേഹം ഉണ്ടായിരിക്കുകയും ചെയ്യും. നാം തന്നെ സ്നേഹിക്കണമെന്ന് അവിടുന്നാഗ്രഹിക്കുന്നു. നമ്മൾ അന്യോന്യം സ്നേഹിക്കണമെന്നും ഈശോ ആഗ്രഹിക്കുന്നു. അതെ, നമ്മൾ തമ്മിൽത്തമ്മിൽ സ്നേഹിക്കണം. നാം തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നുണ്ടെന്നു കാണിക്കുന്നതെങ്ങനെ? [കുഞ്ഞുങ്ങളോട് മററു ചോദ്യങ്ങൾ ചോദിച്ച് അന്യരോട് സ്നേഹം കാണിക്കുന്നവിധം അവരെക്കൊണ്ട് പറയിക്കുക.] മററുള്ളവരോട് സ്നേഹത്തോടെ പെരുമാറാനും അവരെ സഹായിക്കുവാനും മററും എപ്പോഴും അത്ര എളുപ്പമല്ല, അതു് ഈശോയ്ക്കറിയാം. അതുകൊണ്ട് അവിടുന്ന് നമ്മെ സഹായിക്കും. അവിടുത്തോട് നാം സഹായം ചോദിക്കുന്നതു്, അവിടുത്തേയ്ക്ക് വളരെ സന്തോഷമാണ്.

എന്തിനാണ് ഈശോ ഭൂമിയിലേക്ക് വന്നതെന്നറിയാമോ? സ്വർഗ്ഗസ്ഥനായ പിതാവിനെ സന്തോഷിപ്പിക്കേണ്ടതെങ്ങനെയെന്നു പഠിപ്പിക്കുവാനാണ് അവിടുന്ന് ഭൂമിയിലേക്കു വന്നതു്. സ്വർഗ്ഗത്തിൽ

പോകാൻ നാം എന്തു ചെയ്യണമെന്നും ഈശോ നമ്മെ പഠിപ്പിച്ചു. നാം ഈശോയെ അനുസരിച്ചു ജീവിക്കുന്നില്ലെങ്കിൽ നമുക്കു് സ്വർഗ്ഗത്തെത്താൻ കഴിയുകയില്ല. ഈശോയ്ക്കല്ലാതെ വേറെ ആർക്കും നമ്മെ സ്വർഗ്ഗത്തേയ്ക്കു കൊണ്ടുപോകാൻ സാധിക്കുകയില്ല.

ഈശോ ഭൂമിയിലായിരുന്നപ്പോൾ, പട്ടണങ്ങൾതോറും നടന്നു പഠിപ്പിച്ചു; അനേകം ആളുകൾ അവിടുത്തെ അടുക്കൽവന്നു് അവിടുന്നു പഠിപ്പിക്കുന്നതു ശ്രദ്ധിച്ചു കേട്ടിരുന്നു. സ്വർഗ്ഗത്തെക്കുറിച്ചും പിതാവിനെക്കുറിച്ചും ഈശോ അവരോടു പറഞ്ഞു. അവർ ഈശോയിൽ വിശ്വസിച്ചു; ഈശോയെ അനുസരിച്ചു ജീവിക്കുവാൻ ശ്രമിച്ചു. പക്ഷേ, എല്ലാവരും ഈശോയിൽ വിശ്വസിച്ചില്ല. പ്രായമായ ചില ആളുകൾക്കു്– ചില പ്രമാണികൾക്കു് ഈശോയിൽ വിശ്വസിക്കാൻ ഇഷ്ടമായിരുന്നില്ല. ഈശോ പഠിപ്പിക്കുന്നതനുസരിച്ചു് ജീവിക്കുന്നതു് വലിയ വിഷമമായി അവർക്കു തോന്നി. എല്ലായ്പോഴും നല്ലവരായി ജീവിക്കുവാൻ അത്ര എളുപ്പമല്ല. അതിനാൽ അവർ ഈശോയെ ശ്രദ്ധിക്കാൻ കൂട്ടാക്കിയില്ല.

വേറെ ചിലർ, ഈശോ ഒരു സാധാരണ മനുഷ്യനാണെന്നു കരുതി. സ്വർഗ്ഗത്തിൽനിന്നു വന്ന ദൈവപുത്രനാണു് ഈശോ എന്നു് അവർ മനസ്സിലാക്കിയില്ല. താൻ ദൈവപുത്രനാണെന്നു് ഈശോ ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുത്തതെങ്ങനെയെന്നാണു് നാം ഇന്നു് പഠിക്കാൻ പോകുന്നതു്.

### പാഠാവതരണം

ഈശോ താൻ ദൈവപുത്രനാണെന്നു്, ദൈവമാണെന്നു് വെളിപ്പെടുത്തുന്നു.

ഈശോ കുഞ്ഞുങ്ങളോടൊത്തു് സംസാരിക്കുകയും കളിക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ ചിലർ വിചാരിച്ചു അവിടുത്തേക്കു ഗൗരവമുള്ള ജോലികളൊന്നുമില്ലെന്നു്. എന്നാൽ കുഞ്ഞുങ്ങളോടൊത്തു കളിച്ചുകൊണ്ടിരുന്നപ്പോഴും ഈശോ വളരെ പ്രധാനപ്പെട്ട ഒരു ജോലി നിർവ്വഹിക്കുന്നുണ്ടായിരുന്നു. അതെന്താണെന്നു പറയാമോ? ഒരു വലിയ സത്യം അവിടുന്നു് പഠിപ്പിക്കുകയായിരുന്നു. സ്വർഗ്ഗത്തിൽ പോകണമെങ്കിൽ നാം കുഞ്ഞുങ്ങളെപ്പോലെ ആകണം. ചില ആളുകൾക്കു് ഈ സത്യം മനസ്സിലക്കാൻ സാധിച്ചില്ല. ഈശോ പഠിപ്പിച്ച പല കാര്യങ്ങളും മനസ്സിലാക്കാൻ പ്രയാസമായിരുന്നു. അതുകൊണ്ടുതന്നെയാണു് ഈശോ ദൈവമാണെന്നു് അവർ സമ്മതിക്കാഞ്ഞതു്. താൻ ദൈവമാണെന്നു് ഇവരെ ഈശോ പഠിപ്പിച്ചതെങ്ങനെയെന്നു നോക്കാം.

ഒരു ദിവസം ഈശോ തൻെറ അപ്പോസ്തലന്മാരോടുകൂടെ ഒരു വള്ളത്തിൽ കായലിലൂടെ സഞ്ചരിക്കുകയായിരുന്നു. (ആരാണു അപ്പോ

സ്തലന്മാർ?) ദീർഘമായ യാത്രയും വളരെ നേരത്തെ പ്രസംഗവും മൂലം ഈശോ നന്നേ ക്ഷീണിച്ചിരുന്നു. അതിനാൽ അവിടുന്നു വള്ളത്തിൽ കിടന്നു് ഉറങ്ങിപ്പോയി. ഈശോ നല്ല ഉറക്കമായപ്പോരം ഒരു വലിയ കൊടുങ്കാററുണ്ടായി. കൊടുങ്കാറെറന്താണെന്നറിയാമോ നിങ്ങരംക്കു്? ശക്തിയായ കാററു്. മരവും ചെടിയുമെല്ലാം പിഴുതുമറിക്കാൻ തക്കവണ്ണം ശക്തിയുള്ള കാററു്. കടലിലും കായലിലുമൊക്കെ കൊടുങ്കാററടിച്ചാൽ വലിയ ആപത്താണു്. വള്ളവും കപ്പലുമൊക്കെ കൊടുങ്കാററിൽപെട്ടു് നശിച്ചുപോകും. തിരമാലകരം അലച്ചുയന്നു് വള്ളങ്ങളും ബോട്ടുകളും മുക്കിക്കളയും. അത്തരമൊരു കൊടുങ്കാററാണു് അപ്പോഴുണ്ടായതു്. കാററിൻെറ ശക്തി കൂടിക്കൂടിവന്നു; വലിയ തിരമാലകരം തിളച്ചുയന്നു. വള്ളത്തിൽ വെള്ളം കയറി. വള്ളം താണുതുടങ്ങി. അപ്പോസ്തലന്മാർ പേടിച്ചു വിറച്ചു. ഈശോ ഇതൊന്നും അറിയാതെ കിടന്നുറങ്ങുകയാണു്. എന്തുചെയ്യണമെന്നറിയാതെ അപ്പോസ്തലന്മാർ വിഷമിച്ചു. ഒടുവിൽ അവർ, സുഖമായി കിടന്നുറങ്ങുന്ന ഈശോയുടെ അടുക്കൽചെന്നു് അവിടുത്തെ കുലുക്കി വിളിച്ചുണർത്തി, ഇങ്ങനെ പറഞ്ഞു: "കർത്താവേ ഞങ്ങളെ രക്ഷിക്കണമേ, ഇതാ! ഞങ്ങരം മുങ്ങിമരിക്കാൻ പോകുന്നു." ഈശോ ഉടനെ ചുററും നോക്കി. അനന്തരം കൈ നീട്ടി കാററിനോടും തിരമാലകളോടും പറഞ്ഞു: "ശാന്തമാകുക." കാററും തിരമാലകളും ഉടനെതന്നെ ഈശോയെ അനുസരിച്ചു. ഒന്നോർത്തുനോക്കുക, കാററും കടലുംകൂടി ഈശോയെ അനുസരിക്കുന്നു. ഈശോ കല്പിച്ച നിമിഷത്തിൽത്തന്നെ കാററുനിന്നു. തിരമാലകരം ശാന്തമായി. എത്ര വലിയ അത്ഭുതം! ഇങ്ങനെയൊരു അത്ഭുതം മനുഷ്യർക്കു ചെയ്യുവാൻ സാധിക്കുമോ? മനുഷ്യൻ കല്പിച്ചാൽ കടൽ അനുസരിക്കുമോ? കാററു നിശ്ചലമാവുമോ? ഇല്ല. ദൈവത്തിനു മാത്രമേ കാററിനെക്കൊണ്ടും കടലിനെക്കൊണ്ടും അനുസരിപ്പിക്കാൻ സാധിക്കൂ. അപ്പോരം ഈശോ ആരാണെന്നു തെളിയുന്നു. ഈശോ ദൈവമാണെന്നുള്ളതിനു ഒരടയാളമായിരുന്നു ഈ അത്ഭുതം (ചിത്രം കാണിക്കുക).

ഇതുപോലെ വേറെയും പല അത്ഭുതങ്ങരം ഈശോ ചെയ്തു. ഈശോ തൻെറ ദൈവികശക്തിയെ കാണിച്ച മറെറാരു കഥ പറയാം. ഒരിക്കൽ കണ്ണുകാണാൻ പാടില്ലാത്ത ഒരുവൻ ഈശോയുടെ അടുക്കൽ വന്നു. കണ്ണുകാണാൻ പാടില്ലാത്തവരെ എങ്ങനെയാണു വിളിക്കുന്നതെന്നറിയാമോ? കുരുടൻ. കുരുടന്മാർ എന്തു കഷ്ടതയാണു് അനുഭവിക്കുക. അവക്കാരെയും കാണാൻ പാടില്ല; പൂക്കളും ചെടികളും മരങ്ങളുമൊക്കെ എങ്ങനെയിരിക്കുമെന്നോ അവയുടെ ഭംഗിയെന്തെന്നോ അവക്കറിഞ്ഞുകൂടാ. അവർ സൂര്യപ്രകാശം കണ്ടിട്ടില്ല. രാത്രിയിൽ ചന്ദ്രനും നക്ഷത്രങ്ങളും നിന്നു പ്രകാശിക്കുന്നഭംഗി അവർകണ്ടിട്ടില്ല. സ്വന്ത അപ്പനെയോ അമ്മയെയോ, സഹോദരങ്ങളെയോ കാണാൻ സാധിക്കുകയില്ല. അവരുടെ പുഞ്ചിരി കണ്ടു സന്തോഷിക്കാനുള്ള ഭാഗ്യമില്ല. നടക്കാൻ ആരുടെയെങ്കിലും സഹായം വേണം. അല്ലെങ്കിൽ

കല്ലിലുംമററും തട്ടി താഴെവീഴം; ആവശ്യമുള്ള സാധനങ്ങഠം ആരെ ങ്കിലും എടുത്തുകൊണ്ടു പോയി കൊടുക്കണം. നോക്കൂ, അങ്ങനെയാ ണെങ്കിൽ കണ്ണിനു കാഴ്ചയുള്ള നമ്മഠം എത്ര ഭാഗ്യവാന്മാർ. നമുക്ക് ആരുടെയും സഹായംകൂടാതെ വഴിയറിഞ്ഞു നടക്കാം. ഭംഗിയുള്ള വ സ്തുക്കഠം കണ്ടാനന്ദിക്കാം. ഭംഗിയുള്ളവ– നമുക്കിഷ്ടമുള്ളവ–തരംനോ ക്കി തിരഞ്ഞെടുക്കാം. പക്ഷികളും പൂക്കളും മററും എത്ര ഭംഗിയുള്ളവ യാണെന്നു നമുക്കറിയാം. നമ്മുടെ അപ്പനമ്മമാരുടെ സ്നേഹമേറിയ പുഞ്ചിരി സഹോദരങ്ങളുടേയും, കൂട്ടുകാരുടേയും സ്നേഹപൂർവ്വമായ പെ രുമാററം മുതലായവ നമുക്ക് നേരിട്ട് കണ്ടു സന്തോഷിക്കാം. അതു് വലിയ ഭാഗ്യമാണ്. ഇത്രയും വലിയ സമ്മാനത്തിന്– കണ്ണിൻെറ കാഴ്ചയ്ക്ക്– ദൈവത്തിന് നിങ്ങഠം എപ്പോഴെങ്കിലും നന്ദിപറഞ്ഞിട്ടു ണ്ടോ? നമുക്കിപ്പോഠംതന്നെ നന്ദി പറഞ്ഞിട്ടു കഥ കേഠംക്കുന്നതല്ലേ നല്ലതു്? നിങ്ങഠംക്കിഷ്ടമാണെങ്കിൽ മനസ്സുകൊണ്ടു് പതുക്കെ, തനി യെ, ആരും കേഠംക്കാതെ നന്ദിപറയുക. (അല്പനേരം മൗനം പാലി ക്കുക.)

നേരത്തെ ഞാൻ പറഞ്ഞ കുരുടനു്, നമുക്കുള്ള ഈ ഭാഗ്യങ്ങളൊന്നുമി ല്ല. നിങ്ങഠം അല്പനേരം കണ്ണടച്ചിരുന്നു നോക്കുക. വല്ലതും കാണാ മോ? ഇതായിരുന്നു ആ കുരുടൻെറ സ്ഥിതി. അയാഠം ഈശോയുടെ അടുക്കൽവന്നു മുട്ടുകുത്തി. ഈശോയുടെ അടുക്കൽവരെ ആരോ അയാ ളെക്കൊണ്ടുവന്നു. ഈശോ അവനോടു്, “നിനക്കെന്തുവേണം” എന്നു ചോദിച്ചു. “എനിയ്ക്കു കാഴ്ചതരണമേ” എന്നു് അവൻ പറഞ്ഞു. എന്തു കൊണ്ടെന്നാൽ ഈശോ രോഗികളെ സുഖപ്പെടുത്തുന്നുവെന്നു അവൻ കേട്ടിരുന്നു. അപ്പോഠം ഈശോ എന്തു ചെയ്തിരിക്കും? ഈശോ അവ ൻെറ കണ്ണുകളിൽ തൊട്ടു. ഉടനെ അവനു് കാഴ്ചകിട്ടി. അവൻ സ ന്തോഷംകൊണ്ടു് തുള്ളിച്ചാടി. ചുററുംനിന്ന ആളുകളെ അവൻ കണ്ടു. മരങ്ങളുടെയും ചെടികളുടെയും ഭംഗി അവൻ ആദ്യമായി ക ണ്ടറിഞ്ഞു. നമ്മളാരെങ്കിലും തൊട്ടാൽ ആ കുരുടൻെറ കണ്ണിന് കാ ഴ്ച കിട്ടുമോ? ഏതെങ്കിലും ഡോക്ടർ ഒരു കുരുടൻെറ കണ്ണിൽ കൈ വ ച്ചാൽ അവൻെറ കണ്ണു തുറക്കുമോ? എന്നാൽ ഈശോ കണ്ണിൽ ഒന്നു തൊട്ടേയുള്ളു. അയാഠംക്കു കാഴ്ചകിട്ടി. എന്തുകൊണ്ടെന്നാൽ അവി ടുന്നു് ദൈവപുത്രനാണ്. മനുഷ്യരെക്കൊണ്ടു സാധിക്കാത്ത– ദൈ വത്തിനുമാത്രം സാധിക്കുന്ന– വലിയ കാര്യങ്ങഠം ചെയ്യാൻ ഈശോ യ്ക്കു കഴിയും. അവിടുന്നു് ദൈവമാണ്, മനുഷ്യനുമാണ്. ആ കുരുടനു കാഴ്ചകിട്ടിയപ്പോഠം ഉണ്ടായ സന്തോഷത്തിനു ഒരതിരുമില്ലായിരു ന്നു. നിങ്ങഠം ആയിരുന്നു ആ കുരുടൻെറ സ്ഥാനത്തു് എങ്കിൽ എന്തു ചെയ്യുമായിരുന്നു?

കുരുടൻ ഈശോയുടെ അടുത്തുവന്നു് മുട്ടുകുത്തിയപ്പോഠം അനേകമാളു കഠം അവനെ നോക്കുന്നുണ്ടായിരുന്നു. അവനു കാഴ്ചകിട്ടിയെന്നു പ റഞ്ഞു് അവൻ എഴുന്നേററു് തുള്ളിച്ചാടിയപ്പോഠം അതു കണ്ടുനിന്ന

വർ എത്രമാത്രം അമ്പരന്നു പോയിരിക്കും! അവർ പറഞ്ഞുകാണും: "സത്യമായും അങ്ങു ദൈവപുത്രനാണ്."

### കുട്ടികളുടെ പ്രവർത്തനം

നമുക്കിപ്പോൾ ഈശോയെ കാണാൻ സാധിക്കുകയില്ല. ഈശോയുടെ സ്വരം കേൾക്കാനും സാധിക്കുകയില്ല. എങ്കിലും അവിടുന്ന് ദൈവമാണെന്ന്, ദൈവപുത്രനാണെന്ന്, നമുക്കറിയാം. നാം ഈശോയിൽ വിശ്വസിക്കുന്നുവെന്ന് നമുക്കൊരുമിച്ച് അവിടുത്തോട് പറയാം.

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| ഈശോ കൊടുങ്കാററിനെ ശാന്തമാക്കി. | ഈശോ ദൈവപുത്രനാണെന്നു ഞാൻ വിശ്വസിക്കുന്നു. |
| ഈശോ കടലിലെ തിരമാലകളെ ശാന്തമാക്കി. | ,, ,, |
| ഈശോ കുരുടനു കാഴ്ച നൽകി. | ,, ,, |
| ഈശോ സ്വർഗ്ഗത്തേയ്ക്കുള്ള വഴി നമുക്കു കാണിച്ചുതന്നു. | ,, ,, |
| ഈശോ, സ്വർഗ്ഗസ്ഥനായ പിതാവിനെ സ്നേഹിക്കാൻ നമ്മെ പഠിപ്പിച്ചു. | ,, ,, |
| ഈശോ നമുക്കു ദൈവികജീവനും ദൈവികസ്നേഹവും തരുന്നു. | ,, ,, |

(കുട്ടികൾ വാക്കുകൾ വ്യക്തമായി ഉച്ചരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം)

### പ്രയോഗം

ഈശോയെപ്പററി ഓർമ്മ വരുമ്പോഴൊക്കെ മനസ്സിൽ ഇപ്രകാരം പറയാൻ ശീലിക്കണം, 'ഈശോയെ, അങ്ങ് ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു.'

**ഓർമ്മിക്കാൻ**
**ചോദ്യങ്ങൾ**

1. ആർക്കാണ് അത്ഭുതങ്ങൾ ചെയ്യാൻ കഴിയുന്നത്?
2. ഈശോ എങ്ങനെയാണ് കരുടനു കാഴ്ചകൊടുത്തത്?

### ഭാഗം 2 (30 മിനിററ്)

**പ്രധാനാശയം**

നാം ഈശോയിൽ വിശ്വസിക്കണമെന്നു അവിടുന്നാഗ്രഹിക്കുന്നു.

**പാഠാവതരണം**

(ഈശോ ദൈവപുത്രനാണെന്നു ഞാൻ വിശ്വസിക്കുന്നു എന്നു ബോഡിൽ എഴുതുക.) ദൈവത്തിനുമാത്രം ചെയ്യാൻ സാധിക്കുന്ന പ്രവൃത്തികൾ ഈശോ ചെയ്തു. അതുകൊണ്ട് ഈശോ ദൈവമാണെന്നു നമ്മൾ വിശ്വസിക്കുന്നു. ഈശോ ചെയ്ത ഏതെങ്കിലും ഒരു അത്ഭുതപ്രവൃത്തിയെപ്പററി പറയാമോ? ഈശോ ചെയ്ത അത്ഭുതപ്രവൃത്തി കണ്ട് ഈശോയിൽ വിശ്വസിച്ച ഒരു മനുഷ്യൻെറ കഥയാണ് ഞാനിപ്പോൾ പറയുവാൻ പോകുന്നത്. ശ്രദ്ധിച്ചുകേൾക്കുക.

ഒരുദിവസം ഈശോ ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മനുഷ്യൻ ജനക്കൂട്ടത്തിൻെറ ഇടയിൽക്കൂടി തിക്കിത്തിരക്കി മുന്നോട്ടു വന്നു് ഈശോയുടെ മുമ്പിൽ മുട്ടുകുത്തി. അയാളുടെ ഉള്ളിൽ വലിയ സങ്കടമുണ്ടെന്നു മുഖഭാവം കണ്ടാലറിയാം. വലിയൊരു അനുഗ്രഹം ചോദിക്കാനാണ് ആ ആൾ വന്നിരിക്കുന്നത്. "എൻെറ മകൾ വലിയൊരു രോഗം പിടിപെട്ട് മരിക്കാറായിക്കിടക്കുന്നു. അങ്ങു വന്നു് അവളെ സുഖപ്പെടുത്തണമേ." എന്നു് അയാൾ ഈശോയോട് അപേക്ഷിച്ചു. ഉടനെതന്നെ ഈശോ എഴുന്നേററ് അയാളുടെ വീട്ടിലേയ്ക്ക് പുറപ്പെട്ടു. ഈശോയുടെ പ്രസംഗം കേട്ടുകൊണ്ടിരുന്ന ആളുകളും ഈശോയോടുകൂടി പോയി. എന്തിനായിരിക്കും അവർ ഈശോയോടുകൂടി പോയത്? ഈശോ രോഗിണിയെ കണ്ടിട്ട് എന്തു ചെയ്യുന്നുവെന്നു കാണാൻ— ഈശോ അവളെ സുഖപ്പെടുത്തുന്നതു കാണാൻ. ഈശോ ജനക്കൂട്ടത്തിൻെറ നടുവിലൂടെ നടന്നു. കുറെദൂരം ചെന്നപ്പോൾ ആ ആൾക്കൂട്ടത്തിൻെറ ഉള്ളിലേക്ക് ഒരാൾ കയറിവന്നു് പെൺകുട്ടിയുടെ അപ്പനോട് ഇങ്ങനെ പറഞ്ഞു: "നിൻെറ മകൾ മരിച്ചിരിക്കുന്നു. ഈശോയെ ഇനി ബുദ്ധിമുട്ടിക്കേണ്ട." ഇതു കേട്ടപ്പോൾ അയാൾ പൊട്ടിക്കരഞ്ഞു. കണ്ണുനീരോടെ അയാൾ ഈശോയുടെ മുഖത്തേയ്ക്ക് നോക്കി. ഈശോ അയാളെ സമാധാനപ്പെടുത്തിക്കൊണ്ട് പറഞ്ഞു: "ഭയപ്പെടേണ്ട. നീ വിശ്വസിച്ചാൽമാത്രംമതി, അവൾ ജീവിക്കും." കുട്ടി മരിച്ചെന്നു കേട്ടിട്ടും ഈശോ അയാളുടെ വീട്ടിലേയ്ക്കു നടക്കുന്നതു കണ്ടപ്പോൾ ജനക്കൂട്ടം അത്ഭുതപ്പെട്ടു.

എന്തിനാണ ഈശോ ഇനിയും അങ്ങോട്ട പോകുന്നതെന്നു അവർ തമ്മിൽത്തമ്മിൽ ചോദിച്ചിരിക്കാം, ഇല്ലേ?

ഈശോ അയാളുടെ വീട്ടിൽ ചെന്നു. കുട്ടി കിടന്നിരുന്ന മുറിയ്ക്കുള്ളിൽ കയറി. ഈശോ എന്താണ ചെയ്യുന്നതെന്നറിയാൻ വെമ്പലോടെ അവളുടെ അപ്പനും അമ്മയും ഈശോയുടെ അടുത്തുതന്നെ നിന്നു. ഈശോ എന്തു ചെയ്യുന്നറിയാമോ? ആ മരിച്ച പെൺകുട്ടിയുടെ കയ്യിൽ പിടിച്ചുകൊണ്ടു പറഞ്ഞു: "കുഞ്ഞേ, എഴുന്നേല്ക്കുക." അവരം ഉറക്കത്തിൽനിന്നു് ഉണരുന്നതുപോലെ ഉടനെ എഴുന്നേററിരുന്നു്, ഈശോയെ നോക്കി. ഈശോ പുഞ്ചിരിച്ചു. എന്താണു് സംഭവിച്ചതെന്നറിയാതെ അവരം ചുററും പകച്ചുനോക്കി. അവരം കിടക്കയിൽനിന്നു് എഴുന്നേററുനടന്നു. അവളുടെ അമ്മ അവളെ കെട്ടിപ്പിടിച്ചു് ഉമ്മവെച്ചിരിക്കണം, ഇല്ലേ? അവക്കുണ്ടായ സന്തോഷത്തിനു് അതിരുണ്ടായിരുന്നില്ല. എന്തുചെയ്യണമെന്നും പറയണമെന്നും അറിയാതെ അവർ മകളെയും ഈശോയെയും മാറിമാറി നോക്കി.

അവർ സന്തോഷംകൊണ്ടു് നിറഞ്ഞു്, അമ്പരന്നു നിൽക്കുന്നതുകണ്ടു് ഈശോ അവരോടു് പറഞ്ഞു: "അവരംക്കു് എന്തെങ്കിലും തിന്നാൻ കൊടുക്കുക." അവരംക്കു് കടുത്ത രോഗമായിരുന്നല്ലോ. ആഹാരം കഴിച്ചിട്ടു് പല ദിവസങ്ങരം കഴിഞ്ഞിരിക്കണം. ഈശോയാണു് അക്കാര്യം ആദ്യം ഓർത്തതു്; പെൺകുഞ്ഞിൻെറ ആവശ്യത്തെക്കുറിച്ചു് അവളുടെ അപ്പനമ്മമാർപോലും ഓർത്തില്ല. ഈശോ അതോർത്തു, അപ്പനമ്മമാരെ ഓർപ്പിച്ചു. നോക്കുക, ഈശോയ്ക്കു എല്ലാക്കാര്യവും അറിയാം. നമ്മുടെ എല്ലാ ആവശ്യങ്ങളും അവിടുത്തേയ്ക്കു് അറിയാം. ഈശോ നല്ലവനാണു്, ദൈവമാണു്. നമ്മുടെ ആവശ്യങ്ങരം നാം ചോദിക്കാതെതന്നെ അവിടുന്നു സാധിച്ചുതരും. അപ്പോരം നാം ചോദിച്ചാൽ, വിശ്വാസത്തോടെ അപേക്ഷിച്ചാൽ എത്രയധികമായിട്ടു് അവിടുന്നു നമ്മുടെ പ്രാത്ഥന കേരംക്കും!

ഈശോ മരിച്ച പെൺകുട്ടിക്കു് ജീവൻ കൊടുത്തു. എന്തിനാണു് ഈശോ ഈ വലിയ അത്ഭുതം പ്രവത്തിച്ചതു്? അതിനു് പല കാരണങ്ങളുണ്ടു്. ഈശോയ്ക്കു കുഞ്ഞുങ്ങളോടു് വലിയ ഇഷ്ടമാണു്. ആ പെൺകുട്ടിക്കു ജീവൻ നൽകിക്കൊണ്ടു് അവിടുന്നു് കുഞ്ഞുങ്ങളോടുള്ള സവിശേഷസ്നേഹം പ്രകടമാക്കി. മകരം നഷ്ടപ്പെട്ട ആ മാതാപിതാക്കളോടു് ഈശോയ്ക്കു സഹതാപമുണ്ടായിരുന്നു. അവരെ സന്തോഷിപ്പിക്കണമെന്നു ഈശോ ആഗ്രഹിച്ചു. ഈ അത്ഭുതം പ്രവത്തിക്കാൻ വേറെയുമുണ്ടു് കാരണങ്ങരം. ഈശോ ആ വീട്ടിലേയ്ക്കു് വരുമ്പോരം ഒരാരം പെൺകുട്ടിയുടെ അപ്പൻെറ അടുക്കൽ വന്നു പറഞ്ഞതെന്താണെന്നു നിങ്ങരംക്കു് ഓർമ്മയുണ്ടോ? "അങ്ങയുടെ മകരം മരിച്ചുപോയി. ഇനിയും ഈശോയെ ബുദ്ധിമുട്ടിക്കേണ്ടാ" എന്നു്. ഈ

ശോ എന്താണു മറുപടി പറഞ്ഞതു്? "ഭയപ്പെടേണ്ട നീ വിശ്വസി ച്ചാൽ മാത്രം മതി നിന്റെ മകൾ ജീവിക്കും." വിശ്വസിച്ചു; അതു കൊണ്ടു് മരിച്ചുപോയ മകൾക്കു് ഈശോ വീണ്ടും ജീവൻ കൊടുത്തു. ഈശോയിൽ വിശ്വാസമുള്ളവർക്കു് ഈശോ എന്തും ചെയ്തു കൊടു ക്കും. താൻ ദൈവപുത്രനാണെന്നു എല്ലാവരും വിശ്വസിക്കുവാൻ ഈശോ ആഗ്രഹിക്കുന്നു. തന്നെ വിശ്വസിക്കുന്നവർ തന്റെ വാക്കു കൾ അനുസരിക്കുമെന്നു് ഈശോയ്ക്കു നന്നായിട്ടറിയാം. ഈശോയെ അനുസരിക്കുന്നവർ സ്വർഗ്ഗസ്ഥനായ പിതാവിനെ സന്തോഷിപ്പി ക്കും, അവിടുത്തെ സ്നേഹിക്കും. അവർക്കു് ദൈവത്തിന്റെ പ്രത്യേക സമ്മാനമായ ദൈവികജീവനും സ്നേഹവും ലഭിക്കും.

അയാൾ ഈശോയിൽ വിശ്വസിച്ചില്ലായിരുന്നുവെങ്കിൽ അയാളു ടെ മകൾ ജീവിക്കുമായിരുന്നില്ല. വിശ്വസിച്ചതുകൊണ്ടു് മകൾ ക്കു് ജീവൻ കിട്ടുക മാത്രമല്ല, അവളുടെ രോഗവും തീർന്നു. അവൾ സുഖം പ്രാപിച്ചു. ഈശോയിൽ വിശ്വസിക്കുന്നവർക്കു് എത്രവലിയ ഭാഗ്യങ്ങളാണു് ഉണ്ടാകുന്നതെന്നു ഈ കഥ നമ്മെ പഠിപ്പിക്കു ന്നില്ലേ?

നമ്മളെല്ലാവരും ഈശോയിൽ വിശ്വസിച്ചുകാണുവാൻ അവിടുന്നു അതിയായി ആഗ്രഹിക്കുന്നു. അവിടുന്നു നമ്മുടെ രക്ഷകനാണു്. ദൈവികജീവനും ദൈവികസ്നേഹവും തരുവാൻ അവിടുത്തേയ്ക്കു മാ ത്രമേ സാധിക്കയുള്ളു. ഈ ദൈവികജീവനും സ്നേഹവും നമ്മിൽ നിന്നു നഷ്ടപ്പെടാതിരിക്കുവാൻ നാം ഈശോയിൽ വിശ്വസിക്ക ണം. അവിടുന്നു പഠിപ്പിച്ചിട്ടുള്ളതനുസരിച്ചു ജീവിക്കണം, പ്രവ ർത്തിക്കണം.

## കുട്ടികളുടെ പ്രവർത്തനം

ജെയ്റസിന്റെ പുത്രിയെ ഉയർപ്പിച്ച കഥ ഒരു നാടകമായി അഭിന യിക്കുക. കഥയ്ക്കു യോജിച്ച കഥാപാത്രങ്ങളെ തെരഞ്ഞെടുക്കുക. ബാ ക്കിയുള്ള കുട്ടികൾ ഈശോയുടെ പിന്നാലെ പോയ ജനക്കൂട്ടത്തി ന്റെ പ്രതിനിധികളാകട്ടെ. ജെയ്റസ് ഈശോയുടെ അടുക്കൽ വ ന്നു് തന്റെ മകളെ സുഖപ്പെടുത്തി തരണമെന്നു് അപേക്ഷിച്ചതും മററും വളരെ ഒരുക്കങ്ങൾ കൂടാതെ അഭിനയിക്കാവുന്നതാണു്. കുട്ടികളെ യെല്ലാം സഹകരിപ്പിച്ചു് നന്നായിത്തന്നെ അഭിനയിപ്പിക്കുക.

## പ്രയോഗം

ഈശോയെ സ്നേഹിക്കുന്നുവെന്നു് നമുക്കവിടുത്തോടു് കൂടെക്കൂടെ പറ യാൻ ശ്രമിക്കാം. എല്ലാ ദിവസവും രാവിലെ എഴുന്നേൽക്കുമ്പോഴും രാത്രി ഉറങ്ങാൻ പോകുമ്പോഴും നിങ്ങൾ പ്രാർത്ഥിക്കാറുണ്ടല്ലോ. അ പ്പോൾ ഇങ്ങനെ പറയാൻ ശ്രമിക്കുന്നതു് നന്നു്: "ഈശോയെ, അങ്ങു

ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങേ ഞാൻ സ്നേഹിക്കുന്നു." നിങ്ങൾ ഈശോയുടെ സ്നേഹിതന്മാരായിത്തീരുകയും ചെയ്യും.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. അവിടുന്ന് ദൈവമാണെന്ന് നമുക്കെങ്ങനെ അറിയാം?

2. മനുഷ്യർ തന്നിൽ വിശ്വസിക്കണമെന്ന് ആഗ്രഹിക്കുന്നതെന്തുകൊണ്ട്?

3. പിതാവിന്റെ അടുക്കലേയ്ക്കു പോകാനുള്ള ഏക മാർഗ്ഗം ഏത്?

**ഉപസംഹാരപ്രാർത്ഥന**

തന്റെ പുത്രനായ ഈശോയെ നമുക്കുവേണ്ടി ഭൂമിയിലേയ്ക്കയച്ച സ്വർഗ്ഗീയപിതാവിന് നമുക്കിപ്പോൾ ഒരുമിച്ചുചെന്ന് ഒരിയ്ക്കൽ കൂടി നന്ദിപറയാം. നാം ഈശോയെ സ്നേഹിക്കുന്നുണ്ടെന്ന്, അവിടുത്തോട് പറയാം. [അദ്ധ്യാപകൻ ചൊല്ലിക്കൊടുക്കുകയും കുഞ്ഞുങ്ങൾ ഏററു ചൊല്ലുകയുംചെയ്യുന്നു] "സ്വർഗ്ഗസ്ഥനായ പിതാവേ, ഞാൻ അങ്ങേ സ്നേഹിക്കുന്നു. അങ്ങേ പുത്രനെ എനിയ്ക്കായി തന്നതിന് നന്ദി പറയുന്നു. നല്ല ഈശോയെ, അങ്ങ് ദൈവപുത്രനാണെന്ന് ഞാൻവിശ്വസിക്കുന്നു. അങ്ങേ ഞാൻ സ്നേഹിക്കുന്നു."

# 15

# ഒടുവിലത്തെ അത്താഴം

## ഉപക്രമം

വി. കുർബാന എന്ന ദിവ്യദാനത്തിന്റെ വില ഏറെക്കുറെയെങ്കിലും മനസ്സിലാക്കുന്നതിനു് കുഞ്ഞുങ്ങളെ ഒരുക്കുകയാണു ഈ പാഠത്തിന്റെ ലക്ഷ്യം. ഏറെത്താമസിയാതെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിനു് ഈ കുഞ്ഞുങ്ങളെ ഒരുക്കേണ്ടതുമാണല്ലോ. വി. കുർബാനയുടെ രഹസ്യം മുഴുവനും ഈ ക്ലാസ്സിൽ പഠിപ്പിക്കേണ്ടതില്ല. അതു മനസ്സിലാക്കാൻ അവക്കു് പ്രായം പോരാ. അതുകൊണ്ടുതന്നെയാണു വീഞ്ഞു കൂദാശചെയ്യുന്ന കാര്യം—ദിവ്യരക്തത്തിന്റെ കാര്യം—ഈ പാഠത്തിൽ ചേക്കാത്തതു്. ഇതിനടുത്ത പാഠവും ഇതിന്റെ തുടർച്ചയാണു്. അതിനാൽ ഈ രണ്ടു പാഠങ്ങളും പഠിപ്പിച്ചുകഴിഞ്ഞു ആവത്തനം നടത്തുന്നതു നന്നായിരിക്കും. ഒരു സംഗതി ഈ ക്ലാസ്സിൽവച്ചു തന്നെ കുഞ്ഞുങ്ങളെ ഗ്രഹിപ്പിക്കാവുന്നതാണു്. അതായതു്, നമ്മോടുള്ള വലുതായ സ്നേഹം നിമിത്തം നമ്മുടെ ആത്മാവിന്റെ ആഹാരമായി—അപ്പമായി—ഈശോ, തന്നെത്തന്നെ നമുക്കു് മുഴുവനായി തരുന്നു. ഈ പാഠത്തിലും അടുത്ത പാഠത്തിലും ദിവ്യബലിയെക്കുറിച്ചു പറയുന്നുണ്ടു്. പക്ഷേ വിശദീകരണം ഇപ്പോൾ ആവശ്യമില്ല.

## ലക്ഷ്യം

നമ്മുടെ ആത്മാവിനു് ആഹാരമായി തന്നെത്തന്നെ നമുക്കു തരുന്ന ഈശോയോടു്, കുഞ്ഞുങ്ങൾക്കുള്ള സ്നേഹത്തെ പൂർവ്വാധികം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുക.

## പ്രധാനപദങ്ങൾ

അപ്പിക്കുക, സ്വീകരിക്കുക, അധികാരം.

## പഠനോപകരണങ്ങൾ

ഈശോയും ഞാനും (കുട്ടിയും), ഒടുവിലത്തെ അത്താഴം (ചാർട്ടു്)

## ഭാഗം 1 രൂപരേഖ

## പ്രധാനാശയം

ഈശോ തന്നെത്തന്നെ സമ്മാനമായി അപ്പോസ്തലന്മാക്കു കൊടു

ക്കുന്നു. ഈശോയുടെ ശരീരം നമ്മുടെ ആത്മാവിൻെറ ഭക്ഷണമാകുന്നു.

**കഥ**

ഒടുവിലത്തെ അത്താഴം സംബന്ധിച്ചുള്ള ഭാഗം.

**കുട്ടികളുടെ പ്രവർത്തനം**

കൃതജ്ഞതാപ്രകടനം വളരെ ലളിതമായ വാക്കുകളിൽ നടത്തുക.

**പ്രയോഗം**

വി. കുർബാനവഴി ഈശോയെ സ്വീകരിക്കാനുള്ള അതിയായ ആഗ്രഹവും പ്രകടിപ്പിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ഒടുവിലത്തെ അത്താഴസമയത്ത് ഈശോ അപ്പോസ്തലന്മാർക്കു കൊടുത്ത സമ്മാനമെന്ത്?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

വി. കുർബാനവഴി നാം ഈശോയെ നമ്മുടെ ആത്മാവിൻെറ ഭക്ഷണമായി സ്വീകരിക്കുന്നു. ഒടുവിലത്തെ അത്താഴസമയത്ത് ഈശോ തന്നെ ആദ്യത്തെ ദിവ്യബലി അർപ്പിച്ചു. ഇന്ന് ഈശോയുടെ സ്ഥാനത്ത് പുരോഹിതൻ ബലി അർപ്പിക്കുന്നു. ഈശോയെ നമുക്ക് തരുന്നു.

**കഥ**

മോളി ആദ്യകുർബാന കൈക്കൊള്ളാൻ തയ്യാറാകുന്നത്.

**കുട്ടികളുടെ പ്രവർത്തനം**

വി. കുർബാന സ്വീകരണത്തിനുള്ള ആഗ്രഹം, കൃതജ്ഞതാപ്രകടനത്തിനുള്ള പ്രാർത്ഥന.

## പ്രയോഗം

ഞാൻ വിശുദ്ധ കുർബാനയിൽ ഭക്തിയോടെ പങ്കെടുക്കും, ഈശോ യെ സ്വീകരിക്കും, എന്നു നിശ്ചയിക്കുക.

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. ആരാണ് ആദ്യം ദിവ്യബലി അർപ്പിച്ചത്?
2. ഇന്നു ദിവ്യബലി അർപ്പിക്കുന്നത് ആര്?
3. നമ്മുടെ ആത്മാവിന്റെ ഭക്ഷണമായി നാം ഈശോയെ സ്വീക രിക്കുന്നതെങ്ങനെ?

# ഭാഗം 1 (30 മിനിററ്)

## പ്രാരംഭപ്രാർത്ഥന

നിങ്ങളിൽ എത്രപേർക്ക് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥ ന ചൊല്ലാനറിയാം? ആ പ്രാർത്ഥന ആരാണ് നമ്മെ പഠിപ്പിച്ചത്? ഈശോ പഠിപ്പിച്ച ഈ പ്രാർത്ഥന ചൊല്ലി നമുക്ക് പിതാവിനോട് അപേക്ഷിക്കാം.

## പ്രാരംഭം

ഇന്നലെ ഞാൻ ഒരു പുതിയ പള്ളി ആശീർവ്വദിക്കുന്നത് കാണാൻ പോയിരുന്നു. ആ ചടങ്ങുകഴിഞ്ഞ് ഞാൻ പള്ളിമുററത്തിറങ്ങി നാലുപാടും നോക്കിനിന്നു. അപ്പോൾ അവിടെ അങ്ങിങ്ങായി ക ളിച്ചുകൊണ്ടിരുന്ന കുറെ കുട്ടികൾ എന്റെ അടുക്കലേയ്ക്ക് ഓടിവന്നു. ഏറെനേരം ഞാൻ അവരോടു സംസാരിച്ചു. എല്ലാവർക്കും എന്തെങ്കി ലും വിശേഷം എന്നോട് പറയാൻ ഉണ്ടായിരുന്നു. ഞങ്ങൾ പുതിയ പള്ളിയെക്കുറിച്ചും സംസാരിച്ചു. അവരിൽ ഒരു കുട്ടി ഇങ്ങനെ പറ ഞ്ഞു: 'എന്റെ അപ്പൻ ശനിയാഴ്ചതോറും ഈ പള്ളിമുററത്തുവച്ച്പാ വങ്ങൾക്ക് കഞ്ഞികൊടുക്കാറുണ്ട്.' അതു പറഞ്ഞപ്പോൾ അവന്റെ മുഖത്ത് "താൻ വലിയ ആളാണെന്നൊരു ഭാവം" ഉണ്ടായിരുന്നു. തന്റെ അപ്പന്റെ പേരിൽ ആ കുട്ടി അഭിമാനം കൊള്ളുകയായിരു ന്നു. അതു കേട്ടപ്പോൾ മറെറാരുകുട്ടി പറഞ്ഞു: 'ഇവിടത്തെ കുട്ടികളെ വേദപാഠം പഠിപ്പിക്കുന്നത് എന്റെ ചേട്ടനാണ്.' ആ കുട്ടിയും ത ന്റെ ചേട്ടനെക്കുറിച്ചു അഭിമാനം കൊള്ളുകയാണ്. അവനു്, നല്ല

അറിവുള്ള ഒരു ചേട്ടൻ തനിക്കുണ്ടല്ലോ എന്നൊരു ഭാവം. താനും വലിയ ആളാണെന്നൊരു മട്ട്! എന്താ, ഈ കുട്ടികൾ അവരുടെ അപ്പനെയും ചേട്ടനെയും കുറിച്ച് അഭിമാനിച്ചതിൽ തെററുണ്ടോ? നമ്മളാണ് അവരുടെ സ്ഥാനത്തെങ്കിൽ അങ്ങനെ അഭിമാനിക്കയില്ലേ? നിങ്ങളുടെ അപ്പൻ മററുള്ളവരെ സഹായിക്കുന്ന ആളാണെന്ന് പറയാൻ നിങ്ങൾക്കു സന്തോഷമില്ലേ?

തീർച്ചയായും നമുക്കോരോരുത്തർക്കും അവരെപ്പോലെ അഭിമാനിക്കുവാൻ പററിയ ഒരു പിതാവുണ്ട്, ഒരു മൂത്ത ജേഷ്ഠനുമുണ്ട്. അതിനാൽ നമുക്കും വലിയ ആളുകളാണെന്ന് ഭാവിക്കാം. ആരാണ് ദാനശീലനായ നമ്മുടെ അപ്പനെന്ന് നിങ്ങൾക്കറിയാമോ? നമ്മുടെ സ്വർഗ്ഗീയപിതാവ്. അവിടുന്ന് നല്ലവനാണ്. എല്ലാരുടേയും എല്ലാ ആവശ്യങ്ങളും സാധിച്ചുകൊടുക്കുന്നവനാണ്. എന്തും ചെയ്യുവാൻ കഴിവുള്ളവനാണ്—സർവ്വശക്തനാണ്.

നമ്മെ പഠിപ്പിക്കുവാൻ–സ്വർഗ്ഗത്തേയ്ക്കുള്ള വഴി കാണിച്ചുതരാൻ കഴിവുള്ള ഒരു ജേഷ്ഠനുണ്ട് നമുക്ക്. ആരാണത്? ഈശോ, നമ്മുടെ രക്ഷകൻ. വലിയ ദാനശീലനായ ഒരു പിതാവും എല്ലാ കാര്യങ്ങളും അറിയാവുന്ന ഒരു സഹോദരനും നമുക്കുള്ളപ്പോൾ നമ്മളും വലിയ ആളുകളല്ലേ? നമ്മുടെ കുടുംബത്തിലുമുണ്ട് വലിയ ആളുകൾ. നമ്മുടെ രക്ഷകനായ ഈശോ ദൈവവും മനുഷ്യനുമല്ലേ!

ഈശോ ദൈവമാണെന്ന്— ദൈവപുത്രനാണെന്ന് നമുക്കെങ്ങനെ അറിയാം? ഈശോ ചെയ്ത ഒന്നു രണ്ടു അത്ഭുതപ്രവൃത്തികൾ പറയാമോ നിങ്ങൾക്ക്? (കഴിഞ്ഞ ക്ലാസ്സിൽ അവർ കേട്ട അത്ഭുതപ്രവൃത്തികളെക്കുറിച്ച് ചുരുക്കമായി കുഞ്ഞുങ്ങളെക്കൊണ്ട് പറയിക്കുക) താൻ ദൈവപുത്രനാണെന്ന് ഈശോ നമ്മെ കാണിച്ചുതന്നത് എന്തിനാണെന്ന് നിങ്ങൾക്കു പറയാമോ? നാം അവിടുത്തെ സ്നേഹിക്കാനും അനുസരിക്കാനും. ഈശോ നമ്മെ സ്വർഗ്ഗീയപിതാവിന്റെ അടുക്കലേക്ക് കൊണ്ടുപോകും. സ്വർഗ്ഗത്തിലെത്താൻ നാം ഈശോയെ അനുകരിച്ചു ജീവിക്കണം. അവിടുത്തെ അനുസരിക്കണം.

സ്വർഗ്ഗത്തേയ്ക്കുള്ള വഴി അത്ര എളുപ്പമല്ല—അതായത് ഈശോ പഠിപ്പിച്ചതനുസരിച്ച് ജീവിക്കുവാൻ അത്ര എളുപ്പമല്ല. ഈശോയ്ക്കുത് നന്നായിട്ടറിയാം. അതിനാൽ ഈശോ എപ്പോഴും നമ്മെ സഹായിക്കും—സഹായിക്കുവാൻ തയ്യാറായി ഈശോ നമ്മോടുകൂടിയുണ്ട്. അതിനാൽ നാം ഭയപ്പെട്ടിട്ട് ആവശ്യമില്ല. നമ്മെ സഹായിക്കുവാനായി തന്റെ മകനെത്തന്നെ ഈ ഭൂമിയിലേയ്ക്ക് അയച്ച സ്വർഗ്ഗീയപിതാവ് എത്ര നല്ലവനാണ്. ഈശോയെക്കൂടാതെ സ്വർഗ്ഗത്തിലെ

ത്താൻ നമുക്കു സാധ്യമല്ലെന്നു പിതാവിനറിയാം. ഈശോയെ കൂടാതെ ദൈവികജീവനും സ്നേഹവും നമ്മിലുണ്ടാകയില്ല. നാം ദൈവസ്നേഹമുള്ളവരായി വളർന്നുവരുവാൻ ഈശോ നമ്മെ സഹായിക്കുന്നതെങ്ങനെയെന്നറിയാമോ? നമ്മെ സഹായിപ്പാനായി നമ്മോടുകൂടി ഈശോ വസിക്കുന്നതെങ്ങനെയെന്നറിയാമോ? ഈശോ നമുക്കു തന്ന ഏററവും വലിയ സമ്മാനത്തെക്കുറിച്ചാണ് ഞാനിപ്പോൾ പറയാൻ പോകുന്നത്. എല്ലാവരും ശ്രദ്ധിച്ചു കേൾക്കുമല്ലോ.

ഈശോ മരിക്കുന്നതിൻെറ തലേനാൾ അവിടുന്നു വളരെവളരെ വിലപിടിച്ച ഒരു സമ്മാനം നമുക്കു തന്നു. അവിടുത്തേയ്ക്കു തരാൻ കഴിയുന്നതിൽ ഏററം വലിയ സമ്മാനം നമുക്കു തന്നു, അവിടുത്തേയ്ക്കു തരാൻ കഴിയുന്നതിൽ ഏററം വലിയ സമ്മാനം.

നിങ്ങൾ വളരെ ദൂരെ ഒരു രാജ്യത്തേയ്ക്കു് (സ്ഥലത്തേയ്ക്കു്) പോകാൻ തുടങ്ങുന്നുവെന്നു വിചാരിക്കുക. നിങ്ങൾ പോയിക്കഴിഞ്ഞാൽ പിന്നെ വളരെനാൾ—അനേകം വർഷങ്ങൾ കഴിഞ്ഞേ വരൂ. അതിനു മുമ്പ് നിങ്ങൾ എന്തൊക്കെ ചെയ്യും? നിങ്ങളുടെ കൂട്ടുകാരോടെല്ലാം യാത്ര പറയുകയില്ലേ? അവരോടൊത്തു്ഒരു കാപ്പികുടിയോ ഊണോ നടത്തുകയില്ലേ? നിങ്ങളുടെ അപ്പനമ്മമാർ ചിലപ്പോൾ അത്തരമൊരു സദ്യ നിങ്ങൾക്കുവേണ്ടി നടത്തിയെന്നുവരും. നിങ്ങൾ ഏററമധികം സ്നേഹിക്കുന്ന കൂട്ടുകാർക്കു് നിങ്ങളുടെ കൈവശമുള്ള ഏററവും നല്ല സമ്മാനം നിങ്ങളുടെ ഓർമ്മയ്ക്കായി കൊടുക്കുകയില്ലേ? സാധാരണ എല്ലാ ആളുകളും കൂട്ടുകാരെ ഏറെ നാളത്തേയ്ക്കു് പിരിയേണ്ടിവരുമ്പോൾ സമ്മാനങ്ങൾ കൈമാറും. ഏതാണ്ടു അതുപോലെയാണ്, ഈശോ ചെയ്തതു്. ഈശോയ്ക്കു തൻെറ അപ്പോസ്തലന്മാരെ പിരിയേണ്ട സമയം വന്നു. എന്നാൽ അവരോടുകൂടി എന്നേയ്ക്കുമായി വസിക്കണമെന്നു് അവിടുന്നു് അതിയായി ആഗ്രഹിച്ചു. അതിനു ഒരു മാർഗ്ഗം അവിടുന്നു് കണ്ടുപിടിച്ചു.

## പാഠാവതരണം

അപ്പോസ്തലന്മാർക്കു് അവരുടെ ആത്മാവിൻെറ ഭക്ഷണമായി ഈശോ തന്നെത്തന്നെ കൊടുക്കുന്നു. ഈശോ മരിക്കുന്നതിൻെറ തലേനാൾ തൻെറ സ്നേഹിതന്മാരിൽ രണ്ടു പേരെ വിളിച്ച് ഒരു പ്രത്യേകസദ്യ—പെസഹാ—തയ്യാർ ചെയ്യാൻ കല്പിച്ചു. അവർ രണ്ടുപേരും കൂടി ഈശോയുടെ ഒരു പരിചയക്കാരൻെറ വീട്ടിൽ എല്ലാം ഒരുക്കി. സന്ധ്യയായപ്പോൾ ഈശോ മററു് അപ്പോസ്തലന്മാരോടുകൂടി അവിടെ വന്നു. ഭക്ഷണം കഴിപ്പാനായി എല്ലാവരും ഇരുന്നു. അതൊരു വ്യാഴാഴ്ചദിവസം ആയിരുന്നു. നാമതിനെ പെസഹാവ്യാഴാഴ്ചയെന്നാണ് ഇന്നു് വിളിക്കുന്നതു്.

ഈശോയ്ക്ക് അപ്പോഠം വലിയ സങ്കടമായിരുന്നു. എന്തുകൊണ്ടെന്നാൽ ഇതു് തൻെറ അപ്പോസ്തലന്മാരോടുകൂടി താൻ കഴിക്കുന്ന അവസാനത്തെ അത്താഴമാണെന്നു ഈശോയ്ക്കു അറിയാമായിരുന്നു. അപ്പോസ്തലന്മാരതറിഞ്ഞിരുന്നില്ല. ഭക്ഷണനേരത്തു് ഈശോ തനിയ്ക്കു് അവസാനമായി തൻെറ സ്നേഹിതന്മാരോടു പറയാനുള്ളതെല്ലാം പറഞ്ഞു. താൻ, തന്നെ അയച്ച പിതാവിൻെറ അടുക്കലേയ്ക്കു പോകയാണു് എന്നു തുടങ്ങി പലതും.

ഈശോ തങ്ങളെ പിരിഞ്ഞുപോകുന്നു എന്നു് കേട്ടപ്പോഠം അപ്പോസ്തലന്മാർ ദു:ഖിച്ചു. അവർ വളരെയധികം സ്നേഹിച്ചിരുന്നു, ഈശോയെ.

അവരെ സമാധാനിപ്പിച്ചുകൊണ്ടു് ഈശോ വീണ്ടും ഇങ്ങനെ പറഞ്ഞു. "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകാതിരിക്കട്ടെ........ഞാൻ പോയി നിങ്ങഠക്കു സ്ഥലം സജ്ജമാക്കിക്കഴിയുമ്പോഠം വീണ്ടും വന്നു നിങ്ങളെ കൂട്ടിക്കൊണ്ടു് പോകും. ഞാനിരിക്കുന്നേടത്തു് നിങ്ങളും ആയിരിക്കണം" (യോഹ. 14:1–3)

ഈശോ എന്തോ വലിയ കാര്യം ചെയ്യാൻ പോകുന്നതുപോലെ അവക്കു തോന്നി. ഈശോയുടെ ഓരോ വാക്കും പെരുമാററവും അവർ ശ്രദ്ധിച്ചു. ആക്കും ഊഹിക്കാൻപോലും കഴിയാത്ത ഒരു കാര്യമാണു് അവിടുന്നു ചെയ്യാൻ പോകുന്നതു്. (വളരെ സാവധാനത്തിൽ ബഹുമാനത്തോടെ വ്യക്തമായി പറയുക). "........ഈശോ അപ്പമെടുത്തു് ആശീർവ്വദിച്ചു മുറിച്ചു് ശിഷ്യന്മാക്കു കൊടുത്തുകൊണ്ടു് അരുഠംചെയ്തു: 'വാങ്ങി ഭക്ഷിക്കുവിൻ, ഇതെൻെറ ശരീരമാകുന്നു.'"

(മത്തായി. 26:26)

ഈശോ എന്താണീ ചെയ്തതു്? ഈശോ അപ്പം കൈയ്യിലെടുത്തു. (ടീച്ചർ അഭിനയിച്ചു കാണിക്കണം ഈ ഭാഗം) അവിടുന്നു് തൻെറ പിതാവിനു് നന്ദിപറഞ്ഞുകൊണ്ടു് "ഇതെൻെറ ശരീരമാകുന്നു" എന്നു പറഞ്ഞു. അനന്തരം അതു് ഭാഗിച്ചു് അപ്പോസ്തലന്മാക്കു കൊടുത്തു.

ഈശോ എന്താണവക്കു് ഇപ്പോഠം കൊടുത്തതെന്നറിയാമോ? വെറും അപ്പമാണോ? അപ്പമാണെന്നാണോ ഈശോ പറഞ്ഞതു്? പിന്നെന്തു പറഞ്ഞു? അതു് കാഴ്ചയ്ക്കു് വെറും അപ്പമായിരുന്നു. എങ്കിലും അതു സാക്ഷാൽ ഈശോയുടെ ശരീരമായി മാറി. അങ്ങനെയാണല്ലോ ഈശോ പറഞ്ഞതു്. അതെ, കാഴ്ചയിൽ അപ്പമായ ആ വസ്തു ഈശോയുടെ ശരീരം തന്നെയായിത്തീന്നു. വലിയ അത്ഭുതങ്ങഠം ചെയ്ത ഈശോയ്ക്കു്—മരിച്ചുപോയ പെൺകുട്ടിയെ ഉയിപ്പിച്ച ഈശോയ്ക്കു്, കൊടുങ്കാററിനെ ശാന്തമാക്കിയ ഈശോയ്ക്കു്, അപ്പത്തെ തൻെറ

ശരീരമാക്കാനും സാധിക്കും. എന്തുകൊണ്ടെന്നാൽ ഈശോ ദൈവമാകുന്നു.

എത്ര വലിയ സമ്മാനമാണ്, ഈശോ തൻെറ സ്നേഹിതന്മാർക്ക് കൊടുത്തത്. ഈശോ അവിടുത്തെ ശരീരംതന്നെ അവരുടെ ആത്മാവിൻെറ ഭക്ഷണമായി കൊടുത്തു. അങ്ങനെ ആ നിമിഷംമുതൽ ഒരു പ്രത്യേകവിധത്തിൽ ഈശോ അവരുടെ സ്വന്തമായിത്തീർന്നു. അവരുടെ അടുത്തു—അവരുടെ ഹൃദയത്തിൽ—ആത്മാവിൽ ഒന്നിച്ചുചേർന്നു. അതായത് തൻെറ സ്വന്തം ജീവനും സ്നേഹവും മുഴുവനായി അവർക്ക് കൊടുത്തു. അങ്ങനെ നമ്മുടെ ജീവൻ പുഷ്ടിപ്പെടുത്തുന്നതിന് തന്നെത്തന്നെ നമുക്കു ഭക്ഷണമായി നൽകിക്കൊണ്ട് ഈശോ നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തിയിരിക്കുന്നു. ഈശോയുടെ ഈ പ്രവൃത്തി കണ്ട് സ്വർഗ്ഗീയപിതാവു സന്തോഷിച്ചു.

ഒരു പ്രത്യേകരീതിയിൽ ഈശോ തന്നെത്തന്നെ അപ്പോസ്തലന്മാർക്കു കൊടുത്തു. ഇതിനു വി. കുർബാന എന്നാണ് പറയുന്നത്. ഒടുവിലത്തെ അത്താഴനേരത്ത് അപ്പോസ്തലന്മാർ-ഈശോയുടെ ഏററം പ്രിയപ്പെട്ട സ്നേഹിതന്മാർ—ആദ്യത്തെ കുർബാന സ്വീകരിച്ചു. അങ്ങനെ അവർ ഈശോയുമായി ഒന്നുചേർന്നു—ഈശോ അവരിലും അവർ ഈശോയിലുമായിത്തീർന്നു. ഇതൊരു വലിയ രഹസ്യമാണ്. നമുക്കിപ്പോൾ മനസ്സിലാക്കാൻ സാധിക്കയില്ല. പക്ഷേ നാം വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു ദൈവപുത്രനാണ്, ദൈവമാണ്. എന്തും ചെയ്യുവാൻ അവിടുത്തേയ്ക്കു സാധിക്കും.

വി. കുർബാന സ്വീകരിച്ചു കഴിഞ്ഞപ്പോൾ അപ്പോസ്തലന്മാർ ഈശോയ്ക്കു നന്ദി പറഞ്ഞിരിക്കണം. വി. കുർബാന സ്വീകരിച്ചു കഴിയുമ്പോൾ നമ്മളും ഈശോയ്ക്കു നന്ദി പറയണം. അതിനുള്ള പരിശീലനം ഇപ്പഴേ തുടങ്ങാം.

**കുട്ടികളുടെ പ്രവർത്തനം**

(കുഞ്ഞുങ്ങൾ എഴുന്നേററ്, കൈകൾ മാറത്തണച്ച് തല അല്പം കുനിച്ചു ബഹുമാനപൂർവ്വം നില്ക്കട്ടെ.)

| അദ്ധ്യാപകൻ | കുട്ടികൾ |
| --- | --- |
| ഈശോയെ അങ്ങ് ഞങ്ങളോടു കാണിച്ച വലുതായ സ്നേഹത്തിന് | നല്ല ഈശോയെ അങ്ങേയ്ക്കു നന്ദി. |
| വി. കുർബ്ബാന വഴിയായി അങ്ങയെത്തന്നെ ഞങ്ങൾക്കു തന്നതിന്. | |

| | |
|---|---|
| ഞങ്ങളുടെ ആത്മാവിൻ ഭക്ഷണമായി തീൎന്നതിനു്. | നല്ല ഈശോയെ അങ്ങേയ്ക്കു നന്ദി. |
| അങ്ങേ ജീവനും സ്നേഹവും ഞങ്ങൾക്കു തന്നതിനു്. | ,, ,, |

ഒരു ദിവസം, മിക്കവാറും അടുത്തവഷം, നിങ്ങളും വി. കുബ്ബാനവഴി ഈശോയെ സ്വീകരിക്കും. ഈശോയെ കൂടുതൽ കൂടുതൽ സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ, എന്നു് ഈശോയോടു അപേക്ഷിക്കണം. "എൻെറ ആത്മാവിലേയ്ക്കു്, ഈശോയേ, വേഗം വന്നാലും" എന്നു കൂടെക്കൂടെ പറയണം. ഈശോയെക്കുറിച്ച് ഓർമ്മവരുമ്പോഴെല്ലാം ഇതു പറയണം. കളിക്കുമ്പോഴും ജോലി ചെയ്യുമ്പോഴും മററും നിങ്ങൾക്കിതു മനസ്സുകൊണ്ടു പറയാം, നിങ്ങൾക്കു് ഈശോയെ കൈക്കൊള്ളുവാൻ ആശയുണ്ടെങ്കിൽ.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ഈശോ എപ്പോഴാണു് ഒടുവിലത്തെ അത്താഴം കഴിച്ചതു്?

2. ഒടുവിലത്തെ അത്താഴസമയത്തു് ഈശോ തൻെറ സ്നേഹിതന്മാക്കു് എന്തു സമ്മാനം കൊടുത്തു?

## ഭാഗം 2 (30 മിനിററ്)

### പാഠാവതരണം

വി. കുബ്ബാനവഴി നാം ഈശോയെ സ്വീകരിക്കുന്നു. നമ്മിൽ വസിക്കുവാൻ ഈശോ ആഗ്രഹിക്കുന്നു. നിങ്ങൾക്കു കഥ കേൾക്കാൻ ഇഷ്ടമാണോ? ഞാനൊരു കഥ പറയാം. ആറുവയസ്സു പ്രായമുള്ള ഒരു കുട്ടിയാണു് മോളി. മോളിയ്ക്കു് ഏഴുവയസ്സു പ്രായമുള്ള ഒരു സഹോദരനുണ്ടു്. അവൻെറ പേരു് ബാബു. രണ്ടുപേരും നല്ല കുട്ടികളാണു്, അപ്പനമ്മമാരെ അനുസരിക്കും. പാഠങ്ങൾ നന്നായി പഠിക്കും. നന്നായി കളിക്കും. മര്യാദയോടെ മററുള്ളവരോടു പെരുമാറും. ഞായറാഴ്ചദിവസം പള്ളിയിൽ പോകും. വേദപാഠം മുടക്കാറില്ല. നിങ്ങളും നല്ല കുട്ടികളാണു്. ഈശോയുടെ ഇഷ്ടമനുസരിച്ചു് നിങ്ങൾ എന്നും നല്ലവരായിരിക്കണം കേട്ടോ? ഈശോയ്ക്കു് കുഞ്ഞുങ്ങളെ വളരെ ഇഷ്ടമാണെന്നു് നിങ്ങൾ പഠിച്ചില്ലേ? ഈശോ കുഞ്ഞുങ്ങളുടെ അടുക്കലേയ്ക്കു വരും. അവിടുത്തേയ്ക്കു് അവരെ വളരെ ഇഷ്ടമാണു്. നിങ്ങൾ ഈശോയെ കൂടുതലായി സ്നേഹിക്കണം. അങ്ങനെ ഈശോയെ നിങ്ങൾ സ്വീരിക്കുവാൻ തയ്യാറായിക്കഴിയുമ്പോൾ അവിടു

ന്നു നിങ്ങളുടെ അടുക്കലേയ്ക്കും വരും. മോളി ഈശോയെ സ്വീകരിക്കുവാൻ തയ്യാറാകുകയാണു്.

നോക്കുക, ഈശോ എത്ര നല്ലവനാണെന്നു്! ഈശോയ്ക്കല്ലാതെ വേറെ ആർക്കെങ്കിലും ഇത്തരം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമോ?. അവിടുന്നു തന്നെത്തന്നെ നമുക്കോരോരുത്തർക്കും തരികയാണു ചെയ്യുന്നതു്. ഇതിൽനിന്നു എന്താണു നാം മനസ്സിലാക്കേണ്ടതു്? ഈശോയെപ്പോലെ ഇത്രയധികമായി നമ്മെ സ്നേഹിക്കുന്നവർ മററാരുമില്ലെന്നു്. പലരും നമ്മെ സ്നേഹിക്കാറുണ്ടു്. പലരും നമുക്കു സമ്മാനങ്ങൾ തരാറുണ്ടു്. പക്ഷേ ഈശോ തന്നതുപോലൊരു സമ്മാനം നമുക്കു തരാനോ, ഈശോയെപ്പോലെ നമ്മെ സ്നേഹിക്കാനോ ആർക്കും സാദ്ധ്യമല്ല. അവിടുത്തെ ജീവനും സ്നേഹവും നമുക്കു തരാൻവേണ്ടി മാത്രമാണു് അവിടുന്നു ഭൂമിയിലേക്കു വന്നതു്. നമ്മിലുള്ള ദൈവികജീവൻ വർദ്ധിക്കുന്നതിനു് അവിടുത്തെത്തന്നെ നമ്മുടെ ആത്മാവിനു ആഹാരമായി തരുന്നു.

ഇപ്പോൾ ഈശോ സ്വർഗ്ഗത്തിലാണു്. അതേസമയത്തു വിശുദ്ധ കുർബ്ബാനവഴിയായി നമ്മോടുകൂടിയുമുണ്ടു്. അവിടുത്തെ കാണാൻ സാദ്ധ്യമല്ലെന്നുമാത്രം. വെറും അപ്പത്തെ ഈശോയുടെ ശരീരമായി മാററാനുള്ള ശക്തി ഈശോ അപ്പോസ്തലന്മാർക്കു കൊടുത്തു. ഇപ്പോൾ അപ്പോസ്തലന്മാർ ആരും ഇല്ലല്ലോ. അവരെല്ലാം മരിച്ചുപോയില്ലേ? എന്നാൽ ഒരു കാര്യം അവർ ചെയ്തു. അതായതു്, അവർക്കു ഈശോയിൽനിന്നുകിട്ടിയ അധികാരം വൈദികർക്കു്—പുരോഹിതന്മാർക്കു് അവർ കൊടുത്തു. ദിവ്യബലിസമയത്തു് ഈശോ പ്രവർത്തിച്ചതുപോലെ പുരോഹിതന്മാർ അപ്പത്തെ ക്രിസ്തുവിൻെറ ശരീരമായി മാററുന്നു. നമ്മൾ അതു് സ്വീകരിക്കുന്നു.

നമ്മുടെ രക്ഷകനായ ഈശോ ഒടുവിലത്തെ അത്താഴനേരത്തു് ആദ്യത്തെ ദിവ്യബലി അർപ്പിച്ചു. അവിടുന്നു് സ്വർഗ്ഗത്തിലേയ്ക്കു് പോയ ശേഷം അപ്പോസ്തലന്മാർ ദിവ്യബലി അർപ്പിച്ചു. ഇപ്പോൾ വൈദികൻ ദിവ്യബലി അർപ്പിക്കുന്നു. വൈദികൻ ദിവ്യബലി അർപ്പിക്കുന്നതു നിങ്ങൾ കണ്ടിരിക്കില്ലേ? (ദിവ്യബലി അർപ്പിക്കുന്ന ചിത്രം— വിവിധ ഭാഗങ്ങൾ— കുഞ്ഞുങ്ങൾക്കു് കാണിച്ചുകൊടുക്കുക) ഒരു വലിയ പുസ്തകംനോക്കി ദിവ്യബലിസമയത്തു് ധാരാളം പ്രാർത്ഥനകൾ വൈദികൻ ചൊല്ലുന്നതു് നിങ്ങൾ കണ്ടിട്ടില്ലേ? ഈ പ്രാർത്ഥനസമയത്തു് ഈശോ ഒടുവിലത്തെ അത്താഴത്തിൽ ചെയ്തതുപോലെ വൈദികനും ചെയ്യുന്നുണ്ടു്. അദ്ദേഹം അപ്പം കയ്യിലെടുത്തു് ഈശോ പറഞ്ഞ അതേവാക്കുകൾ, ഇതെൻെറ ശരീരമാകുന്നു എന്ന വാക്കുകൾ, പറഞ്ഞു അപ്പത്തെ ഈശോയുടെ ശരീരമായി മാററുന്നു.

വി. കുർബ്ബാന സ്വീകരിക്കുമ്പോൾ നമ്മൾ നല്ലവണ്ണം ഒരുങ്ങണം. ഈശോ തൻെറ ശരീരത്തെ ആത്മാവിനു ഭക്ഷണമായി അപ്പോസ്തലന്മാർക്കു് കൊടുക്കുന്നതിനുമുൻപു് അവരെ മൂന്നുവർഷം പഠിപ്പിച്ചു—

അതു് സ്വീകരിപ്പാനായി അവരെ ഒരുക്കി. അവർ ഈശോയെക്കുറിച്ച് നന്നായിട്ടറിയണമായിരുന്നു. അവിടുത്തെ സ്നേഹിക്കണമായിരുന്നു. അവർ ഈശോയെ അനുസരിക്കാൻ തയ്യാറാകണമായിരുന്നു. അതെല്ലാം അവർ ചെയ്തുകഴിഞ്ഞിട്ടേ ഈശോ തന്നെത്തന്നെ അവക്കു് കൊടുത്തുള്ളു. അതുപോലെ നമ്മളും ഈശോയെക്കുറിച്ചു ഏറെ കാര്യങ്ങളും മനസ്സിലാക്കിക്കഴിഞ്ഞു്, അവിടുത്തെ സ്നേഹിക്കുമ്പോളും ഈശോ തന്നെത്തന്നെ നമുക്കു തരും. അതുകൊണ്ടു് വേഗം തയ്യാറാവുക. ദിവസേന ഈശോയെ കൂടുതൽ കൂടുതൽ സ്നേഹിക്കുക. അപ്പോളും വി. കുർബ്ബാനവഴി ഈശോ നിങ്ങളുടെ അടുക്കലേയ്ക്കു് വരും.

വേദപാഠക്ലാസ്സിൽ മുടങ്ങാതെ പോയി ഇശോയെക്കുറിച്ചു് കൂടുതൽ കാര്യങ്ങളും പഠിക്കാൻ ശ്രമിക്കണം. അവിടുത്തെ സ്നേഹിക്കുക. തമ്മിൽത്തമ്മിൽ സ്നേഹിക്കണമെന്നു് ഈശോ പഠിപ്പിച്ചിട്ടുണ്ടു്. അതു ചെയ്താൽ നാം ഈശോയെ സ്നേഹിക്കുന്നുണ്ടെന്നു കാണിക്കുകയായിരിക്കും ചെയ്യുന്നതു്. മററു കുട്ടികൾക്കു് നിങ്ങളാൽ ആവും വിധം സഹായങ്ങളും ചെയ്തുകൊടുത്തു് ഈശോയെ സ്നേഹിക്കുന്നുണ്ടെന്നു കാണിക്കണം. ഈശോ കുഞ്ഞായിരുന്നപ്പോളും ചെയ്തതുപോലെ എല്ലാ പ്രവൃത്തികളും നിങ്ങളും സ്വർഗ്ഗീയപിതാവിനോടുള്ള സ്നേഹത്തെപ്രതി ചെയ്യണം. യോഗ്യതാപൂർവ്വം അവിടുത്തെ കൈക്കൊള്ളുവാൻ സഹായിക്കണമേ എന്നു് ഈശോയോടു പ്രാർത്ഥിക്കണം. നമ്മുടെ കഥയിലെ മോളി കുർബ്ബാന സ്വീകരണത്തിനു് ഒരുങ്ങിയതു് എങ്ങനെ എന്നു കേൾക്കൂ. അവൾ നന്നായി പ്രാർത്ഥിച്ചു. ജോലികളെല്ലാം ഭംഗിയായി ചെയ്തുതീർത്തു. പാഠങ്ങളും നന്നായി പഠിച്ചു, വിശേഷിച്ചു് വേദപാഠങ്ങളും. 'ഈശോയെ എൻെറ ഹൃദയത്തിൽ എഴുന്നള്ളിവരണമേ' എന്നവൾ പലപ്രാവശ്യം പ്രാർത്ഥിച്ചു. നിങ്ങൾക്കും മോളി ചെയ്തതുപോലെ ചെയ്യാൻ ആഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ നമുക്കിപ്പോൾത്തന്നെ ഒരുമിച്ചുനിന്നു് ഇങ്ങനെ പ്രാർത്ഥിക്കാം.

## കുട്ടികളുടെ പ്രവർത്തനം

"സ്വർഗ്ഗസ്ഥനായ പിതാവേ, ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. അങ്ങുതന്ന എല്ലാ സമ്മാനങ്ങൾക്കും നന്ദി പറയുന്നു. അവിടുത്തെ പുത്രനെ ഞങ്ങൾക്കു തന്നതിനു് നന്ദിപറയുന്നു. അങ്ങേ ഞങ്ങൾ ആരാധിക്കുന്നു; സ്നേഹിക്കുന്നു. വി. കുർബ്ബാനവഴി ഈശോയെ സ്വീകരിപ്പാൻവേണ്ട വലിയഭാഗ്യം ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങു വസിക്കേണമേ."

നമുക്കു് ഈശോയെക്കുറിച്ചും അവിടുത്തെ വലിയ ദാനമായ വി. കുർബ്ബാനയെക്കുറിച്ചും കുറെയെങ്കിലും അറിവുണ്ടു്. എന്നാൽ ഈശോയെ അറിയാത്തവർ– അവിടുത്തെ സമ്മാനത്തെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ ധാരാളം പേരുണ്ടു്. അവക്കുവേണ്ടി എന്തെങ്കിലും ചെയ്‌വാൻ നമ്മെക്കൊണ്ടു് സാധിക്കുമോ? അവക്കുവേണ്ടി നമുക്കു

പ്രാർത്ഥിക്കുവാൻ സാധിക്കും. ഈശോയെക്കുറിച്ച് മററുള്ളവരോട് സംസാരിക്കുവാൻ അവസരം കിട്ടുമ്പോൾ അത് പാഴാക്കരുത്. (ഇങ്ങനെയുള്ള കാര്യങ്ങൾ കുഞ്ഞുങ്ങളിൽനിന്നുതന്നെ ചോദിച്ചു വരുത്താൻ ശ്രമിക്കുക. പള്ളിയിൽപോയി ഈശോയെ സന്ദർശിക്കുവാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുക)

## ഓർമ്മിക്കാൻ
## ചോദ്യങ്ങൾ

1. അത്താഴസമയത്ത് ഈശോ ശിഷ്യന്മാർക്ക് കൊടുത്ത സമ്മാനമെന്തായിരുന്നു?

2. ആദ്യത്തെ ദിവ്യബലി അർപ്പിച്ചതു് ആരാണ്?

3. ഇന്നു ദിവ്യബലി അർപ്പിക്കുന്നതിനു് അധികാരമുള്ളതാർക്ക്?

4. എപ്പോഴാണ് ഈശോ നമ്മുടെ ആത്മാവിനു ഭക്ഷണമായിത്തീരുന്നതു്?

## ഉപസംഹാരപ്രാർത്ഥന

ഈശോയെ കൈക്കൊള്ളാനുള്ള കുഞ്ഞുങ്ങളുടെ ആഗ്രഹം പ്രകടമാക്കാൻ ഒരവസരം നൽകുക. ഒരു വാക്യത്തിലുള്ള ഒരു പ്രാർത്ഥനയായാലും മതി. ഒരാൾ പ്രാർത്ഥിക്കട്ടെ, മററുള്ളവർ ഏററുചൊല്ലട്ടെ.

# 16

## ഈശോ നമുക്കുവേണ്ടി മരിക്കുന്നു

### ഉപക്രമം

ഈശോയുടെ പീഡാനുഭവങ്ങൾ ആറും ഏഴും വയസ്സുള്ള കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുമ്പോൾ അവയുടെ വിശദാംശങ്ങളിലേക്കു പ്രവേശിക്കേണ്ടതില്ല. വളരെ ചുരുങ്ങിയ ഒരു ചരിത്രപശ്ചാത്തലം മനസ്സിലാക്കിക്കൊടുത്താൽ മതിയാകും. അദ്ധ്യാപകൻ ഊന്നിപ്പറയേണ്ട, ചൂണ്ടിക്കാണിക്കേണ്ട, സംഗതികൾ രണ്ടേയുള്ളു. ഒന്ന് ഈശോയ്ക്ക് സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള സ്നേഹം, നമ്മുടെ നേർക്കു ഈശോ കാണിച്ച അളവററ കരുണയും സ്നേഹവും; രണ്ടാമത്തേത്, ഈശോ നമുക്കുവേണ്ടി തൻെറ ജീവനെ പിതാവായ ദൈവത്തിനു ബലിയർപ്പിക്കുന്നു. നമ്മുടെ പാപത്തിനുള്ള കടം അവിടുന്നു വീട്ടുന്നു. ദൈവം നമ്മെ തൻെറ മക്കളാക്കുകയും സ്വർഗ്ഗത്തിനു അവകാശികളാക്കിത്തീർക്കുകയും ചെയ്യുന്നു. ഈ ആശയങ്ങളാണ് കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ പതിയേണ്ടതു്. പീഡാനുഭവചരിത്രം മുഴുവനും ചൂണ്ടിക്കാണിക്കുന്നതു്, പാപത്തിൻെറ കാഠിന്യവും ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹവുമാണ്. നമുക്കു പിതാവായ ദൈവത്തിനു നല്കാനുള്ള കറയററ– വിലപിടിച്ച-- സമ്മാനമാണ് ഈശോ, നമ്മുടെ നന്ദികേടിനു പരിഹാരമായി കൊടുക്കുവാൻ മതിയായ സമ്മാനം.

ഈ പാഠത്തിൻെറ രണ്ടാംഭാഗത്തു് കുരിശിൻെറ വഴിയെ സംബന്ധിച്ചു് അല്പം വിശദമായി കുഞ്ഞുങ്ങൾ പഠിക്കുന്നുണ്ടു്. അതിൽ എട്ടു സ്ഥലങ്ങൾ മാത്രമെ ഉൾക്കൊള്ളിച്ചിട്ടുള്ളു. കുഞ്ഞുങ്ങളുടെ ഗ്രഹണശേഷിയെ ഭാരപ്പെടുത്താൻ ഇടവരാതിരിക്കുന്നതിനാണ് അപ്രകാരം ചെയ്തിരിക്കുന്നതു്. പീഡാനുഭവആഴ്ചയോടു് വളരെ അടുത്തുവരുന്ന കാലത്തു് ഈ പാഠം പഠിപ്പിക്കുന്നതു് കൂടുതൽ ഫലവത്തായിരിക്കും. പഠിച്ച സംഗതികൾ ആവർത്തിക്കപ്പെടാനും അതേപ്പററി കൂടുതൽ ചിന്തിക്കാനും ഒരവസരമുണ്ടാകുമല്ലോ.

### ലക്ഷ്യം

രക്ഷകനോടുള്ള സ്നേഹവും കൃതജ്ഞതയും വളർത്തുക.

### പ്രധാനപദങ്ങൾ

സമർപ്പിക്കുക, ബലി, രക്ഷ.

## ഭാഗം 1 രൂപരേഖ

### പ്രധാനാശയം

നമ്മുടെ പാപത്തിന് പരിഹാരമായി ഈശോ തന്നെത്തന്നെ സ്വർഗ്ഗസ്ഥനായ പിതാവിന് ബലിയർപ്പിക്കുന്നു. ഈശോ എല്ലാ കാര്യങ്ങളിലും തന്റെ പിതാവിനെ അനുസരിച്ചു, കുരിശുമരണംവരെ.

### കഥ

പീഡാനുഭവകഥ.

### കുട്ടികളുടെ പ്രവർത്തനം

നമ്മുടെ രക്ഷക്കായി ഈശോ കുരിശിൽ മരിച്ചതു് ഓർത്തുകൊണ്ടു കുരിശിനെ വണങ്ങുക.

### പ്രയോഗം

നമുക്കുവേണ്ടി സ്വന്തം ജീവനെ ബലിയർപ്പിച്ച ഈശോയ്ക്കു് നന്ദി പറയുക.

### ഓർമ്മിക്കാൻ ചോദ്യങ്ങൾ

1. ഈശോ ആരുടെ രക്ഷയ്ക്കുവേണ്ടി കുരിശിൽ മരിച്ചു?
2. ആരാണു് നമ്മുടെ പാപത്തിനു് പരിഹാരം ചെയ്തതു്?
3. എപ്പോഴാണു് നാം ഈശോയെ സ്വർഗ്ഗസ്ഥനായ പിതാവിനു കാഴ്ചവയ്ക്കുന്നതു്.

## ഭാഗം 2 രൂപരേഖ

### പ്രധാനാശയം

ഈശോ നമുക്കുവേണ്ടി വളരെയധികം കഷ്ടതകൾ അനുഭവിച്ചു. ഈശോ അനുഭവിച്ച വേദനയും കഷ്ടപ്പാടുകളും പാപം എത്രയും വലുതാണെന്നും ദൈവം പാപത്തെ എത്രയധികം വെറുക്കുന്നുവെന്നും കാണിക്കുന്നു.

### കഥ

ബൈബിളിനെ അവലംബിച്ച് ക്രിസ്തുവിന്റെ പീഡാനുഭവയാത്രയെപ്പററി പറയുക.

### കുട്ടികളുടെ പ്രവത്തനം

കുരിശിൻെറ വഴി കഴിക്കുക. അദ്ധ്യാപകനും കുട്ടികളോടൊന്നിച്ചു ചേരുക.

### പ്രയോഗം

ത്യാഗത്തിൻെറ അരൂപി, ഈശോയോടുള്ള സ്നേഹത്തെപ്രതി വളത്തിയെടുക്കുക.

### ഓമ്മിക്കാൻ ചോദ്യങ്ങഠം

1. ഈശോ അനുഭവിച്ച കഷ്ടതകളിൽ ചിലതു പറയാമോ?
2. എന്തിനാണ് ഈശോ കഷ്ടതകഠം സഹിച്ചതു്?
3. നാം എങ്ങനെയാണ് ഈശോയോടു് സ്നേഹം കാണിക്കുവാൻ പോകുന്നതു്?
4. ഈശോ ഇന്നും തന്നെത്തന്നെ സമപ്പിക്കുന്നതെങ്ങനെ?
5. ഈശോ തന്നെത്തന്നെ ആക്കു് സമപ്പിച്ചു?

## ഭാഗം 1 (30 മിനിററു്)

### പ്രാരംഭപ്രാത്ഥന

എൻെറ നല്ല ദൈവമേ........ (മുൻപാഠത്തിലെപോലെ)

### പ്രയോഗം

ആരാണ് നമുക്കു് ദൈവികജീവനും സ്നേഹവും തരുന്നതു്?— നമ്മുടെ ആത്മാവിൻെറ ആഹാരമായി നാം ഈശോയെ സ്വീകരിക്കുന്നതെപ്പോഴാണ്?— വിശുദ്ധ കുബ്ബാനവഴി ഈശോ തന്നെത്തന്നെ ആക്കാണ് ആദ്യം കൊടുത്തതു്?— എപ്പോഠം കൊടുത്തു? ദിവ്യബലി അപ്പിച്ചു് ഈശോയെ നമുക്കു തരാൻ അധികാരമുള്ളതു് ആക്കാണെന്നു പറയാമോ?

ഈശോ എത്ര നല്ലവനാണെന്നോ! നമ്മെ സ്വഗ്ഗത്തേക്കു്— പിതാവിൻെറ അടുക്കലേക്കു്— കൊണ്ടുപോകാനായി ഈശോ ഭൂമിയിലേക്കുവന്നു. അതിനായി മാത്രമാണ് പിതാവു് തൻെറ പുത്രനെ ഭൂമിയിലേക്കു് അയച്ചതു്. ഈശോയാകട്ടെ, സ്വഗ്ഗത്തേക്കുള്ള വഴി കാണിച്ചു തരിക മാത്രമല്ല, തന്നെത്തന്നെ മുഴുവനായി നമുക്കു തരികയും ചെ

സ്സ. നമ്മുടെ ആത്മാവിനു ഭക്ഷണമായി അവിടുത്തെ ശരീരം നമുക്കു തന്നു് ഈശോ നമ്മെ ഇന്നും ശക്തിപ്പെടുത്തുന്നുണ്ടു്. അവിടുന്നു നമ്മുടെ ആത്മാവിനു് ഭക്ഷണമായി തീർന്നതുകൂടാതെ ഈശോ വേറെ ചില കാര്യങ്ങൾ കൂടി നമുക്കുവേണ്ടി ചെയ്തു. അങ്ങനെ എത്രയധികമായി ഈശോ നമ്മെ സ്നേഹിക്കുന്നുണ്ടെന്നു കാണിച്ചുതന്നു. അവിടുന്നു നമുക്കുവേണ്ടി ചെയ്തതെന്തൊക്കെയാണെന്നു്—അനുഭവിച്ചതെന്തൊക്കെയാണെന്നാണു് ഞാനിപ്പോൾ പറയാൻ പോകുന്നതു്.

പക്ഷേ അതിനുമുൻപു് ഞാൻ പണ്ടു് നിങ്ങളെ പഠിപ്പിച്ച ചില കാര്യങ്ങൾ നിങ്ങൾ ഓർക്കുന്നുണ്ടോ എന്നു നോക്കട്ടെ. ദൈവം ആദ്യം ഉണ്ടാക്കിയ മനുഷ്യൻ ആരു്? ആദ്യസ്ത്രീയുടെ പേരെന്തു്? ആദവും ഹവ്വയും പിതാവായ ദൈവത്തെ എല്ലായ്പ്പോഴും അനുസരിച്ചോ? അവർ അനുസരിച്ചില്ല. അവർ പാപം ചെയ്തു. അതിന്റെ ഫലമായി നമുക്കും അവർക്കും നഷ്ടപ്പെട്ടതെന്താണെന്നു പറയാമോ? ദൈവികജീവനും സ്നേഹവുമില്ലെങ്കിൽ നമുക്കു ദൈവത്തിന്റെ മക്കളായിത്തീരാൻ സാധിക്കുമായിരുന്നോ? പാപം ചെയ്തു കഴിഞ്ഞപ്പോൾ ദൈവം ആദിമാതാപിതാക്കളെ എന്തു ചെയ്തു? അവരെ തോട്ടത്തിൽനിന്നു് പുറത്താക്കിക്കൊണ്ടു് ദൈവം അവർക്കു പല ശിക്ഷകൾ നൽകി. ദൈവം അവർക്കു കൊടുത്ത ശിക്ഷകളിൽ ചിലതു പറയാമോ? അവിടുന്നു് അവരെ ശിക്ഷിച്ചെങ്കിലും അവരുടെ ദുഃഖം കണ്ടപ്പോൾ അവരോടു് എന്താണു് വാഗ്ദാനം ചെയ്തതു്? ആരാണു് അക്കാര്യം ഓർമ്മിക്കുന്നതു്? നമ്മെ രക്ഷിക്കുവാനായി തന്റെ പുത്രനെ അയയ്ക്കാമെന്നു പറഞ്ഞു, അല്ലേ. ആരാണു് ഈ ദൈവപുത്രൻ? ദൈവപുത്രൻ ആരായി ജനിച്ചു? പിതാവിനെ അനുസരിക്കുവാൻ വേണ്ടി നമ്മോടുള്ള സ്നേഹത്തെപ്രതി ഈശോ പാവപ്പെട്ട കുട്ടിയായി ഭൂമിയിൽ ജനിച്ചു. തന്റെ ജീവിതകാലം മുഴുവനും ഈശോ തന്റെ പിതാവിനെ അനുസരിച്ചുകൊണ്ടു് ജീവിച്ചു. ഒടുവിൽ താൻ മരിക്കുന്നതിന്റെ തലേനാൾ അവിടുത്തെ ശരീരം നമ്മുടെആത്മാവിനു ഭക്ഷണമായി തന്നു. അനന്തരം നമ്മുടെ പാപത്തിനു പരിഹാരമായി അവിടുന്നു തന്നെത്തന്നെ ബലിയർപ്പിച്ചു. അവിടുന്നു നമുക്കുവേണ്ടി ചെയ്ത ആ ത്യാഗകഥയാണു് ഞാൻ പറയാൻ പോകുന്നതു്, ശ്രദ്ധിച്ചുകേൾക്കുക.

**പാഠാവതരണം**

"ഈശോ തന്നെത്തന്നെ നമുക്കുവേണ്ടി സ്വർഗ്ഗസ്ഥനായ പിതാവിനു ബലിയർപ്പിച്ചു."

നമ്മുടെ രക്ഷകനായ ഈശോ പെസഹാവ്യാഴാഴ്ച വൈകിട്ടു് തന്റെ പ്രിയപ്പെട്ട സ്നേഹിതന്മാരോടുകൂടി അവസാന അത്താഴം കഴിഞ്ഞു് അവരോടുകൂടി പുറത്തിറങ്ങി. സമയം വളരെ

വൈകിക്കഴിഞ്ഞിരുന്നു. അപ്പോൾ അവിടുന്നു അടുത്തുള്ള ഒരു തോട്ടത്തിലേയ്ക്കാണു പോയതു്. ഇതിനു മുൻപും ഈശോ പ്രാർത്ഥിക്കുവാനായി കൂടെക്കൂടെ അവിടെ പോകാറുണ്ടായിരുന്നു. അപ്പോസ്തലന്മാരും അവിടുത്തോടൊന്നിച്ചു് ഉണ്ടായിരുന്നു. ഈശോ അവിടെച്ചെന്നു പ്രാർത്ഥിക്കുവാൻ തുടങ്ങി. എല്ലാക്കാര്യങ്ങളിലും പിതാവിനെ അനുസരിച്ചുകൊള്ളാമെന്നു് ഈശോ പിതാവിനോടു് പറഞ്ഞു. "പിതാവെ, അങ്ങേ ഇഷ്ടംപോലെ എല്ലാം നടക്കട്ടെ," എന്നു് അവിടുന്നു് ആവർത്തിച്ചാവർത്തിച്ചു പ്രാർത്ഥിച്ചു. നേരം വളരെ ഇരുട്ടി. ഒൻപതു മണി രാത്രിയായായിക്കാണും. അപ്പോൾ ഈശോയെ പിടിക്കുവാനായി അവിടുത്തെ വിരോധികൾ വാളും കുന്തവും കയറും മററുമായി തോട്ടത്തിലേക്കു വന്നു. അവർ ഈശോയെ പിടിച്ചുകൊണ്ടുപോകാനാണു് വന്നതു്.

ഈശോയ്ക്കു് അവരിൽനിന്നു് രക്ഷപെടാൻ സാധിക്കുമായിരുന്നോ? തീർച്ചയായും സാധിക്കുമായിരുന്നു. അവിടുന്നു് ദൈവപുത്രനല്ലേ? ഈശോ ഒന്നു മനസ്സിൽ വിചാരിച്ചാൽ മതിയായിരുന്നു, അവരെ ഒഴിക്കുവാൻ. പക്ഷേ ഈശോ അതു ചെയ്തില്ല. എന്തുകൊണ്ടു ? നമുക്കുവേണ്ടി കഷ്ടതകൾ അനുഭവിച്ചു മരിച്ചു് നമ്മെ രക്ഷിപ്പാനായിട്ടാണു് അവിടുന്നു ഭൂമിയിലേക്കു വന്നതു്. ഇപ്പോൾ അതിനുള്ള സമയമായിരിക്കുന്നു. അതുകൊണ്ടു് തൻെറ ശത്രുക്കൾ തന്നെ പിടിച്ചു കെട്ടി കൊണ്ടുപോകുവാൻ ഈശോ അനുവദിച്ചു. കഷ്ടപ്പെട്ടു് വേദനകൾ അനുഭവിച്ചു് ഈശോ മരിക്കണമെന്നുള്ളതു് പിതാവിൻെറ ഇഷ്ടമായിരുന്നു. അതനുസരിപ്പാൻ ഈശോ തയ്യാറായിരുന്നു. പിതാവെ അവിടുത്തെ ഇഷ്ടം നിറവേറട്ടെ, എന്നു് ഈശോ എപ്പോഴും പറഞ്ഞിരുന്നു. അവിടുത്തെ ശത്രുക്കൾ ഈശോയെ പിടിച്ചുകെട്ടി കൊണ്ടുപോയി. പോലീസുകാർ കള്ളന്മാരെയോ കുററപ്പുള്ളികളെയോ പിടിച്ചുകെട്ടിക്കൊണ്ടു് പോകുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ? (ക്രിസ്തുവിനെ ബന്ധിക്കുന്ന ചിത്രം കാണിക്കുക) ആ പട്ടാളക്കാർ ഈശോയെ വഴിയിലൂടെ വലിച്ചിഴച്ചുകൊണ്ടുപോയി. അന്നു രാത്രി മുഴുവനും അവർ അദ്ദേഹത്തെ പരിഹസിച്ചു; ഉപദ്രവിച്ചു. പിറേറ ദിവസം ഒരു വെള്ളിയാഴ്ചയായിരുന്നു. അന്നു് വെളുപ്പിനു് ഈശോയെ അവർ ധാരാളം അടിച്ചു, ചമ്മട്ടികൊണ്ടു്. ചമ്മട്ടി എന്താണെന്നറിയാമോ? (ഈശോയെ കൽത്തൂണിന്മേൽ കെട്ടി അടിക്കുന്ന ചിത്രം കാണിക്കുക). മുള്ളുകൊണ്ടു് ഒരു കിരീടമുണ്ടാക്കി അവിടുത്തെ തലയിൽ അടിച്ചുമത്തി (ചിത്രം കാണിക്കുക). ശരീരമെല്ലാം പൊട്ടിക്കീറി രക്തം ഒഴുകിക്കൊണ്ടിരുന്നു. എത്രയധികം വേദന ആ സമയത്തു് ഈശോ അനുഭവിച്ചിരിക്കും!

ഒരുക്കൂട്ടം ദുഷ്ടന്മാരായ ആളുകൾ അവിടുത്തെ ചുററും കൂടിയിരുന്നു പരിഹസിച്ചു. എന്നാൽ സ്വർഗ്ഗത്തിൻെറയും ഭൂമിയുടെയും ഉടയവനായ ഈശോ യാതൊന്നും പറഞ്ഞില്ല. എല്ലാം സ്വർഗ്ഗസ്ഥനായ പിതാ

വിൻെറ ഇഷ്ടമനുസരിച്ച് നമുക്കുവേണ്ടി സഹിച്ചു. ഈശോയ്ക്കു് ന മ്മോടുള്ള സ്നേഹം എത്ര വലുതാണെന്ന് ഒന്നോർത്തു നോക്കുക. (അല്പ സമയം മൗനം)

ആ ദുഷ്ടന്മാർ ഈശോയെ ഇഷ്ടംപോലെ വേദനിപ്പിച്ചു. പിന്നീട് പട്ടാളക്കാർ ഈശോയുടെ തോളിൽ ഒരു മരക്കുരിശു വച്ചുകൊടുത്ത് ഗാഗുൽത്താ എന്ന സ്ഥലത്തേയ്ക്കു നടത്തിക്കൊണ്ടുപോയി (ചിത്രം). അടികൊണ്ട് ശരീരം പൊട്ടിക്കീറി, ക്ഷീണിച്ചു തളർന്നിരുന്നു. ഈ ശോയ്ക്കു് ആ മരക്കുരിശു ചുമക്കാനുള്ള ശക്തി ഉണ്ടായിരുന്നില്ല. എ ങ്കിലും പിതാവിൻെറ ഇഷ്ടമനുസരിച്ച്, നമ്മോടുള്ള സ്നേഹത്തെ പ്ര തി ഈശോ അതും ചുമന്നുകൊണ്ട് നടന്നു. വഴിയോ ദുർഘടം. അ വിടുന്ന് പലപ്രാവശ്യം കുരിശുംകൊണ്ട് വഴിയിൽ തളർന്നുവീണു. മുഖംകുത്തി കുരിശിനടിയിൽ വീണ ഈശോയ്ക്കു് തനിയെ എഴുന്നേ ല്പ്പാൻകൂടി സാധിക്കുമായിരുന്നില്ല (ചിത്രം). പക്ഷേ എങ്ങനെ യെങ്കിലും കയ്യൂന്നി വലിഞ്ഞു് എഴുന്നേററ് അവിടുന്ന് നടന്നു. പട്ടാളക്കാർ ഉന്തിയും തള്ളിയും അവിടുത്തെ ഗാഗുൽത്താ എന്ന കു ന്നിൻ പുറത്തു് കയററി. പട്ടാളക്കാർ കുരിശു തറയിലിട്ട് ഈശോ യെ അതിൽ കിടത്തി. അവിടുത്തെ കൈകളിലും കാലുകളിലും വ ലിയ ആണി അടിച്ചു കയററി. കുരിശിന്മേൽ തറച്ചു. നമ്മുടെ രക്ഷകനായ ഈശോ ഇതെല്ലാം സഹിക്കേണ്ടിവന്നതു്എന്തുകൊണ്ട്? ആർക്കുവേണ്ടി?

ഈശോയെ കുരിശിൽ തറച്ചശേഷം ആ കുരിശു്, അവർ തറയിൽ കുഴിച്ച്, നാട്ടി നിർത്തി (ചിത്രം). ശത്രുക്കൾ അവിടുത്തെ നോക്കി പരിഹസിച്ചു. ചിലർക്ക് ഈശോയോട് ദയവുതോന്നി. മൂന്നു മണിക്കൂർനേരം ഈശോ ആ കുരിശിൽ തൂങ്ങിക്കിടന്നു. വളരെ വേദ ന അപ്പോൾ ഈശോ അനുഭവിക്കുന്നുണ്ടായിരുന്നു. ഓ! എത്ര നല്ല ഈശോ! നമുക്കുവേണ്ടി എന്തെല്ലാം കഷ്ടപ്പാടുകളാണ് അവി ടുന്നു അനുഭവിച്ചതു്. ഒടുവിൽ അവിടുന്നു മരിച്ചു. ആളുകൾ ആ ഭയ ങ്കരമരണം നോക്കിനിന്നുകണ്ടു. ഈശോയ്ക്കു് വേണമെങ്കിൽ ആ കുരിശിൽ നിന്നു് ഇറങ്ങിവന്നു തന്നെ ഉപദ്രവിച്ചവരെയെല്ലാം ഒരു നിമിഷംകൊണ്ട് നശിപ്പിക്കാമായിരുന്നു. പക്ഷേ അങ്ങനെ ചെ യ്യാൻ ഈശോ ആഗ്രഹിച്ചില്ല. ഇത്ര വേദനയേറിയ മരണം വരിച്ചു കൊണ്ട് നമ്മുടെ പാപങ്ങൾക്കു പരിഹാരമായി തന്നെത്തന്നെ അ വിടുന്നു ദൈവപിതാവിനു സമർപ്പിച്ചു. തൻെറ പുത്രനായ ഈശോ നമുക്കുവേണ്ടി മരിച്ചതുകൊണ്ട് പിതാവായ ദൈവം നമ്മെ വീണ്ടും തൻെറ മക്കളായി സ്വീകരിച്ചു. നമുക്കു നഷ്ടപ്പെട്ട ദൈവികജീവനും സ്നേഹവും തിരികെ തന്നു. നിങ്ങൾ അല്പനേരം കണ്ണടച്ചിരിക്കുക. എന്നിട്ട്നിങ്ങൾ ഈശോയുടെകുരിശിൻെറ ചുവട്ടിൽ ആണെന്ന് മ നസ്സിൽ കരുതുക. നമുക്കൊന്നിച്ച് സ്വർഗ്ഗസ്ഥനായ പിതാവിനോ ട് ഇങ്ങനെ പ്രാർത്ഥിക്കാം. (പറഞ്ഞുകൊടുക്കുക കുഞ്ഞുങ്ങൾ ഏററു ചൊല്ലട്ടെ)

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിച്ച അങ്ങെ പുത്രൻ ഈശോയെ ഞങ്ങളുടെ സമ്മാനമായി അങ്ങേയ്ക്കു ഞങ്ങൾ കാഴ്ചവയ്ക്കുന്നു. നല്ല ഈശോയെ, എന്റെ രക്ഷകാ, അങ്ങ് എനിക്കുവേണ്ടി വേദന അനുഭവിച്ച് മരിച്ചല്ലോ. അങ്ങേ ഞാൻ സ്നേഹിക്കുന്നു, ആരാധിക്കുന്നു."

ഏതു ദിവസമാണ് ഈ സംഭവങ്ങളൊക്കെ നടന്നതെന്ന് അറിയാമോ?—ഒരു വെള്ളിയാഴ്ച ദിവസം. ആ വെള്ളിയാഴ്ചയെ നമ്മൾ ദുഃഖവെള്ളിയാഴ്ച എന്നു പറയുന്നു. ഏകദേശം രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പാണ് ഈശോ ഇങ്ങനെ മരിച്ചത്. ഇനി അവിടുന്ന് ഒരിക്കലും മരിക്കുകയില്ല. പക്ഷേ ഇപ്പോഴും നമുക്ക് അവിടുത്തെ സ്വർഗ്ഗസ്ഥനായ പിതാവിന് കാഴ്ചയായി സമർപ്പിക്കാം. ദുഃഖവെള്ളിയാഴ്ച ഈശോ ഗാഗുൽത്താമലയിൽവച്ചു ചെയ്തതുപോലെ ഇപ്പോൾ ബലിസമയത്തും ഈശോ തന്നെത്തന്നെ നമുക്കുവേണ്ടി സ്വർഗ്ഗസ്ഥനായ പിതാവിനു ബലിയർപ്പിക്കുന്നു. അന്ന് ഈശോ അർപ്പിച്ച ബലി തന്നെയാണ് ഇന്ന് വൈദികൻ അർപ്പിക്കുന്ന കുർബാന.

## കുട്ടികളുടെ പ്രവർത്തനം

നിങ്ങൾ ഈശോയെ സ്നേഹിക്കുന്നില്ലേ? ഈശോ നമ്മെ വളരെയധികം സ്നേഹിക്കുന്നുണ്ട്. നമുക്കും ഈശോയോട് സ്നേഹമുണ്ടെന്ന് കാണിക്കാം. (കുട്ടികളെ രണ്ടു വരിയായി നിർത്തുക. അവർ മൗനമായി നില്ക്കട്ടെ. ഏതെങ്കിലും രണ്ടു കുട്ടികളുടെ കയ്യിൽ ഓരോ കുരിശുരൂപം കൊടുത്ത് അവരെ അണിനിരന്നുനിൽക്കുന്ന കുട്ടികൾക്ക് അഭിമുഖമായി നിർത്തുക. അനന്തരം ദുഃവെള്ളിയാഴ്ച നടത്തുംപോലെ കുരിശിന്റെ വണക്കം നടത്തുക. എങ്ങനെയാണു ചെയ്യേണ്ടതെന്ന് കാണിച്ചു കൊടുക്കണം.)

സ്നേഹത്തോടും ബഹുമാനത്തോടുംകൂടെ കുരിശുരൂപം മുത്തുമ്പോൾ നാം ഈശോയ്ക്കു നന്ദി പറയുകയാണ്. പക്ഷേ കുരിശുരൂപം മുത്തുന്നതുകൊണ്ടുമാത്രമായില്ല. അതുകൊണ്ടുമാത്രം നാം നന്ദി കാണിച്ചെന്നു പറയുവാൻ സാദ്ധ്യമല്ല. ഈശോ നമ്മോടുള്ള സ്നേഹം നിമിത്തം ഇത്രയധികം കഷ്ടതകൾ സഹിച്ചെങ്കിൽ നാമെങ്ങനെ പ്രതിസ്നേഹം കാണിക്കണം? വേദനകൾ സഹിച്ചുകൊണ്ടു് നാം പ്രതിസ്നേഹം കാണിക്കണം. മററുള്ളവർ നമ്മെ പരിഹസിക്കും; വെയിലിലൂടെ നടന്ന് വേദപാഠത്തിനു പോകേണ്ടിവരും; ചിലപ്പോൾ മഴ നനഞ്ഞായിരിക്കും പോകേണ്ടിവരുക; അമ്മ ചിലപ്പോൾ നിങ്ങളെ പ്രയാസമുള്ള ജോലികൾ ഏല്പിക്കും; നിങ്ങൾക്കു കളിക്കാൻ തോന്നുമ്പോഴായിരിക്കും അമ്മ അതു് ആവശ്യപ്പെടുന്നതു്; ചിലപ്പോൾ ചെറിയ കുററങ്ങൾക്ക് അപ്പനമ്മമാർ നിങ്ങളെ ശിക്ഷിച്ചെന്നുവരും; ടീച്ചർ വഴക്കു പറയുകയോ അടിക്കുകയോ ചെയ്തേക്കും; മററു ചിലപ്പോൾ കൂട്ടുകാർ നിങ്ങളെ പരിഹസിച്ചേക്കും; ഇഷ്ടമില്ലാത്ത സാധനങ്ങൾ തിന്നാൻ അമ്മ ആവശ്യപ്പെട്ടെന്നു വരും; ചിലപ്പോൾ

നിങ്ങൾ ഉരുണ്ടുവീണു കൈകാലുകൾ മുറിഞ്ഞു് വേദനയുണ്ടായെന്നു വരും. അപ്പോഴെല്ലാം ഈ വേദനകളും പ്രയാസങ്ങളും, നമ്മുടെ പാപത്തിനു പരിഹാരമായി മരിച്ച, ഈശോയോടുള്ള സ്നേഹത്തെപ്രതി സ്വർഗ്ഗസ്ഥനായ പിതാവിനു് കാഴ്ചവെയ്ക്കണം. ആ സമയങ്ങളിൽ ഈശോയുടെ കുരിശുമരണവും കഷ്ടതകളും ഓർമ്മിക്കുവാൻ ശ്രമിക്കണം. അപ്പോൾ അതൊക്കെ സഹിക്കാൻ വേണ്ടുന്ന ശക്തി നമുക്കു കിട്ടും. നാം പിറുപിറുക്കാതെ അവ സഹിക്കണം. ഇങ്ങനെ ചെയ്യാൻ നിങ്ങൾക്കു സാധിക്കുമോ എന്നു് ഒരാഴ്ച നിങ്ങൾ പരീക്ഷിച്ചുനോക്കുക.

## ഓർമ്മിക്കാൻ ചോദ്യങ്ങൾ

1. ഈശോ ആരുടെ രക്ഷയ്ക്കുവേണ്ടി കുരിശിൽ മരിച്ചു?
2. നമ്മുടെ പാപത്തിനു് പരിഹാരം ചെയ്തതു് ആരു്?
3. ഈശോയെ നാം സ്വർഗ്ഗസ്ഥനായ പിതാവിനു് കാഴ്ചയായി സമർപ്പിക്കുന്നതു് എപ്പോൾ?

## ഭാഗം 2 (30 മിനിററു്)

## പാഠാവതരണം

ഈശോ അനുഭവിച്ച കഷ്ടപ്പാടുകൾ കാണിക്കുന്ന പടത്തിൻെറ പ്രദർശനവും ക്ലാസ്സിലെ പ്രവർത്തിവും ഒത്തുചേർത്താണു് ഈ പാഠം തയ്യാറാക്കിയിരിക്കുന്നതു്. ഓരോപടവും കാണിച്ചു് വിശദീകരിക്കുവാൻ തുടങ്ങുമ്പോൾ അദ്ധ്യാപകൻ ഇങ്ങനെ പറയുക: 'ഈശോയെ', അങ്ങേ ഞാൻ സ്നേഹിക്കുന്നു, ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശാൽ അങ്ങു് ഞങ്ങളെ രക്ഷിച്ചു.' ഇതു പറയുമ്പോൾ കുഞ്ഞുങ്ങൾ എഴുന്നേററുനിന്നു് ഈശോയെ ആരാധിക്കുവാൻ ആവശ്യപ്പെടുക. അദ്ധ്യാപകൻ വ്യക്തമായും സാവധാനത്തിലും ഈ പ്രാർത്ഥന നാലഞ്ചുതവണ ചൊല്ലിക്കഴിയുമ്പോൾ കുഞ്ഞുങ്ങൾ അതേററു ചൊല്ലാറാകും. ഏററുചൊല്ലുവാൻ അവരെ പ്രേരിപ്പിക്കുകയും വേണം.

നമുക്കിന്നു ഈശോ അനുഭവിച്ച കഷ്ടപ്പാടുകൾ എന്തെക്കെയൊണെന്നു് ഒന്നുകൂടി ഓർത്തുനോക്കാം. കുരിശു ചുമന്നുകൊണ്ടുപോയ ഈശോയോടൊത്തു് മനസ്സുകൊണ്ടു് നമുക്കും ഗാഗുൽത്താമലയിലേക്കു പോകാം. ഗാഗുൽത്താമലയിൽവച്ചു് എന്താണു സംഭവിച്ചതു്? ഈശോയുടെ കഷ്ടപ്പാടുകളെ കാണിക്കുന്ന പടങ്ങൾ ഓരോന്നായി ഞാൻ കാണിക്കാം. അവ നോക്കി നമുക്കിന്നു ഇവിടെവച്ചുതന്നെ ഒരു കുരിശിൻെറ വഴി കഴിക്കാം. ഞാൻ ഒരു പടം കാണിച്ചിട്ടു് ഒരു ചെറിയ

പ്രാർത്ഥനചൊല്ലും. അപ്പോൾ നിങ്ങൾ എഴുന്നേററുനിന്നു് ഈശോയെ ആരാധിക്കണം (കാണിച്ചുകൊടുക്കുക). അതു കഴിഞ്ഞു് അടുത്ത പടം എടുത്തു് ഞാൻ ഈ പ്രാർത്ഥന ചൊല്ലുന്നതുവരെ നിങ്ങൾക്കിരിക്കാം. ഇരുന്നു് ഞാൻ പറയുന്ന സംഗതികൾ ശ്രദ്ധിച്ചുകേൾക്കുക. ഞാൻ ചൊല്ലുന്ന പ്രാർത്ഥന വേഗം പഠിച്ചിട്ടു് അതെൻെറകൂടെ ചൊല്ലാൻ ഉത്സാഹിക്കുകയും വേണം.

(ആദ്യത്തെ പടം കാണിച്ചു്) 'ഈശോയെ അങ്ങേ ഞങ്ങൾ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശാൽ അങ്ങു് ഞങ്ങളെ രക്ഷിച്ചു.'

നോക്കുക! ഈശോയെ ആരും നിർബ്ബന്ധിക്കാതെതന്നെയാണു് അവിടുന്നു കുരിശു ചുമക്കുന്നതു്. എന്തുകൊണ്ടാണു് അവിടുന്നു കുരിശു ചുമക്കുവാൻ മടികാണിക്കാത്തതെന്നു പറയാമോ? നമ്മോടുള്ള സ്നേഹംകൊണ്ടു്. കുരിശിൽ നമ്മെ തറച്ചു കൊല്ലാൻ പോകുന്നുവെന്നറിഞ്ഞാൽ അതു കേൾക്കുമ്പോഴേ പേടിയാകും, ഇല്ലേ? അക്കാലത്തു് വലിയ കള്ളന്മാരെയും കുററക്കാരെയും ഒക്കെ കുരിശിൽ തറച്ചുകൊല്ലുമായിരുന്നു. അതുകൊണ്ടു് അന്നത്തെ ആളുകൾ കുരിശിനെ വെറുത്തിരുന്നു, ഭയപ്പെട്ടിരുന്നു. ഇന്നു് നമുക്കു് കുരിശു കണ്ടാൽ ഭക്തിയാണു തോന്നുക. കാരണം, നമ്മുടെ രക്ഷകൻ നമുക്കുവേണ്ടി മരിച്ചതു് കുരിശിലാണു്. ആ രക്ഷകനോടു്, ഈശോയോടു നമുക്കു സ്നേഹമുണ്ടു്. അതിനാൽ നാം കുരിശിനെ രക്ഷയുടെ അടയാളമായി കരുതുന്നു. "നല്ല ഈശോയെ ഞങ്ങളുടെ ദുഃഖങ്ങളാകുന്ന കുരിശുകളെ അങ്ങേ സ്നേഹത്തെപ്രതി നല്ല മനസ്സോടെ സഹിക്കുവാൻ ഞങ്ങളെ പഠിപ്പിക്കേണമേ." (ഏതാനും സെക്കൻെറു് ധ്യാനിക്കുക. കുഞ്ഞുങ്ങൾ പടം സൂക്ഷിച്ചുനോക്കി കാണട്ടെ. ചിലപ്പോൾ അവർ ഒരു നിമിഷമെങ്കിലും ധ്യാനിച്ചേക്കും) ഈശോ തൻെറ കുരിശിനോടുകൂടി നിലത്തു വീഴുന്നു. "ഈശോയെ, അങ്ങെ ഞാൻ ആരാധിക്കുന്നു." (പ്രാർത്ഥനയും പ്രവൃത്തിയുമെല്ലാം മുൻപറഞ്ഞതുപോലെ)

വളരെ ഭാരമുള്ള കുരിശിനടിയിലാണു് ഈശോ വീണതു്. തലേ രാത്രിയിൽ ഈശോ ഒട്ടും ഉറങ്ങിയില്ല. പട്ടാളക്കാരുടെ തല്ലുകൊണ്ടും, പരിഹാസം കേട്ടും മടുത്തിരുന്നു. ഈ വലിയ കുരിശു് താങ്ങിപ്പിടിച്ചുകൊണ്ടു് നില്ക്കുവാൻപോലും അവിടുത്തേയ്ക്കു് ശക്തിയുണ്ടായിരുന്നില്ല. പിന്നെ എങ്ങനെയാണു് അതെടുത്തുകൊണ്ടു് നടക്കുക. എങ്കിലും ഈശോ വീണ സ്ഥലത്തുതന്നെ കിടന്നില്ല. ഒരുവിധത്തിൽ എഴുന്നേററു് വീണ്ടും യാത്ര തുടന്നു. നമുക്കും ചിലപ്പോൾ ക്ഷീണം തോന്നും ആഹാരമില്ലാഞ്ഞിട്ടു്, ജോലിചെയ്തു തളന്നിട്ടു്, വേദന അനുഭവിച്ചിട്ടു്, രോഗം വന്നിട്ടു്. ഈശോ ചെയ്തതുപോലെ പ്രയാസങ്ങൾ വകവയ്ക്കാതെ ആരംഭിച്ച ജോലി ഭംഗിയായി ചെയ്തുതീക്കുവാൻ ശ്രമിക്കണം. "പ്രിയപ്പെട്ട ഈശോയേ, ശരിയായിട്ടുള്ള കാര്യങ്ങൾ എത്ര പ്രയാസമുള്ളതായാലും നന്നായി ചെയ്തുതീക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ." (മൗനം)

'ഈശോ മാർഗ്ഗമദ്ധ്യേ തന്റെ അമ്മയെ കാണുന്നു.'

"ഈശോയെ അങ്ങേ ഞങ്ങൾ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ...."

നോക്കുക! ഈശോയുടെ അടുത്തു നില്ക്കുന്നതാരാണ്? തന്റെ അമ്മ. ഈശോയെ പട്ടാളക്കാർ പിടിച്ചെന്നു കേട്ടപ്പോൾ പരിശുദ്ധ മറിയം വളരെ ദുഃഖിച്ചു. മകനെ കാണാനായി ഓടിയെത്തി. വഴിയിൽ വച്ച് ശരീരമെല്ലാം പൊട്ടി, രക്തമൊലിച്ച്, ക്ഷീണിച്ചുതളർന്ന തന്റെ ഓമനമകനെ കണ്ടു. ഈശോയുടെ അപ്പോഴത്തെ അവസ്ഥ കണ്ടപ്പോൾ ആ അമ്മ എന്തുമാത്രം ദുഃഖിച്ചിരിക്കണം. അവർ തമ്മിൽ കണ്ടപ്പോൾ ഉണ്ടായ ദുഃഖം എത്രമാത്രമാണെന്ന് നമുക്കൂഹിക്കാൻ കൂടി സാദ്ധ്യമല്ല. തന്റെ മകന്റെ കയ്യിൽനിന്നും ആ കുരിശു വാങ്ങാൻ പരിശുദ്ധമറിയം ആഗ്രഹിച്ചിരിക്കണം. പക്ഷേ ഈശോ അതു കൊടുക്കുകയില്ലെന്നു അമ്മയ്ക്കറിയാം. നമ്മെ എത്രയധികമായി ഈശോ സ്നേഹിക്കുന്നുണ്ടെന്ന് ഇതുവഴി നാമറിയുന്നു. (മൗനം)

'ശെമയോൻ കുരിശു ചുമക്കാൻ ഈശോയെ സഹായിക്കുന്നു.'

"ഈശോയെ, അങ്ങേ ഞങ്ങൾ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ......."

ഈ പടത്തിൽ ഈശോയുടെ ഭാരപ്പെട്ട കുരിശു ചുമക്കാൻ സഹായിക്കുന്ന ഒരാളെ നമുക്കു കാണാം. ശെമയോൻ എന്നാണ് അയാളുടെ പേര്. ഈശോയെ സഹായിക്കുവാൻ ഒരാളെ കിട്ടിയതിൽ നമുക്കു സന്തോഷമില്ലേ? പക്ഷേ അയാൾക്ക് ഈശോയെ സഹായിക്കാൻ വലിയ ഇഷ്ടമില്ലായിരുന്നു. ഗാഗുൽത്തായിൽ എത്തുംമുമ്പ് ഈശോ മരിച്ചുപോകാതിരിക്കാൻവേണ്ടി പട്ടാളക്കാർ ശെമയോനെ നിർബ്ബന്ധിച്ചാണ് ആ കുരിശ് കുറെദൂരം ചുമപ്പിച്ചത്. ഒരു കുററപ്പുള്ളിയുടെ ശിക്ഷയിൽ പങ്കുകൊള്ളുന്നത് അയാൾക്ക് ആക്ഷേപമായി തോന്നിയിരിക്കണം. പക്ഷേ ഈശോയുടെ മരണമെല്ലാം കഴിഞ്ഞ് എത്ര നല്ലവനാണ് ഈശോ എന്ന് അയാൾ അറിഞ്ഞപ്പോൾ, ഈശോയെ സഹായിക്കാൻ സാധിച്ചതിൽ അയാൾ സന്തോഷിച്ചു. നമുക്കും ശെമയോനെപ്പോലെ ഭാഗ്യവാന്മാരായിത്തീരാൻ സാധിക്കുമോ? തീർച്ചയായും സാധിക്കും. പ്രയാസമുള്ള ജോലികൾ നമുക്കു ചെയ്യേണ്ടിവരും. മററുള്ളവരെ അവരുടെ ജോലികളിൽ സഹായിക്കുവാൻ അവസരം കിട്ടിയെന്നുവരും. അപ്പോൾ ആ ജോലികൾ നല്ല മനസ്സോടെ ചെയ്യാൻ നാം ശ്രമിക്കണം. അങ്ങനെ ഈശോയെ സ്നേഹിക്കുന്നുവെന്നു നമുക്കു തെളിയിച്ചുകൊടുക്കാം.

'ഒരു സ്ത്രീ ഈശോയോട് കരുണകാണിക്കുന്നു.'

"ഈശോയെ, അങ്ങെഞാൻ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ...."

ഒരു മനുഷ്യൻ ഈശോയെ സഹായിച്ചതു് നമ്മൾ ഇപ്പോൾ കണ്ടുകഴിഞ്ഞു. ഇതാ ഒരു സ്ത്രീയും ഈശോയെ സമാധാനിപ്പിക്കുവാൻ ശ്രമിക്കുന്നു. അവളുടെ കൈയിൽ ഒരു തുവാലയുണ്ട്. അവൾ ജനക്കൂട്ടത്തിന്റെയും പട്ടാളത്തിന്റെയും ഇടയിൽകൂടി തള്ളിക്കയറി ഈശോ

യുടെ അടുത്തുവരാൻ കുറെ പണിപ്പെട്ടു. ഈശോ എത്രയധികം വേദന അനുഭവിക്കുന്നുവെന്നു ഈശോയുടെ മുഖം കണ്ടപ്പോൾ അവൾക്കു മനസ്സിലായി. അവിടുത്തെ തിരുമുഖത്തുകൂടി ചോര ഒലിച്ച് അഴുക്കു പുരണ്ടിരിക്കുന്നതു് അവൾ കണ്ടു. അവൾ തൻെറ കയ്യിലിരുന്ന തുവാലകൊണ്ടു് ഈശോയുടെ മുഖം തുടച്ചു വൃത്തിയാക്കി. ഈശോയ്ക്കു് അവളോടു് അപ്പോൾ സ്നേഹം തോന്നിയിരിക്കണം. "ഈശോയെ, അങ്ങേപ്രതി മററുള്ളവരോടു് സ്നേഹപൂർവ്വം പെരുമാറാൻ ഞങ്ങളെ പഠിപ്പിക്കണമേ, സഹായിക്കണമെ." (മൗനം)

'ഈശോ കുരിശിൽതൂങ്ങി മരിക്കുന്നു.'

"ഈശോയെ, അങ്ങേഞങ്ങൾആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ...."

ഈശോ കുരിശിൽ തൂങ്ങിക്കിടന്നു് മരിക്കുന്നു. എത്ര ദാരുണമായ മരണമാണതു്. കൈകാലുകൾ അനക്കാൻ വയ്യ. ശരീരം മുഴുവൻ മൂന്നാണികളിൽ തൂങ്ങി കിടക്കുകയാണു്. ഇത്രയധികം പീഡകൾ സഹിച്ച് ഈശോ ഇങ്ങനെ മരിക്കണമെന്നതായിരുന്നു പിതാവായ ദൈവത്തിൻെറ ഇഷ്ടം. ഈശോ അതെല്ലാം നിറവേററി. ജനിച്ച നാൾമുതൽ മരണംവരെ എല്ലാ കാര്യങ്ങളിലും ഈശോ തൻെറ പിതാവിൻെറ ഇഷ്ടം നിറവേററിയിരുന്നു. അങ്ങനെ പിതാവിനെ അനുസരിച്ചുകൊണ്ടാണു് നമ്മുടെ പാപങ്ങൾക്കു് അവിടുന്നു പരിഹാരം ചെയ്തതു്. നാമും പാപത്തിനു് പരിഹാരം ചെയ്യേണ്ടതു് എങ്ങനെയാണെന്നു് മനസ്സിലായോ? സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേററിക്കൊണ്ടു്. ഈശോ നമുക്കുവേണ്ടി മരിച്ചതുകൊണ്ടാണു് നമുക്കു നഷ്ടപ്പെട്ടുപോയ ദൈവികജീവനും സ്നേഹവും തിരിച്ചുകിട്ടിയതു്. ഇപ്പോൾ ഈശോയോടു് നമുക്കു് നന്ദിപറയാം. "എൻെറ ഈശോയെ, എനിക്കുവേണ്ടി അങ്ങു് കുരിശിൽ മരിച്ചതിനു് ഞാൻ അങ്ങേയ്ക്കു് നന്ദി പറയുന്നു." (മൗനം)

'ഈശോയെ കുരിശിൽനിന്നിറക്കി തൻെറ അമ്മയുടെ മടിയിൽ കിടത്തുന്നു.'

"ഈശോയെ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ...."

പരിശുദ്ധ മറിയം ഇപ്പോൾ അനുഭവിക്കുന്ന ദു:ഖം നമുക്കു് ഊഹിക്കാൻപോലും സാദ്ധ്യമല്ല. ഇത്രയധികം വേദനകൾ ഈശോ മനുഷ്യരുടെ പാപത്തിനുവേണ്ടി അനുഭവിക്കേണ്ടിവന്നല്ലോ. തൻെറ ഏകമകൻ മരിച്ചുപോയല്ലോ എന്നോർത്തപ്പോൾ പരിശുദ്ധ മറിയത്തിനു് വളരെ ദു:ഖം ഉണ്ടായിക്കാണും. തൻെറ മകൻെറ വേദനയിലും മരണത്തിലും മറിയം പങ്കുകൊണ്ടു. അങ്ങനെ രക്ഷാകരകർമ്മത്തിൽ മറിയം ക്രിസ്തുവിനോടുകൂടെ പങ്കുകൊണ്ടു. "ഈശോയേ, ഇനി ഒരിക്കലും സ്വർഗ്ഗഭാഗ്യം നഷ്ടപ്പെടുത്താതിരിക്കുവാൻ എന്നെ സഹായിക്കണമേ."

'ഈശോയെ കല്ലറയിൽ സംസ്ക്കരിക്കുന്നു.'

"ഈശോയെ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു എന്തുകൊണ്ടെന്നാൽ...."

ഈശോയുടെ കഷ്ടാനുഭവങ്ങളുടെ ഏററവും ഒടുവിലത്തെ ചിത്രമാണിതു്. ഈശോയുടെ സ്നേഹിതന്മാർ അവിടുത്തെ ശരീരം ഒരു കല്ലറയിൽവച്ചു് സംസ്ക്കരിച്ചു. അവക്കു വലിയ സങ്കടമായിരുന്നു. ഈശോ ഇങ്ങനെ ഇത്രയധികം കഷ്ടപ്പെട്ട മരിക്കേണ്ടിവരുമെന്നു് അവരാരും വിചാരിച്ചില്ല. എന്തിനാണു് ഈശോ ഇതെല്ലാം സഹിച്ചതും മരിച്ചതുമെന്നു് അവക്കു മനസ്സിലാക്കാനും സാധിച്ചില്ല. എങ്കിലും അവർ ഈശോയെ വളരെ അധികം സ്നേഹിച്ചു. തങ്ങളുടെ സ്നേഹം കാണിക്കുവാൻ തങ്ങളാൽ കഴിയുന്നതെല്ലാം അവർ ചെയ്തു. ഈശോ തൻെറ കുരിശുമരണംകൊണ്ടു് എല്ലാ മനുഷ്യരെയും രക്ഷിച്ചു. സ്വർഗ്ഗസ്ഥനായ തൻെറ പിതാവിനോടും നമ്മോടുമുള്ള സ്നേഹം കാണിക്കുവനായി ഈശോ കുരിശിൽ തൂങ്ങി മരിച്ചു. "ഈശോയേ, എൻെറ മരണംവരെ ഞാൻ അങ്ങയുടെ യഥാത്ഥ സ്നേഹിതനായിരിക്കുവാൻ അങ്ങു് എന്നെ സഹായിക്കണമേ."

## ഓമ്മിക്കാൻ ചോദ്യങ്ങൾ

1. ഈശോ അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകൾ ഏവയെന്നു് പറയുക?

2. എന്തിനാണു് ഈശോ ഇത്രയധികം കഷ്ടപ്പാടുകൾ അനുഭവിച്ചു മരിച്ചതു്?

3. സ്വർഗ്ഗീയപിതാവിനു്, ഈശോയെ നാം നമ്മുടെ സമ്മാനമായി നൽകുന്നതെപ്പോൾ?

4. നിങ്ങൾക്കു് ഈശോയോടുള്ള സ്നേഹം എങ്ങനെ കാണിക്കും?

## ഉപസംഹാരപ്രാത്ഥന

ഈശോയെ, അങ്ങയെ ഞാൻ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശാൽ അങ്ങു് ഞങ്ങളെ രക്ഷിച്ചു.

# 17

# ഈശോ മരണത്തെ ജയിച്ചു

## ഉപക്രമം

ഉയിർപ്പുതിരുനാളിനെത്തുടർന്നുവരുന്ന ആഴ്ചയിൽ ഈ പാഠം പഠിപ്പിക്കുന്നതാണു നന്ന്. നോമ്പുകാലത്തോ, വിശുദ്ധ വാരത്തിലോ ഇതു പഠിപ്പിക്കുന്നതു് ആരാധനാക്രമത്തിൻെറ അരൂപിയ്ക്കു് യോജിക്കുകയില്ല. നേരത്തെതന്നെ ഈ ഭാഗം പഠിപ്പിക്കുകയാണെങ്കിൽ ഉയിർപ്പു ഞായർ കഴിഞ്ഞുള്ള ആദ്യവേദപാഠക്ലാസ്സിൽത്തന്നെ ഒരാവർത്തനം നടത്തേണ്ടതാണു്.

ഉയിർപ്പു് ഈശോയുടെ ജീവിതത്തിലെ ഏററവും വലിയ വിജയമാണു്. സ്വർഗ്ഗീയപിതാവു്, തൻെറ സ്നേഹത്തെ പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും തെളിയിച്ച പുത്രനു നൽകുന്ന സമ്മാനമായി വേണം ഉയിർപ്പിനെ കരുതുക. ഈശോയുടെ ഉയിർപ്പിൽ നാം അത്യധികം സന്തോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടുത്തെ ഉയിർപ്പു് നമ്മൾ ദൈവമക്കളാണെന്നതിൻെറ അടയാളവും നമ്മുടെ ഉയിർപ്പിൻെറ പ്രതീകവുമാണു്.

## ലക്ഷ്യം

ഈശോയുടെ ഉയിർപ്പിൽ സന്തോഷിക്കുവാൻ കുഞ്ഞുങ്ങളുടെ ഹൃദയത്തെ ഒരുക്കുക. ഈശോയുടെ ഈ മഹിമപ്രതാപത്തിൽ നമുക്കും പങ്കുണ്ടു്. ആകയാൽ നാം ഈശോയുടെ കൂടെ സന്തോഷിക്കേണ്ടതാണെന്നു കുഞ്ഞുങ്ങളെ ഗ്രഹിപ്പിക്കുക.

## പഠനോപകരണങ്ങൾ

ഉയിർത്തെഴുന്നേററ ഈശോയുടെ ചിത്രം, ഈശോ മേരിമഗ്ദലേനയ്ക്കു് കാണപ്പെടുന്നതു്, ഈശോ അപ്പോസ്തലന്മാരുടെ നടുവിൽ.

### ഭാഗം 1 രൂപരേഖ

**പ്രധാനാശയം**

ഉയിർപ്പു: സ്വശക്തിയാൽ ഈശോ മരിച്ചവരുടെ ഇടയിൽനി

ന്നു് ഉയിർത്തു. ദൈവപുത്രനായ ഈശോ ഇപ്പോഴും, നിത്യം ജീവിക്കുന്നു.

**കഥ**

ഉയിർപ്പിനെപ്പററിയുള്ള വേദപുസ്തകവിവരണം.

**കുട്ടികളുടെ പ്രവർത്തനം**

ആഘോഷപൂർവ്വം എല്ലാവരുമൊന്നിച്ച് ഉയിർപ്പുഗാനം ആലപിക്കുക. ഈശോയുടെ ഉയിർപ്പിൽ നമുക്ക് സന്തോഷമുണ്ടെന്നു് അവിടുത്തെ അറിയിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ഈശോ മരിച്ച് എത്രനാൾ കഴിഞ്ഞതാണ് ഉയിർത്തതു്?
2. ഉയിർത്തെഴുന്നേററ ഈശോയെ ആദ്യം കണ്ടതാരു്?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

ഈശോയുടെ സന്തോഷത്തിൽ പങ്കുകാരാകുക.

**കഥ**

ഉയിർപ്പിനെപ്പററിയുള്ള വിവരണം തുടരുക.

**കുട്ടികളുടെ പ്രവർത്തനം**

ഉയിർപ്പുകഥ അഭിനയിക്കുക. ഭക്തിബഹുമാനങ്ങളോടെ അഭിനയിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**പ്രയോഗം**

വിശ്വാസപ്രകരണം ചൊല്ലുക. പള്ളിയിൽ പോകുവാൻ കൂട്ടുകാരെയും വിളിക്കുക.

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭപ്രാർത്ഥന

നല്ലവനായ ഈശോ അങ്ങേ ഞാൻ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശാൽ ഞങ്ങളെ അങ്ങ് രക്ഷിച്ചു.

### പ്രാരംഭം

കഴിഞ്ഞ ക്ലാസ്സിൽ നാമെന്താണ് പഠിച്ചതെന്ന് നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? ഈശോ അനുഭവിച്ച കഷ്ടതകളെക്കുറിച്ച്, അവിടുത്തെ മരണത്തെക്കുറിച്ച് നാം പഠിച്ചു. ഈശോ അനുഭവിച്ച കഷ്ടതകളിൽ ചിലതു ആക്കു പറയാം? (കുഞ്ഞുങ്ങളെക്കൊണ്ടു് ചുരുക്കിപ്പറയിക്കുക.) എന്തിനാണു ഈശോ ഇത്രയധികം കഷ്ടതകൾ സഹിച്ചതു്? നമ്മുടെ പാപംനിമിത്തം നമ്മോടു കോപിച്ചതാരു്? നമ്മുടെ രക്ഷകൻ എങ്ങനെ നമ്മെ രക്ഷിച്ചു?

മനുഷ്യനായി ജനിച്ച ദൈവപുത്രനല്ലാതെ നമ്മുടെ പാപങ്ങൾക്കു പരിഹാരം ചെയ്‌വാൻ മററാക്കും സാധിക്കുമായിരുന്നില്ല. അതായതു് ഈശോയെ കൂടാതെ നമുക്കു് ദൈവമക്കളായിത്തീരാനോ, സ്വർഗ്ഗത്തിൽ പോകാനോ സാധിക്കുകയില്ല. ഈശോയാണു നമ്മുടെ രക്ഷകൻ.

നമ്മെ രക്ഷിക്കുവാൻ ഈശോയ്ക്കു് എളുപ്പമായിരുന്നോ? തീർച്ചയായും അല്ല. അവിടുത്തേയ്ക്കു വളരെയധികം കഷ്ടതകൾ അനുഭവിക്കേണ്ടിയിരുന്നു. പാപം എത്ര വലിയ തിന്മയാണെന്നു ഈശോ സഹനംവഴി കാണിച്ചു. നമ്മുടെ പാപത്തിനു പരിഹാരമായി ഈശോ പീഡ സഹിച്ചുമരിച്ചു. സ്വർഗ്ഗസ്ഥനായ പിതാവിനോടു ഈശോ കാണിച്ച അനുസരണവും സ്നേഹവും പിതാവായ ദൈവത്തെ വളരെയധികം സന്തോഷിപ്പിച്ചു.

ഈശോ പിതാവിനോട്് വലിയ സ്നേഹം കാണിച്ചു. പിതാവു പുത്രനോടും അളവററ സ്നേഹം കാണിച്ചു. അതെങ്ങനെയാണെന്നു് നിങ്ങൾക്കു് അറിയേണ്ടേ? ഈശോ മരിച്ചുകഴിഞ്ഞപ്പോൾ അവിടുത്തെ സ്നേഹിതന്മാർ മൃതശരീരം ഒരു കല്ലറയിൽ സംസ്കരിച്ചു. പക്ഷേ മൂന്നാംദിവസം ആ കല്ലറയിൽ വലിയൊരത്ഭുതം സംഭവിച്ചു.

### പാഠാവതരണം

ഈശോ മരണത്തെ ജയിച്ചു, മരിച്ചവരിൽനിന്നുയിർത്തു. (ഈ വാചകം ബോർഡിൽ എഴുതുക.)

ഈശോയുടെ സ്നേഹിതന്മാർ അവിടുത്തെ മൃതശരീരം കുരിശിൽ നിന്നിറക്കി ഒരു കല്ലറയിൽ സംസ്കരിച്ചു. കല്ലറയുടെ വാതുക്കൽ ഒരു വലിയ കല്ലും ഉരുട്ടിവച്ചു.

ഈശോ തൻെറ മരണത്തിനുമുൻപ് പല പ്രാവശ്യം പറഞ്ഞിരുന്നു, മരിച്ചതിനുശേഷം താൻ സ്വന്തം ശക്തികൊണ്ട് ജീവിക്കുമെന്ന്. ഇക്കാര്യം ഈശോയെ കൊന്നവർ കേട്ടിരുന്നു. ഈശോ കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുമെന്ന് അവർവിശ്വസിച്ചിരുന്നില്ല. എങ്കിലും ഈശോയുടെ സ്നേഹിതന്മാർ അവിടുത്തെ മൃതശരീരം മോഷ്ടിച്ചു കൊണ്ടുപോയിട്ട്, 'അവൻ ഉയിർത്തെഴുന്നേററു' എന്നു പറഞ്ഞു നടന്നേക്കും എന്ന് അവർ ഭയപ്പെട്ടു. അതിനാൽ അവർ കല്ലറയുടെ വാതിൽ തുറക്കാതെ സൂക്ഷിക്കാനായി രണ്ടു പട്ടാളക്കാരെ കാവൽ നിർത്തി. ഈ കാവൽക്കാർ രാവും പകലും കല്ലറ കാത്തുനിന്നു. ഈശോ മരിച്ചത് ഒരു വെള്ളിയാഴ്ചദിവസമാണല്ലോ.? പിറേറദിവസം—ശനിയാഴ്ച—ആരും കല്ലറയുടെ അടുക്കൽ വന്നതേയില്ല. കാരണം അക്കാലത്ത് അന്നാട്ടിലെ ആളുകൾക്ക് ശനിയാഴ്ചദിവസം വളരെ പ്രധാനപ്പെട്ട ദിവസമായിരുന്നു. നമുക്കിന്നു ഞായറാഴ്ചപോലെ ഒരു വിശുദ്ധ ദിവസമായിരുന്നു. അന്നവർ യാതൊരു ജോലിയും ചെയ്യുകില്ല.

ഞായറാഴ്ച വെളുപ്പിനു—ആദ്യത്തെ ഉയിർപ്പുഞായറാഴ്ച—വലിയൊരു ഭൂകമ്പം ഉണ്ടായി. പട്ടാളക്കാർ പേടിച്ചുവിറച്ചു. സൂര്യനെപ്പോലെ പ്രകാശമുള്ള ഒരു മാലാഖ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നു കല്ലറയുടെ മുകളിൽ ഇരുന്നു. മാലാഖയുടെ വലുതായ പ്രകാശം കണ്ടപ്പോഴാണ് പട്ടാളക്കാർ ഏററവുമധികം ഭയപ്പെട്ടത്. മാലാഖയുടെ പ്രകാശം കൊണ്ട് കാവൽക്കാരുടെ കണ്ണുഞ്ചിപ്പോയി, അവർക്ക് യാതൊന്നും കാണാൻ പാടില്ലാതായി. അവർ കണ്ണുതിരുമ്മിയിട്ട് വീണ്ടും നോക്കി. ഒന്നും കാണാൻ കഴിഞ്ഞില്ല. അവർ കുറേനേരം പകച്ചുനിന്നു. പിന്നെ അവിടെനിന്ന് ഓടി.

എന്താണപ്പോൾ സംഭവിച്ചതെന്നറിയാമോ? എന്തിനാണു മാലാഖ കല്ലറവാതിൽക്കൽ വച്ചിരുന്ന കല്ലുരുട്ടി മാററിയത്? ഈശോ മരിച്ചവരുടെ ഇടയിൽനിന്നുയർത്തു. ഈശോയുടെ ശരീരം ആ കല്ലറയിൽ സംസ്കരിച്ചല്ലോ. ഈശോ ഇപ്പോൾ അവിടെയില്ല. അവിടുന്ന് വീണ്ടും ജീവൻപ്രാപിച്ച് പുറത്തുവന്നു. ഇനി ഒരിക്കലും അവിടുന്ന് മരിക്കയില്ല. ഈശോ ഉയിർത്തു. അവിടുന്നു നമുക്കു വേണ്ടി പീഡ സഹിച്ചു, മരിച്ചു. മൂന്നാംദിവസം പുതിയതും വിസ്മയകരവുമായ ഒരു ജീവൻ സ്വീകരിച്ച് അവിടുന്ന് ഉയിർത്തു. ഇനി ഈശോയ്ക്കു മരണമില്ല.

ഈശോ ഉയിർത്തയുടനെ ആരെ ചെന്നു കണ്ടിരിക്കും? ആരുടെ അടുക്കലേക്കാണ് ആദ്യം പോയതു്? നിങ്ങൾക്കൂഹിക്കാൻ സാധിക്കുമോ? ആരെയാണ് ഈ ഭൂമിയിൽ ഈശോ ഏററമധികം സ്നേഹിച്ചതു്? പരിശുദ്ധ മറിയത്തിൻെറ അടുക്കലേക്കു്— തൻെറ അമ്മയുടെ അടുക്കലേക്കു്— അവിടുന്നു പോയി. പരിശുദ്ധ മറിയത്തിനു് അപ്പോഴുണ്ടായ സന്തോഷം എത്ര വലുതായിരിക്കണം. തൻെറ മകൻ കുരിശു ചുമക്കുന്നതും അതിന്മേൽ തറയ്ക്കപ്പെടുന്നതും കുരിശിൽക്കിടന്നു മരിക്കുന്നതുമൊക്കെ കണ്ടപ്പോൾ പറഞ്ഞറിയിക്കാൻ സാധിക്കാത്ത ദുഃഖം അനുഭവിച്ച പരിശുദ്ധ മറിയം ഇപ്പോളിതാ തൻെറ മകനെ വീണ്ടും ജീവനോടെ കാണുന്നു. എന്തൊരത്ഭുതം! എത്രവലിയ സന്തോഷം!

ഈശോയുടെ മരണത്തിൽ വളരെയധികം ദുഃഖിച്ച ആളുകൾ വേറെയുമുണ്ടു്: അപ്പോസ്തലന്മാർ, ഈശോയെ അനുഗമിച്ചിരുന്ന ഭക്തസ്ത്രീകൾ എന്നിവർ. അവരെയെല്ലാം ഈശോ ചെന്നുകണ്ടു. അവരെല്ലാം അത്ഭുതംകൊണ്ടും സന്തോഷംകൊണ്ടും എന്തുചെയ്യണമെന്നറിയാതെ നിന്നുപോയിക്കാണും. പിന്നെ, അവർ ഓടിനടന്നു് ഈശോ ഉയിർത്തെണീററ കഥ എല്ലാവരേയും അറിയിച്ചു.

താൻ മരിച്ചാലും ഉയിർത്തെഴുന്നേല്ക്കുമെന്നു ഈശോ മരിക്കുന്നതിനു മുമ്പു് പറഞ്ഞിരുന്ന കാര്യം അപ്പോസ്തലന്മാർക്കു് അറിയാമായിരുന്നു. പക്ഷേ, അന്നു് അവർ അതു വിശ്വസിച്ചിരുന്നില്ല. ഈശോ മരിച്ചുകഴിഞ്ഞപ്പോൾ എല്ലാം അവസാനിച്ചുവെന്നു അവർ വിചാരിച്ചു. ഇനിയൊരിക്കലും ഈ ഭൂമിയിൽ ഈശോയെ തങ്ങൾ കാണുകയില്ലെന്നു് അവർ കരുതി.

ഈശോയെ അനുഗമിച്ചിരുന്ന ഭക്തസ്ത്രീകളെപ്പററി പറഞ്ഞല്ലോ. അവരും ഉയിർപ്പിനെപ്പററി കർത്താവു പറഞ്ഞതു കേട്ടിരുന്നു. പക്ഷേ അവർക്കും ഈശോ പറഞ്ഞതിൻെറ അർത്ഥം അന്നു മനസ്സിലായില്ല.

ഈ സ്ത്രീകൾ എങ്ങനെയാണു ഈശോ ഉയിർത്തകാര്യം അറിഞ്ഞതെന്നു നിങ്ങൾക്കറിയാമോ? ഉയിർപ്പുഞായറാഴ്ച, വെളുപ്പിനു് ഈ സ്ത്രീകളിൽ ചിലർ എഴുന്നേററു് ഈശോയെ അടക്കിയിരുന്ന കല്ലറയുടെ അടുക്കലേക്കുപോയി. കല്ലറ അലങ്കരിക്കാനും ഈശോയുടെ ശരീരത്തിൽ തൈലം പൂശാനുമാണ് അവർ പോയതു്. ഈശോയോടുള്ള വലുതായ സ്നേഹം അങ്ങനെ കാണിക്കുവാൻ അവർ ആഗ്രഹിച്ചു. അതുകൊണ്ടു് സൗരഭ്യമുള്ള തൈലവും മററും എടുത്തുകൊണ്ടു് അവർ കല്ലറയിലേക്കു് നടന്നു, അവിടെ എത്തിയപ്പോൾ അവർ വല്ലാതെ ഭയപ്പെട്ടു. എന്തുകൊണ്ടാണു ഭയപ്പെട്ടതു്? അവർ എന്തു കണ്ടിരിക്കുമെന്നാണ് നിങ്ങൾക്കു തോന്നുന്നതു്? കല്ലറവാതിൽക്കൽ വച്ചിരുന്ന കല്ലു് ഉരുട്ടിമാററിയിരിക്കുന്നു; കല്ലറ തുറന്നുകിടക്കുന്നു; അതു്

ഒഴിഞ്ഞുകിടക്കുന്നു. ഈശോയുടെ ശരീരം അവിടെയില്ല. അവർ പരിഭ്രമിച്ചുപോയി. അവരുടെ പരിഭ്രമവും ഭയവും ക്രമേണ വർദ്ധിച്ചു. എന്തുചെയ്യണമെന്നറിയാതെ അവർ കുഴങ്ങി. ആ സമയത്തു് സുന്ദരന്മാരായ രണ്ടു മാലാഖമാരെ അവർ കണ്ടു. അവർ വളരെ സന്തോഷമുള്ളവരായി കാണപ്പെട്ടു. ഈ സ്ത്രീകളോടു് അവർ ഇങ്ങനെ പറഞ്ഞു: "നിങ്ങൾ ഭയപ്പെടേണ്ട. ഈശോ ഇവിടെയില്ല. അവിടുന്നു ഉയിർത്തെഴുന്നേററു."

ഈശോ ജീവിച്ചിരിക്കുന്നുവെന്നോ! ആ സ്ത്രീകൾക്കു് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഈശോ മരിച്ചതും അവിടുത്തെ സംസ്കരിച്ചതും അവർ കണ്ടതല്ലേ? ഈശോ എങ്ങനെയാണു് ഇനിയും ജീവിക്കുന്നതു്? അവർ മനസ്സിൽ വിചാരിച്ചു.

തങ്ങൾ കണ്ടതും കേട്ടതുമായ സംഗതികൾ അറിയിക്കുവാൻ അവർ അപ്പോസ്തലന്മാരുടെ അടുക്കലേക്കോടി. അവരിൽ ഒരാൾ ഈശോയെ കണ്ടു. അവളുടെ പേരു് മറിയം. മററു രണ്ടുപേർ മുൻപേ ഓടിപ്പോയിരുന്നു. ഈശോ മറിയത്തെ നോക്കി പുഞ്ചിരി തൂകിയിരിക്കണം. എന്തൊരാനന്ദം! അവൾ ഈശോയോടു പലതും ചോദിക്കാൻ ആഗ്രഹിച്ചിരുന്നിരിക്കണം. പക്ഷേ, ഈശോ പെട്ടെന്നു് അവളുടെ മുൻപിൽനിന്നു് മറഞ്ഞുപോയി. എങ്കിലും ഈശോ ജീവിച്ചിരിക്കുന്നുവല്ലോ എന്നോർത്തപ്പോൾ അവൾ സന്തോഷിച്ചു. അവൾ അപ്പോസ്തലന്മാരുടെ അടുക്കലേക്കോടി.

വിവരം കേട്ടിട്ടു് അപ്പോസ്തലന്മാർ ആദ്യം വിശ്വസിച്ചില്ല. ഇത്ര വലിയ കാര്യം എങ്ങനെ സംഭവിക്കാനാണു് എന്നവർ ഓർത്തു. നേരം വെളുത്തപ്പോഴേയ്ക്കും ഈശോ ഉയിർത്തു എന്ന സംഗതി പട്ടണത്തിലെങ്ങും പരന്നു. അന്നു് ഉച്ചതിരിഞ്ഞു്, അപ്പോസ്തലന്മാർ തങ്ങൾ കേട്ടസംഗതികളെക്കുറിച്ചു് സംസാരിച്ചുകൊണ്ടു് ഒരു മേശയ്ക്കരികിൽ ഇരിക്കുകയായിരുന്നു. പെട്ടെന്നു് അവർ ഇരുന്ന മുറി പ്രകാശംകൊണ്ടു് നിറഞ്ഞു. അപ്പോസ്തലന്മാർ ഭയപ്പെട്ടു. എന്താണു് സംഭവിക്കുന്നതെന്നു് അവർക്കു മനസ്സിലായില്ല. അനന്തരം, തങ്ങളെ നോക്കി പുഞ്ചിരിച്ചുകൊണ്ടു് ആ മുറിയിൽ ഈശോ നില്ക്കുന്നതു് അവർ കണ്ടു. തങ്ങൾ ഏററവുമധികം സ്നേഹിച്ച, അനുസരിച്ച, ഈശോയെ അവർ ഇപ്പോൾ തങ്ങളുടെ മദ്ധ്യത്തിൽ കാണുന്നു. ആദ്യം അവർക്കു് അവരുടെ കണ്ണുകളെ വിശ്വസിക്കാൻ സാധിച്ചില്ല. അവർ കണ്ണിമക്കാതെ അവിടുത്തെത്തന്നെ നോക്കിക്കൊണ്ടുനിന്നു. "ഭയപ്പെടേണ്ട", ഈശോ പറഞ്ഞു; അവരുടെ സന്തോഷം വർദ്ധിച്ചു. ഈശോയുടെ അടുക്കലേക്കു് അവർ നീങ്ങിനിന്നു.

## കുട്ടികളുടെ പ്രവർത്തനം

ഈശോയുടെ ഉയിപ്പിൽ എത്ര വലിയ സന്തോഷമാണ് നമുക്കുള്ളത്! ഈ സന്തോഷത്തെ കാണിക്കുവാൻ ഉയിർപ്പുകാലത്ത് പള്ളികളിലെ പ്രാത്ഥനകളിൽ കൂടെക്കൂടെ ഒരു വാക്കുപയോഗിക്കുന്നതു കേൾക്കാം. എന്താണെന്നു പറയാമോ? മിക്കപ്രാർത്ഥനകളും പാട്ടുകളും ആ കാലത്തു് തുടങ്ങുകയോ അവസാനിക്കുകയോ ചെയ്യുന്നതു് ഈ വാക്കുകൊണ്ടാണ്. "അല്ലേലൂയ്യ." സന്തോഷത്തെക്കുറിക്കുന്ന ഒരുവാക്കാണ് അതു്. നമുക്കൊന്നു പാടിനോക്കാം. (ഒരു പാട്ടുപാടിക്കുക. പാട്ടിൽ അല്ലേലൂയ്യ എന്ന വാക്കു് പല പ്രാവശ്യം ആവത്തിക്കുന്നുണ്ടാവണം. പററിയ രീതിയിൽ അല്ലേലൂയ്യ എന്ന വാക്കു് ആവത്തിച്ചു പാടിയാലും മതി)

## പ്രയോഗം

നാം സ്നേഹിക്കുന്നവക്കു് വലിയ ഭാഗ്യമുണ്ടാകുമ്പോൾ നാമും അവരോടൊന്നിച്ചു് സന്തോഷിക്കും, ഇല്ലേ? ഈശോയെ നാം വളരെയധികം സ്നേഹിക്കുന്നുണ്ടല്ലോ. അപ്പോൾ ഈശോയുടെ ഉയിപ്പിൽ നാമും സന്തോഷിക്കേണ്ടതാണ്. എങ്ങനെയാണു നാം നമ്മുടെ സന്തോഷം കാണിക്കുവാൻ പോകുന്നതു്? ഉയിർപ്പുതിരുനാൾ ആഘോഷിക്കുന്ന ഈ ആഴ്ചമുഴുവൻ നമുക്കു് കൂടെക്കൂടെ മനസ്സുകൊണ്ടു് ഈശോയോടു് ഇങ്ങനെ പറയാം: "ഈശോയെ അങ്ങേ ഉയിപ്പിൽ ഞാൻ സന്തോഷിക്കുന്നു." നമ്മുടെ സന്തോഷത്തെ കാണിക്കുവാൻ അല്ലേലൂയ്യ എന്ന പാട്ടു് നമുക്കു് കൂടെക്കൂടെ പാടാം.

## ഓർമ്മിക്കാൻ

## ചോദ്യങ്ങൾ

1. ഈശോ മരിച്ചു് എത്രനാൾ കഴിഞ്ഞാണ് ഉയിത്തതു്?
2. ഉയിത്തെഴുന്നേററ ഈശോയെ ആദ്യം കണ്ടതാരു്?

## ഭാഗം 2 (30 മിനിററു്)

## പാഠാവതരണം

ഈശോയുടെ സന്തോഷത്തിൽ നാം പങ്കെടുക്കുന്നു. നിങ്ങളെല്ലാവരും ഉയിർപ്പുഞായറാഴ്ച പള്ളിയിൽ പോയില്ലേ? ദിവ്യബലിയിൽ പങ്കെടുത്തില്ലേ? ഈശോ മരിച്ചിട്ടുയിത്ത ദിവസമാണ് നാം ഉയിർപ്പുഞായറാഴ്ചയായി കരുതുന്നതു്. നമ്മുടെ തിരുനാളുകളിൽവച്ചു് ഏററവും പ്രധാനപ്പെട്ടതു് ഉയിർപ്പുതിരുനാളാണ്.

ഉയിർപ്പുതിരുനാളിൽ എല്ലാവർക്കും വലിയ സന്തോഷമാണ്. പള്ളിയിൽ ധാരാളം തിരികൾ കത്തിക്കും. പൂക്കൾവച്ച് അലങ്കരിക്കും. ആ ആഴ്ചയിൽ ചൊല്ലുന്ന പ്രാർത്ഥനകളെല്ലാം സന്തോഷത്തിന്റേതു മാത്രമാണ്. ഇതെല്ലാം ഈശോയുടെ സന്തോഷത്തിൽ പങ്കെടുക്കുവാൻ നമ്മെ കുറച്ചെങ്കിലും സഹായിക്കും. ഈശോ മരിച്ചവരിൽനിന്നുയിർത്ത് നമുക്ക് പുതിയ ജീവനും സ്നേഹവും സമ്മാനിച്ചു.

ഇപ്പോൾ ഈശോ എന്നന്നേയ്ക്കുമായി സ്വർഗ്ഗത്തിൽ തന്റെ പിതാവിനോടൊന്നിച്ച് വാഴുന്നു. അതേസമയംതന്നെ ഒരു പ്രത്യേക വിധത്തിൽ, ഈശോ നമ്മോടുകൂടി ഭൂമിയിൽ വസിക്കുന്നുണ്ട്, വിശുദ്ധ കുർബാനയിൽ. പക്ഷേ, ഈ ഭൂമിയിൽവച്ച് നമുക്ക് ഈശോയെ മുഖത്തോടുമുഖം കാണാൻ സാധിക്കുകയില്ല. സ്വർഗ്ഗത്തിലെത്തുമ്പോൾ നമുക്ക് അവിടുത്തെ നേരിട്ടു കാണാൻ കഴിയും. ഇപ്പോൾ നമ്മൾ തമ്മിൽ നേരിട്ടുകാണുന്നതുപോലെ അപ്പോൾ നമുക്ക് അവിടുത്തെ സന്തോഷത്തിൽ മുഴുവനായി പങ്കെടുക്കാം. അവിടുന്നു നമ്മുടെ രക്ഷകനാണ്; നമ്മുടെ സ്വന്തമാണ്. എന്തുകൊണ്ടെന്നാൽ അവിടുത്തെ ജീവനും സ്നേഹവും നമ്മിലുണ്ട്.

ഈ പുതിയ ജീവൻ നമുക്കു കിട്ടിയതിനെ ഓർക്കുന്നതിനായി, ഈശോയുടെ സന്തോഷത്തിൽ പങ്കുചേരുന്നതിനായി നാം എല്ലാ വർഷവും ഉയിർപ്പുതിരുനാൾ കൊണ്ടാടുന്നു. അവിടുന്നു ജീവിക്കുന്നുണ്ടെന്നു നമുക്കറിയാം. താൻ മരിച്ചിട്ടുയിർക്കുമെന്ന് നേരത്തെതന്നെ ഈശോ പറഞ്ഞിരുന്നു. അവിടുന്ന് ഉയിർത്തു എന്ന് അപ്പോസ്തലന്മാർ നമ്മളോടു പറഞ്ഞിരിക്കുന്നു. അവർ ഉയിർത്ത ഈശോയെ പല പ്രാവശ്യം കണ്ടതാണ്. അതിനാൽ ഉയിർത്തുവെന്ന് നാം വിശ്വസിക്കുന്നു.

## കുട്ടികളുടെ പ്രവർത്തനം

നിങ്ങൾക്ക് ഈശോയുടെ ഉയിർപ്പ് ഒരു നാടകമായി അഭിനയിക്കാമോ? ആർക്കൊക്കെ അതു് അഭിനയിക്കാൻ ഇഷ്ടമുണ്ട്? (ഈശോയുടെ ഉയിർപ്പ് പല രംഗങ്ങളിലായി അഭിനയിക്കണം. ഒരു സമയത്ത് ഒരു രംഗം മതി. പട്ടാളക്കാർ കല്ലറയ്ക്ക് കാവൽ നിൽക്കുന്നതായിരിക്കട്ടെ ആദ്യത്തെ രംഗം. ക്ലാസ്സുമുറിയുടെ വാതിൽ അടച്ചിട്ട് ഒരു കസേര എടുത്ത് അതിനോട് ചേർത്തു വയ്ക്കുക. അല്ലെങ്കിൽ ക്ലാസ്സുമുറിയുടെ മൂല അതിനായി ഉപയോഗിക്കുക. രണ്ടു കുട്ടികൾ പട്ടാളക്കാരെപ്പോലെ കല്ലറയ്ക്ക് കാവൽ നിൽക്കട്ടെ. അല്പം കഴിയുമ്പോൾ മററുകുട്ടികൾ തങ്ങളുടെ കാലുകൊണ്ട് തറയിൽ തെരുതെരെ ചവിട്ടണം (ഭൂകമ്പം). അതുകേട്ട് അമ്പരന്നു നോക്കിക്കൊണ്ട് പട്ടാളക്കാർ നിലത്തുവീഴുന്നു. ഈ സമയത്ത് മാലാഖയായി വരുന്ന കുട്ടി കല്ല് (കസേര) ഒരു വശത്തേയ്ക്കു മാററി അതിന്റെ പുറത്തിരിക്കട്ടെ.)

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| ഈശോ ഉയിർത്തു | അല്ലേലൂയ്യാ. |
| മരിച്ചവരിൽനിന്നു | ,, ,, |
| മരിക്കയില്ലിനീശോ | ,, ,, |
| ജീവിക്കുന്നെന്നും | ,, ,, |
| ഈശോ ഉയിർത്തു | ,, ,, |
| നമുക്കാനന്ദിക്കാം | ,, ,, |

## രംഗം രണ്ട്

(മറിയംമഗ്ദലേനയും കൂട്ടരും കല്ലറ കാണാൻ വന്ന കഥ അടുത്തതായി അഭിനയിക്കാം. മൂന്നു കുട്ടികൾ ചെറിയ പൊതിക്കെട്ടുകളോടു കൂടി കല്ലറയുടെ അടുക്കലേയ്ക്കു വരട്ടെ. അപ്പോൾ കല്ലറവാതിൽക്കൽ ഇരിക്കുന്ന രണ്ടു മാലാഖമാർ ഈശോ അവിടെ ഇല്ലെന്നുള്ള കഥ അവരോടു പറയണം. ഇതുകേട്ട് സ്ത്രീകൾ ഓടിപ്പോകുന്ന വഴിയ്ക്ക് അവരിൽ ഒരാൾ കർത്താവിനെ കണ്ടുമുട്ടും. രണ്ടുപേർ മുമ്പേ ഓടിപ്പോയ ശേഷമായിരിക്കണം ഈ കൂടിക്കാഴ്ച)

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| ഈശോ ഉയിർത്തു | അല്ലേലൂയ്യാ. |
| മരിച്ചവരിൽനിന്നു | ,, ,, |
| ഈശോയെക്കണ്ടു | ,, ,, |
| ഈശോ ഉയിർത്തു | ,, ,, |
| മരിച്ചവരിൽനിന്നു | ,, ,, |
| മാലാഖമാർ ചൊന്നു | ,, ,, |
| ജീവിക്കുന്നെന്ന് | ,, ,, |

## രംഗം മൂന്നു്

(ഈശോ അപ്പോസ്തലന്മാൎക്കു് കാണപ്പെടുന്നു. പത്തു കുട്ടികൾ ഒന്നിച്ചു് ഒരു മേശയ്ക്കു ചുററുമിരിക്കട്ടെ. മിന്നൽ വേഗത്തിൽ ഈശോ അവരുടെ മദ്ധ്യേ ചെന്നു നിൽക്കുന്നതായി കാണിക്കണം. അപ്പോസ്തലന്മാർ ഭയപ്പെട്ടു് ആശ്ചര്യത്തോടെ നോക്കുന്നു. "നിങ്ങൾക്കു് സമാധാനം ഭയപ്പെടേണ്ട, ഞാൻ തന്നെ." എന്നിങ്ങനെ ഈശോ പറയട്ടെ)

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| ഈശോ ഉയിൎത്തു | അല്ലേലൂയ്യാ - |
| മരിച്ചവരിൽനിന്നു | ,, ,, |
| അപ്പോസ്തലന്മാർ കണ്ടു | ,, ,, |
| ആനന്ദിച്ചവർ | ,, ,, |
| ഈശോ ഉയിൎത്തു | ,, ,, |
| മനുഷ്യരെല്ലാവൎക്കും | ,, ,, |
| പുതുജീവനേകി | ,, ,, |
| നമ്മുമുയൎക്കും | ,, ,, |
| ഈശോ ഉയിൎത്തു | ,, ,, |

അടുത്തതവണ നിങ്ങൾ പള്ളിയിൽ പോകുമ്പോൾ ഈശോയോടു് ഇങ്ങനെ പറയണം: "ഈശോയെ അങ്ങു് ഇവിടെയുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. അങ്ങേ ഞാൻ സ്നേഹിക്കുന്നു. എനിയ്ക്കിപ്പോൾ അങ്ങയെ കാണാൻ പാടില്ലെങ്കിലും ഞാൻ വിശ്വസിക്കുന്നു. അങ്ങേ ജീവനും സ്നേഹവും എനിയ്ക്കു തരണമെ." [ഇതു മുഴുവനും കുഞ്ഞുങ്ങൾ ആവൎത്തിച്ചെന്നു് വരികയില്ല. പക്ഷേ ഏതെങ്കിലും ഒരാശയം ആവൎത്തിക്കാൻ അവരെ അദ്ധ്യാപകൻ സഹായിക്കണം.]

N. B. ഈ പാഠത്തിന് പ്രത്യേകം ചോദ്യോത്തരങ്ങൾ ആവശ്യമില്ല. നാടകാഭിനയത്തിൽനിന്ന് ഓർമ്മിക്കേണ്ട കാര്യങ്ങൾ കുട്ടികളുടെ മനസ്സിൽ പതിഞ്ഞുകൊള്ളും.

**ഉപസംഹാരപ്രാർത്ഥന**

"ഈശോയെ അങ്ങ് ഞങ്ങളുടെകൂടെ വസിക്കാനായി വി. കുർബാനയിൽ എഴുന്നള്ളിയിരിക്കുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ വിശ്വാസത്തെ വർദ്ധിപ്പിക്കേണമെ."

# 18

# ഈശോ പിതാവിൻെറ പക്കലേയ്ക്കു്

**ഉപക്രമം**

ഈശോയുടെ സ്വർഗ്ഗാരോഹണമാണു് ഈ പാഠത്തിലെ പ്രതിപാദ്യ വിഷയം. മനുഷ്യനായ ദൈവപുത്രൻ-- ഈശോ-- നമ്മുടെ രക്ഷകനാണു്. അവിടുന്നു വഴിയാണു് നമുക്കു രക്ഷ കൈവന്നതു്. ഇക്കാര്യം ആവർത്തിച്ചാവർത്തിച്ചു് പറഞ്ഞുകൊടുക്കുക. സ്വർഗ്ഗമാണു് നമ്മുടെ യഥാർത്ഥഭവനമെന്നു് കുഞ്ഞുങ്ങൾക്കു ബോദ്ധ്യം വരുത്തണം.

**ലക്ഷ്യം**

സ്വർഗ്ഗത്തിൽ നമുക്കു് ഒരു സ്ഥലമൊരുക്കിക്കൊണ്ടു് നമ്മെ കാത്തിരിക്കുന്ന ഈശോയുടെ യഥാർത്ഥ സ്നേഹിതന്മാരായി ഈ ഭൂമിയിൽ ജീവിക്കുവാനുള്ള താല്പര്യം കുഞ്ഞുങ്ങളിൽ വളർത്തുക.

**പ്രധാനപദങ്ങൾ**

സ്വർഗ്ഗാരോഹണം, ആശീർവ്വദിച്ചു.

**പഠനോപകരണങ്ങൾ**

ഈശോയും ഞാനും (കുട്ടിയും), സ്വർഗ്ഗാരോഹണചിത്രം, ഈശോ അപ്പോസ്തലന്മാരോടുകൂടി.

## ഭാഗം 1 രൂപരേഖ

**പ്രധാനാശയം**

ഈശോ സ്വർഗ്ഗത്തിലേയ്ക്കു പോകുന്നു.

**കഥ**

സ്വർഗ്ഗാരോഹണത്തെ സംബന്ധിച്ച ബൈബിൾഭാഗം

**കുട്ടികളുടെ പ്രവർത്തനം**

അഭിനയഗാനം ആലപിക്കുക. സ്വർഗ്ഗത്തിൽ ഈശോ എന്നെ കാത്തിരിക്കുന്നുവെന്നു ചിന്തിക്കുക.

### പ്രയോഗം

സ്വർഗ്ഗം എൻെറ നിത്യഭവനമാണെന്നു് ഞാൻ ഓർക്കുക. ഒരപ്പോസ്തല നായിത്തീരാൻ ശ്രമിക്കുക.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ഉയിർപ്പിനുശേഷം ഈശോ എന്തുചെയ്തു?
2. നാല്പതാം ദിവസം എന്തു സംഭവിച്ചു?

## ഭാഗം 2 രൂപരേഖ

### പ്രധാനാശയം

ഈശോ സ്വർഗ്ഗത്തിലാകുന്നു; അവിടുന്നു നമ്മെ കാത്തിരിക്കുന്നു. ഒരിയ്ക്കൽകൂടി ഈശോ ഭൂമിയിലേയ്ക്കു വരും.

### കഥ

വിശുദ്ധ യോഹന്നാൻെറ സുവിശേഷത്തിൽ 13–14 അദ്ധ്യായങ്ങളെ ആസ്പദമാക്കി ഈശോയുടെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് ഒരു ചെറിയ വിവരണം നൽകുക.

### കുട്ടികളുടെപ്രവർത്തനം

അഭിനയഗാനം പാടുക. മുൻപ് പഠിച്ചതോ വേറൊന്നോ പാടാം

### പ്രയോഗം

സ്വർഗ്ഗഭാഗ്യത്തിനുവേണ്ടി നാം ഈ ജീവിതത്തിലുണ്ടാകുന്ന വിഷമ തകളും ദുഃഖങ്ങളും സന്തോഷത്തോടെ സഹിക്കുക.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ഈശോ ഉയിർത്തശേഷം എത്രനാൾകൂടി ഭൂമിയിൽ താമസിച്ചു?
2. ഈശോ എന്നു ലോകത്തിലേയ്ക്കു വീണ്ടും വരും?
3. നമ്മുടെ യഥാർത്ഥവീട് എവിടെയാണ്?

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭ പ്രാർത്ഥന

ഈശോ അപ്പോസ്തലന്മാരെ ഒരു പ്രത്യേക പ്രാർത്ഥന പഠിപ്പിച്ചല്ലോ. ഏതാണതു്? നമുക്കും ഈ പ്രാർത്ഥന ഭക്തിയോടും സ്നേഹത്തോടും കൂടി ചൊല്ലാം. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........"

### പ്രാരംഭം

എന്തുകൊണ്ടാണ് നാം ദൈവത്തെ സ്വർഗ്ഗസ്ഥനായ പിതാവേ എന്നു വിളിക്കുന്നതു്? സ്വർഗ്ഗമാണ് നമ്മുടെ വീടു്. അവിടെ നാം പിതാവിനോടൊത്തു് —ഈശോയോടൊത്തു് എന്നന്നേയ്ക്കുമായി ആനന്ദിക്കും. നിങ്ങൾ സ്വർഗ്ഗം കണ്ടിട്ടുണ്ടോ? ഇല്ല. അവിടൊരു വീടുണ്ടെന്നു് നമുക്കെങ്ങനെ അറിയാം? അതെ, ഈശോ പറഞ്ഞിട്ടുണ്ടു്. അവിടുന്നു് സ്വർഗ്ഗത്തിൽനിന്നാണല്ലോ വന്നതു്. സ്വർഗ്ഗത്തിൽ നമുക്കൊരു വീടുണ്ടെന്നു്, പിതാവായ ദൈവം നമ്മെ കാത്തുകാത്തിരിക്കുന്നുണ്ടെന്നു് ഈശോ ആളുകളെ പഠിപ്പിച്ചു; അപ്പോസ്തലന്മാരെ പഠിപ്പിച്ചു. നമുക്കുവേണ്ടിയൊരു സ്ഥലമൊരുക്കുവാനാണ് താൻ സ്വർഗ്ഗത്തിലേയ്ക്കു പോകുന്നതെന്നു് ഈശോ അപ്പോസ്തലന്മാരോടു പറഞ്ഞു. ഈശോ സ്വർഗ്ഗത്തിലേയ്ക്കു പോയതു് എങ്ങനെയെന്നു നോക്കാം.

### പാഠാവതരണം

പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്തശേഷം ഈശോ സ്വർഗ്ഗത്തിലേയ്ക്കു പോയി.

ഈശോ മരിച്ചു. അവിടുത്തെ ശരീരം ഒരു കല്ലറയിൽ സംസ്കരിച്ചു. മൂന്നാംനാൾ അവിടുന്നു് ഉയിർത്തു— ഉയിർപ്പുഞായർ— ഓ! സന്തോഷത്തിൻെറ ആ ദിവസം ഈശോയെ വീണ്ടും ജീവനോടെ കണ്ടപ്പോൾ ഈശോയുടെ സ്നേഹിതന്മാർക്കു് എത്രവലിയ സന്തോഷമായിരുന്നു!

ഈശോ ഉയിർത്തശേഷം നാല്പതുദിവസം ഈ ഭൂമിയിൽത്തന്നെ കഴിഞ്ഞു. ഇക്കാലത്തു് അനേകം പ്രാവശ്യം ഈശോ അപ്പോസ്തലന്മാർക്കു കാണപ്പെട്ടിട്ടുണ്ടു്. അവർക്കു് ഈശോയോടു് അനേകം കാര്യങ്ങൾ ചോദിക്കാനുണ്ടായിരുന്നു. അവരുടെ ഭയം നീക്കുവാനും ഈശോ പറഞ്ഞുകൊടുത്തിട്ടുള്ള കാര്യങ്ങളെ ഓർമ്മപ്പെടുത്തിക്കൊടുക്കുവാനും വേണ്ടി ഒരാളെ സഹായത്തിനു് അയക്കാമെന്നു് ഈശോ അവരോടു വാഗ്ദാനം ചെയ്തു. ഒടുവിലത്തെ അത്താഴം കഴിഞ്ഞദിവസംതന്നെ അവിടുന്നു് ഇക്കാര്യം പറഞ്ഞതാണു്. അതായതു്, താൻ സ്വർഗ്ഗത്തിൽ ചെന്നിട്ടു് പരിശുദ്ധാത്മാവിനെ അയക്കാമെന്നു്. പരിശു

ദ്ധാത്മാവു വരുമ്പോഠം അവർ മനസ്സിലാക്കിയിട്ടില്ലാത്തതും അവർ മറന്നുപോയിട്ടുള്ളതുമായ അനേകം കാര്യങ്ങഠം അവരെ പഠിപ്പിക്കു മെന്നു് ഈശോ കാലേക്കൂട്ടി പറഞ്ഞിട്ടുണ്ടു്.

നാല്പതുദിവസം കഴിഞ്ഞപ്പോഠം ഈശോ അപ്പോസ്തലന്മാരെയും മററു് അനേകം സ്നേഹിതന്മാരേയും കൂട്ടിക്കൊണ്ടു് ഒലിവുമലയിലേക്കു പോയി. ഈശോ അവിടെവച്ചു് അവരോടു യാത്രപറഞ്ഞു. അവിടുന്നു സ്വർഗ്ഗത്തിലേയ്ക്കു്— തൻെറ പിതാവിൻെറ അടുക്കലേയ്ക്കു് പോകുകയാണു്! ഈശോ അവരെ കൈയു് ഉയർത്തി അനുഗ്രഹിച്ചു. (ചിത്രം കാണിക്കുക) ഇതു് അവസാനനിമിഷമാണെന്നു് അവക്കൊക്കെ മനസ്സിലായി. അവർ വളരെ സ്നേഹത്തോടുകൂടി അവിടുത്തെ നോക്കിക്കൊണ്ടിരുന്നു. ഈശോയും അവരെ ഓരോരുത്തരെയും നോക്കി, സ്നേഹപൂർവ്വം നോക്കി. അനന്തരം അവിടുന്നു് തൻെറ അവസാന ഉപദേശം അവക്കു കൊടുത്തു. ഈശോ പോയിക്കഴിഞ്ഞാൽ അവർ ചെയ്യേണ്ട സംഗതികഠം പറഞ്ഞുകൊടുത്തു: "നിങ്ങഠം പോയി ലോകമെങ്ങും സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ." (മാക്കു് 16: 15) ഈശോ അപ്പോസ്തലന്മാരെയും മററും പഠിപ്പിച്ച കാര്യങ്ങഠം എല്ലാ മനുഷ്യരും അറിയണമെന്നായിരുന്നു ഈശോയുടെ ആഗ്രഹം. ഈശോ തൻെറ കുരിശുമരണവും ഉയിർപ്പുംകൊണ്ടു് നമ്മെ രക്ഷിച്ചു. പക്ഷേ ആ ഭാഗ്യം നമുക്കു കിട്ടണമെങ്കിൽ—നാം പിതാവിൻെറ അടുക്കലേയ്ക്കു പോകണമെങ്കിൽ— ഈശോ പഠിപ്പിച്ചതനുസരിച്ചു് ജീവിക്കണം. എങ്കിൽമാത്രമേ നമുക്കു ദൈവത്തിൻെറ കുടുംബത്തിലെ അംഗങ്ങളാകുവാൻ സാധിക്കുകയുള്ളു. ഈശോ ആരംഭിച്ച ജോലി, ആളുകളെ പഠിപ്പിക്കുന്ന ജോലി തുടരേണ്ടതു് അപ്പോസ്തലന്മാരായിരുന്നു.

ഈശോ തൻെറ ഉപദേശം നൽകി അവരെ അനുഗ്രഹിച്ചുകഴിഞ്ഞതോടെ അവിടുന്നു താനേ ആകാശത്തേയ്ക്കു സാവധാനം ഉയിന്നു (ചിത്രംകാണിക്കുക). ഈശോ മേലോട്ടു് പൊങ്ങിപ്പോകുന്നതു കണ്ടപ്പോഠം അപ്പോസ്തലന്മാരുടെ ഹൃദയം തുടിച്ചു. അവരെല്ലാം കണ്ണുടയ്ക്കാതെ ഈശോയെ നോക്കിക്കൊണ്ടുനിന്നു. അല്പം കഴിഞ്ഞപ്പോഠം ഒരു വെളുത്ത മേഘംവന്നു് ഈശോയെ അവരിൽനിന്നു് മറച്ചുകളഞ്ഞു.

## കുട്ടികളുടെ പ്രവർത്തനം

നമ്മുടെ രക്ഷകനായ ഈശോ അങ്ങനെ സ്വർഗ്ഗത്തിലേയ്ക്കു പോയി. ഈശോ അവിടെ നമ്മെ കാത്തിരിപ്പുണ്ടു്. നമ്മഠം ഭാഗ്യമുള്ളവരല്ലേ? നമുക്കു് ഒരു സഹോദരൻ, നമ്മുടെ രക്ഷകൻതന്നെ സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി സ്ഥലമൊരുക്കുക, നമ്മെ കാത്തിരിക്കുക; അതു് കൊച്ചുകാര്യമല്ല. അതിനാൽ അവിടുന്നു് സ്വർഗ്ഗത്തിലേയ്ക്കു പോയതിൽ നാം സന്തോഷിക്കണം. ഈശോയുടെ ഭാഗ്യത്തിൽ നമ്മ

ക്കു സന്തോഷമുണ്ടെന്നു് അവിടുത്തോടു് പറയാം. വരിക, ഈശോയുടെ പടത്തിനു ചുററും (പടം ഇല്ലെങ്കിലും സാരമില്ല) നിന്നു് ഞാൻ പറഞ്ഞുതരുന്ന കാര്യങ്ങൾ ഏററുപാടുക (പാടുക).

| | |
|---|---|
| ആനന്ദമേ, ആനന്ദം, എത്ര നല്ലോരാനന്ദം | കൈയ്‌ കൊട്ടുക |
| പോയല്ലീശോ സ്വർഗ്ഗത്തിൽ നമ്മുടെ ഈശോ സ്വർഗ്ഗത്തിൽ നമുക്കു മുൻപേ പോയല്ലോ. | ഒരു കൈയ്‌ ആകാശത്തേയ്ക്കുയർത്തുക.<br>രണ്ടു കൈ........ |
| നമുക്കു വഴി കാണിച്ചീടാൻ ഈശോ നമ്മെ വിളിക്കുന്നു. | വലതുകൈയ്‌കൊണ്ടു്‌ചൂണ്ടുക.<br>ഒരു കൈയ്‌ മാറത്തു്‌ |
| ലോകത്തുള്ളോരെല്ലാരെയും നമ്മുടെ ഭവനം സ്വർഗ്ഗത്തിൽ സ്വർഗ്ഗേ വാഴുന്നെൻ പിതാ. | കൈയ്‌ വീശി ലോകം മുഴുവൻ എന്നു കാണിക്കുക.<br>കൈ ആകാശ.... |
| ആനന്ദമേ ആനന്ദമേ എന്തോരാനന്ദമേ. | കൈ കൊട്ടുക |

**പ്രയോഗം**

ഈശോ എന്തുജോലിയാണു് അവസാനനിമിഷത്തിൽ—സ്വർഗ്ഗത്തേയ്ക്കു് പോകുംമുമ്പേ— അപ്പോസ്തലന്മാർക്കു കൊടുത്തതു്? അവർ ഭൂമിയിൽ ഈശോയുടെ ജോലി തുടരണമായിരുന്നു. അതിനുവേണ്ടിയാണു് ഈശോ അവരെ കൂടെക്കൊണ്ടുനടന്നു പഠിപ്പിച്ചതു്. നമുക്കും അവരെപ്പോലെ കൊച്ചുകൊച്ചു് അപ്പോസ്തലന്മാരാകാം. നമ്മളും ഈശോയുടെ സ്നേഹിതന്മാരാണെന്നു കാണിക്കണം. നിങ്ങൾ ഈശോയുടെ സ്നേഹിതന്മാരാണെന്നു് എങ്ങനെയാണു കാണിക്കാൻ പോകുന്നതു്? (കുട്ടികളെക്കൊണ്ടു പറയിക്കുക. അവർക്കു മാർഗ്ഗനിർദ്ദേശം കൊടുക്കുന്ന ചോദ്യങ്ങൾ ചോദിച്ചാൽമതി) കൂട്ടുകാരെ- വേദപാഠക്ലാസ്സിൽ പോകാൻ മടിയുള്ള കൂട്ടുകാരെ—സ്നേഹത്തോടെ ക്ലാസ്സിലേയ്ക്കു് കൂട്ടിക്കൊണ്ടുവരിക. ഈശോയെക്കുറിച്ചു് കൂട്ടുകാർക്കു പറഞ്ഞുകൊടുക്കുക. നമ്മുടെ നിത്യഭവനമായ സ്വർഗ്ഗത്തെക്കുറിച്ചും പിതാവിനെക്കുറിച്ചും കേട്ടിട്ടില്ലാത്ത മററു കുട്ടികൾക്കും നിങ്ങൾ പഠിച്ച കാര്യങ്ങൾ പറഞ്ഞുകൊടുത്തു് അവരും ഈശോയെ സ്നേഹിക്കുവാൻ ഇടവരുത്തുക.

ഓർമ്മിക്കാൻ

ചോദ്യങ്ങൾ

1. ആരെ അയയ്ക്കാമെന്നാണ് ഈശോ അപ്പോസ്തലന്മാരോട് പറഞ്ഞതു്?

2. അവസാനനിമിഷം ഈശോ അവർക്ക് കൊടുത്ത ജോലിയെന്തു്?

3. ഈശോ സ്വർഗ്ഗത്തേയ്ക്കു പോയതെങ്ങനെ?

ഭാഗം 2 (30 മിനിററ്)

DHARMARAM COLLEGE LIBRARY BANGALORE 34036

പാഠാവതരണം

സ്വർഗ്ഗമാണ് നമ്മുടെ വീട്. നാമെല്ലാം സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു.

ഈശോ സ്വർഗ്ഗത്തിലേക്കു പോയി. ഈശോ പൊങ്ങിപ്പൊങ്ങി പോകുന്നതു് അപ്പോസ്തലന്മാർ കണ്ടതാണ്. കുറെ പൊങ്ങിക്കഴിഞ്ഞപ്പോൾ ഒരു മേഘം വന്നു് ഈശോയെ അവരിൽനിന്നും മറച്ചുകളഞ്ഞു. അവർ പരിഭ്രമത്തോടെ വീണ്ടും വീണ്ടും നോക്കി. സുന്ദരന്മാരായ—വെട്ടിത്തിളങ്ങുന്ന ശോഭയോടുകൂടിയ—രണ്ടു മാലാഖമാർ സ്വർഗ്ഗത്തിൽനിന്നു താഴേയ്ക്കു് ഇറങ്ങിവരുന്നതു് അവർ കണ്ടു. ഈ മാലാഖമാർ താഴെവന്നു് "നിങ്ങളെന്തിനു് ആകാശത്തിലേയ്ക്കു നോക്കിനിൽക്കുന്നു? നിങ്ങളുടെ ഇടയിൽനിന്നു് സ്വർഗ്ഗത്തിലേയ്ക്കു് ആരോഹണംചെയ്ത ഈശോ സ്വർഗ്ഗത്തിലേക്കു പോകുന്നതു് നിങ്ങൾ കണ്ടല്ലോ. അതുപോലെതന്നെ അവിടുന്നു വീണ്ടുംവരും."(നട. 1:10–11) എന്നുപറഞ്ഞു് അപ്രത്യക്ഷരായി.

ഈശോ പോയിക്കഴിഞ്ഞപ്പോൾ എന്തുതന്നെ വിഷമതകൾ അനുഭവിക്കേണ്ടിവന്നാലും ശിഷ്യന്മാർ അവരുടെ സ്നേഹം കാണിക്കുവാൻ തന്നെ തീർച്ചപ്പെടുത്തി. അതെ, പിതാവിനെക്കുറിച്ചും സ്വർഗ്ഗത്തെക്കുറിച്ചും ഈശോയുടെ സ്നേഹത്തെക്കുറിച്ചും മററും എല്ലാവരെയും അറിയിക്കുവാൻ അവർ തീരുമാനമെടുത്തു.

നമ്മളും അവരെപ്പോലെ ആയിരിക്കണം. നാമും ഈശോയെ സ്നേഹിക്കുന്നു. നമുക്കും സ്വർഗ്ഗത്തിൽ പോകണം. എന്നന്നേയ്ക്കുമായി ഈശോയോടൊത്തു സന്തോഷിക്കണം. വേണ്ടേ? നമുക്കും ഈശോയെ സ്നേഹിക്കുന്നുവെന്നു കാണിക്കുവാൻ ആശയുണ്ടു്. ഈശോയിൽ വി

ശ്വസിച്ചുകൊണ്ടു്, അവിടത്തെ അനുസരിച്ചുകൊണ്ടു് അവിടത്തോടുള്ള സ്നേഹം നമുക്കു കാണിക്കാം. പിതാവിനു് ഇഷ്ടമുള്ള കാര്യങ്ങൾ മാത്രമേ നാം ചെയ്യാവൂ. ഈശോ ഭൂമിയിലായിരുന്നപ്പോൾ അപ്രകാരമാണു ചെയ്തതു്.

## കുട്ടികളുടെ പ്രവർത്തനം

ഒന്നാംഭാഗത്തു നടത്തിയപോലെ അഭിനയഗാനംതന്നെ. (ഗാനം അതുതന്നെവേണമെന്നില്ല.) നാം സ്വർഗ്ഗത്തിലെത്തുമ്പോൾ നമ്മുടെ ഇഷ്ടമനുസരിച്ചു് കാര്യങ്ങളെല്ലാം നടക്കും. നമ്മുടെ സന്തോഷത്തിനു തടസ്സം വരുത്തുന്ന— നശിപ്പിക്കുന്നതായൊന്നും അവിടെ ഉണ്ടായിരിക്കയില്ല. എന്നാൽ ഈലോകത്തു് അങ്ങനെയല്ല. നമ്മുടെ ജീവിതത്തിൽ എപ്പോഴും സന്തോഷവും സുഖവും തോന്നിയെന്നു വരികയില്ല. നാം നന്നായി ചെയ്തുവച്ചജോലി അന്യർ നശിപ്പിച്ചേക്കാം. നമുക്കിഷ്ടമില്ലാത്ത രീതിയിൽ മററുള്ളവർ നമ്മെക്കുറിച്ചു് സംസാരിച്ചേക്കാം. അന്യർ നമ്മെ വഴക്കുപറഞ്ഞേക്കും. നാം ചെയ്യാത്ത കുററം ചെയ്തെന്നു പറഞ്ഞു് നമ്മെ പഴിച്ചേക്കും, ഉപദ്രവിച്ചേക്കും. നമുക്കിഷ്ടമുള്ള സാധനങ്ങൾ, നാം സൂക്ഷിച്ചുവച്ചിരുന്ന സാധനങ്ങൾ നമ്മുടെ അനുജത്തിമാരോ അനുജന്മാരോ നശിപ്പിച്ചേക്കും. ചിലപ്പോൾ നമുക്കു് കഴിക്കുവാൻ ആഹാരം കിട്ടിയില്ലെന്നുവരും. ദാഹിക്കുമ്പോൾ കുടിക്കാൻ വെള്ളം കിട്ടിയില്ലെന്നുവരും, എന്നുവേണ്ട പലതരത്തിലുള്ള വിഷമതകൾ, വേദനകൾ, ദുഃഖങ്ങൾ, നമ്മൾക്കുണ്ടാകും. അപ്പോഴൊക്കെ നിങ്ങളെന്തുചെയ്യും? ഈശോ നമ്മെപ്പോലെ ഭൂമിയിൽ ജീവിച്ചപ്പോൾ എത്രയോ വിഷമത അനുഭവിച്ചു! അപ്പോൾ ഈശോ എന്താണു ചെയ്തതു്?— നമുക്കും ഈശോയെപ്പോലെ ചെയ്യുവാൻ ശ്രമിക്കാം. ആയതിനു് വേണ്ടതായ ശക്തി കിട്ടുന്നതിനായി പരിശുദ്ധാത്മാവിനോടു് നമുക്കു പ്രാർത്ഥിക്കാം.

## ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ഉയിപ്പിനുശേഷം ഈശോ എത്രനാൾകൂടി ഈ ഭൂമിയിൽ ഉണ്ടായിരുന്നു?

2. നാല്പതുദിവസം കഴിഞ്ഞപ്പോൾ സ്നേഹിതരെയും കൂട്ടിക്കൊണ്ടു് ഈശോ എവിടേയ്ക്കാണു പോയതു്?

3. ഈശോ അപ്പോസ്തലന്മാരോടു് എന്തു വാഗ്ദാനം ചെയ്തു?

4. മാലാഖമാർ അപ്പോസ്തലന്മാരോട് എന്തു പറഞ്ഞു?

5. സ്വർഗ്ഗത്തേയ്ക്കു പോകുംമുമ്പേ ഈശോ അപ്പോസ്തലന്മാർക്കു കൊടുത്ത ജോലി എന്ത്?

6. ഈശോ ഇപ്പോൾ എവിടെയുണ്ട്? (എവിടെയെല്ലാമുണ്ട്?)

7. നമ്മുടെ സാക്ഷാൽ വീട് എവിടെയാണ്?

**ഉപസംഹാരപ്രാർത്ഥന**

'.... കർത്താവായ ഈശോ, വരണമേ' (വെളിപാട്. 22:20).

# 19

# പരിശുദ്ധാത്മാവ് വരുന്നു

**ഉപക്രമം**

മനസ്സിലാക്കുവാൻ തന്നെ വിഷമമുള്ള ഈ രഹസ്യം കുഞ്ഞുങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുക എളുപ്പമല്ല. പെന്തക്കോസ്താസംഭവത്തെ വളരെ ലളിതമായി ചുരുക്കിപ്പറഞ്ഞാൽ മതിയാകും. കൊച്ചുകുട്ടികൾ വളരെ വേഗം വിശ്വസിക്കും. സത്യത്തെ അന്വേഷിക്കുന്നവരെ സഹായിക്കുന്ന ദൈവം നമ്മെയും സഹായിപ്പാൻ സദാ സന്നദ്ധനാണെന്ന കാര്യവും ഓർമ്മയിലിരിക്കട്ടെ.

വെറും ആറേഴുവയസ്സുമാത്രം പ്രായമുള്ള കുഞ്ഞുങ്ങളോട് പരിശുദ്ധാത്മാവിൻെറ ദാനങ്ങളെക്കുറിച്ച് സൂചിപ്പിക്കുകപോലുംവേണ്ട. ഈ പാഠംകൊണ്ട് രണ്ടു കാര്യങ്ങൾ കുഞ്ഞുങ്ങളെ മനസ്സിലാക്കിയിരിക്കണം. ഒന്ന്, പരിശുദ്ധാത്മാവ് ദൈവമാണ്. രണ്ട്, ക്രിസ്തു നമുക്കുവേണ്ടി തൻെറ കുരിശുമരണവും ഉയിർപ്പുംകൊണ്ട് സമ്പാദിച്ച ദൈവികജീവൻ നമുക്കു തുടർന്ന് നൽകുന്നത് പരിശുദ്ധാത്മാവ് വഴിയാണ്.

**ലക്ഷ്യം**

പരിശുദ്ധാത്മാവിനോടുള്ള സ്നേഹം കുഞ്ഞുങ്ങളിൽ വളർത്തുക.

**പ്രധാനപദങ്ങൾ**

പരിശുദ്ധാത്മാവ്, ദിവ്യപ്രസാദം, ആശ്വാസദായകൻ.

ഭാഗം 1 രൂപരേഖ

**പ്രധാനാശയം**

പരിശുദ്ധാത്മാവ് ദൈവമാകുന്നു. പിതാവായ ദൈവവും ക്രിസ്തുവും ചേർന്നാണ് പരിശുദ്ധാത്മാവിനെ നമുക്കു തരുന്നത്.

**കഥ**

പരിശുദ്ധാത്മാവിൻെറ ആഗമനകഥ

## കുട്ടികളുടെ പ്രവത്തനം

പരിശുദ്ധാത്മാവിനോടുള്ള പ്രാത്ഥനാഗാനം ആലപിക്കുക.

## പ്രയോഗം

നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെപ്പററി ഓർമ്മിക്കുക. പരിശുദ്ധാത്മാവിനോട് കൂടെക്കൂടെ പ്രാത്ഥിക്കുക.

## ഓമ്മിക്കാൻ

## ചോദ്യങ്ങാം

1 പരിശുദ്ധാത്മാവ് ആരാകുന്നു?

2. ആരാണ് പരിശുദ്ധാത്മാവിനെ നമ്മുടെ അടുക്കലേയ്ക്കു അയച്ചതു്?

3. എന്നാണ് പരിശുദ്ധാത്മാവ് ശിഷ്യന്മാരുടെമേൽ എഴുന്നള്ളി വന്നതു്?

4. ഏതു് രൂപത്തിലാണ്?

# ഭാഗം 2 രൂപരേഖ

## പ്രധാനാശയം

അപ്പോസ്തലന്മാക്ക് പരിശുദ്ധാത്മാവിന്റെ സഹായം വേണ്ടിവന്നു. പരിശുദ്ധാത്മാവിന്റെ വരവിനുശേഷം ദൈവത്തിന്റെ കുടുംബം [തിരുസഭ] വളരാൻ തുടങ്ങി.

## കഥ

നടപടി 1: 5–41 സംഗ്രഹിച്ചു പറയുക.

## കുട്ടികളുടെ പ്രവർത്തനം

ഒന്നാംഭാഗത്തിൽ കാണിച്ചിരിക്കുന്നതുതന്നെ ആവത്തിക്കുക.

ദൈവകുടുംബത്തിലെ അംഗമെന്ന നിലയ്ക്ക് എല്ലാ ഞായറാഴ്ചകളിലും ദിവ്യബലിയിൽ പങ്കെടുക്കുക.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം അപ്പോസ്തലന്മാർക്ക് എന്തു സംഭവിച്ചു?

2. ദൈവകുടുംബത്തിലെ ആളുകളുടെ എണ്ണം വർദ്ധിച്ചതെങ്ങനെ?

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭപ്രാർത്ഥന

പിതാവായ ദൈവം എത്രയധികമായി നമ്മെ സ്നേഹിക്കുന്നുവെന്നു മനസ്സിലാക്കിത്തരുവാൻ അവിടുത്തോടുതന്നെ നമുക്കു പ്രാർത്ഥിക്കാം. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ................"

### പ്രാരംഭം

ഈശോ സ്വർഗ്ഗത്തേയ്ക്കു പോകുംമുമ്പേ പരിശുദ്ധാത്മാവിനെനമുക്കായി അയക്കാമെന്ന് വാഗ്ദാനംചെയ്തു. പരിശുദ്ധാത്മാവ് എന്നും നമ്മുടെ ഇടയിൽ വസിക്കുന്നുണ്ട്. ക്രിസ്തു സമ്പാദിച്ചുതന്ന പുതിയ ജീവനും സ്നേഹവും പരിശുദ്ധാത്മാവ് വഴിയാണ് നമുക്കു ലഭിക്കുന്നത്. ഇതൊക്കെ നമുക്കു കാണാൻ സാധിക്കാത്ത, മനസ്സിലാക്കാൻ വിഷമമുള്ള വലിയ രഹസ്യങ്ങളാകുന്നു. ഈ അവസരത്തിൽ രണ്ടു കാര്യങ്ങൾ കുഞ്ഞുങ്ങളെ മനസ്സിലാക്കുക. ഒന്ന്, ഈശോയ്ക്ക് നമ്മുടെ നേർക്കുള്ള വലുതായ സ്നേഹം—രണ്ടാമത്തേതു്, നമ്മുടെ രക്ഷാകർമ്മം നിർവ്വഹിച്ചശേഷവും പരിശുദ്ധാത്മാവുവഴി നമുക്ക് അവിടുത്തെ ജീവനും സ്നേഹവും തന്ന് ഈശോ നമ്മെ സ്വർഗ്ഗത്തേയ്ക്കു നയിച്ചുകൊണ്ടിരിക്കുന്നു.

### പാഠാവതരണം

### പരിശുദ്ധാത്മാവിൻെറ വരവ്

ഈശോ സ്വർഗ്ഗത്തേയ്ക്കു പോയി. അതു കഴിഞ്ഞ് അപ്പോസ്തലന്മാർ, ഈശോയോടൊന്നിച്ച് അവർ ഒടുവിലത്തെ അത്താഴം കഴിച്ച വീട്ടിലേയ്ക്കു മടങ്ങി. അവർ കുറെദിവസം അവിടെ താമസിച്ചു. അപ്പോസ്തലന്മാർ മാത്രമല്ല അവിടെ താമസിച്ചിരുന്നത്. പ. മറിയവും ഈശോയുടെ മററനേകം സ്നേഹിതന്മാരും പരിശുദ്ധാത്മാവിനെ കാത്ത് അവിടെ കഴിഞ്ഞിരുന്നു. പരിശുദ്ധാത്മാവു വരുന്നതുവരെ അവിടെ താമസിക്കണമെന്ന് ഈശോ അവരോടു പറഞ്ഞിരുന്നു. ആരാണ് പരിശുദ്ധാത്മാവെന്നറിയാമോ?

പരിശുദ്ധാത്മാവ് ദൈവമാകുന്നു, പിതാവും മനുഷ്യനായി ജനിച്ച ദൈവപുത്രനായ ഈശോയും ദൈവമായിരിക്കുന്നതുപോലെ. പ. മറിയവും ഈശോയുടെ സ്നേഹിതന്മാരും പരിശുദ്ധാത്മാവിനെ കാത്തു് പ്രാർത്ഥനാനിരതരായി സമയം കഴിച്ചു. അങ്ങനെ പത്തു ദിവസം കഴിഞ്ഞപ്പോൾ ഒരത്ഭുതം അവിടെ നടന്നു. അവർ വലിയൊരു ശബ്ദം കേട്ടു. വലിയ കൊടുങ്കാററടിക്കുന്നതുപോലുള്ള ശബ്ദം. ആ വീടിനകത്തു ഇരുന്നവർ ഭയപ്പെട്ടുപോയി. ആ ശബ്ദം കേട്ടു് വീട്ടിനുള്ളിൽ പേടിച്ചിരുന്ന അപ്പോസ്തലന്മാർ എന്തെന്നറിയാതെ അങ്ങോട്ടുമിങ്ങോട്ടും നോക്കി. പെട്ടെന്നു് അവർക്കെന്തോ കാണാൻ സാധിച്ചു: തീനാളംപോലെ എന്തോ ഒന്നു അവരിൽ ഓരോരുത്തരുടേയും തലയ്ക്കുമീതെ നിൽക്കുന്നതു് (ചിത്രം കാണിക്കുക).

ഈശോ തൻെറ വാഗ്ദാനം നിറവേററി. പരിശുദ്ധാത്മാവുവന്നു. പിതാവും പുത്രനായ ഈശോയുംകൂടി സ്വർഗ്ഗത്തിൽനിന്നു് പരിശുദ്ധാത്മാവിനെ അയച്ചു. അവിടെ ഉണ്ടായ വലിയ ശബ്ദവും തീനാക്കും പരിശുദ്ധാത്മാവ് വന്നതിൻെറ അടയാളമായിരുന്നു. അപ്പോസ്തലന്മാരും പ. മറിയവും മററാളുകളും പരിശുദ്ധാത്മാവിൻെറ സ്നേഹവും പ്രകാശവും കൊണ്ടു് നിറഞ്ഞവരായിത്തീർന്നു.

അപ്പോസ്തലന്മാർ വീണ്ടും പരസ്പരം നോക്കി. അവരിൽ എന്തോ വ്യത്യാസം വന്നിട്ടുണ്ടെന്നു് അവരുടെ മുഖം കണ്ടാലറിയാമായിരുന്നു. ഈശോ പറഞ്ഞിട്ടുള്ള കാര്യങ്ങളെല്ലാം ഇപ്പോൾ അവർക്കു ഓർമ്മവന്നു. അവയുടെ അർത്ഥവും അവർക്കു നന്നായി മനസ്സിലായിത്തുടങ്ങി. സ്വർഗ്ഗീയപിതാവിനോടും ഈശോയോടുമുള്ള സ്നേഹം അവരിൽ ജ്വലിച്ചു. ഈ സ്നേഹത്തെപ്പററി ലോകത്തോടു പ്രസംഗിക്കാൻ അവർ ആവേശംകൊണ്ടു. പരിശുദ്ധാത്മാവിൻെറ വരവിനു മുൻപ് അവർക്കു വലിയ ഭയമായിരുന്നു. ഈശോയുടെ സ്നേഹിതന്മാരാണു് ഞങ്ങൾ എന്നു പറയുവാൻ അവർ ധൈര്യപ്പെട്ടിരുന്നില്ല. പക്ഷേ, താൻ പഠിപ്പിച്ചവയെല്ലാം മററുള്ളവരെ പഠിപ്പിക്കണമെന്നു് ഈശോ അവരോടു പറഞ്ഞിട്ടുണ്ടായിരുന്നു. അതിനു വേണ്ട ധൈര്യവും ശക്തിയും എങ്ങനെ ലഭിക്കും. പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം ഞങ്ങൾ ഈശോയുടെ സ്നേഹിതരാണു് എന്നു പറയുവാൻ അവർക്കു് തൻേറടമുണ്ടായി. ഈശോയുടെ ശത്രുക്കളോടു് ഈശോയെക്കുറിച്ചു് പ്രസംഗിക്കുവാൻ ഇനി അവർക്കു മടിയില്ല. ഈ ലോകത്തെല്ലായിടത്തും നടന്നു് ഈശോ പഠിപ്പിച്ചവയെല്ലാം എല്ലാവരെയും പഠിപ്പിക്കുവാൻ അവർ ഇപ്പോൾ തയ്യാറാണു്. സ്വർഗ്ഗത്തെക്കുറിച്ചും അങ്ങോട്ടുള്ള വഴിയെക്കുറിച്ചും മററുള്ളവരെ പഠിപ്പിക്കുവാൻ തയ്യാറായി. അവർ ഊട്ടുമുറിയിൽനിന്നു് പുറത്തിറങ്ങി.

ഈശോ അവരെ ഏല്പിച്ച ജോലി ചെയ്‌വാൻ അവർക്കു പരിശുദ്ധാത്മാവിൻെറ സഹായം വേണ്ടിവന്നു. നമുക്കും പരിശുദ്ധാത്മാ

വിൻെറ സഹായം ആവശ്യമുണ്ട്. പിതാവായ ദൈവം തൻെറ പുത്രനെ അയച്ച് നമ്മെ രക്ഷിച്ചു. അതെ, നമുക്കു സ്വർഗ്ഗപാതിൽ തുറന്നുതരാനായി തൻെറ ഏക മകനെ അവിടുന്നു ഭൂമിയിലേയ്ക്ക് അയച്ചു. പിതാവും ഈശോയും ചേർന്ന് പരിശുദ്ധാത്മാവിനെ നമുക്കു തന്നു. നമ്മെ പഠിപ്പിക്കുന്നതു്, നമുക്കുവേണ്ട ശക്തിയും ധൈര്യവും നൽകുന്നതു്, വഴിതെററാതെ സ്വർഗ്ഗത്തേയ്ക്കു നമ്മെ നയിക്കുന്നതു് പരിശുദ്ധാത്മാവാണ്. നാം അവിടുത്തെ സ്നേഹിക്കണം, ശ്രദ്ധിക്കണം. നമുക്കിപ്പോഠംത്തന്നെ ഒരുമിച്ച് പരിശുദ്ധാത്മാവിനോട്ട് പ്രാർത്ഥിക്കാം. എന്തനുഗ്രഹമാണ് നിങ്ങഠം ചോദിക്കുവാൻ പോകുന്നതു്? പരിശുദ്ധാത്മാവ് ദൈവമാണ്. അവിടുത്തെ സ്നേഹവും ശക്തിയും നമുക്കു കൂടിയേ തീരൂ. അതിനാൽ പരിശുദ്ധാത്മാവിനോട്ട് അവിടുത്തെ ശക്തിയും സ്നേഹവും തരുവാൻ പ്രാർത്ഥിക്കാം.

### കുട്ടികളുടെ പ്രവർത്തനം

കുട്ടികളെ രണ്ടു ഭാഗമായി തിരിച്ച് ഇരുവശങ്ങളിൽ അഭിമുഖമായി നിർത്തുക. അദ്ധ്യാപകൻ ചൊല്ലുന്ന ഓരോ സുകൃതജപത്തിൻെറയും ഒടുവിൽ കൈകഠംകൂപ്പി താഴെപ്പറയുംവിധം പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുക.

| അദ്ധ്യാപകൻ | കുട്ടികഠം |
|---|---|
| പരിശുദ്ധാത്മാവിനെ അയക്കാമെന്നു ഈശോ വാഗ്ദാനം ചെയ്തല്ലോ. | പരിശുദ്ധാത്മാവേ, തന്നാലും. അങ്ങേ സ്നേഹം തന്നാലും. |
| സ്വർഗ്ഗീയപിതാവും ഈശോയും കൂടി പരിദ്ധാത്മാവിനെ നമുക്കായി അയച്ചല്ലോ. | ,, ,, |
| പരിശുദ്ധാത്മാവ് ദൈവമാണല്ലോ. | ,, ,, |
| പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരെ ശക്തരാക്കിയല്ലോ. | ,, ,, |
| പരിശുദ്ധാത്മാവ് നമുക്കു ദൈവസ്നേഹം തരുമല്ലോ. | ,, ,, |

ദൈവികജീവനും സ്നേഹവും ഉള്ളവരിൽ പരിശുദ്ധാത്മാവു വസിക്കുന്നുണ്ട്. അതിനാൽ നമുക്കു പരിശുദ്ധാത്മാവിനോട്ട് കൂടെക്കൂടെ

പ്രാർത്ഥിക്കുന്ന ഒരു പതിവുണ്ടായിരിക്കണം; സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടമനുസരിച്ചു ജീവിക്കുവാൻ നമ്മെ പഠിപ്പിക്കുന്നതിന് പരിശുദ്ധാത്മാവിനോട് നമുക്കാവശ്യപ്പെടാം. അവിടുന്ന് നമ്മുടെ ഉള്ളിൽ പതുക്കെ സംസാരിക്കുന്നുണ്ട്. എന്തെങ്കിലും നല്ല പ്രവൃത്തികൾ ചെയ്യാൻ ചിലപ്പോൾ നമുക്കു തോന്നാറില്ലേ? അങ്ങനെ ചെയ്യാൻ നമ്മോട് ആരോ ഉള്ളിൽ പറയുന്നതുപോലെ. അപ്പോൾ പരിശുദ്ധാത്മാവ് നമ്മോട് സംസാരിക്കുകയാണ്. നാം ശ്രദ്ധിച്ചുകേൾക്കണം. നല്ല കാര്യങ്ങൾ ചെയ്‌വാൻ നമ്മെ ശക്തരാക്കാൻ നമുക്ക് പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ശിഷ്യന്മാരോട് ഈശോ എന്താണ് വാഗ്ദാനം ചെയ്തത്?
2. പരിശുദ്ധാത്മാവ് ആരാണ്?
3. പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരുടെ പക്കലേയ്ക്ക് വന്നപ്പോൾ എന്തടയാളമാണ് അവരുടെ തലയ്ക്കു മീതെ കണ്ടത്?

## ഭാഗം 2 (30 മിനിററ്)

**കഥ**

**പാഠാവതരണം**

ദൈവത്തിൻെറ കുടുംബത്തിൽ ആളുകൾ വദ്ധിക്കുന്നു. ഈശോ സ്വർഗ്ഗത്തിലേയ്ക്കു പോകുംമുമ്പ് തൻെറ അപ്പോസ്തലന്മാരോട് ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ പോയി നാനാജാതിക്കാരെയും പഠിപ്പിക്കുവിൻ'. അപ്പോസ്തലന്മാർക്ക് നമ്മെ പഠിപ്പിക്കുവാൻ അധികാരം നല്കി. അതിനാൽ അവർ ഈശോയെക്കുറിച്ചും സ്വർഗ്ഗീയപിതാവിനെക്കുറിച്ചും മററും പഠിപ്പിക്കുന്ന സംഗതികൾ വിശ്വസിക്കുവാൻ നമുക്കു കടപ്പാടുണ്ട്. അവർ പഠിപ്പിക്കുന്ന കാര്യങ്ങളിൽ വിശ്വസിച്ച് ഈശോയെ അനുസരിച്ചു നടക്കുന്നവരിൽ ദൈവികജീവനും സ്നേഹവും ഉണ്ടാകും. അവർ ദൈവത്തിൻെറ മക്കളായിത്തീരുന്നു. അപ്രകാരമാണ് ഈശോ പറഞ്ഞിട്ടുള്ളത്. ദൈവത്തിനുവേണ്ടി, ഈശോയ്ക്കുവേണ്ടി വളരെ പ്രാധാന്യമുള്ള ജോലികൾ അപ്പോസ്തലന്മാർക്കു ചെയ്‌വാനുണ്ടായിരുന്നു. ലോകത്തുള്ള എല്ലാ ആളുകളെയും നാനാജാതിക്കാരെയും പഠിപ്പിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. എല്ലാവരും ഒരു കുടുംബത്തിലായിരിക്കുവാൻ—ദൈവത്തിൻെറ കുടുംബത്തിലായിരിക്കുവാൻ—ഈശോ ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവിൻെറ പ്രവത്തനം ഇതിന്ന് അത്യാവശ്യമാണ്. സ്വർഗ്ഗീയപി

താവും ഈശോയുംകൂടി പരിശുദ്ധാത്മാവിനെ ഭൂമിയിലേയ്ക്കയച്ചതും ഇതിനുവേണ്ടിത്തന്നെ.

ശിഷ്യന്മാരിൽ പ്രധാനിയായ പത്രോസ് പരിശുദ്ധാത്മാവിനെ സ്വീകരിച്ച ഉടനെതന്നെ ആളുകളെ പഠിപ്പിക്കുവാൻ തുടങ്ങി— ഉയിർത്തെഴുന്നേററ ക്രിസ്തുവിനെപ്പററി. (പടം കാണിച്ചിട്ട്) നോക്കുക, പത്രോസ് ആളുകളോട് സംസാരിക്കുകയാണ്. പരിശുദ്ധാത്മാവിനെ സ്വീകരിക്കുംമുമ്പ് പത്രോസിന് ഇവരുടെ മുമ്പിൽ വരാൻ ധൈര്യമില്ലായിരുന്നു. ഇപ്പോഴാകട്ടെ വലിയ സന്തോഷത്തോടെയാണ്, ധൈര്യത്തോടെയാണ് പത്രോസ് ഉയിർത്തെഴുന്നേററ ഈശോയെക്കുറിച്ച് അവരോട് സംസാരിക്കുന്നത്. രക്ഷപ്രാപിക്കാൻ— സ്വർഗ്ഗത്തിൽപോകാൻ— നാം എന്തുചെയ്യണമെന്ന് പത്രോസ് അവരോട് പറയുന്നു. ഈശോ അവരെ പഠിപ്പിച്ച സുവിശേഷം— നല്ല വാർത്ത പത്രോസ് അവർക്ക് പറഞ്ഞുകൊടുക്കുന്നു. ആരാണ് പത്രോസിന് ഈ മിടുക്കെല്ലാം ഉണ്ടാക്കിക്കൊടുത്തത്? പരിശുദ്ധാത്മാവ്.

നമുക്കുവേണ്ടി, നമ്മുടെ പാപങ്ങൾക്ക പരിഹാരമായിട്ടാണ് ഈശോ കുരിശിൽ തൂങ്ങിമരിച്ചതെന്ന് പത്രോസ് അവിടെ കൂടിയിരുന്ന ആളുകളെ പറഞ്ഞുമനസ്സിലാക്കി. ഈശോ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തതെങ്ങനെയെന്ന് വിശദമാക്കി. അവിടുന്നു സാക്ഷാൽ ദൈവപുത്രനാണെന്നും അദ്ദേഹം വ്യക്തമാക്കി.

ഈ സന്തോഷവാർത്ത, സുവിശേഷം അനേകായിരം ആളുകൾ ശ്രദ്ധിച്ചുകേട്ടു. ക്രിസ്തുവിൻെറ അനുയായികളാകാൻ അവർ ആഗ്രഹിച്ചു. അതിന് ഞങ്ങൾ എന്തു ചെയ്യണമെന്നു അവർ പത്രോസിനോട് ചോദിച്ചു. പത്രോസ് പറഞ്ഞതെന്തെന്നു അവർക്ക് നല്ലവണ്ണം മനസ്സിലായി. അവർ വീണ്ടും വീണ്ടും ചോദിച്ചു: "എന്താണ് ഞങ്ങൾ ചെയ്യേണ്ടത്?" "നിങ്ങൾ നിങ്ങളുടെ പാപത്തെക്കുറിച്ചു ദുഃഖിക്കുക. ഈശോയിൽ വിശ്വസിച്ച് ദൈവമക്കളായിത്തീരുക," എന്ന് പത്രോസ് അവരോട് പറഞ്ഞു.

പത്രോസിൻെറ പ്രസംഗം കേട്ട അനേകായിരം ആളുകൾ (3000 പേർ) ഈശോയിൽ വിശ്വസിച്ചു. അവർ ജ്ഞാനസ്നാനംവഴി ദൈവികജീവനും സ്നേഹവും സ്വീകരിച്ചു. അങ്ങനെ പരിശുദ്ധാത്മാവു വന്നപ്പോൾ, അവിടുന്ന് അപ്പോസ്തലന്മാരിൽക്കൂടി പ്രവർത്തിച്ചപ്പോൾ, ദൈവത്തിൻെറ കുടുംബം വലുതായി. ഈശോയാണ് ഈ കുടുംബത്തിന് ആരംഭമിട്ടത്. പരിശുദ്ധാത്മാവ് അതിനെ ശക്തിപ്പെടുത്തി, വലുതാക്കി.

അപ്പോസ്തലന്മാർ എല്ലായിടത്തും പോയി ഈശോ അവരെ പഠിപ്പിച്ചതെല്ലാം പ്രസംഗിച്ചു. അങ്ങനെ ദിവസംപ്രതി ദൈവമക്കളുടെ എണ്ണം വർദ്ധിച്ചു. കൂടുതൽ കൂടുതൽ ആണുങ്ങളും പെണ്ണുങ്ങളും കുട്ടിക

ളും ദൈവകുടുംബത്തിലെ അംഗങ്ങളായിത്തീർന്നു. അവരിലെല്ലാം ജ്ഞാനസ്നാനംവഴി ദൈവികജീവനും സ്നേഹവും ഉണ്ടായി. ദൈവമക്കളായിത്തീർന്നതിൽ അവർ സന്തോഷിച്ചു. അവർ തമ്മിൽത്തമ്മിൽ സ്നേഹിച്ചു, സഹായിച്ചു. തമ്മിൽത്തമ്മിൽ സഹോദരങ്ങളെപ്പോലെ പെരുമാറി. അവരുടെ സഹോദരസ്നേഹം കണ്ടു് മററാളുകൾ അത്ഭുതപ്പെട്ടു. അവർ ഇങ്ങനെ പറഞ്ഞു: 'നോക്കുക, ഇവർ എത്രയധികമായി തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നു!' അതെ, അവർ ദൈവമക്കൾക്കു ചേർന്നവിധം ജീവിച്ചു.

നമ്മളും ദൈവത്തിൻെറ കുടുംബത്തിൽപ്പെട്ടവരാണു്. നമ്മിലും ദൈവികജീവനും സ്നേഹവും ഉണ്ടു്. നമുക്കതിൽ സന്തോഷമില്ലേ? നമ്മളും അന്നത്തെ ആളുകളെപ്പോലെ ദൈവമക്കൾക്കു ചേർന്നവിധം ജീവിക്കണം. നമ്മുടെ സംസാരം കേട്ടാൽ, തമ്മിൽത്തമ്മിൽ സ്നേഹിക്കുന്നതു് കണ്ടാൽ, നാം ദൈവമക്കളാണെന്നു് മററുള്ളവർ പറയുമോ? ദൈവമക്കൾ തമ്മിൽത്തമ്മിൽ സ്നേഹിക്കും, സഹായിക്കും. വഴക്കു് കൂടുകയില്ല, അന്യർ ഉപദ്രവിച്ചാൽ പകരം വീട്ടുകയില്ല. ഈശോയെപ്രതി അവർ എന്തും സഹിക്കും. നമ്മൾ കേട്ട നല്ല കാര്യങ്ങളൊക്കെ മററുള്ളവർക്കുകൂടി പറഞ്ഞുകൊടുക്കും. നമ്മൾ ഇങ്ങനെ ഒക്കെ ചെയ്യുന്നുണ്ടോ എന്നു് അല്പനേരത്തേയ്ക്കു് ഒന്നോർത്തുനോക്കാം. (10 സെക്കൻെറു് മൗനം)

### കുട്ടികളുടെ പ്രവർത്തനം

ആദ്യത്തെ ഭാഗത്തെ പ്രവർത്തനത്തോടു് താഴെപ്പറയുന്ന ആശയങ്ങൾ കൂട്ടിച്ചേർത്തു് പ്രയോഗിക്കുക.

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| പരിശുദ്ധാത്മാവു് നമുക്കു ദൈവികജീവൻ നൽകുന്നു. | പരിശുദ്ധാത്മാവെ, വന്നാലും, അങ്ങേ സ്നേഹം തന്നാലും |
| പരിശുദ്ധാത്മാവു് ദൈവമക്കളെ ഒന്നിച്ചു ചേർക്കുന്നു. | ,, ,, |
| പരിശുദ്ധാത്മാവു് ദൈവത്തിൻെറ കുടുംബത്തെ വളർത്തുന്നു. | ,, ,, |
| പരിശുദ്ധാത്മാവു് നമ്മിൽ വന്നു വസിക്കുന്നു. | ,, ,, |
| പരിശുദ്ധാത്മാവെ, വന്നാലും | ,, ,, |

അപ്പോസ്തലന്മാരുടെ കാലത്തും അതിനുശേഷവും ദൈവകുടുംബത്തിലെ ആളുകൾ എല്ലാ ദിവസവും ഒരുമിച്ചുകൂടുക പതിവുണ്ടായിരുന്നു. ഒരു പ്രത്യേകകാര്യത്തിനായിട്ടാണ് അവർ ഒരുമിച്ചുകൂടിയിരുന്നത്. എന്തിനായിരുന്നുവെന്നു ആർക്കു പറയാം?— അപ്പോസ്തലന്മാരോടൊത്ത് അപ്പം മുറിക്കുവാൻ (ദിവ്യബലിയിൽ പങ്കുചേരാൻ). നമുക്കും ഈശോയുടെ സ്നേഹിതന്മാരെപ്പോലെ ദിവ്യവിരുന്നിൽ പങ്കുകൊള്ളാം. ഞായറാഴ്ചദിവസം ദൈവമക്കളെല്ലാം ഈ ദിവ്യവിരുന്നിൽ പങ്കുകൊള്ളണമെന്നു തിരുസ്സഭ നിശ്ചയിച്ചിരിക്കുന്നു. പ്രത്യേകകാരണംകൂടാതെ നാം ഈ ആഹ്വാനം അവഗണിച്ചുകൂടാ.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. പരിശുദ്ധാത്മാവിനെ അയക്കാമെന്ന് ആരാണ് വാഗ്ദാനം ചെയ്തത്?

2. ഈശോ സ്വർഗ്ഗത്തിലേയ്ക്ക് പോയിക്കഴിഞ്ഞപ്പോൾ അപ്പോസ്തലന്മാർ എന്തു ചെയ്തു?

3. പരിശുദ്ധാത്മാവ് അപ്പോസ്തലന്മാരുടെമേൽ വന്നതെങ്ങനെ?

4. ഈശോ അപ്പോസ്തലന്മാരോട് എന്തു ചെയ്യണമെന്നു പറഞ്ഞിരുന്നു?

### ഉപസംഹാരപ്രാർത്ഥന

നമുക്കെല്ലാവർക്കുംകൂടി പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കാം.

പരിശുദ്ധാത്മാവേ, വന്നാലും
അങ്ങേ സ്നേഹം തന്നാലും
പരിശുദ്ധരാക്കിത്തീർക്കണേ
ദൈവമക്കളായി മാററണേ
ഞങ്ങൾ നടത്തും പ്രാർത്ഥന
അങ്ങെന്നെന്നും കേൾക്കണേ.

# 20

# പരിശുദ്ധ ത്രിത്വം

## ഉപക്രമം

ആദ്യപാഠങ്ങളിൽ സ്വർഗ്ഗീയപിതാവു് ദൈവമാണു്, അവിടുത്തെ പുത്രനായ ഈശോ ദൈവമാണു് എന്നു് അനുക്രമമായി നാം പഠിപ്പിച്ചു. കഴിഞ്ഞ പാഠത്തിൽ പരിശുദ്ധാത്മാവിൻെറ ദൈവത്വത്തെപ്പററിയും പറഞ്ഞു. അതിനാൽ ഇനി പ. ത്രിത്വത്തിൻെറ രഹസ്യത്തെ കുഞ്ഞുങ്ങളുടെ മുമ്പിൽ ഇപ്പോഠം അവതരിപ്പിക്കാം. ഈ പ്രായത്തിൽ കുഞ്ഞുങ്ങഠം വളരെവേഗം വിശ്വസിക്കുന്നു. നിത്യസത്യങ്ങഠം ചോദ്യം ചെയ്യാതെ അവർ സ്വീകരിക്കും. അതിനാൽ അധികം വിശദീകരണത്തിൻെറ ആവശ്യം വരുന്നില്ല. പരിശുദ്ധ ത്രിത്വത്തിൻെറ രഹസ്യം പൂർണ്ണമായും തൃപ്തികരമായും വിശദീകരിക്കാനാവില്ല. എങ്കിലും ഒരു കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. മൂന്നു ദൈവമുണ്ടെന്നു കുട്ടികഠം ധരിക്കാനിടയാവരുതു്. നമുക്കു് നന്നായി വിശദീകരിക്കാനായില്ലെങ്കിലും ആവിഷ്കൃതസത്യങ്ങളെ തെററുകൂടാതെ പഠിപ്പിക്കാൻ ശ്രദ്ധവേണം. ഒരു ദൈവമേയുള്ള എന്നും ആ ദൈവത്തിൽ മൂന്നാളുകഠം ഉണ്ടെന്നും വ്യക്തമാക്കിയിരിക്കണം.

ഇതുവരെയായിട്ടും 'കുരിശിൻെറ അടയാളം' പഠിപ്പിക്കാത്തതു് മനപ്പൂർവ്വമാണു്. പിതാവിനെക്കുറിച്ചും പരിശുദ്ധാത്മാവിനെക്കുറിച്ചും മുൻകൂട്ടി ഒരറിവുമില്ലാതെ അവരുടെ നാമം ഭക്തിപൂർവ്വം വിളിച്ചു സ്നേഹത്തോടെ പ്രാർത്ഥിക്കുവാൻ കുഞ്ഞുങ്ങഠംക്കു സാധിക്കയില്ല.

## ലക്ഷ്യം

പരിശുദ്ധ ത്രിത്വത്തോടുള്ള സ്നേഹവും ബഹുമാനവും കുഞ്ഞുങ്ങളിൽ വളർത്തുക. 'കുരിശിൻെറ അടയാള'ത്തെ പ്രത്യേകവിധം സ്നേഹിക്കുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കുക.

## പ്രധാനപദങ്ങഠം

പരിശുദ്ധ ത്രിത്വം, (ഒരു ദൈവത്തിലുള്ള മൂന്നാളുകളെ ഉദ്ദേശിച്ചു പറയുന്ന വാക്കു്. പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു്)

## പഠനോപകരണങ്ങഠം

ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. പ. ത്രിത്വത്തെ സംബന്ധിക്കുന്ന ചാർട്ടു് മനസ്സിലാക്കാൻ ഈ പ്രായക്കാർക്കു കഴിവില്ല.

## ഭാഗം 1 രൂപരേഖ

### പ്രധാനാശയം

ദൈവത്തിൽ മൂന്നാളുകളുണ്ട്. എന്നാൽ ഒരു ദൈവംമാത്രം. പ. ത്രിത്വം നമ്മിൽ വസിക്കുന്നു.

### കഥ

മോളി ദൈവത്തിൻെറ പടം വരയ്ക്കാൻ ശ്രമിക്കുന്നു.

### കുട്ടികളുടെ പ്രവർത്തനം

പരിശുദ്ധ ത്രിത്വത്തോടുള്ള ഒരു പ്രാർത്ഥന ചൊല്ലുക. പ. ത്രിത്വത്തോട് കൂടെക്കൂടെ പ്രാർത്ഥിക്കുവാൻ ശീലിക്കുക.

### ഓർമ്മിക്കാൻ ചോദ്യങ്ങൾ

1. ദൈവത്തിലുള്ള മൂന്നാളുകൾ ആരെല്ലാമാണ്?
2. ഈ മൂന്നാളുകളെയും ഒരുമിച്ചു ചേർത്ത് നാം എന്തു പറയുന്നു?

## ഭാഗം 2 രൂപരേഖ

### പ്രധാനാശയം

ഒന്നാംഭാഗത്തിലേതുതന്നെ.

### കഥ

ബാബു കുരിശടയാളം വരക്കാൻ തൻെറ സ്നേഹിതനായ ജോയിയെ പഠിപ്പിക്കുന്നതു്.

### കുട്ടികളുടെ പ്രവർത്തനം

പരിശുദ്ധ ത്രിത്വത്തെപ്പററിയുള്ള ഒരു പാട്ട് അഭിനയത്തോടുകൂടി പാടുക.

### പ്രയോഗം

കുരിശടയാളം കൂടെക്കൂടെ വരച്ച് പ്രാർത്ഥിക്കുവാൻ ശീലിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. എങ്ങനെയാണ് നാം കുരിശടയാളം വരയ്ക്കേണ്ടത്?

2. വി. കുരിശിൻെറ അടയാളം നമ്മെ ഓർപ്പിക്കുന്ന കാര്യങ്ങൾ എന്തെല്ലാം?

## ഭാഗം 1 (30 മിനിററ്)

**പ്രാരംഭപ്രാർത്ഥന**

സ്വർഗ്ഗസ്ഥനായ പിതാവേ, എന്ന പ്രാർത്ഥന ഈശോ അപ്പോസ്തലന്മാരെ പഠിപ്പിച്ചു. പരിശുദ്ധാത്മാവ് ആ പ്രാർത്ഥനയുടെ അർത്ഥം അവർക്ക് മനസ്സിലാക്കിക്കൊടുത്തു. നമുക്കും നാം ചൊല്ലുന്ന പ്രാർത്ഥനയുടെ അർത്ഥം ശരിയായി മനസ്സിലാക്കിത്തരുവാൻ പരിശുദ്ധാത്മാവിനോടു തന്നെ പ്രാർത്ഥിക്കാം.

പരിശുദ്ധാത്മാവെ, വന്നാലും
അങ്ങേ സ്നേഹം തന്നാലും
പരിശുദ്ധനാക്കിത്തീർക്കണേ
ദൈവമക്കളായി മാററണേ
ഞങ്ങൾതൻ പ്രാർത്ഥന
നിത്യമങ്ങു കേൾക്കണേ.

**പ്രാരംഭം**

വേദപാഠക്ലാസ്സിൽ വരുവാൻ ഇഷ്ടമില്ലാത്ത ഒരു കൂട്ടുകാരി നിങ്ങൾക്കുണ്ടെന്നു കരുതുക. ആ കുട്ടിയുടെ അമ്മ എത്ര നിർബ്ബന്ധിച്ചാലും കുട്ടി ഞായറാഴ്ച പള്ളിയിൽ പോകാറില്ലെന്നും വിചാരിക്കുക. അവൻ മററുള്ളവരെ സഹായിക്കാറില്ല. തരം കിട്ടിയാൽ മററുള്ളവരെ ഉപദ്രവിക്കും; അവരുടെ സാധനങ്ങൾ നശിപ്പിക്കും; അവരോട് സ്നേഹമില്ലാതെ പെരുമാറും. അവൻ ദൈവമക്കളെപ്പോലെ അല്ല പെരുമാറുന്നത്. ദൈവമക്കൾ– ദൈവത്തെ സ്നേഹിക്കുന്നവർ– ഞായറാഴ്ച ദിവ്യബലി മുടക്കുകയില്ല. മററുള്ളവരെ സഹായിക്കും. നന്നായി പ്രാർത്ഥിക്കുവാൻ ശ്രമിക്കും. എല്ലാവരോടും മര്യാദയോടെ പെരുമാറും. ഇങ്ങനെ ചെയ്യുന്നവരാണ് യഥാർത്ഥത്തിൽ ദൈവമക്കൾ. ദൈവമക്കളായി ജീവിക്കുവാൻ അത്ര എളുപ്പമല്ല. അതിന് ദൈവസഹായം ആവശ്യമാണ്. അതുകൊണ്ടാണ് ദൈവം, എല്ലാ കാര്യങ്ങളും നമ്മെ പഠിപ്പിക്കുവാനും നമ്മെ സഹായിക്കുവാനും പരിശുദ്ധാത്മാവിനെ (പിതാവും ഈശോയുംകൂടി) അയച്ചത്. അപ്പോ

സ്ലന്മാരുടെ അടുക്കലേയ്ക്കു് പരിശുദ്ധാത്മാവു് വന്നപ്പോഠം ഉണ്ടായ അത്ഭുതസംഭവങ്ങഠം നിങ്ങഠം ഓമ്മിക്കുന്നുണ്ടോ? (പുസ്തകത്തിൽ കുഞ്ഞുങ്ങളെക്കൊണ്ടു് പറയിക്കുക.)

ഈശോ പഠിപ്പിച്ച കാര്യങ്ങഠം മനസ്സിലാക്കുവാനും ഓർമ്മിക്കുവാനും പരിശുദ്ധാത്മാവു് ഈശോയുടെ അപ്പോസ്തലന്മാരെ സഹായിച്ചു. ഈശോ പഠിപ്പിച്ച പല കാര്യങ്ങളും ഇപ്പോഴും നമുക്കു് ശരിയായി മനസ്സിലാക്കാൻ കഴിയാതെയുണ്ടു്. എന്നാലും അവ സത്യം തന്നെയാണു്; നാം വിശ്വസിക്കേണ്ട കാര്യങ്ങളാണു്. എന്തുകൊണ്ടെന്നാൽ ദൈവപുത്രൻ തന്നെ പഠിപ്പിച്ച കാര്യങ്ങളാണു്, അവ. ഈശോ പഠിപ്പിച്ചതിനാൽ നാം വിശ്വസിക്കുന്നു. ഈശോ പഠിപ്പിച്ച വളരെ പ്രധാനപ്പെട്ട സത്യത്തെക്കുറിച്ചാണു് ഞാനിപ്പോഠം നിങ്ങളോടു പറയാൻ പോകുന്നതു്. അതു് മനസ്സിലാക്കാൻ വിഷമമുണ്ടു്. പക്ഷേ, സാരമില്ല. ഈശോ തന്നെ നമ്മെ സഹായിക്കും; പരിശുദ്ധാത്മാവു് നമുക്കു അതു മനസ്സിലാക്കിത്തരും. അതിനാൽ അവിടുത്തോടു് സഹായം ചോദിച്ചുകൊണ്ടു് പാഠം തുടങ്ങാം (മൗനം പാലിക്കുക, കുഞ്ഞുങ്ങഠം മനസ്സുകൊണ്ടു് പ്രാത്ഥിക്കട്ടെ). ഇനി നല്ലതുപോലെ ശ്രദ്ധിക്കണം. വളരെ പ്രധാനപ്പെട്ട കാര്യമാണു് ഞാനിപോഠം പറയാൻ പോകുന്നതു്.

**കഥ**

**പാഠാവതരണം**

പരിശുദ്ധ ത്രിത്വം: (പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു്) (ബോർഡിൽ എഴുതുക) നാം പിതാവായ ദൈവത്തെക്കുറിച്ചു പല കാര്യങ്ങഠം പഠിച്ചു ('പിതാവു്'' എന്നു് ബോർഡിൽ എഴുതുക). എന്തൊക്കെയാണു് പിതാവിനെക്കുറിച്ചു പഠിച്ചതെന്നു് നിങ്ങഠം ഓർമ്മിക്കുന്നുണ്ടോ? പിതാവായ ദൈവം നല്ലവനാണു്, അവിടുന്നു നമ്മെ വളരെയധികം സ്നേഹിക്കുന്നു. ശരി, പിന്നീടു്—നാം ആരെക്കുറിച്ചു പഠിച്ചു? (ഈശോയെക്കുറിച്ചു്) ഈശോ ആരാണു്?—ദൈവപുത്രനാണു് ഈശോ ('പുത്രൻ' എന്നു് ബോർഡിലെഴുതുക). അവിടുന്നു നമ്മുടെ രക്ഷകനാണു്. ഈശോയും പിതാവിനെപ്പോലെ നമ്മെ വളരെയേറെ സ്നേഹിച്ചു. എങ്ങനെയറിയാം, അതു്? ഈശോ നമുക്കുവേണ്ടി സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കുവന്നു; മനുഷ്യനായി ജനിച്ചു; നമ്മുടെ പാപങ്ങഠംക്കു് പരിഹാരമായി അവിടുന്നു് മരിച്ചു. ഇപ്പോഠം ഈശോ സ്വർഗ്ഗത്തിൽ നമുക്കായി ഒരു സ്ഥലം ഒരുക്കുന്നു. അതേസമയത്തു് അവിടുന്നു് നമ്മോടുകൂടി വസിക്കുന്നുമുണ്ടു്. നമ്മുടെ ആത്മാവിനു് ഭക്ഷണമായിത്തീരാൻ, വിശുദ്ധകുർബാനയിൽ, നമ്മോടുകൂടി ഈശോ വസിക്കുന്നു. കഴിഞ്ഞദിവസത്തെ വേദപാഠക്ലാസ്സിൽ ആരെക്കുറിച്ചാണു് നാം പഠിച്ചതു്.? സ്വർഗ്ഗീയപിതാവും ഈശോയുംകൂടി ആരെയാണു് നമ്മുടെ അടുക്കലേയ്ക്കു് അപ്പോസ്ത

ലന്മാരുടെ അടുക്കലേയ്ക്കു്) അയച്ചതു്— ('പരിശുദ്ധാത്മാവു്' എന്നു ബോർഡിലെഴുതുക) ഈശോ നമുക്കുവേണ്ടി സമ്പാദിച്ച ദൈവിക ജീവനും, ദൈവികസ്നേഹവും നമുക്കു് കിട്ടുന്നതു് പരിശുദ്ധാത്മാവു വഴിയാണു്.

അപ്പോൾ, പിതാവും ദൈവമാകുന്നു. പുത്രൻ ദൈവമാകുന്നു. പരിശുദ്ധാത്മാവു് ദൈവമാകുന്നു. ഇവർ മൂന്നുപേരുംകൂടി ഒരു ദൈവം മാത്രമാണു്. പിതാവിൽനിന്നു് പുത്രനും, പിതാവിൽനിന്നും പുത്രനിൽനിന്നും പരിശുദ്ധാത്മാവും നമ്മുടെ പക്കലേയ്ക്കു വരുന്നു. ദൈവസ്വഭാവം ഒന്നുമാത്രം. ദൈവത്തിൽ ആളുകൾ മൂന്നു്. ആരെല്ലാമാണവർ? (അവർ പേരു പറയുമ്പോൾ കൈവിരലിൽ സ്വയം എണ്ണാൻ പറയുക). എത്ര ആളുകളുണ്ടു് ദൈവത്തിൽ? എത്ര ദൈവമുണ്ടു്. [ഈ ഉത്തരങ്ങൾ പല പ്രാവശ്യം ആവർത്തിപ്പിക്കുക]

ഒരു ദൈവത്തിൽ മൂന്നാളുകൾ ഉണ്ടായിരിക്കുക എന്നതു് നമുക്കു മനസ്സിലാക്കാൻ സാധിക്കാത്ത ഒരു കാര്യമാണു്. സ്വർഗ്ഗത്തു ചെല്ലുമ്പോൾ എല്ലാം നമുക്കു മനസ്സിലാകും. മോളിയുടെ അമ്മ ഈ സത്യം മോളിക്കും ബാബുവിനും മനസ്സിലാക്കിക്കൊടുത്തതെങ്ങനെയെന്നു ഞാൻ പറഞ്ഞുതരാം.

ഒരു ദിവസം വൈകുന്നേരം മോളി തന്റെ വീടിന്റെ വരാന്തയിലെ അരമതിലിൽവച്ചു് ഒരു പടം വരയ്ക്കുകയായിരുന്നു. അല്പം കഴിഞ്ഞപ്പോൾ മോളിയുടെ അമ്മ വരാന്തയിലേയ്ക്കുവന്നു. അപ്പോൾ മോളി അമ്മയോടു ചോദിച്ചു: "അമ്മേ, എങ്ങനെയാണു് സ്വർഗ്ഗീയ പിതാവിന്റെ പടം വരയ്ക്കേണ്ടതു്?" അമ്മ മോളിയുടെ അടുക്കലേയ്ക്കു നീങ്ങി. അവൾ വരച്ചുകൊണ്ടിരുന്ന പടം നോക്കി. അവളുടെ കയ്യിൽ ഈശോയുടെ സുന്ദരമായ ഒരു പടം ഉണ്ടായിരുന്നു. അവൾ അതിനു് നിറംകൊടുത്തു് ഭംഗി പിടിപ്പിച്ചിട്ടുണ്ടു്. "എന്റെ കയ്യിൽ ഈശോയുടെ പടമുണ്ടു്", മോളി പറഞ്ഞു. "ഈശോ ദൈവപുത്രനാണു്. എനിയ്ക്കിപ്പോൾ സ്വർഗ്ഗീയപിതാവിന്റെ ചിത്രം വേണം; പരിശുദ്ധത്മാവിന്റേയും. എങ്ങനെയാണു് അവ രണ്ടും വരയ്ക്കേണ്ടതു്?"

"ദൈവത്തിന്റെ പടം വരയ്ക്കാൻ നിനക്കു സാധിക്കുമോ?" അമ്മ മകളോടു് ചോദിച്ചു. മോളി അല്പനേരം ആലോചിച്ചു. പക്ഷേ ഒന്നും മിണ്ടിയില്ല. അമ്മ തുടർന്നു: "മകളെ ദൈവത്തിനു ശരീരമില്ല. ദൈവം അരൂപിയാണു്. അരൂപിയായ ദൈവത്തെ എങ്ങനെ വരയ്ക്കാനാണു്. മകളെ, നീ കാററു കണ്ടിട്ടുണ്ടോ? കാററടിക്കുമ്പോൾ മരങ്ങ

ളൂടെ ഇലകരം ആട്ടം. നമുക്കു് നല്ല തണുപ്പും സുഖവും തോന്നും. അ ങ്ങനെയാണു് നാം കാററുവീശുന്നുണ്ടെന്നറിയുന്നതു്. അല്ലാതെ കാ ററിനെ നീ കണ്ടിട്ടുണ്ടോ? അതു കാണാൻ സാധ്യമല്ല. കാററിന്റെ പടം വരയ്ക്കാൻ സാദ്ധ്യമാണോ? അതുപോലെ സ്വർഗ്ഗീയപിതാവി ന്റെയും പരിശുദ്ധാത്മാവിന്റെയും പടം വരക്കാൻ സാധിക്കുക യില്ല. ഈശോ ദൈവമാണു്. എങ്കിലും അവിടുന്നു് മനുഷ്യനായി ജനിച്ചപ്പോരം ശരീരമുണ്ടായിരുന്നു. അതുകൊണ്ടാണു് ഒരു മനുഷ്യ നെപ്പോലെ ഈശോയെ കാണിച്ചിരിക്കുന്നതു്."

മോളിക്കു് ഇതു കേട്ടിട്ടു് വലിയ സന്തോഷം തോന്നിയില്ല. "എ നിക്കു് പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും ഓരോ പടം വേണം. എന്റെ വേദപാഠപ്പുസ്തകത്തിൽ വയ്ക്കാനാണു്" അല്പനേരം മിണ്ടാതെ നിന്നശേഷം മോളി പറഞ്ഞു. "ടീച്ചർ പറയുന്നു, ഒരു ദൈവമേ ഉള്ളു എന്നു്. എന്റെ കയ്യിൽ ഈശോയുടെ പടമുണ്ടു്. ഈശോ ദൈവമാണു്. എന്നാൽ പിതാവും പരിശുദ്ധാത്മാവും ദൈ വമാണെന്നു് ടീച്ചർ പറഞ്ഞല്ലോ. അതെങ്ങനെ? അപ്പോരം മൂന്നു ദൈവമുണ്ടോ?"

"മോളീ, മകരംക്കു് മാത്രമല്ല, ഈ കാര്യം ആർക്കും മനസ്സിലാകയില്ല. മൂന്നാളുകളുംകൂടി ഒരു ദൈവമായിരിക്കുന്നതെങ്ങനെയെന്നതു് ഒരു രഹസ്യമാണു്. ദൈവത്തിനുമാത്രം അറിയാവുന്ന ഒരു രഹസ്യ മാണതു്. നാം സ്വർഗ്ഗത്തെത്തുമ്പോരം മാത്രം ഈ രഹസ്യം മനസ്സി ലാകും. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിൽത്തമ്മിൽ സ്നേ ഹിക്കുന്നുണ്ടെന്നു നമുക്കറിയാം. ഒരിക്കലും വേർപിരിയാത്ത സ്നേ ഹമാണു് അവർ തമ്മിലുള്ളതു്. അവക്കുള്ളതെല്ലാം സമമായി അ വർ അനുഭവിക്കുന്നു. നോക്കുക, നമ്മുടെ വീട്ടിൽ നമ്മരം നാലു പേരുണ്ടു്. മോളും ബാബുവും അപ്പച്ചനും ഞാനും. നമ്മരം നാലുപേ രും കൂടി കൂടിയതാണു് ഈ കുടുംബം. ഇതു് ഒരു കുടുംബമാണു്. ന മ്മരം ഈ വീട്ടിലുള്ള വസ്തുക്കരം എല്ലാം ഒരുപോലെ എടുത്തുപയോ ഗിക്കുന്നു. നമ്മളിൽ ഒരാരംക്കു് സന്തോഷമുണ്ടാകുമ്പോരം നമ്മളെല്ലാം സന്തോഷിക്കുന്നു. ഉദാഹരണത്തിനു്, ബാബു ഓട്ടത്തിൽ ജയിച്ചു ഒന്നാം സമ്മാനവുമായി വീട്ടിൽവരുമ്പോരം നമ്മളെല്ലാം സന്തോ ഷിക്കുകയില്ലേ? ഒരാരംക്കു ദുഃഖമുണ്ടാകുമ്പോരം നമ്മളെല്ലാം ദുഃഖി ക്കുന്നു. നമ്മുടെ അപ്പച്ചൻ കരഞ്ഞാൽ നമ്മളും കരയുകയില്ലേ? അതു പോലെ ദൈവത്തിന്റെ കുടുംബത്തിൽ പിതാവു്, പുത്രൻ, പരിശു ദ്ധാത്മാവു് എന്നീ മൂന്നാളുകരം ഉണ്ടു്. ഇവർ മൂന്നുപേരും തമ്മിൽത്ത മ്മിൽ സ്നേഹിക്കുന്നതിനാൽ അവക്കുള്ളതെല്ലാം തുല്യമായി അവർ അനുഭവിക്കുന്നു. ഈ വീട്ടിലുള്ളതെല്ലാം നമ്മളെല്ലാവരും തുല്യമായി അനുഭവിക്കുന്നതുപോലെ.

നമ്മൾ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നു് പറഞ്ഞില്ലേ? നമ്മൾ തമ്മിൽ സ്നേഹിക്കുന്നതുകൊണ്ടാണു് നമ്മുടെ സന്തോഷവും ദുഃഖവും ഒക്കെ നാം സമമായി അനുഭവിക്കുന്നതു്. എന്നാൽ നമുക്കു് എല്ലാം തുല്യമായി അനുഭവിക്കാൻ സാദ്ധ്യമല്ല. മോളു്, അപ്പച്ചന്റെ കണ്ണു കൊണ്ടാണോ കാണുന്നതു്?—എന്റെ ചെവികൊണ്ടു് മകൾക്ക കേൾക്കാൻ സാധിക്കുമോ?—ബാബുവിന്റെ കൈ കൊണ്ടാണോ മകൾ എഴുതുന്നതു്?-- ബാബുവിന്റെ മനസ്സുകൊണ്ടു് മകൾ ചിന്തിക്കാറുണ്ടോ?—ചില കാര്യങ്ങളെല്ലാം നമുക്കു് വേറെവേറെയുണ്ടു്, കണ്ണു്, ചെവി, മനസ്സു് എന്നിവയെല്ലാം.

"എന്നാൽ ദൈവത്തിലെ മൂന്നാളുകൾക്കുകൂടി ഒരു മനസ്സേ ഉള്ളൂ. ഒരു വിചാരമേ ഉള്ളൂ. അതായതു് പിതാവു വിചാരിക്കുന്നതുപോലെ പുത്രനും പരിശുദ്ധാത്മാവും വിചാരിക്കുന്നു. പുത്രൻ ആഗ്രഹിക്കുന്നതുപോലെ പിതാവും പരിശുദ്ധാത്മാവും ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവു ചെയ്യുന്നതുതന്നെ പിതാവും പുത്രനും ചെയ്യുന്നു. അതായതു് അവർ മൂവരും ഒന്നാണു്. അവർ മൂന്നു പേരാണെങ്കിലും അവക്കു് ഒന്നായിരിക്കുവാൻ സാധിക്കും. എന്തുകൊണ്ടെന്നാൽ ദൈവത്തിനു് സാധിക്കാത്തതൊന്നുമില്ല. ദൈവം ചെയ്യുന്നതെല്ലാം നന്നാണു്, പൂർണ്ണമാണു്. പിതാവായ ദൈവം പുത്രനെ വളരെയധികം സ്നേഹിക്കുന്നു. അതിനാൽ അവിടുന്നു് തനിക്കുള്ളതെല്ലാം പുത്രനു് കൊടുക്കുന്നു. അവക്കു ഒരു ജീവനും ഒരു സ്നേഹവുംതന്നെയാണുള്ളതു്. അതേസ്നേഹവും ജീവനും, പിതാവും പുത്രനും പരിശുദ്ധാത്മാവിനു് കൊടുക്കുന്നു. അതിനാൽ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ഉള്ള ബുദ്ധിയും സ്നേഹവും ജീവനും അറിവുമെല്ലാം ഒന്നുതന്നെ. അവർ മൂന്നുപേരും ഒന്നുതന്നെ. എന്നാൽ മൂന്നുപേരും മൂന്നാളുകളാണു്. (ഈ അവസരത്തിൽ ബോഡിൽ എഴുതിയ പേരുകൾക്കു് ചുററും ഒരു വൃത്തം വരച്ചു് കാണിക്കുക).

"പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരേ ജീവനും, ഒരേ സ്നേഹവും, ഒരേ ജ്ഞാനവുമാണു്."

അമ്മ പറഞ്ഞതെല്ലാം മോളിക്കു് മനസ്സിലായെന്നു നിങ്ങൾക്ക തോന്നുന്നുണ്ടോ? അവൾക്കെല്ലാം മനസ്സിലായിരിക്കയില്ല. ആക്കും അതു് മനസ്സിലാക്കുക സാദ്ധ്യമല്ല. ഇതൊരു മഹാരഹസ്യമാണു്. അതുകൊണ്ടു് ദൈവത്തിനു് അസാദ്ധ്യമായി യാതൊന്നുമില്ലെന്നു നിങ്ങൾ ഓർത്താൽമതി.

നമ്മൾ ഓരോരുത്തരുടേയും ആത്മാവിൽ ദൈവത്തിന്റെ ജീവനും സ്നേഹവും ഉണ്ടു്. ദൈവികജീവനും സ്നേഹവും നമ്മിലുള്ളപ്പോഴെല്ലാം പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മോടുകൂടി വസിക്കു

ന്നുണ്ട്. നമ്മൾ എത്ര ഭാഗ്യപ്പെട്ടവർ! എത്ര ദൈവമുണ്ട്? ദൈവത്തിൽ എത്ര ആളുകളുണ്ട്.? [പലരെക്കൊണ്ട് സംഘമായും അല്ലാതെയും, ആവർത്തിപ്പിക്കുക.]

ദൈവം നമ്മിൽ വസിക്കുക. നമ്മുടെ ആത്മാവിൽ ദൈവികജീവനും സ്നേഹവും ഉണ്ടായിരിക്കുക. അതെത്ര ഭാഗ്യമാണ്! നമ്മളും മോളിയെപ്പോലെ സന്തോഷിക്കേണ്ടതാകുന്നു. നാം ദൈവത്തോട് നന്ദിയുള്ളവരായിരിക്കേണ്ടതാണ്. എന്താ, നമുക്കിപ്പോൾത്തന്നെ ദൈവത്തിനു് നന്ദിപറയരുതോ? (ഏതാനും നിമിഷം മൗനം പാലിക്കുക).

## കുട്ടികളുടെ പ്രവർത്തനം

ദൈവത്തിൽ എത്ര ആളുകൾ ഉണ്ടെന്നു പറഞ്ഞു?—ഈ മൂന്നുപേക്കും കൂടി നാമൊരു പേരു പഠിച്ചല്ലോ. എന്താണത്? പ. ത്രിത്വത്തോടുള്ള ഒരു ചെറുപ്രാർത്ഥന ചൊല്ലുവാൻ നിങ്ങൾക്കിഷ്ടമാണോ?

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി (കൈകൾ ആകാശത്തേയ്ക്കുയർത്തുക.) ആദിമുതൽ എന്നന്നേയ്ക്കും ആമ്മേൻ (കൈകൾ കൂപ്പുക). [മൂന്നു തവണ ആവർത്തിക്കുക]

ദൈവം എല്ലായിടത്തുമുണ്ട്. പക്ഷേ, ദൈവത്തെ സ്നേഹിക്കുന്നവരിൽ പ്രത്യേകമായ രീതിയിൽ അവിടുന്നു വസിക്കുന്നു. ദൈവം നമ്മിൽ വസിക്കുന്നുണ്ടെന്ന കാര്യം നാം കൂടെക്കൂടെ ഓർമ്മിക്കേണ്ടതാണ്. അങ്ങനെ ഓർമ്മിക്കുമ്പോൾ നാം എന്തുചെയ്യണം? നാം നമ്മുടെ മനസ്സുകൊണ്ട് അവിടുത്തെ മുൻപിൽ തല കുനിയ്ക്കണം. "ദൈവമേ, അവിടുന്നു് എൻെറ അടുക്കലുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു" എന്നു പറയണം. അതേ, പരിശുദ്ധ ത്രിത്വം, ലോകത്തെയും അതിലെ എല്ലാ വസ്തുക്കളെയും സൃഷ്ടിച്ച ദൈവം നമ്മിൽ വസിക്കുന്നു. നമുക്കു് അല്പനേരത്തേയ്ക്കു കണ്ണടച്ചിരുന്നു് 'പരിശുദ്ധ ത്രിത്വമേ, ഞാൻ അങ്ങേ സ്നേഹിക്കുന്നു, സ്തുതിക്കുന്നുവെന്നു പറയാം. (മൗനം) ഇങ്ങനെ ഒരു ദിവസത്തിൽ പല തവണ ചെയ്യാൻ നമുക്കു ശ്രമിക്കാം.

## ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ദൈവത്തിൽ എത്ര ആളുകൾ ഉണ്ട്?
2. അവർ ആരെല്ലാമാണ്?
3. മൂന്നു പേരേയും ഒന്നിച്ചുചേർത്തു് നാം പറയുന്ന വാക്കെന്തു്?

## ഭാഗം 2 (30 മിനിററ്)

**കഥ**

**പാഠാവതരണം**

കുരിശടയാളത്തിൻെറ അർത്ഥം (ബോർഡിലെഴുതുക)

ഈശോ അപ്പോസ്തലന്മാരെ പല കാര്യങ്ങൾ പഠിപ്പിച്ചു: ദൈവം ഒന്നേയുള്ളു; ദൈവത്തിൽ മൂന്നാളുകളുണ്ട്; അവർ നമ്മെ സ്നേഹിക്കുന്നു; നാം ഈശോ പഠിപ്പിച്ചതനുസരിച്ചു ജീവിക്കുമെങ്കിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മിൽ വന്നു വസിക്കും— ഇവയായിരുന്നു, ഈശോ പഠിപ്പിച്ച പാഠങ്ങളിൽ ഏററം പ്രധാനപ്പെട്ടവ. അപ്പോസ്തലന്മാരുടെ ഉപദേശംകേട്ട് ദൈവമക്കളായി തീർന്നവരും പ. ത്രിത്വത്തെപ്പററി പഠിച്ചു. പ. ത്രിത്വത്തിൽ മൂന്നാളുകൾ ഉണ്ടെന്നു പറഞ്ഞല്ലോ. ആരെല്ലാമാണവർ?— പുത്രനായ ദൈവം ഈശോയാണ്. നമ്മെ രക്ഷിക്കുവാൻവേണ്ടി ഈശോ മനുഷ്യനായി ജനിച്ചു, വളരെയധികം പീഡയനുഭവിച്ചെന്നും, കുരിശിന്മേൽ മരിച്ചെന്നും അവർ പഠിച്ചു. അവരിൽ അധികംപേരും ഈശോയിൽ വിശ്വസിച്ചു ദൈവമക്കളായിത്തീൎന്നു. നാം കുരിശടയാളം വരക്കുമ്പോൾ പ. ത്രിത്വത്തിലെ മൂന്നാളുകളെയാണ് അനുസ്മരിക്കുക.

ബാബു ജോയിയെ കുരിശുവരക്കാൻ പഠിപ്പിച്ച കഥ ഞാൻ പറയാം.

ഒരു ദിവസം ബാബുവും മോളിയും വേദപാഠം കഴിഞ്ഞ് വീട്ടിലേക്കു പോകുകയായിരുന്നു. വഴിയിൽവച്ച് അവർ ജോയിയെ കണ്ടു. അവൻ ഊതി വിർപ്പിച്ച ഒരു ബലൂൺ കൈയ്യിൽ പിടിക്കാതെയും താഴെ വീഴിക്കാതെയും വായുവിൽ ഊതിപ്പറപ്പിച്ചുകൊണ്ട് മുമ്പോട്ടു പോകുകയായിരുന്നു. ബാബു വേഗം നടന്ന് ജോയിയുടെ അടുത്തെത്തി. ജോയി നിന്നില്ല. ബാബു വിളിച്ചതു ശ്രദ്ധിച്ചുമില്ല. ബാബു ചോദിച്ചു: "ജോയീ, നീ എന്താണീ ചെയ്യുന്നത്?" "ഈ ബലൂൺ തറയിൽ വീഴാതെ, കയ്യിൽ പിടിക്കാതെ, വീടുവരെ ഇങ്ങനെ പറപ്പിച്ചുകൊണ്ടുപോകണമെനിക്ക്," ജോയി പറഞ്ഞു, "കൊള്ളാം! ഞങ്ങൾകൂടി ബലൂൺ പറപ്പിക്കാൻ സഹായിക്കാം. ഞാൻ ഈ വശത്തു നിൽക്കാം. ബലൂൺ ഈ വശത്തേക്കു വരുമ്പോൾ ഞാൻ ഊതിപ്പറപ്പിക്കാം. മറേറ വശത്തേക്കു വരുമ്പോൾ മോളി ഊതിപ്പറപ്പിക്കണം. ജോയി നടക്കു്. അപ്പോൾ ജോയിക്ക് അങ്ങോട്ടും ഇങ്ങോട്ടും ഓടാതെ കഴിക്കാം. എന്താ, ജോയീ സമ്മതമാണോ? നമുക്ക് അങ്ങനെ വീടുവരെ പോകരുതോ?" ജോയിക്കു സമ്മതമായി. അവർ അങ്ങനെ കുറേദൂരം പോയി. അവർ പോകുന്നവഴി

യിൽ ഒരു പള്ളി ഉണ്ടായിരുന്നു. ആ പള്ളിയുടെ അടുത്തെത്തിയപ്പോഠം ബാബുവിൻെറ നേർക്കവന്ന ബലൂൺ ഊതിപ്പറപ്പിക്കാൻ അവൻ വിട്ടുപോയി. അവൻ പള്ളിയുടെ നേക്കു തിരിഞ്ഞതാണു് അതിനു കാരണം. അവൻ പള്ളിയുടെ നേക്കു തിരിഞ്ഞു് ഇങ്ങനെ ചെയ്തു [കുരിശടയാളം വരച്ചുകാണിക്കുക].

ബാബു ബലൂൺ ഊതിപ്പറപ്പിക്കാഞ്ഞതിൽ ജോയിക്കു കോപമുണ്ടായില്ല. ബാബു എന്താണു കാണിച്ചതു് എന്നറിയണം ജോയിക്കു്. "ബാബൂ, അതൊന്നുകൂടി ചെയ്തുകാണിക്കുമോ?" ജോയി ആവശ്യപ്പെട്ടു. അവൻ ആദ്യം രണ്ടു കയ്യും കൂപ്പിപ്പിടിച്ചു. ഇങ്ങനെ (കാണിക്കുക) പിന്നീടു് വലതുകൈ നെററിയിൽവച്ചു. പിന്നെ നെഞ്ചത്തു ഇങ്ങനെ വച്ചുകാണിച്ചു. അതുകഴിഞ്ഞു് ഇടതുതോളിലും വലതു തോളിലും ഇങ്ങനെ വച്ചുകാണിച്ചു. ഇതെല്ലാം കഴിഞ്ഞപ്പോഠം വീണ്ടും കൈകഠം കൂപ്പിപ്പിടിച്ചു. ജോയി വളരെ ശ്രദ്ധിച്ചു നോക്കി. മററാരും ഇങ്ങനെ ചെയ്യുന്നതു് അവൻ ശ്രദ്ധിച്ചിട്ടില്ല.

''ഞാൻ കാണിച്ചതു മുഴുവനായില്ല. അതിൻെറകൂടെ ചില വാക്കുകഠംകൂടി പറയാനുണ്ടു്", ബാബു പറഞ്ഞു. അതെന്താണെന്നു് ജോയി തിരക്കി. ബാബു വാക്കുകഠം പറഞ്ഞുകൊണ്ടു് കുരിശിൻെറ അടയാളം സാവധാനത്തിൽ വരച്ചുകാണിച്ചു. "പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.'' ഇതിനു കുരിശിൻെറ അടയാളമെന്നു പറയും. അനന്തരം ബാബു അതിൻെറ അത്ഥവും ജോയിക്കു പറഞ്ഞുകൊടുത്തു.

നോക്കു കുഞ്ഞുങ്ങളെ, ബാബു എത്ര നല്ല കുട്ടിയാണെന്നു്. അവനു് കുരിശുവരക്കാനറിയാം. നിങ്ങളും നല്ല കുട്ടികളാണു്. ഞാൻ നിങ്ങളെ കുരിശിൻെറ അടയാളം വരയ്ക്കാൻ പഠിപ്പിക്കാം.

നമ്മഠം പിതാവായ ദൈവത്തിലും പുത്രനായ ദൈവത്തിലും പരിശുദ്ധാത്മാവായ ദൈവത്തിലും വിശ്വസിക്കുന്നുവെന്നാണു് ഇതിൻെറ അർത്ഥം. ദൈവത്തിൽ മൂന്നാളുകളുണ്ടു്; എന്നാൽ ഒരു ദൈവം മാത്രമേ ഉള്ളു. ദൈവ പുത്രനായ ഈശോ എല്ലാ മനുഷ്യർക്കുംവേണ്ടി കുരിശിന്മേൽ തൂങ്ങിമരിച്ചു. ഇതാണു് ഈ കുരിശടയാളം നമ്മെ ഓർപ്പിക്കുന്നതു്.

നിങ്ങളിൽ ആർക്കൊക്കെ കുരിശടയാളം വരയ്ക്കാൻ അറിയാം? അറിയാത്തവർ എഴുന്നേല്ക്കുക.... നിങ്ങളുടെ വലതുകൈ നീട്ടിക്കാണിക്കുക. ഇനി നമുക്കൊന്നു ശ്രമിച്ചു നോക്കാം.

## കുട്ടികളുടെ പ്രവർത്തനം

എല്ലാവരും വലതുകൈ ഉയർത്തി, ഇങ്ങനെ (കാണിച്ചുകൊടുക്കുക) നെററിയിൽ തൊടുക. ഞാൻ മുഴുവനും ചെയ്യാം. നിങ്ങൾ അതു് നോക്കി നിന്നിട്ടു് മൂന്നുനാലുതവണ ആവർത്തിച്ചു കഴിയുമ്പോൾ എന്നോടുകൂടി നിങ്ങളും ചെയ്യാൻ ശ്രമിക്കണം.

[കുഞ്ഞുങ്ങൾക്കു് മനസ്സിലാകുവോളം എത്ര പ്രാവശ്യം വേണമെങ്കിലും ചെയ്തു കാണിച്ചുകൊടുക്കുക. അനന്തരം കുട്ടികളെല്ലാവരെയും കൊണ്ടു് ഒന്നിച്ചു ചെയ്യിക്കുക. തെററുവരുത്തുന്നതു് ആരെന്നു് നോക്കി തിരുത്തികൊടുക്കുക. എല്ലാം ശരിയായി പറഞ്ഞുകൊണ്ടു് തെററിക്കാതെ ചെയ്യുന്ന കുട്ടികളെ ക്ലാസ്സിൻെറ മുമ്പിൽ വിളിച്ചു നിറുത്തി ചെയ്യിക്കണം. അവരെ അനുമോദിച്ചു് സന്തോഷിപ്പിക്കാൻ മറക്കരുതു്]

പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവമാണെന്നു് നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ഒരു ദൈവത്തിലുള്ള മൂന്നാളുകളാണ അവർ. പരിശുദ്ധ ത്രിത്വം നമ്മിൽ കുടികൊണ്ടാൽ മാത്രമേ നമ്മിൽ ദൈവികജീവനും സ്നേഹവും നിലനിൽക്കൂ. നമുക്കു് അല്പനേരത്തേയ്ക്കു് മൗനമായിരുന്നു് നമ്മുടെ ആത്മാവിൽ വസിക്കുന്ന പ. ത്രിത്വത്തെക്കുറിച്ചു ചിന്തിച്ചുനോക്കാം. പ. ത്രിത്വത്തോടു് സംസാരിക്കണം—പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിച്ചു് ചിന്തിക്കണം. ദൈവവും നിങ്ങളും തമ്മിലുള്ള ഒരു രഹസ്യസംഭാഷണം ആയിരിക്കണം അതു്. സാധാരണ നാം നമുക്കു് ഏററം പ്രിയപ്പെട്ടവരോടുമാത്രമേ രഹസ്യം പറയാറുള്ളു. നിങ്ങളെ ഏററവും സ്നേഹിക്കുന്ന പ. ത്രിത്വം നിങ്ങളുടെ ആത്മാവിൽ വസിക്കുന്നെന്നു വിശ്വസിക്കുന്നതിൻെറ അടയാളമായി ഭക്തിപൂർവ്വം കുരിശടയാളം വരയ്ക്കുക, വാക്കുകൾ ഉച്ചരിച്ചുകൊണ്ടു്.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ദൈവത്തിൽ എത്ര ആളുകളുണ്ടു്?
2. അവർ ആരെല്ലാമാണു്?
3. കുരിശടയാളം നമ്മെ ഓർപ്പിക്കുന്ന കാര്യങ്ങൾ ഏവ?

## ഉപസംഹാരപ്രാർത്ഥന

കർതൃപ്രാർത്ഥനചൊല്ലി വി. കുരിശടയാളത്തോടെ ക്ലാസ്സു് അവസാനിപ്പിക്കുക.

## 21

# ദൈവികജീവൻ നമ്മിൽ

### ഉപക്രമം

കൂദാശകളെക്കുറിച്ച് അവയുടെ നിർവചനമോ, കൂദാശവചനം, കാർമ്മികൻ ഇത്യാദി സാങ്കേതിക പദങ്ങളോ ഉപയോഗിക്കരുത്. പ്രൈമറിക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ, വിശേഷിച്ച് ഒന്നാം ക്ലാസ്സിൽ പഠിപ്പിക്കുന്നവർ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെതന്നെ കൂദാശകളുടെ അനുഷ്ഠാനങ്ങളെക്കുറിച്ചുള്ള വിവരണവും വേണ്ട. കൂദാശകൾ വഴിയാണ് ദൈവികജീവനും സ്നേഹവും ലഭിക്കുന്നതെന്ന് കുഞ്ഞുങ്ങൾ ഗ്രഹിച്ചാൽ മതി. അതോടൊപ്പം കൂദാശകളോട് കൂടുതൽ സ്നേഹാദരവുകളുമുണ്ടാകണം. കൂദാശ എന്ന വാക്ക് ജ്ഞാനസ്നാനത്തെക്കുറിച്ച് പറയുന്ന ഈ പാഠത്തിൽ ഉപയോഗിക്കുന്നില്ലെന്ന സംഗതി ശ്രദ്ധിക്കുക.

ജ്ഞാനസ്നാനം നൽകുന്നവിധം ഒന്നാംക്ലാസ്സിൽ വിശദീകരിക്കേണ്ട. അതു മനസ്സിലാക്കാനുള്ള കഴിവ് കുട്ടികൾക്കില്ല. അതുപോലെ ജ്ഞാനസ്നാനത്തിന്റെ തരവും സ്വഭാവവും സൂചിപ്പിക്കുകപോലും അരുത്.

### ലക്ഷ്യം

നമ്മെ ദൈവമക്കളാക്കിത്തീർക്കുവാൻ, നമുക്കുവേണ്ടി പാടുപെട്ടു മരിച്ച ഈശോയോട് കുഞ്ഞുങ്ങൾക്കുള്ള സ്നേഹവും കൃതജ്ഞതയും വർദ്ധിപ്പിക്കുക.

### പ്രധാനപദങ്ങൾ

മാമ്മോദീസ, ദൈവികജീവൻ, അവകാശികൾ.

### പഠനോപകരണങ്ങൾ

ഒരു പാവ, ഒരു ചെറിയ കപ്പ്, മെഴുകുതിരി.

## ഭാഗം 1 രൂപരേഖ

### പ്രധാനാശയം

ഈശോയിൽ വിശ്വസിച്ചവരെയെല്ലാം അപ്പോസ്തലന്മാർ ജ്ഞാനസ്നാനപ്പെടുത്തി. ജ്ഞാനസ്നാനം സ്വീകരിച്ചവരിൽ പ. ത്രിത്വം വന്നു വസിക്കുന്നു.

### കഥ

ഈശോ മാമ്മോദീസാ മുങ്ങുന്ന ഭാഗം വിവരിക്കുക.

### കുട്ടികളുടെ പ്രവർത്തനം

സന്ദർഭത്തിനു യോജിച്ച ഒരു ഗാനം മുൻകൂട്ടി തയ്യാറാക്കിയതു് ആലപിക്കുക.

### പ്രയോഗം

മാമ്മോദീസാ എന്ന ദാനത്തിനു് ദിവസേന നന്ദി പറയുക.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. എല്ലാവരേയും ജ്ഞാനസ്നാനപ്പെടുത്തുവാൻ അപ്പോസ്തലന്മാർക്ക് ആരു് അധികാരം കൊടുത്തു?

2 അപ്പോസ്തലന്മാർ ജ്ഞാനസ്നാനം നൽകിയതെങ്ങനെ?

3, ജ്ഞാനസ്നാനം കൊടുക്കുമ്പോൾ പറയുന്ന വാക്കുകളേവ?

## ഭാഗം 2 രൂപരേഖ

### പ്രധാനാശയം

ജ്ഞാനസ്നാനംവഴി നമുക്കു് ദൈവികജീവനും ദൈവികസ്നേഹവും കിട്ടുന്നു. സ്വർഗ്ഗത്തിൽ പോകുവാൻ ഈ സമ്മാനം കൂടിയേ തീരൂ.

### കഥ

ആദ്യകഥയുടെ തുടർച്ച

### കട്ടികളുടെ പ്രവർത്തനം

ജ്ഞാനസ്നാനത്തെ സംബന്ധിക്കുന്ന ഒരു പാട്ടു പാടുകയോ, കഥനം ചൊല്ലുകയോ ചെയ്യുക.

### പ്രയോഗം

കുഞ്ഞുങ്ങൾ ഓരോരുത്തരും ജ്ഞാനസ്നാനപ്പെട്ട തീയതി അപ്പനമ്മമാരോടു ചോദിച്ചു മനസ്സിലാക്കുക. ആ ദിവസം ജന്മദിനമായി കൊണ്ടാടുക.

### ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. മാമ്മോദീസാ വഴി നമുക്കു് എന്തു ലഭിക്കുന്നു?
2. നമ്മൾ ദൈവമക്കളായിത്തീരുവാൻ ഈശോ എന്തു ചെയ്തു?

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭപ്രാർത്ഥന

പരിശുദ്ധത്രിത്വം നമ്മിൽ വസിക്കുന്നുണ്ടെന്നു കഴിഞ്ഞ ക്ലാസ്സിൽ നാം കണ്ടു. നമ്മുടെ എല്ലാ ജോലികളും കളികളും പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ ആരംഭിക്കണം. പരിശുദ്ധ ത്രിത്വത്തിൻെറ നാമത്തിൽത്തന്നെ ഈ വേദപാഠക്ലാസ്സും ആരംഭിക്കാം. യഥാർത്ഥദൈവമക്കളായി ജീവിക്കുവാൻ വേണ്ട സഹായം നമുക്കു ചോദിക്കാം. (കുരിശടയാളം വരച്ചുകൊണ്ടു്) പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ, ആമ്മേൻ. (പറഞ്ഞുകൊടുക്കുക, കുഞ്ഞുങ്ങൾ ഏററുചൊല്ലട്ടെ).

### പ്രാരംഭം

ഈശോ പഠിപ്പിച്ച വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ നമ്മൾ പഠിച്ചു. എത്ര ദൈവമുണ്ടെന്നും ദൈവത്തിൽ എത്ര ആളുകളുണ്ടെന്നും നമ്മൾ പഠിച്ചു. ഒരു ദൈവത്തിൽ മൂന്നാളുകൾ ഉണ്ടാകുന്നതെങ്ങനെയെന്നു മനസ്സിലാക്കാൻ നമുക്കു സാധിക്കുകയില്ല. ഈശോ അപ്രകാരം പറഞ്ഞിട്ടുള്ളതുകൊണ്ടുമാത്രമാണു നാം ആ സത്യം വിശ്വസി

ക്കുന്നതു്. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളുടെ പേരു് ബഹുമാനപൂർവ്വമേ ഉച്ചരിക്കാവൂ. ഉച്ചരിക്കുമ്പോൾ നാമെന്തടയാളമാണു കാണിക്കുന്നതു്? [കുരിശടയാളം] പ. ത്രിത്വത്തിന്റെ പേരു പറഞ്ഞു് ബഹുമാനത്തോടെ ഒരു തവണ എല്ലാവരും കൂടി കുരിശടയാളം വരയ്ക്കുക. കുരിശിന്റെ അടയാളം വരയ്ക്കുമ്പോൾ എന്താണു മനസ്സിലാക്കുന്നതു്? നമ്മൾ കുരിശടയാളം വരയ്ക്കുമ്പോൾ, ഈശോ എനിക്കു വേണ്ടി കുരിശിന്മേൽ മരിച്ചുവെന്നു ഞാൻ വിശ്വസിക്കുന്നു എന്നു പറയുകയാണു് ചെയ്യുന്നതു്. അതേസമയം ഞാൻ ദൈവത്തിന്റെ കുടുംബത്തിൽ പെട്ടവനാണെന്നും അതു വിളിച്ചറിയിക്കുന്നു.

കഥ

പാഠാവതരണം

ഈശോയിൽ വിശ്വസിച്ചവരെയെല്ലാം അപ്പോസ്തലന്മാർ ജ്ഞാനസ്നാനപ്പെടുത്തി.

ഈശോ സ്വർഗ്ഗത്തിലേയ്ക്കുപോയ ദിവസം അപ്പോസ്തലന്മാരെ ഒരു വലിയ ജോലി ഏല്പിച്ചു. മാമ്മോദീസാ മുക്കുവാൻ. നമ്മെ ദൈവമക്കളാക്കിത്തീർക്കുന്നതു്–നമ്മുടെ ആത്മാവിൽ ദൈവികജീവനും ദൈവികസ്നേഹവും പകരുന്നതു് മാമ്മോദീസയാണു്.

ഈശോ സ്വർഗ്ഗത്തിലേയ്ക്കു പോയിക്കഴിഞ്ഞു് അപ്പോസ്തലന്മാർ ആ പട്ടണത്തിൽതന്നെ ഒരു വീട്ടിൽ പത്തുദിവസംവരെ കാത്തിരുന്നു. എന്തിനാണു് അവർ അവിടെ കാത്തിരുന്നതെന്നറിയാമോ? പരിശുദ്ധാത്മാവിനെ സ്വീകരിയ്ക്കുവാൻ അവിടെ കാത്തിരിക്കണമെന്നു ഈശോ അവരോടു് പറഞ്ഞിരുന്നു. പത്താം ദിവസം അവിടെ ഒരു വലിയ കൊടുങ്കാററുണ്ടായി. ആ മുറിയ്ക്കകത്തിരുന്ന ഓരോരുത്തരുടേയും തലയിൽ ഓരോ തീനാളം വന്നു് ഇരിയ്ക്കുന്നതും അവർ കണ്ടു (ചിത്രം കാണിക്കുക). പരിശുദ്ധാരൂപി അവരുടെ ആത്മാവിലേയ്ക്കു് വന്നിറങ്ങിയതിന്റെ അടയാളമായിരുന്നു അതു്. അപ്പോൾ തന്നെ പത്രോസും കൂട്ടരും ദൈവികജീവനും സ്നേഹവുംകൊണ്ടു നിറഞ്ഞവരായി, എല്ലാ ആളുകളേയും പഠിപ്പിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ടു. തങ്ങളുടെ പ്രസംഗം ശ്രവിച്ചു ക്രിസ്തുവിൽ വിശ്വസിച്ചവരെയെല്ലാം വിശുദ്ധ പത്രോസ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തി.

വിശുദ്ധ പത്രോസ് പരിശുദ്ധ ത്രിത്വത്തിന്റെ–പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളുടെ പേരു് പറഞ്ഞു് തലയിൽ വെള്ളമൊഴിച്ച സന്ദർഭത്തിൽ അവരുടെ ആത്മാവിൽ ദൈവികജീവനും സ്നേഹവും വന്നുചേർന്നു. അവരിലുണ്ടായിരുന്ന പാപങ്ങളെല്ലാം ദൈവം അവ

രോട്ട് പൂർണ്ണമായി ക്ഷമിച്ചു. പുതുതായി ഒരു ശക്തി അവക്കു കിട്ടി. ജ്ഞാനസ്നാനം സ്വീകരിച്ചവർ ദൈവത്തിന്റെ കുടുംബത്തിൽപ്പെട്ട വരായി. അവരുടെ സന്തോഷം വളരെ വലുതായിരുന്നു. അവർ അവരവരുടെ വീടുകളിലേയ്ക്ക് ഓടിപ്പോയി കണ്ടവരോടെല്ലാം അവക്കു സംഭവിച്ചതൊക്കെ പറഞ്ഞു. അവർ ദൈവത്തിനു നന്ദിപറഞ്ഞു. അപ്പോസ്തലന്മാർ പറയുന്നതൊക്കെ അനുസരിക്കാമെന്നും തമ്മിൽ തമ്മിൽ സ്നേഹിക്കാമെന്നും അവർ ഉറച്ചു.

ജ്ഞാനസ്നാനംവഴി നമുക്കു് ഒരു പുതിയ ജീവൻ ലഭിക്കുന്നു. അതായതു് ദൈവികജീവനും സ്നേഹവും ലഭിക്കുന്നു. ഇതിനു് പ്രസാദവരം എന്നു പറയാറുണ്ടു്. ദൈവം എത്ര നല്ലവനാണെന്നു് നോക്കുക. ആദവും ഹവ്വയും പാപം ചെയ്തപ്പോൾ നമുക്കു നഷ്ടപ്പെട്ടുപോയ ദൈവികജീവനും സ്നേഹവും നമുക്കു സമ്പാദിച്ചു തരാൻ പിതാവായ ദൈവം തന്റെ പുത്രനെ അയച്ചു. ഈശോ വന്നു് സ്വർഗ്ഗസ്ഥനായ പിതാവിനെ സ്നേഹിക്കാൻ നമ്മെ പഠിപ്പിച്ചു; സ്വർഗ്ഗത്തിലെത്താനുള്ള വഴിയും നമുക്കു കാണിച്ചുതന്നു. നമുക്കുവേണ്ടി പല കഷ്ടതകൾ സഹിച്ചു് കുരിശിന്മേൽ മരിച്ചു് പ്രസാദവരം നേടിത്തന്നു. പ്രസാദവരമെന്നു പറഞ്ഞാൽ ദൈവികജീവനും ദൈവികസ്നേഹവും എന്നാണർത്ഥം. ആ പ്രസാദവരം പരിശുദ്ധാത്മാവു് ജ്ഞാനസ്നാനം വഴി നമുക്കു നൽകുന്നു. പ്രസാദവരം നമുക്കു കിട്ടി എന്നതിനു് ഒരടയാളമാണു് ജ്ഞാനസ്നാനം. ഏതു നിമിഷത്തിലാണു് നമുക്കു പ്രസാദവരം കിട്ടുന്നതു്? വൈദികൻ നമ്മുടെ തലയിൽ വെള്ളമൊഴിച്ചുകൊണ്ടു് ഈശോ പഠിപ്പിച്ച വാക്കുകൾ ഉച്ചരിക്കുമ്പോഴാണു്. അപ്പോൾ മുതൽ നാം ദൈവത്തിന്റെ മക്കളാണു്; ദൈവത്തിന്റെ കുടുംബത്തിൽ പെട്ടവർ.

### കുട്ടികളുടെ പ്രവർത്തനം

നമുക്കിന്നു ജ്ഞാനസ്നാനത്തെക്കുറിച്ചു് ഒരു പാട്ടുപാടാം.

സ്വർഗ്ഗത്തിൽ പോകുവാനുള്ളൊരു ടിക്കററാം
നമ്മൾ സ്വീകരിക്കും ജ്ഞാനസ്നാനം
ദൈവമക്കളാക്കിത്തീർക്കുമതു നമ്മെ
യേശുവിൻ സോദരർ നമ്മളാകും

ദൈവികജീവനും സ്നേഹവുമേകിടും
ദൈവാത്മാവിൻ ഛായ നമ്മിലുണ്ടാം

ദൈവികജീവനും സ്നേഹവുമില്ലാതെ
സ്വർഗ്ഗത്തിലെത്തുക സാദ്ധ്യമല്ല.
സ്വർഗ്ഗത്തിൽ പോകുവാനുള്ളൊരു.......

**പ്രയോഗം**

ജ്ഞാനസ്നാനം സ്വീകരിച്ച് ദൈവമക്കളായിത്തീരാനുള്ള ഭാഗ്യം നമുക്ക് തന്നതു് ഈശോയാണ്. ഈശോ നമ്മുടെ രക്ഷകനാണ്. അവിടുന്ന് ആണ് നമുക്ക് ദൈവികജീവനും സ്നേഹവും സമ്പാദിച്ചു തന്നതു്. നിങ്ങൾ ഒരു കുരിശുരൂപം കാണുമ്പോൾ (ഒന്ന് ഇപ്പോൾ തന്നെ കാണിച്ചുകൊടുക്കുക). അല്ലെങ്കിൽ കുരിശുരൂപത്തിന്റെ പടം കാണുമ്പോൾ ഈശോയ്ക്കു നന്ദിപറയണം. ഈശോയ്ക്ക് സ്നേഹമുള്ള ഒരുമ്മ കൊടുത്തുകൊണ്ട് നന്ദിപറയുന്നതു് ഏററവും നന്ന്. നമ്മുടെ അമ്മയോടും കൊച്ചനുജത്തിമാരോടും അനുജന്മാരോടും നമുക്കു വലിയ സ്നേഹം തോന്നുമ്പോൾ നാം എന്തു ചെയ്യാറുണ്ട്? ഉമ്മ കൊടുക്കുകയില്ലേ? അതുപോലെ ഈശോയോടുള്ള വലിയ സ്നേഹത്തിന്റെ അടയാളമായി ഉമ്മകൊടുത്തുകൊണ്ട് അവിടുത്തോടു നാം നന്ദി പറയുന്നു. ഇത്ര നല്ല ഈശോയെ തന്ന സ്വർഗ്ഗീയപിതാവിനും നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിനും നന്ദിപറയാനും മറക്കരുതേ!

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ജനങ്ങൾക്ക് ജ്ഞാനസ്നാനം കൊടുക്കുവാൻ അപ്പോസ്തലന്മാരോട് പറഞ്ഞതാരു്?
2. ജ്ഞാനസ്നാനം വഴി നമുക്കെന്തു കിട്ടുന്നു?
3. ജ്ഞാനസ്നാനം കൊടുക്കുമ്പോൾ പറയുന്ന വാക്കുകൾ ഏവ?

## ഭാഗം 2 (30 മിനിററ്)

**കഥ**

**പാഠാവതരണം**

ജ്ഞാനസ്നാനംവഴി ദൈവിക ജീവനും സ്നേഹവും നമുക്കു ലഭിക്കുന്നു.

ആദ്യകാലങ്ങളിൽ മുതിർന്നവർക്കാണ് മാമ്മോദീസാ നല്കിയിരുന്നതു്. ക്രമേണ കൊച്ചുകുഞ്ഞുങ്ങളെ ജ്ഞാനസ്നാനപ്പെടുത്തുവാൻ തുട

ങ്ങി. തങ്ങളുടെ മക്കളും ദൈവത്തിന്റെ കുടുംബത്തിൽ പെട്ടവരായിത്തീരണം എന്നു മാതാപിതാക്കന്മാർ ആഗ്രഹിച്ചു. ദൈവികജീവനും സ്നേഹവും അവരിൽ ഉണ്ടെങ്കിലേ സ്വർഗ്ഗത്തിലെത്താൻ കഴിയുകയുള്ളു എന്നു് അവർക്കു് അറിയാമായിരുന്നു. അതിനു ജ്ഞാനസ്നാനം സ്വീകരിക്കണം.

കുഞ്ഞുങ്ങൾക്കു് ജ്ഞാനസ്നാനം കൊടുക്കുന്നതു് നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? നല്ല അപ്പനമ്മമാർക്കു് മക്കളെ ദൈവമക്കളാക്കി, ദൈവത്തിന്റെ കുടുംബത്തിൽ പെട്ടവരാക്കിത്തീർക്കുവാൻ വലിയ ആഗ്രഹമാണു്. അതുകൊണ്ടാണു് അവർ കുഞ്ഞുങ്ങളെ ജ്ഞാനസ്നാനപ്പെടുത്തുവാൻ കൊണ്ടുപോകുന്നതു്.

നമുക്കു് ജ്ഞാനസ്നാനം കിട്ടിയ ദിവസം ഒരു പ്രധാനപ്പെട്ട ദിവസമാണു് — നമ്മുടെ ജീവിതത്തിലെ ഏററവും ഭാഗ്യപ്പെട്ട ദിവസം. ദൈവമക്കളായി നാം ജനിക്കുന്ന ദിവസമാണു് അതു്. ആ ദിവസം ആരാണു നിങ്ങളുടെ ആത്മാവിലേയ്ക്കു വരുന്നതു്? ദൈവം തന്നെ വരുന്നു— പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നീ മൂന്നാളുകളും. അപ്പോൾ ജ്ഞാനസ്നാനം എത്ര വലിയ ദാനമാണു്! ദൈവം എത്ര നല്ലവൻ!

ഒരു കുഞ്ഞിനു ജ്ഞാനസ്നാനം കൊടുക്കുന്നതെങ്ങനെയാണു് എന്നു് നിങ്ങൾക്കു് കാണണമോ? (പാവ കാണിച്ചു്) ഈ പാവ ഒരു കൊച്ചു കുഞ്ഞാണെന്നു് നിങ്ങൾ കരുതുക. എന്തു പേരാണു് നിങ്ങൾ ഈ കുഞ്ഞിനു കൊടുക്കാൻ പോകുന്നതു്? റോം— അപ്പനമ്മമാർക്കു്, അവനു ജ്ഞാനസ്നാനം കൊടുക്കുവാൻ വലിയ ആഗ്രഹം. അവർ അവരുടെ സ്നേഹിതരിൽ രണ്ടുപേരോടു് അവരുടെ മകനെ ജ്ഞാനസ്നാനത്തിനായി പള്ളിയിൽ കൊണ്ടുപോകാൻ ആവശ്യപ്പെട്ടു. അങ്ങനെ ഒരു സ്ത്രീയും ഒരു പുരുഷനുമാണു് കുഞ്ഞിനെ പള്ളിയിൽ കൊണ്ടുപോകാൻ വന്നതു്. ജ്ഞാനസ്നാനത്തിനു് കുഞ്ഞുങ്ങളെ പള്ളിയിൽ കൊണ്ടുപോകുന്നവർക്കു് ഒരു പ്രത്യേക പേരുണ്ടു്. എന്താണെന്നറിയാമോ? (നാട്ടാചാരമനുസരിച്ചുള്ള പേർ പറഞ്ഞു് പരിചയപ്പെടുത്തുക) തലതൊട്ടപ്പൻ, തലതൊട്ടമ്മ. നമുക്കിപ്പോൾ നമ്മുടെ പാവക്കുഞ്ഞിനു് (റോമിനു്) തലതൊട്ടപ്പനും, തലതൊട്ടമ്മയും വേണം. ആൺകുട്ടികളിൽ ഒരാൾ തലതൊട്ടപ്പനും പെൺകുട്ടികളിൽ ഒരാൾ തലതൊട്ടമ്മയുമായിരിക്കണം. ആര്ക്കൊക്കെ ആ സ്ഥാനമെടുക്കാം?——

എവിടെവച്ചാണു് സാധാരണ ജ്ഞാനസ്നാനം കൊടുക്കുന്നതു്?— പള്ളിയിൽ വച്ചു്. വീട്ടിൽ വച്ചും കൊടുക്കാം. കുഞ്ഞിനെ പള്ളിയിൽ കൊണ്ടുപോയി ജ്ഞാനസ്നാനം കൊടുക്കുകയാണു് പതിവു്. പള്ളിയിൽ അതിനൊരു പ്രത്യേക സ്ഥലവുമുണ്ടു്. അവിടെ ഒരു വെള്ള

ത്തൊട്ടി കാണാം. ജ്ഞാനസ്നാന സമയത്തു് കുഞ്ഞിന്റെ തലയിൽ ഒഴിക്കുന്ന വെള്ളം ഈ തൊട്ടിയിലാണു വീഴുക. ഈ തൊട്ടിക്കു് ജ്ഞാനസ്നാനത്തൊട്ടി എന്നു പറയും. (ചിത്രം കാണിക്കുക). നമുക്കിപ്പോഴം ഇവിടെ ജ്ഞാനസ്നാനത്തൊട്ടിയില്ല. അതിനു പകരം ഈ പാത്രം (ഏതെങ്കിലും ഒരു പാത്രം കാണിക്കുക) ഉപയോഗിക്കാം. ഞാൻ വൈദികന്റെ സ്ഥാനം അഭിനയിക്കാം. എല്ലാം തയ്യാറായി. ഇനി തലതൊട്ടമ്മയും തലതൊട്ടപ്പനുംകൂടി നമ്മുടെ പാവകുഞ്ഞിനെ എടുത്തുകൊണ്ടു പള്ളിയിലേക്കു വരുക.

വൈദികൻ വെള്ളം എടുത്തു് റേറാമിന്റെ തലയിൽ ഒഴിക്കുന്നതോടൊപ്പം (ഒഴിച്ചു കാണിക്കുന്നു) പേരു വിളിച്ചു് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസാ മുക്കുന്നു, എന്നു പറഞ്ഞു് കർമ്മം നിർവ്വഹിക്കുന്നു. ജീവനുള്ള കുഞ്ഞായിരുന്നെങ്കിൽ ആ കുഞ്ഞു് ദൈവത്തിന്റെ മകനായി മാറിയേനെ. ദൈവിക ജീവനും സ്നേഹവും ആ കുഞ്ഞിനു കിട്ടുമായിരുന്നു: പിതാവും പുത്രനും പരിശുദ്ധാത്മാവും റേറാമിന്റെ ആത്മാവിൽ താമസം ഉറപ്പിക്കുമായിരുന്നു.

ജ്ഞാനസ്നാനം വളരെ പ്രധാനപ്പെട്ട ഒന്നാണു്. നാം ദൈവമക്കളാണെന്നു കാണിക്കുന്ന വിശുദ്ധ അടയാളമാണു് അതു്. മക്കളെ സ്നേഹിക്കുന്ന എല്ലാ അപ്പനമ്മമാരും കുഞ്ഞുങ്ങൾ പിറന്നാൽ, എത്രയും വേഗത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കാൻ ശ്രദ്ധിക്കും.

## കുട്ടികളുടെ പ്രവർത്തനം

കുട്ടികളെക്കൊണ്ടു് ഈ ഗാനം പാടിക്കുക.

സ്വർഗ്ഗത്തിൽ പോകുവാനുള്ളൊരു ടിക്കററാം
നമ്മൾ സ്വീകരിക്കും ജ്ഞാനസ്നാനം
ദൈവമക്കളാക്കിത്തീർക്കുമതു നമ്മെ
യേശുവിൻ സോദരർ നമ്മളാകും

ദൈവിക ജീവിതം സ്നേഹവുമേകിടും
ദൈവാത്മാവിൻ ഛരായ നമ്മിലുണ്ടാം
ദൈവിക ജീവിതം സ്നേഹവുമില്ലാതെ
സ്വർഗ്ഗത്തിലെത്തുവാൻ സാധ്യമല്ല.

ദൈവമേ നിന്നുടെ മക്കളാം ഞങ്ങളെ
നല്ല മാർഗ്ഗത്തിൽ നടത്തീടണേ
നിന്നുടെ ദാനങ്ങൾക്കോരോന്നിനായ് ഞങ്ങൾ
പാടുന്നു ഗീതങ്ങൾ നന്ദിപൂർവ്വം.

ദൈവമേ നിന്നുടെ മക്കളാം........

## ഓർമ്മിക്കാൻ

### ചോദ്യങ്ങൾ

1. ജ്ഞാനസ്നാനംവഴി നമുക്കു ലഭിക്കുന്ന സമ്മാനമെന്ത്?
2. ജനങ്ങളെ ജ്ഞാനസ്നാനപ്പെടുത്തുവാൻ അപ്പോസ്തലന്മാരോട് പറഞ്ഞതാര്?
3. പ്രസാദവരമെന്നു പറയുന്നതെന്താണ്?
4. എന്തുപയോഗിച്ചാണ് വൈദികൻ ജ്ഞാനസ്നാനം കൊടുക്കുന്നത്?
5. വെള്ളം ഒഴിക്കുമ്പോൾ ചൊല്ലുന്ന വാക്കുകൾ ഏവ?
6. നാം എപ്പോഴാണ് ദൈവമക്കളായിത്തീരുന്നത്?

## ഉപസംഹാര പ്രാർത്ഥന

കർത്തൃപ്രാർത്ഥന. ഈ പ്രാർത്ഥനയ്ക്കു മുമ്പും പിമ്പും കുരിശടയാളം വരപ്പിക്കുക.

# 22

# ഈശോയുടെ രണ്ടാമത്തെ വരവ്

## ഉപക്രമം

നിഷ്കളങ്കരായ പിഞ്ചുപൈതങ്ങളെ അവസാനവിധിയുടെ ഭയങ്കരത വിവരിച്ചു ഭയപ്പെടുത്തരുത്. ക്രിസ്തുവിനെ നേരിട്ടുകാണാൻ കുഞ്ഞുങ്ങൾ അത്യാശയോടെ പ്രതീക്ഷിക്കത്തക്കവിധമാണ് അവസാനവിധിയെക്കുറിച്ചുള്ള ഈ പാഠം അവരുടെ മുമ്പിൽ അവതരിപ്പിക്കേണ്ടതു്. എന്നാൽ അവസാനവിധി ഉണ്ടെന്ന കാര്യവും നല്ലവർക്കും ചീത്തയാളുകൾക്കും അവരവരുടെ പ്രവൃത്തികൾക്കനുസൃതമായി സമ്മാനമോ ശിക്ഷയോ ലഭിക്കുമെന്ന കാര്യവും കുട്ടികൾക്കു പറഞ്ഞുകൊടുക്കുകയും വേണം. എന്തുകൊണ്ടെന്നാൽ കുഞ്ഞുങ്ങൾക്കും നീതിയെക്കുറിച്ച് സഹജമായൊരു ബോധമുണ്ട്. തിന്മ ചെയ്താൽ ശിക്ഷയും നന്മ ചെയ്താൽ സമ്മാനവും ലഭിക്കേണ്ടതാണെന്ന് അവർക്കറിയാം. പക്ഷേ മാരകപാപവും ലഘുപാപവും തമ്മിൽ തിരിച്ചറിയാൻ പ്രായംവന്നിട്ടില്ല. അതിനാൽ അവരുടെ ചെറിയ തെറ്റുകൾക്കും കുററങ്ങൾക്കും നരകശിക്ഷ കിട്ടുമല്ലോ എന്നൊരു ഭയം കുഞ്ഞുങ്ങളുടെ മനസ്സിനെ വിഷമിപ്പിക്കുവാൻ ഒരിക്കലും ഇടം കൊടുക്കരുതു്. നീതിയെപ്പററിയെന്നതിനെക്കാൾ മോക്ഷത്തെപ്പററി ഊന്നിപ്പറയുന്നതായിരിക്കും നന്ന്.

## ലക്ഷ്യം

സ്വർഗ്ഗലബ്ധിക്കായി അതിയായ ആഗ്രഹം കുഞ്ഞുങ്ങളിൽ ഉളവാക്കുക. അതിനായി ദൈവത്തെ പ്രീതിപ്പെടുത്തിക്കൊണ്ട് ജീവിക്കാനുള്ള താല്പര്യം വദ്ധിപ്പിക്കുക.

## പഠനോപകരണങ്ങൾ

ഒരു കുടുംബോത്സവത്തിൻെറയോ വിനോദയാത്രയുടെയോ ചിത്രം.

### ഭാഗം 1 രൂപരേഖ

## പ്രധാനാശയം

ഈശോ ലോകാവസാനത്തിൽ വീണ്ടും വരും. അവസാനനാളിൽ എല്ലാവരും ഉയിർക്കും.

**കഥ**

ഈശോയുടെ രണ്ടാമത്തെ വരവ് ലളിതമായി വിവരിക്കുക.

**കുട്ടികളുടെ പ്രവർത്തനം**

സ്വർഗ്ഗത്തെക്കുറിച്ചൊരു അഭിനയഗാനം പാടുക

**ഓർമ്മിക്കാൻ**
**ചോദ്യങ്ങൾ**

1. ഈശോ എന്തിനാണു ലോകാവസാനത്തിൽ വീണ്ടും വരുന്നത്?
2. നന്മചെയ്യുന്നവർക്കു ലഭിക്കുന്ന സമ്മാനമെന്ത്?

## ഭാഗം 2 രൂപരേഖ

**പ്രധാനാശയം**

സ്വർഗ്ഗത്തിൽ ദൈവമക്കൾ എന്നന്നേക്കുമായി സന്തോഷിക്കും.

**കഥ**

രാജാവു നടത്തിയ കല്യാണവിരുന്ന് (ബൈബിളിൽനിന്ന്)

**കുട്ടികളുടെ പ്രവർത്തനം**

അഭിനയഗാനം (ഒന്നാംഭാഗത്തിലെ അഭിനയഗാനത്തോടുകൂടെ പുതിയ ആശയങ്ങൾ ചേർത്തു പാടുക). രണ്ടുമൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞ് പാട്ടുപാടട്ടെ.

**പ്രയോഗം**

ക്ലേശങ്ങൾ സഹിക്കേണ്ടിവരുമ്പോൾ സ്വർഗ്ഗീയസമ്മാനത്തെപ്പററി ചിന്തിക്കുക.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. നമ്മുടെ യഥാർത്ഥ വീടെവിടെ?
2. സ്വർഗ്ഗത്തിൽ നമുക്കായി സ്ഥലം ഒരുക്കുന്നതാര്?
3. സ്വർഗ്ഗഭാഗ്യം ലഭിക്കാൻ നാം എന്തു ചെയ്യണം?

## ഭാഗം 1 (30 മിനിററ്)

### പ്രാരംഭപ്രാർത്ഥന

നാമെല്ലാം ദൈവമക്കളാണ്. എന്തുകൊണ്ടെന്നാൽ ജ്ഞാനസ്നാനം നാമെല്ലാം സ്വീകരിച്ചിട്ടുണ്ട്. അതിനാൽ പിതാവും പുത്രനും പരിശുദ്ധാത്മാവും (പരിശുദ്ധ ത്രിത്വം) നമ്മിൽ വസിക്കുന്നു. നമ്മുടെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും പരിശുദ്ധ ത്രിത്വത്തിനു കാഴ്ചവച്ചുകൊണ്ടു് നമ്മുടെ ക്ലാസ്സ് ആരംഭിക്കാം.

### പ്രാരംഭം

നമ്മൾ റോഡിലൂടെ നടക്കുകയാണെന്നിരിക്കട്ടെ. വഴിയിൽ പലരെയും കാണും. ചിലരൊക്കെ നാം അറിയുന്നവരായിരിക്കും; ചിലരെ നമ്മൾ അറിയുകയില്ല. മററുചിലരുടെ വേഷം കണ്ടു്, അവർ ഏതു തരക്കാരാണെന്നും എന്തു ജോലി ചെയ്യുന്നവരാണെന്നും പറയാൻ സാധിക്കും. ഒരു പോലീസുകാരനെക്കണ്ടാൽ നിങ്ങൾക്കു തിരിച്ചറിയാം. എന്നാൽ, ദൈവത്തിൻെറ കുടുംബത്തിൽപ്പെട്ടവരെ കണ്ടാൽ നിങ്ങൾക്കു തിരിച്ചറിയുവാൻ സാധിക്കുമോ? ഇല്ല. എന്നാൽ, തൻെറ മക്കളെക്കണ്ടാൽ ദൈവത്തിനു് തിരിച്ചറിയാൻ സാധിക്കും; ദൈവത്തിനുമാത്രമേ സാധിക്കൂ. എന്തുകൊണ്ടെന്നാൽ നമ്മുടെ ആത്മാവിനെ ദൈവംമാത്രമേ കാണുന്നുള്ളൂ. ആരുടെയൊക്കെ ആത്മാവിൽ ദൈവികജീവനും ദൈവികസ്നേഹവുമുണ്ടെന്നു നമുക്കറിയാൻ വയ്യ. എപ്പോഴാണു് നമ്മുടെ ആത്മാവിനു് ദൈവികജീവൻ ലഭിക്കുന്നതു്? ഒരു കുഞ്ഞിനെ ജ്ഞാനസ്നാനപ്പെടുത്തുമ്പോൾ ചെയ്യുന്നകാര്യങ്ങൾ എന്തൊക്കെയാണെന്നു പറയാമോ? (ഓർമ്മിക്കുന്നിടത്തോളം കാര്യങ്ങൾ കുഞ്ഞുങ്ങൾ പറയാൻ അനുവദിക്കുക.) കഴിഞ്ഞ ക്ലാസ്സിൽ, നിങ്ങളോടു് ജ്ഞാനസ്നാനം സ്വീകരിച്ച ദിവസം അറിഞ്ഞുകൊണ്ടു വരുവാൻ പറഞ്ഞതു് ഓർമ്മയുണ്ടോ? ആരെല്ലാം ചോദിച്ചറിഞ്ഞു? ജ്ഞാനസ്നാനം ലഭിച്ചപ്പോൾമുതൽ നിങ്ങളുടെ ആത്മാവിൽ താമസമുറപ്പിച്ചതാരു്? അന്നുമുതൽ നാം ആരുടെ കുടുംബത്തിലെ അംഗങ്ങളായിത്തീർന്നു? ഇപ്പോൾ നിങ്ങൾ വളർന്നുവരികയാണു്. ദൈവമക്കൾക്കൊത്തവിധം നിങ്ങൾ വളർന്നുവരണമെന്നു് ദൈവം ആഗ്രഹിക്കുന്നു. ദൈവമക്കളെപ്പോലെ ജീവിക്കുന്നതെങ്ങനെയാണെന്നു് നമ്മെ പഠിപ്പിക്കുന്നതാരു്? ദൈവപുത്രനായ ഈശോ, നമുക്കു് ദൈവികജീവനും സ്നേഹവും സമ്പാദിച്ചുതരുവാൻവേണ്ടി, ഭൂമിയിലേക്കുവന്നു. ആ വിലപിടിച്ച സമ്മാനം സമ്പാദിച്ചുതരികമാത്രമല്ല, നാം ദൈവമക്കളായി വളരേണ്ടതെങ്ങനെയാണെന്നു കാണിച്ചുതരികയും ചെയ്യുന്നു. ഈശോ പഠിപ്പിച്ച കാര്യ

ങ്ങളെല്ലാം എങ്ങനെയാണ് നാം ചെയ്യേണ്ടതെന്ന് പഠിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

**കഥ**

**പാഠാവതരണം**

ലോകാവസാനത്തിൽ ഈശോ വീണ്ടും വരും. നിങ്ങളുടെ സ്കൂളിൽ വർഷാവസാനം വല്ല മീററിംഗുകളും നടത്താറുണ്ടോ? ആ മീററിംഗിൽ പങ്കെടുക്കാൻ ആരൊക്കെ വരും? (അറിഞ്ഞുകൂടെങ്കിൽ പറഞ്ഞു കൊടുക്കുക). മിക്കവാറും എല്ലാ സ്കൂളുകളിലും വർഷാവസാനം ഒരു വലിയ മീററിംഗു കാണും. ആ മീററിംഗിൽ പങ്കെടുക്കാൻ വലിയ ആളുകളൊക്കെ ക്ഷണിക്കപ്പെടും. കുഞ്ഞുങ്ങളുടെ അപ്പനമ്മമാരെയും ക്ഷണിക്കാറുണ്ട്. എന്തിനാണെന്നറിയാമോ? അന്നത്തെ മീററിംഗിൽ പലവിധ പരിപാടികളും കാണും— നാടകം, സംഗീതം, പ്രസംഗം. കളികളിലും, പഠിത്തത്തിലും സമർത്ഥരായ കുട്ടികൾക്ക് സമ്മാനങ്ങൾ കൊടുക്കും. ആ വർഷം മുഴുവൻ കുട്ടികൾ ചെയ്ത ചില കരവേലകൾ പ്രദർശിപ്പിക്കും– തയ്യൽ, ഡ്രോയിംഗ്, കുട്ടികൾതന്നെ ഉണ്ടാക്കിയ ചില സാധനങ്ങൾ മുതലായവ. അവയെല്ലാം ക്ലാസ്സുമുറികളിൽ ഭംഗിയായി നിരത്തിവച്ച് മീററിംഗിനു വരുന്നവരെ കാണിക്കും. അതിന് 'കരകൗശലപ്രദർശനം' എന്നു പറയും. എന്തിനാണിങ്ങനെ വലിയ ആളുകളെയും അപ്പനമ്മമാരെയും വിളിച്ചുവരുത്തി കുട്ടികൾ നിർമ്മിച്ച കരകൗശലവസ്തുക്കൾ കാണിക്കുന്നതെന്നറിയാമോ? കുട്ടികളുണ്ടാക്കിയ കൌതുകവസ്തുക്കൾ കാണാൻ അവരുടെ അപ്പനമ്മമാർക്കും മററു വലിയ ആളുകൾക്കും ഇഷ്ടമാണ്. അവയെല്ലാം മററുള്ളവരെ കാണിക്കുവാൻ കുട്ടികൾക്കും താല്പര്യമാണ്. പഠിപ്പിക്കുന്ന അദ്ധ്യാപകരും അനുസരണബോധത്തോടെ നന്നായി അദ്ധ്വാനിച്ച തങ്ങളുടെ നല്ല വിദ്യാർത്ഥികളോടൊത്തു സന്തോഷമനുഭവിക്കും. അങ്ങനെ എല്ലാവരും സന്തോഷിക്കുന്ന അവസരമാണ് സ്കൂൾ വർഷാവസാനത്തിലെ മീററിംഗുദിവസം.

എന്നാൽ എല്ലാ കുട്ടികളും സന്തോഷിച്ചെന്നു വരില്ല. ചിലർക്കു സങ്കടമായിരിക്കും. അവർ ആ സ്കൂൾവർഷം മുഴുവനും അലസന്മാരായി നടന്നു. അവർക്കു നല്ല കൗതുകവസ്തുക്കളൊന്നും കാണിക്കാനുണ്ടാവുകയില്ല. അവർ അദ്ധ്യാപകരെ അനുസരിച്ചിരിക്കുകയില്ല, അദ്ധ്വാനിച്ചു പാഠം പഠിച്ചിരിക്കുകയില്ല. അവരുടെ ടീച്ചറിന് അവരെക്കുറിച്ച് സ്തുതിച്ചു പറയാനൊന്നും ഉണ്ടാവുകയില്ല. ചിലപ്പോൾ മാതാപിതാക്കളോട് അദ്ധ്യാപകർ അവരെക്കുറിച്ച് പരാതിപ്പെടും. അതൊക്കെ കാണുമ്പോൾ ആ കുട്ടികൾ എങ്ങനെ സന്തോഷിക്കും? ശ്രമിച്ചുപഠിക്കാത്തതിനെക്കുറിച്ചും അദ്ധ്യാപകരെ അനുസരിക്കാത്തതിനെക്കുറിച്ചും അവർക്കു സങ്കടമുണ്ടാകും.

ഇനി ഞാൻ വേറൊരു കാര്യം പറയാം. സ്കൂൾവർഷം അവസാനിക്കുംപോലെ ഒരിക്കൽ നമ്മുടെ ജീവിതവും അവസാനിക്കും. നാമെ

ല്ലാം മരിക്കും. അപ്പോൾ, നാം ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ ചെയ്ത എല്ലാ പ്രവൃത്തികൾക്കും പ്രതിഫലം നൽകുവാൻ ഈശോ മഹത്വത്തോടെ എഴുന്നള്ളും. നന്മചെയ്തവർക്കു നിത്യഭാഗ്യവും തിന്മ ചെയ്തവർക്ക് ദുരിതവും അനുഭവിക്കേണ്ടിവരും. നാം നല്ലവരായി ട്ടാണ് ജീവിച്ചതെങ്കിൽ അപ്പോൾ നാം സന്തോഷിക്കും. അല്ലെ ങ്കിൽ നാം സങ്കടപ്പെടും.

ഈശോ സ്വർഗ്ഗത്തിലേയ്ക്കു പോയതെങ്ങനെയാണെന്ന് നിങ്ങൾ ഓർ മ്മിക്കുന്നുണ്ടോ? സാവധാനം ആകാശത്തേയ്ക്കു പൊങ്ങി; കുറെകഴി ഞ്ഞപ്പോൾ അപ്പോസ്തലന്മാർക്ക് ഈശോയെ കാണാൻ വയ്യാതാ യി. രണ്ടു മാലാഖമാർ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നു. ഈശോ ഇപ്പോൾ സ്വർഗ്ഗത്തിലേയ്ക്കു പോയതുപോലെതന്നെ വീണ്ടും ഒരിക്കൽ വരുമെന്നു അവർ പറഞ്ഞു. അവിടുന്ന് സ്വർഗ്ഗത്തിലേയ്ക്കു പോയ തു് അപ്പോസ്തലന്മാർ കണ്ടു. നമ്മൾ ഓരോരുത്തരും, ലോകാവസാ നത്തിൽ ഈശോ സ്വർഗ്ഗത്തിൽനിന്നു വരുന്നതു് നമ്മുടെ സ്വന്തം കണ്ണുകൊണ്ടു് കാണും. മരിച്ചവരെല്ലാവരും അന്നു് ഉയിർക്കും.

ഈശോ സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജാവാണു്. ഈശോ അന്നു് നല്ലവരായ ദൈവമക്കൾക്കു സമ്മാനം നൽകും. അവരെ ഈശോ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകും. ഈ ഭൂമിയിലായിരുന്ന പ്പോൾ തന്നെ സ്നേഹിക്കാത്തവരെ ഈശോ ശിക്ഷിക്കും.

ദൈവത്തെ അറിയാനും സ്നേഹിക്കാനും ശ്രമിച്ചവരോട് ഈശോയ്ക്കു് എന്തിഷ്ടമാണെന്നു് അന്നു വ്യക്തമാകും. അവർക്കു ഈശോ നിത്യഭാ ഗ്യം നൽകും, സ്വർഗ്ഗം നൽകും. ദൈവത്തെക്കുറിച്ച് പഠിക്കാതെ യും ഈശോയുടെ വാക്കുകൾ അനുസരിക്കാതെയും ജീവിച്ചവർക്ക് ആ ദിവസം വളരെ ഭയങ്കരമായിരിക്കും. അവർക്ക് സ്വർഗ്ഗരാജ്യ ത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല. നേരെ മറിച്ച്, ഈശോ യുടെ സ്നേഹിതന്മാരുടെ സന്തോഷത്തിനു് ഒരതിരും ഉണ്ടാകയില്ല. അവർ ഈശോയോടൊന്നിച്ച് സ്വർഗ്ഗത്തിലേയ്ക്കു പോകും. സ്വർഗ്ഗി യപിതാവും, പരിശുദ്ധാത്മാവും, മാലാഖമാരും അവരെ സന്തോഷ ത്തോടെ സ്വീകരിക്കും. ഹാ! എത്ര വലിയ ഭാഗ്യമാണതു്. നി ങ്ങൾ ഈശോയുടെ സ്നേഹിതന്മാരാണോ? തീർച്ചയായും അതെ. മ രണംവരെ അങ്ങനെ ആയിരിക്കുവാൻ ശ്രമിക്കണം. അപ്പോൾ ലോ കാവസാനദിവസം ഈശോയുടെ സ്നേഹിതന്മാരുടെകൂടെ നാം എ ണ്ണപ്പെടും. ഈശോ നമ്മെ സന്തോഷത്തോടെ സ്വർഗ്ഗത്തേയ്ക്കു് കൂട്ടി ക്കൊണ്ടുപോകും. സ്വർഗ്ഗീയപിതാവും, മാലാഖമാരും നമ്മെ സസ ന്തോഷം സ്വീകരിക്കും. നാം എന്നന്നേയ്ക്കുമായി സ്വർഗ്ഗത്തിൽ സ ന്തോഷിക്കും.

ലോകാവസാനം രണ്ടുകൂട്ടം ആളുകൾ കാണും. ഒന്നു് ഇശോയുടെ സ്നേഹിതന്മാർ, മറേറതു് ഈലോകത്തുവച്ച് ഈശോയെ സ്നേഹി ക്കാത്തവർ. നിങ്ങൾ ആരുടെ കൂട്ടത്തിലായിരിക്കുവാനാണു് ഇഷ്ട

പ്പെടുന്നതു്? ഈശോയുടെ സ്നേഹിതന്മാരുടെ കൂട്ടത്തിൽ അല്ലേ? അങ്ങനെയാണെങ്കിൽ ഈശോ പഠിപ്പിച്ചിട്ടുള്ളതുപോലെ ജീവിക്കണം. എപ്പോഴും നല്ല കുട്ടികളായിരിക്കണം. അതിനും നമുക്കു് ദൈവത്തിന്റെ സഹായം വേണം. നാം കൂടെക്കൂടെ അതിനുവേണ്ട അനുഗ്രഹം ചോദിക്കണം. നമ്മെ സഹായിപ്പാനായി ഈശോ നമ്മോടുകൂടെ വിശുദ്ധ കുബ്ബാനയിൽ വസിക്കുന്നുണ്ടെന്ന കാര്യം മറക്കരുതു്. കൂടെക്കൂടെ പള്ളിയിൽചെന്നു് ഈശോയെ കാണണം. നമ്മെ സഹായിക്കുവാൻ അവിടുന്നു് എപ്പോഴും തയ്യാറാണു്. നല്ലവരായി, അനുസരണയുള്ളവരായി ജീവിച്ചു്, ലോകാവസാനത്തിൽ ഈശോയുടെ സ്നേഹിതന്മാരുടെ കൂട്ടത്തിലായിരിക്കുവാൻ നമ്മെ സഹായിക്കണമെന്നു് നമുക്കിപ്പോഠം ഇവിടെവച്ചുതന്നെ ഈശോയോടു് അപേക്ഷിക്കാം.

## കുട്ടികളുടെ പ്രവർത്തനം

| അദ്ധ്യാപകൻ | കുട്ടികഠം |
|---|---|
| ഞങ്ങളുടെ വേലകളിലും കളികളിലും സ്വർഗ്ഗീയപിതാവിനെ സന്തോഷിപ്പിക്കാൻ, | ഈശോയെ, ഞങ്ങളെ സഹായിക്കണമേ. |
| ഞങ്ങളുടെ പ്രാർത്ഥനകളിൽ സ്വർഗ്ഗീയപിതാവിനെ സന്തോഷിപ്പിക്കാൻ, | ,, ,, |
| ഞങ്ങളുടെ വീട്ടിലും സ്കൂളിലും സ്വർഗ്ഗീയപിതാവിനെ സന്തോഷിപ്പിക്കാൻ, | ,, ,, |
| ഞങ്ങളുടെ ഈ കൊച്ചു പ്രായത്തിൽ സ്വർഗ്ഗസ്ഥനായ പിതാവിനെ സന്തോഷിപ്പിക്കാൻ, | ,, ,, |
| ഞങ്ങഠം വലുതായിക്കഴിഞ്ഞാലും സ്വർഗ്ഗീയപിതാവിനെ സന്തോഷിപ്പിക്കാൻ, | ,, ,, |
| ഞങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷത്തിലും സ്വർഗ്ഗസ്ഥനായ പിതാവിനെ സന്തോഷിപ്പിക്കാൻ, | ,, ,, |

ഈശോ നാളെ വന്നു് നമ്മെ നമ്മുടെ നല്ല പ്രവൃത്തികൾക്കു സമ്മാനം തരുവാൻ കൂട്ടിക്കൊണ്ടു പോകുമെന്നു കരുതുക; അങ്ങനെ ഈശോ നിങ്ങളോടു് പറഞ്ഞെന്നിരിക്കട്ടെ; ഇന്നേദിവസം നിങ്ങളുടെ ജീവിതത്തിലെ അവസാനനിമിഷമാണെന്നിരിക്കട്ടെ. ഇന്നു നിങ്ങൾ മരണത്തിനൊരുക്കമായി എന്തൊക്കെ ചെയ്യും: (അല്പസമയം മൗനം) തീർച്ചയായും നിങ്ങൾ മറേറതു ദിവസത്തേക്കാളും നല്ലവണ്ണം ജീവിക്കുവാൻ ശ്രമിക്കുകയില്ലേ? നിങ്ങളുടെപ്രാർത്ഥന വളരെ ഭക്തിയോടും, സ്നേഹത്തോടും ചൊല്ലും. ഈ അവസാനദിവസം പള്ളിയിൽ ചെന്നു ഈശോയെ കാണാതിരിക്കുമോ? ചെയ്തുപോയ തെററുകൾക്കു് നിങ്ങൾ മാപ്പുചോദിക്കുമെന്നു് എനിക്കു തീർച്ചയുണ്ടു്. എന്നു നാം മരിക്കുമെന്നറിഞ്ഞാൽ നമ്മൾ ഇതൊക്കെ ചെയ്യുമെന്നതു തീർച്ച. പക്ഷേ, എന്നു നാം മരിക്കുമെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം തീർച്ചയുണ്ടു്. നാം മരിക്കും. അതു് ഇന്നാകാം, നാളെ ആകാം, വേറൊരുദിവസമാകാം. അതുകൊണ്ടു് നമുക്കു് ഓരോദിവസമാണെന്നു കരുതി ജീവിക്കാം. അപ്പോൾ ഈശോ ഏതു നിമിഷത്തിൽ വന്നാലും നമ്മൾ തയ്യാറായിരിക്കും.

**ഓർമ്മിക്കാൻ**

**ചോദ്യങ്ങൾ**

1. ഈശോ എന്തിനാണു് ലോകത്തിൽ വീണ്ടും വരുന്നതു്?
2. നന്മചെയ്യുന്നവർക്കു് സമ്മാനമെന്തു്?

## ഭാഗം 2 (30 മിനിററ്)

**കഥ**

**പാഠാവതരണം**

സ്വർഗ്ഗത്തിൽ ദൈവമക്കൾ എന്നന്നേയ്ക്കുമായി സന്തോഷിക്കും.

ഈശോ ഭൂമിയിലായിരുന്നപ്പോൾ പല കാര്യങ്ങളും കഥാരൂപത്തിൽ നമ്മെ പഠിപ്പിച്ചു, നല്ലനല്ല കഥകൾ. നമുക്കു സ്വർഗ്ഗത്തിൽ പോകാൻ ആഗ്രഹമുണ്ടെങ്കിൽ നമ്മുടെ ജീവിതകാലം മുഴുവൻ അതിനുവേണ്ടി തയ്യാറാകണമെന്നു് ഈശോ നമ്മെ പഠിപ്പിച്ചു. ഇതു പഠിപ്പിക്കാൻ വേണ്ടി അവിടുന്നു്, ജനങ്ങൾക്കുവേണ്ടി വലിയൊരു വിരുന്നൊരുക്കിയ ഒരു രാജാവിൻെറ കഥ പറഞ്ഞു. വിരുന്നു് എന്നു പറഞ്ഞാൽ എന്താണെന്നു് അറിയാമോ? (പറഞ്ഞുകൊടുക്കുക).

വിരുന്നു തയ്യാറായിക്കഴിഞ്ഞു. ക്ഷണിച്ചിരുന്ന ആളുകളെല്ലാം വന്നുചേർന്നു, ഭക്ഷണം കഴിക്കാനായി. എല്ലാവരും നിരന്നിരുന്നു കഴി

ഞ്ഞപ്പോാം രാജാവു് പന്തലിലേയ്ക്കു വന്നു. വിരുന്നിനു വന്നവർക്ക് തങ്ങളെ ക്ഷണിച്ച രാജാവിനെ കാണാൻ വലിയ സന്തോഷമായിരുന്നു. എത്ര നല്ല രാജാവായിരുന്നിരിക്കണം അദ്ദേഹം! തൻെറ ജനങ്ങൾ വിരുന്നിനു വരുന്നതു കാണാൻ വലിയ സന്തോഷമായിരുന്നു രാജാവിനു്. അല്പം കഴിഞ്ഞപ്പോൾ രാജാവു് പെട്ടെന്നു നിന്നു. അവിടുത്തെ മുഖത്തു് സങ്കടവും കോപവും ഉണ്ടായി. മുഷിഞ്ഞു വൃത്തികെട്ട വസ്ത്രം ധരിച്ച ഒരു മനുഷ്യൻ പന്തിയിൽ ഇരിക്കുന്നു. (സമ്മേളനങ്ങളിൽ പങ്കെടുക്കുമ്പോഴും, സമൂഹത്തിൽ പെരുമാറുമ്പോഴും പെരുമാറേണ്ട രീതിയെക്കുറിച്ചു്, കുഞ്ഞുങ്ങൾക്കു് മനസ്സിലാകത്തക്കവിധം അത്യാവശ്യമായ കാര്യങ്ങൾ മാത്രം ഇവിടെ പറഞ്ഞുകൊടുക്കുന്നതു് നന്നായിരിക്കും). രാജാവിനു കോപം വന്നു. തൻെറ വൃത്തികെട്ട വേഷത്തെക്കുറിച്ചു് അയാൾക്കു ലജ്ജതോന്നാതിരുന്നതാണു് അത്ഭുതം. ഒരു കൂസലും കൂടാതെ അയാൾ രാജാവിൻെറ മുമ്പിൽ വന്നുനിന്നു. തൻെറ വിരുന്നിൽ പങ്കെടുക്കാൻ രാജാവു് എല്ലാവരെയും ക്ഷണിച്ചു. എന്നാൽ എല്ലാവരും വൃത്തിയായി വരണമെന്നു് രാജാവിനു് നിർബ്ബന്ധമുണ്ടായിരുന്നു. നിങ്ങളെ ആരെങ്കിലും വിരുന്നിനു ക്ഷണിച്ചാൽ കീറിപ്പറിഞ്ഞു് നനഞ്ഞുനാറിയ വസ്ത്രവും ധരിച്ചുകൊണ്ടു് നിങ്ങൾ ചെല്ലുമോ?

നല്ല വസ്ത്രമില്ലാഞ്ഞിട്ടല്ല ആ മനുഷ്യൻ ഇങ്ങനെ വൃത്തികെട്ട കീറിപ്പറിഞ്ഞ വേഷത്തിൽ വന്നതെന്നു് രാജാവിനറിയാമായിരുന്നു. നല്ല വസ്ത്രമുള്ള മനുഷ്യൻ ഇങ്ങനെ കാണിച്ചതു് മര്യാദയില്ലാഞ്ഞിട്ടാണു്— രാജാവിനോടു് ആദരവില്ലാഞ്ഞിട്ടാണു്. അതിനാൽ രാജാവു് അയാളെ വിരുന്നിനിരിക്കുവാൻ അനുവദിച്ചില്ല. രാജാവു് തൻെറ വേലക്കാരെ വിളിച്ചു് ആ മനുഷ്യനെ പുറത്തിറക്കുവാൻ ആവശ്യപ്പെട്ടു. വേലക്കാർ അപ്രകാരം ചെയ്തു.

ഈശോ എന്തിനാണീകഥ പറഞ്ഞതെന്നറിയാമോ? നമ്മൾ സ്വർഗ്ഗത്തേയ്ക്കു പോകുവാൻ ഒരുങ്ങുമ്പോൾ വളരെ ശ്രദ്ധിക്കണം. ദൈവമക്കളുടെ വീടാണു് സ്വർഗ്ഗം. അവിടെ സ്വർഗ്ഗസ്ഥനായ പിതാവു് നമുക്കു വലിയൊരു വിരുന്നു് ഒരുക്കുന്നുണ്ടു്. ഈ ലോകത്തുവച്ചു് പിതാവിനെ സ്നേഹിക്കുവാൻ ശ്രമിക്കുന്നവർക്കു്, ഈശോ പഠിപ്പിച്ചതനുസരിച്ചു് ജീവിച്ചു് ഒരുങ്ങിപ്പോകുന്നവർക്കു് മാത്രമേ ആ വിരുന്നിൽ പങ്കെടുക്കാൻ സാധിക്കയുള്ളു ആ വിരുന്നിൻെറ സമയം നമുക്കു് എത്ര വലിയ സന്തോഷമായിരിക്കും! നമുക്കിപ്പോൾ ആ സന്തോഷത്തെപ്പററി ഊഹിക്കാൻ പോലും സാധിക്കുകയില്ല. നമ്മൾ അവിടെയെത്തുമ്പോൾ നമുക്കെല്ലാം അനുഭവിച്ചറിയാം. പക്ഷേ, ഒരു കാര്യം നമ്മൾ ശ്രദ്ധിക്കണം. ഈശോ പറഞ്ഞ രാജാവിൻെറ കഥയിലെ വൃത്തികെട്ട മനുഷ്യൻെറ കാര്യം ഓർമ്മിക്കുക. രാജാവു് ആ മനുഷ്യനെ വിരുന്നുശാലയിൽനിന്നു് പുറത്തിറക്കിയില്ലേ? അതുപോലെ നമുക്കും സ്വർഗ്ഗത്തിലെ വിരുന്നിൽ പങ്കെടുക്കുവാൻ തക്ക

വസ്ത്രം—വിശുദ്ധി—ഇല്ലെങ്കിൽ ദൈവം നമ്മെ ആ വിരുന്നിൽ പങ്കെടുക്കുവാൻ അനുവദിക്കയില്ല; സ്വർഗ്ഗത്തിൽ കയററുകയില്ല.

എല്ലാ മനുഷ്യരും സ്വർഗ്ഗീയവിരുന്നിനുവേണ്ടി വിളിക്കപ്പെട്ടവരാണു്. എന്നാൽ ദൈവികജീവനും, സ്നേഹവും ഉള്ളവക്കുമാത്രമേ ആ വിരുന്നിൽ പങ്കെടുക്കുവാൻ അവകാശമുള്ളു. ദൈവപുത്രനായ ഈശോ ലോകത്തിൽ വന്നതു് നമുക്കു ദൈവികജീവനും, സ്നേഹവും നൽകാനാണു്. ജ്ഞാനസ്നാനത്തിൽ നാം ആദ്യമായി സ്വീകരിച്ച ആ ദിവ്യദാനത്തെ എങ്ങനെ വളർത്തിയെടുക്കണമെന്നു് ഈശോ പഠിപ്പിച്ചിട്ടുണ്ടു്. ഇപ്പോഠം ഈശോ സ്വർഗ്ഗത്തിലാണു്. അവിടെ നമുക്കുവേണ്ടി അവിടുന്നു സ്ഥലം ഒരുക്കുകയാണു്. ഈശോ സ്വർഗ്ഗത്തിലേയ്ക്കു പോയ സമയത്തു് അപ്പോസ്തലന്മാരോടു് പറഞ്ഞതു് ഓക്കുന്നുണ്ടോ? 'ഞാൻ നിങ്ങഠക്കായ് സ്വർഗ്ഗത്തിൽ സ്ഥലം ഒരുക്കുവാൻ പോകുകയാണു്''. പക്ഷേ, സ്വർഗ്ഗത്തിൽ പോകാൻ ഈശോ ആരെയും നിർബന്ധിക്കില്ല. നാം സ്വർഗ്ഗത്തിൽ എത്തി സന്തോഷിക്കണമെന്നു് ഈശോ ആഗ്രഹിക്കുന്നു. ഈശോ പരിശുദ്ധാത്മാവി വഴി നമ്മെ അതിനു സഹായിക്കുന്നു. നമ്മഠം അതിനുവേണ്ടി ആഗ്രഹിക്കുകയും, ശ്രമിക്കുകയും ചെയ്താൽ മാത്രമേ നമുക്കു സ്വർഗ്ഗത്തിൽ ചെന്നു് ദൈവത്തെ കണ്ടാനന്ദിക്കാൻ സാധിക്കയുള്ളു. നമുക്കു സ്വർഗ്ഗം ലഭിക്കുവാൻ, ഈ ഭൂമിയിലായിരിക്കുമ്പോഠം നാം ദൈവത്തെ അറിയണം, സ്നേഹിക്കണം; അവിടത്തേയ്ക്കിഷ്ടകരമായ വിധത്തിൽ ജീവിക്കണം.

ഈ ഭൂമിയിലായിരിക്കുമ്പോഠം ദൈവത്തെ അറിയാനും സ്നേഹിക്കാനും മന:പൂർവ്വം ശ്രമിക്കാതിരിക്കുന്നവരെ അവിടുന്നു് ശിക്ഷിക്കും. ദൈവം അവരെ ക്ഷണിച്ചു, സഹായിച്ചു. എന്നിട്ടും രാജാവിൻെറ കഥയിലെ വൃത്തിയില്ലാത്ത മനുഷ്യനെപ്പോലെ, ദൈവികജീവനും, സ്നേഹവുമില്ലാതെയാണു വരുന്നതെങ്കിൽ സ്വർഗ്ഗത്തിൽ കയറാൻ ദൈവം അവരെ അനുവദിക്കയില്ല. അവക്കു് ഒരിക്കലും ദൈവത്തെ കാണാൻ ഇടവരുകയില്ല; അവക്കൊരിക്കലും സന്തോഷമുണ്ടാകയില്ല. കഷ്ടം! അവർ തങ്ങളെത്തന്നെ നശിപ്പിച്ചു.

സ്വർഗ്ഗത്തിൽ നിങ്ങഠം ആഗ്രഹിക്കുന്നതൊക്കെ കിട്ടും. യാതൊരു വക ദു:ഖവും അവിടെയില്ല. വേദനയില്ല, രോഗമില്ല, മരണമില്ല. എല്ലാവരും എല്ലാവരേയും ഇഷ്ടപ്പെടുന്നു, സ്നേഹിക്കുന്നു. അവസാനമില്ലാത്ത സന്തോഷമാണു് അവിടെ. നമുക്കെഴുന്നേററുനിന്നു് സ്വർഗ്ഗസ്ഥനായ പിതാവിനോടു്, ആ നല്ല പിതാവിനോടു്, നമ്മഠം സ്വർഗ്ഗത്തു വരാൻ ആവുംവിധം ശ്രമിക്കുമെന്നു പറയാം.

## കുട്ടികളുടെ പ്രവൎത്തനം

| അദ്ധ്യാപകൻ | കുട്ടികൾ |
|---|---|
| ഈശോ സ്വൎഗ്ഗത്തിൽ എനിയ്ക്കായി ഒരു സ്ഥലം ഒരുക്കുന്നു. | സ്വർഗ്ഗത്തിൽ ചെന്നെത്താൻ ഞാൻ ശ്രമിക്കും. |
| അവിടെ ചെന്നാൽ എനിയ്ക്കു് ദൈവത്തെക്കാണാം. | ,, ,, |
| ഇപ്പോൾ ഞാൻ ദൈവത്തെ സ്നേഹിക്കും. | ,, ,, |
| ഇപ്പോൾ ഞാൻ അവിടുത്തെ അനുസരിക്കും. | ,, ,, |
| സ്വൎഗ്ഗത്തിൽ എന്നെന്നും എനിക്കു് ആനന്ദിക്കാം. | ,, ,, |

### പ്രയോഗം

ഈലോകത്തു് നമുക്കിഷ്ടമുള്ള പല കാര്യങ്ങളുണ്ടു്. നല്ല പൂക്കൾ നമ്മെ സന്തോഷിപ്പിക്കും. പക്ഷികളും മൃഗങ്ങളും നമുക്കു് സന്തോഷം തരും; രുചിയുള്ള ഭക്ഷണസാധനങ്ങൾ, ഭംഗിയുള്ള വസ്ത്രങ്ങൾ, സ്നേഹമുള്ള ആളുകൾ, സ്നേഹമുള്ളവരോടൊത്തു ചെയ്യുന്ന യാത്രകൾ, ഉത്സവങ്ങൾ, തിരുനാളുകൾ-- ഇവയെല്ലാം നമ്മെ സന്തോഷിപ്പിക്കുന്നു. പക്ഷെ, ഇതെല്ലാം നമുക്കു് സ്വർഗ്ഗത്തിൽ കിട്ടുന്ന സന്തോഷത്തിൻെറ നേരിയൊരു നിഴൽമാത്രമാണു്. ഈലോകത്തിൽ നമുക്കു കിട്ടാവുന്ന ഏതു വലിയ സന്തോഷവും സ്വൎഗ്ഗത്തിൽ കിട്ടുന്ന സന്തോഷത്തോടു് തുല്യപ്പെടുത്താൻ ഒട്ടും സാധിക്കുകയില്ല. ഈശോയെ അനുകരിച്ചു് ദുഃഖവും വേദനയും ഉണ്ടാകുന്ന അവസരങ്ങളിൽ ധൈര്യത്തോടും സന്തോഷത്തോടുംകൂടെ സഹിക്കുക.

### ഓൎമ്മിക്കാൻ

### ചോദ്യങ്ങൾ

1. നമ്മുടെ യഥാൎത്ഥ വീടെവിടെ?
2. ആരാണു് സ്വൎഗ്ഗത്തിൽ നമുക്കായി വീടൊരുക്കുന്നതു്?
3. സ്വൎഗ്ഗത്തിൽ എത്താൻ നാം എന്തു ചെയ്യണം?
4. ഈശോ സ്വൎഗ്ഗത്തിൽനിന്നു് വീണ്ടും വരുന്നതെപ്പോൾ?

### ഉപസംഹാരപ്രാൎത്ഥന

സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ രാജ്യം വരണം.

## 23

# ഈശോ നമ്മെ നയിക്കുന്നു

### ഉപക്രമം

പൊതുവായിട്ടൊരു പുനർവീക്ഷണമാണ് ഈ അവസാനത്തെ പാഠംകൊണ്ടു് ലക്ഷ്യമാക്കുന്നതു്. അതു് കുഞ്ഞുങ്ങളെ മുഷി പ്പിക്കാത്തവിധത്തിൽ നടത്തണം. പഴയ ഓർമ്മകറം കൊ ണ്ടൊരു പുതിയ ആനന്ദം കുഞ്ഞുങ്ങറംക്കുണ്ടാകണം. ആനന്ദ ത്തോടൊപ്പം അറിവും പ്രദാനം ചെയ്യണം. അതിനാൽ ഏതു ഭാഗ മാണ് കുട്ടികറംക്ക് കൂടുതൽ രസപ്രദവും പ്രയോജനകരവുമെന്ന് അദ്ധ്യാപകർ ബുദ്ധിപൂർവ്വം ആലോചിച്ചു തീരുമാനിക്കണം. ഈ പാഠത്തിൻെറ ഒന്നാം ഭാഗത്തു് കുഞ്ഞുങ്ങറം ഈ വർഷം പഠിച്ച ഏറ്റവും പ്രധാനപ്പെട്ട സത്യങ്ങളാണ് കൈകാര്യം ചെയ്യുന്നതു്. അവ കുഞ്ഞുങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതു് മുൻപാഠങ്ങറംപോലെ അല്ലെന്നു മാത്രം. ഈ ഒന്നാംഭാഗം രക്ഷാകർത്തൃദിനത്തിൽ അഭിന യിപ്പിക്കുന്നതും നന്നായിരിക്കും. അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ നേ രത്തെ പലതവണ കുഞ്ഞുങ്ങളെക്കൊണ്ടു് അഭിനയിപ്പിച്ചുനോക്കേ ണ്ടതാണ്. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കളുടെ സഹ കരണം കിട്ടാൻ ഇങ്ങനെയൊരു പരിപാടി വളരെയധികം ഉപക രിക്കും.

### ലക്ഷ്യം

കുഞ്ഞുങ്ങറം പഠിച്ച ഏറ്റവും പ്രധാനപ്പെട്ട നിത്യസത്യങ്ങറം ഏവ യാണെന്ന് അവക്കു ബോദ്ധ്യം വരുത്തുക. ദൈവത്തെ അറിഞ്ഞു്, സ്നേഹിച്ചു്, അനുസരിച്ചു ജീവിക്കുവാൻ കുഞ്ഞുങ്ങറംക്കു് താല്പര്യമു ണ്ടാക്കിക്കൊടുക്കുക.

#### ഭാഗം 1 (30 മിനിററ്)

### പ്രാരംഭപ്രാർത്ഥന

കുരിശടയാളംകൊണ്ടു് ആരംഭിക്കുക. തുടന്നു് കർത്തൃപ്രാത്ഥനയോ, പ്രഭാതസമർപ്പണമോ ചൊല്ലുക.

## പ്രാരംഭം

നമ്മുടെ ഈ വർഷാവസാനത്തിലെ വേദപാഠക്ലാസ്സാണ് ഇത്. ഇനി നിങ്ങൾ പഠിക്കുന്നത് ഈ ക്ലാസ്സിൽ ആയിരിക്കയില്ല. എല്ലാവരും രണ്ടാം ക്ലാസ്സിലേയ്ക്കു പോകും. നിങ്ങൾക്ക് ജയിച്ചുപോകാൻ ഇഷ്ടമില്ലേ? പക്ഷേ അടുത്ത ക്ലാസ്സിൽ ചെല്ലുമ്പോൾ ഇവിടെ വച്ചു പഠിച്ചതൊന്നും മറക്കരുത്. നാം വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ പഠിച്ചിട്ടുള്ളു. അവയെല്ലാം വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. ഏതൊക്കെയാണ് ആ പ്രധാനപ്പെട്ട കാര്യങ്ങളെന്ന് നമുക്ക് നോക്കാം. നിങ്ങൾ എപ്പോഴും ഓർത്തിരിക്കേണ്ട സംഗതികൾ ഏതെല്ലാമെന്നാണ് ഞാൻ പറയാൻ പോകുന്നത്— ശ്രദ്ധിച്ചിരിക്കുക.

നിങ്ങളെ ഞാൻ രണ്ടു ഭാഗമായി തിരിക്കാം. ഒന്നാം ഭാഗത്തുള്ളവർ എന്റെ വലതുവശത്ത് ഒന്നിച്ചുനിൽക്കണം. രണ്ടാം ഭാഗക്കാർ എന്റെ ഇടതുവശത്ത്. ഞാൻ ഏതെങ്കിലും ചോദ്യം ചോദിച്ചിട്ട് ഒന്നാം ഗ്രൂപ്പ് എന്നു പറഞ്ഞാൽ ആ ഭാഗക്കാർ ഉത്തരം തരണം. ചിലപ്പോൾ ഞാൻ എല്ലാവരും എന്നു പറയും. അപ്പോൾ രണ്ടു ഗ്രൂപ്പുകാരും ഒരുമിച്ചു ഉത്തരം പറയണം

അദ്ധ്യാപകൻ—പണ്ട് പണ്ട് അനേകായിരം വർഷങ്ങൾക്കുമുൻപ് യാതൊന്നുമുണ്ടായിരുന്നില്ല. ഈ ലോകമേ ഉണ്ടായിരുന്നില്ല. ഏററം ശക്തനായ—ഏററം നല്ലവനായ—എല്ലാം അറിയുന്നവനായ—ദൈവം മാത്രം ഉണ്ടായിരുന്നു. ആരാണ് ദൈവം?

എല്ലാവരും—പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്

അദ്ധ്യാപകൻ—ആദിയിൽ ദൈവമല്ലാതെ യാതൊന്നുംമുണ്ടായിരുന്നില്ല. നല്ലവനായ ദൈവം പല നല്ല വസ്തുക്കളും ഉണ്ടാക്കി. എന്തും ഉണ്ടാക്കാൻ കഴിവുള്ളവനാണല്ലോ ദൈവം. എന്തൊക്കെയാണ് അവിടുന്ന് ഉണ്ടാക്കിയതെന്ന് പറയാമോ നിങ്ങൾക്ക്?

ഒന്നാം ഗ്രൂപ്പ്— (ആംഗ്യങ്ങളോടെ പറയട്ടെ. ഉത്തരം രണ്ടാം പാഠത്തിൽ ചേർത്തിട്ടുണ്ട്).

അദ്ധ്യാപകൻ—ദൈവം എല്ലാം ഇല്ലായ്മയിൽനിന്ന്, നമ്മോടുള്ള സ്നേഹത്താൽ ഉണ്ടാക്കി. ഭൂമിയിൽ മരങ്ങളും ചെടികളും പക്ഷികളും മൃഗങ്ങളുമെല്ലാം ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ, ദൈവം മനുഷ്യനെ ഉണ്ടാക്കി. ദൈവമുണ്ടാക്കിയ ആദ്യമനുഷ്യൻ ആരായിരുന്നു?

രണ്ടാം ഗ്രൂപ്പ്— പാഠം മൂന്നിലെ അഭിനയഗാനം പാടുക.

അദ്ധ്യാപകൻ—ദൈവത്തിനു നമ്മെ ഉണ്ടാക്കേണ്ട യാതൊരാവശ്യവും ഉണ്ടായിരുന്നില്ല. ദൈവത്തിനു നമ്മെക്കൊണ്ട് സാധിക്കേണ്ട

യാതൊരു കാര്യവുമില്ല. നമ്മോടുള്ള സ്നേഹംകൊണ്ടു് മാത്രമാണു് അവിടുന്നു് നമ്മെ ഉണ്ടാക്കിയതു്. അവിടുത്തെ സന്തോഷത്തിൽ നമ്മെ പങ്കുകാരാക്കാൻ അവിടുന്നു് ആഗ്രഹിക്കുന്നു. അതെ, അവിടുത്തെ മക്കളാക്കിത്തീർക്കുവാൻ അവിടുന്നു് ആഗ്രഹിക്കുന്നു. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവു് എത്ര നല്ലവനാണു്! അവിടുത്തെ നാം എത്രയധികമായി സ്നേഹിച്ചാലും മതിയാകയില്ല.

എല്ലാവരും–സ്വർഗ്ഗീയപിതാവേ, അങ്ങു് നല്ലവനാണു്, ഏററവും നല്ലവൻ! എനിക്കു് കഴിയുംവിധത്തിലൊക്കെ ഞാൻ അങ്ങേ സ്നേഹിക്കും.

അദ്ധ്യാപകൻ—അതെ, സ്വർഗ്ഗസ്ഥനായ പിതാവു് നല്ലവനാണു്. വളരെ നല്ലവൻ. അവിടുന്നു് നമുക്കു ധാരാളം സമ്മാനങ്ങൾ തന്നിട്ടുണ്ടു്. നമുക്കുള്ളതെല്ലാം അവിടുത്തെ സമ്മാനങ്ങളാണു്. എന്നാൽ നമുക്കു തന്നിട്ടുള്ള സമ്മാനങ്ങളിൽവച്ചു് ഏററം വലിയ വിലപിടിച്ച ഒരു സമ്മാനമുണ്ടു്. നമ്മെ ദൈവമക്കളാക്കിത്തീർക്കുന്ന—നമ്മെ സ്വർഗ്ഗത്തിനവകാശികളാക്കിത്തീർക്കുന്ന–ഒരു സമ്മാനം. ഈ സമ്മാനം കിട്ടിയിട്ടുള്ളവരുടെ ആത്മാവിൽ ദൈവംതന്നെ വന്നു വസിക്കുന്നു. ഏതാണു് ആ വിലപിടിച്ച സമ്മാനം?

ഒന്നാമത്തെ ഗ്രൂപ്പു്–ദൈവികജീവനും സ്നേഹവും.

അദ്ധ്യാപകൻ–ശരി, ദൈവികജീവനും സ്നേഹവുമാണു് നമുക്കു കിട്ടിയിട്ടുള്ള സമ്മാനങ്ങളിൽവച്ചു് ഏററവും വലുതു്. പക്ഷേ, ഈ വിലപിടിച്ച സമ്മാനം ആദ്യമനുഷ്യനായ ആദംവഴി മനുഷ്യർക്കു നഷ്ടപ്പെട്ടു. സ്വർഗ്ഗവാതിൽ അടഞ്ഞുപോയി. നമുക്കു് എത്ര സങ്കടകരമായ കഥ! പാപംനിമിത്തം സ്വർഗ്ഗീയപിതാവിനു് നമ്മോടു് ഇഷ്ടക്കേടുണ്ടായി. ദൈവമക്കൾ എന്ന സ്ഥാനം നമുക്കു നഷ്ടപ്പെടുകയും ചെയ്തു.

എല്ലാവരും– (മുഖംപൊത്തിക്കൊണ്ടു്) ഹോ! പാപം എത്ര ഭയങ്കരം. നന്ദികെട്ട കാര്യമാണതു്.

അദ്ധ്യാപകൻ—ഈശോ നമ്മുടെ രക്ഷകനാണു്. ദൈവത്തെ പിതാവെന്നു് വിളിക്കുവാൻ നമ്മെ പഠിപ്പിച്ചതു് ഈശോയാണു്. നമുക്കു നഷ്ടപ്പെട്ടുപോയ ദൈവികജീവനും സ്നേഹവും അവിടുന്നു വീണ്ടും നമുക്കു സമ്പാദിച്ചുതന്നു. ഈശോയാണു നമ്മെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോകുന്നതു്. സ്വർഗ്ഗത്തുപോകണമെങ്കിൽ നാം ഈശോയ്ക്കു് ഇഷ്ടപ്പെട്ടവരായി ജീവിക്കണം—ദൈവമക്കളെപ്പോലെ ജീവിക്കണം.

എല്ലാവരും— പാട്ട് (പാഠം 12–ൽനിന്ന്)

അദ്ധ്യാപകൻ—ഈശോ ഭൂമിയിൽ ജീവിച്ചു. അവിടുന്ന് എല്ലായ്പ്പോഴും സ്വർഗ്ഗീയപിതാവിനെ അനുസരിച്ചു. പിതാവിൻെറ ഇഷ്ടമനുസരിച്ചു മാത്രമേ അവിടുന്നു പ്രവർത്തിച്ചുള്ളു. മരണംവരെ അവിടുന്നു അനുസരിച്ചു. എങ്ങനെയാണ് ഈശോ മരിച്ചത്?.

ഒന്നാമത്തെ ഗ്രൂപ്പ്— (കൈവിരിച്ച് തല അല്പം ചായിച്ചു) ഈശോ നമുക്കുവേണ്ടി കുരിശിന്മേൽ തൂങ്ങി മരിച്ചു.

അദ്ധ്യാപകൻ— ഈശോ സ്നേഹപൂർവ്വം പിതാവിനെ അനുസരിച്ചതുകൊണ്ട്, നമുക്കുവേണ്ടി ഈശോ കഷ്ടപ്പെട്ടു മരിച്ചതുകൊണ്ട്, സ്വർഗ്ഗീയപിതാവ് നമ്മെ വീണ്ടും അവിടുത്തെ മക്കളായി സ്വീകരിച്ചു. നഷ്ടപ്പെട്ടുപോയ ദൈവികജീവനും സ്നേഹവും നമുക്ക് തിരിച്ചുകിട്ടി. സ്വർഗ്ഗവാതിൽ നമുക്കായി തുറക്കപ്പെട്ടു. ഈശോ മരിച്ചിട്ട് അഞ്ചാം ദിവസം ഉയിർത്തു. 'അല്ലേലൂയ്യാ'. എപ്പോഴാണ് ഈശോ മരിച്ചവരുടെ ഇടയിൽനിന്നുയിർത്തത്?

രണ്ടാം ഗ്രൂപ്പ്— ഈശോ മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാംനാൾ ഉയിർത്തു അല്ലേലൂയ്യാ.

അദ്ധ്യാപകൻ— ഈശോ വളരെ സന്തോഷത്തോടെ പിതാവിൻെറ അടുക്കലേയ്ക്കുപോയി. ഇപ്പോഴും അവിടുന്ന് സ്വർഗ്ഗത്തിൽ നമ്മെ കാത്തിരിക്കുന്നു. പരിശുദ്ധാത്മാവിനെ നമുക്കായി അയയ്ക്കാമെന്ന് ഈശോ വാഗ്ദാനം ചെയ്തു. പരിശുദ്ധാത്മാവ് സ്വർഗ്ഗത്തിൽ പോകുവാൻ നമ്മെ സഹായിക്കും. നമ്മെ ദൈവികജീവനിലും സ്നേഹത്തിലും ഉറപ്പിക്കുവാൻ വേണ്ടിയാണ് പരിശുദ്ധാത്മാവ് വന്നത്.

എല്ലാവരും— പരിശുദ്ധാത്മാവെ, വന്നാലും

അങ്ങേ സ്നേഹം തന്നാലും<br>
പരിശുദ്ധരാക്കിത്തീർക്കണമേ<br>
അങ്ങേ മക്കളായി മാററണമേ.

അദ്ധ്യാപകൻ— നമ്മോടുള്ള സ്നേഹം കാണിക്കുവാൻ പിതാവായ ദൈവം നമ്മെ സൃഷ്ടിച്ചു. നമ്മെ രക്ഷിച്ചുകൊണ്ട് പുത്രനായ ദൈവം നമ്മോടുള്ള സ്നേഹം കാണിച്ചു. പരിശുദ്ധാത്മാവ് അവിടുത്തെ സ്നേഹത്തിൽ നമ്മെ ഉറപ്പിച്ചു. ജ്ഞാനസ്നാനം സ്വീകരിച്ചപ്പോഴും പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മുടെ ആത്മാവിൽവന്നു താമസമുറപ്പിച്ചു. ജ്ഞാനസ്നാനസമയത്താണ് നാം ദൈവമക്കളായി

ത്തീരുന്നതു്. അപ്പോഠം നാം പരിശുദ്ധരായി മാറുന്നു. പരിശുദ്ധത്രിത്വം നമ്മിൽ വന്നു വസിക്കുന്നു.

അദ്ധ്യാപകൻ—നമ്മളെല്ലാം ദൈവമക്കളാണു്. ദൈവമക്കളെപ്പോലെ നാം ജീവിക്കണം ഈശോയാണു് നമ്മുടെ രക്ഷകൻ. നാം ദൈവമക്കളായി ജീവിക്കേണ്ടതെങ്ങനെയെന്നു ഈശോ നമ്മെ പഠിപ്പിച്ചിട്ടുണ്ടു്.

എല്ലാവരും— ഈശോ ദൈവപുത്രനാണു്.
അവിടുന്നു എല്ലാവരേയും സ്നേഹിച്ചു.
എല്ലായ്പ്പോഴും അനുസരിച്ചു.
അവിടുന്നു് സത്യമല്ലാതെ പറഞ്ഞിട്ടില്ല.
നാമെല്ലാം ഈശോയെപ്പോലെ ചെയ്യണം.

അദ്ധ്യാപകൻ – നല്ലവരായി ദൈവമക്കളെപ്പോലെ ജീവിക്കാമെന്നു നമുക്കിപ്പോഠം സ്വർഗ്ഗീയപിതാവിനോടു് വാഗ്ദാനം ചെയ്യാം (മൗനം). നമുക്കുവേണ്ടിയും നമ്മുടെ അപ്പനമ്മമാർക്കുവേണ്ടിയും ദൈവത്തിന്റെ അനുഗ്രഹം ചോദിക്കാം.

| അദ്ധ്യാപകൻ | കുട്ടികഠം |
|---|---|
| പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. | എല്ലായ്പ്പോഴും സ്തുതിയുണ്ടായിരിക്കട്ടെ. |
| സ്വർഗ്ഗീയപിതാവേ അങ്ങേ മക്കളായ ഞങ്ങളെ | അനുഗ്രഹിക്കേണമെ. |
| ഞങ്ങളുടെ അപ്പനമ്മമാരെ | അങ്ങു് അനുഗ്രഹിക്കേണമെ. |
| ഞങ്ങളുടെ സഹോദരങ്ങളെ | ,, ,, |
| ഞങ്ങളുടെ കൂട്ടുകാരെ | ,, ,, |
| ഞങ്ങഠക്കിഷ്ടമുള്ളവരെ | ,, ,, |
| ഞങ്ങളെ സ്നേഹിക്കുന്നവരെ | ,, ,, |
| ഞങ്ങളെ സഹായിക്കുന്നവരെ | ,, ,, |
| ഞങ്ങളെ സഹായിക്കാത്തവരെ | ,, ,, |

| | |
|---|---|
| ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുന്നവരെ | ,, ,, |
| ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കാത്തവരെ | ,, ,, |
| ഞങ്ങളുടെ ശത്രുക്കളെ | ,, ,, |
| ലോകത്തുള്ള എല്ലാവരെയും | ,, ,, |
| ലോകത്തുള്ള എല്ലാവക്കും | അങ്ങേ സ്നേഹം നൽകണെ. |

## ഭാഗം 2 (30 മിനിററ്)

### പ്രതിജ്ഞ

ഈ വർഷം എല്ലാദിവസവും സ്കൂളിൽ പോയവർ ആരെല്ലാം?. വേദപാഠത്തിനു് മുടങ്ങാതെ പോയവർ ആരെല്ലാമെന്നു് നിങ്ങൾക്കറിയാമോ? എനിയ്ക്കറിയാം (പേരുപറയാൻ പ്രോത്സാഹിപ്പിക്കുക). ഈ ഒരു കൊല്ലംകൊണ്ടു് നിങ്ങൾ പലതും പഠിച്ചു. എന്നാൽ നിങ്ങളുടെ അപ്പനോ, അമ്മയ്ക്കോ, ചേട്ടനോ, ചേച്ചിയ്ക്കോ, ടീച്ചറിനോ അറിയാവുന്നിടത്തോളം കാര്യങ്ങൾ നിങ്ങൾക്കറിയാമോ? അപ്പോൾ കാര്യങ്ങൾ അവരോളം അറിയണമെങ്കിൽ നിങ്ങൾ എന്തുചെയ്യണം? ആക്കു പറയാം? ഇനിയും പല വർഷങ്ങൾ നിങ്ങൾ പഠിക്കണം. വരുന്ന വർഷവും സ്കൂളിൽ പോകയില്ലേ? വരുന്ന വർഷം വേദപാഠക്ലാസ്സിൽ വരുമോ നിങ്ങൾ? നല്ല കുട്ടികൾ, ഈശോയെ സ്നേഹിക്കുന്ന കുട്ടികൾ വേദപാഠക്ലാസ്സു് മുടക്കുകയില്ല. ഒരു വർഷമല്ല, എട്ടുപത്തുവർഷം പഠിച്ചാലേ നിങ്ങൾക്കു നിങ്ങളുടെ ടീച്ചറിനോളം, അപ്പനമ്മമാരോളം ദൈവകാര്യങ്ങളിൽ അറിവു കിട്ടുകയുള്ളു.

നിങ്ങൾ ഇനിയും സ്കൂളിൽ പോകുമെന്നു തീരുമാനിച്ചല്ലോ. അതെ, ഇനിയും ധാരാളം കാര്യങ്ങൾ പഠിക്കാനുണ്ടു്. പഠിക്കുന്തോറും ബുദ്ധി വർദ്ധിക്കും, വളരും. ചോറുണ്ണുമ്പോൾ, ആഹാരം കഴിക്കുമ്പോൾ നമ്മുടെ ശരീരം വളരുന്നതുപോലെ. ഇപ്പോൾ നിങ്ങൾ കൊച്ചു കുട്ടികളാണു്. നിങ്ങൾക്കു് എന്നോളം പൊക്കമുണ്ടോ? നിങ്ങൾ എഴുന്നേററുനിന്നു് നോക്കുക. (ഏതാനും കുട്ടികളെ അടുത്തു നിറുത്തി അളന്നുകാണിക്കുക) നിങ്ങൾ വലുതാകണം. നിങ്ങളുടെ അപ്പനമ്മമാരോളം വളരണം. വളരണമെങ്കിൽ ആഹാരം കഴിക്കണം. ആഹാരം കഴിച്ചാൽ ശരീരം വളരും. അതുപോലെ പഠിച്ചാൽ ബുദ്ധിവളരും. ശരീരവും ബുദ്ധിയുംമാത്രം വളന്നാൽ മതിയോ? ആത്മാവു വളരണ്ടേ? ശരീരം വളരാൻ ആഹാരം വേണം. ബുദ്ധി

വളരണമെങ്കിൽ പഠിക്കണം. ആത്മാവിൻെറ വളർച്ചയ്ക്ക് എന്തു വേണം? നമ്മുടെ ആത്മാവു് വളരണമെങ്കിൽ ദൈവികജീവനും സ്നേഹവും നമുക്കു വേണം. അതുണ്ടെങ്കിൽ മാത്രമേ ദൈവമക്കളെപ്പോലെ ജീവിക്കുവാൻ നമുക്കു് സാധിക്കുകയുള്ളൂ.

ദൈവികജീവനും സ്നേഹവും വളർത്തിയെടുക്കുവാൻ നാം എന്തു ചെയ്യണമെന്നറിയാമോ? അതിന് ഇനിയും നിങ്ങൾ ദൈവത്തെക്കുറിച്ചു അനേകകാര്യങ്ങൾ പഠിക്കണം. ഞാനും നിങ്ങളുടെ വികാരിയച്ചനും (പേരു പറയുക) ഒക്കെ ഇപ്പോഴും ദൈവത്തെക്കുറിച്ചു പഠിച്ചു കൊണ്ടിരിക്കുകയാണു്. എത്ര പഠിച്ചാലും നമ്മെ ദൈവം എത്രയധികമായി സ്നേഹിക്കുന്നുവെന്നു് മനസ്സിലാക്കാൻ സാദ്ധ്യമല്ല. അതിനാൽ വരുന്നവർഷംമാത്രമല്ല, ഇനിയും പല വർഷങ്ങൾ വേദപാഠം പഠിക്കണം. പഠിക്കുന്തോറും നമ്മിലുള്ള ദൈവികജീവനും സ്നേഹവും വളർന്നുകൊണ്ടിരിക്കും.

ദൈവം നമുക്കുതന്ന സമ്മാനങ്ങളെക്കുറിച്ചാണു് ഇക്കൊല്ലം നിങ്ങൾ പഠിച്ചതു്. എന്തെല്ലാം സമ്മാനങ്ങളാണു് അവിടുന്നു നമുക്കു തന്നിട്ടുള്ളതെന്നു് നിങ്ങൾ ഓക്കുന്നുണ്ടോ? ചെടികൾ, പഴങ്ങൾ, പക്ഷികൾ, മൃഗങ്ങൾ, മത്സ്യങ്ങൾ, എന്നുവേണ്ട നമുക്കാവശ്യമുള്ള എല്ലാവസ്തുക്കളുംകൊണ്ടു് നിറഞ്ഞ ഒരു സുന്ദരമായ ലോകത്തെയാണു് ദൈവം നമുക്കു സമ്മാനിച്ചിട്ടുള്ളതു്. ദൈവികജീവനും സ്നേഹവുമാണു് ദൈവം നമുക്കു തന്നിട്ടുള്ള ദാനങ്ങളിൽവച്ചു് ഏററം വലുതു്. എന്നാൽ അതിലും വലിയ ഒരു ദാനവുംകൂടി ദൈവം നമുക്കു തന്നിട്ടുണ്ടു്. ഏതാണെന്നു ആർക്കു പറയാം?— ദൈവം തൻെറ പുത്രനെത്തന്നെ നമുക്കുതന്നു. ആരാണതു്?— അതെ, ഈശോ, നമ്മുടെ രക്ഷകൻ. നമ്മെ രക്ഷിപ്പാനായിട്ടാണു് ഈശോ ഈ ഭൂമിയിൽ വന്നതു്. ഇക്കാര്യങ്ങളെല്ലാം നിങ്ങൾ ഈ വർഷം പഠിച്ചു. എന്നാൽ വരുന്ന വർഷം നിങ്ങൾക്കു് ഒരു പ്രത്യേകവർഷമായിരിക്കും. നിങ്ങൾ ഓരോരുത്തരും ദൈവത്തിൻെറ ഏററം വിശേഷപ്പെട്ട ദാനമായ അവിടുത്തെ ഏകപുത്രനെ സ്വീകരിക്കുവാൻ പോകയാണു്. അതിനായി പ്രത്യേകിച്ചു് ഒരുങ്ങേണ്ടതു് വരുന്നവഷമാണു്. അതായതു് വരുന്നവർഷം നിങ്ങൾ വി. കുബ്ബാനയിൽകൂടി ഈശോയെ സ്വീകരിക്കാൻ പോകുന്നു. ഈശോ നിങ്ങളുടെ പക്കലേയ്ക്കുവരും. എന്തു വലിയ ഭാഗ്യമാണതു്. വളരെ നന്നായിട്ടു് അതിനുവേണ്ടി ഒരുങ്ങണം. അതുകൊണ്ടു് ഒരു കാരണവശാലും വരുന്നവഷം വേദപാഠക്ലാസ്സു് മുടക്കരുതു്. വരുന്നവഷത്തെ വേദപാഠക്ലാസ്സു് മുടക്കുകയില്ലെന്നു നമുക്കു് ഇപ്പോൾത്തന്നെ ഈശോയോടു് പ്രതിജ്ഞ (വാഗ്ദാനം) ചെയ്യാം. (അല്പനേരം മൗനം പാലിക്കുക.)

ഏതാനും ആഴ്ചകൾ നിങ്ങൾക്കു് അവധി കിട്ടുവാൻ പോകയാണു്. സ്കൂളില്ലാത്ത ഈ ദിവസങ്ങളിലും നിങ്ങൾ ദൈവത്തെ സ്നേഹിക്കു

ന്നുണ്ടെന്നു കാണിക്കണം. ദൈവം നിങ്ങളെ എപ്പോഴും സ്നേഹിക്കുന്നുണ്ട്. നിങ്ങഠം കളിച്ചും ചിരിച്ചും പല സ്ഥലങ്ങളിൽ സഞ്ചരിച്ചും ഈ അവധിക്കാലം രസിക്കുവാൻ പോകയാണ്. അപ്പോഠം നിങ്ങഠം നമ്മുടെ സ്വർഗ്ഗീയപിതാവിനെ മറക്കുമോ? അവിടുത്തോടു സംസാരിക്കുവാൻ, അവിടുത്തെ സന്തോഷിപ്പിക്കുവാൻ നിങ്ങഠം മറന്നുപോകരുത്. എന്തൊക്കയാണ് സ്വർഗ്ഗീയപിതാവിനോടുള്ള സ്നേഹത്തെപ്രതി ഈ അവധിക്കാലത്തു് നിങ്ങഠം ചെയ്യുവാൻ പോകുന്നതു്? [കുട്ടികഠംക്കു് ആലോചിക്കാനും തമ്മിൽത്തമ്മിൽ ചർച്ച ചെയ്യാനും അവസരം നൽകുക. അദ്ധ്യാപകൻ അവരെ ഈ അവസത്തിൽ സഹായിക്കുകയും വേണം.]

നിങ്ങഠം യഥാർത്ഥത്തിൽ, ശരിയായി ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ ആ സ്നേഹം ഈ അവധിക്കാലത്തു് കാണിക്കണം. നിങ്ങഠം എവിടെ പോയാലും ഏതു കളികളിലും ജോലികളിലും ഏർപ്പെട്ടാലും ദൈവത്തെ സ്നേഹിക്കാൻ സാധിക്കും. എന്തൊക്കെയാണ് നിങ്ങഠംക്കു ചെയ്യാൻ സാധിക്കുന്നതെന്നു് നമുക്കൊന്നുകൂടി നോക്കാം.

രാവിലെയും രാത്രിയിലും നിങ്ങഠം ഓരോ ചെറിയ പ്രാർത്ഥന ചൊല്ലാറുണ്ടല്ലോ ഇപ്പോഠം. അവധിക്കാലത്തു് അതു് മുടക്കം വരുത്താതെ ചെയ്യണം. സ്വർഗ്ഗസ്ഥനായ പിതാവിനെ കൂടെക്കൂടെ ഓർക്കുകയും അവിടുത്തോട് സ്നേഹപൂർവ്വം സംസാരിക്കുകയും വേണം. എന്നും രാവിലെ എഴുന്നേററാലുടൻ പായിൽത്തന്നെ ഇരുന്നോ, മുട്ടുകുത്തിയോ, ഒരു നിമിഷമെങ്കിലും ഈശോയോടു സംസാരിച്ചിട്ടുവേണം എഴുന്നേററുപോകാൻ. നിങ്ങഠം കിടക്കുന്ന മുറിയിൽ കുരിശുരൂപമോ കർത്താവിൻെറ മറേറതെങ്കിലും പടങ്ങളോ ഉണ്ടോ? മാതാവിൻെറ (പ. മറിയത്തിൻെറ) പടമില്ലേ നിങ്ങഠം കിടക്കുന്ന മുറിയിൽ? ഉണ്ടെങ്കിൽ ആ പടത്തിൽനോക്കി ദൈവത്തോട് സംസാരിക്കുവാൻ ശ്രമിക്കുന്നതു് നന്നു്. നന്നായി പ്രാർത്ഥിക്കുന്നതിനു് അതു നിങ്ങളെ സഹായിക്കും. ഇപ്പോഠം നിങ്ങഠംക്കു് കുരിശടയാളം വരയ്ക്കാൻ അറിയാം. അതിനാൽ പ്രാർത്ഥന തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴും കുരിശടയാളം വരയ്ക്കണം.

വേറെ ഏതു പ്രാർത്ഥന ചൊല്ലാൻ നിങ്ങഠംക്കറിയാം? ഈശോ പഠിപ്പിച്ച ഒരു പ്രാർത്ഥനയുണ്ടല്ലോ, ഏതാണതു്?— 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ആർക്കൊക്കെ അറിയാം? 'നന്മനിറഞ്ഞ മറിയമേ' എന്നു തുടങ്ങുന്ന ആ പ്രാർത്ഥന ആർക്കൊക്കെ അറിയാം? ഇനിയും അതറിയാത്തവർ വീട്ടിൽ ചേച്ചിമാരോടോ, അമ്മയോടോ മറേറാ ചോദിച്ചു പഠിക്കണം. സ്കൂഠം തുറക്കുംമുമ്പേ നന്നാ

യി പഠിച്ചിരിക്കണം. സന്ധ്യയ്ക്ക് നിങ്ങളുടെ വീട്ടിൽ അമ്മയും മററും കൊന്തനമസ്കാരം ചൊല്ലാറില്ലേ? നിങ്ങളും കുറെനേരം അതിൽ പങ്കെടുത്താൽ ഈ പ്രാർത്ഥന വേഗം പഠിച്ചെടുക്കാം. രാവിലെ പ്രഭാതസമർപ്പണം ചൊല്ലി പ്രാർത്ഥിക്കുവാൻ മടിക്കരുത്. നമ്മുടെ എല്ലാ ജോലികളും കളികളും ഒരു നല്ല പ്രാർത്ഥനയായി മാററാൻ അതു മതിയാകും. അതുപോലെ ഉറങ്ങാൻ പോകുമ്പോഴും സ്വർഗ്ഗീയപിതാവിനോട് സംസാരിച്ചിട്ടേ കിടക്കാവൂ. അപ്പോഴും കുരിശടയാളവും കർത്തൃപ്രാർത്ഥനയും ചൊല്ലി പ്രാർത്ഥിക്കണം. അങ്ങനെ എല്ലാ ദിവസവും നിങ്ങൾ ചെയ്യുകയാണെങ്കിൽ നിങ്ങൾ പഠിച്ച പ്രാർത്ഥനകൾ ഒന്നും, ഈ അവധിക്കാലംകഴിഞ്ഞ് രണ്ടാം ക്ലാസ്സിലേയ്ക്കു പോകുമ്പോൾ മറക്കയില്ല. പകൽ സമയത്തും നിങ്ങൾക്ക് ഇടയ്ക്കിടയ്ക്ക് ദൈവത്തോട് സംസാരിക്കുവാൻ സാധിക്കും. കളിക്കുമ്പോഴും ജോലി ചെയ്യുമ്പോഴുമെല്ലാം നിങ്ങൾക്കതു ചെയ്യാം. ആഹാരം കഴിക്കുന്നതിനുമുൻപും പിൻപും പ്രാർത്ഥിക്കുന്നതു ദൈവമക്കളുടെ ലക്ഷണമാണ്. നിങ്ങൾ ദൈവമക്കളാണെങ്കിൽ, ദൈവത്തോടു നന്ദി കാണിക്കുവാൻ നിങ്ങൾ ഇഷ്ടപ്പെടുന്നെങ്കിൽ ആഹാരം കഴിക്കുന്നതിനു മുമ്പും പിമ്പും പ്രാർത്ഥിക്കാതിരിക്കുകയില്ല. ഒരു കുരിശടയാളം വരച്ചാലും മതി അപ്പോൾ. ദൈവം തന്ന എല്ലാ സമ്മാനങ്ങൾക്കും നന്ദി പറയാൻ പററിയ സമയമാണത്.

എല്ലാദിവസവും നമ്മൾ പ്രാർത്ഥിക്കണമോ?—അതെ, എല്ലാ ദിവസവും നമ്മൾ പ്രാർത്ഥിക്കേണ്ടതാണ്. എന്നാൽ ദൈവമക്കൾ പ്രത്യേകിച്ച് പ്രാർത്ഥിക്കേണ്ട ഒരു ദിവസമുണ്ട്. അതേതു ദിവസമാണെന്നറിയാമോ? ഞായറാഴ്ച ദിവസം. അന്ന് നമ്മൾ—ദൈവമക്കൾ എല്ലാവരുംകൂടി പള്ളിയിൽചെന്ന് ദിവ്യബലിയിൽ പങ്കെടുത്ത് പ്രാർത്ഥിക്കണം. എന്തുകൊണ്ടെന്നാൽ ഏററവും വലിയ, നല്ല പ്രാർത്ഥനയാണ് ദിവ്യബലി. നിങ്ങളെ ഞായറാഴ്ചദിവസം പള്ളിയിൽ കൊണ്ടുപോകാൻ അപ്പനമ്മമാരോടു പറയണം. ദിവ്യബലിയ്ക്ക് ഇത്രയധികം പ്രാധാന്യമുള്ളതെന്തുകൊണ്ടാണെന്നറിയാമോ? ദിവ്യബലിസമയത്ത് നാം ഈശോയെത്തന്നെ സ്വർഗ്ഗീയപിതാവിന് കാഴ്ചവയ്ക്കുന്നതുകൊണ്ട്. സ്വർഗ്ഗീയപിതാവിന് നാം കൊടുക്കുന്ന ഏററം വിലപിടിച്ച കാഴ്ചയാണ് ഈശോ– പിതാവിന് ഏററം ഇഷ്ടപ്പെട്ട സമ്മാനം. ദിവ്യബലിയിൽ പങ്കെടുക്കുന്ന തന്റെ മക്കളെ ദൈവം പ്രത്യേകവിധത്തിൽ അനുഗ്രഹിക്കും, സഹായിക്കും, സ്നേഹിക്കും. നാം ഓരോ പ്രാവശ്യം പ്രാർത്ഥിക്കുമ്പോഴും ദിവ്യബലിയിൽ പങ്കെടുക്കുമ്പോഴും നമ്മിലുള്ള ദൈവികജീവനും സ്നേഹവും വർദ്ധിച്ചുവരികയാണ്; അങ്ങനെ നമ്മുടെ ആത്മാവ് ശക്തി പ്രാപിക്കുകയാണ്.

ഇനി കുറച്ചുനാളത്തേയ്ക്ക് നിങ്ങൾക്ക് സ്കൂളിൽ പോകേണ്ടതില്ല. കളിക്കാൻ ധാരാളം സമയമുണ്ട്. മുഴുവൻ സമയവും നിങ്ങൾ കളി

ക്കാൻ പോകയാണോ? വീട്ടിൽ അപ്പനമ്മമാരെ സഹായിക്കുകയില്ലേ? അമ്മയെ സഹായിക്കുവാൻ നിങ്ങൾക്കു കിട്ടുന്ന നല്ലൊരവസരമാണ് ഈ അവധിക്കാലം. അമ്മയോടു നിങ്ങൾക്കുള്ള സ്നേഹം കാണിക്കുവാൻ പററിയ സമയം! അപ്പനമ്മമാരെ സഹായിക്കുവാൻ നിങ്ങൾ എന്തൊക്കെയാണ് ഈ അവധിക്കാലത്ത് ചെയ്യാൻ പോകുന്നത്. അതൊക്കെ ഇപ്പോൾത്തന്നെ ഓർത്തു തീരുമാനിക്കേണ്ട കാര്യങ്ങളാണ്. (കുഞ്ഞുങ്ങളെക്കൊണ്ട് പറയിക്കുക)


ഈശോ തൻെറ അമ്മയായ പ. മറിയത്തെ സഹായിക്കുമായിരുന്നു. അതു നാം പഠിച്ചതാണ്. നിങ്ങൾ ഈശോയെപ്പോലെ ജീവിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ കുറച്ചുസമയമെങ്കിലും അമ്മയെയുംമററും സഹായിച്ച് കഴിഞ്ഞിട്ടേ കളിക്കാൻ പോകയുള്ളു.

കളിക്കുന്ന സമയത്തും ഒരു കാര്യം നിങ്ങൾ മറക്കരുത്. അതെന്താണെന്ന് പറയാമോ? നിങ്ങൾ ദൈവമക്കളാണെന്ന കാര്യം. അതെങ്ങനെ കാണിക്കും നിങ്ങൾ? (സ്വർഗ്ഗീയപിതാവിനെ കളിക്കുമ്പോഴും മററു പ്രവൃത്തികൾ ചെയ്യുമ്പോഴും എങ്ങനെ പ്രസാദിപ്പിക്കുമെന്ന് കുഞ്ഞുങ്ങളെക്കൊണ്ടു പറയിപ്പിക്കുക.)

വേറെ ചില നല്ല കാര്യങ്ങളും ഈ അവധിക്കാലത്ത് നിങ്ങൾക്കു ചെയ്യുവാൻ സാധിക്കും. നിങ്ങൾ സ്കൂളിൽ വേദപാഠക്ലാസ്സിൽ പഠിച്ച കാര്യങ്ങൾ നിങ്ങളുടെ കൂട്ടുകാർക്കുകൂടി പറഞ്ഞുകൊടുക്കുക. ഈശോയുടെ സ്നേഹിതന്മാരായിരുന്ന അപ്പോസ്തലന്മാർ എന്തു ചെയ്തുവെന്ന് നാം പഠിച്ചു കഴിഞ്ഞതാണ്. ഈശോയെക്കുറിച്ച് അവർ എല്ലാവരോടും സംസാരിച്ചു. മററുള്ളവരും ഈശോയെ അറിയുവാനും സ്നേഹിക്കുവാനും അവർ സഹായിച്ചു. നിങ്ങളും ഈശോയുടെ നല്ല സ്നേഹിതന്മാരെപ്പോലെ ഈശോയെക്കുറിച്ച് മററു കുട്ടികൾക്കു പറഞ്ഞുകൊടുക്കണം. അങ്ങനെ ഈശോയുടെ സ്നേഹിതന്മാരാണ് നിങ്ങൾ എന്നു കാണിക്കണം.

നമ്മുടെ ക്ലാസ്സ് അവസാനിക്കുവാൻ പോകയാണ്. അതിനു മുൻപ് ഒരിക്കൽകൂടി നമുക്കു മുൻപു പഠിച്ച "നിൻനാമം ഞങ്ങൾ പുകഴ്ത്തുന്ന ദൈവമേ" എന്ന ഗാനം പാടാം. നമ്മുടെ എല്ലാ പ്രവൃത്തികളും—കളിയും ജോലിയുമെല്ലാം ഇപ്പോഴേ ദൈവത്തിന് കാഴ്ചവയ്ക്കാം. ഗാനം കുട്ടികളെക്കൊണ്ടു പാടിക്കുക.

പിതാവിൻ പക്കലേക്കു് - 1



P.O.C. PUBLICATIONS - 12

K.G. Vasu

പിതാവിൻ പക്കലേക്കു് 1

# ദൈവവും ഞാനും



Indic Digital Archive Foundation
gpura.org